# വേദപുസ്തക സത്യങ്ങൾ

## വെളിപ്പെടുത്തപ്പെടുന്നു

ഈ അന്ത്യകാലത്ത്

**യഥാർത്ഥ ക്രിസ്ത്യാനിത്വത്തെ വിശദീകരിച്ചുകൊണ്ട്**

**കർത്താവായ യേശു പറഞ്ഞു**

*എന്നോടു 'കർത്താവേ, കർത്താവേ' എന്നു പറ
യുന്ന ഏവനുമല്ല സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്....*

**വിശ്വാസത്യാഗിയായ ആധുനിക സഭയെ**

*തുറന്നുകാണിക്കുന്നു*

# വേദപുസ്തക സത്യങ്ങൾ

## വെളിപ്പെടുത്തപ്പെടുന്നു

*ഈ അന്ത്യകാലത്ത്*

# Bible Truths

## *Unlocked*

**by Mark Alexander**

*Copyright* ©December 2013 - *by Mark Alexander*.
Published by - *'Mark Alexander.'*

All rights reserved and no portion of this book can be used or reproduced in any form (with exception of Bible Quotations) without the prior written permission of the Publisher.

# വേദപുസ്തക സത്യങ്ങൾ വെളിപ്പെടുത്തപ്പെടുന്നു

**പിതൃ, പുത്ര, പരിശുദ്ധാത്മാവാം ത്രിയേക ദൈവത്തിന് ഈ പുസ്തകം സമർപ്പിക്കുന്നു.** അവിടുന്നു മാത്രമാണ് ഈ സത്യങ്ങളിലേക്ക് (അവനോടു കൂടെയുള്ള വർഷങ്ങൾ നീണ്ട എന്റെ 'ക്രിസ്തീയ നടപ്പിൽ') എന്റെ കണ്ണു തുറന്നതും ഈ പുസ്തകത്തിലൂടെ അവ വെളിപ്പെടുത്തുന്നതിനുള്ള ഭാരം എന്റെ ഹൃദയത്തിൽ നൽകിയതും. കർത്താവായ ദൈവം തന്റെ ആത്മാവിലൂടെ അവയെ എനിക്കു വെളിപ്പെടുത്തിയിരുന്നില്ലെങ്കിൽ ഞാനവയെ മനസ്സിലാക്കുമായിരുന്നില്ല എന്നു ഞാൻ സമ്മതിക്കുന്നു. ദൈവിക കാര്യങ്ങൾ മറഞ്ഞിരിക്കുന്നവയാണെന്നും പിതാവിനു മാത്രമേ തന്റെ പുത്രൻ മുഖാന്തരവും പരിശുദ്ധാത്മാവു മുഖാന്തരവും അവയെ വെളിപ്പെടുത്താൻ കഴിയുകയുള്ളു എന്നും കർത്താവായ യേശു **മത്തായി 11:25–27** ലും **യോഹന്നാൻ 16:13–**15 ലും പറഞ്ഞിരിക്കുന്നു.

**ദാനീയേൽ 2:22** ൽ
*"അവൻ അഗാധവും ഗൂഢവുമായതു വെളിപ്പെടുത്തുന്നു;*
*അവൻ ഇരുട്ടിൽ ഉള്ളത് അറിയുന്നു;*
*വെളിച്ചം അവനോടുകൂടെ വസിക്കുന്നു"*
എന്ന് പ്രവാചകനായ ദാനീയേൽ പോലും ഏറ്റുപറഞ്ഞിരിക്കുന്നു.

*"ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം"* **എഫെസ്യർ 4:12–16** ൽ
*ഏറ്റവും നന്നായി വിവരിച്ചിരിക്കുന്നു:*

*'[12]അതു നാം എല്ലാവരും വിശ്വാസത്തിലും*
*ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള*
*ഐക്യതയും തികഞ്ഞ പുരുഷത്വവും* ***ക്രിസ്തുവിന്റെ***
***സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും*** *പ്രാപിക്കുവോളം*
*[13]വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിന്നായുള്ള*
*ശുശ്രൂഷയുടെ വേലെക്കും*
***ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനെക്കും*** *ആകുന്നു.*
*[14]അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും*
*തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ*
*തക്കവണ്ണം* ***ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന***
*ശിശുക്കൾ ആയിരിക്കാതെ*
*[15]സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു*

*എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. [16]ശരീരം മുഴുവനും യുക്തമായി ചേർന്നു ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന്നു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനെക്കായി അവനിൽനിന്നു വളർച്ച പ്രാപിക്കുന്നു.'*

ക്രിസ്തുവിന്റെ ശരീരത്തിൽ വസിക്കുന്ന (കൊമ്പുകൾ) നാം അവനിലും (മുന്തിരി വള്ളി) അവന്റെ ഉപദേശത്തിലും യഥാർത്ഥമായി 'വസിക്കുന്നുവോ' അതോ നാം സാവധാനം 'ഉണങ്ങി'ക്കൊണ്ടിരിക്കുകയാണോ എന്നു പരിശോധിക്കുന്നതിനുള്ള ഒരു **ഉണർത്തു വിളി** ആയിട്ടാണ് ഈ പുസ്തകം നിങ്ങളെ സമീപിക്കുന്നത്.

*കർത്താവായ യേശു താൻ പറഞ്ഞ ഓരോ വാക്കും അർത്ഥമാക്കുന്നു; താൻ അർത്ഥമാക്കുന്ന വാക്കു മാത്രമേ അവൻ പറഞ്ഞിട്ടുമുള്ളു!*

**യോഹന്നാൻ 15:5-6, 8,10**

*[5]"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും **വസിക്കുന്നു** എങ്കിൽ അവൻ വളരെ ഫലം **കായ്ക്കും**; എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല.*
*[6]**എന്നിൽ വസിക്കാത്തവനെ** ഒരു കൊമ്പുപോലെ പുറത്തു കളഞ്ഞിട്ടു അവൻ ഉണങ്ങിപ്പോകുന്നു; ആ വക ചേർത്തു തീയിൽ ഇടുന്നു; **അതു വെന്തുപോകും**.*
*[8]നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു; അങ്ങനെ **നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും**.*
*[10]**ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു** അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ **നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ** എന്റെ സ്നേഹത്തിൽ വസിക്കും."*

കർത്താവായ യേശുവിന്റെ കല്പനകളിലും വചനത്തിലും **'വസിക്കുന്നവരും' 'വസിക്കാത്തവരും'** ഉണ്ട് എന്ന് മുകളിൽ പറഞ്ഞിരിക്കുന്ന വേദഭാഗത്തിൽ അവന്റെ വാക്കുകൾ വളരെ ലളിതവും വ്യക്തവുമാണ്. 'രക്ഷിക്കപ്പെട്ട ഒരു വിശ്വാസിയുടെ ജീവിതത്തിൽ' (മുന്തിരിവള്ളിയോട് ഒട്ടിച്ചു ചേർത്തതിനുശേ

ഷവും) **'വസിക്കുക അല്ലെങ്കിൽ വസിക്കാതിരിക്കുക'** എന്നത് ദൈവം നമുക്കു നല്കിയ 'സ്വതന്ത്ര ഇച്ഛ'യുടെ വിഷയമാണ്. നാം ഇപ്പോൾ വായിച്ച തുപോലെ അതിനുള്ള പരിണിത ഫലങ്ങളെ ആ വാക്യത്തിൽ കർത്താവ് വ്യക്തമാക്കിയിട്ടുണ്ട്.

ക്രിസ്തുവിൽ പ്രിയരേ, സമയമായിരിക്കയാൽ 'ക്രിസ്തുവിന്റെ മണവാട്ടി' എന്ന നിലയിൽ **'പെട്ടക'ത്തിന്റെ വാതിൽ അടയും മുമ്പേ അതിനുള്ളിൽ പ്രവേശിക്കുവാൻ ഒരുങ്ങിക്കൊള്ളുക** (*'നോഹയുടെ കാലത്തു സംഭവിച്ച തുപോലെ'* - എന്നു കർത്താവു പറഞ്ഞതുപോലെ - മത്തായി 24:37; മത്തായി 25:10).

# ഉള്ളടക്കം


| | | |
|---|---|---|
| **മുഖവുര** | | **7** |
| **ഭാഗം 1:** | **വിശ്വാസത്യാഗം സഭയ്ക്കെതിരെ ആഞ്ഞടിക്കുന്നു** | **15** |
| അധ്യായം 1 | | |
| അധ്യായം 2 | | |
| അധ്യായം 3 | | |
| അധ്യായം 4 | | |
| അധ്യായം 5 | | |
| **ഭാഗം 2:** | **ദൈവത്തിന്റെ വചനം ധ്യാനിക്കുക** | **97** |
| അധ്യായം 1 | | |
| അധ്യായം 2 | | |
| അധ്യായം 3 | | |
| **ഭാഗം 3:** | **പരിശോധനകളും കഷ്ടതകളും** | **140** |
| അധ്യായം 1 | | |
| അധ്യായം 2 | | |
| അധ്യായം 3 | | |
| അധ്യായം 4 | | |
| **ഭാഗം 4:** | **ബുദ്ധിയില്ലാത്ത കന്യകമാർ** | **163** |
| അധ്യായം 1 | | |
| അധ്യായം 2 | | |
| അധ്യായം 3 | | |
| അധ്യായം 4 | | |
| അധ്യായം 5 | | |
| അധ്യായം 6 | | |
| അധ്യായം 7 | | |
| **ഉപസംഹാരം** | | **235** |

# മുഖവുര

*(തീർച്ചയായും വായിച്ചിരിക്കേണ്ടത്)*

ലോകമെമ്പാടുമുള്ള ക്രിസ്തീയ സഹോദരങ്ങളെക്കുറിച്ച് ദൈവമായ കർത്താവ് എന്റെ ഹൃദയത്തിൽ നൽകിയ ആഴമായ ഭാരത്തിന്റെ ഫലമായിട്ടാണ് **വേദപുസ്തക സത്യങ്ങൾ വെളിപ്പെടുത്തപ്പെടുന്നു** നിങ്ങളുടെയടുക്കൽ എത്തുന്നത്. വിശ്വാസികളെ പ്രീതിപ്പെടുത്താനല്ല, മറിച്ച് **വിശ്വാസികൾക്ക് ആത്മിക വർദ്ധന വരുത്തുന്ന**തിനാണ് ഇത് എഴുതപ്പെട്ടത് എന്നതിൽ ഞാൻ ക്ഷമാപണം നടത്തുന്നില്ല. ഇപ്രകാരം എഴുതുവാൻ ദൈവമായ കർത്താവ് എന്നെ പ്രേരിപ്പിച്ചില്ലായിരുന്നുവെങ്കിൽ ഇത്രയും ധൈര്യമായി ഞാൻ എഴുതുമായിരുന്നില്ല.

ഈ പുസ്തകം (ഇവിടെ പരാമർശിക്കുന്ന നിരവധി 'വേദപുസ്തക സത്യ' ങ്ങളുടെ നേരെ) അനേകരുടെ കണ്ണു തുറപ്പിക്കും എന്നതിനാൽ ഇത് **പെട്ടെന്നു വായിച്ചുപോകാവുന്ന ഒന്നായിരിക്കുകയില്ല.**

ഇവിടെ പരാമർശിച്ചിരിക്കുന്ന *'വേദപുസ്തക ഉദ്ധരണികൾ'* വായിക്കാതെ (അതിനു സമയമെടുക്കാതെ) ഈ പുസ്തകം വായിക്കാനാണു നിങ്ങൾ തയ്യാറാകുന്നതെങ്കിൽ **ഈ വേദപുസ്തക സത്യങ്ങൾ** നിങ്ങൾക്ക് വെളിപ്പെടാത്തതായി തന്നെയിരിക്കും എന്ന കാര്യവും നിങ്ങൾക്കു ബോധ്യമായിരിക്കേണം.

സഭ, പ്രവചിക്കപ്പെട്ട ദുരുപദേശങ്ങളുടെ ഭീഷണിയുടെ മുമ്പിൽ ആയിരിക്കുന്ന ഒരു സമയത്ത്, ഈ ഗ്രന്ഥം താഴെപ്പറയുന്ന കാര്യങ്ങൾക്കെതിരെ സന്ദർഭോചിതമായ 'പ്രോത്സാഹനവും മുന്നറിയിപ്പും' ആയിട്ടാണ് നിങ്ങളുടെ അടുക്കൽ എത്തുന്നത്:

1. **'വിശ്വാസത്തിൽ ബലഹീനരും ഇളയവരും' ആയവർ** പക്വതയിലേക്കു വളരുന്നതിന്.
2. **'പക്വത പ്രാപിച്ചവരും അനുസരണമുള്ളവരും' ആയവർ** ഭയത്തോടും വിറയലോടും തങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നതിനും (ഫിലിപ്പിയർ 2:12-13), കഷ്ടതയുടെയും പീഡനത്തിന്റെയും നടുവിൽ ഉന്നതവിളിയെ ലാക്കാക്കി മുന്നേറുന്നതിനും (ഫിലിപ്പിയർ 3:11-15; 2 തിമൊഥെയൊസ് 3:12).
3. **'സ്വയ-നീതിക്കാരും മത്സരികളും' ആയവർ** ഛേദിക്കപ്പെടാതിരിക്കുവാൻ ശ്രദ്ധാലുക്കളാകേണ്ടതിന്.
4. **'നാമധാരികളും സ്വയ-സംതൃപ്തരുമായവർ'** ഉണരാനുള്ള സമയമായി എന്നറിയേണ്ടതിന്.

**'വേദപുസ്തക സത്യങ്ങൾ വെളിപ്പെടുത്തപ്പെടുന്നു'** എന്നത് ഒരു വിധത്തിലും ഏതെങ്കിലും ഒരു വ്യക്തിയെയോ, സഭയെയോ, സഭാ വിഭാഗത്തെയോ വിധിക്കുന്നതിനുള്ളതല്ല എന്ന കാര്യം ആരംഭത്തിൽ തന്നെ ഞാൻ വ്യക്തമാക്കട്ടെ. കാരണം, യേശുക്രിസ്തുവാകുന്ന മുന്തിരിവള്ളിയിൽ വസിക്കുന്ന **അനുസരണവും വിശ്വസ്തതയുമുള്ള ശേഷിപ്പിനെ** പ്രതിനിധീകരിക്കുന്ന 'ക്രിസ്തുവിന്റെ ശരീര'ത്തെ (അവന്റെ മണവാട്ടി) എല്ലാ സഭാവിഭാഗത്തിലും കാണാൻ കഴിയും എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. എങ്കിലും അങ്ങനെ പറയുമ്പോൾ തന്നെ **'വിശാല പാത'**യിലൂടെ നടക്കുന്നതിൽ കുഴപ്പമില്ല എന്നു ചിന്തിക്കുന്ന (മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്യുന്ന) ആട്ടിൻ തോൽ ധരിച്ച ധാരാളം ചെന്നായ്ക്കളെയും എല്ലായിടത്തും കാണാൻ കഴിയും.

'അന്ത്യകാലത്താണ്' നാം ജീവിക്കുന്നതെന്ന് നാം ഏറ്റുപറയുകയും വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ, **അന്ത്യകാലത്ത് സഭ വിശ്വാസത്യാഗത്തിലേക്ക് വഴുതിപ്പോകുമെന്നും അത് അനിവാര്യമാണെന്നും ബൈബിൾ വ്യക്തമായി പറയുന്നു** (1 തിമൊഥെയൊസ് 4:1; 2 തിമൊഥെയൊസ് 4:3-4; 2 തെസ്സലൊനീക്യർ 2:3) എന്ന കാര്യം നാം മനസ്സിലാക്കേണ്ടതാവശ്യമാണ്.

**എന്താണ് വിശ്വാസ ത്യാഗം?** അതിനർത്ഥം - **സഭ സത്യത്തിൽനിന്നും വ്യതിചലിക്കുന്നു** എന്നാണ്! സാർവ്വലൗകിക സഭയിൽ അനേകർ ഇന്ന് അന്ധരാക്കപ്പെട്ട് **'വിശാല പാത'**യിലൂടെ നടക്കുന്നുവെന്നും ക്രിസ്തുവിലുള്ള അവരുടെ അടിസ്ഥാനങ്ങൾ ദുരുപദേശങ്ങളാൽ ഇളകിയിരിക്കുന്നുവെന്നും ഉള്ള വസ്തുതയിലേക്ക് കർത്താവ് എന്റെ കണ്ണുകളെ തുറക്കുകയുണ്ടായി.

അനേക ക്രിസ്ത്യാനികൾ, തങ്ങളുടെ ചുറ്റുമുള്ള വിശ്വാസ ത്യാഗിയായ സഭയെക്കുറിച്ചുള്ള ബോധമില്ലാത്ത അവസ്ഥയിൽ, **ഈ പ്രവചിക്കപ്പെട്ട വിശ്വാസ ത്യാഗം അന്ത്യകാലത്ത് സഭയെ സ്വാധീനിക്കുമെന്ന മുന്നറിയിപ്പിനെതിരായി** തങ്ങൾ സൂക്ഷിക്കണമെന്ന ബോധ്യംപോലുമില്ലാതെ (അനേക വേദഭാഗങ്ങളിലൂടെ ബൈബിൾ മുന്നറിയിപ്പു നൽകുന്നതുപോലെ) കഴിയുന്നു.

**1 തിമൊഥെയൊസ് 4:1-2**

*എന്നാൽ ഭാവികാലത്തു* ***ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു*** *ഭോഷ്കു പറയുന്നവരുടെ കപടത്താൽ* ***വിശ്വാസം ത്യജിക്കും*** *എന്നു ആത്മാവു* ***തെളിവായി പറയുന്നു.*** *അവർ സ്വന്തമനസ്സാക്ഷിയിൽ ചൂടുവെച്ചവരായി...*

**2 തിമൊഥെയൊസ് 4:3-4**

*3 അവർ* ***പത്ഥ്യോപദേശം പൊറുക്കാതെ*** *കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം*

*ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും*
*[4]**സത്യത്തിന്നു ചെവി കൊടുക്കാതെ കെട്ടുകഥ***
***കേൾപ്പാൻ തിരികയും** ചെയ്യുന്ന കാലം വരും.*

**മത്തായി 7:13–29** ൽ യേശു പറയുന്ന **'അനേകർ'** ക്രൈസ്തവ മണ്ഡലത്തിൽ ഉള്ളവരാണെന്ന് **അനേക വർഷങ്ങൾക്കുശേഷം അടുത്തകാലത്താണ് ഞാൻ മനസ്സിലാക്കിയത്!**

**മത്തായി 7:13–14, 21**

*[13]ഇടുക്കുവാതിലൂടെ അകത്തുകടപ്പിൻ; നാശത്തിലേക്കു പോകുന്ന*
*വാതിൽ വീതിയുള്ളതും വഴി വിശാലവും **അതിൽകൂടി കടക്കുന്നവർ***
***അനേകരും ആകുന്നു.** [14]ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും*
*വഴി ഞെരുക്കവുമുള്ളതു; **അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ.***
*[21]എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല,*
***സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ***
*സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്.*

**മത്തായി 7 ന്റെ 13 മുതൽ 27 വരെയുള്ള വാകൃങ്ങൾ ശ്രദ്ധാപൂർവ്വം** വായിക്കുവാൻ നിങ്ങൾ സമയമെടുത്താൽ, അനേക സത്യങ്ങളിലേക്ക് നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെടും. ഒന്നാമതായി, 'ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല' എന്നു പറഞ്ഞുകൊണ്ട് ആ വേദഭാഗത്ത് കർത്താവു പറയുന്ന ആളുകൾ, കർത്താവിനുവേണ്ടി അനേക കാര്യങ്ങൾ ചെയ്ത – അതേ, യേശുവിന്റെ നാമത്തിൽ – **മത്തായി 7:22** – ഉത്സാഹികളും വരപ്രാപ്തരുമായ ക്രിസ്തീയ വിശ്വാസികളായിരുന്നു എന്നു കാണാം.

എന്നാൽ നിർഭാഗ്യവശാൽ **മൂന്നു പ്രധാന കാര്യങ്ങൾ** അവർക്കില്ലാതെ പോയി:

- അവർ കർത്താവിന്റെ 'ഉപദേശത്തിലും കല്പനയിലും' നിലനില്ക്കുന്നതിൽ (വസിക്കുന്നതിൽ) പരാജയപ്പെട്ട് സ്വന്ത ആലോചനപ്രകാരം നടന്നു **– മത്തായി 7:24–27** – ശരിയായ ശിഷ്യത്വത്തെ പ്രതിഫലിപ്പിച്ചില്ല (1 യോഹന്നാൻ 3:22–24).
- തങ്ങളുടെ ജീവിതത്തിൽ 'അവന്റെ ഹിതം' എന്താണെന്ന് ദൈവത്തോടു ചോദിക്കുന്നതിനായി അവന്റെ മുമ്പിൽ അവർ നിന്നില്ല **– മത്തായി 7:21–22.**
- 'ആത്മാവിന്റെ ഫലം' അവരിൽ ഇല്ലായിരുന്നു – **മത്തായി 7:16,**

അതു കൂടാതെ നമുക്കു ദൈവത്തെ അറിയാൻ കഴികയില്ലെന്ന് ബൈബിൾ പറയുന്നു (1 യോഹന്നാൻ 4:8).

ഇന്നും അനേക വിശ്വാസികൾ ചെന്നു നിപതിക്കുന്ന **'മുഖ്യ ചതിക്കുഴികൾ'** ഇവയെല്ലാമാണ്.

പരിശുദ്ധാത്മാവിന്റെ വരങ്ങൾ പ്രാപിക്കുന്നതിന് ആധുനിക സഭ നൽകുന്ന ഇത്രവലിയ ഊന്നൽ ഒരു കുഴിയാണ് (ഏതു നിലയിലായാലും അത് ഒരു ദാനമാണ്, മനുഷ്യരുടെ ഇഷ്ടപ്രകാരം നേടിയെടുക്കാവുന്നതല്ല - എന്നിട്ടും എങ്ങനെ ഈ വരങ്ങൾ പ്രാപിക്കാം എന്നതിനെക്കുറിച്ച് സെമിനാറുകൾ നടത്തുന്നു). അവർ തങ്ങളുടെ ശുശ്രൂഷാ ജീവിതത്തിൽ മുൻഗണനാക്രമം നിശ്ചയിക്കാതെ കർത്താവ് അവരിലൂടെ വെളിപ്പെടുത്തിയ സ്വന്തം അനുഭവങ്ങൾക്ക്, പ്രകൃത്യാതീതമായവയ്ക്ക്, പ്രാധാന്യം നൽകുന്നു. തന്റെ അത്ഭുത പ്രവൃത്തികളെ പരസ്യപ്പെടുത്തരുത്/ആരോടും പറയരുത് എന്നാണ് കർത്താവ് യഥാർത്ഥത്തിൽ പ്രസ്താവിച്ചത്. 'ഇത് ആരും അറിയരുത്' എന്ന് അവൻ പലപ്പോഴും ആളുകളോട് നിർദ്ദേശിച്ചിരുന്നു. ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല, മറിച്ച് നിത്യമായ കാര്യങ്ങളിലാണ് സന്തോഷിക്കേണ്ടത് എന്ന് അവൻ തന്റെ ശിഷ്യന്മാരോടും പറഞ്ഞു.

**കർത്താവായ യേശു സൗഖ്യദായകൻ എന്ന നിലയിലല്ല മറിച്ച് അധ്യാപകൻ (ഗുരു) എന്ന നിലയിലാണ് അറിയപ്പെട്ടിരുന്നത് എന്ന കാര്യം ഓർക്കുക.** തങ്ങളുടെ പ്രകൃത്യാതീത അനുഭവങ്ങൾക്കും വരങ്ങൾക്കും (ഫലങ്ങൾ ഇല്ലാത്തപക്ഷം അവ ആത്മീയ ധാർഷ്ട്യത്തിലേക്കും സ്വയനീതിയിലേക്കും നയിക്കും) അപ്പുറമായി സ്നേഹത്തിലും സൽപ്രവൃത്തിയിലും (അവന്റെ ഹിതപ്രകാരം) നടക്കുവാൻ അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു.

ഈ മുഖവുര (ഈ പുസ്തകം വായനക്കാരന് എന്താണ് നൽകുന്നത് എന്നതിനെക്കുറിച്ച്) ഇപ്രകാരം തുടരുന്നതിനു മുമ്പ് ഞാൻ അല്പം നിർത്തിയിട്ട് ഞാൻ എന്റെ മുൻ ഗ്രന്ഥത്തെക്കുറിച്ച് ചില കാര്യങ്ങൾ നിങ്ങളോടു പറയട്ടെ. ദൈവിക കലണ്ടറിലെ മറ്റനേക സംഭവങ്ങൾക്കും തുടക്കം കുറിച്ച വർഷമായ 2008 നവംബർ 26 ന് അർദ്ധരാത്രിയിൽ, ദാനീയേൽ 12:12 ലൂടെ ദൈവം എന്നോടു സംസാരിക്കുകയുണ്ടായി.

ദൈവമാണ് ആ രാത്രിയിൽ എന്നെ ഉണർത്തി ദാനീയേൽ പ്രവചനം ആരംഭം മുതൽ 12:12 വരെ വായിക്കാൻ പ്രേരിപ്പിച്ചത് എന്നു ഞാൻ വിശ്വസിക്കുന്നു; എങ്കിലും എന്റെ കൊച്ചു മനസ്സാണ് 24/7/12 എന്നത് ഒരു തീയതിയായി കണക്കാക്കി, ക്രിസ്തുവിന്റെ ആസന്നമായ മടങ്ങിവരവിനെക്കുറിച്ച് എല്ലായ്പോഴും ഒരു **24X7X12 മനോഭാവം** ഉണ്ടായിരിക്കേണ്ടതിനെക്കുറിച്ച് ക്രിസ്തുവിന്റെ മണവാട്ടിക്ക് ഒരു ആഹ്വാനം നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിച്ചത്. **കാരണം ദൈവത്തിന്റെ വഴികളും വിചാരങ്ങളും നമ്മുടെ വഴികളെ**

**ക്കാളും വിചാരങ്ങളെക്കാളും ഉയർന്നിരിക്കുന്നു എന്ന് യെശയ്യാവ് 55:8–9 പറയുന്നു.**

അതിനാൽ ക്രിസ്തുവിന്റെ ആസന്നമായ മടങ്ങിവരവിനെക്കുറിച്ച് **എല്ലായ്പോഴുമുള്ള** ഒരു 24X7X12 മനോഭാവം **വിശ്വാസിയുടെ ജീവിതത്തിൽ അതിപ്രധാനമായിരിക്കേണ്ട ഒന്നാണ്.** കാരണം അത് വിശ്വാസിയുടെ **വിശുദ്ധിക്കുള്ള പ്രേരണയ്ക്ക്/വിശുദ്ധ ജീവിതത്തിന്** നേരിട്ട് ആനുപാതികമാണ്. അവന്റെ വരവിനുവേണ്ടിയുള്ള അതിവാഞ്ഛാ മനോഭാവം ദൈവവചനത്തിൽ സുവിശേഷങ്ങളിലും ലേഖനങ്ങളിലും വെളിപ്പാടു പുസ്തകം വരെയും ആവർത്തിച്ച് ഊന്നിപ്പറഞ്ഞിരിക്കുന്നു.

മൂന്നു പ്രധാന ക്രിസ്തീയ നാഴികക്കല്ലുകളിൽ ഈ മനോഭാവം കർത്താവ് പ്രതിഫലിപ്പിച്ചിരിക്കുന്നു:

1. അവൻ നമ്മെ പഠിപ്പിച്ച പ്രാർത്ഥനയിൽ – ***‘നിന്റെ രാജ്യം വരേണമേ.’***
2. വിശുദ്ധ തിരുവത്താഴത്തിൽ – ‘അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും ***കർത്താവു വരുവോളം*** അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.’
3. വെളിപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കർത്താവിന്റെ അവസാന വാക്കുകളിൽ – ‘ഇതു സാക്ഷീകരിക്കുന്നവൻ: ***“അതേ, ഞാൻ വേഗം വരുന്നു”*** എന്നു അരുളിച്ചെയ്യുന്നു; ***ആമേൻ***, ***കർത്താവായ യേശുവേ, വരേണമേ.***’

എന്തുകൊണ്ട്? **തന്റെ ജനത്തിന്** ശാഠ്യക്കാരും വിശ്വാസത്യാഗികളും എന്ന നിലയിലുള്ള ഒരു ചരിത്രം ഉണ്ടെന്ന് **കർത്താവിനറിയാവുന്നതുകൊണ്ട്.** മോശെ സീനായി മലയിൽ നിന്നും ഇറങ്ങിവരുവാൻ ഒരല്പം താമസിച്ചപ്പോൾ (40 ദിവസം) അവർ മത്സരികളായി എന്നറിയാവുന്നതുകൊണ്ട് (അതിന്റെ ഫലം പൊൻ കാളക്കുട്ടിയും മറ്റ് വിഗ്രഹങ്ങളും ആയിരുന്നു). സമാനമായി, തന്റെ വരവിന് 2000 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു എന്ന് അറിയാവുന്ന സർവ്വജ്ഞാനിയായ ദൈവം, ‘ബുദ്ധിയില്ലാത്ത കന്യകമാരെ’ക്കുറിച്ചുള്ള കർത്താവിന്റെ ഉപമയിൽ കാണുന്ന കന്യകമാരെപ്പോലെ നാം (ഒരുക്കമില്ലാത്തവരായി) മയങ്ങിപ്പോയാൽ അത് നിത്യമായ ദോഷഫലമായിരിക്കും ഉളവാക്കുക എന്നറിഞ്ഞ് **തന്റെ ആസന്നമായ മടങ്ങിവരവിനുവേണ്ടിയുള്ള ഈ അതിവാഞ്ഛാമനോഭാവം ദൈവവചനത്തിലുടനീളം നെയ്തു ചേർത്തിരിക്കുന്നു.**

കാരണം, ക്രിസ്തുവിന്റെ ശരീരത്തിലെ അനേകരും പുതുയുഗ വിശ്വാസത്യാഗത്തിന് അത്യധികമായി വശംവദരായിരിക്കുന്നു. ഈ വിശ്വാസത്യാഗം ഈ

അന്ത്യകാലത്ത് സഭയുടെ മതിലുകളെ ശക്തമായി ഹേമിച്ചുകൊണ്ടിരിക്കുകയും അത് ദിനംതോറും വർദ്ധിച്ചുവരികയും ചെയ്തുകൊണ്ടിരിക്കുന്നു.

ജനത്തെ അലസജീവിതത്തിലേക്കു നയിക്കുന്ന ഇത്തരം ഉപദേശങ്ങൾക്കെതിരെ **മൗനമായിരിക്കാതെ അവയെ വെളിച്ചത്തുകൊണ്ടുവരണമെന്ന്** ദൈവവചനം നമ്മോടു കല്പിക്കുന്നു:

**എഫെസ്യർ 5:6–11 പറയുന്നു**

*[6]**വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുതു;***
*ഈ വക നിമിത്തമല്ലോ ദൈവകോപം **അനുസരണം കെട്ടവരുടെ***
***മേൽ** വരുന്നു. [7]നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുതു.*
*[8]മുമ്പെ നിങ്ങൾ ഇരുളായിരുന്നു; **ഇപ്പോഴോ** കർത്താവിൽ*
*വെളിച്ചം ആകുന്നു. [9]**കർത്താവിന്നു പ്രസാദമായതു എന്തെന്നു***
***പരിശോധിച്ചുകൊണ്ടു വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ.***
*[10]സകല സല്ഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം.*
*[11]ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികൾ ആകരുതു;*
***അവയെ ശാസിക്ക അത്രേ വേണ്ടതു.***

ഇത്തരം വിശ്വാസത്യാഗത്തിനെതിരായി ഉറച്ചുനില്ക്കാൻ മനസ്സുള്ള വളരെക്കുറച്ചുപേർ മാത്രമേ ഇന്നു സഭയിൽ ഉള്ളു എന്നതിൽ കർത്താവു ദുഃഖിക്കുകയാണ്. അനേകരും ഒറ്റയ്ക്കു നില്ക്കുന്നതിനെക്കാൾ ഭൂരിപക്ഷത്തോടൊപ്പം നിന്നുകൊണ്ട് ഒഴുക്കിനനുകൂലമായി നീന്തുന്നതിൽ സംതൃപ്തി കണ്ടെത്തുന്നു. എന്നാൽ ദൈവരാജ്യം അവകാശമാക്കാത്തവരുടെ കൂട്ടത്തിലാണ് 'ഭീരുക്കളുടെ' സ്ഥാനമെന്ന് **വെളിപ്പാട് 21:8** നമുക്കു മുന്നറിയിപ്പു നൽകുന്നു.

**യോഹന്നാൻ 12:42–43** ൽ നാം വായിക്കുന്നതുപോലെ കർത്താവിന്റെ ഭൂമിയിലെ ശുശ്രൂഷാവേളയിലും അത്തരത്തിലുള്ള ദൈവജനം ഉണ്ടായിരുന്നതായി ബൈബിൾ രേഖപ്പെടുത്തുന്നു. *[42]എന്നിട്ടും പ്രമാണികളിൽ തന്നേയും അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം **ഏറ്റുപറഞ്ഞില്ലതാനും. [43]അവർ ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു.***

**'വേദപുസ്തക സത്യങ്ങൾ വെളിപ്പെടുത്തപ്പെടുന്നു' എന്ന ഈ ഗ്രന്ഥം വായിച്ചതിനുശേഷം അനേകർക്ക് പാപബോധം ഉണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നു.**
ചിലർ (അനേകർ ഇല്ലെങ്കിലും) മുകളിൽ സൂചിപ്പിച്ച അന്ത്യകാല

വിശ്വാസത്യാഗത്തിന്റെ ഭാഗമായിട്ടുള്ളവരാണെന്ന് (ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ) എനിക്കറിയാം. എന്നിരുന്നാലും അങ്ങനെയുള്ള എല്ലാവരെയും രണ്ടു കാര്യങ്ങളാൽ ഉത്സാഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു:
**ഒന്നാമതായി,** ഒരു തൂമ്പയെ തൂമ്പയെന്നു വിളിക്കുവാൻ മടി കാണിക്കാതെ (താമസിച്ചു പോകുന്നതിനു മുമ്പെ) കെണിയിൽ നിന്നും പുറത്തുവരിക.
**രണ്ടാമതായി,** അന്ത്യകാലത്ത് പ്രവചിക്കപ്പെട്ടിട്ടുള്ള ഇത്തരം ദുരുപദേശങ്ങൾ കൗശലപൂർവ്വം നിങ്ങളുടെ നേരെ വരും (ഒരു കാലഘട്ടത്തേക്ക്) എന്നു മനസ്സിലാക്കി നിങ്ങൾ അത്യധികം അസ്വസ്ഥരാകാതിരിക്കുക.
എന്നാൽ അതിപ്രധാനമായ സംഗതി, ഈ ബോധ്യം എന്നെയും നിങ്ങളെയും **'വിശാല വഴി'**യിൽ നിന്നും തിരിച്ച്, ദൈവമായ കർത്താവിനു പ്രസാദകരമായ അനുസരണവും വിശുദ്ധിയുമുള്ള ജീവിതം നയിക്കുവാൻ പ്രചോദിപ്പിക്കുകയാണു വേണ്ടത് (കാരണം ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ **'ദൈവവചനത്തിൽ'** വ്യക്തമായി പറഞ്ഞിരിക്കുന്ന കാര്യങ്ങളാണ്.
അതുകൊണ്ട് ചോദ്യം ഇതാണ്, ക്രിസ്തീയ മണ്ഡലത്തിൽ **നമുക്കു ചുറ്റും നില്ക്കുന്ന അനേകരുടെ സമ്മർദ്ദങ്ങളെ ഭയപ്പെടാതെ** യോശുവയെയും കാലേബിനെയും പോലെ 'ദൈവത്തോടും അവന്റെ വചനത്തോടും ചേർന്ന്' നില്ക്കുവാൻ തക്ക ധൈര്യം നിങ്ങൾ കാണിക്കുമോ?

**ദാനീയേൽ 12:4** ൽ പറയുന്ന ***'പലരും അതിനെ പരിശോധിക്കും'*** (***'പലരും അങ്ങുമിങ്ങും ഓടും'*** എന്നാണ് ന്യൂ കിംഗ് ജെയിംസ് ബൈബിളിൽ) എന്ന വചനം നിവൃത്തിയാകാനുള്ള സമയത്താണ് നാം എന്നറിയുന്നതിനാൽ, ആ തിരക്കുള്ള മനുഷ്യർ **ഈ പുസ്തകം വായിച്ചുതീർക്കുന്നതിൽ നിന്നും** നിങ്ങളെ പുറകോട്ടു വലിക്കുമോ എന്നതാണ് യഥാർത്ഥ ചോദ്യം.

അവസാനമായി, ക്രിസ്തുവിൽ പ്രിയരായ നിങ്ങളോട് അപേക്ഷിക്കുവാൻ ഞാനാഗ്രഹിക്കുന്നത് തുറന്ന മനസ്സോടെ ഈ പുസ്തകം വായിക്കുകയും അതു നിങ്ങൾക്കു ഉറപ്പിച്ചുതരുവാൻ ദൈവമായ കർത്താവിന്റെ മുഖത്തേക്കു മാത്രം നോക്കുകയും ചെയ്യുക എന്നതാണ്. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന പല കാര്യങ്ങളുടെയും മുമ്പിൽ ഒരു കാലത്ത് ഞാനും അന്ധനായിരുന്നു, ദൈവമായ കർത്താവു മാത്രമാണ് ആ ദുരുപദേശങ്ങളെ ഓരോന്നോരോന്നായി എനിക്കു വെളിപ്പെടുത്തി തന്നത്. ഈ അന്ത്യകാലത്ത് അനേക ക്രിസ്തീയ സഹോദരന്മാരുടെ കണ്ണുകളെ

ഈ സത്യങ്ങളുടെ നേർക്ക് കർത്താവ് തുറന്നുകൊണ്ടിരിക്കുന്നതു ഞാൻ കാണുന്നു.
ഇവിടെ പരാമർശിച്ചിരിക്കുന്ന കെണികൾക്കും ദുരുപദേശങ്ങൾക്കും നേരെ ഞാൻ പൂർണ്ണസുരക്ഷിതനാണ് എന്ന ചിന്ത എനിക്കില്ല എന്നു സൂചിപ്പിക്കുവാനും ഞാനാഗ്രഹിക്കുന്നു. ഞാനും തുല്യനിലയിൽ അവയ്ക്കു വശംവദനാകാൻ സാധ്യതയുള്ളവനാകയാൽ ഞാനും നിങ്ങളും നമ്മുടെ ഹൃദയത്തെയും ആത്മാവിനെയും കാക്കുകയും നമ്മെത്തന്നെ പകെച്ച്, **നാൾതോറും ക്രൂശെടുത്ത് നമ്മുടെ കർത്താവിന്റെ കാൽച്ചുവട് പിൻപറ്റുകയും ചെയ്യുന്നില്ലെങ്കിൽ നാമും അവയിൽ വീണുപോകാൻ സാധ്യതയുണ്ട്.**

**ദാനീയേൽ 12:10**
*പലരും തങ്ങളെ ശുദ്ധീകരിച്ചു*
*നിർമ്മലീകരിച്ചു ശോധന കഴിക്കും;*
*ദുഷ്ടന്മാരോ, ദുഷ്ടതപ്രവർത്തിക്കും;*
***ദുഷ്ടന്മാരിൽ ആരും അതു തിരിച്ചറികയില്ല;***
***ബുദ്ധിമാന്മാരോ ഗ്രഹിക്കും.***

**റോമർ 13:11 പറയുന്നു:**
*"ഇതു ചെയ്യേണ്ടതു* ***ഉറക്കത്തിൽനിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു*** *എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നേ; നാം വിശ്വസിച്ച സമയത്തെക്കാൾ* ***രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു.***

# ഭാഗം 1

# വിശ്വാസത്യാഗം സഭയ്ക്കെതിരെ ആഞ്ഞടിക്കുന്നു

## അധ്യായം 1

## ദൈവകൃപയെ വിലകുറഞ്ഞ കൃപയാക്കി മാറ്റുന്നു!

കൃപ എന്ന വിഷയം വളരെ വലിയതും തികഞ്ഞ മർമ്മവുമാണ്. നിർഭാഗ്യവശാൽ നമ്മിൽ പലരും രണ്ടു കാരണങ്ങളാൽ ഈ വലിയ മർമ്മത്തിന്റെ മുമ്പിൽ ആശയക്കുഴപ്പത്തിലാകുന്നു:

1. **ഒന്നാമതായി,** ദൈവത്തിന്റെ വൻകാര്യങ്ങൾ പരിശുദ്ധാത്മാവിനാൽ ആത്മികമായി വിവേചിക്കേണ്ടതാണെന്ന് ബൈബിൾ പറയുന്നതിനാൽ അവ എളുപ്പത്തിൽ മനസ്സിലാകയില്ല (1 കൊരിന്ത്യർ 2:13-14).
2. **രണ്ടാമതായി,** ബൈബിൾ പറയുന്നതുപോലെ ചില പ്രസംഗകർ തങ്ങളുടെ മാനുഷിക ജ്ഞാനത്തിൽ (പരിശുദ്ധാത്മാവിന്റെ പഠിപ്പിക്കൽ കൂടാതെ) ഗ്രഹിക്കാൻ പ്രയാസമുള്ള തിരുവെഴുത്തുകളെ കോട്ടിക്കളയുന്നു (2 പത്രൊസ് 3:14-18).

'കൃപ' എന്ന ഈ വിഷയം വിപുലമായ നിലയിൽ ദുർവ്യാഖ്യാനിക്കപ്പെടുകയും തെറ്റായി പ്രതിനിധീകരിക്കപ്പെടുകയും ചെയ്യുന്നതിനാൽ ഈ പുസ്തകത്തിന്റെ 'ഭാഗം 1' ലെ ആദ്യത്തെ ചില അധ്യായങ്ങൾ സാവധാനവും ജാഗ്രതയോടെയും വായിക്കുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഏതെങ്കിലും വിധത്തിൽ നിങ്ങളെ ബാധിച്ചിരിക്കാൻ ഇടയുള്ള ആത്മിക അന്ധതയെ വെളിപ്പെടുത്തിക്കൊണ്ട് അതിനെ ഞാൻ വിപുലമായ നിലയിൽ വ്യക്തമാക്കുകയും

ഇനി ഉണ്ടാകാൻ സാധ്യതയുള്ളവയ്ക്കെതിരെ നിങ്ങളെ സംരക്ഷിക്കുകയും ചെയ്യുമ്പോൾ വായനക്കാരായ നിങ്ങൾ **പൂർണ്ണസജ്ജരാ**യിരിക്കുന്നതിന് അതാവശ്യമാണ്.

ക്രിസ്തുയേശു എന്ന 'പാറ'മേൽ പണിതിരിക്കുന്ന സഭയുടെ വിശ്വാസത്തെയും അടിസ്ഥാനത്തെയും ഇളക്കുവാൻ പരിശ്രമിച്ചുകൊണ്ട് കെണികളും തന്ത്രങ്ങളും മെനഞ്ഞ് ശത്രു പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

**എഫെസ്യർ 2:8-9 പറയുന്നു:**
8 ***കൃപയാലല്ലോ*** *നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു;*
*അതിന്നും* ***നിങ്ങൾ കാരണമല്ല;*** *ദൈവത്തിന്റെ ദാനമത്രേയാകുന്നു.*
9 *ആരും പ്രശംസിക്കാതിരിപ്പാൻ* ***പ്രവൃത്തികളും കാരണമല്ല.***

കാരണം നാം എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. ഈ 'കൃപ' യഥാർത്ഥമായും രക്ഷിക്കപ്പെട്ട വിശ്വാസിയുടെമേൽ ദൈവം പകരുന്ന അവന്റെ ദാനമാണ്. ഇത്രവലിയ ദാനത്തിന് നാം ഒരിക്കലും ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല.

പക്ഷേ, **രക്ഷിക്കപ്പെട്ടതിനുശേഷം** നമ്മുടെ ജീവിതത്തിന്മേലുള്ള ദൈവത്തിന്റെ ഈ കൃപ, **നമ്മുടെ ഭാഗത്തുനിന്നും ഒരു ഉത്തരവാദിത്വം ആവശ്യപ്പെടുന്നുണ്ട്.** അതവിടെ നില്ക്കുന്നില്ല, മറിച്ച് രക്ഷിക്കപ്പെട്ട വിശ്വാസിയെ അടുത്ത വാക്യമായ **എഫെസ്യർ 2:10** ലൂടെ ആഹ്വാനം ചെയ്യുന്നു എന്നതിൽ ദൈവത്തിനു സ്തോത്രം. ഇവിടെ രക്ഷിക്കപ്പെട്ട ഒരു വിശ്വാസിയെ പിന്തുടരേണ്ട ***'സൽപ്രവൃത്തികൾ'*** എന്ന പദം ഉപയോഗിച്ചിരിക്കുന്നു.

**എഫെസ്യർ 2:10**
*നാം അവന്റെ* ***കൈപ്പണിയായി സൽപ്രവൃത്തികൾ***
***ക്കായിട്ടു*** *ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു;*
*നാം ചെയ്തുപോരേണ്ടതിന്നു ദൈവം*
*അവ മുന്നൊരുക്കിയിരിക്കുന്നു.*

***'സൽപ്രവൃത്തികൾ'*** നിർണ്ണായകമാണ്, അപ്പോൾതന്നെ വിശ്വാസികളുടെ കൈയിലെ ഒരു തിരഞ്ഞെടുപ്പുമാണ്. അവയിൽ നടക്കാതിരുന്നാൽ ഗൗരവമായ അനന്തരഫലങ്ങൾ ഉണ്ടെന്നുള്ള കാര്യം തീർച്ചയായും അറിഞ്ഞിരിക്കേണ്ടതാണ്. നമുക്കാദ്യം ആ വാക്യം സൂക്ഷ്മമായി പഠിക്കാം.

**'സൽപ്രവൃത്തികളും' 'പ്രവൃത്തികളും'** തമ്മിൽ വലിയ അന്തരമുണ്ട്. **രക്ഷയ്ക്കു ശേഷം മാത്രമാണ് 'സൽപ്രവൃത്തികൾ' വരുന്നത്** എന്ന കാര്യത്തിൽ നാം ഒരു തെറ്റും വരുത്താതിരിക്കേണ്ടതിന് സർവ്വജ്ഞാനിയും **പരമാധികാരിയുമായ ദൈവം 'വാക്യം 8-9' നു ശേഷമാണ് വാ. 10** രേഖപ്പെ

ടുത്തിയിരിക്കുന്നത്. കാരണം നാം ഇനിമേൽ നമ്മുടെ വകയല്ല അവന്റെ കൈപ്പണിയാണ്.

രക്ഷിക്കപ്പെട്ടതിനുശേഷം ഒരു വിശ്വാസി സ്വാഭാവികമായി 'സൽപ്രവൃത്തികൾ' ചെയ്തിരിക്കും എന്ന ഭോഷത്തമായ ചിന്താഗതി അനേക ക്രിസ്ത്യാനികളും വെച്ചുപുലർത്തുന്നുണ്ട്. എന്നാൽ ബൈബിൾ അങ്ങനെ പറയുന്നില്ല. ബൈബിൾ പറയുന്നത്, രക്ഷിക്കപ്പെട്ടതിനുശേഷം പരിശുദ്ധാത്മാവു നമ്മെ പ്രചോദിപ്പിക്കുമെങ്കിലും ആ പ്രചോദനങ്ങൾക്കനുസരിച്ച് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുവാൻ അനുവദിക്കുക എന്നത് നമ്മുടെ വ്യക്തിപരമായ തിരഞ്ഞെടുപ്പാണ് എന്നാണ്.

ദയവായി ശ്രദ്ധിക്കുക, 'നാം ചെയ്യേണ്ടിവരും' എന്നോ 'നാം തീർച്ചയായും ചെയ്യും' എന്നോ എഫെസ്യർ 2:10 ൽ പറയുന്നില്ല മറിച്ച് *'നാം അവയിൽ നടക്കണം'* എന്നാണു പറയുന്നത്. **ദൈവം നമ്മുടെ – വിശ്വാസികളുടെയും അവിശ്വാസികളുടെയും – ജീവിതത്തിൽ അവന്റെ സ്വതന്ത്ര ഇച്ഛയെ (തിരഞ്ഞെടുപ്പിന്റെ) അടിച്ചേല്പിക്കുന്നില്ല.**

നിങ്ങൾ വീണ്ടും **എഫെസ്യർ 2:8–10** വരെ ശ്രദ്ധാപൂർവ്വം വായിക്കുമെങ്കിൽ, നാം **രക്ഷിക്കപ്പെടുന്നതിനു മുമ്പുള്ള നമ്മുടെ 'മൃതപ്രവൃത്തികളും' രക്ഷിക്കപ്പെട്ടതിനുശേഷമുള്ള നമ്മുടെ 'സൽപ്രവൃത്തികളും'** തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ബൈബിൾ പറയുന്ന കാര്യം നിങ്ങൾക്കു മനസ്സിലാകും.

**എഫെസ്യർ 2:8–10** [8]*കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു.* [9]*ആരും പ്രശംസിക്കാതിരിപ്പാൻ **പ്രവൃത്തികളും കാരണമല്ല**.* [10]*നാം അവന്റെ കൈപ്പണിയായി **സൽപ്രവൃത്തികൾക്കായിട്ടു** ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു.*

'രക്ഷിക്കപ്പെട്ട പാപി'യുടെ ശരിയായ പ്രതികരണം എന്തായിരിക്കണം എന്നതിനെക്കുറിച്ചുള്ള ഇതേ സത്യം താഴെക്കാണുന്ന വാക്യത്തിൽ വളരെ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു:

**തീത്തൊസ് 2:11, 13–14**

[11]*സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ;*
[13]***ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു** ഈ ലോകത്തിൽ*
*സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുംകൂടെ ജീവിച്ചു*
*പോരേണ്ടതിന്നു അതു നമ്മെ **ശിക്ഷിച്ചുവളർത്തുന്നു**.*
[14]*അവൻ നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു*
***സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തിയുള്ളോരു** സ്വന്തജനമായി തനിക്കു*

*ശുദ്ധീകരിക്കേണ്ടതിന്നു തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു.*

നിർഭാഗ്യവശാൽ ഇന്ന് വിശ്വാസത്യാഗിയായ ആധുനിക സഭ സഭയ്ക്കുള്ളിൽ അനേക ബുദ്ധിയില്ലാത്ത കന്യകമാരെ ഉല്പാദിപ്പിക്കുകയും രക്ഷിക്കപ്പെട്ട പാപിയെ **ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിക്കുവാൻ പഠിപ്പിക്കുന്നതിനു പകരം** 'രക്ഷ നഷ്ടപ്പെടുകയില്ലെന്നു' പ്രസംഗിച്ചുകൊണ്ട് സുഖലോലുപരായി ജീവിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് രാസത്വരകമായി മാറിയിരിക്കുന്നു.

നമ്മുടെ ക്രിസ്തീയ ജീവിതം **'രൂപാന്തരപ്പെട്ട ജീവിതത്തെ'** പ്രതിഫലിപ്പിക്കേണ്ടതാണ്; വിശ്വാസികൾ ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ച് സുബോധത്തോടെ ജീവിക്കുവാൻ നിർബന്ധിച്ചുകൊണ്ട് അക്കാര്യം പുതിയനിയമ ലേഖനങ്ങളിലുടനീളം ആവശ്യപ്പെട്ടിരിക്കുന്നു. തീത്തൊസിന്റെ ലേഖനത്തിൽനിന്നുള്ള മറ്റൊരു തിരുവെഴുത്തിലൂടെ **'പ്രവൃത്തികളെയും' 'സൽപ്രവൃത്തികളെയും'** വേർതിരിച്ചുകൊണ്ട് ഇതേ കാര്യം അപ്പൊസ്തലനായ പൗലൊസ് ആവർത്തിച്ച് ഉറപ്പിക്കുന്നു:

**തീത്തൊസ് 3:4–8**

*4എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും*
*ഉദിച്ചപ്പോൾ 5അവൻ നമ്മെ നാം ചെയ്ത നീതി**പ്രവൃത്തി**കളാലല്ല,*
*തന്റെ കരുണപ്രകാരമത്രേ രക്ഷിച്ചതു. 6നാം അവന്റെ കൃപയാൽ*
*നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശി*
*കളായിത്തീരേണ്ടതിന്നു പുനർജ്ജനനസ്നാനം കൊണ്ടും 7നമ്മുടെ*
*രക്ഷിതാവായ യേശുക്രിസ്തുമൂലം നമ്മുടെമേൽ ധാരാളമായി പകർന്ന*
*പരിശുദ്ധാത്മാവിന്റെ നവീകരണംകൊണ്ടും തന്നേ. 8ഈ വചനം*
*വിശ്വാസയോഗ്യം; ദൈവത്തിൽ വിശ്വസിച്ചവർ **സൽപ്രവൃത്തികളിൽ***
***ഉത്സാഹികളായിരിപ്പാൻ** കരുതേണ്ടതിന്നു നീ ഇതു ഉറപ്പിച്ചു*
*പറയേണം എന്നു ഞാൻ ഇച്ഛിക്കുന്നു. ഇതു ശുഭവും*
*മനുഷ്യർക്കു ഉപകാരവും ആകുന്നു.*

അനേക വിശ്വാസികളും അവരുടെ രക്ഷയെ ഒരു അവകാശമായി കരുതി സ്വയ-സംതൃപ്തവും ശീതോഷ്ണാവസ്ഥയിലുള്ളതുമായ ഒരു ജീവിതം നയിക്കുകയും അവരുടെ ദൈവദത്തമായ ജന്മാവകാശത്തെ ബൈബിളിലെ ഏശാവിനെപ്പോലെ അലക്ഷ്യമാക്കിക്കളയുകയും ചെയ്യുന്നു – **എബ്രായർ 12:14–17.**

**ഫിലിപ്പിയർ 2:12 പറയുന്നു**

*അതുകൊണ്ടു, പ്രിയമുള്ളവരേ, **നിങ്ങൾ എല്ലായ്പോഴും***
***അനുസരിച്ചതു പോലെ** ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല*
*ഇന്നു ദൂരത്തിരിക്കുമ്പോൾ...*

മുകളിൽ പറഞ്ഞിരിക്കുന്ന വേദഭാഗം ***'നിങ്ങൾ എല്ലായ്പോഴും അനുസരിച്ചതു പോലെ'*** എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. ഇതിൽനിന്നും രക്ഷിക്കപ്പെട്ട വിശ്വാസി അനുസരണമുള്ള ജീവിതം നയിക്കണമെന്നു പ്രതീക്ഷിക്കുന്നതോടൊപ്പം ***'ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ രക്ഷെക്കായി പ്രവർത്തിക്കണം'*** എന്നും പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു.

ഇന്ന് അനേകരും **ഈ 'ദൈവകൃപ'യെ** വിശ്വാസിയുടെ ജീവിതത്തിൽ നിന്നും ഒന്നും ആവശ്യപ്പെടാത്ത **വിലകുറഞ്ഞ കൃപയായി കണക്കാക്കുന്നു** എന്നത് നിർഭാഗ്യകരമാണ് (അപ്പോൾ പിന്നെ ഭയത്തോടും വിറയലോടും കൂടെ അവരുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നതിനെക്കുറിച്ച് പറയേണ്ടതില്ലല്ലോ).

**ഈ അവഗണനയെക്കുറിച്ച് 'ബുദ്ധിയില്ലാത്ത കന്യക'മാരെക്കുറിച്ചുള്ള** പ്രാവചനിക ഉപമയിൽ **(മത്തായി 25:1–12)** നമ്മുടെ കർത്താവായ യേശു സൂചിപ്പിച്ചിട്ടുണ്ട്. അവരുടെ ആത്മിക ഉറക്കത്തിലും അധികമായി എണ്ണ കരുതാതിരുന്ന അവരുടെ ആത്മിക ഒരുക്കമില്ലായ്മയിലും അവർ പുറംതള്ളപ്പെട്ടുപോയി.

ഒരിക്കൽ നിങ്ങൾ രക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നീട് നിങ്ങൾ പാപം ചെയ്താലും ഇല്ലെങ്കിലും നിങ്ങൾക്കാകെ നഷ്ടപ്പെടുന്നത് ഈ ലോകത്തിൽ 'രക്ഷയുടെ സന്തോഷം' മാത്രമാണെന്ന് വിശ്വാസത്യാഗിയായ സഭ പഠിപ്പിക്കുന്നു. ഏതു നിലയിലായാലും നിങ്ങൾ സ്വർഗ്ഗത്തിലെത്തും. ആ ക്രിസ്തുവിന്റെ കാന്തയെ ബൈബിളിൽ കാണാൻ കഴികയില്ല, അതു സാത്താന്റെ ഒരു വലിയ ഭോഷ്കാണ്.

**കാരണം 1 യോഹന്നാൻ 3:6 പറയുന്നു**

*'അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല.'*

**വീണ്ടും 1 യോഹന്നാൻ 3:24 പറയുന്നു**

*'അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു.* ***അവൻ നമ്മിൽ വസിക്കുന്നു എന്നു*** *അവൻ നമുക്കു തന്ന ആത്മാവിനാൽ* ***നാം അറിയുന്നു.'***

**ആധുനിക വിശ്വാസത്യാഗിയായ സഭ താഴെപ്പറയുന്നവയെ അവഗണിക്കുന്നതിൽ വിദഗ്ധയാണ്:**

- പാപത്തെക്കുറിച്ചുള്ള ബോധം.
- അനുസരണത്തിന്റെ ആവശ്യകത.
- ദൈവത്തോടുള്ള വിശുദ്ധ ഭയം.
- വിശ്വാസിയുടെ ജീവിതത്തിൽ ദൈവിക കല്പനകളെ അനുസരിക്കാതിരിക്കുന്നതിന്റെ ദോഷഫലങ്ങൾ.

ഇക്കാര്യങ്ങളെക്കുറിച്ച് അവരിൽ നിന്നും ഒരു പ്രസംഗം നിങ്ങൾക്കു കേൾക്കാൻ കഴികയില്ല. ഏതു നിലയിലായാലും നിങ്ങൾ വിശ്വാസത്താലാണ് രക്ഷിക്കപ്പെട്ടത് എന്നു പറഞ്ഞ് അവർ വിശ്വാസികളെ ആശയക്കുഴപ്പത്തിലാക്കുന്നു. അത് അതിൽ തന്നെ ശരിയാണെങ്കിലും കർത്താവിന്റെ സ്വഭാവത്തിലെ കൃപയുടെ ഭാഗത്തെ ആവർത്തിച്ച് പ്രസ്താവിച്ച് അവന്റെ വിശുദ്ധിയെ **വിട്ടുകളയുന്നു.** അനുതപിക്കുന്ന ഓരോ വിശ്വാസിയെയും 'വിശുദ്ധ ജീവിതത്താലും സൽപ്രവൃത്തികളാലും' ശരിയായ മാനസാന്തരം പ്രകടിപ്പിക്കാൻ ദൈവം വിളിക്കുന്നു. ദൈവകൃപയെ മാത്രം, എന്തിനു ദൈവകൃപ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു എന്നു മാത്രം, പ്രഘോഷിക്കുന്ന ഒരു സുവിശേഷം ഒരു വശം മാത്രമുള്ള സുവിശേഷമാണ്!

**പാപികളോടുള്ള ദൈവത്തിന്റെ മനസ്സലിവ് ഒരു നിലയിലും ജീവിതത്തിൽ തുടരുന്ന പാപത്തെ ദൈവം അനുവദിക്കുന്നു എന്നതിന്റെ സൂചനയല്ല.** ഓർക്കുക, വേശ്യാസ്ത്രീയുടെ പാപം മോചിച്ചശേഷം കർത്താവായ യേശു അവളോട് 'പോക ഇനിമേൽ പാപം ചെയ്യരുത്' എന്നാണു പറഞ്ഞത്. ദൈവം സ്നേഹവാനായ ദൈവമാണ്, എന്നാൽ അവൻ വിശുദ്ധനായ ദൈവവുമാണ് എന്നോർക്കുക.

**ഒരു വിശ്വാസി 'ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എന്നേക്കും രക്ഷിക്കപ്പെട്ടു' എന്ന സ്വയസംതൃപ്തിയിൽ ജീവിക്കുമ്പോൾ സംഭവിക്കുന്നതായി നിങ്ങൾ കാണുന്ന 5 പരാജയങ്ങൾ.**

1. ഓരോ സത്യവിശ്വാസിയും ചെയ്യണമെന്നു ദൈവവചനം നിഷ്കർഷിക്കുന്ന ഭയത്തോടും വിറയലോടും കൂടെ രക്ഷയ്ക്കായുള്ള പ്രവർത്തനത്തിൽ നിന്നും അതു വിശ്വാസിയെ അകറ്റിക്കളയുന്നു (**ഫിലിപ്പിയർ 2:12–13**).
2. ആത്മാവിനാൽ നയിക്കപ്പെട്ട് 'സൽപ്രവൃത്തികൾ/ദൈവഹിതപ്രകാരമുള്ള പ്രവൃത്തികൾ' ചെയ്യുന്നതിന് അതു വിശ്വാസിയെ പ്രേരിപ്പിക്കുന്നില്ല (**എഫെസ്യർ 2:10**).
3. പരീക്ഷകളും പരിശോധനകളും വരുമ്പോൾ, ദൈവം അത് അയച്ചതിന്റെ ഉദ്ദേശ്യം നിവൃത്തിക്കുമാറ് വിശുദ്ധിക്കായി തന്നെത്തന്നെ താഴ്ത്തുന്നതിനു പകരം അതു വിശ്വാസിയെ അധൈര്യമുള്ളവനാക്കുന്നു (**റോമർ 5:3–5; റോമർ 8:35–37; 2 കൊരിന്ത്യർ 12:9–10**).
4. 'നീതിക്കുവേണ്ടിയുള്ള വിശപ്പിനും ദാഹത്തിനും' (മത്തായി 5:6) പകരം അത് സ്വയം-പര്യാപ്തത ഉളവാക്കുകയും ദൈവവചനത്തോടുള്ള സ്നേഹം നഷ്ടപ്പെടുകയും ദൈവത്തെക്കുറിച്ചും അവന്റെ ഹിതത്തെക്കുറിച്ചും അവനെ പ്രസാദിപ്പിക്കുന്നതിനായി നമ്മുടെ ജീവിതത്തിലുള്ള അവന്റെ ഉദ്ദേശ്യത്തെക്കുറിച്ചും കൂടുതൽ അറിയുന്നതിനുള്ള താല്പര്യം

നഷ്ടപ്പെടുകയും ചെയ്യുന്നു (**യോഹന്നാൻ 8:29; 2 കൊരിന്ത്യർ 5:9**).

5. ഒടുവിലായി, വിശ്വാസികൾ ആയിരിക്കണമെന്നു കർത്താവ് ശിഷ്യന്മാരോടു കല്പിച്ച 'ആത്മാവിൽ ദരിദ്രർ' (**മത്തായി 5:3**), (1 കൊരിന്ത്യർ 9:24-27 ൽ കാണുന്നതുപോലയും) എന്ന അവസ്ഥ വിടുകയും ദൈവഹിതം ചെയ്യുന്നതിന് ഉത്സുകരായി സകല പരിശോധനകളും/പ്രയാസങ്ങളും സഹിക്കുന്നതിനു പകരം നമ്മുടെ രക്ഷ ഉറപ്പുള്ളതാണ് എന്ന മനോഭാവത്തിൽ ധാർഷ്ട്യമുള്ളവരായി ജീവിക്കുകയും ചെയ്യും (**ഫിലിപ്പിയർ 3:12-15; എബ്രായർ 10:35-39**).

ഇവയുടെ ഫലം, **യോഹന്നാൻ 15:1-11** ൽ കർത്താവായ യേശു പ്രാവചനികമായി മുന്നറിയിപ്പു നൽകുന്നതുപോലെ, അന്തിമമായി കൊമ്പുകൾ **ഉണങ്ങിപ്പോകുന്നതും** വെട്ടി തീയിൽ ഇട്ടു കളയുന്നതും ആകുന്നു.

**യാക്കോബ് 2:14,19-20 'വേദപുസ്തക വിശ്വാസ'ത്തെ നന്നായി നിർവചിച്ചിരിക്കുന്നു:**

*സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്തു?*

***ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?***

**യാക്കോബ് 2:19-20**

*19 ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ; കൊള്ളാം; പിശാചുകളും അങ്ങനെ വിശ്വസിക്കയും വിറെക്കയും ചെയ്യുന്നു.*

*20 വ്യർത്ഥമനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ?*

**1 യോഹന്നാൻ 5:4 അതു തന്നേ പറയുന്നു:**

*ദൈവത്തിൽ നിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ.*

**ദൈവകൃപയെക്കുറിച്ച് ഇന്നുള്ള മറ്റൊരു തെറ്റായ ദുർവ്യാഖ്യാനം,** ദൈവം നമ്മെ പാപത്തിൽ നിന്നും സ്വതന്ത്രരാക്കി എന്നു ചിന്തിച്ചുകൊണ്ട് (ഓരോ ചുവടിലും ദൈവഹിതം അന്വേഷിക്കുന്നതിനു പകരം) **നിങ്ങൾക്കിഷ്ടമുള്ളതു ചെയ്യാനുള്ള സ്വാതന്ത്ര്യം ഉണ്ട്** എന്ന പഠിപ്പിക്കലാണ്.

**ഒന്നാമതായി** നാം മനസ്സിലാക്കേണ്ടത്, എന്തു വിലകൊടുത്താണ് ഈ സ്വാതന്ത്ര്യം രക്ഷിക്കപ്പെട്ട വ്യക്തിക്കു ലഭിച്ചത് എന്നാണ്. **രണ്ടാമതായി,**

നമുക്ക് അനീതിയുള്ളവനല്ല, നീതിയുള്ളവനായ ഒരു ന്യായാധിപതി ഉണ്ടെന്നുള്ളതാണ്. അതിനെക്കുറിച്ചു ചിന്തിക്കുക, ലോകസംവിധാനം ഒരു മനുഷ്യനെ സ്വതന്ത്രനാക്കുമ്പോൾ, ആ സ്വാതന്ത്ര്യം അവനൊരിക്കലും പഴയ കുറ്റകൃത്യങ്ങളിലേക്കു മടങ്ങിപ്പോകുന്നതിനുള്ള അനുവാദമായിട്ടല്ല നൽകപ്പെടുന്നത്. അങ്ങനെയെങ്കിൽ നീതിമാനും വിശുദ്ധനുമായ ദൈവം (അവന്റെ നീതി ലോകനിലവാരത്തെക്കാളും എത്രയോ ഉന്നതമാണ്) രക്ഷിക്കപ്പെട്ട വിശ്വാസിയിൽനിന്നും ഇതിലും കുറഞ്ഞ ഒരു നിലവാരം ആവശ്യപ്പെടുമെന്നു നമുക്കു ചിന്തിക്കാൻ എങ്ങനെ കഴിയും? നേരെമറിച്ച് കർത്താവായ യേശു **'ഗിരിപ്രഭാഷണത്തിൽ'** പുതിയ നിയമ വിശ്വാസികൾക്ക് **പത്തു കല്പനകൾ കർശനമാക്കുകയാണു** ചെയ്തത്.

നമ്മുടെ കർത്താവിന്റെ അർദ്ധസഹോദരനായ യൂദാ നമുക്ക് ഇപ്രകാരം മുന്നറിയിപ്പു നൽകുന്നു:

**യൂദാ 1:4–5**

*'നമ്മുടെ **ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന** അഭക്തരായ ചില മനുഷ്യർ നുഴഞ്ഞുവന്നിരിക്കുന്നു; അവരുടെ ഈ ശിക്ഷാവിധി പണ്ടു തന്നേ എഴുതിയിരിക്കുന്നു.*
*5 നിങ്ങളോ സകലവും ഒരിക്കൽ അറിഞ്ഞുവെങ്കിലും നിങ്ങളെ ഓർപ്പിപ്പാൻ ഞാൻ ഇച്ഛിക്കുന്നതെന്തെന്നാൽ: കർത്താവു ജനത്തെ മിസ്രയീമിൽനിന്നു രക്ഷിച്ചിട്ടും വിശ്വസിക്കാത്തവരെ പിന്നത്തേതിൽ നശിപ്പിച്ചു.'*

തങ്ങളുടെ വിശ്വാസം പ്രവൃത്തിപഥത്തിലാക്കിയ യോശുവയും കാലേബും ഒഴികെ ആരും 'വാഗ്ദത്ത നാട്ടിൽ' പ്രവേശിപ്പാൻ യോഗ്യരായില്ല എന്നു നമുക്കറിയാം.

എന്നിരുന്നാലും ഞാൻ വ്യക്തമാക്കട്ടെ: **'നിത്യ രക്ഷ'** എന്നത് **യേശുക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തി**യിലൂടെ ഉറപ്പാക്കപ്പെട്ട **ദൈവത്തിന്റെ സൗജന്യമായ ദാനമാണ്**, അതിനെ ആർക്കും ഒരിക്കലും രക്ഷിക്കപ്പെട്ട വിശ്വാസിയിൽ നിന്നും എടുത്തുകളയാനാവില്ല.

**എന്തുകൊണ്ടാണ് ഞാനിതു പറയുന്നത്?**

ഒരുദാഹരണം കൊണ്ട് എനിക്കിതു വ്യക്തമാക്കാൻ കഴിയും. അനേക ഉല്പാദകരും അവരുടെ ഉല്പന്നങ്ങൾ 'വാറന്റി അഥവാ ഗ്യാരന്റി' സഹിതമാണ്

വില്ക്കാറുള്ളത്. എന്നാൽ അതിൽ വ്യക്തമായി ഇങ്ങനെ എഴുതിയിരിക്കും – *'ഉല്പന്നം ദുരുപയോഗം ചെയ്താൽ വാറന്റി/ഗ്യാരന്റി അസാധുവാകും.'* നമ്മുടെ നിർമ്മാതാവായ, സ്വർഗ്ഗീയ പിതാവാം സ്രഷ്ടാവാം ദൈവം 'രക്ഷിക്കപ്പെട്ട ഓരോ വിശ്വാസി'ക്കും **രക്ഷയുടെ ഗ്യാരന്റി** നൽകിയിട്ടുണ്ട്. അതാർക്കും അവരിൽ നിന്നും എടുത്തുകളയാനാവില്ല. യേശുവിനെ കർത്താവെന്ന് നാം ഹൃദയത്തിൽ വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്ന നിമിഷം നാം രക്ഷിക്കപ്പെടുന്നു. അതേ നിമിഷത്തിൽ നാം മുന്തിരിവള്ളിയോട് (ക്രിസ്തുയേശുവിനോട്) ഒട്ടിച്ചു ചേർക്കപ്പെടുകയും നമ്മുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതപ്പെടുകയും നാം സ്വർഗ്ഗത്തിലേക്കുള്ള യാത്രയാരംഭിക്കുകയും ചെയ്യുന്നു.

**എന്നാൽ അതിനുശേഷം,** വിലയില്ലാതല്ല വലിയ വിലകൊടുത്തു വാങ്ങിയ ഇത്രവലിയ രക്ഷയെ സൂക്ഷിക്കാതെയും, നമ്മെ താഴ്ത്തുവാനും പരിശോധിക്കുവാനും പൂർണ്ണ ജയമുള്ളവരാക്കുവാനും (ക്രിസ്തുതുല്യരാക്കുവാനും) കടന്നുവരുന്ന പരിശോധനകളെയും പരീക്ഷകളെയും ജയിക്കുന്ന ഫലം കായിക്കാതെ, നമ്മുടെ പഴയ വഴികളിൽ നടന്നുകൊണ്ട് (ക്ഷമിക്കാത്ത അവസ്ഥ, പക, ജഢമോഹം, ക്രോധം, ആർത്തി, അസൂയ, പരദൂഷണം, ഏഷണി, നുണ ആദിയായവയിൽ) **നാം അശ്രദ്ധമായി ജീവിച്ചാൽ (രക്ഷിക്കപ്പെട്ടതിനുശേഷം),** നമ്മുടെ രക്ഷ നഷ്ടപ്പെടും.

**ലോകം** (നിർഭാഗ്യവശാൽ അനേക ആധുനിക കാല സഭകളും) **വ്യക്തിപരമായ സ്വാതന്ത്ര്യത്തെ ആഘോഷിക്കുന്ന ഈ കാലഘട്ടത്തിൽ,** ദൈവത്തിന്റെ 'ഹിതത്തോടും വഴികളോടും' നമ്മുടെ ജീവിതശൈലിയെ അനുരൂപപ്പെടുത്തുന്നതിനെക്കുറിച്ചുള്ള സംസാരത്തെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റമായിട്ടാണ് പലപ്പോഴും കണക്കാക്കാറുള്ളത്. വിശുദ്ധ തിരുവെഴുത്തിൽ നിഷ്കർഷിച്ചിട്ടുള്ള ദൈവിക അതിർത്തികൾക്കുവേണ്ടി വാദിക്കുന്നവരെയെല്ലാം **'നിയമവാദികൾ' എന്നാണ് ഇന്ന് വിളിക്കാറുള്ളത്.**

ഉല്പന്നം ദുരുപയോഗം ചെയ്താൽ നിർമ്മാതാവ് നൽകുന്ന ഗ്യാരന്റി അസാധുവാകുന്നതിനെക്കുറിച്ചുള്ള ഉദാഹരണം ഞാൻ മുമ്പ് പറഞ്ഞത് ഓർക്കുക. താഴെക്കൊടുത്തിരിക്കുന്ന 'വേദഭാഗം' ഒരു പടയാളിയുടെയും ഒരു ഓട്ടക്കാരന്റെയും മനോഭാവത്തെ ഒരു സത്യക്രിസ്ത്യാനിക്കുണ്ടായിരിക്കേണ്ട മനോഭാവത്തോട് താരതമ്യം ചെയ്തുകൊണ്ടുള്ള ഒരു സാദൃശ്യത്തെ ചിത്രീകരിക്കുന്നു:–

**2 തിമൊഥെയൊസ് 2:3–5,7,10–12**

*3 ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. 4* ***പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന്നു*** *യാതൊരു*

*പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു. [5]ഒരുത്തൻ*
*മല്ലുകെട്ടിയാലും **ചട്ടപ്രകാരം പോരായ്കിൽ കിരീടം പ്രാപിക്കയില്ല**.*
*[7]ഞാൻ പറയുന്നതു ചിന്തിച്ചുകൊൾക. കർത്താവു സകലത്തിലും നിനക്കു*
*ബുദ്ധി നല്കുമല്ലോ; [10]അതുകൊണ്ടു ക്രിസ്തുയേശുവിലുള്ള രക്ഷ*
*നിത്യതേജസ്സോടുകൂടെ വൃതന്മാർക്കു കിട്ടേണ്ടതിന്നു ഞാൻ അവർക്കായി*
*സകലവും സഹിക്കുന്നു. [11]നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ*
*ജീവിക്കും; **സഹിക്കുന്നു എങ്കിൽ** കൂടെ വാഴും; [12]നാം തള്ളിപ്പറയും*
*എങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും.*

ഒരു **'അത്‌ലറ്റ്** ചട്ടപ്രകാരം **മല്ലുകെട്ടിയാൽ മാത്രമേ കിരീടം** പ്രാപിക്കുക **യുള്ളു'** എന്നു നാം മുകളിലെ വാകൃത്തിൽ വായിക്കുന്നു.

ക്രിസ്തീയ ജീവിതം ഒരു യുദ്ധക്കളമാണ്, നമ്മുടെ കഷ്ടതകളുടെ നടുവിൽ നമ്മെ പടചേർത്ത ദൈവത്തെ പ്രസാദിപ്പിക്കുന്നതിനായി, (നല്ലപോർ പൊരുതുകയും വിശ്വാസം കാക്കുകയും ചെയ്തുകൊണ്ട്) ദൈനംദിന യുദ്ധത്തിൽ നാം ജയിക്കേണ്ടതുണ്ട്. അവന്റെ രാജ്യവും അവന്റെ ഹിതവും നിത്യമായ ഉദ്ദേശ്യങ്ങളും നമ്മിലും നമ്മിലൂടെയും, ഒന്നാമതും നമ്മുടെ ആഗ്രഹങ്ങൾക്കു മുമ്പിലായും വെച്ചുകൊണ്ട് നാം അവനെ പ്രസാദിപ്പിക്കേണം.

അപ്പൊസ്തലനായ പൗലൊസ് തന്റെ ശുശ്രൂഷാന്ത്യത്തിൽ, വിശ്വാസം കാത്ത തന്റെ വിജയം പങ്കുവെച്ചുകൊണ്ട് എഴുതുന്നു:

**2 തിമൊഥെയൊസ് 4:7–8**

*[7]ഞാൻ **നല്ല പോർ പൊരുതു,***
*ഓട്ടം തികെച്ചു,*
***വിശ്വാസം കാത്തു.***
*[8]ഇനി **നീതിയുടെ കിരീടം** എനിക്കായി വെച്ചിരിക്കുന്നു;*
*അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ*
*എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ*
*പ്രിയംവെച്ച ഏവർക്കുംകൂടെ.*

**ഒരാൾ പറഞ്ഞതുപോലെ:**

*'വിജയം കൂടാതെ*
***കിരീടം** ഇല്ല; **യുദ്ധം** കൂടാതെ*
***വിജയവും** ഇല്ല."*

ദൈവരാജ്യത്തിൽ പ്രവേശിക്കുന്നവർ **ചുരുക്കമത്രേ**
എന്നു കർത്താവായ യേശു പറഞ്ഞപ്പോൾ
**സഭയിലെ 'ചുരുക്കം'**
**ജയാളികളെയാണ്**
**അവൻ അർത്ഥമാക്കിയത്**
എന്ന് **'വിവിധ തിരുവെഴുത്തുകളിൽനിന്നും**
**മതിയായ നിലയിൽ വ്യക്തമാണ്'** എന്ന സത്യത്തിലേക്ക്
**'ബൈബിൾ സത്യങ്ങൾ വെളിപ്പെടുത്തപ്പെടുന്നു'**
നിങ്ങളുടെ ദൃഷ്ടികളെ തുറക്കുന്നു!

*ഈ പുസ്തകം വായനക്കാരനായ താങ്കളെ*
**ആ ചുരുക്കം** *പേരിൽ ഉൾപ്പെട്ട വിശുദ്ധനും ജയാളിയുമായി*
*ജീവിക്കുന്നതിന് ആഹ്വാനം ചെയ്യുകയും*
*പ്രചോദിപ്പിക്കുകയും ചെയ്യും.*

# അധ്യായം 2

# സൽപ്രവൃത്തികൾ ക്രിസ്തീയ ജീവിതത്തിന് നിർണ്ണായകമാണോ?

**എബ്രായർ 10:23,25 പറയുന്നു**

*[23]പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ. [25]തമ്മിൽ പ്രബോധിപ്പിച്ചു കൊണ്ടു സ്നേഹത്തിന്നും **സൽപ്രവൃത്തികൾക്കും** ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക.*

ബൈബിൾ **'സൽപ്രവൃത്തികൾ'** എന്ന പദം ഉപയോഗിക്കുമ്പോൾ, അത് നമ്മുടെ നിലവാരത്തിനോ, ലോകത്തിന്റെ നിലവാരത്തിനോ അനുസരിച്ചല്ല, മറിച്ച് **ദൈവത്തിന്റെ നിലവാരത്തിന**നുസരിച്ചാണ് അളക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ദൈനംദിന ജീവിതത്തിൽ (പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ) ദൈവത്തിന്റെ 'ഹിതവും കല്പനയും' പിൻപറ്റുന്നതിനുള്ള അനുസരണത്തിന്റെ ഒരു ഫലമാണ് **'സൽപ്രവൃത്തികൾ.'**

**റോമർ 8:1 പറയുന്നു**

*'ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് (ജഡത്തെ അനുസരിച്ചു **നടക്കാതെ ആത്മാവിനെ അനുസരിച്ചു നടക്കുന്ന**) ഒരു ശിക്ഷാവിധിയുമില്ല.'*

ഇനിമേൽ പഴയ വഴികളിൽ നടക്കാതെ (മാനസാന്തരത്തിനു മുമ്പത്തെപ്പോലെ) ആത്മാവിനാൽ നയിക്കപ്പെട്ട് **തന്നെത്താൻ ത്യജിച്ച്** തങ്ങളുടെ ക്രൂശെടുത്ത് (ആത്മാവിന്റെ ദൈനംദിന പ്രചോദനത്താലും പ്രേരണയാലും) **എത്ര തന്നെ പ്രയാസകരമായാലും ക്രിസ്തുവിന്റെ പാതയിൽ** പിന്തുടരുന്ന**വർ മാത്രമാണ്** ശിക്ഷാവിധിയിൽ നിന്ന് ഒഴിവുള്ളവരാകാൻ യോഗ്യരായവർ.

നടക്കുവാനോ നടക്കാതിരിക്കുവാനോ പരിശുദ്ധാത്മാവു നിങ്ങളെ നയിക്കുന്ന പാതകളിൽ സഞ്ചരിക്കുന്നതാണത്. ഉദാഹരണമായി, നിങ്ങളുടെ ജീവിതത്തിലെ പ്രയാസമുള്ള ഒരു വ്യക്തിയോടു ക്ഷമിക്കുന്നതോ, അല്ലെങ്കിൽ നിങ്ങ

ളോട് അസൂയ വെച്ചുപുലർത്തുന്ന ഒരാളോട് കരുണ കാണിക്കുന്നതോ അല്ലെങ്കിൽ നിങ്ങൾ നടക്കാൻ അവൻ ആഹ്വാനം ചെയ്യുന്ന മറ്റേതെങ്കിലും പാതയിൽ നടക്കുന്നതോ ആകാം. അതിനാലാണ് റോമർ 8:14 ൽ ദൈവവചനം വളരെ വ്യക്തമായ വാക്കുകൾ തന്നെ ഉപയോഗിച്ചിരിക്കുന്നത്: '*ദൈവാത്മാവ് നടത്തുന്ന **ഏവരും** **ദൈവത്തിന്റെ മക്കൾ** **ആകുന്നു.***'

പലപ്പോഴും നാം 'സൽപ്രവൃത്തികളെ' നിർവചിക്കുന്നത് നമ്മുടെ ജ്ഞാനത്തിനും നമുക്കു ചുറ്റുമുള്ള ലോകത്തിനും നല്ലത് എന്നു നമുക്ക് തോന്നുന്ന കാര്യങ്ങൾ എന്ന നിലയിലാണ്. എന്നാൽ അതു പലപ്പോഴും സത്യം ആയിരിക്കയില്ല എന്നു മാത്രമല്ല നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിന് വിപരീതവുമായിരിക്കും.

**നമ്മിൽ ചിലർ പെട്ടെന്ന് ആഫ്രിക്കയിലേക്കോ**, ഫിലിപ്പിൻസിലേക്കോ, വിയറ്റ്നാമിലേക്കോ അല്ലെങ്കിൽ ലോകത്തിലെ ഏതെങ്കിലും പിന്നോക്ക മേഖലകളിലേക്കോ, ദരിദ്രരുടെ ഇടയിലോ, മയക്കു മരുന്നിന് അടിമപ്പെട്ടവരുടെയിടയിലോ അല്ലെങ്കിൽ ലൈംഗിക തൊഴിലാളികളുടെയിടയിലോ **മിഷനറി പ്രവർത്തനത്തിനു പോകാൻ തീരുമാനിക്കാറുണ്ട്.** അത് ദൈവത്തിനു പ്രസാദകരമായ സേവനമാണെന്നു നാം ചിന്തിക്കുന്നു. അത് നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതമായിരിക്കാം അല്ലായിരിക്കാം, പക്ഷ ദൈവസന്നിധിയിൽ ഇരുന്ന് അത് ദൈവഹിതമാണോ എന്ന് പരിശോധിച്ചതിനുശേഷവും വീണ്ടും ദൈവസന്നിധിയിൽ ഇരുന്ന് സ്ഥിരീകരണം പ്രാപിച്ചതിനു ശേഷവും മാത്രമേ അത്തരമൊരു ചുവടു വയ്ക്കാവൂ എന്നു ഞാൻ പറയുന്നു.

ഞാൻ എന്താണു പറയാൻ ശ്രമിക്കുന്നത്? നാം ലോകത്തെ രൂപാന്തരപ്പെടുത്താൻ ശ്രമിച്ചുകൊണ്ട് ധാരാളം **പ്രവൃത്തികൾ** ചെയ്യുന്നു, എന്നാൽ യഥാർത്ഥത്തിൽ **ക്രിസ്തുവിന്റെ മടങ്ങിവരവിനും അവന്റെ പുതിയ രാജ്യത്തിനും മാത്രമേ** പരിതാപകരമായ നിലയിൽ വഷളാക്കപ്പെട്ട ഈ ലോകത്തെ സമാധാനമുള്ള അഭയസ്ഥാനമാക്കി മാറ്റുവാൻ കഴികയുള്ളു. നിങ്ങൾക്കു ചുറ്റും കണ്ണോടിക്കുക, മനുഷ്യരാശിയുടെ ഈ പ്രവർത്തനങ്ങളെല്ലാം ഇതിനെ ഒരു നല്ല സ്ഥലമാക്കിയിട്ടുണ്ടോ? മറിച്ച്, അന്ത്യകാലത്ത് മനുഷ്യരുടെ പരസ്പരമുള്ള സ്നേഹം തണുത്തുപോകുകയും ദുഷ്ടൻ ദുഷ്ടതയിൽ പെരുകുകയും തിന്മ അനുദിനം വർദ്ധിക്കുകയും ചെയ്യും എന്ന് നമ്മുടെ കർത്താവായ ക്രിസ്തു പ്രവചിച്ച അവസ്ഥയിലേക്ക് അത് അടുത്തുകൊണ്ടിരിക്കുകയാണ്.

ആഗോള വിഷയങ്ങളായ ആഗോള താപനം, ലോക സമാധാനം, ദാരിദ്ര്യ

നിർമ്മാർജ്ജനം, അഴിമതി, യുദ്ധവും യുദ്ധശ്രുതികളും എന്നിവയ്ക്കെതിരെ മാനുഷിക ശക്തിയിൽ നാം നടത്തുന്ന മറ്റെല്ലാ ശ്രമങ്ങളും അല്പായുസ്സുള്ളതും ദയനീയമായി പരാജയപ്പെടുന്നതും ആണ് (നമ്മുടെ മാനുഷിക ശ്രമങ്ങൾ ഞരമ്പു മുറിയുമ്പോൾ അതിനു പുറത്ത് ബാൻഡ് എയ്ഡ് ഒട്ടിക്കുന്നതുപോലെ മാത്രമാണ്). അക്കാരണത്താലാണ് 'നിന്റെ രാജ്യം വരേണമേ' എന്നാണ് നാം ആദ്യം പ്രാർത്ഥിക്കേണ്ടത് എന്നു കർത്താവു (തന്റെ പ്രാർത്ഥനയിൽ) പഠിപ്പിച്ചത്.

ദൈവത്തിന്റെ വഴികളും ചിന്തകളും മുഴുവനും നമുക്ക് ഒരിക്കലും മനസ്സിലാക്കാൻ കഴികയില്ല എന്ന് താഴ്മയോടെ നാം ഏറ്റുപറയുകയാണു വേണ്ടത്. കാരണം അവ നമ്മുടെ വഴികളെക്കാൾ ഉന്നതമായവയാണ്, **എന്തെന്നാൽ ഓരോ സാഹചര്യത്തിലും നിത്യതയാണ് അവന്റെ മനസ്സിലുള്ളത്.**

ഇതു രസകരമായി നിങ്ങൾക്കു തോന്നിയേക്കാം. ഒരിക്കൽ ഞങ്ങൾ ഒരു മിഷനറി ദമ്പതികളെ ഉച്ചഭക്ഷണത്തിനായി കൂട്ടിക്കൊണ്ടുപോയി. ആ കൂട്ടായ്മ സമയത്ത് അവർ ഞങ്ങളോട് ഒരു സംഭവം പങ്കുവയ്ക്കുകയുണ്ടായി. ഒരിക്കൽ അവരുടെ സഭയിൽ ഒരു മിഷൻ ഗ്രൂപ്പ് വന്ന് ഫിലിപ്പിൻസിലെ ദരിദ്രരുടെയിടയിൽ അവർ ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള സ്ലൈഡുകൾ കാണിക്കുകയുണ്ടായി. അവരുടെ സംഘടനയുടെ പേര് പ്രചോദനം പകരുന്ന തരത്തിലുള്ള *'ജീസസ് ഫോർ ദ പൂവർ'* എന്നോ മറ്റോ ആയിരുന്നു. മിഷനറി ദമ്പതികളിലെ ഭാര്യ ആ മിഷൻ ടീമിലെ ഒരംഗത്തോട്, "നിങ്ങൾ എങ്ങനെയാണ് ഈ ദരിദ്രരായ ആളുകളോട് യേശുക്രിസ്തുവിനെക്കുറിച്ചു പങ്കുവയ്ക്കുന്നത്?" എന്നു ചോദിച്ചപ്പോൾ അവളെ അത്ഭുതപ്പെടുത്തുമാറ് ആ മനുഷ്യന്റെ മുഖത്ത് ഒരു അന്ധാളിപ്പ് പ്രകടമായി (അയാളുടെ നാക്ക് താണുപോയി). *".. നിങ്ങൾ എന്താണു ചോദിക്കുന്നത് എന്നെനിക്കു മനസ്സിലാകുന്നില്ല"* എന്നോ മറ്റോ പറഞ്ഞ് അയാൾ രക്ഷപെട്ടു.

അനേകർ ക്രിസ്തീയ മെഡിക്കൽ ഡോക്ടർമാരെന്നും ക്രിസ്തീയ അധ്യാപകരെന്നും പറഞ്ഞ് പോകാറുണ്ട്, പക്ഷേ ജീവനും മരണവും സംബന്ധിച്ച നിത്യമായ വിധിയെ ബാധിക്കുന്ന സുവിശേഷം പങ്കുവയ്ക്കാതെ ശാരീരികാരോഗ്യവും ഭൗതിക ഉന്നമനവും മാത്രം പ്രദാനം ചെയ്തുകൊണ്ട് യഥാർത്ഥ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നു. നമുക്കു ചുറ്റുമുള്ളവരുടെ കൈയടി വാങ്ങിക്കൊണ്ട് നാമിതു ചെയ്യുന്നുവെങ്കിലും ദൈവം ഓരോ ഹൃദയത്തിന്റെയും ഉദ്ദേശ്യം അറിയുന്നവനാണ്.

മുമ്പു ഞാൻ സൂചിപ്പിച്ചതുപോലെ, അന്ന് കരഞ്ഞുകൊണ്ട് 'കർത്താവേ ഞങ്ങൾ നിന്റെ നാമത്തിൽ ഇതെല്ലാം ചെയ്തു" എന്നു പറയുന്നവരെപ്പോലെ നാം ആകാതിരിപ്പാൻ **ലൂക്കൊസ് 13:27** ൽ അവൻ നൽകുന്ന മുന്നറിയിപ്പ് നാം ശ്രദ്ധിക്കേണ്ടതാണ്. അവരോട് അവൻ പറയുന്ന മറുപടി, "നിങ്ങൾ

എവിടെനിന്നു എന്നു ഞാൻ അറിയുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു; അനീതി പ്രവർത്തിക്കുന്ന ഏവരുമായുള്ളോരേ, എന്നെ വിട്ടു പോകുവിൻ" എന്നാണ്.

ഒരു പ്രസിദ്ധമായ മിഷൻ ആശുപത്രിയിലെ ഉന്നത ഡോക്ടർമാർക്കും സ്റ്റാഫിനും വേണ്ടി സെമിനാർ (ക്രിസ്റ്റ്യൻ റിട്രീറ്റ്) നടത്തുവാൻ വിളിക്കപ്പെട്ട ഒരു സുവിശേഷകനെ സംബന്ധിച്ച ഒരു അനുഭവം എനിക്കറിയാം. സെമിനാറിന്റെ ആദ്യത്തെ ദിവസം തന്നെ അദ്ദേഹം അവരോട് ഇപ്രകാരമാണു പറഞ്ഞത്, "നിങ്ങളുടെ രോഗികളോട് നിങ്ങൾ യേശുക്രിസ്തുവിനെക്കുറിച്ചു പറയുന്നില്ലായെങ്കിൽ, നിങ്ങൾ അവരെ സൗഖ്യമാക്കി, നരകത്തിലേക്കു പോകാൻ ആരോഗ്യമുള്ളവരാക്കുകയാണു ചെയ്യുന്നത്" എന്നാണ്. ആ ഹാളിൽ സൂചിവീണാൽ കേൾക്കാവുന്ന നിശബ്ദത വ്യാപിച്ചു എന്നാണ് അദ്ദേഹമെന്നോടു പറഞ്ഞത്. നോക്കൂ, നാമെല്ലായ്പോഴും വലിയ ചിത്രം കാണേണ്ട ആവശ്യമുണ്ട് - ക്രിസ്തു തനിക്കു ചുറ്റുമുള്ള ആളുകളെ എല്ലായ്പോഴും ആഹ്വാനം ചെയ്തതുപോലെ നാമും ഒരിക്കലും 'ദൈവരാജ്യ വീക്ഷണം' നഷ്ടപ്പെടുത്തിക്കൂടാ.

**സദൃശവാക്യങ്ങൾ 16:2 പറയുന്നു, *'മനുഷ്യനു തന്റെ വഴികളൊക്കെയും വെടിപ്പായി തോന്നുന്നു; യഹോവയോ ആത്മാക്കളെ തൂക്കിനോക്കുന്നു.'*** ഒരു പരിഭാഷയിൽ കാണുന്നത് *'യഹോവയോ ഉദ്ദേശ്യങ്ങളെ തൂക്കിനോക്കുന്നു'* എന്നാണ്.

പലപ്പോഴും കർത്താവിനുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ നാം തിരഞ്ഞെടുക്കുകയും കർത്താവിനെ അതിനനുവദിക്കാതിരിക്കയും ചെയ്യുന്നു. **എന്റെ ബലിയുടെ പശ്ചാത്തലം എനിക്കുതന്നെ തിരഞ്ഞെടുക്കണം എന്നു നാം പറയും.**

**സദൃശവാക്യങ്ങൾ 21:2-3 ശരിയാംവണ്ണം പറയുന്നു:**
*[2]മനുഷ്യന്റെ വഴി ഒക്കെയും അവന്നു ചൊവ്വായിത്തോന്നുന്നു;*
*യഹോവയോ ഹൃദയങ്ങളെ തൂക്കിനോക്കുന്നു.*
*[3]നീതിയും ന്യായവും പ്രവർത്തിക്കുന്നതു*
*യഹോവെക്കു ഹനനയാഗത്തെക്കാൾ ഇഷ്ടം.*

നാം പലപ്പോഴും നമ്മുടെ കണ്ണിൽ ശരിയായി തോന്നുന്ന കാര്യങ്ങളെയാണ് യാഗം അർപ്പിക്കുന്നത്, **എന്നാൽ ദൈവത്തിനു പ്രധാനം നമ്മുടെ യാഗങ്ങളല്ല, അവന്റെ** (അവന്റെ ആത്മാവിനാൽ നമ്മെ അറിയിക്കുന്ന) **ഹിതത്തോടുള്ള നമ്മുടെ അനുസരണമാണ്.** അതാണ് ദൈവമുമ്പാകെയുള്ള യഥാർത്ഥ നീതിയും ന്യായവും.

നീതി എന്നാൽ എന്താണ്? അതിനർത്ഥം ദൈവത്തോടൊപ്പമുള്ള ശരിയായ നില്പാണ്. എങ്ങനെയാണ് നമുക്ക് ദൈവത്തോടൊപ്പമുള്ള ശരിയായ നില്പ് സാധ്യമാകുന്നത്? അവന്റെ ഹിതം (നമ്മുടേതല്ല) ചെയ്യുന്നതിലൂടെ!

നമ്മുടെ ദൈനംദിന ജീവിതത്തിലെ വൈരുദ്ധ്യങ്ങളെ ചിത്രീകരിക്കുന്നതിനായി കർത്താവായ യേശുവിന്റെ ഇഹലോകത്തിലെ ശുശ്രൂഷാ ജീവിതത്തിൽ നിന്നും ചില ഉദാഹരണങ്ങൾ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്താം:

1. ഒരിക്കൽ ഒരു മനുഷ്യൻ യേശുവിന്റെ അടുക്കൽ വന്ന്, ഞാൻ നിന്നെ അനുഗമിക്കാം, *'എന്നാൽ ആദ്യം പോയി എന്റെ അപ്പനെ അടക്കിയിട്ടു വരട്ടെ'* എന്നു പറഞ്ഞു. അത് കേൾക്കുമ്പോൾ പുതിയതും നല്ലതുമായി തോന്നാം. ആ ചെറുപ്പക്കാരന് ഉത്തരവാദിത്വമുള്ള ഒരു മകൻ എന്ന നിലയിൽ തന്റെ പിതാവിനെ ബഹുമാനിക്കാൻ ആഗ്രഹമുണ്ട് എന്നു തോന്നിപ്പോകും. എന്നാൽ കർത്താവിനു പറയാനുണ്ടായിരുന്നതു ശ്രദ്ധിക്കുക. *'യേശു അവനോട്: മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ, നീയോ പോയി ദൈവരാജ്യം അറിയിക്ക എന്നു പറഞ്ഞു.'* **– ലൂക്കൊസ് 9:60.**

2. മറ്റൊരു സന്ദർഭം, കർത്താവിന്റെ അമ്മ മറിയയും സഹോദരന്മാരും അവനെ കാണുവാനായി വന്നപ്പോൾ ഇതേ കാര്യം തന്നെ അവൻ പറഞ്ഞു. യേശു അപ്പോൾ തന്നെ ചാടിയെഴുന്നേറ്റ് താൻ ചെയ്യുന്ന കാര്യം നിർത്തിയിട്ട് അവരെ എതിരേല്ക്കാൻ ചെല്ലുമെന്നാണ് ഒരുവൻ പ്രതീക്ഷിക്കുന്നത്. എന്നാൽ കർത്താവായ യേശു താൻ പറഞ്ഞുകൊണ്ടിരുന്നതു തുടർന്നു, *'അവൻ അവരോടു: എന്റെ അമ്മയും സഹോദരന്മാരും ആർ എന്നുപറഞ്ഞിട്ടു ചുറ്റിലും ഇരിക്കുന്നവരെ നോക്കിക്കൊണ്ടു: എന്റെ അമ്മയും സഹോദരന്മാരും ഇതാ. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നേ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു എന്നു പറഞ്ഞു.'* **– മർക്കൊസ് 3:33–35.**

3. വെൺകൽ ഭരണിയിലെ പരിമളതൈലം യേശുവിന്റെ കാലിൽ പൂശി നഷ്ടപ്പെടുത്തുന്നതിനു പകരം വിറ്റ് ദരിദ്രർക്ക് കൊടുക്കാമായിരുന്നല്ലോ എന്നു പറഞ്ഞ് (അതിനർത്ഥം ഇത്രയും വിലകൂടിയ തൈലത്തിനു പകരം വെള്ളം ഉപയോഗിച്ച് ഇക്കാര്യം ചെയ്യാമായിരുന്നല്ലോ എന്നാണ്) ഈസ്കര്യോത്താ യൂദാ മറിയയെ ശാസിക്കുന്നത് യേശു കണ്ടപ്പോൾ. ഇതും അനേകർക്ക് ഒരു പുതിയ ആശയമായി തോന്നാറുണ്ട്. എന്നാൽ യൂദായോടുള്ള യേശുവിന്റെ മറുപടി എന്തായിരുന്നു? *'യേശുവോ: അവളെ വിടുക; എന്റെ ശവസംസ്കാര ദിവസത്തിന്നായി അവൾ ഇതു സൂക്ഷിച്ചു എന്നിരിക്കട്ടെ. ദരിദ്രന്മാർ നിങ്ങൾക്കു എല്ലായ്പോഴും അടുക്കെ ഉണ്ടല്ലോ; ഞാൻ എല്ലായ്പോഴും അടു*

*ക്കെ ഇല്ലതാനും എന്നു പറഞ്ഞു.'* - **യോഹന്നാൻ 12:7-8**

4. **യോഹന്നാൻ 7:1-8** ൽ, യെഹൂദന്മാരുടെ പെരുന്നാളിന്റെ സമയത്ത്, അവനിൽ വിശ്വസിക്കാതിരുന്ന അവന്റെ സഹോദരന്മാർ നീ പെരുന്നാളിനു പോകുന്നില്ലേയെന്നും പ്രസിദ്ധനാകാൻ ആഗ്രഹിക്കുന്നവൻ ആരും രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലോ എന്നും അവനോടു പറയുകയുണ്ടായി. എന്നാൽ അവരുടെ യഥാർത്ഥ ഉദ്ദേശ്യം മനസ്സിലാക്കിയതുകൊണ്ടും തന്റെ നാഴിക വന്നിട്ടില്ലാത്തതുകൊണ്ടും യേശു പറഞ്ഞത്, *"എന്റെ സമയം ഇതുവരെ വന്നിട്ടില്ല"* എന്നാണ്.

5. ചിന്താക്കുഴപ്പത്തിലായ യോഹന്നാന്റെ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു ചോദിച്ചു, *"ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നു; നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തത് എന്ത്?"* - ***മത്തായി 9:14.*** ഈ ചോദ്യവും വളരെ അർത്ഥവത്താണെന്ന് ഒറ്റനോട്ടത്തിൽ തോന്നും. ഉപവാസം പോലുള്ള ആത്മിക കാര്യങ്ങൾ കൃത്യമായി ചെയ്യാൻ യോശു തന്നെ ശിഷ്യന്മാരോട് കല്പിക്കേണ്ടതാണെന്ന് ചിലർ ചിന്തിച്ചേക്കാം. എന്നാൽ യേശുവിന്റെ മറുപടി താൻ പോയിക്കഴിയുമ്പോൾ അവർ അതു ചെയ്യുമെന്നായിരുന്നു. *'യേശു അവരോടു പറഞ്ഞതു: "മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്കു ദുഃഖിപ്പാൻ കഴികയില്ല; മണവാളൻ പിരിഞ്ഞു പോകേണ്ടുന്ന നാൾ വരും; അന്നു അവർ ഉപവസിക്കും.'* - ***മത്തായി 9:15.*** വിശ്വാസികളുടെ ഉപവാസത്തെ സംബന്ധിച്ച് ഞാൻ ചില കാര്യങ്ങൾ പറയട്ടെ. യേശുക്രിസ്തുവിന്റെ വാക്കുകളിൽ, വാക്യം 15 ലൂടെ അവൻ നമ്മോടു പറയുന്നത് ഓരോ അനുസരണമുള്ള യഥാർത്ഥ വിശ്വാസിയും കൃത്യമായി ഉപവാസം അനുഷ്ഠിച്ചിരിക്കണം - ആഴ്ചതോറും എങ്കിലും - എന്ന നിലയിൽ തന്റെ വാക്കുകൾ തന്റെ ശിഷ്യന്മാർ അനുവർത്തിക്കുമെന്ന് കർത്താവ് പ്രതീക്ഷിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തു ഉപവസിച്ചു എന്ന നമുക്കറിയാം, അവന്റെ ശിഷ്യന്മാരും ആദിമ വിശ്വാസികളും ക്രമമായി ഉപവസിച്ചിരുന്നു എന്ന് **പ്രവൃത്തികളുടെ പുസ്തകത്തിൽ** നിന്നും മനസ്സിലാക്കാം.

കൃത്യമായ, **ആഴ്ചതോറുമുള്ള ഉപവാസം** ഇടയ്ക്കിടയ്ക്ക് ഉയിർത്തെഴുന്നേല്ക്കാൻ ശ്രമിക്കുന്ന നമ്മുടെ ജഡത്തിനെതിരെ ജാഗ്രത പാലിക്കാൻ നമ്മെ സഹായിക്കും. നമ്മുടെ ആത്മിക ആന്തരിക മനുഷ്യന് ഊർജ്ജവും നവോന്മേഷവും പകരുവാനും ഈ **അന്ത്യകാലത്ത് നിത്യമായ ഉന്നതവിളിയിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനു നമ്മെ സഹായിക്കുവാനും** ഉപവാസത്തിനു കഴിയും.

എങ്കിലും മുകളിൽ പറഞ്ഞിരിക്കുന്ന 5 പോയിന്റുകളെ നാം പുനരവലോ

കനം ചെയ്താൽ, കർത്താവ് കൂടുതൽ സമയവും തെറ്റിദ്ധരിക്കപ്പെടുകയാണുണ്ടായതെന്നു കാണാം. അവർ അവനെ ബെയത്സബൂബ് അഥവാ ഭൂതം എന്നു വിളിക്കുകയും അവനെ എറിയുവാൻ കല്ലെടുക്കുകയും ചെയ്തു - **യോഹന്നാൻ 8:48, 52,59.**

**അനുസരണമുള്ള ഒരു വിശ്വാസിയുടെ ജീവിതത്തിൽ, അവൻ/അവൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുമ്പോൾ മറ്റുള്ളവരാൽ തെറ്റിദ്ധരിക്കപ്പെട്ടുപോകുന്ന അവസ്ഥ കടന്നുവരാറുണ്ട്.** ചില സമയത്ത് അവർ അമിത ആത്മീയരാണെന്ന് ആരോപിക്കപ്പെടുകയോ അല്ലെങ്കിൽ ചിലപ്പോൾ ആത്മീയ അടിസ്ഥാനം ഇല്ലാത്തവരെന്ന് ആരോപിക്കപ്പെടുകയോ ചെയ്യാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഞാനും നിങ്ങളും എന്തുകൊണ്ടാണ് ആ നിലപാടു സ്വീകരിച്ചതെന്നു വിശദീകരിച്ച് സ്വയം നീതീകരിക്കാൻ ശ്രമിക്കുന്നതിനു പകരം (നമ്മുടെ പ്രേരണകളെ തെളിയിക്കുന്നതിനുപകരം) ആരോപണങ്ങളുടെ മുമ്പിൽ ശാന്തമായി ഇരിക്കുകയാണു വേണ്ടത്.

ക്രിസ്തുവിൽ പ്രിയരേ, ആളുകൾ നിങ്ങളുടെമേൽ ചെളി വാരിയെറിയുമ്പോൾ, ദാവീദ് രാജാവ്, തന്റെ പുത്രൻ തനിക്കെതിരെ മത്സരിച്ച സമയത്ത് പ്രതിസന്ധികളിലൂടെ കടന്നുപോയതുപോലെ, ഇത്തരം ഘട്ടങ്ങളിലൂടെ നിങ്ങൾ കടന്നുപോകണമെന്ന് ദൈവം ആഗ്രഹിച്ചിരിക്കാം. ഓടിപ്പോകുന്ന സമയത്ത് അവൻ ബഹൂരീം എന്ന സ്ഥലത്തുകൂടി പോകേണ്ടിവന്നു. അവിടെ ശിമെയി എന്നു പേരുള്ള ഒരു മനുഷ്യൻ ദാവീദിനെതിരെ വന്ന് അവനെ ശപിക്കുകയും കല്ലും പൂഴിയും വാരി അവനെ എറിയുകയും ചെയ്തുകൊണ്ടു നടന്നു (**2 ശമൂവേൽ 16:5-13**). ആ സമയത്ത് ഞാൻ പോയി ദാവീദ് രാജാവിനെ ശപിച്ച ശിമെയിയുടെ തല വെട്ടിക്കളയട്ടെ എന്നു അവന്റെ സൈന്യാധിപന്മാരിൽ ഒരുവനായ അബീശായി അനുവാദം ചോദിച്ചപ്പോൾ ദാവീദ് പറഞ്ഞത്, *"അവൻ ശപിക്കട്ടെ; ദാവീദിനെ ശപിക്ക എന്നു യഹോവ അവനോടു കല്പിച്ചിരിക്കുന്നു; പിന്നെ നീ ഇങ്ങനെ ചെയ്യുന്നതു എന്തു എന്ന് ആർ ചോദിക്കും എന്നു പറഞ്ഞു."* ദാവീദ് ഇങ്ങനെ തുടർന്നു, ***"പക്ഷേ യഹോവ എന്റെ സങ്കടം നോക്കി ഇന്നത്തെ ഇവന്റെ ശാപത്തിനു പകരം എനിക്കു അനുഗ്രഹം നൽകും."***

അവസാനം ദൈവം ദാവീദിനെ യഥാസ്ഥാനപ്പെടുത്തുകയും അവന്റെ രാജ്യം അവനു മടക്കി നൽകുകയും ചെയ്തു എന്നു നമുക്കറിയാം. അവനെതിരെ ഗൂഢാലോചന നടത്തിയ അവന്റെ മകൻ അബ്ശാലോം ദാരുണമായി വധിക്കപ്പെടുകയും ശിമെയി (ദാവീദ് രാജാവിനെ പരിഹസിക്കുകയും ശപിക്കുകയും ചെയ്തവൻ) സ്വന്തവാക്കുകളിൽ കുടുങ്ങി കൊല്ലപ്പെടുകയും ചെയ്തു.

നമ്മെ പകയ്ക്കുകയും നമ്മോട് അസൂയപ്പെടുകയും ചെയ്യുവരെ *(നിർഭാഗ്യവശാൽ ഈ രണ്ടു കൂട്ടരെയും ക്രിസ്തീയ മണ്ഡലത്തിൽപോലും നിങ്ങൾ*

*കണ്ടുമുട്ടും)* നമ്മുടെ നേരെ നിന്നോ പുറകിൽ നിന്നോ നമ്മുടെമേൽ ചെളി വാരിയെറിയാൻ കർത്താവ് അനുവദിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാകാം. അത്തരം സന്ദർഭങ്ങളിൽ പ്രതികരിക്കുകയോ പ്രതികാരം ചെയ്യുകയോ ചെയ്യരുത്. കാരണം നമ്മുടെ കർത്താവാണ് നമുക്കുവേണ്ടി പ്രതിക്രിയ ചെയ്യുന്നത്. നീതിമാനും ന്യായമായി വിധിക്കുന്നവനുമായ ദൈവത്തിന്റെ കയ്യിൽ നമ്മുടെ ന്യായത്തെ ഭരമേല്പിക്കുക. അവൻ പ്രവർത്തിക്കും, പക്ഷേ അവന്റെ സമയത്താണെന്നു മാത്രം.

അനേക സന്ദർഭങ്ങളിലും ഇത്തരം പരിശോധനകൾ നമ്മുടെ ജീവിതത്തിൽ ദൈവം അനുവദിക്കുന്നത്, നമ്മിൽ കുറവായിരിക്കുന്ന **ക്രിസ്തുവിന്റെ സദൃശ്യം നമ്മിൽ ഉളവാക്കുന്നതിനുവേണ്ടിയാണ്.** അനുസരണമുള്ള ഓരോ വിശ്വാസിയും **മത്തായി 11:29** ൽ കാണുന്നതുപോലെ ക്രിസ്തു സാദൃശ്യത്തിനുടമകളായിത്തീരേണം: *"ഞാൻ **സൌമ്യതയും താഴ്മയും** ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു."* ഇത്തരം പരിശോധനകൾക്കു മാത്രമേ **'സൌമ്യതയും താഴ്മയും'** എന്ന ശ്രേഷ്ഠഗുണം നമ്മിൽ ഉളവാക്കുവാൻ കഴിയുകയുള്ളു.

ചില സമയങ്ങളിൽ പരിശോധനകളും പീഡനങ്ങളും നമുക്കെതിരെ വരുന്നത് നമ്മുടെ പാപം നിമിത്തം ആയിരിക്കയില്ല, മറിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് നമ്മെ ഓഹരിക്കാരാക്കുന്നതിനായിരിക്കും (**1 പത്രൊസ് 2:21**). അത്തരം സന്ദർഭങ്ങളിൽ നാം ഉറച്ചുനില്ക്കുകയും നാം ചെയ്യുവാൻ വിളിക്കപ്പെട്ട ശുശ്രൂഷ ചെയ്യുന്നതു തുടരുകയും അതിന്റെയെല്ലാം മധ്യത്തിലും കഠിനമായി തെറ്റിദ്ധരിക്കപ്പെടുന്ന അവസരത്തിലും (നിങ്ങൾക്ക് അതു സംഭവിച്ചേക്കാം) സ്നേഹവും ക്ഷമയും സഹിഷ്ണുതയും കാണിക്കുകയും വേണം.

ക്രിസ്തീയ ജീവിതത്തിൽ ഇടുക്കുവാതിലിലൂടെ സഞ്ചരിക്കുന്നതും ഉൾപ്പെട്ടിരിക്കുന്നു, അവിടെ കുറുക്കുവഴികളില്ല. (കാത്തിരിപ്പ് എന്നെ സംബന്ധിച്ച് നീണ്ടകാലമാണെന്നു തോന്നുമ്പോൾ) ഞാൻ സ്വന്തമായ തീരുമാനമെടുക്കുകയും അത് എന്റെ സ്വന്തരീതിയിൽ ചെയ്യാനിഷ്ടപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. എന്റെ ഷർട്ടിന്റെ കൈ ചുരുട്ടിവെച്ച് ഞാൻ ഒന്നു ചെയ്തുനോക്കട്ടെ എന്നു ഞാൻ ചിന്തിച്ചുപോകാറുണ്ട്. എന്നാൽ അത്തരം സന്ദർഭങ്ങളിൽ അവന്റെ ആത്മാവ് സംസാരിക്കുന്നതു ഞാൻ കേൾക്കുന്നു, *"മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ, ഞാനാണ് നിന്റെ യുദ്ധങ്ങൾ ചെയ്യുന്നത്, ഞാൻ എന്റെ സമയത്ത് കാര്യങ്ങളെ മനോഹരമാക്കിത്തീർക്കും."* തുടർന്ന് കർത്താവ് ഇതുപോലെയുള്ള വാക്യങ്ങളും എന്നെ ഓർമ്മിപ്പിക്കും:

**മത്തായി 10:24–28**

[24]*ശിഷ്യൻ ഗുരുവിന്നുമീതെയല്ല; ദാസൻ യജമാനന്നു മീതെയുമല്ല;*
[25]***ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യന്നു മതി; യജമാനനെ***
***പ്പോലെയാകുന്നതു ദാസന്നും മതി.*** *അവർ വീട്ടുടയവനെ*
*ബെയെത്സെബൂൽ എന്നു വിളിച്ചു എങ്കിൽ വീട്ടുകാരെ എത്ര അധികം?*
[26]*അതുകൊണ്ടു അവരെ ഭയപ്പെടേണ്ടാ; മറച്ചുവെച്ചതു ഒന്നും*
*വെളിപ്പെടാതെയും ഗൂഢമായതു ഒന്നും അറിയാതെയും ഇരിക്കയില്ല.*
[27]*ഞാൻ ഇരുട്ടത്തു നിങ്ങളോടു പറയുന്നതു വെളിച്ചത്തു പറവിൻ;*
*ചെവിയിൽ പറഞ്ഞു കേൾക്കുന്നതു പുരമുകളിൽനിന്നു ഘോഷിപ്പിൻ.*
[28]*ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെ*
*ടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ*
*കഴിയുന്നവനെ തന്നേ ഭയപ്പെടുവിൻ.*

**2 കൊരിന്ത്യർ 5:9–11, 14–15**

[9]*അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ*
*അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു.* [10]*അവനവൻ*
*ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും*
*അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ*
*ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.*
[11]*ആകയാൽ കർത്താവിനെ ഭയപ്പെടേണം എന്നു അറിഞ്ഞിട്ടു ഞങ്ങൾ*
*മനുഷ്യരെ സമ്മതിപ്പിക്കുന്നു; എന്നാൽ ദൈവത്തിന്നു ഞങ്ങൾ*
*വെളിപ്പെട്ടിരിക്കുന്നു; നിങ്ങളുടെ മനസ്സാക്ഷികളിലും വെളിപ്പെട്ടിരിക്കുന്നു*
*എന്നു ഞാൻ ആശിക്കുന്നു.* [14]*ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ*
*നിർബന്ധിക്കുന്നു; എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ*
[15]*എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല*
*തങ്ങൾക്കു വേണ്ടി മരിച്ചു ഉയിർത്തവനായിട്ടുതന്നേ ജീവിക്കേണ്ടതിന്നു*
*അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ*
*നിർണ്ണയിച്ചിരിക്കുന്നു.*

**നമ്മുടെ ജീവിതത്തിലുള്ള ദൈവത്തിന്റെ കൃപയും കരുണയും** നാം ദൈവവുമായി ശരിയായ ബന്ധത്തിലാണെന്നും നമ്മിലോ അവനുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനത്തിലോ ദൈവം പ്രസാദിച്ചിരിക്കുന്നുവെന്നും ഉള്ളതിന്റെ സൂചകമോ ബാരോമീറ്ററോ ആണെന്നു നാം ചിന്തിക്കുന്നുവെങ്കിൽ – **നാം വീണ്ടും ചിന്തിക്കേണ്ടതുണ്ട് എന്നാണെനിക്കു നിർദ്ദേശിക്കുവാനുള്ളത്!**

നമ്മിൽ പലരും ദൈവത്തിനു മനസ്സിലാകും എന്നു ചിന്തിച്ചും ഏറ്റുപറഞ്ഞും കൊണ്ട് കർത്താവായ യേശു നമുക്കു തന്ന ഉന്നത വിളിക്കനുസരണമായി ജീവിക്കുന്നില്ല. “നോക്കൂ, കർത്താവ് ആ പ്രതിസന്ധിയിൽനിന്നും എന്നെ രക്ഷിച്ചു” അല്ലെങ്കിൽ “ഇന്ന് എനിക്കുവേണ്ടി ദൈവം ഒരുക്കിയ കരുതൽ കാണൂ” എന്നു ചിന്തിച്ചുകൊണ്ട് ദൈവവുമായി നാം നല്ല ബന്ധത്തിലാണെന്നു നാം കരുതുന്നു.

അതിനു കാരണം നമ്മുടെ കർത്താവ് കൃപയിലും കരുണയിലും സ്നേഹത്തിലും അതിസമ്പന്നനാണ് എന്നതാണ്. എന്റെ ജീവിതത്തിൽ കാര്യങ്ങൾ കൃത്യമായ ദിശയിൽ നീങ്ങുകയും ഞാൻ എന്റെ കാര്യങ്ങൾ (അവന്റെ ഹിതത്തിനു പകരം) ചെയ്യാനാരംഭിക്കുകയും ചെയ്ത സമയത്ത് ഞാൻ ഇപ്രകാരം ചിന്തിച്ചിരുന്നു. എന്നാൽ **എന്റെ ജീവിതത്തെ പരിശോധിക്കുവാനും ദൈനംദിന ജീവിതത്തിൽ അവൻ കാണിക്കുന്ന കൃപയെ ദൈവവുമായി ശരിയായ ബന്ധത്തിലാണെന്നതിന്റെ തെളിവായി** (അവകാശമായി) കണക്കാക്കാതിരിക്കാനും അവൻ സൗമ്യതയോടെ എന്നെ തിരുത്തി.

ഒരു ഉദാഹരണം ഞാൻ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. ഒരിക്കൽ ഒരു കൂട്ടുസഹോദരൻ (ഞങ്ങളുടെ സ്നേഹിതൻ), തന്നെയും തന്റെ ഭാര്യയെയും അക്രൈസ്തവനായ ഒരു സ്നേഹിതൻ (ഓഫീസിലെ സഹപ്രവർത്തകൻ) വീട്ടിലേക്കു ക്ഷണിച്ച അനുഭവം പങ്കുവയ്ക്കുകയുണ്ടായി. ഇത് കർത്താവിനെക്കുറിച്ചു പറയുന്നതിനും തങ്ങളുടെ ജീവിതത്തിൽ ദൈവം ചെയ്യുന്ന അത്ഭുതകരമായ നന്മകളുടെയും വിശ്വസ്തതയുടെയും കരുണയുടെയും സാക്ഷ്യം ആ ഭവനവുമായി പങ്കുവയ്ക്കുന്നതിനും ഉള്ള അവസരമായി അവർ കരുതി. എന്നാൽ അവരെ അത്ഭുതപ്പെടുത്തുമാറ്, അവർ സാക്ഷ്യം പറയുന്നതിനു മുമ്പുതന്നെ ആതിഥേയനും ഭാര്യയും സംസാരം ആരംഭിക്കുകയും തന്റെയും തന്റെ ഭാര്യയുടെയും ജീവിതത്തിൽ ദൈവം ചെയ്യുന്ന നന്മകളെക്കുറിച്ച് പങ്കുവയ്ക്കാൻ തുടങ്ങുകയും ചെയ്തു (അത് ജീവനുള്ള ഏക സത്യദൈവത്തിന്റെ പേരിലല്ലായിരുന്നുവെങ്കിൽ കൂടി). തങ്ങളുടെ ജീവിതത്തിൽ ഉള്ളത്രയും ദൈവിക വിശ്വസ്തതയുടെ സാക്ഷ്യം തന്റെ അക്രൈസ്തവ സ്നേഹിതന്റെ ജീവിതത്തിലും ഉണ്ടെന്നറിഞ്ഞ ജാള്യതയോടെയാണ് എന്റെ സ്നേഹിതൻ ആ ഭവനത്തിൽ നിന്നും മടങ്ങിയത്.

ഞാൻ മുമ്പു പറഞ്ഞതുപോലെ, നമ്മുടെ ജീവിതത്തിലുള്ള ദൈവത്തിന്റെ കൃപ നാം ദൈവഹിതത്തിലാണ് എന്നതിന്റെ സൂചകമല്ല എന്നു നിങ്ങൾ കാണുക.

**സങ്കീർത്തനം 145:9**

*യഹോവ **എല്ലാവർക്കും** നല്ലവൻ;*

*തന്റെ **സകല** പ്രവൃത്തികളോടും അവനു കരുണ തോന്നുന്നു.*

കാരണം ദൈവത്തിന്റെ സ്വഭാവത്തിനു മാറ്റമില്ല. നാം അവിശ്വസ്തരായിത്തീർന്നാലും അവൻ 'വിശ്വസ്തനായി' തുടരുന്നു, കാരണം അവനു മാറാൻ കഴികയില്ല.

**2 തിമൊഥെയൊസ് 2:13 പറയുന്നു**

*'നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു; തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴികയില്ലല്ലോ.'*

നാം അവന്റെ മുമ്പിൽ നില്ക്കുകയും അവന്റെ ഹിതപ്രകാരം ജീവിക്കാതിരുന്ന സകലരെയും അവൻ തള്ളിക്കളയുകയും ചെയ്യുന്ന ദിനത്തിലാണ് ഭയാനകമായ ഭാഗം സംഭവിക്കുന്നത്. നമ്മുടെ ദൈവം ദീർഘക്ഷമയുള്ള ദൈവമാണ്. അവൻ കോപത്തിനു താമസമുള്ളവനും ഓരോരുത്തർക്കും അർഹമായ ശിക്ഷ ഉടനടി നൽകാതെ അവർക്കു മാനസാന്തരത്തിന് സമയവും കൃപയും നൽകുന്നവനുമാണ്.

ഒരിക്കൽ ഞാൻ (അവിശ്വാസിയായ) ഒരു പ്രത്യേക വ്യക്തിയെക്കുറിച്ച് പ്രത്യേക വിശേഷണങ്ങൾ ചേർത്ത് കർത്താവിനോടു പരാതി പറഞ്ഞ മറ്റൊരു സംഭവം ഞാനോർക്കുന്നു. അയാൾ ദുഷ്ടനും നന്ദികെട്ടവനും നന്ദിപ്രകടിപ്പിക്കാത്തവനും ആണെന്നു ഞാൻ പറഞ്ഞു. അയാളെ സംബന്ധിച്ച് ഞാൻ പറഞ്ഞ കാര്യങ്ങൾ കർത്താവിനു തീർച്ചയായും മനസ്സിലാകുമെന്നും എന്നോടു യോജിക്കുമെന്നും (ആ മനുഷ്യനോടുള്ള ബന്ധത്തിൽ ഞാൻ കടന്നുപോകുന്ന അവസ്ഥയുടെ പശ്ചാത്തലം കർത്താവിനറിയാമെന്നുള്ളതുകൊണ്ട്) അതിനനുസരിച്ച് ചില ആശ്വാസവചനങ്ങൾ കർത്താവു നൽകുമെന്നും ഞാൻ ചിന്തിച്ചു. അന്നത്തെ എന്റെ പ്രഭാതധ്യാനത്തിനായി ഞാൻ തുറന്നത് ലൂക്കൊസ് 6:35-36 ആണ്. [35]*നിങ്ങളോ ശത്രുക്കളെ സ്നേഹിപ്പിൻ; അവർക്കു നന്മ ചെയ്‌വിൻ; ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ; എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകും; നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും;* ***അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ.*** [36]*അങ്ങനെ* ***നിങ്ങളുടെ പിതാവു മനസ്സലിവുള്ളവൻ ആകുന്നതുപോലെ*** *നിങ്ങളും മനസ്സലിവുള്ളവർ ആകുവിൻ.*

വായിച്ചുകൊണ്ടിരുന്ന ഞാൻ വായന നിർത്തി വാപൊളിച്ച് ഇരുന്നുപോയി. 'സർവ്വശക്തനായ ദൈവം ദുഷ്ടന്മാരോടും നന്ദികെട്ടവരോടും കരുണയുള്ളവനാണെങ്കിൽ, ആ വ്യക്തിക്കെതിരെ അത്തരം കാര്യങ്ങൾ പറയാൻ ഞാനാരാണ്' എന്ന് ആ വാക്യത്തിലൂടെ ദൈവം എന്നോട് യഥാർത്ഥമായി സംസാരിക്കുകയാണെന്ന് എനിക്കു മനസ്സിലായി. അത് അവിടംകൊണ്ടു തീർന്നില്ല. അനാവശ്യമായി പീഡിപ്പിക്കപ്പെട്ട വ്യക്തി ഞാനായിരുന്നുവെങ്കിലും പോയി ആ വ്യക്തിയോടു നിരപ്പു പ്രാപിക്കാൻ ചില ദിവസങ്ങൾക്കുശേഷം

എന്നോടാവശ്യപ്പെട്ടുകൊണ്ട് കർത്താവ് എന്റെ ക്രിസ്തീയ ജീവിതത്തിന്റെ നിലവാരം ഉയർത്തി.

നാം സത്യമായും കർത്താവായ യേശുവിനെ സ്നേഹിക്കുന്നുവെങ്കിൽ, നമുക്കുള്ള പരിശോധന അവന്റെ എല്ലാ വഴികളിലും നാം നടക്കുന്നുവോ എന്നതാണ് (അതെത്ര പ്രയാസകരമായിരുന്നാലും) **യോഹന്നാൻ 14:15. നാം യഥാർത്ഥത്തിൽ എന്തിന്റെ പിറകെയാണ്? എന്നതാണ് യഥാർത്ഥ ചോദ്യം.** എന്തു പ്രതിഫലത്തിനുവേണ്ടിയാണ് നാം ഓടുന്നത്? എന്ത് ഓട്ടമാണ് നിങ്ങൾ ഓടുന്നത്? എന്ത് ഓട്ടമാണ് ഞാൻ ഓടുന്നത്?

**അപ്പൊസ്തലനായ പൗലൊസിന്റെ മനോഭാവം ശ്രദ്ധിക്കുക:**

**1 കൊരിന്ത്യർ 9:24–27**

24 *ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ
വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? **നിങ്ങളും പ്രാപി
ക്കാന്തക്കവണ്ണം ഓടുവിൻ.*** 
25 *അങ്കം പൊരുതുന്നവൻ ഒക്കെയും
സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന
കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നേ.* 
26 *ആകയാൽ
ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നതു; ആകാശത്തെ കുത്തുന്നതു
പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നതു.* 
27 *മറ്റുള്ളവരോടു പ്രസംഗിച്ച
ശേഷം ഞാൻ തന്നേ **കൊള്ളരുതാത്തവനായി** പോകാതിരിക്കേണ്ടതിന്നു
എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നതു.*

# അധ്യായം 3

## വേറൊരു സുവിശേഷം!

ഇന്ന് ചില ദുരുപദേശകർ സുവിശേഷത്തിൽ വെള്ളം ചേർത്ത് അതിന്റെ ശക്തിയെ ഇല്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ കർത്താവായ യേശു കരുണാസമ്പന്നനാണെന്നതിന് ആധുനിക സഭ ഊന്നൽ നൽകുന്നുവെങ്കിലും അത് അർദ്ധസത്യം മാത്രമാണ്. കാരണം **'അവൻ കൃപയും സത്യവും നിറഞ്ഞവനും' (യോഹന്നാൻ 1:14) തിന്മയെ വെച്ചുപൊറുപ്പിക്കാത്തവനുമാണ്** എന്നതാണ് മുഴുവൻ സത്യം.

**1 യോഹന്നാൻ 1:5–6 പറയുന്നു**

*[5]ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു. [6]അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും* ***ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല.***

*അപ്പൊസ്തലനായ പത്രൊസും ഈ സത്യം* **1 പത്രൊസ് 1:14–17 ൽ** *വ്യക്തമായി വെളിപ്പെടുത്തുന്നു*

*[14]പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ [15]നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം* ***അനുസരണമുള്ള മക്കളായി*** *എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. [16]* ***"ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ"*** *എന്നു എഴുതിയിരിക്കുന്നുവല്ലോ. [17]മുഖപക്ഷം കൂടാതെ* ***ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ*** *നിങ്ങൾ പിതാവു എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ.*

**2 കൊരിന്ത്യർ 11:1–4** ൽ കാണുന്നതുപോലെ, ദൈവിക കല്പനയെയും അതിന്റെ അനന്തര ഫലത്തെയും സംബന്ധിച്ച സത്യത്തെ ഹവ്വായുടെ മുമ്പിൽ സർപ്പം വളച്ചൊടിച്ച് അവതരിപ്പിച്ചതുപോലെ, ഈ ദുരുപദേഷ്ടാക്കൾ സുവിശേഷത്തെ വികലമാക്കുകയോ തങ്ങളുടെ സന്ദേശത്തിനു അനുയോജ്യമാകുംവിധം അതിനെ വളച്ചൊടിക്കുകയോ ചെയ്യുന്നു. **എഫെസ്യർ**

**2:8-9** ൽ മുമ്പു നാം കണ്ടതുപോലെ, രക്ഷിക്കപ്പെട്ട ഒരു പാപിക്ക്, സ്വന്ത പ്രവൃത്തിയാലല്ല, ദൈവത്തിന്റെ ദാനമായി രക്ഷയ്ക്കായി ദൈവകൃപ ലഭ്യ മാകുമ്പോൾ, **എഫെസ്യർ 2:10** ൽ വായിക്കുന്നതുപോലെ അവൻ 'ദൈവ ഹിതം അനുസരിക്കുവാനും' 'സൽപ്രവൃത്തികൾക്കായി ദൈവത്തിനു ഫലം കായ്ക്കുവാനും' ഉള്ള ഉത്തരവാദിത്വം കൂടി അവന്റെമേൽ വന്നുചേരുന്നു. തന്റെ ഉപദേശത്തിൽ നിലനില്ക്കാത്തവരും മറ്റുള്ളവരെ അങ്ങനെ ഉപദേശി ക്കുന്നവരും, അവർ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ക്രിസ്ത്യാനികൾ ആയി രുന്നാൽ തന്നെയും, ന്യായവിധി ദിവസത്തിൽ നിയമലംഘികളായി പ്രഖ്യാ പിക്കപ്പെടും എന്ന് കർത്താവായ യേശു പറഞ്ഞു **മത്തായി 7:13-27.**

'രക്ഷ കൃപയാലാകുന്നു' അതിനു തർക്കം ഏതുമില്ല. എന്നാൽ 'വീണ്ടെടുപ്പ്' **'ദൈവഹിതത്തിൽ തുടരുന്നതിലൂടെ'**യാണ് ലഭിക്കുന്നത് (മത്തായി 7:21; 1 യോഹന്നാൻ 2:17; വെളിപ്പാട് 3:2-6). യിസ്രായേൽ മക്കൾ മിസ്രയീമിലെ അടി മത്വത്തിൽ നിന്നും പുറപ്പെടുവിക്കപ്പെടുകയും/രക്ഷിക്കപ്പെടുകയും പിന്നീട് മരുഭൂമിയിൽവെച്ച് **അവരുടെ ഹൃദയത്തെ അറിയുവാൻ** അവരെ പരീക്ഷി ക്കുകയും ചെയ്തതുപോലെ.

എന്നിരുന്നാലും അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല (വീണ്ടെടു ക്കപ്പെട്ട രണ്ടുപേരിൽ ഒഴികെ) എന്ന് **1 കൊരിന്ത്യർ 10:5** ൽ ബൈബിൾ പറ യുന്നു; *അവരുടെ ശവങ്ങൾ* മരുഭൂമിയിൽ വീണുപോയി.

അതേ രീതിയിൽ തന്നേ, ദൈവം ഒരു വിശ്വാസിയെ രക്ഷിച്ചതിനുശേഷം, തന്റെ കല്പനകൾ അനുസരിക്കുന്നതിൽ അവന്റെ ഹൃദയം ഉറച്ചിരിക്കു ന്നുവോ എന്നു പരീക്ഷിച്ചറിയേണ്ടതിന് രക്ഷിക്കപ്പെട്ട വിശ്വാസിയെ നിരവധി മരുഭൂമിയുടെ അനുഭവങ്ങൾ, പരിശോധനകൾ, പരീക്ഷണങ്ങൾ, പരീക്ഷകൾ എന്നിവകളിലൂടെ കടത്തിവിടാറുണ്ട്. പുതിയ നിയമത്തിലും പഴയനിയമ ത്തിലും തന്റെ ജനം എന്നു വിളിക്കപ്പെടുന്ന സകലരോടും ദൈവം അതു ചെയ്യാറുണ്ട്. **മത്തായി 4:1** ൽ നാം വായിക്കുന്നതുപോലെ കർത്താവായ യേശു വിനെയും അവൻ അതിൽ നിന്നും ഒഴിവാക്കിയില്ല, പകരം അവനെ **പരീ ക്ഷിക്കേണ്ടതിന്** മരുഭൂമിയിലേക്കു നടത്തി. അതിനാൽ അവൻ നമ്മെയും അപ്രകാരം നടത്തും.

നമ്മുടെ ജീവിതത്തിൽ ഇതേ ചരിത്രം ആവർത്തിക്കാതിരിക്കാൻ അപ്പൊസ്ത ലനായ പൗലൊസ് എല്ലാ വിശ്വാസികൾക്കും മുന്നറിയിപ്പു നൽകുന്നുണ്ട്. **1 കൊരിന്ത്യർ 10:1-12,** എല്ലാവരും മരുഭൂമിയിൽ സ്നാനം ഏല്ക്കുകയും ആത്മീയ ആഹാരം ഭക്ഷിക്കുകയും **രക്ഷയ്ക്കുശേഷമുള്ള ക്രിസ്തീയ ജീവിതത്തിന്റെ നിഴലായ** ക്രിസ്തുവാകുന്ന ആത്മീയ പാറയിൽ നിന്നുള്ള പാനീയം കുടിക്കുകയും ചെയ്തുവെങ്കിലും **വളരെ "കുറച്ചുപേർ" മാത്രമേ വാഗ്ദത്തനാട്ടിൽ എത്തിയുള്ളു.** നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാ

തിരിപ്പാൻ സൂക്ഷിച്ചുകൊള്ളേണം എന്ന് ജാഗ്രതയായിരിക്കുവാനുള്ള ഒരു മുന്നറിയിപ്പോടുകൂടിയാണ് അവൻ അവസാനിപ്പിക്കുന്നത്.

പൗലൊസ് 1 കൊരിന്ത്യർ 10 ആരംഭിക്കുന്നതിനു തൊട്ടുമുമ്പ്, അധ്യായം 9 അവസാനിപ്പിക്കുന്നത് താൻ തന്നെ രക്ഷയെ അലക്ഷ്യമാക്കാതിരിക്കാൻ ശ്രദ്ധിക്കുന്നു എന്ന് 1 കൊരിന്ത്യർ 9:27 ൽ പറഞ്ഞുകൊണ്ടാണ്.

**1 കൊരിന്ത്യർ 9:27**

*'മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നേ **കൊള്ളരുതാത്തവനായി** പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നത്.'*

ഈ കാര്യം പറഞ്ഞപ്പോൾ താൻ കൊള്ളരുതാത്തവനായി തീരുന്നതിനു കാരണമായി യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ച പ്രവൃത്തിയുടെ പൂർണ്ണത സംബന്ധിച്ച് എന്തെങ്കിലും സംശയം അപ്പൊസ്തലനായ പൗലൊസ് സൂചിപ്പിക്കുന്നില്ല. മറിച്ച് രൂപാന്തരപ്പെട്ട ജീവിതം നിർണ്ണായകവും ദൈവത്തോടുള്ള നമ്മുടെ യഥാർത്ഥ സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും തെളിവുമാണെന്നാണ് അവൻ സൂചിപ്പിക്കുന്നത്. ക്രിസ്തുവിൽ പ്രിയരേ, ഇതാണ് അപ്പൊസ്തലനായ പൗലൊസിന്റെ മനോഭാവമെങ്കിൽ, എനിക്കും നിങ്ങൾക്കും ഇതേ മനോഭാവം എത്രയധികം ഉണ്ടായിരിക്കണം?

അപ്പൊസ്തലനായ പൗലൊസിന് ദമസ്കോസിലേക്കുള്ള പാതയിൽ വെച്ച് കർത്താവായ യേശുവിന്റെ മുഖദർശനം ഉണ്ടാകുകയും നഷ്ടപ്പെട്ട ജാതീയ ലോകത്തെ നേടുന്നതിനായി യേശുക്രിസ്തുവിന്റെ പുതപ്പ് അവന്റെമേൽ വീഴുകയും ചെയ്തതിനുശേഷം ഒരിക്കൽപോലും അവന് തന്റെ രക്ഷയെക്കുറിച്ചുള്ള ഉറപ്പ് നഷ്ടപ്പെട്ടില്ല. എന്നിട്ടും **'കൊള്ളരുതാത്തവനായി'** പോകുവാനുള്ള സാധ്യതയുടെ - **1 കൊരിന്ത്യർ 9:27**, ഭയത്തോടും വിറയലോടുംകൂടെ തന്റെ രക്ഷയ്ക്കായി പ്രവർത്തിക്കുന്നില്ലെങ്കിൽ, **ഫിലിപ്പിയർ 2:12** - സദാ നിലനില്ക്കുന്ന യാഥാർത്ഥ്യത്തെക്കുറിച്ച് അവൻ ബോധവാനായിരുന്നു.

'സത്യ'ത്തിന്റെ പരിജ്ഞാനം നിർണ്ണായകമാണെന്ന് കർത്താവായ യേശു തുടർമാനമായി ഊന്നിപ്പറയുന്നു. നാം മനസ്സിലാക്കുന്ന നിലയിലുള്ള 'സത്യം' അല്ല, മറിച്ച ബൈബിൾ വിശദീകരിക്കുന്ന നിലയിലുള്ള സത്യമാണത്. 'സത്യ'ത്തിൽ നിലനില്ക്കുന്നതിനുള്ള താക്കോൽ 'അനുസരണ'ത്തിൽ തുടരുക എന്നതാണെന്ന് **യോഹന്നാൻ 8:31-32** ൽ അവൻ പറയുന്നു. ആ വേദഭാഗം വായിച്ചാൽ അവനത് അവിശ്വാസികളോടല്ല മറിച്ച് വിശ്വാസികളോടാണ് പറയുന്നത് എന്നു മനസ്സിലാകും.

**മത്തായി 25:41 ൽ കർത്താവായ യേശു പറയുന്നു:**

*'പിന്നെ അവൻ ഇടത്തുള്ളവരോടു: ശപിക്കപ്പെട്ടവരേ, എന്നെ വിട്ടു*

***പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന***
*നിത്യാഗ്നിയിലേക്കു പോകുവിൻ.'*

ആളുകൾക്ക് നരകം എന്നു കേൾക്കുന്നത് ഇഷ്ടമല്ല. നല്ലവനായ ദൈവത്തിന് എങ്ങനെ മനുഷ്യവർഗ്ഗത്തെ നരകത്തിലയയ്ക്കാൻ കഴിയും എന്നാണവർ ചോദിക്കുന്നത്. നിങ്ങൾക്കറിയാമോ, നരകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് നമുക്കുവേണ്ടിയല്ല, പിന്നെയോ പിശാചിനും അവന്റെ വീണുപോയ ദൂതന്മാർക്കും വേണ്ടിയാണ്. നമ്മുടെ ജീവിതത്തിൽ നമുക്കിഷ്ടമില്ലാത്ത ഒത്തിരി കാര്യങ്ങളുണ്ട്. ദുഃഖം, രോഗം, ഏതു നിലയിലുമുള്ള പരാജയം, അങ്ങനെ അനേക കാര്യങ്ങൾ. അവ നമുക്ക് ഇഷ്ടമില്ല എന്ന ഒറ്റക്കാരണത്താൽ അവയില്ല എന്നോ അവ നമുക്കു സംഭവിക്കയില്ല എന്നോ അർത്ഥമില്ല. നരകം എന്ന യാഥാർത്ഥ്യത്തിന്റെ കാര്യത്തിലും അതങ്ങനെ തന്നെയാണ്. പക്ഷേ വിശുദ്ധനും നീതിമാനും നല്ലവനുമായ ദൈവം നരകത്തിൽ നിന്നും രക്ഷപെടുന്നതിനുള്ള ഒരു തിരഞ്ഞെടുപ്പ് നമുക്കു നല്കിയിട്ടുണ്ട്.

രക്ഷിക്കപ്പെട്ട വിശ്വാസിയുടെ ജീവിതത്തിൽനിന്നും ഒന്നും ആവശ്യപ്പെടാത്ത കൃപ മാത്രം ഉള്ള വേറൊരു സുവിശേഷം പ്രസംഗിക്കുകയോ അല്ലെങ്കിൽ വിശ്വസിക്കുകയോ ചെയ്യുന്ന വഞ്ചനയിൽ നമ്മിൽ ആരെങ്കിലും വീണുപോയിട്ടുണ്ടോ എന്ന് നാം ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. കാരണം അത്തരമൊരു സുവിശേഷം ബൈബിളിൽ ഇല്ല!

**തീത്തൊസ് 2:11–13 പറയുന്നു:**
*[11]സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; [12]നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു [13]**ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു** ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുംകൂടെ ജീവിച്ചു പോരേണ്ടതിന്നു അതു **നമ്മെ ശിക്ഷിച്ചുവളർത്തുന്നു.***

**1 തിമൊഥെയൊസ് 6:13 ൽ ദൈവവചനം പറയുന്നു:**
*[11]നീ നിഷ്കളങ്കനും നിരപവാദ്യനുമായി ഈ കല്പന നമ്മുടെ കർത്താവായ യേശുവിന്റെ പ്രത്യക്ഷത**വരെ** പ്രമാണിച്ചുകൊള്ളേണം.*

2 കൊരിന്ത്യരിൽ നിന്നും ശക്തമായ ഒരു തിരുവെഴുത്ത് നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ എനിക്കാഗ്രഹമുണ്ട്. അതൊരുപക്ഷേ ആഴമായി ധ്യാനിക്കാതെ നിങ്ങൾ വിട്ടുകളഞ്ഞിട്ടുണ്ടാകും. അവിടെ, ദുരുപദേശം കൊണ്ടുവരുന്ന ദുരുപദേഷ്ടാക്കളുടെ വലയിൽ സഭ അകപ്പെട്ടുപോകുമോ എന്ന് ഉത്ക്കണ്ഠപ്പെട്ട അപ്പൊസ്തലനായ പൗലൊസ് അവർക്കു മുന്നറിയിപ്പു നൽകുന്നതായി കാണാം. കൊരിന്ത്യ സഭയ്ക്കുള്ള തന്റെ ലേഖനത്തിൽ

അപ്പൊസ്തലനായ പൗലൊസ് ഈ ഉപദേശങ്ങളെ ശക്തമായി എടുത്തു പറഞ്ഞിരിക്കുന്നു:

1. **മറ്റൊരു യേശു**
2. **വേറൊരു ആത്മാവ്**
3. **വേറൊരു സുവിശേഷം**

**2 കൊരിന്ത്യർ 11:2–4**

*[2]ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്നു നിങ്ങളെ **നിർമ്മലകന്യകയായി** ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. [3]എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു. [4]ഒരുത്തൻ വന്നു ഞങ്ങൾ പ്രസംഗിക്കാത്ത **മറ്റൊരു യേശുവിനെ** പ്രസംഗിക്കയോ നിങ്ങൾക്കു ലഭിക്കാത്ത **വേറൊരു ആത്മാവെങ്കിലും** നിങ്ങൾ കൈക്കൊള്ളാത്ത **വേറൊരു സുവിശേഷമെങ്കിലും** ലഭിക്കയോ ചെയ്യുമ്പോൾ നിങ്ങൾ പൊറുക്കുന്നതു ആശ്ചര്യം.*

ഞാൻ ആദ്യമായി ഈ വേദഭാഗം, ഒരു ബൈബിൾ സ്കൂളിന്റെ മുൻ പ്രിൻസിപ്പാളായ എന്റെ ഒരു സ്നേഹിതനെ കാണിച്ചപ്പോൾ, അത്തരമൊരു വേദഭാഗം താൻ ഇതുവരെ കാണാതെപോയതിൽ അദ്ദേഹം അത്ഭുതം പ്രകടിപ്പിക്കുകയാണ് ആദ്യം ചെയ്തത്. 'വേറൊരു സുവിശേഷ'ത്തെക്കുറിച്ച് വിശ്വാസിക്കു മുന്നറിയിപ്പു നൽകുന്ന പുതിയ നിയമത്തിലെ മറ്റൊരു വേദഭാഗം ഇതാണ്:

**ഗലാത്യർ 1:6–7**

*[6]ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്ര വേഗത്തിൽ **വേറൊരു സുവിശേഷത്തിലേക്കു** മറിയുന്നതുകൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു. [7]അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി **ക്രിസ്തുവിന്റെ സുവിശേഷം** മറിച്ചുകളവാൻ ഇച്ഛിക്കുന്നു എന്നത്രേ.*

ഒറ്റനോട്ടത്തിൽ നല്ലതാണെന്നും യുക്തിസഹമാണെന്നും തോന്നുന്ന ധാരാളം പുതിയ പ്രയോഗങ്ങൾ ആധുനിക സുവിശേഷീകരണ രംഗത്ത് ഉപയോഗിക്കുന്നുണ്ട്. അത്തരമൊരു പ്രയോഗമാണ്, *"ഞങ്ങൾ മത്സ്യത്തെ വൃത്തിയാക്കിയിട്ടല്ല പിടിക്കുന്നത്, മറിച്ച് പിടിച്ചിട്ട് വൃത്തിയാക്കുകയാണു ചെയ്യുന്നത്."* അവർ അർത്ഥമാക്കുന്നത്, അനേകരെ സഭയിലേക്കു കൊണ്ടുവരുന്നതിനായി മാനസാന്തരത്തിന്റെയോ ആത്മിക സൗഖ്യത്തിന്റെയോ ആവശ്യകത പറയാത്ത, അവരെ പ്രകോപിപ്പിക്കാത്ത തരത്തിലുള്ള സുവിശേഷം (എന്റെ ഭാഷയിൽ അർദ്ധ-സുവിശേഷം) പ്രസംഗിക്കുകയാണു വേണ്ടത് എന്നാണ്.

എന്നിരുന്നാലും, ഈ പ്രയോഗങ്ങൾ യുക്തിസഹമാണ് എന്നു നമുക്കു തോന്നിയാലും അതല്ല ദൈവത്തിന്റെ മാർഗ്ഗം എന്നതാണ് യാഥാർത്ഥ്യം. “ഞാൻ നടക്കാൻ നീ ആഗ്രഹിക്കുന്ന വഴി അതാണോ കർത്താവേ?” എന്നതാണ് നാം എപ്പോഴും ചോദിക്കേണ്ട ചോദ്യം. ദൈവത്തിന്റെ വഴികളും വിചാരങ്ങളും നമ്മുടേതിൽ നിന്നും വളരെ ഉന്നതമാണ്. **മാനസാന്തര ആഹ്വാനമില്ലാതെ പ്രസംഗിക്കപ്പെടുന്ന ഏതു സുവിശേഷവും വേറൊരു സുവിശേഷമാണ്.** എണ്ണം കൂട്ടാൻവേണ്ടി ആധുനിക സഭകൾ നടത്തുന്ന അനുരഞ്ജനങ്ങൾ വളരെയധികം ഹൃദയഭേദകമാണ്. ബൈബിളിലെ സുവിശേഷം എല്ലായ്പോഴും ‘മാനസാന്തരപ്പെട്ടു വിശ്വസിക്കുക’ എന്ന ആഹ്വാനത്തോടെയാണ് നൽകപ്പെട്ടിട്ടുള്ളത്. അതു മനസ്സിലാക്കുന്നതിൽ ആരെങ്കിലും പരാജയപ്പെട്ടാൽ, അവർ വിശുദ്ധനും നീതിമാനുമായ ദൈവത്തിന്റെ മുമ്പിൽ പാപികളാണെന്നു മാത്രമല്ല, അവർ ഇനിയും യേശുക്രിസ്തുവിന്റെ ക്രൂശിനെ അംഗീകരിക്കുവാനും സ്വീകരിക്കുവാനും ഒരുക്കപ്പെട്ടിട്ടുമില്ല. കാരണം സുവിശേഷം എന്നത് തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുള്ള സൗജന്യ ദാനമാണ്. അതിനെ അടിച്ചേല്പിക്കാനോ അനുരഞ്ജനപ്പെടുത്താനോ കഴികയില്ല.

നമ്മുടെ ജോലി ക്രിസ്തുവിന്റെ സുവിശേഷത്തെ അതിന്റെ പൂർണ്ണതയിൽ പ്രസംഗിക്കുക എന്നതാണ്. തങ്ങളുടെ പാപക്ഷമയ്ക്കുവേണ്ടിയുള്ള ഈ മഹത്തായ ദാനത്തെ സ്വീകരിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് കേഴ്വിക്കാരന്റെ ഉത്തരവാദിത്വമാണ്. കർത്താവായ യേശുക്രിസ്തു തന്നെ പറഞ്ഞത് താൻ നീതിമാന്മാരെയല്ല പാപികളെയത്രേ രക്ഷിക്കാൻ വന്നത് എന്നാണ്. ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല എന്ന ഒരു ഉദാഹരണവും അവൻ പറഞ്ഞു. ഏതു നിലയിലായാലും മത്സ്യത്തെ വൃത്തിയാക്കുന്നത് നമ്മുടെ ജോലിയല്ല, മറിച്ച് അതു ദൈവത്തിന്റെ ഉത്തരവാദിത്വമാണ്. **കോലാടിനെ വെളുത്ത പെയിന്റ് അടിച്ച് അതിനെ ചെമ്മരിയാട് ആക്കാൻ നാം ആഗ്രഹിച്ചാലും അത് ചെമ്മരിയാട് ആകുകയില്ല; അത് കോലാടു തന്നെയായിരിക്കും-ശരിയല്ലേ? ദൈവത്തിനു മാത്രമേ കോലാടിനെ ചെമ്മരിയാടാക്കാൻ കഴിയുകയുള്ളൂ.** നിർഭാഗ്യവശാൽ പ്രകോപനം സൃഷ്ടിക്കാത്ത അത്തരം പ്രസംഗങ്ങൾ വിശ്വാസികളെ എക്കാലവും ഏറ്റുപറയാത്ത അനേക പാപങ്ങളിൽ തളച്ചിട്ടിരിക്കുകയാണ് (ക്ഷമിക്കാത്ത അവസ്ഥ, ദുർന്നടപ്പ്, കോപം, ആസക്തികൾ, വിഗ്രഹാരാധന, അസൂയ ആദിയായവ). സത്യത്തെ നാം അംഗീകരിക്കുമ്പോൾ മാത്രമേ നാം നമ്മെത്തന്നെയും നമ്മുടെ പാപങ്ങളെയും ക്രൂശിന്റെ ചുവട്ടിലേക്കു കൊണ്ടുവരികയുള്ളൂ. ദൈവവചനത്തെ അനുസരിച്ച് **നിരന്തരമായി ജീവിക്കുവാൻ നാം തീരുമാനിക്കുമ്പോൾ** മാത്രമാണ് **യോഹന്നാൻ 8:31–32** ൽ കർത്താവ് പറഞ്ഞതുപോലെ നാം സാക്ഷാൽ സ്വതന്ത്രരായിത്തീരുന്നത്.

നാം നമ്മുടെ പ്രചുരപ്രചാരം സിദ്ധിച്ച **'വിശ്വാസി'** എന്ന പേരു മാറ്റി **'അനുസരണമുള്ള വിശ്വാസി'** എന്നു പേരു സ്വീകരിക്കേണ്ട സമയമായി എന്ന ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. കാരണം 'വിശ്വാസി' ആയിരിക്കുക എന്നത് നമ്മുടെ കർത്താവായ ദൈവത്തിന് ഒന്നുമല്ല.

**യാക്കോബ് 2:19 പറയുന്നു**

*ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ; കൊള്ളാം;*
*പിശാചുകളും അങ്ങനെ വിശ്വസിക്കയും വിറെക്കയും ചെയ്യുന്നു.*

# അധ്യായം 4

## പ്രസംഗത്തിന്റെ പരീക്ഷ – അർദ്ധ സുവിശേഷം!

ഇന്ന് അനേകരും സുവിശേഷത്തെ പ്രകോപനപരമല്ലാതാക്കുന്നതിനുവേണ്ടി 'ദൈവത്തിന്റെ കൃപയെയും സ്നേഹത്തെയും' ഉയർത്തിക്കാണിക്കുകയും കൗശലപൂർവ്വം (പക്ഷേ അതു സൂചിപ്പിക്കാതെ) 'ദൈവത്തിന്റെ വിശുദ്ധി' യുടെ ഭാഗം ('അനുസരണം ആവശ്യപ്പെടുന്ന ഭാഗം) താഴ്ത്തിക്കാണിക്കുകയും ചെയ്യുന്നു. അർദ്ധ–സത്യം സത്യമല്ല!

ഒരാൾ പറഞ്ഞത് വളരെ ശരിയാണ്. **സാത്താൻ ഒരു വിദഗ്ധനായ ജൂഡോ മാസ്റ്ററെപ്പോലെയാണ്. ഒരു ബലഹീനതയെ ജയിച്ചു എന്നു നാം വിചാരിക്കുമ്പോൾ, അവൻ മറുവശത്തു നിന്നും നമ്മെ ആക്രമിക്കും.**

**2000 വർഷങ്ങൾക്കു മുമ്പ് ആദിമ സഭ** പുതിയ യെഹൂദ വിശ്വാസികളുമായി മല്ലടിച്ച് "ന്യായപ്രമാണവും ആചാരങ്ങളും മുഖേനയുള്ള രക്ഷ"യിലേക്കു മടങ്ങിപ്പോയി. കാരണം അതിലൂടെ അവർക്ക് ആത്മീയ സമ്പൂർത്തി/ഉല്ക്കർഷം നേടി എന്ന സംതൃപ്തി ലഭിച്ചു.

**2000 വർഷങ്ങൾക്കു ശേഷം അന്ത്യകാല സഭ** ദൈവത്തിന്റെ കൃപയെ അവകാശമായി കരുതി പഴയ ജഡത്തിന്റെ പ്രവൃത്തികളിലേക്കു മടങ്ങിപ്പോകുകയും അങ്ങനെ ആത്മീയ മേധാവിത്വത്തിന്റെ സുരക്ഷിത മേഖല കണ്ടെത്തുകയും കൃപയിൽ നിന്നു ലഭിച്ച ഈ സ്വാതന്ത്ര്യത്തെ ജഡത്തിന് അവസരമാക്കുകയും ചെയ്യുന്നു.

**ഇതിനെക്കുറിച്ച് ചിന്തിക്കുക!** രക്ഷിക്കപ്പെട്ട ദൈവമക്കളായ നമുക്ക് നമ്മുടെ രക്ഷ നഷ്ടപ്പെടുത്താൻ കഴികയില്ല എന്ന് അറിഞ്ഞാൽ പിന്നെ സാത്താൻ എനിക്കും നിങ്ങൾക്കുംവേണ്ടി തന്റെ സമയം ചിലവഴിക്കുമോ?

ഞാൻ ഇത് മറ്റൊരു രീതിയിൽ പറയട്ടെ, രക്ഷിക്കപ്പെട്ട ഒരു വിശ്വാസിക്ക് (അനുസരണമുള്ളവനായാലും ഇല്ലെങ്കിലും) ദൈവത്തോടുകൂടിയുള്ള നിത്യത ഉറപ്പാണെങ്കിൽ പിന്നെ എന്തിനാണ് പൗലൊസും യാക്കോബും യോഹന്നാനും പത്രൊസും യൂദായും കർത്താവായ യേശു താനും വിശുദ്ധി

യിൽ നടക്കാൻ സഭയ്ക്ക് മുന്നറിയിപ്പു നൽകുന്നതിനും അവരെ ശാസിക്കുന്നതിനുപോലും ഇത്രയധികം സമയം ചിലവഴിച്ചത്?

സഭാലോകം സാവധാനം ഈ **'പ്രകോപനപരമല്ലാത്ത അർദ്ധ-സുവിശേഷത്തിന്റെ ചൂണ്ടയിൽ കുടുങ്ങിക്കൊണ്ടിരിക്കുകയാണ്.** അത് ആസക്തിയുളവാക്കുന്നതും ചൊറിയുന്ന കാതുകൾക്ക് സുഖകരമായി തോന്നുന്നതും **ലോകജഡം കേൾക്കാൻ ഇഷ്ടപ്പെടുന്നതും** ആയതിനാൽ അതു പ്രസംഗിക്കുന്ന ഏതു ഹാളും നിറയുകയും സഭകൾ മെഗാസഭകൾ ആയി മാറുകയും ചെയ്യും. ഇതു നമ്മെ അത്ഭുതപ്പെടുത്തേണ്ടതില്ല, കാരണം അനേകർ ഈ വിശാലമായ സുവിശേഷ വഴിയിലൂടെ സഞ്ചരിക്കുമെന്ന് നമ്മുടെ കർത്താവായ യേശു തന്നെ പ്രവചിച്ചിട്ടുണ്ട്!

നേരെ മറിച്ച് കർത്താവായ യേശുവിന്റെ പഠിപ്പിക്കലിലെ 'സത്യം' അനേകരെ പിന്തിരിപ്പിക്കുകയുണ്ടായി:

**യോഹന്നാൻ 6:66-68 ഇപ്രകാരം രേഖപ്പെടുത്തുന്നു:**
***"അന്നുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല.*** *67 ആകയാൽ യേശു പന്തിരുവരോടു: നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസ്സുണ്ടോ എന്നു ചോദിച്ചു. 68 ശിമോൻ പത്രൊസ് അവനോടു: കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ട്.*

അവന്റെ പഠിപ്പിക്കലിന്റെ ഫലമായി ജനത്തിന്റെ പ്രതികരണങ്ങൾ എന്തെല്ലാമായിരുന്നു? **അതു മെഗാസഭകൾ ആയിരുന്നുവോ?** അല്ല. നേരെ മറിച്ച് ഈ പ്രസിദ്ധമായ മൃദുസുവിശേഷം അതിന്റെ കേഴ്‌വിക്കാരുടെ ചൊറിയുന്ന ചെവികളെ പ്രകോപിപ്പിക്കാത്തതാണ്.

തങ്ങൾ സംസാരിക്കുന്നത് സത്യമാണെന്ന് തങ്ങൾക്കറിവുണ്ടായിരുന്ന അപ്പൊസ്തലനായ പൗലൊസും യോഹന്നാനും പോലും ജനത്തിന്റെ അഭിപ്രായത്തിന് വലിയ വില കല്പിച്ചിരുന്നില്ല.

***ഗലാത്യർ* 4:16** ൽ അപ്പൊസ്തലനായ പൗലൊസ് പറയുന്നു, *"സത്യം പറകകൊണ്ടു ഞാൻ നിങ്ങൾക്കു ശത്രുവായിപ്പോയോ?"*

**1 യോഹന്നാൻ 3:13** ൽ അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു,
*സഹോദരന്മാരേ, ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുത്"*

കർത്താവായ യേശു തന്റെ ശിഷ്യന്മാരെ ആദ്യമായി പ്രസംഗിക്കുന്നതിനായി

അയച്ചപ്പോൾ അവർ ആകെ പ്രസംഗിച്ചത് 'മാനസാന്തരപ്പെടേണം' (**മർക്കൊസ് 6:12**) എന്നായിരുന്നു എന്നു നിങ്ങൾക്കറിയാമോ?

*(അനുസരണത്തെ കുറേശ്ശെയായി സഭയുടെ ജാലകത്തിനു പുറത്തേക്ക് എറിയുന്ന)*

**ഈ കെണിയുടെ വേരുകൾ**

**ആദിമ സഭയെ ബാധിക്കുന്നതായി കണ്ടുതുടങ്ങിയിരുന്നു**

കർത്താവിന്റെ അപ്പൊസ്തലന്മാർ ഇതിനെതിരെ ഉറച്ച സ്വരത്തിൽ സംസാരിച്ചിരുന്നു:

- **ഗലാത്യർ 5:7–9, 13, 16, 19–24:** *[7]നിങ്ങൾ നന്നായി ഓടിയിരുന്നു; സത്യം അനുസരിക്കാതിരിപ്പാൻ നിങ്ങളെ ആർ തടുത്തുകളഞ്ഞു? [8]ഇങ്ങനെ നിങ്ങളെ അനുസരിപ്പിച്ചതു നിങ്ങളെ വിളിച്ചവന്റെ പ്രവൃത്തിയല്ല. [9]അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു.* ***[13]സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിന്നായി വിളിക്കപ്പെട്ടിരിക്കുന്നു; ഈ സ്വാതന്ത്ര്യം ജഡത്തിന്നു അവസരമാക്കുക മാത്രം ചെയ്യാതെ*** *സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ. [16]ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു. [19]ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പു, [20]അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, [21]ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ എന്നു വെളിവാകുന്നു;* ***ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു.*** *[22]ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, [23]പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല.* ***[24]ക്രിസ്തുയേശുവിന്നുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു.***

- **ഗലാത്യർ 6:7** പറയുന്നു: *[7]വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും.* ***[8]ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും.*** എന്നെ സംബന്ധിച്ച് ഈ വാക്യം വളരെ വ്യക്തമാണ്, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതം നാം ജീവിക്കുന്നില്ലെങ്കിൽ

നാം നിത്യജീവനെ കൊയ്യുകയില്ല.

- **2 യോഹന്നാൻ 1:8–9** പറയുന്നു: [8]*ഞങ്ങളുടെ പ്രയത്നഫലം കളയാതെ പൂർണ്ണപ്രതിഫലം പ്രാപിക്കേണ്ടതിന്നു സൂക്ഷിച്ചുകൊൾവിൻ.* [9]***ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തന്നും ദൈവം ഇല്ല;*** *ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ടു.* ഇവിടെ വീണ്ടും ഈ വാക്യം എന്നോടു പറയുന്നത്, നാം ഇടുക്കുപാതയിലൂടെ യാത്ര ചെയ്യുന്നതു തുടരുന്നില്ലെങ്കിൽ നാം മുമ്പേ എന്തിനുവേണ്ടി അധ്വാനിച്ചോ അതു നമുക്കു നഷ്ടപ്പെടും എന്നാണ്.

- ഒടുവിലായി യൂദാ (യേശുവിന്റെ അർദ്ധ സഹോദരൻ) സഭയിലെ അന്ത്യകാല ചിന്താധാരയെക്കുറിച്ചുള്ള തന്റെ ലേഖനത്തിൽ ഇതിനെക്കുറിച്ചു പ്രതിപാദിക്കുന്നു. അവൻ അതിനെ തീവ്രമായി എതിർക്കുകയാണു ചെയ്യുന്നത്. **യൂദാ 1:4–5, 10–13, 16–20** വായിക്കുന്നതു നമുക്കു സഹായകരമാണ്.

നിങ്ങൾ ഇതു വായിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, ഞാൻ ഇവിടെ നിർത്തിയിട്ട് നിങ്ങളോട് ചോദിക്കട്ടെ, "നിങ്ങളുടെ ജീവിതത്തിൽ നിങ്ങളുടെ പഴയ വഴികളെ വിട്ടു തിരിയുവാൻ ഒരു സമർപ്പണം നടത്തുകയും പാപഗ്രസ്തമായ പഴയ ജീവിതത്തിൽ നിന്നും മാറിയ **'രൂപാന്തരപ്പെട്ട ജീവിതം'** ആഗ്രഹിക്കുകയും ചെയ്തുകൊണ്ട് കർത്താവായ യേശുവിനെ നിങ്ങളുടെ രക്ഷകനായി നിങ്ങളുടെ ഹൃദയത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രത്യേക സമയം നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ടോ?"

ലോകത്തിലെ മറ്റെല്ലാ മതങ്ങളെക്കാളും ക്രിസ്തീയ വിശ്വാസം മാത്രമാണ് ദൈവത്തെ, നിഗ്രഹിക്കുന്നവൻ എന്ന നിലയിലല്ല, അബ്ബാ പിതാവ് എന്ന നിലയിൽ ധൈര്യത്തോടെ സമീപിക്കുവാൻ നമ്മെ ധൈര്യപ്പെടുത്തുന്നത്. നമ്മോടു **സഹതാപമുള്ള നമ്മുടെ മഹോപുരോഹിതനായ യേശുവിലൂടെ** അവന്റെ സാന്നിധ്യത്തിലേക്കും കൂട്ടായ്മയിലേക്കും നേരിട്ട് വരുവാൻ **ക്ഷണിക്കപ്പെട്ട സകലർക്കും ഈ മഹാഭാഗ്യം ദൈവം വാഗ്ദാനം ചെയ്യുന്നു.**

ദൈവത്തിന്റെ നിത്യമായ ഉദ്ദേശ്യം എല്ലായ്പോഴും വീണുപോയ മനുഷ്യനെ തിരികെ താനുമായി നിരപ്പാക്കുക എന്നതാണ്. ഉല്പത്തി മുതൽ വെളിപ്പാടു വരെ തന്റെ ജനത്തെ ദൈവം എല്ലായ്പോഴും വിളിക്കുന്നത് മാനസാന്തരപ്പെട്ട് തങ്കലേക്കു മടങ്ങിവരുവാനാണ്.

നിങ്ങൾ ഒരു പാപിയാണെന്നു മനസ്സിലാക്കി, നിങ്ങളുടെ പാപങ്ങൾക്കുവേണ്ടിയുള്ള യേശുവിന്റെ ക്രൂശിലെ യാഗത്തെ നിങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ – കാരണം സകല മനുഷ്യരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരാ

യിത്തീർന്നിരിക്കുന്നു എന്നു ബൈബിൾ പറയുന്നു - ഇപ്പോൾ ഒരു നിമിഷം നിന്ന് അതു വീണ്ടും ചെയ്യുന്ന കാര്യത്തെക്കുറിച്ചു ചിന്തിക്കുമോ? നിങ്ങൾ ജനിച്ചപ്പോൾ മുതൽ ഒരു ക്രിസ്ത്യാനിയായിരിക്കാം, പക്ഷേ നിങ്ങളുടെ ജീവിതത്തിലേക്ക് ക്രിസ്തുയേശുവിനെ ക്ഷണിക്കുന്നതിനുള്ള **മനപ്പൂർവ്വവും വ്യക്തിപരവുമായ തീരുമാനം എടുക്കുന്നതുവരെ അതു നിഷ്പ്രയോജനമാണ്!**

**പ്രവൃത്തികൾ 4:12** ൽ ബൈബിൾ പറയുന്നു,
*'മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല.'*

**"ഞങ്ങൾ ഇപ്പോഴും അന്വേഷണത്തിലാണ്"** എന്ന സാധാരണ പദപ്രയോഗമുപയോഗിക്കുന്ന അനേകരെ ലോകത്തിൽ നമുക്കു കാണാൻ കഴിയും. എങ്കിലും ചില ക്രിസ്തീയ വിശ്വാസികളും ഇതേ പദപ്രയോഗമുപയോഗിക്കുന്നു എന്നതാണ് ഏറ്റവും നിർഭാഗ്യകരമായ കാര്യം.

**ആവർത്തനം 4:29-31** പറയുന്നു,
*[29]എങ്കിലും അവിടെവെച്ചു നിന്റെ ദൈവമായ യഹോവയെ നീ തിരകയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ അന്വേഷിക്കയും ചെയ്താൽ അവനെ കണ്ടെത്തും. [30]നീ ക്ലേശത്തിലാകയും ഇവ ഒക്കെയും നിന്റെ മേൽ വരികയും ചെയ്യുമ്പോൾ **നീ ഭാവികാലത്തു നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിഞ്ഞു അവന്റെ വാക്കു അനുസരിക്കും.** [31]നിന്റെ ദൈവമായ യഹോവ കരുണയുള്ള ദൈവമല്ലോ; അവൻ നിന്നെ ഉപേക്ഷിക്കയില്ല, നശിപ്പിക്കയില്ല, നിന്റെ പിതാക്കന്മാരോടു സത്യംചെയ്തിട്ടുള്ള തന്റെ നിയമം മറക്കയുമില്ല.*

എന്തിനെക്കുറിച്ചാണ് അവർ അന്വേഷിക്കുന്നത് എന്നെനിക്കു മനസ്സിലാകുന്നില്ല. കർത്താവായ യേശുക്രിസ്തു സംശയരഹിതമായിട്ടാണ് ഇക്കാര്യം പറഞ്ഞിരിക്കുന്നത്:

**യോഹന്നാൻ 14:16**
*യേശു അവനോട്:*
***ഞാൻ തന്നെ വഴിയും***
*സത്യവും*
*ജീവനും ആകുന്നു;*
*ഞാൻ മുഖാന്തരമല്ലാതെ*
***ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല."***

ഒട്ടും അമാന്തിക്കാതെ നിങ്ങളുടെ മുറിയുടെ നിശബ്ദതയിൽ കർത്താവായ യേശുക്രിസ്തുവുമായി ആ സമർപ്പണത്തിൽ എത്തുവാൻ ദൈവസ്നേഹത്തിൽ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു.

**എബ്രായർ 4:6–7** പറയുന്നു,

*[6]അതുകൊണ്ടു ചിലർ അതിൽ പ്രവേശിപ്പാൻ ഇട ശേഷിച്ചിരിക്കയാലും മുമ്പെ സദ്വർത്തമാനം കേട്ടവർ അനുസരണക്കേടു നിമിത്തം പ്രവേശിക്കാതെ പോകയാലും [7]ഇത്ര കാലത്തിന്റെ ശേഷം ദാവീദ് മുഖാന്തരം: **"ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതു" എന്നു മുമ്പെ പറഞ്ഞതുപോലെ "ഇന്നു" എന്നൊരു** ദിവസം പിന്നെയും നിശ്ചയിക്കുന്നു.*

മതപരമായ ചടങ്ങ് എന്നപോലെ എല്ലാ ദിവസവും 91–ാം സങ്കീർത്തനം വായിക്കുകയും അതേസമയം തന്നെ തങ്ങൾക്കു ബോധിച്ചതുപോലെ ജീവിതം നയിക്കുകയും ചെയ്യുന്ന അനേക വിശ്വാസികളുണ്ട്. 91–ാം സങ്കീർത്തനത്തിലെ തുടർന്നു വരുന്ന വാക്യങ്ങളിലെ അനുഗ്രഹങ്ങൾക്കുള്ള വ്യവസ്ഥ പറയുന്ന ഒന്നാം വാക്യം അവർ മനപ്പൂർവ്വമായി അവഗണിക്കുന്നു.

**സങ്കീർത്തനം 91:1** *'അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ **പാർക്കയും** ചെയ്യുന്നവൻ.'* നാം നമ്മോടുതന്നെ ചോദിക്കേണ്ട ചോദ്യം – നാം യഥാർത്ഥമായും സത്യമായും ദൈവഹിതത്തിൽ വസിക്കുന്നുണ്ടോ? അങ്ങനെ **എങ്കിൽ**, കർത്താവിന്റെ സംരക്ഷണം ഉറപ്പാണ്.

ഇന്നു നാം ലളിതമായ **'വേദപുസ്തക സത്യങ്ങൾ'** സംസാരിക്കുമ്പോൾ, **'സത്യം'** എന്നതിനെക്കാൾ മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകുന്ന അനേകരെ നാം കാണുന്നു – "നിങ്ങൾ പറഞ്ഞ കാര്യങ്ങൾ ഇന്നിന്ന വ്യക്തികളെ പ്രകോപിപ്പിച്ചു എന്നു നിങ്ങൾക്കറിയാമോ?" എന്നവർ ചോദിക്കും. താഴെക്കാണുന്ന വാക്യത്തിൽ കർത്താവായ യേശുവിനോടു പറഞ്ഞതിനു തുല്യമാണിത്:

**മത്തായി 15:10–12**

*[10]പിന്നെ അവൻ പുരുഷാരത്തെ അരികെ വിളിച്ചു അവരോടു പറഞ്ഞതു: കേട്ടു ഗ്രഹിച്ചുകൊൾവിൻ. [11]മനുഷ്യന്നു അശുദ്ധിവരുത്തുന്നതു വായിക്കകത്തു ചെല്ലുന്നതു അല്ല, വായിൽനിന്നു പുറപ്പെടുന്നതത്രേ; അതു മനുഷ്യനെ അശുദ്ധമാക്കുന്നു. [12]അപ്പോൾ ശിഷ്യന്മാർ അടുക്കെ വന്നു: **"പരീശന്മാർ ഈ വാക്കു കേട്ടു ഇടറിപ്പോയി എന്നു അറിയുന്നുവോ എന്നു ചോദിച്ചു."***

ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കട്ടെ, ഇന്നു നിങ്ങൾ വിശുദ്ധമായ

ഭയത്തോടെ കർത്താവായ യേശുവിന്റെ ഉപദേശങ്ങളിൽ വസിക്കുന്നുണ്ടോ? നിങ്ങളുടെ ചുറ്റുപാടുമുള്ള ആളുകളുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കാതെ ദൈവവചനപ്രകാരം ധൈര്യത്തോടെ ജീവിക്കുകയും കർത്താവായ യേശു ധൈര്യസമേതം ചെയ്തതുപോലെ ദുരുപദേശങ്ങളെ വെളിച്ചത്തു കൊണ്ടു വരികയും ചെയ്യുന്നുണ്ടോ?

***നിർഭാഗ്യമെന്നു പറയട്ടെ, 2000 വർഷങ്ങൾക്കു ശേഷവും അധികമൊന്നും മാറ്റം വന്നിട്ടില്ല. താഴെപ്പറയുന്ന നിലയിൽ ഉപദേശങ്ങളെ നാം ഊന്നിപ്പറയുമ്പോൾ*** ഞാനും നിങ്ങളും 'ദുരുപദേഷ്ടാക്കൾ' അല്ലെങ്കിൽ 'ബുദ്ധിഭ്രമം സംഭവിച്ചവർ' എന്നു വിളിക്കപ്പെടുവാനുള്ള എല്ലാ സാധ്യതയും ഉണ്ട്.

- **യാക്കോബ് 1:2-4 ൽ** അപ്പൊസ്തലനായ യാക്കോബ് സഭയെ ധൈര്യപ്പെടുത്തുന്നത് *[2]എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധപരീക്ഷകളിൽ അകപ്പെടുമ്പോൾ [3]നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ. [4]എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന്നു സ്ഥിരതെക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ.*
- **1 പത്രൊസ് 4:12-19 ൽ** അപ്പൊസ്തലനായ പത്രൊസ് സഭയെ പ്രബോധിപ്പിക്കുന്നത് *[12]പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷെക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു* ***അപൂർവ്വകാര്യം*** *നിങ്ങൾക്കു വന്നുകൂടി എന്നുവെച്ചു അതിശയിച്ചുപോകരുതു. [13]ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. [14]****ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ.*** *[15]നിങ്ങളിൽ ആരും കൊലപാതകനോ കള്ളനോ ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടതു; പരകാര്യത്തിൽ ഇടപെടുന്നവനായിട്ടുമല്ല; [16]ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ ലജ്ജിക്കരുതു; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടതു. [17]ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ. അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? [18]****നീതിമാൻ പ്രയാസേന രക്ഷപ്രാപിക്കുന്നു*** *എങ്കിൽ അഭക്തന്റെയും പാപിയുടെയും ഗതി എന്താകും? [19]അതുകൊണ്ടു ദൈ*

*വേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ടു തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിങ്കൽ ഭരമേല്പിക്കട്ടെ.*

ബൈബിളിലെ **ഇത്തരത്തിലുള്ള ഒരു ഉപദേശം എപ്പോഴാണ് നിങ്ങൾ അവസാനമായി കേട്ടത് എന്ന ചോദ്യം നിങ്ങളോടു തന്നെ ചോദിക്കുക** (അത് ആദിമസഭയിൽ പ്രബലമായിരുന്ന കാര്യമായിരുന്നു എന്നറിയുക). അതോ അതു സഭയുടെ ഉള്ളറകളിൽനിന്നും എന്നെന്നേക്കുമായി പൊയ്പോയോ?

**ഇന്നു തീർച്ചയായും നാം ഈ പ്രവചനത്തോട്**
**അടുത്തുവന്നിരിക്കുകയാണ്:**
**ആമോസ് 8:11**
*അപ്പത്തിന്നായുള്ള വിശപ്പല്ല*
*വെള്ളത്തിന്നായുള്ള ദാഹവുമല്ല,*
***യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിന്നുള്ള***
*വിശപ്പുതന്നേ ഞാൻ ദേശത്തേക്കു അയക്കുന്ന*
*നാളുകൾ വരുന്നു എന്നു*
*യഹോവയായ കർത്താവിന്റെ അരുളപ്പാട്.*

ഇന്നത്തെ പ്രസംഗങ്ങൾ/പഠിപ്പിക്കലുകൾ എല്ലാം 'നന്നായി തോന്നുന്ന' തിനെക്കുറിച്ചാണ്! അത് ഇഷ്ടമല്ലാത്തത് ആർക്കാണ്? എന്റെ പാപഗ്രസ്തമായ ജഡം അതു കേൾക്കാൻ ഇഷ്ടപ്പെടുന്നു; അതു കേട്ടശേഷം പള്ളിയിൽ നിന്നും പുറത്തിറങ്ങുമ്പോൾ ഞാൻ ഉന്നതങ്ങളിലാണെന്നെനിക്കു തോന്നുമെങ്കിലും എന്റെ കർത്താവായ ക്രിസ്തുവിനുവേണ്ടി ഒരു രൂപാന്തരപ്പെട്ട ജീവിതം വേണമെന്ന ബോധ്യം അതെനിക്കു നൽകുന്നില്ല.

നവയുഗ സഭയുടെ ഈ 'നന്നായി തോന്നുന്ന ആപ്തവാക്യം' എന്നു പറയുന്നത് **അത്തരം സഭകളിൽ നിങ്ങൾ പ്രവേശിക്കുന്നതു മുതൽ നിങ്ങൾ പുറത്തിറങ്ങുന്ന സമയം വരെ നിങ്ങളെ വിനോദിപ്പിക്കുക എന്നതാണ്!**

സഭയ്ക്കു പുറത്തു നാം സുവിശേഷം അറിയിക്കുമ്പോൾ രക്ഷിക്കപ്പെടാത്തവരോടുള്ള സുവിശേഷം ക്രിസ്തുവിന്റെ സ്നേഹത്തെയും പാപക്ഷമയെയും കുറിച്ചു പ്രസംഗിക്കുന്നതാണെന്നാണു ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ ഞായറാഴ്ചതോറും ക്രിസ്തു നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്നതിനെക്കുറിച്ചുള്ള പ്രസംഗമാണ് നമുക്കു ലഭിക്കുന്നത് (ആ ആഴ്ച നമ്മെക്കുറിച്ചുള്ള ദൈവഹിതത്തിനനുസരണമായി വിശ്വാസികളായ നാം ജീവിക്കുന്നുണ്ടോ എന്നുപോലും നോക്കാതെ); രക്ഷിക്കപ്പെട്ട പാപി പഴയ വഴികളെ ഉപേക്ഷിച്ച് ദൈവിക പാതയിൽ സഞ്ചരിക്കുന്നതിന് അവനു ബോധം വരുത്തുന്ന പ്രസംഗങ്ങൾ ചെയ്യുന്നതേയില്ല.

**യിരെമ്യാവ് 23:1, 16–17 ലെ പ്രവചനങ്ങൾ അവരിൽ നിവൃത്തിയാകുന്നു:**
*1എന്റെ മേച്ചൽപുറത്തെ ആടുകളെ നശിപ്പിക്കയും ചിതറിക്കയും ചെയ്യുന്ന ഇടയന്മാർക്കു അയ്യോ കഷ്ടം എന്നു യഹോവയുടെ അരുളപ്പാടു.*
*16സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളോടു പ്രവചിക്കുന്ന **പ്രവാചകന്മാരുടെ വാക്കു കേൾക്കരുതു**; അവർ നിങ്ങളെ വ്യാജം ഉപദേശിക്കുന്നു; യഹോവയുടെ വായിൽനിന്നുള്ളതല്ല സ്വന്തഹൃദയത്തിലെ ദർശനമത്രേ അവർ പ്രവചിക്കുന്നതു.*
*17എന്നെ നിരസിക്കുന്നവരോടു അവർ: നിങ്ങൾക്കു സമാധാനം ഉണ്ടാകും എന്നു യഹോവ അരുളിച്ചെയ്തിരിക്കുന്നു എന്നു പറയുന്നു; തങ്ങളുടെ ഹൃദയത്തിലെ ശാഠ്യപ്രകാരം നടക്കുന്നവരോടൊക്കെയും: നിങ്ങൾക്കു ഒരു ദോഷവും വരികയില്ല എന്നു പറയുന്നു.*

സ്വയ-നീതിക്കാരായവർക്കു മാത്രമേ സ്വന്ത ജീവിതത്തിന്റെ മാനദണ്ഡമുയർത്താൻ തക്കവിധം പാപബോധം ഉളവാകാതിരിക്കുന്നുള്ളു. അത്തരം വിശ്വാസികൾ, അനുസരണക്കേടിന്റെ മക്കളിൽ വ്യാപരിക്കുന്ന വ്യാജ ആത്മാവിന്റെ വലയിൽ പെട്ട് തങ്ങൾ അഭിഷിക്തരാണെന്ന തോന്നലിന് അടിമപ്പെട്ട് ജീവിക്കുകയാണ്.

ഞാൻ ശ്രദ്ധിച്ച മറ്റൊരു കാര്യം, മനുഷ്യരെ പ്രസാദിപ്പിക്കുന്ന സർവ്വം കൃപാ സുവിശേഷം പ്രസംഗിക്കുന്ന ഈ പ്രസംഗകരും അധ്യാപകരും അവരുടെ ജീവിതത്തിൽ വളരെ കുറച്ചു കൃപ മാത്രമേ അനുഭവിക്കുന്നുള്ളു എന്നതാണ്. അവരുമായി ആഴമായ ഒരു ചർച്ചയ്ക്കു നിങ്ങൾക്ക് അവസരം ലഭിച്ചാൽ സ്നേഹമെന്ന ആത്മാവിന്റെ ഫലം നിങ്ങൾക്കവരിൽ കാണാൻ കഴികയില്ല, അതാണവരുടെ അടയാളമായ കുഴി. അക്കാരണത്താലാണ് അവരുടെ ഫലം കൊണ്ട് നിങ്ങൾക്കവരെ തിരിച്ചറിയാമെന്ന് മത്തായി 7:16 ൽ ക്രിസ്തു പ്രസ്താവിച്ചത്. അതിന്റെ കാരണം, **'കൃപയും സത്യവും നിറഞ്ഞ'** ക്രിസ്തുതുല്യ അവസ്ഥ അവരിലില്ല എന്നതാണ്. ഒന്നില്ലാതെ മറ്റൊന്നിന് നിലനില്പില്ല, അതു തകർന്നു വീഴും.

അവരുടെ സുഖിപ്പിക്കുന്ന സന്ദേശം 24X7 സമയവും നിങ്ങളെ അനുഗ്രഹിക്കാൻ ദൈവമാഗ്രഹിക്കുന്നു എന്നതാണ്. "ഞാൻ നിന്നെ ഐശ്വര്യമായി അനുഗ്രഹിക്കും; നിന്റെ സന്തതിയെ ... അത്യന്തം വർദ്ധിപ്പിക്കും" എന്ന ബൈബിൾ വാക്യം അവർ പറയുമെങ്കിലും അനുഗ്രഹത്തിന്റെ വ്യവസ്ഥ പറയുന്ന ഭാഗം അവർ വിട്ടുകളയും.

ഇന്ന് സഭ എങ്ങോട്ടാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്? നിർഭാഗ്യവശാൽ താഴെപ്പറയുന്ന വേദഭാഗത്തിൽ സൂചിപ്പിക്കുന്ന അന്ത്യകാലത്തേക്കാണോ അതു നീങ്ങിക്കൊണ്ടിരിക്കുന്നത്:

**2 തെസ്സലൊനീക്യർ 2:11–12**

*[11]**സത്യത്തെ വിശ്വസിക്കാതെ** അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന്നു ദൈവം [12]അവർക്കു ഭോഷ്കു വിശ്വസിക്കുമാറു വ്യാജത്തിന്റെ വ്യാപാരശക്തി അയയ്ക്കുന്നു.*

ഈ ദൂതുകൾ കേൾക്കുന്നതിൽ നിന്നും ഞാനെന്റെ ആത്മാവിനെ സൂക്ഷി ക്കുന്നില്ലെങ്കിൽ, അതെപ്പോഴാണ് എന്റെ അന്തരാത്മാവിൽ കൗശലപൂർവ്വം നുഴഞ്ഞുകയറുന്നതെന്ന് അറിയാതെ *"ഞാൻ ദൈവത്തിന്റെ സ്നേഹിതൻ, ഞാൻ ദൈവത്തിന്റെ സ്നേഹിതൻ, അവനെന്നെ സ്നേഹിതൻ എന്നു വിളി ക്കുന്നു"* (വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ പോലും) എന്നു ഞാൻ പാടി ക്കൊണ്ടിരിക്കും. **യോഹന്നാൻ 15:14** ൽ കർത്താവു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, *'ഞാൻ നിങ്ങളോടു കല്പിക്കുന്നതു **ചെയ്താൽ** നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നേ.'*

എങ്കിലും നാമെപ്പോഴും അവന്റെ സ്നേഹിതന്മാരാണ് എന്നു ചിന്തിക്കാൻ നാമാഗ്രഹിക്കുന്നുവെങ്കിൽ അതു നല്ലതു തന്നെയാണ്, കാരണം കല്യാണ വസ്ത്രമില്ലാതെ വിരുന്നുശാലയിൽ കണ്ട വ്യക്തിയെ, കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളയും മുമ്പെ 'സ്നേഹിതാ' എന്നു വിളിക്കുന്നതായി കർത്താവ് പ്രവചിച്ചിട്ടുണ്ട് (ദയവായി **മത്തായി 22:11–14** വായിക്കുക). അതുകൊണ്ട് അടുത്ത പ്രാവശ്യം നാം നമ്മെത്തന്നെ ദൈവ ത്തിന്റെ സ്നേഹിതൻ എന്നു വിളിക്കുമ്പോൾ, **സ്നേഹിതരുടെ കാര്യത്തിൽ പോലും ദൈവം മുഖപക്ഷം നോക്കുന്നില്ല എന്ന കാര്യം നമുക്ക് ഓർക്കാം.**

ഈ വ്യാജ ഉപദേഷ്ടാക്കളെ ശ്രദ്ധിക്കരുതെന്നും അല്ലാത്തപക്ഷം നശിപ്പി ക്കുന്ന ഈ വ്യാജ ആത്മാവ് കേഴ്വിക്കാരായ നാം അറിയുന്നതിനുമുമ്പു തന്നെ നമ്മുടെമേൽ വരുമെന്നും പില്ക്കാലത്ത് അപ്പൊസ്തലനായ യോഹന്നാൻ വിശ്വാസികൾക്കു മുന്നറിയിപ്പു നൽകുന്നുണ്ട്

**1 യോഹന്നാൻ 2:24–25, 26, 28**

*[24]നിങ്ങൾ ആദിമുതൽ കേട്ടതു നിങ്ങളിൽ **വസിക്കട്ടെ. ആദിമുതൽ കേട്ടതു നിങ്ങളിൽ** വസിക്കുന്നു **എങ്കിൽ** നിങ്ങൾ പുത്രനിലും പിതാവിലും **വസിക്കും.***

*[25]ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം: **നിത്യജീവൻ തന്നേ.***
*[26]**നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്തു***
*ഞാൻ ഇതു നിങ്ങൾക്കു എഴുതിയിരിക്കുന്നു.*

*[28]ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ **സന്നിധിയിൽ ലജ്ജിച്ചുപോകാതെ** അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന്നു **അവനിൽ വസിപ്പിൻ.***

മറ്റു വാക്കുകളിൽ പറഞ്ഞാൽ ഈ വാകൃത്തിൽ നിന്നും ഞാൻ മനസ്സിലാക്കുന്ന മുന്നറിയിപ്പ്, നാം ഈ ഉപദേശങ്ങളിൽ കുടുങ്ങിപ്പോകാൻ ആരംഭിച്ചാൽ കബളിപ്പിക്കുന്ന ഒരു ആത്മാവ് അതിവേഗം നമ്മെ കീഴ്പ്പെടുത്തുകയും സത്യത്തിൽ വസിക്കുന്നത് നാം അവസാനിപ്പിക്കുകയും ചെയ്യും എന്നതാണ്.

അതിന്റെ പരിണിത ഫലം ക്രിസ്തുയേശുവിന്റെ വരവിങ്കൽ നാം പുറകിൽ/പുറത്ത് മുട്ടിക്കൊണ്ടിരിക്കുന്നവരായി കൈവിടപ്പെടും എന്നതാണ്. അവന്റെ ഉപദേശത്തിൽ നാം **'വസിച്ചാൽ' നമുക്കു തീർച്ചയായും അവൻ വാഗ്ദത്തം ചെയ്ത നിത്യജീവൻ ലഭിക്കും (അല്ലെങ്കിൽ ലഭിക്കയില്ല).** അടിസ്ഥാനപരമായി 1 യോഹന്നാൻ 2:24–25 ൽ അപ്പൊസ്തലനായ യോഹന്നാൻ, **യോഹന്നാൻ 15:1–8** ൽ തന്റെ ഗുരു പറഞ്ഞ വാക്കുകൾ പ്രത്യേകമായി എടുത്തു പറയുകയാണു ചെയ്യുന്നത് (അതായത് **അവന്റെ കൊമ്പുകൾ എന്ന നിലയിൽ** നാം അവന്റെ യഥാർത്ഥ ശിഷ്യന്മാരാണെന്നു തെളിയിക്കുന്നതിനായി അധികം ഫലം കായിച്ചുകൊണ്ട് നാം **അവന്റെ കല്പനകളിൽ വസിക്കണമെന്നും** അല്ലാത്തപക്ഷം നമ്മെ കൊമ്പുപോലെ നീക്കിക്കളയുകയും തീയിലിട്ടു കളയുകയും ചെയ്യുമെന്ന്).

അതുകൊണ്ട് ഇവിടെ നമുക്ക് നിർത്തിയിട്ട് **ഏതു സുവിശേഷമാണ് നാം പങ്കുവയ്ക്കാൻ ഉത്സാഹിക്കുന്നത് – 'മൃദു സുവിശേഷ'മാണോ അതോ 'സത്യ സുവിശേഷ'മാണോ?** എന്നു നമ്മോടു തന്നെ ചോദിക്കുകയും നമ്മെത്തന്നെ ആഴമായി പരിശോധിക്കുകയും ചെയ്യാം.

ഇന്ന് സഭയിലുള്ള, സുവിശേഷം പങ്കിടുവാൻ ഭാരമുള്ള അനേകരും തങ്ങളുടെ നിർമ്മല മനസ്സാക്ഷിയിൽ, സുവിശേഷകർ എന്നു തങ്ങളെത്തന്നെ വിളിക്കുന്ന പ്രശസ്തരായ ടെലിവിഷൻ ക്രൂസേഡ് പ്രസംഗകർക്ക് തങ്ങളുടെ സാമ്പത്തിക പിന്തുണ നൽകുന്നു. അവർ സംഭാവന നൽകുന്നവരുടെ പണം വലിയ ക്രൂസേഡുകളിലെ പാട്ടുകാർക്കും ഉപകരണങ്ങൾ കൊണ്ടുപോകുന്നതിനുള്ള യാത്രാച്ചിലവിനും എയർ-കണ്ടീഷൻ ചെയ്ത വലിയ ഹാളുകൾ ബുക്കു ചെയ്യുന്നതിനും ബൃഹത്തായ ഓപ്പൺ എയർ സൗകര്യങ്ങൾ ഒരുക്കുന്നതിനും ചിലവഴിക്കുന്നു. ഇതെല്ലാം ചെയ്യുന്നതോ രക്ഷിക്കപ്പെട്ട വിശ്വാസികളെ ക്ഷണിക്കുന്നതിനായി സഭകളെ പ്രേരിപ്പിക്കുന്നതിനും രക്ഷിക്കപ്പെട്ട വിശ്വാസികളെ തങ്ങളുടെ 'വിശാല പാത' വ്യാജ സുവിശേഷത്തിന്റെ കെണിയിൽ അകപ്പെടുത്തുന്നതിനും വേണ്ടിയാണ്.

**മിക്കപ്പോഴും ഇതെല്ലാം ചെയ്യുന്നത് ഒരു സത്യസുവിശേഷകന്റെ കഠിനാധ്വാനത്തെ നശിപ്പിച്ചുകൊണ്ടായിരിക്കും.** അവരാകട്ടെ ആ പട്ടണത്തിന്റെയോ ഗ്രാമത്തിന്റെയോ തെരുവീഥികളിൽ വിശ്രമമില്ലാതെ, അനേകരും പണമടിശീല കൈയിലില്ലാതെ (**തങ്ങളുടെ യജമാനന്റെ കല്പന അനുസരിച്ച് – മർക്കൊസ് 6:8–9** *[8]അവർ വഴിക്കു വടി അല്ലാതെ ഒന്നും എടുക്കരുതു; അപ്പവും പൊക്കണവും മടിശ്ശീലയിൽ കാശും അരുതു; ചെരിപ്പു ഇട്ടുകൊള്ളാം; രണ്ടു വസ്ത്രം ധരിക്കരുത് എന്നിങ്ങനെ അവരോടു കല്പിച്ചു.*) **ആ ആത്മാക്കളെ രക്ഷിക്കുവാൻ** പ്രവർത്തിച്ചതാണ്.

ബലഹീനരും ക്ഷീണിതരുമായ രക്ഷിക്കപ്പെട്ട വിശ്വാസികൾ ഈ ക്രൂസേഡുകൾക്കു വരുമ്പോൾ അല്ലെങ്കിൽ ടെലിവിഷനിൽ അതു സംപ്രേക്ഷണം ചെയ്തു കാണുമ്പോൾ ക്രിസ്തുവിന്റെ കാലടികളെ പിൻപറ്റുവാൻ **ഇനിമേൽ ക്രൂശ് എടുക്കേണ്ടയാവശ്യമില്ല എന്നാണ് അവൻ/അവൾ കേൾക്കുന്നത്;** അവരുടെ ഇവിടുത്തെ ജീവിതത്തിൽ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്ന ഏക കാര്യം അവരെ അനുഗ്രഹിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതു മാത്രമാണ്. അവരുടെ വിശ്വാസത്തെ തെളിയിക്കുന്നതിനുള്ള അഗ്നിശോധനയായ ഈ വിവിധ പരിശോധനകളുടെയും പീഡനങ്ങളുടെയും നടുവിൽ (1 പത്രൊസ് 1:6–7) ക്രിസ്തുവിനുവേണ്ടി തലയുയർത്തി നില്ക്കുവാൻ അവർ പരിശ്രമിക്കുമ്പോൾ, അവർ നേരിടുന്ന പരിശോധനകളെ/പരീക്ഷകളെ/കഷ്ടതകളെ പിശാച് അയയ്ക്കുന്നവയായി കാണാൻ അവരെ പഠിപ്പിച്ചുകൊണ്ട്, തകർന്നതും അനുതാപമുള്ളതുമായ അവരുടെ ഹൃദയങ്ങളുടെ കാതുകൾക്ക് അതിനെ ഇമ്പകരമാക്കിത്തീർക്കുന്നു. നമ്മുടെ ജീവിതം ദൈവത്തിനു മഹത്വം കൊടുക്കുന്നതിനുള്ളതാണ് എന്നതിനു പകരം ജീവിതം അവരുടെ സ്വന്തക്ഷേമത്തിനുവേണ്ടി ജീവിക്കാനുള്ളതാണെന്ന് പഠിപ്പിക്കുന്നു.

ദുഃഖത്തോടെ പറയട്ടെ, ക്രിസ്തുവിൽ പ്രിയരായ ഇവർ, പീഡനത്തെയും കഷ്ടതയെയും പരിശോധനകളെയും സംബന്ധിച്ച് നമ്മുടെ കർത്താവ് പഠിപ്പിച്ചതിനോടും അല്പം മുമ്പ് നാം ചിന്തിച്ചതുപോലെ അവന്റെ ആദിമകാല ശിഷ്യന്മാരും അപ്പൊസ്തലനായ പത്രൊസും പൗലൊസും യാക്കോബും പഠിപ്പിച്ചതിനോടും **ഘടകവിരുദ്ധമായ** നിലയിലാണ് പഠിപ്പിക്കുന്നത്.

താഴെപ്പറയുന്ന വാക്യത്തിൽ അവരുടെ കർത്താവായ യേശു പറഞ്ഞ കാര്യം ആദിമ സഭാ ശിഷ്യന്മാർ ഗ്രഹിച്ചിരുന്നു.

**ലൂക്കൊസ് 9:24**

*'ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ*

***അതിനെ കളയും;***

*എന്റെ നിമിത്തം*

*ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ*
***അതിനെ രക്ഷിക്കും.'***

അതിനാൽ 2 തെസ്സലൊനീക്യർ 1:4–8 ൽ സഭയെ പ്രബോധിപ്പിച്ചുകൊണ്ട് പൗലൊസ് പറയുന്നത് കഷ്ടതയെ ധൈര്യത്തോടെ നേരിടുന്നത് യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ അലകും പിടിയുമാണെന്നാണ്.

**2 തെസ്സലൊനീക്യർ 1:4–8**

4 *അതുകൊണ്ടു* ***നിങ്ങൾ സഹിക്കുന്ന സകല ഉപദ്രവങ്ങളിലും കഷ്ടങ്ങളിലുമുള്ള നിങ്ങളുടെ സഹിഷ്ണുതയും വിശ്വാസവും*** *നിമിത്തം ഞങ്ങൾ ദൈവത്തിന്റെ സഭകളിൽ നിങ്ങളെച്ചൊല്ലി പ്രശംസിക്കുന്നു.*
5 *അതു നിങ്ങൾ കഷ്ടപ്പെടുവാൻ ഹേതുവായിരിക്കുന്ന ദൈവരാജ്യത്തിനു നിങ്ങളെ യോഗ്യന്മാരായി എണ്ണും എന്നിങ്ങനെ ദൈവത്തിന്റെ നീതിയുള്ള വിധിക്കു അടയാളം ആകുന്നു.*
6 ***കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി***
7 *ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ*
8 *നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും* ***പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും*** *പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ.*

താഴെക്കാണുന്ന വേദഭാഗത്തിൽ നാം വായിക്കുന്നതുപോലെ ഈ ദുരുപദേഷ്ടാക്കൾ വരുമെന്ന് പ്രാവചനിക മുന്നറിയിപ്പ് തിരുവെഴുത്തിൽ നാം കാണുന്നുണ്ട്.

**1 യോഹന്നാൻ 4:1**

*പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും*
*ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ*
***ഏതു ആത്മാവിനെയും വിശ്വസിക്കാതെ***
*ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ*
***എന്നു ശോധന ചെയ്വിൻ.***

ഈ ദുരുപദേഷ്ടാക്കൾ വഞ്ചിക്കുന്ന മൃദുഭാഷികളാകയാൽ അവരെ തിരിച്ചറിയണമെങ്കിൽ ഉന്നതമായ നിലയിലുള്ള ആത്മിക വിവേചനം ആവശ്യമാണ്.

**ഈ ദുരുപദേഷ്ടാക്കളെയും പ്രസംഗകരെയും നിങ്ങൾക്കു തിരിച്ചറിയുന്നതിന് ചില മാർഗ്ഗങ്ങളുണ്ട്:**

1. അവരെ തിരിച്ചറിയുന്നതിനുള്ള ഒന്നാമത്തെ മാർഗ്ഗം (അതിവേഗത്തി

ലുമുള്ള മാർഗ്ഗം) ലൂക്കൊസ് 6:26 ൽ നമ്മുടെ കർത്താവായ യേശു നൽകിയിരിക്കുന്ന അളവുകോലാണ്: *'**സകലമനുഷ്യരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ** നിങ്ങൾക്ക് അയ്യോ കഷ്ടം; അവരുടെ പിതാക്കന്മാർ കള്ളപ്രവാചകന്മാരെ അങ്ങനെ ചെയ്തുവല്ലോ.'* ഇന്ന് ഈ വൻകിട ക്രിസ്തീയ പ്രസംഗകർക്ക് ചുറ്റുപാടും വൻസ്വാധീനമുള്ളതുകൊണ്ട് അവർക്കെതിരെ പരസ്യമായി സംസാരിക്കുവാൻ ആരും ധൈര്യപ്പെടുകയില്ല. വാസ്തവത്തിൽ അവർ ആരാധിക്കപ്പെടുന്ന അളവുവരെ എത്തിയിരിക്കുന്നു; അവരുടെ വായിൽനിന്നും വീഴുന്നതെല്ലാം സുവിശേഷ സത്യമാണെന്ന് വിശ്വസിക്കുകയും ചോദ്യം ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്നു.

2. ദൈവമായ കർത്താവിന്റെയും അവന്റെ നിത്യരാജ്യത്തിന്റെയും കൊടി ഉയർത്തുന്നതിനു പകരം അവർ അവരുടെ സ്വന്ത മിനിസ്ട്രിയുടെ കൊടി ആണുയർത്തുന്നതെന്നു നിങ്ങൾക്കു കാണാം. അവരുടെ ശുശ്രൂഷകളിൽ അനേകവും ക്രിസ്തുവിന്റെ പേരിനു പകരം, അവരുടെ പേരും മിനിസ്ട്രിയുടെ പേരും ഉയർത്തുന്ന വിധത്തിൽ **അവരുടെ വ്യക്തിപരമായ പേരിലാണ് അറിയപ്പെടുന്നത്.** കർത്താവായ യേശു തന്നെയാണ് സുവിശേഷം/സദ്വർത്തമാനം (മർക്കൊസ് 1:1). എങ്കിലും അവൻ ഭൂമിയിൽ തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ തന്റെ പേര് ഉയർത്തിക്കാണിക്കാതെ 'ദൈവരാജ്യ'ത്തെക്കുറിച്ചാണ് പ്രസംഗിച്ചത് (മർക്കൊസ് 1:15).

3. സ്റ്റേജിലായാലും ടെലിവിഷനിലായാലും അവർ അവരെത്തന്നെ പ്രദർശിപ്പിക്കുകയും അവർ അല്ലെങ്കിൽ അവരുടെ ശുശ്രൂഷ എങ്ങനെ പ്രവർത്തിക്കുന്നു, ജനങ്ങളെ സ്പർശിക്കുന്നു എന്നു വിവരിച്ചുകൊണ്ട് **എല്ലായ്പോഴും വെള്ളിവെളിച്ചം തങ്ങളുടെമേലും തങ്ങളുടെ ശുശ്രൂഷകളുടെമേലും വീഴ്ത്തുന്നു.** ജീവിക്കുന്നതു നാമല്ല ക്രിസ്തുവത്രേ നമ്മിൽ ജീവിക്കുന്നത് എന്നും നമ്മുടെ ജീവൻ ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു എന്നും ദൈവവചനം പ്രബോധിപ്പിക്കുമ്പോൾ ഇതെത്ര ദാരുണമായ അവസ്ഥയാണ്? ഗലാത്യർ 2:20 ൽ പറയുന്നത് നമ്മിലുള്ള 'ഞാൻ' ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നും ഇനിമേൽ ജീവിക്കുന്നത് 'ഞാൻ' അല്ല 'ക്രിസ്തു' അത്രേ നമ്മിൽ ജീവിക്കുന്നത് എന്നുമാണ്. ക്രിസ്തു ദൈവമായിരുന്നിട്ടും ഒരിക്കലും സ്വന്തമഹത്വം അന്വേഷിച്ചിട്ടില്ല, മറിച്ച് ദൈവത്തിനു മഹത്വം വരുത്തുകയാണു ചെയ്തത് (യോഹന്നാൻ 8:50). അതുപോലെതന്നെ ക്രിസ്തു ഒരിക്കലും തന്നെക്കുറിച്ചു തന്നെ സാക്ഷ്യം പറഞ്ഞിട്ടില്ല (പരസ്യം നൽകിയിട്ടില്ല) പകരം സ്വർഗ്ഗീയ പിതാവിന്റെ പ്രവൃത്തികൾക്കു സാക്ഷ്യം പറയുകയാണു ചെയ്തിട്ടുള്ളത് (യോഹന്നാൻ 5:31-32).

4. അവരുടെ മിനിസ്ട്രിക്കു കൊടുക്കുന്നതിനുവേണ്ടി **നിരന്തരമായ സാമ്പത്തിക അപേക്ഷ** കാണാം. ക്രിസ്തു ഒരിക്കൽ പോലും തനിക്കോ തന്റെ ശുശ്രൂഷയ്ക്കോ വേണ്ടി എന്തെങ്കിലും നൽകുന്നതിനായി, പ്രത്യേകാൽ സാമ്പത്തികമായി, അപേക്ഷിക്കുകയോ അതിനെ പ്രോത്സാഹിപ്പിക്കുകയോ ചെയ്തിരുന്നില്ല. വാസ്തവത്തിൽ അവൻ തന്റെ ശിഷ്യന്മാരെ പറഞ്ഞയയ്ക്കുമ്പോൾ സ്വന്ത ആവശ്യത്തിനായി പണം കൈയിലെടുക്കരുതെന്നുപോലും അവൻ നിർദ്ദേശിക്കുകയാണുണ്ടായത്. കാരണം സുവിശേഷത്തിന് ഒരിക്കലും പണം ആവശ്യമില്ല, ആവശ്യം വരികയുമില്ല, മറിച്ച് അതിനാവശ്യം യേശുക്രിസ്തു 'മശിഹാ' ആണെന്ന് പ്രഘോഷിക്കുന്നതിന് ദൈവാത്മാവുള്ള വിശ്വസ്തവും ധൈര്യവുമുള്ള ഒരു നാവാണ്! അവർ തങ്ങൾക്കുവേണ്ടി പണം ആവശ്യപ്പെടുകയും തങ്ങളുടെ സ്ഥാപനത്തിലൂടെ സുവിശേഷീകരണത്തെ കേന്ദ്രീകരിക്കുകയും ചെയ്യുന്നതുകൂടാതെ അവർ തങ്ങളുടെ കേഴ്വിക്കാരെ ക്രിസ്തുവിനുവേണ്ടി (അവർക്കുവേണ്ടിത്തന്നെയല്ല) ശിഷ്യന്മാരാക്കുകയും അങ്ങനെ തങ്ങളുടെ കേഴ്വിക്കാർക്കു ചുറ്റുമുള്ള ലോകത്തെ സന്ധിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ആഹ്വാനം തന്നിലൂടെ മാത്രം ശുശ്രൂഷ വിശാലമാക്കുക എന്നതായിരുന്നില്ല, മറിച്ച് അവൻ അവരോട് പറഞ്ഞത്, 'നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുക' എന്നതായിരുന്നു (മത്തായി 28:18-20).

5. അവർ **തങ്ങളുടെ മനസ്സലിവിനെ പ്രദർപ്പിച്ചു കാണിക്കുന്നു.** മൂന്നാം ലോകരാജ്യത്തുനിന്നുള്ള ഒരു ദരിദ്ര ശിശുവിനെ കൈയിലെടുക്കുന്നത് നമ്മെ ക്രിസ്തുവിന്റെ ശുശ്രൂഷകൻ ആക്കുകയോ യഥാർത്ഥ മനസ്സലിവിനെ പ്രതിഫലിപ്പിക്കുകയോ ചെയ്യുന്നില്ല. മറിച്ച് ദൈവഹിതം ചെയ്യുന്നതും ദൈവത്തിന്റെ ഉപദേശങ്ങളിലും കല്പനകളിലും പണിനടത്തുകയും അതിന് മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നതുമാണ് നിങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷകൻ ആക്കുന്നത് (മത്തായി 7:21-24; മത്തായി 28:20).

6. ഒടുവിലായി, അവർ തങ്ങളുടെ ശിഷ്യന്മാരെ - അല്ലെങ്കിൽ സാമ്പത്തിക പങ്കാളികളെന്നു വിളിക്കുന്നതായിരിക്കും ഉചിതം - തങ്ങളുടെ മാസ്മരികതയിൽ നിർത്തിയിരിക്കുന്നതായി തോന്നും. കാരണം ആരെങ്കിലും അവരുടെ **ഇഷ്ട സ്റ്റേജ്/ടി.വി. ഹീറോ**യ്ക്കെതിരായി ഒരു വാക്ക് ഉച്ചരിച്ചാൽ ഒരു ഫ്യൂസ് മിന്നുന്നതും അവർ നിങ്ങളുടെ നേരെ പാഞ്ഞുവരുന്നതും നിങ്ങൾക്കു കാണാം. ക്രിസ്തുയേശുവിന്റെ നേരെയും അവർക്ക് ഇതേ മനോഭാവമാണോ ഉള്ളതെന്ന് ഞാൻ അതിശയിച്ചുപോകുന്നു. ആദിമ സഭയിൽ അപ്പൊസ്തലനായ പൗലൊസും അപ്പൊ

ല്ലോസും അഭിമുഖീകരിച്ചതുപോലെ, 1 കൊരിന്ത്യർ 1:12-13 ൽ തങ്ങളെത്തന്നെ കർത്താവായ യേശുവിന്റെ അതേ നിലവാരത്തിൽ ഉയർത്തിയവരെ പൗലൊസ് കഠിനമായി ശാസിക്കുകയാണു ചെയ്തത്.

സത്യത്തെ വളച്ചൊടിച്ചുകൊണ്ട് സ്വയം പുകഴ്ത്തുന്നതും സുഖിപ്പിക്കുന്നതുമായ നിലയിലുള്ള അവരുടെ സംസാരത്തിൽ ഒരുവൻ എളുപ്പത്തിൽ വഞ്ചിക്കപ്പെട്ടുപോകും. എന്തുകൊണ്ട്? **വഞ്ചനയുടെ ആത്മാവ്** പ്രവർത്തിക്കുന്നുണ്ടെന്നും വിശ്വാസികൾ തങ്ങളുടെ ഹൃദയത്തെ കാത്തുകൊള്ളുന്നില്ലെങ്കിൽ അത് അവരുടെമേൽ വരാൻ സാധ്യതയുണ്ടെന്നും വേദപുസ്തകം വളരെ ഉറപ്പായി പറഞ്ഞിരിക്കുന്നു - അന്ത്യകാലത്ത് സഭകളുടെമേൽ വരുമെന്ന് വേദപുസ്തകം വളരെ ഉറപ്പായി പറയുന്ന ആ വഞ്ചനയുടെ ആത്മാവിനെക്കുറിച്ച് കൂടുതൽ അറിയുന്നതിനുവേണ്ടി ഈ തിരുവെഴുത്തുകൾ വായിക്കുവാൻ സമയമെടുക്കുക - **2 തെസ്സലൊനീക്യർ 2:3,11; 2 തിമൊഥെയൊസ് 3:1-7; 2 തിമൊഥെയൊസ് 4:2-4; 1 യോഹന്നാൻ 2:26-28; വെളിപ്പാട് 16:14.**

വിശ്വാസികളായ നമ്മിൽ അനേകരും സാധുക്കളും ക്രിസ്തീയ കൂട്ടായ്മയുടെ നാമത്തിൽ ഏതു സഭയോടും ഏതു ക്രിസ്ത്യാനിയോടും (പരിഗണന കൂടാതെ) കൂട്ടായ്മ ആചരിക്കാമെന്നു വിശ്വസിക്കുന്നവരുമാണ്. സകലരെയും സ്നേഹിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു (പരിഗണന കൂടാതെ). എന്നാൽ ഇരുട്ടിൽ നടക്കാതെ വെളിച്ചത്തിൽ നടക്കുന്ന സഹോദരന്മാരുമായി മാത്രം കൂട്ടായ്മ ആചരിക്കുന്നതിനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. വാസ്തവത്തിൽ ക്രിസ്തുയേശുവിന്റെ ഉപദേശത്തിൽ വസിക്കാത്തവരുമായി നാം കൂട്ടായ്മ ആചരിക്കാൻ പാടില്ല എന്ന് ദൈവവചനം വളരെ കർശനമായി പറഞ്ഞിരിക്കുന്നു. **'കൂട്ടായ്മയുടെ അതിരുകളെ'**ക്കുറിച്ച് പറഞ്ഞിരിക്കുന്ന തിരുവെഴുത്തുകൾ വായിക്കുവാൻ ഞാൻ ആത്മാർത്ഥമായി നിങ്ങളോട് അപേക്ഷിക്കുകയാണ്:

**2 യോഹന്നാൻ 1:8-11**

*8 ഞങ്ങളുടെ പ്രയത്നഫലം കളയാതെ*
***പൂർണ്ണപ്രതിഫലം പ്രാപിക്കേണ്ടതിന്നു***
*സൂക്ഷിച്ചുകൊൾവിൻ. 9 ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ*
*അതിർ കടന്നുപോകുന്ന ഒരുത്തന്നും*
*ദൈവം ഇല്ല;*
*ഉപദേശത്തിൽ നിലനില്ക്കുന്നവനോ*
*പിതാവും പുത്രനും ഉണ്ടു.*
*10 ഒരുത്തൻ ഈ ഉപദേശവും കൊണ്ടു അല്ലാതെ*
*നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുതു;*
*അവന്നു കുശലം പറകയും അരുതു. 11 അവന്നു കുശലം പറയുന്നവൻ*

*അവന്റെ ദുഷ്പ്രവൃത്തികൾക്കു കൂട്ടാളിയല്ലോ.*

**1 യോഹന്നാൻ 1:3–7; 2 തെസ്സലൊനീക്യർ 3:6; 2 കൊരിന്ത്യർ 6:14–18** എന്നീ ഭാഗങ്ങൾ നിങ്ങൾ വായിച്ചാൽ ഇതിനെ സംബന്ധിച്ച് കൂടുതൽ ഉൾക്കാഴ്ച നിങ്ങൾക്കു ലഭിക്കും.

ഇനി ചോദിക്കേണ്ട ചോദ്യം, എന്തുകൊണ്ടാണ് പരമാധികാരിയായ ദൈവം ഈ കള്ള ഉപദേഷ്ടാക്കളെയും കള്ള പ്രവാചകന്മാരെയും അനുവദിക്കുന്നത് എന്നതാണ്? ഇതിനുള്ള ഉത്തരം **ആവർത്തനം 13:1–4** ലെ പ്രാവചനിക വചനത്തിൽ കാണാം: ജീവനുള്ള സത്യദൈവത്തോട് അവന്റെ യഥാർത്ഥ ജനത്തിനുള്ള സ്നേഹത്തിന് ആനുപാതികമായി അവന്റെ 'വചനവും കല്പനകളും' അനുസരിക്കുന്നതിന് അവർ യഥാർത്ഥമായി സമർപ്പിതരായിരിക്കുന്നുവോ എന്നു പരീക്ഷിക്കേണ്ടതിനുവേണ്ടി ദൈവം വ്യാജ പ്രവാചകന്മാരെ അനുവദിക്കുകയും **അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുന്നതിന് അവർക്ക് ശക്തി നൽകുകപോലും** ചെയ്യുന്നു എന്നവിടെ പറഞ്ഞിരിക്കുന്നു.

**ആവർത്തനം 13:2–5**
**(വിശ്വാസത്യാഗത്തിനുള്ള ശിക്ഷ)**

*[2]നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകനോ സ്വപ്നക്കാരനോ എഴുന്നേറ്റു: [3]നീ അറിഞ്ഞിട്ടില്ലാത്ത അന്യദൈവങ്ങളെ നാം ചെന്നു സേവിക്ക എന്നു പറഞ്ഞും കൊണ്ടു **ഒരു അടയാളമോ അത്ഭുതമോ** മുന്നറിയിക്കയും അവൻ പറഞ്ഞ അടയാളമോ അത്ഭുതമോ **സംഭവിക്കയും** ചെയ്താൽ [4]ആ പ്രവാചകന്റെയോ സ്വപ്നക്കാരന്റെയോ വാക്കു നീ കേട്ടനുസരിക്കരുതു; നിങ്ങളുടെ ദൈവമായ യഹോവയെ **പൂർണ്ണഹൃദയത്തോടും പൂർണ്ണ**മനസ്സോടും കൂടെ നിങ്ങൾ **സ്നേഹിക്കുന്നുവോ എന്നു അറിയേണ്ടതിന്നു നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളെ പരീക്ഷിക്കയാകുന്നു.** [5]നിങ്ങളുടെ ദൈവമായ യഹോവയെ നിങ്ങൾ അനുസരിച്ചു ഭയപ്പെടുകയും അവന്റെ കല്പന പ്രമാണിച്ചുഅവന്റെ വാക്കു കേൾക്കയും അവനെ സേവിച്ചു അവനോടു ചേർന്നിരിക്കയും വേണം.*

അനേക ക്രിസ്തീയ ക്രൂസേഡ്, ടി. വി. പ്രസംഗകരിലൂടെ ഈ വേദഭാഗം ഇന്നു നിവൃത്തിയായിക്കൊണ്ടിരിക്കുന്നതു നാം കാണുന്നു. **അവരുടെ പ്രാഥമിക ലക്ഷ്യം അടയാളങ്ങളും അത്ഭുതങ്ങളും വീര്യപ്രവൃത്തികളും കാണിക്കുക എന്നതാണ്;** കർത്താവായ യേശു കല്പിച്ചതുപോലെ പാപത്തെ വിട്ടു തിരിയേണ്ടതിന്റെയും വിശുദ്ധജീവിതം നയിക്കേണ്ടതിന്റെയും ആവശ്യകത

ഉണ്ടെന്ന് കേഴ്‌വിക്കാർക്ക് **ബോധ്യം വരുത്തുവാൻ** അവർ ശ്രമിക്കുന്നതേയില്ല. പകരം **'അനേക'** ക്രിസ്ത്യാനികളും ഇന്നു നടക്കുന്നതായി നാം കാണുന്ന **വിശാല പാത**യുടെ മായാപ്രപഞ്ചത്തിലേക്കു അവർ അവരെ നയിക്കുന്നു.

*'ഏതു ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു* ***ശോധനചെയ്‌വിൻ'*** എന്ന് **1 യോഹന്നാൻ 4:1** ൽ അപ്പൊസ്തലനായ യോഹന്നാൻ പറഞ്ഞപ്പോൾ, **മത്തായി 7:15–17** ൽ 'നല്ലതോ ആകാത്തതോ എന്നു ശോധന ചെയ്‌വിൻ' എന്നു കർത്താവ് പറഞ്ഞതിനെ യോഹന്നാൻ നമ്മെ ഓർപ്പിക്കുകയായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. **മത്തായി 7:21–23** ൽ അവർ ചെയ്ത അത്ഭുത പ്രവൃത്തികളാൽ വഞ്ചിക്കപ്പെടാതെ അവരിലുള്ള പരിശുദ്ധാത്മാവിന്റെ ഫലത്താൽ അവരെ തിരിച്ചറിയാൻ കർത്താവു പറയുന്നു.

ഇതു വായിക്കുന്ന, ക്രിസ്തുയേശുവിൽ പ്രിയരായ **നിങ്ങളോരോരുത്തരോടും ഉള്ള എന്റെ അപേക്ഷ,** കർത്താവായ യേശു പറഞ്ഞ മുന്നറിയിപ്പുതന്നെയാണ് – **കള്ളപ്രവാചകന്മാരെ സൂക്ഷിക്കുക!**

**മത്തായി 7:15–17 ൽ കർത്താവ് മുന്നറിയിപ്പു നൽകുന്നു**

15 ***കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ;*** *അവർ ആടുകളുടെ വേഷം പൂണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചുകീറുന്ന ചെന്നായ്ക്കൾ ആകുന്നു.* 16 ***അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം;*** *മുള്ളുകളിൽനിന്നു മുന്തിരിപ്പഴവും ഞെരിഞ്ഞിലുകളിൽനിന്നു അത്തിപ്പഴവും പറിക്കുമാറുണ്ടോ?*
17 *നല്ല വൃക്ഷം ഒക്കെയും നല്ല ഫലം കായ്ക്കുന്നു; ആകാത്ത വൃക്ഷമോ ആകാത്ത ഫലം കായ്ക്കുന്നു.*

ക്രിസ്തീയ ദുരുപദേശങ്ങൾ ധാരാളമുള്ളതിനാൽ സാത്താന്റെ കൗശലപൂർവ്വമുള്ള ദുഷ്ട വഞ്ചനയെ തിരിച്ചറിയണമെങ്കിൽ വിവേചനത്തിനുള്ള വലിയ കഴിവ് ആവശ്യമാണ്. നിങ്ങൾക്ക് യഥാർത്ഥത്തിൽ ആവശ്യമായിരിക്കുന്നത്

- **പരിശുദ്ധാത്മാവ്**
- **വിശുദ്ധ തിരുവചനത്തിന്റെ ധ്യാനം (പകലും രാവും)**

ക്രിസ്തുവിൽ പ്രിയരേ, ഇത് അന്ത്യകാലമാണ്, ആട്ടിൻതോലണിഞ്ഞ അനേക എതിർ-ക്രിസ്തുക്കൾ എഴുന്നേറ്റിരിക്കുന്നു. (*ദൈവമായ കർത്താവിന്റെ നാമത്തിൽ വരുന്ന*) ഈ ക്രിസ്തീയ ടി.വി. പ്രക്ഷേപണം കാണുകയും അതിന് അടിമപ്പെടുകയും ചെയ്യുന്നത് **ഇപ്പോൾ തന്നെ** നിർത്തുക! അല്ലാത്തപക്ഷം കർത്താവായ യേശുവിന്റെ വരവിങ്കൽ നിങ്ങളും അവരോടൊപ്പം ലജ്ജിതരായിത്തീരുകതന്നെ ചെയ്യും – **1 യോഹന്നാൻ 2:24–28.**

**മത്തായി 7:21–23 ൽ കർത്താവായ യേശു**
**വീണ്ടും മുന്നറിയിപ്പു നൽകുന്നു:**

*[21]"എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു. [22]കർത്താവേ, കർത്താവേ, **നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ** എന്നു പലരും ആ നാളിൽ എന്നോടു പറയും.*
*[23]അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തുപറയും."*

തന്റെ ഉപദേശത്തിന്മേലും കല്പനകളിന്മേലും യഥാർത്ഥമായി പണിയുന്നവരാണ് 'സത്യപ്രവാചകന്മാരും ഉപദേഷ്ടാക്കളും' എന്നു കർത്താവ് തുടർന്നു പറയുന്നു. **മത്തായി 7:24** *[24]ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു.*

നാം നമ്മുടെ പാപങ്ങളെ വിട്ടുതിരിഞ്ഞ് യോഹന്നാൻ 8:31–32 ൽ പറയുന്നതുപോലെ അവന്റെ കല്പനകളെ അനുസരിക്കുമ്പോഴാണ് **യഥാർത്ഥ വീണ്ടെടുപ്പ്** സംഭവിക്കുന്നതെന്ന് കർത്താവായ യേശു വ്യക്തമായി പറഞ്ഞു.

**യോഹന്നാൻ 8:31–32**

*തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു: **എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി,** [32]സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു.*

*'സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും'* എന്ന വചനം അനേകർ ഇന്ന് ഏറ്റുപറയുകയും ഉദ്ധരിക്കുകയും ചെയ്യാറുണ്ട്.
എന്നാൽ ആ വചനം കാണുന്ന സന്ദർഭത്തിലേക്കു മടങ്ങിപ്പോയി ചിന്തിച്ചാൽ അവന്റെ വചനത്തെ തുടർമാനമായി അനുസരിക്കുന്നതാണ് **'വാസ്തവമായി സ്വതന്ത്രമാക്കുന്നത്'** (വിവിധ അന്ധതയിൽനിന്നും ബന്ധനങ്ങളിൽനിന്നും) എന്ന് വളരെക്കുറച്ചു പേർ മാത്രമേ മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്യുന്നുള്ളു.

**ക്രൂസേഡുകളിൽ വെച്ച്** യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നവരിൽ 70% പേരും തങ്ങളുടെ വിശ്വാസം ത്യജിച്ച് **പഴയ വഴികളിലേക്ക് മടങ്ങുന്നതായി** സ്ഥിതിവിവരക്കണക്കുകൾ പറയുന്നതായി ഞാൻ മനസ്സിലാക്കുന്നു. "ക്രിസ്തീയ ജീവിതത്തിൽ പരിശോധനകൾ ഉണ്ട്" എന്നും **മത്തായി 28:20** ൽ കർത്താവ് കല്പിച്ച പ്രകാരം അവർ അനുസരിച്ചു നടക്കണം എന്നും അവരോടു പറയാത്തതാണ് അതിനു കാരണം.

ഇന്ന് ദൈവത്തോടൊപ്പമുള്ള **നിത്യത/നിത്യരാജ്യം** എന്നീ വാക്കുകൾ അനേക നവയുഗ വിശ്വാസികൾക്കും **സുഖപ്രദമായി തോന്നാറില്ല,** കാരണം **അവരുടെ മനസ്സിൽ അത് ഒരു വിദൂര പ്രത്യാശ മാത്രവും** വർത്തമാനകാല ജഡത്തെയും അനതിവിദൂരഭാവിയെയും സംതൃപ്തിപ്പെടുത്താത്തതും ആണ്.

നിർഭാഗ്യവശാൽ ഇന്നത്തെ ഔട്ട്റീച്ചുകളിലും പ്രസംഗങ്ങളിലും **ശ്രേഷ്ഠനിയോഗത്തിലെ ഒരു പ്രധാന കാര്യം വിട്ടുകളയുന്നതു** പതിവാണ്.

**മത്തായി 28:18–19**

*യേശു അടുത്തുചെന്നു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും,*

എന്നാൽ കർത്താവായ യേശുവിന്റെ ശ്രേഷ്ഠനിയോഗം ഇവിടംകൊണ്ട് അവസാനിക്കുന്നില്ല.

**മത്തായി 28:20**

*ഞാൻ നിങ്ങളോടു കല്പിച്ചതു **ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു** സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു.*

എന്ന കർത്താവായ യേശുവിന്റെ കല്പനയുടെ ബാക്കിഭാഗത്ത് അതു **തുടരുന്നുണ്ട്** (നാം പലപ്പോഴും ഒഴിവാക്കുന്ന ഭാഗം).

**ഇന്നത്തെ ആധുനിക സഭാ പഠിപ്പിക്കൽ 'പ്രമാണിപ്പാൻ തക്കവണ്ണം അവരെ ഉപദേശിക്കുക'** എന്നതല്ല മറിച്ച് സുഖിപ്പിക്കുന്ന 'മൃദുസുവിശേഷ' സന്ദേശത്തിലൂടെ ദൈവം അവരെ എത്രമാത്രം സ്നേഹിക്കുന്നു എന്നും അവരെ അനുഗ്രഹിക്കാൻ അവൻ എത്രമാത്രം ആഗ്രഹിക്കുന്നുവെന്നും അവരെ പഠിപ്പിക്കുക എന്നതാണ്.

**ഒന്നാമതായി,** പരിശുദ്ധ ദൈവം കൃപ നിറഞ്ഞവൻ മാത്രമല്ല ദഹിപ്പിക്കുന്ന അഗ്നിയും പാപത്തെ സഹിക്കാത്തവനുമായ നീതിമാനായ ദൈവവും കൂടി യാണ് എന്ന കാര്യം നാം മറന്നുപോകുന്നു. **ദൈവം കൃപ നിറഞ്ഞവൻ മാത്രമാണെങ്കിൽ** (നമ്മിൽ അനേകരും ചിന്തിക്കുന്നതുപോലെ) എനിക്കു നിങ്ങളോട് ഒരു ചോദ്യം ചോദിക്കുവാനുണ്ട്. **ദൈവം ഏദെൻ തോട്ടത്തിൽ തന്റെ സാന്നിധ്യത്തിൽ നിന്നും ആദാമിനെയും ഹവ്വായെയും പുറത്താ ക്കിയ നാടകമെല്ലാം ആദ്യമേ നടത്തിയതെന്തിനായിരുന്നു?** അവർ ഒരി ക്കലല്ലേ വഴിതെറ്റിയുള്ളു; അവൻ കൃപ നിറഞ്ഞവനായിരുന്നതിനാൽ അവ രുടെ പാപങ്ങൾ അവന് അവഗണിക്കാമായിരുന്നല്ലോ - ശരിയല്ലേ? അല്ല - അവർ അവരുടെ അനുസരണക്കേടിന്റെ പരിണിതഫലമായി 'നീതിമാനും വിശുദ്ധനുമായ' ദൈവത്തിന്റെ ശിക്ഷയെ അഭിമുഖീകരിക്കണമായിരുന്നു!

ദൈവം ഇന്നലെയും ഇന്നും നാളെയും മാറ്റമില്ലാത്തവനാണെന്ന് ബൈബിൾ പറയുന്നു, അത് പഴയ നിയമത്തിലും പുതിയ നിയമത്തിലും പരാമർശിച്ചിരി ക്കുന്നു.

ഒരു രക്ഷിക്കപ്പെട്ട പാപി തന്റെ വചനം അനുസരിച്ച് നടക്കണമെന്ന് ദൈവം ഇപ്പോഴും ആവശ്യപ്പെടുന്നതായി അനേക 'പുതിയ നിയമ തിരുവെഴുത്തുക ളിലൂടെയും' മുമ്പ് നാം കാണുകയുണ്ടായി. സാത്താൻ മുഖാന്തരം ഹവ്വാ ചതിക്കപ്പെട്ടതുപോലെ, ദൈവിക ന്യായപ്രമാണവും കല്പനകളും അനുസ രിക്കുന്നതോ അനുസരിക്കാതിരിക്കുന്നതോ ഒന്നുമില്ല എന്നു പറഞ്ഞ് ദൈവ വചനത്തിൽ വെള്ളം ചേർക്കുന്ന ഈ ദുരുപദേഷ്ടാക്കളാൽ വിശ്വാസികൾ വഞ്ചിക്കപ്പെട്ടുപോകരുതെന്ന് **2 കൊരിന്ത്യർ 11:3** ൽ പൗലൊസ് മുന്നറിയിപ്പു നൽകുന്നു. നേരെ മറിച്ചാണ് ബൈബിൾ പറയുന്നത്.

**1 കൊരിന്ത്യർ 7:19**

*പരിച്ഛേദന ഒന്നുമില്ല, അഗ്രചർമ്മവും ഒന്നുമില്ല,*
***ദൈവകല്പന പ്രമാണിക്കുന്നതത്രേ കാര്യം.***

ഈ വാക്യം വ്യക്തമായി പഠിപ്പിക്കുന്ന ഒരു കാര്യം, പരിച്ഛേദനാ നിയമം മാറ്റി എന്നത് ആചാരാനുഷ്ഠാനങ്ങൾക്കൊപ്പം ദൈവമായ കർത്താവിന്റെ ന്യായപ്രമാണവും കല്പനകളും നീക്കിക്കളഞ്ഞു എന്ന് ഒരു കാരണവശാലും അർത്ഥമാക്കുന്നില്ല.

**രണ്ടാമതായി,** 'കൊല ചെയ്യരുത്' അല്ലെങ്കിൽ 'മോഷ്ടിക്കരുത്' അല്ലെങ്കിൽ 'വ്യഭിചാരം ചെയ്യരുത്' തുടങ്ങിയ തന്റെ വിശുദ്ധ കല്പനകൾ നീക്കുവാ നാണു കർത്താവായ യേശു വന്നതെന്ന് നിങ്ങൾ ചിന്തിക്കുകയോ അങ്ങനെ പഠിപ്പിക്കപ്പെടുകയോ ചെയ്യുന്നുണ്ടെങ്കിൽ (അതിനെ അനുഷ്ഠാന നിയമങ്ങ ളുമായി തെറ്റിദ്ധരിക്കുന്നുവെങ്കിൽ), **പ്രിയ സഹോദരാ, സഹോദരീ, നിങ്ങൾക്ക് ബൈബിളിലെ ദൈവത്തെയും കർത്താവായ യേശുക്രിസ്തു**

**വിനെയും മനസ്സിലാക്കുന്ന കാര്യത്തിൽ ഗൗരവമായ തെറ്റു പറ്റിയിരിക്കുന്നു.** നേരെമറിച്ച് കർത്താവായ യേശുവാണ് **മത്തായി 5:21–28** ൽ നാം വായിക്കുന്ന രീതിയിൽ ന്യായപ്രമാണത്തെ കുറെക്കൂടി കർശനമാക്കി തീർത്തത്. അതിനുമുമ്പ് കർത്താവ് ഇപ്രകാരം പറഞ്ഞു:

**മത്തായി 5:17–18 ൽ**

**കർത്താവായ യേശു പ്രത്യേകമായി പറഞ്ഞു:**

*17 **ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു;** നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നതു. 18 സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല.*

രക്ഷിക്കപ്പെട്ട പാപി 'നിത്യമായ രക്ഷ'യ്ക്കായി തന്നെത്താൻ ത്യജിച്ച് തന്റെ പഴയ പാപപങ്കിലവും മറുതലിക്കുന്നതുമായ ജീവിതത്തെ മാറ്റിവെച്ച് മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്ക്കണമെന്ന് ദൈവം തീർച്ചയായും കല്പിക്കുന്നു; **കേവലം വർത്തമാനകാല ഭൗമികവും സാമ്പത്തികവുമായ സാഹചര്യങ്ങളിൽനിന്നുള്ള രക്ഷ മാത്രമല്ല ദൈവം ആഗ്രഹിക്കുന്നത്**, നിർഭാഗ്യവശാൽ ഇന്ന് അതാണ് പലപ്പോഴും പ്രസംഗിക്കപ്പെടുന്നതും ആളുകൾ മനസ്സിലാക്കുന്നതും.

മുകളിൽ പറഞ്ഞ കാര്യം ഞാനിത്രയും ശക്തമായി പറയുന്നതിന്റെ കാരണം, അനേക ഉന്നതരായ ആത്മീയ നേതാക്കളും മൂപ്പന്മാരും പാസ്റ്റർമാരും പ്രസംഗകരും സെമിനാരി അധ്യാപകരുൾപ്പെടെയുള്ള ഉപദേഷ്ടാക്കളും ദിവസേനയെന്നവണ്ണം തങ്ങളുടെ ചുറ്റുമുള്ള രക്ഷിക്കപ്പെടാത്തവരോട് സുവിശേഷം അറിയിക്കുന്നവരോ അതിന് ആത്മാർത്ഥമായി ആത്മഭാരമുള്ളവരോ അല്ല എന്നതാണ്. അതു മാത്രമല്ല, സുവിശേഷം അറിയിക്കാൻ ഒരു വാതിൽ തുറന്നു കിട്ടിയാൽ രക്ഷിക്കപ്പെടാത്ത ഒരു വ്യക്തിയോട് എങ്ങനെ സുവിശേഷം അറിയിക്കണമെന്ന് അവരിൽ പലർക്കും അറിയില്ല എന്ന കാര്യം നമ്മെ അതിശയിപ്പിക്കും.

എന്റെ ഒരു സ്നേഹിതൻ ഞങ്ങളുടെ വീട്ടിൽ വന്നപ്പോൾ തന്റെ ഒരനുഭവം (തികച്ചും നിരാശയോടെ) പങ്കുവയ്ക്കുകയുണ്ടായി. അദ്ദേഹം തന്റെ സഭയിലെ ഒരു മൂപ്പനാണ്. വർഷങ്ങളായി തന്റെ സഭയിലെ വിശ്വാസികളോട് സുവിശേഷം പ്രസംഗിച്ചുകൊണ്ടിരിക്കുന്ന പാസ്റ്ററോട് (ഇതു പലപ്പോഴും സഭകളിൽ നടക്കുന്നു എന്നത് രസകരമാണ്. അവിടെയുള്ളവർ എത്രയോ പ്രാവശ്യം ഇതു കേട്ടു കഴിഞ്ഞതാണ്) എങ്ങനെ സുവിശേഷം പങ്കിടണമെന്ന് വിശ്വാസികളെ പഠിപ്പിച്ചാൽ അതു കൂടുതൽ പ്രയോജനം ചെയ്യുമെന്ന്

ഒരു നിർദ്ദേശം അദ്ദേഹം മുന്നോട്ടുവച്ചു. **കാരണം സുവിശേഷം സഭയ്ക്കു പുറത്താണ് പ്രസംഗിക്കേണ്ടത് സഭയുടെ നാലു ചുവരുകൾക്കുള്ളിൽ മാത്രമല്ല എന്നദ്ദേഹം പറഞ്ഞു** (ഉപ്പ് ഉപ്പായി തന്നെ ഇരുന്നാൽ അതിന് അതിന്റെ കാരം നഷ്ടപ്പെടുമെന്ന് കർത്താവു മുന്നറിയിപ്പു നൽകിയിട്ടുണ്ട്). എന്റെ സ്നേഹിതൻ എന്നോടു പറഞ്ഞത്, ആ ദിവസം മുതൽ പാസ്റ്റർക്ക് അദ്ദേഹത്തോട് നീരസം തുടങ്ങിയെന്നാണ്.

ഇതേ സ്നേഹിതൻ, മറ്റൊരിക്കൽ തനിക്കുണ്ടായ നിരാശപ്പെടുത്തുന്ന മറ്റൊരനുഭവവും പങ്കുവയ്ക്കുകയുണ്ടായി. സ്വന്തമായി സ്നാനക്കുളം ഇല്ലാത്ത മറ്റൊരു സഭ, അദ്ദേഹത്തിന്റെ സഭയിലെ സ്നാനക്കുളം ഉപയോഗിക്കുന്നതിനായി സഭാ കമ്മറ്റിക്ക് ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി. അനേക ദിവസങ്ങളോളം നടപടികളൊന്നുമില്ലാതെ ഇതു മാറ്റിവെച്ചു. ഇതിൽ നിരാശ തോന്നിയ എന്റെ സ്നേഹിതൻ അടുത്ത കമ്മറ്റിയിൽ ആ വിഷയം ശ്രദ്ധയിൽപെടുത്തി: “സഹോദരന്മാരേ, സ്നാനപ്പെടുവാൻ തയ്യാറായ ഒരു ആത്മാവിനുവേണ്ടി മറ്റൊരു സഭ നമ്മുടെ സ്നാനക്കുളം ആവശ്യപ്പെട്ടിരിക്കേ ഇത്രയും പ്രാധാന്യമുള്ള ഒരു വിഷയം നിങ്ങൾക്കെങ്ങനെ അവഗണിക്കാൻ കഴിയുന്നു?” നമ്മുടെ സഭയ്ക്ക് അസൗകര്യമുള്ള സമയത്താണ് ഈ സ്നാനം നടത്താൻ അവർ അനുവാദം ചോദിച്ചിരിക്കുന്നത് എന്നതിനാലാണ് ഈ അപേക്ഷ സ്വീകരിക്കാൻ കഴിയാത്തത് എന്നാണ് അദ്ദേഹത്തിനു ലഭിച്ച മറുപടി. അങ്ങനെയെങ്കിൽ ആ പ്രത്യേക ദിവസം ആ സമയത്ത് താൻ വന്ന് സഭാഹാൾ തുറക്കുകയും സ്നാനക്കുളത്തിൽ വെള്ളം നിറയ്ക്കുകയും ശുശ്രൂഷയ്ക്കുശേഷം ഹാൾ അടയ്ക്കുകയും ചെയ്തുകൊള്ളാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. എന്നാൽ അദ്ദേഹത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് അപേക്ഷ നിരസിക്കപ്പെടുകയാണുണ്ടായത്.

**2 തിമൊഥെയൊസ് 3:5 ലെ**

***ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും***

എന്ന പ്രവചനം യഥാർത്ഥമായി യാഥാർത്ഥ്യമാകുന്നത് നാം നമുക്കു ചുറ്റും കാണുന്നു.

ഈ അധ്യായം ഞാൻ ഉപസംഹരിക്കുമ്പോൾ (യഥാർത്ഥമായി കർത്താവിനെ സ്നേഹിക്കുന്നു എന്നു നാം പറയുന്നുവെങ്കിൽ) നമ്മുടെ കർത്താവും ദൈവവുമായ ക്രിസ്തുവിനോടുള്ള നമ്മുടെ യഥാർത്ഥ സ്നേഹത്തെ തെളിയിക്കുന്ന ലിറ്റ്മസ് ടെസ്റ്റ് ഈ വാക്യത്തിൽ കാണുന്നത് നമ്മെത്തന്നെ ഓർമ്മിപ്പിക്കുക:

**യോഹന്നാൻ 14:15**
***'നിങ്ങൾ എന്നെ സ്നേഹിക്കുന്നു***
***എങ്കിൽ***
***എന്റെ കല്പനകളെ***
*കാത്തുകൊള്ളും'*

കർത്താവിൽ യഥാർത്ഥമായി വസിക്കുന്നവൻ ആര് എന്നതിനെക്കുറിച്ചുള്ള 'ഹൂ ഈസ് ഹൂ' ൽ ഇതേ കാര്യം അപ്പൊസ്തലനായ യോഹന്നാൻ ഉറപ്പിക്കുന്നു

**1 യോഹന്നാൻ 3:24**
***അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ***
***അവനിലും***
***അവൻ ഇവനിലും***
*വസിക്കുന്നു.*

അപ്പൊസ്തല പ്രവൃത്തികളിൽ നാം വായിക്കുന്നതുപോലെ **ആദിമ സഭ രൂപമെടുത്തപ്പോൾ കപടഭക്തിക്കാരെയും വിശ്വാസികളുടെ ഇടയിലെ കപട ഭക്തിയും അനുവദിച്ചിരുന്നില്ല.** അത്തരക്കാരെയെല്ലാം അപ്പൊസ്തലന്മാർ കഠിനമായി ശാസിച്ചിരുന്നു. ആ സമയത്ത് ദൈവിക ന്യായവിധി ഉടനെയുള്ളതും കഠിനവുമായിരുന്നു. അതിനുദാഹരണമാണ് അനന്യാസും സഫീറയും.

ഇന്ന് കഥ മറ്റൊന്നാണ്; ദൈവസഭയിൽ അനേകർ വ്യാജന്മാരാണ്. 2 തിമൊഥെയൊസ് 3:5 ൽ കാണുന്നതുപോലെ, അന്ത്യകാലത്ത് ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്ന - അതായത് രൂപാന്തരപ്പെട്ട ജീവിതങ്ങളെ ഉളവാക്കുവാനുള്ള സുവിശേഷത്തിന്റെ **'ശക്തിയെ'** ത്യജിക്കുന്ന - അനേകർ കടന്നുവരും!

**യിരെമ്യാവ് 23:20-22**
*[20]തന്റെ ഹൃദയത്തിലെ ഉദ്ദേശങ്ങളെ നടത്തിത്തീരുവോളം യഹോവയുടെ കോപം മാറുകയില്ല; **ഭാവികാലത്തു** നിങ്ങൾ അതിനെ പൂർണ്ണമായി ഗ്രഹിക്കും. [21]**ഞാൻ ഈ പ്രവാചകന്മാരെ അയക്കാതിരുന്നിട്ടും** അവർ ഓടി; ഞാൻ അവരോടു അരുളിച്ചെയ്യാതിരുന്നിട്ടും അവർ പ്രവചിച്ചു. [22]അവർ എന്റെ ആലോചനസഭയിൽ നിന്നിരുന്നുവെങ്കിൽ, **എന്റെ വചനങ്ങളെ എന്റെ ജനത്തെ കേൾപ്പിച്ചു** അവരെ **അവരുടെ ആകാത്ത വഴിയിൽനിന്നും** അവരുടെ പ്രവൃത്തികളുടെ ദോഷത്തിൽനിന്നും **തിരിപ്പിക്കുമായിരുന്നു.***

യിരെമ്യാ പ്രവാചകന്റെ പ്രവചനവും 2 തിമൊഥെയൊസ് 4:3 ൽ പറഞ്ഞിരിക്കുന്ന അപ്പൊസ്തലനായ പൗലൊസിന്റെ വാക്കുകളും ഇന്ന് നിവൃത്തിയായിരിക്കുന്നു; അതായത് അന്ത്യകാലത്ത് ആളുകൾ അവരുടെ കാതുകൾ കേൾക്കാൻ ഇഷ്ടപ്പെടുന്ന കാര്യങ്ങൾക്കായി കാതോർക്കും. രണ്ടു കാരണങ്ങൾ: ഒന്നാമത്, ചുരുക്കം ചില വിശ്വാസികൾക്കു മാത്രമേ ദൈവവചനം വായിക്കുവാനും ദൈവത്തിന് അവരോടു പറയാനുള്ള കാര്യം കേൾക്കാനുമുള്ള ആഗ്രഹമുള്ളു; രണ്ടാമത്, അവരുടെ ജഡിക ഹൃദയങ്ങൾക്ക് ഇമ്പകരമായ കാര്യങ്ങൾ അവർ കേൾക്കുന്നു. ഇന്ന് നവയുഗ വിശ്വാസത്യാഗം അത്രയധികം വർദ്ധമാനമായിരിക്കുന്നതിനാൽ അവരുടെ ജഡിക ഹൃദയങ്ങൾ കുറ്റബോധത്തിൽ നിന്നും വിമുക്തമായിരിക്കുന്നതിനുവേണ്ടി അവർ സകലവും ഒരു പ്രവാചകനെക്കൊണ്ടോ പ്രവാചകിയെക്കൊണ്ടോ വിലയിരുത്തി ഉറപ്പാക്കുന്നു. പഴയ നിയമവും പുതിയ നിയമവും പരിശോധിച്ചാൽ നാം മനസ്സിലാക്കുന്ന ഒരു കാര്യം ദൈവജനം പ്രവാചകന്മാരെ അന്വേഷിച്ചു ചെല്ലുകയല്ല, മറിച്ച് ദൈവം തനിക്ക് ആവശ്യമുള്ള സമയത്ത് പ്രവാചകന്മാരെ അവരുടെ അടുത്തേക്ക് അയയ്ക്കുകയാണു ചെയ്തിരുന്നത്. പൊതുവേ യിസ്രായേലിലെ ദുഷ്ടരാജാക്കന്മാരാണ് തങ്ങളുടെ കാതുകൾക്ക് ഇമ്പകരമായ രീതിയിൽ പ്രവചിക്കുന്നതിനായി തങ്ങൾക്കു ചുറ്റും പ്രവാചകന്മാരെ കൊണ്ടു നടന്നിരുന്നത്.

ഈ സ്വയ അവരോധിതരായ പ്രവാചകന്മാരിൽ നിന്നും പ്രവാചകിമാരിൽ നിന്നും അനേക നവയുഗ ക്രിസ്തീയ അന്ധവിശ്വാസങ്ങൾ വന്നുകൊണ്ടിരിക്കുന്നു; ചിലർ അനാവശ്യമായ **ഭയം** ഇളക്കിവിടുകയും ചിലർ **ദ്രവ്യാഗ്രഹ**ത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവരിൽ നിന്നും അകന്നു നില്ക്കുക!

ഈ വേദഭാഗത്തു പറയുന്ന പ്രാവചനിക സമയത്താണ്
ഇന്നു സഭ ജീവിക്കുന്നത്:

**ആമോസ് 8:11**

*"'അപ്പത്തിനായുള്ള **വിശപ്പല്ല**, വെള്ളത്തിനായുള്ള ദാഹവുമല്ല, **യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിനുള്ള വിശപ്പുതന്നേ** ഞാൻ ദേശത്തേക്കു അയയ്ക്കുന്ന നാളുകൾ വരുന്നു' എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്"*

ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ, എല്ലാ പ്രഭാതത്തിലും ദൈവവചനം വായിക്കുന്നതിനുള്ള ഒരു ശീലവും അവനിൽനിന്നു മാത്രം കേൾക്കുന്നതിനുള്ള ഒരു ആഗ്രഹവും എന്നിലും നിങ്ങളിലും ഉണ്ടാകട്ടെ.

ദൈവവചനത്തോടുള്ള സ്നേഹം യാദൃച്ഛികമായി നമ്മിൽ ഉണ്ടാകുകയില്ല; അതു വളർത്തിയെടുക്കേണ്ടതാണ്. ആരോ ഒരാൾ പറഞ്ഞതുപോലെ, പ്രഭാതത്തിൽ നിങ്ങൾ ഉണർന്നെഴുന്നേല്ക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്ന ചിന്ത എന്താണ് – "പണം" ആണോ അതോ "ദൈവം" ആണോ? ('gold' or 'God').

# അധ്യായം 5

## പലവിധ നവയുഗ കെണികളും വിശ്വാസത്യാഗവും

ഇന്ന് അനവധി തരത്തിലുള്ള കെണികളും വിശ്വാസത്യാഗവും സഭയുടെ മതിലിനു നേരെ ആഞ്ഞടിച്ചുകൊണ്ടിരിക്കുകയാണ്; പ്രവചനങ്ങളിൽ കാണുന്ന കാലത്താണ് നാമിപ്പോൾ ആയിരിക്കുന്നത് എന്ന നിലയിലാണ് കാര്യങ്ങൾ സംഭവിക്കുന്നത്. നിരാശാജനകമാംവിധം സഭ വിശ്വാസത്യാഗത്തിലേക്കു വഴുതിപ്പോകുന്നതായുള്ള അന്ത്യകാല പ്രവചനങ്ങൾ നിറവേറുന്നതായി ഒരുവശത്തു കാണുമ്പോൾ തന്നെ മറുവശത്ത് 'ക്രിസ്തുവിന്റെ വരവിനോട്' നാം എത്രമാത്രം അടുത്തിരിക്കുന്നുവെന്നത് നമ്മെ ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. പുസ്തകത്തിന്റെ ഈ ഭാഗം വായിച്ചതിനുശേഷം, 'അവന്റെ വചനത്തിന്റെ സത്യ'ത്തോട് നാം **മാനസാന്തരത്തോടെ അടുത്തുവരേണ്ട ഏറ്റവും അനുയോജ്യ സമയമാണിതെന്ന്** നിങ്ങൾ സമ്മതിക്കും.

പഴയ നിയമത്തിലെ വ്യത്യസ്ത കാലയളവുകളിൽ യിസ്രായേൽ രാഷ്ട്രത്തിനെതിരെ ആഞ്ഞടിച്ച വിശ്വാസത്യാഗങ്ങളോട് തികച്ചും സമാനമായിട്ടുള്ളവയാണ് **അന്ത്യകാല വിശ്വാസത്യാഗങ്ങൾ**. അവർ തങ്ങൾക്കു ചുറ്റുമുള്ള ജാതികളുടെ വഴി പിന്തുടർന്നുകൊണ്ട് ദൈവത്തെ വിട്ടുപോകുന്നത് അക്കാലത്തു പതിവായിരുന്നു. എന്നിരുന്നാലും ഇന്നത്തെ ആധുനിക കാല വിശ്വാസത്യാഗം **2 തിമൊഥെയൊസ് 3:5** ൽ പ്രവചിച്ചിരിക്കുന്ന '*ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്ന*' വിധം വ്യക്തമായിട്ടല്ല വെളിപ്പെടുന്നത്.

സഭയുടെ മതിലിനുനേരെ ആഞ്ഞടിക്കുന്ന നിരവധി ആധുനിക കാല വിശ്വാസത്യാഗങ്ങളുടെ (ഇന്ന് വളർന്ന് വികസിക്കുന്നവ) പട്ടികയിൽ നിന്നും **നാം സൂക്ഷിക്കുകയും കരുതലോടെ ഇരിക്കുകയും** ചെയ്യേണ്ട ചില വിശ്വാസത്യാഗങ്ങളെ ഞാനിവിടെ എടുത്തെഴുതുകയാണ്!

❖ **പരിശുദ്ധാത്മാവിന്റെ ഫലത്തിനു പകരം പരിശുദ്ധാത്മാവിന്റെ വരങ്ങളെക്കുറിച്ചുള്ള പഠിപ്പിക്കലുകൾ, സെമിനാറുകൾ, ക്രൂസേഡുകൾ:**

ഇന്ന് അനേകർ പരിശുദ്ധാത്മ വരങ്ങളുടെ അഭിഷേകത്തിനായി പഠിപ്പിക്കലുകളും മീറ്റിംഗുകളും സെമിനാറുകളും റാലികളും സംഘടിപ്പിക്കുന്നതിൽ വ്യാപൃതരായിരിക്കുകയാണ്. രക്ഷിക്കപ്പെട്ട വിശ്വാസികളെ ഉറപ്പിക്കുക, ദൈവത്തിന്റെ വിശുദ്ധ കല്പനകൾ അനുസരിച്ച് കർത്താവിനു പ്രസാദകരമായ ജീവിതം നയിക്കുക എന്നിവ പഠിപ്പിക്കുന്നതിനു പകരം രോഗശാന്തി വരം ലഭിക്കുന്നതിനും അന്യഭാഷകളിൽ സംസാരിക്കുന്നതിനും അല്ലെങ്കിൽ ഭൂതങ്ങളെ പുറത്താക്കുന്നതിനുമായി (രോഗശാന്തി ശുശ്രൂഷ, അഗ്നി ശുശ്രൂഷ അല്ലെങ്കിൽ വിടുതൽ ശുശ്രൂഷ എന്നിവപോലെ പ്രസിദ്ധമായവ) നെട്ടോട്ടമോടുകയാണ്. ബൈബിൾ ഇക്കാര്യം ഊന്നിപ്പറയുന്നുണ്ടോ? ബൈബിൾ എന്താണ് നമ്മെ പഠിപ്പിക്കുന്നത് എന്നു നമുക്കു നോക്കാം:

- കർത്താവു പറഞ്ഞത് മത്തായി 28:19 ൽ കാണുന്ന പ്രകാരം ഒരു വ്യക്തി ഒരിക്കൽ രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ടുകഴിഞ്ഞാൽ അവർ ***'ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട്'*** എന്ന മത്തായി 28:20 ലേക്ക് മുന്നേറേണ്ടതാണ്. എങ്ങനെ പിശാചിനെ പുറത്താക്കാം, മറ്റ് അത്ഭുതങ്ങൾ ചെയ്യാം എന്നു പഠിപ്പിക്കാൻ അവൻ പറഞ്ഞില്ല. എന്തുകൊണ്ട്? കാരണം നിങ്ങൾ അനുസരണമുള്ളവരാണെങ്കിൽ കർത്താവു പറഞ്ഞ ഈ അത്ഭുതങ്ങൾ അനുസരിക്കുന്ന ശിഷ്യനെ അനുഗമിച്ചുകൊള്ളും.
- **മത്തായി 7:21–24** ലെ *'ഞാൻ നിങ്ങളെ ഒരുനാളും അറിഞ്ഞിട്ടില്ല'* എന്നു കർത്താവു പറഞ്ഞവരുടെ ഉദാഹരണം (മുമ്പു പറഞ്ഞതുപോലെ), സകല കൃപാവരങ്ങളും ഉണ്ടായിട്ടും ആത്മാവിന്റെ ഫലം ഇല്ലാതിരിക്കുകയും ദൈവഹിതം അനുസരിക്കാതിരിക്കുകയും ചെയ്യുന്നവരുടെ പട്ടികയുടെ ഏറ്റവും മുകളിലാണ് എന്നോർക്കുക!
- *'ഭൂതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിലല്ല, നിങ്ങളുടെ പേർ സ്വർഗ്ഗത്തിൽ എഴുതിയിരിക്കുന്നതുകൊണ്ടത്രേ സന്തോഷിപ്പിൻ'* എന്ന് **ലൂക്കൊസ് 10:20** ൽ കർത്താവു തന്റെ ശിഷ്യന്മാരോടു കല്പിച്ചതു നാം കാണുന്നു.
- **മത്തായി 11:20** ൽ തന്റെ അത്ഭുതങ്ങളിലധികവും സംഭവിച്ച പട്ടണങ്ങളെ കർത്താവു ശാസിച്ചു തുടങ്ങിയതായി കാണുന്നു – എന്തു

കൊണ്ട്? കാരണം അവിടെയുള്ള ആളുകൾ തങ്ങളുടെ വഴികളെ വിട്ടു മാനസാന്തരപ്പെട്ടില്ല.

- കൂടാതെ, ആത്മാവിന്റെ വരങ്ങളിന്മേൽ മാത്രമല്ല, ആത്മാവിന്റെ ഫല ങ്ങളിന്മേൽ പ്രധാനമായും നിലനിന്നുകൊണ്ട് 'രൂപാന്തരപ്പെട്ട ജീവിതത്തെ പ്രതിഫലിപ്പിക്കുവാൻ' സഭകളെ പ്രബോധിപ്പിക്കുന്നതിനാണ് ലേഖനങ്ങൾ അധികവും എഴുതപ്പെട്ടിട്ടുള്ളത്.
- **ഒടുവിലായി 1 കൊരിന്ത്യർ 13:1 ൽ നാം കാണുന്നത്**, ഒരുവന് സകല കൃപാവരങ്ങളും ഉണ്ടായിരുന്നിട്ടും സ്നേഹമില്ലായെങ്കിൽ അവൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ പോലെയാണ് എന്നാണ്. വാസ്തവത്തിൽ തൊട്ടടുത്ത വാക്യം 2 പറയുന്നത് നമുക്കു സ്നേഹമില്ലായെങ്കിൽ **നാം ഏതുമില്ല** എന്നാണ്.

**പിന്നെ എന്തിനാണ് നീങ്ങിപ്പോകുന്ന ഈ കാര്യങ്ങൾക്കെല്ലാം വേണ്ടിയുള്ള ഈ അമിത പ്രാധാന്യം നൽകൽ?** എന്നിരുന്നാലും ഇവിടെ അല്പം നിർത്തി കൃപാവരങ്ങൾ വാഞ്ചിക്കുന്നത് നല്ലതാണെന്നും അതുള്ളതുകൊണ്ട് തെറ്റൊന്നുമില്ലെന്നും പറയുവാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ അങ്ങനെ പറയുമ്പോൾ തന്നേ അതു മനുഷ്യന്റെ ദാനമല്ല ആത്മാവിന്റെ ദാനമാണ് എന്നു നാം ഓർക്കേണ്ടതാവശ്യമാണ്. അതിനാൽ അത്തരം യോഗങ്ങൾക്ക് (രക്ഷിക്കപ്പെട്ട ദൈവപൈതലിന് ഏതു സമയത്ത് ഏത് കൃപാവരം നൽകണമെന്ന ദൈവത്തിന്റെ പരമാധികാരത്തെയും ജ്ഞാനത്തെയും അവഗണിച്ച് ഇത്തരം വരങ്ങൾ നിർബന്ധിച്ച് അടിച്ചേല്പിക്കുന്നവയാണ് അനേക യോഗങ്ങളും) നാം പോകുന്ന ചില അവസരങ്ങളിൽ ദൈവത്തിങ്കൽ നിന്നുള്ളതല്ല മറിച്ച് പിശാചിൽനിന്നുള്ള ചില വ്യാജ വരങ്ങൾ നമുക്ക് ലഭിക്കുവാൻ സാധ്യതയുണ്ട്. എങ്കിലും അത് വളരെ താമസിച്ചു മാത്രമേ ഒരുവൻ മനസ്സിലാക്കുകയുള്ളു. ഒരു വിശ്വാസിക്ക് ഏറ്റവും അനുയോജ്യമെന്ന് തനിക്കു തോന്നുന്ന കൃപാവരം തന്റെ തക്ക സമയത്ത് നൽകുന്നതിന് ദൈവത്തിൽ ആശ്രയിക്കുവാൻ നമുക്കു കഴിയുകയില്ലേ എന്നതാണ് യഥാർത്ഥ ചോദ്യം.

ഓസ്വാൾഡ് ചേംബേഴ്സിന്റെ *'മൈ അട്മോസ്റ്റ് ഫോർ ഹിസ് ഹൈയെസ്റ്റ്'* എന്ന ഗ്രന്ഥത്തിൽ 'ദി വർക്കേഴ്സ് റൂളിംഗ് പാഷൻ' എന്ന തലക്കെട്ടിൽ നമ്മുടെ ജീവിതത്തിൽ **'ദൈവത്തിന്റെ കാഴ്ചപ്പാട്'** ഉണ്ടായിരിക്കേണ്ടതിനെക്കുറിച്ച് അദ്ദേഹം എഴുതുമ്പോൾ **2 കൊരിന്ത്യർ 5:9** ന്റെ കിംഗ് ജെയിംസ് പരിഭാഷയിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്: *അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അദ്ധ്വാനിക്കുന്നു.* ന്യൂ കിംഗ് ജെയിംസ് പരിഭാഷ പറയുന്നത് *അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും അവനു നല്ല പ്രസാദമുള്ളവർ*

*ആകുന്നത് ഞങ്ങൾ ലക്ഷ്യം വെച്ചിരിക്കുന്നു* എന്നാണ്. **ഓരോ വിശ്വാസിയുടെയും ജീവിതത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം 'പട്ടികയുടെ ഒന്നാം സ്ഥാനത്ത്' വരേണ്ടത്.**

ഓസ്വാൾഡ് ചേംബേഴ്സ് ആ ലേഖനത്തിൽ തുടർന്ന് ഉദ്ധരിക്കുന്നു: "*അതുകൊണ്ട് ഞങ്ങൾ അദ്ധ്വാനിക്കുന്നു." യജമാനന്റെ ഇഷ്ടത്തെ മുമ്പിൽ വയ്ക്കുക എന്നത് കഠിനമായ അദ്ധ്വാനമാണ്. അതിനർത്ഥം ഒരുവന്റെ സ്വയത്തെ ഉന്നതമായ ആദർശങ്ങളിൽ നിലനിർത്തുക, ഏതു കാലയളവിലും, ആത്മാക്കളെ നേടുവാനോ സഭകൾ സ്ഥാപിക്കുവാനോ ഉണർവ്വ് ഉണ്ടാക്കുവാനോ ഉള്ള ആഗ്രഹത്തെക്കാൾ ഉപരി "അവനാൽ അംഗീകരിക്കപ്പെടുക" എന്നതു മാത്രം ലക്ഷ്യം വയ്ക്കുക എന്നതാണത്. അത് പരാജയത്തിലേക്കു നയിക്കുന്ന ആത്മീയ അനുഭവങ്ങളുടെ അഭാവമല്ല, മറിച്ച് ആദർശങ്ങളെ ശരിയായ നിലയിൽ സൂക്ഷിക്കുന്നതിനുള്ള അധ്വാനത്തിന്റെ അഭാവമാണ്. കുറഞ്ഞത് ആഴ്ചയിലൊരിക്കൽ ദൈവസന്നിധിയിലിരുന്ന്, **അവൻ ആഗ്രഹിക്കുന്ന** നിലവാരത്തിനനുസരിച്ച് നിങ്ങൾ നിങ്ങളുടെ ജീവിതത്തെ സൂക്ഷിക്കുന്നുണ്ടോ എന്ന് സ്റ്റോക്ക് പരിശോധിക്കുക. **തന്റെ യജമാനന്റെ അംഗീകാരത്തിന്റെ** നോട്ടം തനിക്കു ലഭിക്കുമെങ്കിൽ പിന്നെ **സദസ്യരുടെ അംഗീകാരത്തിനു** വില കല്പിക്കാത്ത ഒരു സംഗീതജ്ഞനെപ്പോലെയാണ് അപ്പൊസ്തലനായ പൗലൊസ്.*

**അദ്ദേഹം തുടർന്നു** പറയുന്നു, "***ഏതു അഭിലാഷവും***, *എത്ര കുറഞ്ഞ അളവിലുള്ളതായാലും, ഈ കേന്ദ്ര അഭിലാഷത്തിൽ നിന്നും - അതായത് "ദൈവത്താൽ അംഗീകരിക്കപ്പെടുക" - അകലെയാണ്. അതിന്റെ അന്ത്യം* ***തള്ളപ്പെടുക*** *(യോഹന്നാൻ 15:6-ലെപ്പോലെ) എന്നതാണ്. അഭിലാഷം എവിടേക്കാണ് നയിക്കുന്നതെന്ന് വിവേചിക്കുവാൻ പഠിക്കുക, കർത്താവായ യേശുക്രിസ്തുവിനെ അഭിമുഖീകരിക്കുന്നത് ഇത്ര അനിവാര്യമായിരിക്കുന്നത് എന്തുകൊണ്ട് എന്ന് അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. അപ്പൊസ്തലനായ പൗലൊസ് പറയുന്നു - മറ്റൊരു മാർഗ്ഗം തിരഞ്ഞെടുക്കാൻ എന്റെ ശരീരം എന്നെ പ്രേരിപ്പിക്കാതിരിക്കേണ്ടതിന് (മത്തായി 7:13 ൽ കർത്താവ് മുന്നറിയിപ്പു നൽകിയത് ഓർത്തുകൊണ്ട്) അതിനെ കീഴ്പ്പെടുത്തുന്നതിനും അടിമയാക്കി നിലനിർത്തുന്നതിനും ഞാൻ നിരന്തരമായി ജാഗരൂകനായിരിക്കുന്നു* ***(1 കൊരിന്ത്യർ 9:23-27)***. ഒസ്വാൾഡ് ഒടുവിലായി പറയുന്നു, "***എല്ലാറ്റിനെയും*** *യജമാനന്റെ അഭിലാഷത്തിന്* ***അനുസൃത****മാക്കുന്നതിനും തടസ്സം കൂടാതെ അതിനെ നിലനിർത്തുന്നതിനും ഞാൻ പഠിക്കേണ്ടിയിരിക്കുന്നു. രഹസ്യത്തിൽ ഞാൻ എന്തായിരിക്കുന്നുവോ അതാണ് പരസ്യത്തിൽ ദൈവമുമ്പാകെ എന്റെ വില. എന്റെ മുഖ്യ അഭിലാഷം അവനെ പ്രസാദിപ്പിക്കുന്നതും അവനാൽ അംഗീകരിക്കപ്പെടുന്നതുമാണോ? അതോ അതിൽ കുറഞ്ഞ ഒന്നാണോ -* ***അതെത്ര ശ്രേഷ്ഠമാണെങ്കിലും?***

### ❖ നമ്മുടെ ജീവിതത്തിനു നേരെ വരുന്ന സകല പരിശോധനകളെയും തടസ്സങ്ങളെയും സാത്താന്റെ പ്രവൃത്തിയായി ചിത്രീകരിക്കുന്നത്:

സകല കാര്യങ്ങളും ക്ലോക്കിലെ സൂചിയുടെ ചലനത്തിനനുസരിച്ച് ചെയ്തു ശീലിക്കുന്ന ഈ കാലത്തിലും നാളിലും കാര്യങ്ങൾ ശരിയായി നീങ്ങാതെ വരുമ്പോൾ നാം ഉടനെ അസ്വസ്ഥരായി പറയുന്നത്, 'നമ്മുടെ പദ്ധതി നടപ്പാകാതിരിക്കുന്നതിന് സാത്താൻ കൊണ്ടുവന്ന തടസ്സമാണിത്' എന്നാണ്. നമ്മുടെ നന്മയ്ക്കുവേണ്ടിയോ അല്ലെങ്കിൽ നമ്മെ സംരക്ഷിക്കുന്നതിനുവേണ്ടിയോ അതുമല്ലെങ്കിൽ നമ്മെ താഴ്മ പഠിപ്പിക്കുന്നതിനുവേണ്ടിയോ ദൈവമായിരിക്കുമോ ആ തടസ്സം കൊണ്ടുവന്നത് എന്നു നാം ഒരിക്കലും ചിന്തിക്കുന്നില്ല. പഴയ നിയമത്തിൽ ബിലെയാമിനെക്കുറിച്ചു നാം വായിക്കുന്നുണ്ട്. തന്റെ കഴുതയുടെ പ്രവൃത്തിയിൽ അസ്വസ്ഥനായിത്തീർന്നപ്പോൾ (മുന്നോട്ടു പോകാൻ മടിച്ച് അതു നിന്നപ്പോൾ), വഴിയിൽ തടസ്സമായി നിന്ന 'യഹോവയുടെ ദൂതനാണ്' അവനെ കൊല്ലാതിരിക്കാൻ കഴുതയെ മുന്നോട്ടുപോകാതെ തടഞ്ഞിരിക്കുന്നത് എന്നു മനസ്സിലാക്കാതെ, തന്റെ കൈയിൽ ഒരു വാൾ ഉണ്ടായിരുന്നുവെങ്കിൽ തന്റെ (പാവം) കഴുതയെ കൊല്ലാമായിരുന്നുവെന്നാണു ബിലെയാം ചിന്തിച്ചത്.

**സംഖ്യാപുസ്തകം 22:31–34** *[31]അപ്പോൾ യഹോവ ബിലെയാമിന്റെ കണ്ണു തുറന്നു, യഹോവയുടെ ദൂതൻ വാളൂരിപ്പിടിച്ചുകൊണ്ടു നില്ക്കുന്നതു അവൻ കണ്ടു, സാഷ്ടാംഗം വീണു നമസ്കരിച്ചു. [32]യഹോവയുടെ ദൂതൻ അവനോടു: ഈ മൂന്നു പ്രാവശ്യം നീ കഴുതയെ അടിച്ചതു എന്തു? ഇതാ, ഞാൻ നിനക്കു പ്രതിയോഗിയായി പുറപ്പെട്ടിരിക്കുന്നു: നിന്റെ വഴി നാശകരം എന്നു ഞാൻ കാണുന്നു. [33]കഴുത എന്നെ കണ്ടു ഈ മൂന്നു പ്രാവശ്യം എന്റെ മുമ്പിൽ നിന്നു മാറിപ്പോയി; അതു മാറിപ്പോയിരുന്നില്ലെങ്കിൽ ഞാൻ ഇപ്പോൾ തന്നേ നിന്നെ കൊന്നുകളകയും അതിനെ ജീവനോടെ രക്ഷിക്കയും ചെയ്യുമായിരുന്നു എന്നു പറഞ്ഞു. [34]ബിലെയാം യഹോവയുടെ ദൂതനോടു: **"ഞാൻ പാപം ചെയ്തിരിക്കുന്നു: നീ എനിക്കു എതിരായി വഴിയിൽ നിന്നിരുന്നു എന്നു ഞാൻ അറിഞ്ഞില്ല;** ഇതു നിനക്കു അനിഷ്ടമെന്നുവരികിൽ ഞാൻ മടങ്ങിപ്പൊയ്ക്കൊള്ളാം" എന്നു പറഞ്ഞു.*

**നമ്മിൽ മിക്കപേരും 2 കൊരിന്ത്യർ 11:14 തെറ്റായി ഉദ്ധരിക്കാറുണ്ട്** *'അതു ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നുവല്ലോ.'* ഈ വാക്യം മിക്കവരും അതിന്റെ സന്ദർഭം മനസ്സിലാക്കാതെ തികച്ചും തെറ്റായ നിലയിൽ ഉദ്ധരിക്കാറുണ്ട്.

കപട വേലക്കാർ എന്ന നിലയിൽ മനപ്പൂർവ്വം ഇരുട്ടിൽ നടക്കുവാൻ തീരുമാനിച്ചവരെക്കുറിച്ചാണ് അതു പറഞ്ഞിരിക്കുന്നത്. അതു തീർച്ചയായും വിശ്വ

സ്തരും അനുസരണമുള്ളവരുമായ വിശ്വാസികൾ സാത്താന്റെ കെണിയിൽ അകപ്പെടുന്നതിനെക്കുറിച്ചല്ല; മറ്റുള്ളവരെക്കുറിച്ച് ഈ ഭാഗം ഉദ്ധരിക്കുമ്പോൾ ഈ സന്ദർഭം നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം. കാരണം അങ്ങനെ നാം ചിന്തിച്ചാൽ ഏതൊരുവനും ഏതു സമയത്തും അവന്റെ മനപ്പൂർവ്വമല്ലാത്ത പാപം കൊണ്ടു തന്നെ വഞ്ചിക്കപ്പെടാം. ശരിയല്ലേ?

**2 കൊരിന്ത്യർ 11:13-15**

13 *ഇങ്ങനെയുള്ളവർ കള്ളയപ്പൊസ്തലന്മാർ, കപടവേലക്കാർ,*
*ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവരത്രേ;* 14 *അതു*
*ആശ്ചര്യവുമല്ല; സാത്താൻ താനും വെളിച്ചദൂതന്റെ വേഷം*
*ധരിക്കുന്നുവല്ലോ.* 15 *ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ*
*ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമല്ല; അവരുടെ അവസാനം*
*അവരുടെ പ്രവൃത്തികൾക്കു ഒത്തതായിരിക്കും.*

ആകയാൽ മുകളിലെ 'വാക്യം 14' നാം ഉദ്ധരിക്കുമ്പോൾ, അത് ഒരു വിശ്വസ്ത വേലക്കാരൻ കെണിയിൽ അകപ്പെടുന്നതിനെയോ മറ്റുള്ളവരെ കെണിയിൽ അകപ്പെടുത്തുന്നതിനെയോ കുറിച്ചല്ല, മറിച്ച് അതു ശരിക്കു മനസ്സിലാക്കേണ്ടത് - സാത്താനും അവന്റെ കപട വേലക്കാരും മനപ്പൂർവ്വമായ അജണ്ടയോടെ നീതിയുടെ വേലക്കാരുടെ വേഷം ധരിച്ചാണ് വരുന്നതെന്നാണ്.

ബിലെയാമിന്റെ കാര്യത്തിലെന്നപോലെ അനേക പ്രാവശ്യവും, ജീവിതത്തിലെ തടസ്സങ്ങളുടെയും ശ്രദ്ധതിരിക്കലുകളുടെയും ശരിയായ കാരണം മനസ്സിലാക്കാതെ, അവ നമ്മെ കെണിയിൽ അകപ്പെടുത്താൻ സാത്താൻ കൊണ്ടുവരുന്നതാണെന്ന് നാം ആരോപിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ നാം ആദ്യമേ അന്വേഷിക്കേണ്ടത്, കർത്താവാണോ നമ്മുടെ നന്മയ്ക്കായും ഉന്നതമായ ഉദ്ദേശ്യത്തിനും വഴിക്കുമായും (നമ്മുടെ വഴികളെക്കാൾ ഉന്നതമാണ് ആ വഴി) ആ തടസ്സങ്ങൾ അല്ലെങ്കിൽ ദിശാമാറ്റം കൊണ്ടുവരുന്നത് എന്നാണ്. **പ്രവൃത്തികൾ 16:6 ൽ ലൂക്കൊസ് രേഖപ്പെടുത്തുന്നു** *'അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്നു പരിശുദ്ധാത്മാവു വിലക്കുകയാൽ ഫ്രുഗ്യയിലും ഗലാത്യദേശത്തിലും കൂടി സഞ്ചരിച്ചു.'*

നമ്മുടെ ജീവിതത്തിൽ ദൈവമാണ് പരമാധികാരി, സാത്താനല്ല എന്നതു സത്യമായിരിക്കുമ്പോഴും അനേക വിശ്വാസികൾ സാത്താനെക്കുറിച്ചും തങ്ങളുടെ ജീവിതത്തിൽ സാത്താന്റെ പരമാധികാരത്തെക്കുറിച്ചും വളരെയധികം സംസാരിക്കുന്നതു കേൾക്കുമ്പോൾ എനിക്കു ദുഃഖം തോന്നാറുണ്ട്. കാരണം സർവ്വശക്തനായ ദൈവത്തിന്റെ പരമാധികാര ഹിതത്തിനപ്പുറത്ത് സാത്താന് ഒന്നും പ്രവർത്തിക്കാൻ കഴികയില്ല. അതിനാൽ നമ്മുടെ ജീവിതത്തിൽ ശരിയല്ലാത്ത ഒന്നു സംഭവിക്കുമ്പോൾ, പിശാചിനെ ഭയന്നുകൊണ്ട് പാപത്തിൽ

ജീവിക്കുന്നതിനു പകരം നാം ഒന്നാമത് പരമാധികാരിയായ ദൈവത്തോടുള്ള ബന്ധത്തിൽ അതിനെ പരിശോധിക്കുകയും എന്തുകൊണ്ട് ദൈവം അത് അനുവദിച്ചുവെന്നു ചോദിക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ ദേഹത്തെയും ദേഹിയെയും നരകത്തിൽ നശിപ്പിക്കാൻ കഴിവുള്ള **ദൈവത്തെ മാത്രമേ** ഭയപ്പെടാവൂ എന്നു കർത്താവ് വിശ്വാസികൾക്ക് കർശനമായ മുന്നറിയിപ്പു നൽകിയിരിക്കുന്നു - **മത്തായി 10:28**.

## ❖ സഭാ കെട്ടിട നിർമ്മാണ കെണികൾ:

ഇന്ന് സഭാ ബോർഡിൽ (ഏറ്റവും ചെറിയ പുല്ലു മേഞ്ഞ ചർച്ചു മുതൽ വലിയ കത്തീഡ്രൽ ചർച്ച് വരെ) അതിവേഗം പടർന്നു പിടിക്കുന്ന പൊതുവേ നിരുപദ്രവമെന്നു തോന്നുന്ന കെണിയാണിത്. സഭാ കെട്ടിടം മോടിപിടിപ്പിക്കൽ, സഭാ കെട്ടിട പുനർനിർമ്മാണം, സഭാ കെട്ടിട വികസനം (അതാവശ്യമാണോ അല്ലയോ എന്നു പരിഗണിക്കാതെ) എന്നിവ മുഖ്യപ്രാധാന്യം നേടുന്നു. ദൈവമുമ്പാകെ നാം എങ്ങനെയിരിക്കുന്നു എന്നു നോക്കി ആത്മീയമായി നമ്മെത്തന്നെ കെട്ടുപണി ചെയ്യുന്നതിനെക്കാൾ ഇത്തരം ഭൗതികമായ വികസനത്തിൽ നാം തിരക്കിട്ട് ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ആവശ്യത്തിന്റെ മുഖത്ത് അതു ചെയ്യുന്നതിൽ ഒരു തെറ്റുമില്ല എന്നു ഞാൻ വീണ്ടും പറയട്ടെ, എന്നാൽ ചില സമയങ്ങളിൽ ഈ കാര്യങ്ങൾ കൗശലപൂർവ്വം വിഗ്രഹങ്ങളായി മാറി സഭയുടെ ശ്രദ്ധയെ കവർന്നുകളയുന്നു. അഹന്തയുടെയും സഭകൾ തമ്മിലുള്ള മത്സരത്തിന്റെയും (നിങ്ങളുടേതിനെക്കാൾ മികച്ചതും വലിയതുമായി ഞങ്ങളുടേത് ഞങ്ങൾ പണിയും എന്നു പറഞ്ഞുകൊണ്ട്) പേരിലുള്ള ഇത്തരം കാര്യങ്ങൾ നിർഭാഗ്യവശാൽ നമ്മുടെ ശ്രദ്ധയെ, ക്രിസ്തു എന്തിനുവേണ്ടി മരിച്ചോ, നാം എന്തിനുവേണ്ടി വിളിക്കപ്പെട്ടോ, ആ യഥാർത്ഥ വിഷയങ്ങളിൽ നിന്നും അകറ്റിക്കളയുന്നു.

ഇന്ന് സഭാ മൂപ്പന്മാർ/കൗൺസിൽ/കമ്മറ്റി എന്നിവയും **പ്രാർത്ഥനാ മീറ്റിംഗുകളും ബിസ്സിനസ് മീറ്റിംഗുകൾ ആയി മാറുകയും വിശ്വസ്തമായി കൊടുക്കുന്നതിന്റെ സ്ഥാനത്ത് ഫിനാൻഷ്യൽ പ്ലാനിംഗ് മീറ്റിംഗുകൾ കടന്നുവരികയും ചെയ്തിരിക്കുന്നു.** ലക്ഷ്യബോധമില്ലാതെ നമ്മെത്തന്നെ അമിതമായി സുഖിപ്പിക്കുന്ന ഈ സ്ഥിതി ഉപ്പ് ഉപ്പായി തന്നെ ഇരിക്കുന്നതിനു കാരണമാകയും, ഒടുവിൽ കർത്താവ് നമുക്കു മുന്നറിയിപ്പു തന്നതുപോലെ അതിന്റെ കാരം നഷ്ടപ്പെട്ട് നമ്മുടെ വിളിയുടെ ഉദ്ദേശ്യത്തിൽ നിന്നും നാം വ്യതിചലിച്ചു പോകയും ചെയ്യും. അതിനു പകരം, ദൈവരാജ്യം പണിയുന്നതിനുവേണ്ടി മിഷനറിമാരെ അയയ്ക്കുകയും പിന്തുണയ്ക്കുകയും ചെയ്തുകൊണ്ട് (ഈ ദീർഘകാല സമ്മർദ്ദമുളവാക്കുന്നതും ചിലപ്പോൾ നിഷ്പ്രയോ

ജനവുമായ സാമ്പത്തിക അജണ്ടകൾക്കു പകരം) **ദൈവം നമുക്കു തന്ന ആ സ്രോതസ്സുകളെ നഷ്ടപ്പെട്ട ആത്മാക്കളെ നേടുന്നതിനുവേണ്ടി ഉപയോഗിക്കുകയാണു വേണ്ടത്.**

വലിയ ഹാൾ അല്ലെങ്കിൽ വലിയ സഭ എന്നതിനർത്ഥം കൂടുതൽ ആത്മാക്കൾ സഭയിലേക്കു വരിക എന്നതാണ് എന്നു പറഞ്ഞ് നാം നമ്മെ നീതീകരിക്കാറുണ്ട്. എന്നാൽ സുവിശേഷവുമായി പുറത്തുപോകുന്നതിന് സമയം ചിലവഴിക്കാതെ ഇത് എങ്ങനെ പ്രവർത്തനക്ഷമമാകും? 'നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും ഭൂലോകത്തിൽ ഒക്കെയും പോകുക' എന്ന യേശുവിന്റെ കല്പനയോട് ആദിമ സഭ അനുസരണം കാണിച്ചു. പീഡനത്തിന്റെ നടുവിലും സുവിശേഷം പ്രസംഗിച്ചും ജനങ്ങളെ സന്ധിച്ചും അവർ തിരക്കുള്ളവരായി പ്രവർത്തിച്ചു (പീഡനം അവരെ കൂടാരം അടിക്കാൻ അനുവദിക്കാതെ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് ഓടിച്ചുകൊണ്ടിരുന്നു).

**ആദിമ സഭ/ശിഷ്യന്മാർ പുതിയ വിശ്വാസികളുടെ ഒഴുക്കിനെ സ്വീകരിക്കുന്നതിനായി വലിയ സിനഗോഗുകളും സഭകളും പണിതുകൊണ്ട് സമയം നഷ്ടമാക്കിയില്ല. പിന്നെ എന്തുകൊണ്ടാണ് ആ ദർശനത്തിനും ദൗത്യത്തിനും ഇന്നു മാറ്റം വന്നത്?**

നിസ്സാരമായ ആന്തരിക മത്സരം മുതൽ പരസ്പരം പോരടിക്കുവാൻ സഭകളെ പ്രേരിപ്പിക്കുന്ന ദീർഘമായ നിയമ പോരാട്ടം വരെ, പുരോഹിതരുടെയും അത്മായരുടെയും ഭാഗത്തു സംഭവിക്കുന്ന വ്യർത്ഥമായ വൈകാരികവും സാമ്പത്തികവുമായ വരൾച്ചയെക്കുറിച്ച് പരാമർശിക്കാതിരുന്നാൽ ഇതു പൂർണ്ണമാകയില്ല. കെട്ടിടവും വസ്തുവകകളും സംബന്ധിച്ച വിഷയങ്ങൾ മാത്രമല്ല സഭയ്ക്കുള്ളിലെ ചെറിയ വിഷയങ്ങൾ പോലും – അവയിലേക്ക് വിശദമായി കടക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല, കാരണം അവ എണ്ണിയാൽ ഒടുങ്ങാത്തവയും സഭകളും സഭാവിഭാഗങ്ങളും മാറുന്നതനുസരിച്ച് വ്യത്യാസമുള്ളവയും ആണ് – 'നിങ്ങളുടെ **സ്നേഹം കൊണ്ട് നിങ്ങൾ ക്രിസ്ത്യാനികളെന്നു അവർ അറിയട്ടെ' എന്ന സഭയുടെ ധാർമ്മികതയും അവരുടെ മേലുള്ള ക്രിസ്തുവിന്റെ വിളിയും കവർന്നെടുക്കപ്പെട്ടുകൊണ്ടിരിക്കുന്നു.** 'ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ' എന്ന സഭയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ ദർശനത്തെ നശിപ്പിച്ചുകളയുവാൻ അനാവശ്യമായ കൈപ്പും ക്ഷമിക്കാത്ത മനസ്സും ഉളവാക്കുന്ന (ദൈവഭയമില്ലാത്ത പക്വത പ്രാപിക്കാത്ത വിശ്വസികളെ അടിമത്വത്തിലേക്കു നയിക്കുന്നതിനുള്ള) സാത്താന്റെ തന്ത്രമാണ് ഇവയെല്ലാം എന്നു പറയേണ്ട കാര്യമില്ല.

ക്രിസ്തുവിൽ പ്രിയരേ, തന്റെ വചനത്തിൽ വ്യക്തമായി പ്രബോധിപ്പിച്ചിരി

ക്കുന്ന **'ദൈവവചനത്തോടുള്ള ഭയം'** നമുക്കറിയാമോ, നമുക്കതുണ്ടോ?

- **1 കൊരിന്ത്യർ 6:1-6** *'നിങ്ങളിൽ ഒരുത്തന്നു മറ്റൊരുത്തനോടു ഒരു കാര്യം ഉണ്ടെങ്കിൽ വിശുദ്ധന്മാരുടെ മുമ്പാകെ അല്ല, അഭക്തന്മാരുടെ മുമ്പിൽ വ്യവഹാരത്തിന്നു പോകുവാൻ* ***തുനിയുന്നുവോ?*** *[2]വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ? ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ സംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരോ? [3]നാം ദൂതന്മാരെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ? ഐഹികകാര്യങ്ങളെ എത്ര അധികം? [4]എന്നാൽ നിങ്ങൾക്കു* ***ഐഹികകാര്യങ്ങളെക്കുറിച്ചു*** *വ്യവഹാരം ഉണ്ടെങ്കിൽ വിധിപ്പാൻ സഭ ഗണ്യമാക്കാത്തവരെ ഇരുത്തുന്നുവോ? [5]* ***നിങ്ങൾക്കു ലജ്ജെക്കായി ഞാൻ ചോദിക്കുന്നു;*** *ഇങ്ങനെ സഹോദരന്മാർക്കു മദ്ധ്യേ കാര്യം തീർപ്പാൻ പ്രാപ്തിയുള്ളോരു ജ്ഞാനിയും നിങ്ങളുടെ ഇടയിൽ ഇല്ലയോ? [6]* ***അല്ല, സഹോദരൻ സഹോദരനോടു വ്യവഹരിക്കുന്നു; അതും അവിശ്വാസികളുടെ മുമ്പിൽ തന്നേ.'***

- **2 തിമൊഥെയൊസ് 2:1,3-4** *'എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക. [3]ക്രിസ്തു* ***യേശുവിന്റെ നല്ല ഭടനായി*** *നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. [4]പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന്നു* ***യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു.'***

## ❖ ചർച്ച് വർഷിപ്പ് ടീമുകൾ എന്ന കെണികൾ

ഇന്ന് സത്യ ക്രിസ്തീയ ആരാധനയുടെ സ്ഥാനം ക്രിസ്തീയ വിനോദം കൈയടക്കിയിരിക്കുകയാണ്. സഭയെ വിശുദ്ധ ആരാധനയ്ക്കായി ഒരുക്കുന്നതിനും ആരാധനയെ പിന്തുണയ്ക്കുന്നതിനും നല്ലൊരു ക്വയറോ സംഗീതജ്ഞരോ ഉള്ളത് ഒരിക്കലും തെറ്റല്ല.

എന്നാൽ ഈ ആധുനിക സംവിധാനമായ 'വർഷിപ്പ് ടീം' ചിലപ്പോഴൊക്കെ സഭയിലെ മറ്റെല്ലാ കാര്യങ്ങളുടെമേലും അധീശത്വം പുലർത്തുന്നത് ഞാൻ കണ്ടിട്ടുണ്ട്; അങ്ങനെയായിരിക്കരുത്. ആധുനിക സഭകൾ അവരുടെ ആരാധനയുടെ മേന്മയെക്കുറിച്ച് പ്രശംസിക്കാറുണ്ട്. അവർ എല്ലായിടത്തും പ്രൊജക്ടറുകളും റെക്കോഡിംഗുകളും ടി.വി.മോണിറ്ററുകളും സ്ഥാപിക്കുകയും ചെയ്തിരിക്കും; നിങ്ങൾ വന്നത് ആരാധിക്കുന്നതിനാണോ അതോ ഈ വലിയ സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന വർഷിപ്പ് ടീമിന്റെ പ്രകടനം കാണുന്നതിനാണോ എന്ന് അത്ഭുതപ്പെടുമാറ് ആരാധനയുടെ ആന്തരിക സത്തയെത്തന്നെ തകർത്തുകൊണ്ട് ഹോളിവുഡിലെ ഷൂട്ടിംഗ് സെറ്റിലെപ്പോലെ നിങ്ങളുടെ

മുമ്പിലൂടെ ക്യാമറകൾ അങ്ങോട്ടുമിങ്ങോട്ടും നീങ്ങുന്നു.

ചില സ്ത്രീകൾ ധരിക്കുന്ന (പുരുഷന്മാരും) നിർമ്മര്യാദയായ വസ്ത്രത്തെക്കുറിച്ചു പറയാതിരിക്കുകയാണു ഭേദം. ആരാധനയ്ക്കു വരുമ്പോൾ സ്ത്രീകൾ എങ്ങനെ വസ്ത്രം ധരിക്കണമെന്ന് വിശുദ്ധ ബൈബിൾ – **1 തിമൊഥെയൊസ് 2:9-10** ൽ – നിഷ്കർഷിക്കുന്നതിനു വിരുദ്ധമായുള്ള അവരുടെ വസ്ത്രധാരണം വിശുദ്ധ ആരാധനയെ അപമാനിക്കുകയാണു ചെയ്യുന്നത്. ആദിമ സഭയിൽ എല്ലാവരും ദൂത് പങ്കിടുന്നതിലും സങ്കീർത്തനങ്ങളും ഗാനങ്ങളും ആലപിക്കുന്നതിലും അപ്പം നുറുക്കുന്നതിലും പങ്കാളികളായിരുന്നു. ഇതെല്ലാം താഴ്മയോടും സൗമ്യതയോടും തികഞ്ഞ മര്യാദയോടും വിശുദ്ധിയോടും കൂടെയായിരുന്നു ചെയ്തിരുന്നത്.

ഇന്നാകട്ടെ ആദരവിന്റെ വേദി പ്രകടനം നടത്തുന്നതിനുള്ള വേദിയായും ഫാഷൻ മോഡലുകൾക്ക് പൂച്ചനടത്തത്തിനുള്ള റാമ്പ് ആയും മാറ്റപ്പെട്ട് അതിന്റെ വിശുദ്ധി നഷ്ടപ്പെടുത്തുകയും ദൈവത്തിൽ നിന്നും ശ്രദ്ധയെ തിരിക്കുകയും ചെയ്തിരിക്കുന്നു.

ഇന്നത്തെ ആധുനിക ആരാധന അപ്പാടെ, **സങ്കീർത്തനം 2:11** ൽ ***'ഭയത്തോടെ യഹോവയെ സേവിപ്പിൻ; വിറയലോടെ ഘോഷിച്ചുല്ലസിപ്പിൻ'*** എന്ന വേദപുസ്തക നിർദ്ദേശത്തിന് ഘടക വിരുദ്ധമാണ്.

ഇന്നു കഥ തികച്ചും വ്യത്യസ്തമാണ്; ആളുകളെ അവരുടെ കഴിവിന്റെയും, വസ്ത്രധാരണത്തിന്റെയും, അവർ എത്ര പ്രസന്നവദനരാണ് എന്നതിന്റെയും, സ്റ്റേജിൽ നിൽക്കുമ്പോൾ തങ്ങളെത്തന്നെ എത്രമാത്രം ഉയർത്തിക്കാണിക്കാൻ അവർക്കു കഴിയുന്നു എന്നതിന്റെയും അടിസ്ഥാനത്തിലാണ് വർഷിപ്പ് ടീമുകളിലേക്ക് തിരഞ്ഞെടുക്കുന്നത്. യഥാർത്ഥത്തിൽ അത് ക്രിസ്തുവിനുവേണ്ടിയുള്ള അവരുടെ തീക്ഷ്ണതയുടെ (അവനെ മാനിക്കാനും സേവിക്കാനുമുള്ള പ്രേരണയുടെ) അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. "ദൈവത്തിനു വേണ്ടി മികച്ച രീതിയിൽ വസ്ത്രം ധരിക്കുക" എന്ന ഭാവേന യോഗ്യമായ വസ്ത്രം ധരിക്കുന്നതിനു പകരം ഏറ്റവും ഫാഷനോടുകൂടിയ വസ്ത്രം ധരിച്ച് അവർ വരുന്നു. ദുഃഖകരമെന്നു പറയട്ടെ, ഇന്ന് 'ആത്മീയ'തയുടെ സ്ഥാനം 'ഭൗതികത' കവർന്നെടുത്തിരിക്കുന്നു.

**'ആരാധിക്കുവാനുള്ള മനോഭാവ'ത്തിനു പകരം പ്രധാന സ്റ്റേജിൽ പരിപാടി അവതരിപ്പിക്കാനുള്ള അവസരത്തിനായി** സഭ തോറും മാറി മാറി സഞ്ചരിക്കുന്ന ചില സംഗീതജ്ഞരെ ഞാൻ കണ്ടിട്ടുണ്ട്. ഗാനശുശ്രൂഷയ്ക്കു നേതൃത്വം കൊടുക്കുന്ന ഇവരിൽ അനേകരും സ്റ്റേജിൽ നില്ക്കുമ്പോൾ അവർ വലിയ സന്തോഷത്തിലാണെന്നു കാണിക്കുകയും തമാശ പറയുകയും പൊട്ടിച്ചിരിക്കുകയും തങ്ങൾക്കു സന്തോഷമടക്കാൻ കഴിയുന്നില്ലെന്ന പ്രതീതി ഉളവാക്കുകയും ചെയ്യാറുണ്ടെങ്കിലും അവരെ തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ

അല്ലെങ്കിൽ ബുധനാഴ്ചയോ സന്ദർശിച്ചു നോക്കൂ, അവരിൽ ഒരു സന്തോഷ വുമില്ലെന്നു നിങ്ങൾക്കു മനസ്സിലാകും. **അത് യഥാർത്ഥ സന്തോഷമല്ല.** ക്രിസ്തീയ ആരാധനയിലേക്ക് നുഴഞ്ഞു കയറിയിരിക്കുന്ന **ധാരാളം ഉപരി പ്ലവത്വങ്ങളുണ്ട്.**

ഇന്ന് ക്രിസ്തീയ സംഗീതം ഒരു വലിയ ബിസിനസ്സാണെന്ന്, പ്രത്യേകിച്ച് അമേരിക്കയിൽ, ഞാൻ കേട്ടിട്ടുണ്ട്. ഈ ക്രിസ്തീയ ആരാധനാ ഗാനങ്ങ ളുടെ ഉല്പാദനത്തിന് പിന്നിലുള്ളവർ ക്രിസ്ത്യാനികളായിരിക്കണമെന്നു നിർബന്ധമില്ല. ചിലപ്പോഴൊക്കെ ഗാനരചയിതാവ് വിശ്വാസിയായിരിക്കാം എങ്കിലും സംഗീതം നൽകുന്നവരും ഗായകരും വിശ്വാസികൾ ആയിരിക്കു കയില്ല.

ആരാധനയ്ക്കു സഭയെ പരിശീലിപ്പിക്കുന്ന വർക്ക്ഷോപ്പുകൾ നടത്താൻ (സ ഞ്ചരിച്ച്) സഭകളെ പ്രോത്സാഹിപ്പിക്കുന്ന പ്രൊഫഷണൽ ടീമുകൾ ഇന്നു നമുക്കുണ്ട്. ദൈവത്തെ ആരാധിക്കേണ്ടതെങ്ങനെ എന്ന് പരിശീലിപ്പിക്കപ്പെ ടേണ്ട ആവശ്യകത നമുക്കുണ്ടാകുമ്പോൾ കടന്നുവരുന്ന ഒരു ചിന്ത, അത് മനുഷ്യനും ദൈവവും തമ്മിലുള്ള ഒരു ഹൃദയത്തിന്റെ വിഷയമല്ലേ? ദൈവ ത്തിന്റെ ആത്മാവല്ലേ നമ്മെ ആരാധനയിലേക്കു നയിക്കുന്നത്? എന്നതാണ്.

**മത്തായി 15:7-9** ൽ
**'ആരാധന'യെക്കുറിച്ച്** ഈ നിരീക്ഷണം കർത്താവായ യേശു നേരത്തെ തന്നെ ശരിയായ നിലയിൽ നടത്തിയിട്ടുണ്ട്:

7 *കപടഭക്തിക്കാരേ, നിങ്ങളെക്കുറിച്ചു യെശയ്യാവു:*
8 *"ഈ ജനം അധരംകൊണ്ടു എന്നെ ബഹുമാനിക്കുന്നു; എങ്കിലും*
***അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു.***
9 *മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ടു*
***എന്നെ വ്യർത്ഥമായി ഭജിക്കുന്നു."***

### ❖ ക്രിസ്തീയ വിശുദ്ധ നാട് യാത്രകൾ എന്ന നവയുഗ കെണി

സമീപകാലത്ത് നുഴഞ്ഞുകയറുകയും വളർന്നുകൊണ്ടിരിക്കയും ചെയ്യുന്ന മറ്റൊരു പുതിയ കെണിയാണ് യെരൂശലേമിലേക്കുള്ള വിശുദ്ധ തീർത്ഥാടന യാത്രകൾ! സ്ഥലം കാണുന്നതിനുവേണ്ടി അവിടേക്കു പോകുന്നത് എനിക്കും ഇഷ്ടമുള്ള കാര്യമാണ് (അതിന് അവസരമുണ്ടായാൽ). പക്ഷേ നിർഭാഗ്യവ ശാൽ, **അവിടെ പോകുന്നതിലൂടെ തങ്ങൾ വിശുദ്ധരാക്കപ്പെടും എന്ന മട്ടിൽ** 'വിശുദ്ധ നാട് സന്ദർശനത്തിനു പോകുവാൻ ഞങ്ങൾ പണം സ്വരൂപിക്കുക യാണ്' എന്നു വിശ്വാസികൾ പറയുന്നതു കേൾക്കുമ്പോൾ അതെന്നെ വേദ നിപ്പിക്കുന്നു.

ഏതു സഭാവിഭാഗത്തിൽനിന്ന് അല്ലെങ്കിൽ വിശ്വാസത്തിൽ നിന്നുള്ള ആളാണ് നിങ്ങൾ എന്നതിനെ ആശ്രയിച്ച് കഥകളും സന്ദർശന സ്ഥലങ്ങളും മാറിക്കൊണ്ടിരിക്കും എന്നതാണ് ഏറ്റവും രസകരമായ കാര്യം. നിങ്ങൾ കത്തോലിക്കനാണെങ്കിൽ, മറിയയോടു ബന്ധപ്പെട്ട സ്ഥലങ്ങളെക്കുറിച്ചും കഥകളും അവർ നിങ്ങളോടു പറയും. അത്തരത്തിലൊരു യാത്രകഴിഞ്ഞ് മടങ്ങിവന്ന ഒരു വ്യക്തി കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിന്റെ ഭാഗമെന്നു പറഞ്ഞ് ഒരു തടിക്കഷണം കൊണ്ടുവന്നു. ഓരോ സന്ദർശകനും ക്രൂശിന്റെ ഒരു ഭാഗം കിട്ടണമെങ്കിൽ കർത്താവ് മരിക്കാൻ എത്രയധികം ക്രൂശുകൾ ഉപയോഗിച്ചിരിക്കണം എന്നു ഞാൻ അത്ഭുതപ്പെടുന്നു.

ഹിന്ദുമതത്തിൽ നിന്നും വിശ്വാസത്തിലേക്കു വന്ന എന്റെ ഒരു സ്നേഹിതൻ ഹതാശയനായി എന്നോടൊരു ദിവസം പറഞ്ഞു, "ഞാനെന്തിനു ഹിന്ദുവിശ്വാസത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിലേക്കു വന്നു എന്നു ഞാൻ ചിലപ്പോൾ അത്ഭുതപ്പെടാറുണ്ട്; രണ്ടിടത്തും പ്രധാനപ്പെട്ട കാര്യങ്ങൾ തുല്യമാണ്:

1. ഹിന്ദുമതത്തിൽ ഞങ്ങൾക്ക് ഗുരുക്കന്മാരുണ്ട്. ക്രിസ്ത്യാനികൾക്ക് ഗുരുക്കന്മാരെന്ന നിലയിൽ പാസ്റ്റർമാരുണ്ട്.
2. ഞങ്ങൾക്ക് ഞങ്ങളുടെ തീർത്ഥാടനങ്ങളുണ്ട്, ക്രിസ്ത്യാനികൾക്കും അവരുടെ വിശുദ്ധനാട് തീർത്ഥാടനം ഉള്ളതായി കാണുന്നു.
3. ഞങ്ങൾക്ക് പുണ്യനദികളിൽനിന്നുള്ള തീർത്ഥജലമുണ്ടായിരുന്നു; ക്രിസ്ത്യാനികൾക്ക് യോർദ്ദാൻ നദിയിൽനിന്നുള്ള വിശുദ്ധജലമുണ്ട്.

കർത്താവായ യേശുക്രിസ്തു ഒരു യെഹൂദനാണെന്നു മനസ്സിലാക്കിക്കൊണ്ട് ശമര്യാസ്ത്രീ അവനെ സമീപിച്ചപ്പോൾ അവൾ ആദ്യമായി പറഞ്ഞ അഭിപ്രായമെന്തായിരുന്നു?

**(യോഹന്നാൻ 4:20-21, 23-24)**
***"നമസ്കരിക്കേണ്ടുന്ന സ്ഥലം യെരൂശലേമിൽ ആകുന്നു എന്നു നിങ്ങൾ പറയുന്നു"***

*അവളോടുള്ള കർത്താവായ യേശുവിന്റെ പ്രതികരണം ശ്രദ്ധിക്കുക: "സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നതു ഈ മലയിലും അല്ല **യെരൂശലേമിലും അല്ല** എന്നുള്ള നാഴിക വരുന്നു."*
*"**സത്യനമസ്കാരികൾ** പിതാവിനെ **ആത്മാവിലും സത്യത്തിലും** നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു*

*ഇച്ഛിക്കുന്നു. ദൈവം ആത്മാവു ആകുന്നു; അവനെ നമസ്കരിക്കുന്നവർ **ആത്മാവിലും സത്യത്തിലും** നമസ്കരിക്കേണം.*

ഇന്നു ക്രിസ്തീയ വിശ്വാസികളായ നമ്മെക്കുറിച്ച് കർത്താവായ യേശു എന്താ യിരിക്കും ചിന്തിക്കുന്നത്? തന്റെ ജനത്തിന് യെരൂശലേം ഒരു അടയാള സ്ഥല മായിരിക്കുമെന്നും ഒരു വിഗ്രഹമായി അതു മാറ്റപ്പെടുമെന്നും അന്നുതന്നെ അവൻ മനസ്സിലാക്കിയതുകൊണ്ടാണ് ഭാവിയിൽ 'സത്യനമസ്കാരികൾ' പിതാവാം ദൈവത്തെ 'ആത്മാവിലും സത്യത്തിലും' ആരാധിക്കുമെന്നു പ്രഖ്യാപിച്ചത്. അതിനാൽ ക്രിസ്ത്യാനികളായ നാം സത്യനമസ്കാരികളെ പ്പോലെയാണോ പെരുമാറുന്നത്? 'സത്യനമസ്കാരികൾ' **'ആത്മാവിലും സത്യത്തിലും'** ആണ് ആരാധിക്കേണ്ടത് **'യെരൂശലേമിൽ'** അല്ല എന്നു നമ്മുടെ യജമാനനും കർത്താവും ദൈവവുമായ യേശു പറഞ്ഞതിനെ നാം നിരസിക്കുകയും അവമതിക്കുകയും ചെയ്യുകയാണോ? പുതിയ നിയമ വിശ്വാ സികളെന്ന നിലയിൽ നമ്മുടെ വിശ്വാസം ആത്മികമായിരിക്കേണ്ടതിനു പകരം വീണ്ടും ഭൗതികത്തിലേക്കു നാം തിരിഞ്ഞു നോക്കുകയാണോ?

ഒരു കെണി ആരംഭിക്കുമ്പോൾ ഒറ്റനോട്ടത്തിൽ നിരുപദ്രവമെന്നു തോന്നുന്ന നിലയിലായിരിക്കും അതാരംഭിക്കുന്നത്. അതു നല്ലതായി നമുക്കു തോന്നു കയും ഏദെൻതോട്ടത്തിൽ ആദ്യപാപം ഹവ്വായിക്ക് എപ്രകാരം തോന്നിയോ അതുപോലെ മിക്ക ഹൃദയങ്ങൾക്കും അർത്ഥവത്തായി തോന്നുകയും ചെയ്യും. **'പുതിയ യെരുശലേം'** സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരുന്നതിനെ (**വെളിപ്പാട് 21:1–3**) പ്രത്യാശയോടെ നോക്കിപ്പാർക്കേണ്ടവരായ വിശ്വാസികളായ നാം പുറ കോട്ടു വഴുതിപ്പൊയ്ക്കൊണ്ടിരിക്കുകയാണ്. നാം ആർക്കും പിന്നിലായിപ്പോ കരുതെന്നാഗ്രഹിച്ച് (മറ്റനേക ലോകമതങ്ങൾക്കും അവരുടെ വിശുദ്ധ തീർത്ഥ യാത്രകൾ ഉള്ളതുപോലെ) നമുക്കു ചുറ്റുമുള്ള മറ്റു വിശ്വാസങ്ങൾക്കുള്ളതു പോലെ ക്രിസ്ത്യാനികളായ നാമും അതുപോലെ ചെയ്യാനാഗ്രഹിക്കുന്നു. യിസ്രായേൽ രാജ്യം തങ്ങൾക്കു ചുറ്റുമുള്ള ജാതികളുടെ പ്രലോഭനങ്ങളിൽ തുടർമാനമായി വീണതുകൊണ്ട് തങ്ങളുടെ മേൽ ദൈവക്രോധം വരുത്തി വച്ചു.

ഈ അന്ത്യകാല കെണി ക്രിസ്ത്യാനിത്വത്തിന്റെമേൽ പെട്ടെന്നു നിപതിച്ച് അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. യെരൂശലേമിലേക്കു പറക്കാൻ അണിനിരക്കുന്ന വിശ്വാസികളും, അതിനോടു ചേർന്ന് സഭകളും പ്രാർത്ഥനാ ഗ്രൂപ്പുകളും, യെരൂശലേമിലേക്കുള്ള വിശുദ്ധയാത്ര എന്ന പുതിയ കീടത്തെ പ്രൊമോട്ടു ചെയ്യുന്ന ക്രിസ്തീയ മാസികാ പരസ്യങ്ങളും, എന്തിനേറെ പുൾ പിറ്റ് പ്രഖ്യാപനങ്ങളും നിമിത്തം ട്രാവൽ ഏജന്റുമാർ അവരുടെ സാമ്പത്തിക ബിസ്സിനസ് സൂചിക കുത്തനെ ഉയരുന്നതു കണ്ട് ആഘോഷത്തിമിർപ്പിലാണ്!

ക്രിസ്തുവിൽ പ്രിയരേ, കർത്താവായ യേശുവിനെ സംബന്ധിച്ച് ഭൗതിക മാർഗ്ഗങ്ങൾ ഒന്നുമല്ല! അതു സത്യമാണെങ്കിൽ, ഏതു നിലയിലും, അതെത്ര തന്നെ ശ്രേഷ്ഠവും മതപരമായ ഉദ്ദേശ്യത്തോടുകൂടിയായാലും ഭൗതികമായ തിൽ നാം ഇടപെടാൻ അവനാഗ്രഹിക്കുമോ? അവന്റെ ശിഷ്യന്മാർ തങ്ങൾക്കു ചുറ്റുമുള്ള ഭൗതിക വസ്തുക്കളാൽ ആകൃഷ്ടരായപ്പോൾ - യെരൂശലേം ദൈവാലയം കണ്ട് - കർത്താവ് അവരോട് എന്താണു പറഞ്ഞത്?

**മത്തായി 24:1-2**

*യേശു ദൈവാലയം വിട്ടു പോകുമ്പോൾ ശിഷ്യന്മാർ അവന്നു ദൈവാലയ ത്തിന്റെ പണി കാണിക്കേണ്ടതിന്നു അവന്റെ അടുക്കൽ വന്നു. അവൻ അവരോടു: **ഇതെല്ലാം കാണുന്നില്ലയോ?** ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.*

**വീണ്ടും, ഭൗതികമായതിനെക്കുറിച്ചുള്ള നമ്മുടെ മനോഭാവം എങ്ങനെ യായിരിക്കണമെന്നാണ് 2 കൊരിന്ത്യർ 5:15-17 പറയുന്നത്?**

*[15]എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കു വേണ്ടി മരിച്ചു ഉയിർത്തവനായിട്ടുതന്നേ ജീവിക്കേണ്ടതിന്നു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയി ച്ചിരിക്കുന്നു. [16]**ആകയാൽ ഞങ്ങൾ ഇന്നുമുതൽ ആരെയും ജഡപ്രകാരം അറിയുന്നില്ല**; ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല. [17]ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; **പഴയതു കഴിഞ്ഞു പോയി**, ഇതാ, അതു പുതിയതായി തീർന്നിരിക്കുന്നു.*

'വിശുദ്ധ തീർത്ഥയാത്രാ അജണ്ട' സംബന്ധിച്ചുള്ള ഈ സംഭാഷണങ്ങൾ എല്ലാം നടക്കുന്നത് അത്തരമൊരു യാത്രയെക്കുറിച്ച് ചിന്തിക്കാൻ പോലും ശേഷിയില്ലാത്തവിധം സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന വിശ്വാസിക ളുടെ മധ്യത്തിൽവച്ചാണ് എന്നതാണ് ഇതിന്റെ ദുഃഖകരമായ ഭാഗം. ദൈനം ദിന ആവശ്യങ്ങൾ നിർവഹിക്കാനോ സമയാസമയങ്ങളിൽ ഭക്ഷണം കഴി ക്കുവാനോ പോലും വകയില്ലാത്തവരാണ് ചിലർ. തങ്ങൾക്കു ചുറ്റും ഇത്തരം സംഭാഷണങ്ങൾ നടക്കുമ്പോൾ പ്രാപ്തിയില്ലാത്ത വിശ്വാസികൾ അത്ഭുത പ്പെടുന്നത്, "ഇങ്ങനെയാണ് കാര്യങ്ങളെങ്കിൽ എന്തുകൊണ്ടാണ് ദൈവം എന്നെയും യഥാർത്ഥമായി സ്നേഹിക്കാത്തത്?" എന്നാണ്.

എന്തുകൊണ്ടാണ് ഇത്തരം പുതിയ ഭ്രമങ്ങളും 'സിദ്ധാന്ത'ങ്ങളും 'ഭക്തിയുടെ വേഷ'ങ്ങളും കടന്നുവരുന്നത്? അതിനു കാരണം സഭ യഥാർത്ഥമായി **2 തിമൊഥെയൊസ് 3:1-9; 4:1-4** ലെ അന്ത്യകാല പ്രവചനകാലത്ത് എത്തിയി രിക്കുന്നു എന്നതാണ്. അവർ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ

ത്യജിക്കുന്നവരായിരിക്കും. കർത്താവ് തന്റെ രണ്ടാം വരവിൽ ***'നിങ്ങൾ എന്റെ പിതാവിന്റെ ഭവനത്തെ കള്ളന്മാരുടെ ഗുഹ ആക്കിത്തീർത്തു'*** എന്ന തന്റെ വാക്കുകൾ ആവർത്തിക്കുമോ എന്നതാണു ചോദ്യം. ദൈവത്തിന്റെ മക്കളായിരിക്കുകയും അവന്റെ വചനത്തെ അനുസരിക്കാതിരിക്കുന്ന മക്കളായിരിക്കുകയും ചെയ്യുന്ന വിശ്വാസികളായ നമ്മിൽ ചിലരിൽ ലേഖനങ്ങളിൽ കാണുന്ന പ്രാവചനിക വചനങ്ങൾ നിറവേറുമോ?

**എഫെസ്യർ 5:6**

*[6]വ്യർത്ഥ വാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുതു; ഈ വക നിമിത്തമല്ലോ* ***ദൈവകോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു.***

### ❖ തിന്നുകയും കുടിക്കുകയും വിവാഹം കഴിക്കുകയും വിവാഹത്തിനു കൊടുക്കുകയും ചെയ്യുന്ന അന്ത്യകാല കെണി

**മത്തായി 24:37–39** *ൽ കർത്താവായ യേശു വളരെ കൃത്യമായി ഇക്കാര്യം പ്രവചിച്ചിരുന്നു*

*[37]**നോഹയുടെ കാലം**പോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും. [38]ജലപ്രളയത്തിന്നു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയനാൾവരെ **അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും പോന്നു**; [39]ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും.*

നമ്മുടെ ചുറ്റുമുള്ള ലോകം ഇന്ന് പ്രധാനമായും ഏതു കാര്യത്തിലാണ് കുടുങ്ങിയിരിക്കുന്നതെന്ന് കാണാൻ ചുറ്റും നോക്കുക; അതായത് നമുക്കു ചുറ്റുമുള്ള നമ്മുടെ വ്യക്തിപരമായ ലോകം തുടങ്ങി ബിസ്സിനസ് ലോകത്തേക്കും നമ്മുടെ സാമൂഹിക കൂട്ടായ്മകളിലേക്കും പരസ്യലോകത്തേക്കും വരെ നോക്കുക.

കർത്താവു പ്രത്യേകമായി പ്രവചിച്ചതുപോലെ രണ്ടു കാര്യങ്ങൾ – ***'തിന്നുക കുടിക്കുക, വിവാഹം കഴിക്കുക വിവാഹത്തിനു കൊടുക്കുക'*** എന്നിവയാണ് പരസ്യലോകം തുടങ്ങി ടി.വി.ഷോകളും ഇന്റർനെറ്റുവരെയും ആഘോഷിക്കുന്നതും നമ്മുടെ ദൈനംദിന സംഭാഷണത്തിലെ മുഖ്യവിഷയമായിരിക്കുന്നതും. വിഭവ സമൃദ്ധമായ വിരുന്നു മുതൽ പാത്രനിർമ്മാണ കലയും പാചക ക്ലാസ്സുവരെയും മാസ്റ്റർ ഷെഫ് ആയി ബിരുദം സമ്പാദിക്കുന്നതുവരെയും അതിലുൾപ്പെടുന്നു. **'തിന്നുക, കുടിക്കുക'** എന്നത് സത്യമായും നമ്മുടെ മനസ്സുകളെ കൈയടക്കുകയും അനേകരുടെ നവയുഗ ദൈവ

മായി മാറുകയും ചെയ്തിരിക്കുന്നു. മറ്റൊന്ന് **'വിവാഹം കഴിക്കുക'** എന്ന താണ്; അതിന്റെ ബഹുവചന രൂപം ശരിയായ വിശദീകരിക്കുന്ന പ്രകാരം വിവാഹമോചനം ഒരു ഭ്രമം അല്ലെങ്കിൽ ഹോബി ആയി തീർന്നിരിക്കുകയും ഒന്നിലധികം വിവാഹങ്ങൾ ഒരു സാധാരണ കാര്യമായി തീരുകയും ചെയ്തി രിക്കുന്നു.

ഇക്കാര്യം നമ്മുടെ ചുറ്റുപാടുമുള്ള ലോകത്തിൽ കാണുമ്പോഴും അതിലും ഉപരിയായി വിശ്വാസികൾ ഇതിലകപ്പെടുന്നതു കാണുമ്പോഴും ഇത് അത്യധികം നിരാശയുളവാക്കുന്നതാണ് എന്നു ദുഃഖത്തോടെ പറയട്ടെ. ഒരു 'വിവാഹ സൈറ്റിൽ' വെച്ച് പരസ്പരം പരിചയപ്പെട്ട് വിവാഹിതരായ ഒരു ക്രിസ്തീയ ദമ്പതികളെ എനിക്കറിയാം. നിർഭാഗ്യമെന്നു പറയട്ടെ, ഭർത്താവ് ഇപ്പോഴും അവിവാഹിതനെന്ന പേരിൽ സൈറ്റിൽ നിലനിന്ന് അവിവാഹിതരായ പെൺകുട്ടികളുമായി സംഭാഷണത്തിലേർപ്പെടുന്ന കെണിയിൽ നിന്നും പുറത്തു കടക്കാനുള്ള പോരാട്ടത്തിലാണ്. അതയാൾക്ക് ഒരു ആസക്തിയായി മാറിക്കഴിഞ്ഞിരിക്കുന്നു.

എന്റെ ഒരു സ്നേഹിതൻ, അദ്ദേഹത്തിന്റെ സഭയിലെ സീനിയർ പാസ്റ്റർ സഹ പാസ്റ്റർമാരോട് തങ്ങളുടെ ഭാര്യമാരോടൊപ്പം എഴുന്നേറ്റുനില്ക്കാൻ ആവശ്യപ്പെട്ട സംഭവം എന്നോടു വിവരിക്കുകയുണ്ടായി. പാസ്റ്റർമാർ എഴുന്നേറ്റു നിന്നപ്പോഴാണ് അവരിൽ പകുതിപ്പേരും വിവാഹമോചനം നേടിയവരാണെന്ന കാര്യം മനസ്സിലായത്. *'അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം'* എന്ന **1 തിമൊഥെയൊസ് 3:2** ലെ വചനത്തിന് എന്നു മുതലാണ് നമ്മുടെയിടയിൽ പ്രസക്തി നഷ്ടപ്പെട്ടു തുടങ്ങിയത് എന്നു ഞാൻ അത്ഭുതപ്പെടുന്നു. (പഠിപ്പിക്കുന്നതിലൂടെ മാത്രം) സഭയ്ക്ക് എന്തു മാതൃകയാണ് നാം കൊടുക്കാൻ പോകുന്നത് എന്നെനിക്കറിഞ്ഞുകൂടാ. ഏതെങ്കിലും ഒരു വിവാഹം പ്രതിസന്ധിയിലായാലുടൻ ചില വിശ്വാസികൾ ആവേശത്തോടെ അവർക്കു പറ്റിയ അടുത്ത വിവാഹം ആലോചിച്ചു തുടങ്ങുന്നതു കാണാം.

മുമ്പു സൂചിപ്പിച്ച **മത്തായി 24:37-39** ലെ കർത്താവിന്റെ പ്രവചനം നിവൃത്തിയാകുന്നതായി നാം കാണുമ്പോൾ, കർത്താവിന്റെ ആസന്നമായ മടങ്ങിവരവിന്റെ സൂചനയാണിതെന്നു മനസ്സിലാക്കി ബുദ്ധിമാന്മാർ **ജാഗരൂകരും ഒരുക്കമുള്ളവരും** ആയിരിക്കണം എന്നു മാത്രമേ എനിക്കു പറയുവാനുള്ളു.

### ❖ വേദപുസ്തക പരിഭാഷകൾ എന്ന കെണികൾ

കഴിഞ്ഞ 30-40 വർഷങ്ങളിലായി ബൈബിളിന്റെ അനേക പുതിയ ആധുനിക

വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. 'വായിക്കാൻ എളുപ്പമായ ആധുനിക കാല ഇംഗ്ലീഷ് പരിഭാഷ' എന്ന ലേബലിൽ ദൈവവചനത്തിൽ വെള്ളം ചേർക്കാനുള്ള സാത്താന്റെ മികച്ച തന്ത്രമായിട്ടു മാത്രമേ ഇതിനെ വീക്ഷിക്കാൻ കഴിയൂ. ഈ പ്രക്രിയയിലൂടെ ദൈവത്തിന്റെ വിശുദ്ധ വചനത്തിലെ അനേക സത്യങ്ങളെ കവർന്നെടുക്കുകയും വചനത്തിന്റെ ശക്തിയെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ വെളിപ്പാട് 22:18-19 ലെ ദൈവവചനമനുസരിച്ച് ഇത് ദൈവനിന്ദയുമാണ്. വളരെക്കുറച്ചു പേർ മാത്രം ദൈവവചനം വായിക്കുമ്പോൾ വളരെയധികം പേർ ഈ വെള്ളം ചേർത്ത പരിഭാഷകൾ വായിക്കുന്നു എന്നതാണ് ദുഃഖകരമായ കാര്യം. നിർഭാഗ്യവശാൽ ഈ പരിഭാഷകളിൽ, പരിഭാഷകന്റെ (മനുഷ്യന്റെ) വ്യാഖ്യാനത്തിനായി അവന്റെ കൈകളിൽ ലഭ്യമായ മൂലപതിപ്പുകളിന്മേൽ കൂട്ടിച്ചേർക്കലുകളും കുറയ്ക്കലുകളും നടത്തുന്നതു കാണുവാൻ കഴിയും. വായനക്കാരന് മൂലകൃതിയിൽ ഉള്ളതുപോലെ നൽകുകയും വായനക്കാർക്കുവേണ്ടി പരിശുദ്ധാത്മാവ് അതു വ്യാഖ്യാനിക്കുവാൻ അനുവദിക്കുകയും ചെയ്യുന്നതിനു പകരം, ആ വചനത്തിന്റെ അർത്ഥമെന്തായിരിക്കുമെന്നുള്ള പരിഭാഷകന്റെ അനുമാനം വായനക്കാരനു നൽകുന്നു.

എന്റെ അറിവിനനുസരിച്ച് സുരക്ഷിതമായതെന്നു കരുതാവുന്ന ചില പരിഭാഷകളുടെ പട്ടിക നൽകുവാൻ ഞാൻ താല്പര്യപ്പെടുന്നു.

അവ 'കിംഗ് ജെയിംസ് വേർഷൻ,' 'ന്യൂ കിംഗ് ജെയിംസ് വേർഷൻ,' 'റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ,' 'ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ,' 'അമേരിക്കൻ സ്റ്റാൻഡേർഡ് വേർഷൻ,' 'ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് വേർഷൻ,' എന്നിവയാണ്. ദൈവവചനത്തിനു മാറ്റം വരുത്താത്ത ലളിതമായ ഒരു പരിഭാഷയാണ് നിങ്ങൾക്കു വേണ്ടതെങ്കിൽ 'ലിവിംഗ് ട്രാൻസ്‌ലേഷൻ' അല്ലെങ്കിൽ 'ന്യൂ ലിവിംഗ് ട്രാൻസ്‌ലേഷൻ' ഉപയോഗിക്കാം. മുകളിൽ പറഞ്ഞവ ഇംഗ്ലീഷ് ബൈബിളുകളുടെ ശുപാർശ ചെയ്യപ്പെട്ട പരിഭാഷകളാണ്. മറ്റു ഭാഷകളെ സംബന്ധിക്കുന്നവയ്ക്ക് നിങ്ങളുടെ സ്ഥാനത്തു ഞാനാണെങ്കിൽ ചെയ്യുന്നത്: ഓതറൈസ്ഡ് കിംഗ് ജെയിംസ് വേർഷനോടോ ന്യൂ കിംഗ് ജെയിംസ് വേർഷനോടോ നീതി പുലർത്തുന്നവ ഞാൻ സ്വീകരിക്കും. പ്രാദേശിക ഭാഷകളിലുള്ള ബൈബിൾ പരിഭാഷകളിലും, ലളിതമായ പരിഭാഷകൾ പുറത്തിറക്കുക എന്ന പേരിൽ വെള്ളം ചേർക്കാൻ തുടങ്ങിയിട്ടുണ്ടെന്നാണു ഞാൻ മനസ്സിലാക്കുന്നത്.

❖ **വിശുദ്ധ വേദപുസ്തക തിരുവെഴുത്തുകളെ മറ്റുള്ളവയുമായി ബന്ധിപ്പിക്കുന്ന കെണികൾ**

**സുവിശേഷം പ്രചരിപ്പിക്കാനെന്ന പേരിൽ നാം ചില സമയത്ത് ദൈവം**

**വെച്ചിരിക്കുന്ന അതിരു വിട്ട് പാലങ്ങൾ നിർമ്മിക്കാറുണ്ട്:** ധനിക യുവാവ് യേശുക്രിസ്തുവിന്റെ വചനങ്ങളെ നിരസിച്ചപ്പോൾ, കർത്താവ് അവന്റെ പുറകെ ഓടി അവനെ എങ്ങനെയെങ്കിലും മടക്കിക്കൊണ്ടുവരുന്നതിനായി ഒരു പാലം ഇട്ടുകൊടുത്തില്ല. മറിച്ച് സത്യം അവനു പറഞ്ഞുകൊടുത്ത് അവന്റെ ഇഷ്ടത്തിനു വിട്ടുകൊടുത്തു. വാസ്തവത്തിൽ കർത്താവ് തന്റെ ശിഷ്യന്മാരോടും പറഞ്ഞത് സത്യസുവിശേഷത്തിന്റെ ലാളിത്യത്തെ നിരസിക്കുന്നവർക്കു സാക്ഷ്യത്തിനായി കാലിലെ പൊടി കുടഞ്ഞുകളയുക എന്നാണ്.

ഇന്ന് ലോകമെമ്പാടും സുവിശേഷമെത്തിക്കാനും സാംസ്കാരികമായി സാംഗത്യമുള്ളവരാകാനും എന്ന പേരിൽ, കർത്താവ് തന്റെ ജനത്തിനുവേണ്ടി ഇട്ട അതിരിനെ നാം മറികടക്കുകയാണു ചെയ്യുന്നത്. അതിലൊന്ന് പാവനമായ വേദപുസ്തക തിരുവെഴുത്തുകൾക്ക് മറ്റു വിശ്വാസങ്ങളുടെ മതഗ്രന്ഥങ്ങളുമായുള്ള സാമ്യം പങ്കിടുക എന്നതാണ്. ഉല്പത്തി ചരിത്രം വേദപുസ്തകത്തിൽ നിന്നാണെന്നും നാം എല്ലാവരും ആദാമിൽനിന്നും ഹവ്വായിൽ നിന്നും ഉത്ഭവിച്ചവരാണെന്നും അതിനാൽ തന്നെ അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവത്തെക്കുറിച്ചുള്ള കഥകൾ എല്ലായിടത്തും പരന്നിട്ടുണ്ടെന്നും എനിക്കറിയാം. എന്റെ അഭിപ്രായത്തിൻ ഒരു സംഭാഷണം ആരംഭിക്കുന്നതിനായി ഒരു ചെറിയ പാലം ഇടുന്നതു നല്ലതാണ്. എന്നാൽ ക്രിസ്തുവിൽ പ്രിയരേ, സാത്താൻ എടുത്ത് വളച്ചൊടിച്ച ആപ്പിളുമായി ഒരു ആപ്പിളിനെ താരതമ്യം ചെയ്യുന്നതിനിടയിലുള്ള, രേഖ വളരെ നേർത്തതാണ് എന്നു ഞാൻ വിശ്വസിക്കുന്നു. അത് മ്ലേച്ഛമായതിനെ വിശുദ്ധം എന്നു വിളിക്കുന്നതുപോലെയാണ്.

മാനസാന്തരത്തിന്റെ പേരിൽ എണ്ണം കൂട്ടുന്നതാണെങ്കിൽ പോലും ആ സമീപനം ദൈവമായ കർത്താവിന് പ്രസാദകരമാണോ എന്നു നാം ആദ്യം തന്നെ (പരിശുദ്ധാത്മാവിന്റെ ഹിതത്തിനു വിധേയപ്പെട്ട്) പരിശോധിക്കേണ്ടതാണ്. കാരണം കർത്താവ് ഒരിക്കലും എണ്ണത്തിൽ സന്തോഷിക്കുന്നവനല്ല - ലളിതമായ സുവിശേഷ സത്യത്തിലൂടെ തന്റെയടുക്കൽ വരികയും ആത്മാവിലും സത്യത്തിലും തന്നെ ആരാധിക്കുകയും ചെയ്യുന്ന വിശ്വസ്തരായ വിശ്വാസികളെയാണ് അവൻ നോക്കുന്നത്.

ഒരിക്കൽ വലിയ സമർപ്പണമുണ്ടായിരുന്നവനും പിന്നീട് പിന്മാറിപ്പോയവനുമായ ഒരു സുഹൃത്ത് എനിക്കുണ്ട്. മറ്റൊരു വിശ്വാസത്തിന്റെ വിഗ്രഹങ്ങളും അടയാളങ്ങളും തന്റെ ഓഫീസിൽ സൂക്ഷിക്കുന്ന നിലയിൽ വിശ്വാസത്തിൽ നിന്നും അദ്ദേഹം വ്യതിചലിച്ചുപോയി. അദ്ദേഹം പറയുന്നത് ക്രിസ്തുവിന്റെ സുവിശേഷത്തെ ബന്ധിപ്പിക്കുന്നതിനുള്ള പാലം അതു തനിക്കു പ്രദാനം ചെയ്യുന്നുവെന്നാണ്.

നോക്കുക, ചില സമയങ്ങളിൽ അത്തരം പാലങ്ങളുടെ പേരിൽ നാം **അഭക്തമായ കാര്യങ്ങളെ ഭക്തിമയ കാര്യങ്ങളായും മ്ലേച്ഛമായ കാര്യങ്ങളെ വിശുദ്ധ കാര്യങ്ങളായും അശുദ്ധ** വസ്തുക്കളെ (ദൈവമായ കർത്താവിനും അറപ്പായുള്ളവ) **വിശുദ്ധിയോടു ബന്ധപ്പെട്ട**വയായും മാറ്റാറുണ്ട്.

ഉദാഹരണമായി, ക്രിസ്തീയ വിശ്വാസത്തിൽനിന്നും വിട്ടുപോയതും നമ്മുടെ വിശ്വാസത്തോടും ബൈബിളിനോടും സാമ്യം പുലർത്തുന്നതുമായ നിരവധി കൾട്ടുകളുണ്ട് (വാസ്തവത്തിൽ ഒരു സാധാരണ വിശ്വാസിക്ക് അവരുടെ വളച്ചൊടിക്കപ്പെട്ട ബൈബിളും നമ്മുടെ ബൈബിളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക പ്രയാസമാണ്). എന്നാൽ അവരുടെ വളച്ചൊടിക്കപ്പെട്ട ബൈബിളും നമ്മുടെ ബൈബിളും തമ്മിലുള്ള സാമ്യം പറഞ്ഞുകൊണ്ട് അവരുമായി ഒരു പാലം നാം നിർമ്മിക്കാറുണ്ടോ? അല്ലെങ്കിൽ അവരുടെ വളച്ചൊടിക്കപ്പെട്ട വിശ്വാസവും നമ്മുടെ വിശ്വാസവും തമ്മിൽ? അത്തരം സന്ദർഭങ്ങളിൽ എപ്രകാരമാണ് സാത്താൻ സത്യത്തെ വളച്ചൊടിക്കുന്നത് എന്നു ചൂണ്ടിക്കാണിക്കുവാൻ നാം ധൈര്യം കാണിക്കുകയല്ലേ ചെയ്യേണ്ടത്? **ശരിയല്ലേ?** അല്ലെങ്കിൽ അത് യഥാർത്ഥത്തിൽ പാപമായ മദ്യപാനത്തെക്കുറിച്ച് നോഹയുടെ കാലത്തു നിർമ്മിച്ച ഒറിജിനൽ ആണെങ്കിൽ കുഴപ്പമില്ല എന്നു പറയുന്നതുപോലെയല്ലേ?

ദൈവമായ കർത്താവിന് 99% സത്യം സത്യമല്ല, അത് കേൾക്കുമ്പോൾ എത്ര വിശുദ്ധമാണെന്നു തോന്നിയാലും. ഓർക്കുക, പിശാച് ഹവ്വായുടെ മുമ്പിൽ സത്യത്തെ ഒരല്പം വളച്ചുകൊടുത്തു, അവളും ആദാമും അതിൽ വീണു! അഹരോന്റെ പുത്രന്മാർ യാഗത്തിനുവേണ്ടി ദൈവം കല്പിച്ച 'വിശുദ്ധ അഗ്നി' യുടെ കാര്യത്തിൽ ഒരല്പം മാറ്റം വരുത്തിയപ്പോൾ അവർ തൽക്ഷണം യഹോവയുടെ സന്നിധിയിൽ നിന്നും പുറപ്പെട്ട അഗ്നിയാൽ ദഹിപ്പിക്കപ്പെട്ടു എന്നാണ് നാം ലേവ്യപുസ്തകത്തിൽ വായിക്കുന്നത്.

**ലേവ്യപുസ്തകം 10:1-3, 10-11**

*1അനന്തരം അഹരോന്റെ പുത്രന്മാരായ നാദാബും അബീഹൂവും ഓരോ*
***ധൂപകലശം എടുത്തു അതിൽ തീ ഇട്ടു അതിന്മേൽ ധൂപവർഗ്ഗവും ഇട്ടു,***
*അങ്ങനെ തങ്ങളോടു കല്പിച്ചതല്ലാത്ത* ***അന്യാഗ്നി യഹോവയുടെ***
***സന്നിധിയിൽ കൊണ്ടു വന്നു.*** *2ഉടനെ യഹോവയുടെ സന്നിധിയിൽ*
*നിന്നു തീ പുറപ്പെട്ടു അവരെ ദഹിപ്പിച്ചുകളഞ്ഞു; അവർ യഹോവയുടെ*
*സന്നിധിയിൽ മരിച്ചുപോയി. 3അപ്പോൾ മോശെ: എന്നോടു*
*അടുക്കുന്നവരിൽ ഞാൻ ശുദ്ധീകരിക്കപ്പെടും; സർവ്വജനത്തിന്റെയും*
*മുമ്പാകെ ഞാൻ മഹത്വപ്പെടും എന്നു യഹോവ അരുളിച്ചെയ്തതു ഇതു*
*തന്നേ എന്നു അഹരോനോടു പറഞ്ഞു. അഹരോനോ മിണ്ടാതിരുന്നു.*
***10ശുദ്ധവും അശുദ്ധവും മലിനവും നിർമ്മലവും തമ്മിൽ നിങ്ങൾ***

***വകതിരിക്കേണ്ടതിന്നും*** *[11]യഹോവ മോശെമുഖാന്തരം യിസ്രായേൽമക്കളോടു കല്പിച്ച സകല പ്രമാണങ്ങളും അവരെ ഉപദേശിക്കേണ്ടതിന്നും തന്നേ.*

വളരെയധികം നവയുഗ വസ്തുതകൾ (മുമ്പില്ലാതിരുന്നവ) രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുകയാണ്. അവന്റെ വരവിങ്കൽ അവന്റെ അഗ്നിയാൽ നാം ദഹിപ്പിക്കപ്പെടാതിരിക്കേണ്ടതിന് കർത്താവിനോട് ആലോചന ചോദിക്കാതെ പുതിയ പ്രദേശങ്ങളിലേക്ക് (ഏറ്റവും പുതിയ ക്രിസ്തീയ ഭ്രമങ്ങളിലേക്ക്) കാൽവയ്ക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ആവർത്തനം 7:25–26 ൽ ബൈബിൾ പറയുന്നു**

*[25]അവരുടെ ദേവപ്രതിമകളെ തീയിൽ ഇട്ടു ചുട്ടുകളയേണം; നീ വശീകരിക്കപ്പെടാതിരിപ്പാൻ അവയിന്മേലുള്ള വെള്ളിയും പൊന്നും മോഹിച്ചു എടുത്തുകൊള്ളരുതു; അതു നിന്റെ ദൈവമായ യഹോവെക്കു അറെപ്പാകുന്നു. [26]നീയും അതുപോലെ ശാപമായ്തീരാതിരിക്കേണ്ടതിന്നു അറെപ്പായുള്ളതു നിന്റെ വീട്ടിൽ കൊണ്ടുപോകരുതു; അതു നിനക്കു തീരെ അറെപ്പും വെറുപ്പുമായിരിക്കേണം; അതു ശാപഗ്രസ്തമല്ലോ.*

**2 കൊരിന്ത്യർ 6:14–18** ൽ ബൈബിൾ പറയുന്നു

*"...ക്രിസ്തുവിന്നും ബെലീയാലിന്നും തമ്മിൽ എന്തു പൊരുത്തം?..." "...ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത?..." "... "അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുതു; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു..."* **മറ്റു വാക്കുകളിൽ പറഞ്ഞാൽ അകന്നു നിൽക്കുകയും വിശുദ്ധമായതിനെ അശുദ്ധമായതുമായി കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുക.**

അപ്പൊസ്തലനായ പൗലൊസ് **റോമർ 1:16** ൽ "*സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല .... അതു ദൈവശക്തിയാകുന്നു*" എന്നു പറയുമ്പോൾ സുവിശേഷം നശിച്ചുപോകുന്നവർക്ക് ഭോഷത്വമായി തോന്നിയാലും അതിന്റെ ലാളിത്യത്തിൽ "ശക്തി" ആകുന്നു എന്നാണ് പൗലൊസ് അർത്ഥമാക്കുന്നത്.

**1 കൊരിന്ത്യർ 1:17–18 പറയുന്നു:**

*[17]സ്നാനം കഴിപ്പിപ്പാൻ അല്ല സുവിശേഷം അറിയിപ്പാനത്രേ ക്രിസ്തു എന്നെ അയച്ചതു; ക്രിസ്തുവിന്റെ ക്രൂശു വ്യർത്ഥമാകാതിരിക്കേണ്ടതിന്നു വാക്ചാതുര്യത്തോടെ അല്ലതാനും. [18]**ക്രൂശിന്റെ വചനം** നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.*

ക്രിസ്തുവിൽ പ്രിയരേ, ലളിതമെങ്കിലും ശക്തിയേറിയ ക്രിസ്തുവിന്റെ സുവിശേഷത്തിൽ ഉറച്ചുനില്ക്കുക. എങ്കിൽ നിങ്ങൾ ഒരിക്കലും തെറ്റിപ്പോകയില്ല, നമ്മുടെ ദൈവമായ കർത്താവിന്റെ പ്രസാദം നിങ്ങൾക്കുണ്ടെന്ന് നിങ്ങൾക്ക് ഉറപ്പാക്കുകയും ചെയ്യാം.

### ❖ ടെലിവിഷൻ സഭകൾ എന്ന കെണികൾ

മറ്റൊരു നവയുഗ സഭ എന്നത് നിങ്ങളുടെ ഭവനത്തിലെ സ്വീകരണ മുറിയുടെ അല്ലെങ്കിൽ കിടപ്പുമുറിയുടെ സുഖസൗകര്യങ്ങളിൽ ലഭ്യമായ സഭയാണ്. ടെലിവിഷൻ ഓൺ ചെയ്ത് അല്ലെങ്കിൽ ഇന്റർനെറ്റിൽ കണക്റ്റുചെയ്ത് ഈ ക്രിസ്തീയ പ്രക്ഷേപണങ്ങൾ ലഭ്യമാക്കി, തങ്ങളുടെ കാതുകൾക്കിമ്പമായ പ്രസംഗം ലഭ്യമാക്കുന്ന പ്രസംഗകനെ ശ്രവിക്കുന്നു. ആളുകൾ വളരെ തിരക്കുള്ളവർ ആയതിനാൽ അവർക്ക് സൗകര്യപൂർവ്വം ആരാധിക്കാൻ ഇതു പ്രയോജനകരമാണ് എന്ന ന്യായീകരണമാണ് അവർ മുമ്പോട്ടുവയ്ക്കുന്നത്.

**2 തിമൊഥെയൊസ് 4:4 ൽ ഇത് ശരിയായ നിലയിൽ പ്രവചിച്ചിട്ടുണ്ട്**

*അവർ പത്ഥ്യോപദേശം പൊറുക്കാതെ* ***കർണ്ണരസമാകുമാറു***
*സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം* ***ഉപദേഷ്ടാക്കന്മാരെ***
***പെരുക്കുകയും*** *സത്യത്തിന്നു ചെവികൊടുക്കാതെ*
*കെട്ടുകഥ കേൾപ്പാൻ തിരികയും ചെയ്യുന്ന കാലം വരും.*

ഈ കെണി നമ്മെ പരസ്പര ബന്ധമില്ലാത്ത ദ്വീപുകൾ പോലെയുള്ള വിശ്വാസികളാക്കുകയും ക്രിസ്തീയ ജീവിതത്തിന് അനിവാര്യമായ വിശ്വാസികളുടെ കൂട്ടായ്മയുടെ ആത്മാവിനെ കൊല്ലുകയും ചെയ്യും.

### ❖ കർത്താവായ യേശുവിനെയും കർത്താവായ ദൈവത്തെയും വിട്ട് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുകയും സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്ന കെണികൾ

ആധുനിക സഭയിലെ അനേകർ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുന്നതിലൂടെ തങ്ങളുടെ പ്രശ്നങ്ങൾക്ക് എളുപ്പത്തിലും വേഗത്തിലുമുള്ള പരിഹാരം ലഭ്യമാക്കുമെന്നു ചിന്തിച്ച് ഒരു കുറുക്കുവഴി കണ്ടെത്തിയിരിക്കുകയാണ്. ഓർക്കുക, ദൈവവചനത്തിൽ നിന്നുള്ള ഏതൊരു വ്യതിചലനവും ജലാശയത്തിനു മുകളിലെ കനം കുറഞ്ഞ ഹിമപാളിയുടെ മീതെ നടക്കുന്നതിനു തുല്യമാണ്.

ഇതുവരെ നമ്മൾ കണ്ട എല്ലാ കെണികളും സഭയിലേക്ക് നുഴഞ്ഞു കയറി

ക്കൊണ്ടിരിക്കുന്നവയും ശരിയായ തിരുവചന ജ്ഞാനമില്ലാത്തതുകൊണ്ട് സംഭവിക്കുന്നവയുമാണ്. അവയുടെ ഒരു ഫലം വിശുദ്ധ ത്രിത്വത്തെ യഹോവ മാത്രം, യേശുക്രിസ്തു മാത്രം എന്നു വേർതിരിക്കുന്നതാണ്; ഇപ്പോൾ അതിനെ പരിശുദ്ധാത്മാവു മാത്രം എന്നു വേർതിരിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

സകല കെണികളുടെയും ആരംഭം വളരെ നിരുപദ്രവകരമായ നിലയിലായിരിക്കും, അതായത് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുവാനും സ്തുതിക്കുവാനും നമ്മെ പ്രേരിപ്പിച്ചുകൊണ്ട്. അതെത്ര നിരുപദ്രവകരമാണെന്നു തോന്നിയാലും അതിന് വേദപുസ്തക അടിസ്ഥാനമുണ്ടോ എന്നു നമുക്കു പഠിച്ചു നോക്കാം.

**യോഹന്നാൻ 16:23 ൽ കർത്താവായ യേശു പറഞ്ഞു:**
*"....ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ*
***പിതാവിനോടു അപേക്ഷിക്കുന്ന**തൊക്കെയും*
*അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും.*

**യോഹന്നാൻ 14:14 ൽ കർത്താവു വീണ്ടും പറഞ്ഞു:**
*നിങ്ങൾ **എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്ന**തൊക്കെയും*
*ഞാൻ ചെയ്തു തരും.*

*'പരിശുദ്ധാത്മാവിന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും'* എന്ന് ബൈബിളിൽ ഒരിടത്തും ഞാൻ കണ്ടിട്ടില്ല. *'പരിശുദ്ധാത്മാവിനോട് അപേക്ഷിക്കുന്നതൊക്കെയും'* എന്നും ഞാൻ ഒരിടത്തും കണ്ടിട്ടില്ല. എന്തുകൊണ്ടാണെന്നു നിങ്ങൾക്കറിയാമോ? പരിശുദ്ധാത്മാവിനോട് വേറിട്ട് ചോദിക്കാനും സംസാരിക്കാനും നാം ആരംഭിക്കുന്ന ആ നിമിഷത്തിൽ തന്നെ, ഞാൻ വിശ്വസിക്കുന്നത് നാം നമ്മുടെ മനസ്സിൽ കർത്താവായ യേശുവിനെ അവന്റെ ആത്മാവിൽ നിന്നും നാം വേർപെടുത്തിക്കഴിഞ്ഞുവെന്നാണ്.

**കൾട്ടുകൾ യഹോവ മാത്രം എന്നു പറയുന്നതു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ അപായ സൂചന മുഴങ്ങാറുണ്ട്, എങ്കിൽ എന്തുകൊണ്ട് ത്രിത്വത്തിലെ ഒരു ആളത്വത്തിലേക്കു മാത്രം നാം ചായുമ്പോൾ അപായ സൂചന മുഴങ്ങുന്നില്ല?** കാരണം പരിശുദ്ധാത്മാവ് കർത്താവായ യേശുക്രിസ്തുവിന്റെ ആത്മാവ് അല്ലാതെ മറ്റൊന്നുമല്ല, അവനെ കർത്താവ് നമുക്കു വിട്ടേച്ചു പോയിരിക്കുന്നു. **ശരിയല്ലേ?** പരിശുദ്ധാത്മാവു നിർവഹിക്കുന്ന ധർമ്മത്തെക്കുറിച്ച് കർത്താവായ യേശു തന്നെ വ്യക്തമായി പറഞ്ഞിട്ടുണ്ട്:

**യോഹന്നാൻ 14:26**
*എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു*
*എന്ന **കാര്യസ്ഥൻ** നിങ്ങൾക്കു സകലവും **ഉപദേശിച്ചു**തരികയും*

*ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ*
***ഓർമ്മപ്പെടുത്തുകയും** ചെയ്യും.*

**യോഹന്നാൻ 16:12-15**
*[12]"ഇനിയും വളരെ നിങ്ങളോടു പറവാൻ ഉണ്ടു; എന്നാൽ നിങ്ങൾക്കു*
*ഇപ്പോൾ വഹിപ്പാൻ കഴിവില്ല. [13]സത്യത്തിന്റെ ആത്മാവു വരുമ്പോഴോ*
*അവൻ നിങ്ങളെ സകല സത്യത്തിലും **വഴിനടത്തും; അവൻ സ്വയമായി***
***സംസാരിക്കാതെ** താൻ കേൾക്കുന്നതു സംസാരിക്കയും*
***വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരികയും** ചെയ്യും.*
*[14]അവൻ എനിക്കുള്ളതിൽനിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചു*
*തരുന്നതു കൊണ്ടു **എന്നെ മഹത്വപ്പെടുത്തും.** [15]പിതാവിന്നുള്ളതു*
*ഒക്കെയും എനിക്കുള്ളതു; അതുകൊണ്ടത്രേ **അവൻ***
***എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരും***
*എന്നു ഞാൻ പറഞ്ഞതു."*

### ❖ ദൈവത്തിനും അവന്റെ വചനത്തിനും മുകളിലായി പാസ്റ്റർമാർക്ക്/പ്രസംഗകർക്ക് സ്ഥാനം നൽകുക എന്ന കെണികൾ

'എന്റെ അടുക്കൽ വരുവിൻ' എന്നു കർത്താവായ യേശു പറഞ്ഞു. ഇന്നിന്ന ആളുകളുടെ അടുക്കൽ പോകുക എന്നവൻ ഒരിക്കലും പറഞ്ഞില്ല. മറ്റൊരുവനിൽ നിന്നു നിങ്ങൾ കേൾക്കണമെന്നു ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ, **അപ്പൊ. പ്രവൃത്തികൾ 9** ൽ പൗലൊസിന്റെയും അനന്യാസിന്റെ കാര്യത്തിൽ നാം കാണുന്നതുപോലെ, ആ വ്യക്തിയെ അവൻ നിങ്ങളുടെ അടുക്കലേക്ക് അയയ്ക്കും. അനുസരണമുള്ള ഒരു വിശ്വാസിയോട് അനവധി മാർഗ്ഗങ്ങളിലൂടെ കർത്താവ് സംസാരിക്കും; അതൊരു പക്ഷേ ഒരുവന്റെ പ്രഭാതത്തിലെ വചന ധ്യാനത്തിലൂടെയായിരിക്കും; അല്ലെങ്കിൽ ഒരു പാസ്റ്ററുടെ അഥവാ പ്രസംഗകന്റെ പ്രസംഗത്തിലൂടെയായിരിക്കും. **ഇന്ന് വിശ്വാസികളായ നാം ചില സമയങ്ങളിൽ മരുഭൂമിയിലായിരുന്ന യിസ്രായേലിന്റെ മനോഭാവം പ്രകടിപ്പിക്കാറുണ്ട്.** കർത്താവായ ദൈവം അവരുടെ ദൈവവും രാജാവും പുരോഹിതനും ആയിരിക്കാൻ ആഗ്രഹിച്ചപ്പോൾ ദൈവത്തോടു നേരിട്ടു സംസാരിക്കാൻ അവർ ആഗ്രഹിച്ചില്ല. ദൈവത്തിൽ നിന്നല്ല മോശെയിൽ നിന്നും തങ്ങൾ കേട്ടുകൊള്ളാം എന്നവർ മോശെയോടു പറഞ്ഞു.

**പുറപ്പാട് 20:19** *"അവർ മോശെയോട്: നീ ഞങ്ങളോടു സംസാരിക്ക; ഞങ്ങൾ കേട്ടുകൊള്ളാം; ഞങ്ങൾ മരിക്കാതിരിക്കേണ്ടതിന് **ദൈവം ഞങ്ങളോടു സംസാരിക്കരുതേ** എന്നു പറഞ്ഞു."*

ക്രിസ്തുവിൽ വളർച്ച പ്രാപിച്ച മറ്റു സഹവിശ്വാസികളോട് ആലോചന ചോദിക്കുന്നതിനു ഞാൻ എതിരല്ല. അതൊരു പാസ്റ്ററോ, പ്രസംഗകനോ, പുരോഹിതനോ, ബിഷപ്പോ അല്ലെങ്കിൽ ഒരു സാധാരണ വിശ്വാസിയോടോ ആകാം, അതിൽ ഒരു തെറ്റുമില്ല. എന്നാൽ ഞാൻ പറയുന്നത് എന്തെന്നു ചോദിച്ചാൽ, ഏതു മനുഷ്യനെക്കാളും നമ്മെയും നമ്മുടെ സാഹചര്യങ്ങളെയും അറിയുന്നത് സർവ്വജ്ഞാനിയും എല്ലാം അറിയുന്നവനുമായ ദൈവമാണ് എന്നും അവനെ നാം അന്വേഷിക്കുന്നുവെങ്കിൽ അവൻ തന്റെ വചനത്തിലൂടെ നമ്മോടു നേരിട്ട് സംസാരിക്കുകയോ അല്ലെങ്കിൽ അവന്റെ വഴിയിലേക്കു നമ്മെ തിരിക്കുകയോ ചെയ്യും എന്നും തിരിച്ചറിയുന്നതിനുള്ള വിവേചന ബുദ്ധി നമുക്കുണ്ടായിരിക്കണമെന്നാണ്. പെട്ടെന്ന് ഉത്തരം കിട്ടുന്നതിനായി ആരെയെങ്കിലും ഇടനില നിർത്തുന്ന തരത്തിലുള്ള ഒരു കുറുക്കുവഴിയുമില്ല.

പലപ്പോഴും അവനുവേണ്ടി വിശ്വാസത്തിന്റെ ഒരു ചുവടുവയ്ക്കാൻ ദൈവം നമ്മോടു സംസാരിക്കുകയും ആഹ്വാനം ചെയ്യുകയും ചെയ്യുന്നതു നാം കേൾക്കാറുണ്ട്. നിർഭാഗ്യവശാൽ, (ദൈവത്തിലാശ്രയിക്കുന്നതിനു പകരം) 'ദൈവം വാസ്തവമായി അങ്ങനെ പറഞ്ഞോ!' എന്നു നമ്മുടെ തലയിൽ മുഴങ്ങുന്ന സാത്താന്റെ ശബ്ദത്തിനും നമ്മുടെ ജീവിതത്തിൽ **ദൈവത്തിന്റെ ഹിതം തിരഞ്ഞെടുക്കുന്നതിനു** നമ്മെ സഹായിക്കുന്നതിനായി നമ്മുടെ പശ്ചാത്തലത്തെക്കുറിച്ച് യാതൊരു അറിവുമില്ലാത്ത 'മനുഷ്യ'നോടു ചോദിക്കുന്നതിനും നാം ഇരയായിത്തീരുന്നു. ദൈവമായ കർത്താവിന്റെ ഹിതം അതല്ലെന്നിരിക്കിലും ആ വ്യക്തിക്ക് പ്രസാദകരമായതെന്തെന്നു കണ്ടെത്താനുള്ള പരീക്ഷ ഇവിടെ ഉളവാകുന്നു. അതിനോടൊപ്പം ആട്ടിൻ തോലണിഞ്ഞ ധാരാളം ചെന്നായ്ക്കളും ഈ അന്ത്യകാലത്ത് രംഗത്തുണ്ട്. അതിനാൽ ആലോചനയ്ക്കുവേണ്ടി പ്രവാചകന്റെയോ പ്രവാചകിയുടെയോ അടുക്കലേക്ക് ഓടുന്നതിനുമുമ്പ്, അതാണോ ദൈവത്തിന്റെ സമ്പൂർണ്ണ ഹിതം എന്നു നാം വിലയിരുത്തേണ്ടതാണ്.

നമ്മെ ദിനം തോറും ആലോചന തന്നു നടത്തുന്ന ബൈബിളിലുള്ള (ദൈവവചനം) അറിവില്ലായ്മ നമ്മെ ദുരുപദേശങ്ങൾക്കും ദൈവഹിതത്തിനു വെളിയിലുള്ള കാര്യങ്ങൾക്കും മുമ്പിൽ ബലഹീനരാക്കിത്തീർക്കും.

അപ്പൊസ്തലനായ യോഹന്നാൻ നമുക്കു മുന്നറിയിപ്പു നൽകുന്നത് നാം ദുരുപദേശ പ്രസംഗത്തിന് അടിമകളായിത്തീരുന്നതിനെതിരെയാണ് (അതാണിന്ന് ക്രിസ്തീയ ടെലിവിഷൻ പ്രസംഗങ്ങളിൽ മുന്നിട്ടുനില്ക്കുന്നത്; അവർ നരകത്തിലേക്കുള്ള വിശാല പാത ചൂണ്ടിക്കാണിക്കുകയും തങ്ങളുടെ കേഴ്വിക്കാർക്ക് ഒരിക്കലും ഭക്തിനിർഭര വിശുദ്ധജീവിതത്തെക്കുറിച്ച് ബോധ്യം വരുത്താതിരിക്കയും ചെയ്യുന്നു).

**1 യോഹന്നാൻ 2:28**

*ഇനിയും കുഞ്ഞുങ്ങളേ, അവൻ **പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ** അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന്നു അവനിൽ വസിപ്പിൻ.*

ഇത്തരം ദുരുപദേഷ്ടാക്കളിലൂടെ യിരെമ്യാപ്രവാചകന്റെ വാക്കുകൾ ഇന്ന് നിവൃത്തിയായിരിക്കുകയാണ്:

**യിരെമ്യാവ് 23:17**

*[17]എന്നെ നിരസിക്കുന്നവരോടു അവർ: നിങ്ങൾക്കു സമാധാനം ഉണ്ടാകും എന്നു യഹോവ അരുളിച്ചെയ്തിരിക്കുന്നു എന്നു പറയുന്നു; **തങ്ങളുടെ ഹൃദയത്തിലെ ശാഠ്യപ്രകാരം നടക്കുന്നവരോടൊക്കെയും:** നിങ്ങൾക്കു ഒരു ദോഷവും വരികയില്ല എന്നു പറയുന്നു.*

അപ്പൊസ്തലനായ പൗലൊസ് **1 തെസ്സലൊനീക്യർ 5:3** ൽ പറയുന്നത് അവർ "**സമാധാനമെന്നും നിർഭയമെന്നും**" പറയുമ്പോൾ ഗർഭിണിക്കു പ്രസവ വേദന വരുംപോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും അവർക്കു തെറ്റിയൊഴിയാവതുമല്ല എന്നാണ്.

യിരെമ്യാപ്രവാചകന്റെ പ്രവചനങ്ങൾ നിവൃത്തിയായിരിക്കുന്ന ഈ കാലത്തിലെ തന്റെ ജനത്തിന്റെ അവസ്ഥയെക്കുറിച്ച് കർത്താവു ദുഃഖിക്കുന്നു:

**യിരെമ്യാവ് 8:7**

*[7]"ആകാശത്തിലെ പെരുഞാറ തന്റെ കാലം അറിയുന്നു; കുറുപ്രാവും മീവൽപക്ഷിയും കൊക്കും മടങ്ങിവരവിന്നുള്ള സമയം അനുസരിക്കുന്നു; എന്റെ ജനമോ യഹോവയുടെ ന്യായം അറിയുന്നില്ല."*

**യിരെമ്യാവ് 4:22**

*"എന്റെ ജനം ഭോഷന്മാർ; **അവർ എന്നെ അറിയുന്നില്ല**; അവർ ബുദ്ധികെട്ട മക്കൾ; **അവർക്കു ഒട്ടും ബോധമില്ല**; ദോഷം ചെയ്‌വാൻ അവർ സമർത്ഥന്മാർ; നന്മ ചെയ്‌വാനോ അവർക്കു അറിഞ്ഞുകൂടാ."*

ഇന്ന് അനുസരണക്കേടിന്റെ മക്കളുടെമേൽ ദൈവകോപം വരുന്നതിന്റെ അനവധി ലക്ഷണങ്ങൾ കാണുമ്പോൾ വിശ്വാസികളായ നമ്മിൽ അനേകർക്കും ലോകം ഇന്നായിരിക്കുന്ന സമയങ്ങളെയും കാലങ്ങളെയും കുറിച്ച് ഒരു വിവേചനവും ഇല്ല.

എനിക്കും നിങ്ങൾക്കും ചെയ്യുവാൻ കഴിയുന്ന ഏറ്റവും ബുദ്ധിപൂർവ്വമായ കാര്യം താമസം കൂടാതെ നമ്മുടെ ഗൃഹകാര്യം ക്രമത്തിലാക്കുകയും ദൈവി

കമായ വിശുദ്ധഭയത്തിൽ വളരുകയും ബുദ്ധിഹീനരായി മാനസാന്തരമില്ലാത്ത പഴയ വഴിയിൽ തുടരുന്നതു നിർത്തി ക്രിസ്തുയേശുവിന്റെ ആസന്നമായ വരവിനുവേണ്ടി ഒരുങ്ങുകയും ചെയ്യുക എന്നതാണ്.

ദൈവം തന്റെ ജനത്തിൽനിന്നും പ്രതീക്ഷിക്കുന്നത് എന്താണെന്നതിനെ ക്കുറിച്ച് നമ്മെ പ്രബോധിപ്പിക്കുന്നതിനായി പഴയ നിയമത്തിൽ നിന്നുള്ള ഒരു തിരുവെഴുത്ത് നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് ഈ ഭാഗം ഞാൻ ഉപസംഹരിക്കട്ടെ:

**2 ദിനവൃത്താന്തം 15:12-15**

*12പിന്നെ അവർ തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയെ*
***പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ** അന്വേഷിച്ചുകൊള്ളാ*
*മെന്നും 13ചെറിയവനോ വലിയവനോ പുരുഷനോ സ്ത്രീയോ ആരായാലും*
*യിസ്രായേലിന്റെ ദൈവമായ യഹോവയെ അന്വേഷിക്കാത്തവർ*
*മരണശിക്ഷ അനുഭവിക്കേണമെന്നും ഒരു നിയമം ചെയ്തു. 14അവർ*
*മഹാഘോഷത്തോടും ആർപ്പോടും കാഹളങ്ങളോടും*
*കുഴലുകളോടുംകൂടെ യഹോവയോടു സത്യംചെയ്തു. 15എല്ലായെഹൂദ്യരും*
*സത്യംനിമിത്തം സന്തോഷിച്ചു; അവർ പൂർണ്ണഹൃദയത്തോടെ*
*സത്യംചെയ്തു **പൂർണ്ണതാല്പര്യത്തോടുംകൂടെ അവനെ***
***അന്വേഷിച്ചതുകൊണ്ടു** അവർ അവനെ കണ്ടെത്തുകയും യഹോവ*
*അവർക്കു ചുറ്റും വിശ്രമം നല്കുകയും ചെയ്തു.*

# ഭാഗം 2

## (മനുഷ്യന്റെ വചനങ്ങളല്ല)
## ദൈവത്തിന്റെ വചനം ധ്യാനിക്കുക

# അധ്യായം 1

**ക്രിസ്തുവിൽ പ്രിയരേ,** ഈ ഗ്രന്ഥത്തിന്റെ അടുത്ത ഭാഗത്തേക്ക് നാം കടക്കുന്നതിനു മുമ്പായി, ഇവിടെ ഒരു നിമിഷം നിന്ന് ചില കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുന്നു; ഇതുവരെ ഞാൻ പങ്കിട്ട ബൈബിൾ വാക്യങ്ങളിൽ നിന്നുള്ള സത്യങ്ങൾ നിമിത്തം (അല്ലെങ്കിൽ ഇനി പങ്കിടാൻ പോകുന്ന കാര്യങ്ങൾ നിമിത്തം) ആരെങ്കിലും ഒരല്പം അധൈര്യപ്പെടുകയോ കുറ്റബോധമുള്ളവരാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ താഴെക്കാണുന്ന വാക്യങ്ങളിൽ നിന്നും നിങ്ങൾക്ക് ധൈര്യം പകരുവാൻ ഞാനാഗ്രഹിക്കുന്നു:

**1 യോഹന്നാൻ 1:7**

*അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ*
*നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു;*
*അവന്റെ പുത്രനായ യേശുവിന്റെ രക്തം*
*സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.*

**1 യോഹന്നാൻ 2:1–2**

*എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു*
*നിങ്ങൾക്കു എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ,*
*നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ*
*അടുക്കൽ ഉണ്ടു. [2]അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു;*
*നമ്മുടേതിന്നു മാത്രം അല്ല, സർവ്വലോകത്തിന്റെ പാപത്തിന്നും തന്നേ.*

ഇനി നാം ഈ ഗ്രന്ഥത്തിന്റെ **'മനുഷ്യന്റെ വചനങ്ങളല്ല ദൈവത്തിന്റെ വചനം ധ്യാനിക്കുക'** എന്ന രണ്ടാം ഭാഗത്തേക്കു കടക്കുകയാണ്. ദൈവത്തിന്റെ അത്ഭുതകരമായ വചനത്തിലുള്ള - ബൈബിൾ - ഒരു വിശ്വാസിയുടെ ദൈനംദിന വ്യക്തിപരമായ ധ്യാനസമയത്തെ സംബന്ധിച്ച് **ഒരു വിട്ടുവീഴ്ചയും പാടില്ല** എന്നു പറഞ്ഞുകൊണ്ടാരംഭിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇതാണ് സത്യവും വ്യാജവും തമ്മിൽ വിവേചിച്ചറിയുവാൻ ഒരു സത്യവിശ്വാസിയെ സഹായിക്കുന്ന ഒരു മാർഗ്ഗം.

**ഓർക്കുക, അവസാനമായി നാം വലിയവനും സർവ്വശക്തനും നീതിമാനുമായ ഈ ദൈവത്തിന്റെ മുമ്പിൽ നില്ക്കുമ്പോൾ**
*ഞാനും നിങ്ങളും എന്തു "ചിന്തിച്ചു" - അതു വിഷയമാകില്ല*
*നമ്മെ എന്തു "പഠിപ്പിച്ചു" - അതു വിഷയമാകില്ല*
*എന്താണ് എഴുതപ്പെട്ടിരിക്കുന്നത് - അതാണ് വിഷയമാകുന്നത്*
*ആമേൻ!*

ദൈവവചനമായ ബൈബിളിൽ എന്താണ് എഴുതിയിരിക്കുന്നത് എന്നതു സംബന്ധിച്ച് **ഇന്ന് ക്രിസ്ത്യാനികളായ നമ്മെക്കാളും യെഹൂദന് നല്ല പിടിപാടുണ്ട്** (അക്ഷരപ്രകാരമാണെങ്കിലും). കർത്താവായ യേശുക്രിസ്തുവിന്റെ ഇഹലോക ജീവിതകാലത്ത് നടന്ന ഏതൊരു സംഭാഷണവും തർക്കങ്ങളും വ്യാഖ്യാനങ്ങളും എല്ലായ്പോഴും അവരുടെ 'ബൈബിളിൽ' 'എന്താണെഴുതപ്പെട്ടിരിക്കുന്നത്' എന്നതു സംബന്ധിച്ചായിരുന്നു.

കർത്താവിന്റെ ഗിരിപ്രഭാഷണവും ജനത്തെയുള്ള പഠിപ്പിക്കലും **എഴുതപ്പെട്ടത്** എന്തോ അതിന്റെ അടിസ്ഥാനത്തിലായിരുന്നു. എഴുതപ്പെട്ടിരിക്കുന്നതിനെക്കുറിച്ച് കർത്താവായ യേശു കൂടെക്കൂടെ പരാമർശിച്ചിരുന്നു. കർത്താവും പരീശന്മാരും തമ്മിലുള്ള സംഭാഷണം/ങ്ങൾ അല്ലെങ്കിൽ കർത്താവും പിശാചും തമ്മിലുള്ള സംഭാഷണം എല്ലാം **എഴുതപ്പെട്ടിരി**ക്കുന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു - 'എന്ന് എഴുതിയിരിക്കുന്നു...' 'എന്നും കൂടെ എഴുതിയിരിക്കുന്നു...'

നമുക്കു വായിക്കുന്നതിനായി കർത്താവ് തന്റെ എഴുതപ്പെട്ട വചനം നൽകിയിട്ടും നമ്മിൽ പലരും മനുഷ്യരിലൂടെ പകർന്നു കിട്ടുന്ന വചനം മാത്രം കേൾക്കുന്നതിൽ കർത്താവു ദുഃഖിക്കുകയാണ്. അതിനെപ്പറ്റി ചിന്തിക്കുക, **ദൈവവചനം 'കേൾക്കുവാൻ മാത്രം' ആയിരുന്നുവെങ്കിൽ** ദൈവം തന്റെ സ്വർഗ്ഗീയ വാസസ്ഥലം വിട്ട് സീനായി മലയിൽ ഇറങ്ങി തന്റെ സ്വന്തം വിരലുകൾ കൊണ്ട് പത്തു കല്പനകൾ എഴുതുകയില്ലായിരുന്നു. മോശെക്കു പറഞ്ഞുകൊടുത്തശേഷം എല്ലാവർക്കും ആ സന്ദേശം എത്തിക്കുവാൻ കല്പിച്ചാൽ മതിയായിരുന്നു. അങ്ങനെയല്ല, ആളുകൾ അതു വായിക്കുമ്പോൾ എഴു

തപ്പെട്ട വിശുദ്ധ തിരുവെഴുത്തിന് എന്തു പ്രവർത്തിക്കുവാൻ കഴിയും എന്ന തിനെക്കുറിച്ച് സർവ്വജ്ഞാനിയായ ദൈവത്തിന് അറിയാമായിരുന്നു.

നിർഭാഗ്യവശാൽ ഇന്ന് പ്രസംഗകൻ മാനിക്കപ്പെടുകയും ദൈവത്തിന്റെ 'വിശു ദ്ധവും അത്ഭുതകരവുമായ എഴുതപ്പെട്ട വചന'ത്തെക്കാളധികം അദ്ദേഹ ത്തിന്റെ വാക്കുകൾക്കായി വിശ്വാസികൾ അന്വേഷിച്ചു ചെല്ലുകയും ചെയ്യുന്നു. (നമ്മുടെ ദൈനംദിന ബൈബിൾ പാരായണത്തിലൂടെയും ധ്യാനത്തിലൂടെയും നമ്മോടു നേരിട്ട സംസാരിക്കാൻ കഴിയുന്ന) ദൈവത്തിൽനിന്നും നേരിട്ടു കേൾക്കുന്നതിനെക്കാളധികം പ്രസംഗകനിൽനിന്നും നാം കേൾക്കുന്നു. എന്തു കൊണ്ട്? ഒന്നാമതായി, നമുക്കു കുറുക്കുവഴികൾ വേണം, കാരണം തിരു വെഴുത്ത് വായിക്കുന്നതിലൂടെ ദൈവത്തെ ജാഗ്രതയോടെ അന്വേഷിക്കുന്ന തിന് സമയമെടുക്കാൻ നമ്മുടെ അലസത നമ്മെ സമ്മതിക്കുന്നില്ല. രണ്ടാമ തായി, ദൈവത്തിന്റെ വചനത്തിന് നമ്മുടെ ദൈനംദിന ജീവിതത്തിന്മേൽ നേരിട്ട് ഇടപെടലുകളോ, പ്രായോഗികതയോ, സാംഗത്യമോ ഇല്ല എന്നു ചിന്തിച്ച് നാം സ്വയം വിഡ്ഢികളാകുകയോ അല്ലെങ്കിൽ വിഡ്ഢികളാക്കപ്പെടു കയോ ചെയ്യുന്നു. ബൈബിൾ കേവലം ഒരു ചരിത്ര പുസ്തകമാണെന്നു നാം ചിന്തിക്കുന്നു.

ബൈബിൾ കേവലം ഒരു ചരിത്രരേഖയാണെന്നു ചിന്തിച്ച് ആരെയാണ് നാം വിഡ്ഢിയാക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ – ദൈവം തന്റെ പ്രവാചക ന്മാരിലൂടെയും പില്ക്കാലത്ത് തന്റെ പുത്രനിലൂടെയും അതാതു കാലഘട്ട ത്തിൽ ജീവിച്ചിരുന്ന ജനത്തോട് മാത്രം സംസാരിച്ചു എന്നവർ പറയുന്നു.

മറ്റൊരു സിദ്ധാന്തം, പഴയ നിയമം യെഹൂദന്മാർക്കു മാത്രമുള്ളതും പുതിയ നിയമത്തിലൂടെ സംസാരിച്ചിട്ടുള്ള കാര്യങ്ങൾ അക്കാലത്തെ സഭകൾക്കു വേണ്ടി മാത്രമുള്ളതും ആണ് എന്നതാണ്.

അതാണോ സംഗതിയെന്ന് യെശയ്യാ പ്രവാചകന്റെ വാക്കുകളുടെ ലളിതമായ ഉദാഹരണം നോക്കി നിങ്ങൾ തന്നെ മനസ്സിലാക്കുക. അവൻ സംസാരിച്ചി ട്ടുള്ള കാര്യങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതത്തിൽ നിറവേറുവാനുള്ളവയായിരുന്നു. കർത്താവായ യേശുവിന്റെ ജനന സമയം മുതൽ മശിഹായ്ക്കു (കർത്താവായ യേശു) വഴിയൊരുക്കുവാൻ വന്നവനും ഏലീയാവിന്റെ പ്രതിരൂപവുമായ യോഹന്നാൻ സ്നാപകൻ വരെയും നിറ വേറിയ അനേക പഴയ നിയമ പ്രവചനങ്ങളെക്കുറിച്ച് പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മശിഹായായ യേശുവിന്റെ ഒന്നാമത്തെ വര വിൽ നിറവേറിയ അനവധി പഴയ നിയമ പ്രവചനങ്ങളെക്കുറിച്ച് നാലു സുവി ശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. യെശയ്യാപ്രവാചകൻ എഴുതിയിരി ക്കുന്നത് തന്നിൽ നിവൃത്തിയായതായി കർത്താവായ യേശു തന്നെ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. താഴെക്കാണുന്ന വാക്യത്തിലെന്നപോലെ തന്റെ

ജീവിതത്തിൽ പഴയ നിയമത്തിന്റെ അതിശയകരമായ ശക്തിയും പ്രസക്തിയും അവൻ കാണുകയുണ്ടായി:

**ലൂക്കൊസ് 4:16–21**

*16അവൻ വളർന്ന നസറെത്തിൽ വന്നു: ശബ്ബത്തിൽ തന്റെ പതിവുപോലെ*
*പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു. 17യെശയ്യാപ്രവാചകന്റെ*
*പുസ്തകം അവന്നു കൊടുത്തു; അവൻ പുസ്തകം വിടർത്തി:*
*18"ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ*
*കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ*
*അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു;*
*ബദ്ധന്മാർക്കു വിടുതലും*
*കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും*
*പീഡിതന്മാരെ വിടുവിച്ചയപ്പാനും*
*19കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും*
*എന്നെ അയച്ചിരിക്കുന്നു" എന്നു എഴുതിയിരിക്കുന്ന സ്ഥലം കണ്ടു.*
*20പിന്നെ അവൻ പുസ്തകം മടക്കി ശുശ്രൂഷക്കാരന്നു തിരികെ*
*കൊടുത്തിട്ടു ഇരുന്നു; പള്ളിയിലുള്ള എല്ലാവരുടെയും*
*കണ്ണു അവങ്കൽ പതിഞ്ഞിരുന്നു. 21അവൻ അവരോടു:*
***ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ***
***ഈ തിരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു***
*എന്നു പറഞ്ഞുതുടങ്ങി.*

'തിരുവെഴുത്തിന്' യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ നേരിട്ട് പ്രസക്തിയുണ്ടായിരിക്കാം, പക്ഷേ നമ്മുടെ ജീവിതത്തോടുള്ള ബന്ധത്തിൽ പ്രാവചനികമായി അതിന് പ്രസക്തിയില്ല എന്നു പറയുകയോ ചിന്തിക്കുകയോ ചെയ്യുന്നത് നമ്മുടെ ഭാഗത്തെ തികഞ്ഞ ധാർഷ്ട്യമാണ്! ഒരുവശത്ത് നാം പഴയ നിയമത്തിലെ വിവിധ വാഗ്ദത്തങ്ങളെ അതിന്റെ വ്യവസ്ഥകൾ പാലിക്കാതെ തന്നെ നമ്മുടേതാക്കി അവകാശം പറയുന്നു. മറുവശത്ത് ഇന്ന് നിവൃത്തിയാകേണ്ട ധാരാളം അന്ത്യകാല പ്രവചനങ്ങൾ ഉണ്ടെന്നും നാം പറയുന്നു.

**ഇന്ന് ദൈവശാസ്ത്രത്തിലൂടെ നുഴഞ്ഞു കയറിയ അനേക അബദ്ധങ്ങളിലൊന്ന്,** എല്ലാ തിരുവെഴുത്തും അതിന്റെ സന്ദർഭത്തിനനുസരിച്ചു മാത്രമേ മനസ്സിലാക്കാൻ കഴിയൂ എന്നതാണ് (സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ അതിനെ മനസ്സിലാക്കുന്നതിലൂടെ ഉണ്ടാകുന്ന മെച്ചം ഞാൻ അംഗീകരിക്കുന്നു). എങ്കിലും തിരുവെഴുത്തു മനസ്സിലാക്കാനുള്ള ഏക മാർഗ്ഗം അതാണെന്നു ചിന്തിക്കുന്നത്, നമ്മുടെ ആനുകാലിക സാഹചര്യങ്ങളോട് പ്രാവചനികമായി സംസാരിക്കാൻ ആത്മാവിനെ അനുവദിക്കാതെ തിരുവെഴുത്തിനെ ചങ്ങലയ്ക്കിടുന്നതിനു തുല്യമാണ്.

കർത്താവായ യേശു പഴയ നിയമത്തിലെ ഒരു വാക്യവും ഒരു വാക്യത്തിന്റെ പകുതിയും ഉദ്ധരിച്ചശേഷം ആ വാക്യം ഇന്നു നിവൃത്തിയായി എന്നു പറഞ്ഞു. യെശയ്യാവിൽ നിന്നും **ലൂക്കൊസ് 4:17–21** ൽ കർത്താവായ യേശു ഉദ്ധരിച്ച ആ വാക്യം നിങ്ങൾ വായിക്കുന്നുവെങ്കിൽ, പ്രവാചകനായ യെശയ്യാവ് സംസാരിക്കുന്ന നിലയിൽ അത് അന്നേരത്തെ ഒരു സന്ദർഭത്തോടും യോജിക്കുന്നതായിരുന്നില്ല (കാരണം അത് പ്രാവചനികമായിരുന്നു). കർത്താവ് **യെശയ്യാവ് 61:1–2** ഉദ്ധരിക്കുമ്പോൾ അദ്ധ്യായം 61 വാക്യം 2 പൂർണ്ണമായി ഉദ്ധരിക്കുന്നില്ല. എന്തുകൊണ്ട്? കാരണം **യെശയ്യാവ് 61:2** ലെ *'നമ്മുടെ ദൈവത്തിന്റെ പ്രതികാരദിവസവും പ്രസിദ്ധമാക്കുവാനും'* എന്ന ഭാഗത്തിന് കർത്താവായ യേശുവിന്റെ 'ഒന്നാം വരവിൽ' നിറവേറൽ ഇല്ല. ക്രിസ്തുയേശുവിന്റെ 'രണ്ടാം വര'വിലാണ് ആ ഭാഗം നിറവേറുന്നത്. ആ വാക്യത്തിന്റെ രണ്ടാം ഭാഗം ഒരു ദിവസം നിവൃത്തിയാകും; അതു നിങ്ങൾ ചിന്തിക്കുന്നതിലും നേരത്തെയായിരിക്കും എന്നു ഞാൻ കരുതുന്നു.

**പഴയ നിയമത്തിലെ ഏതാണ്ട് എല്ലാ പ്രവചനങ്ങളും** അതു സംസാരിച്ച സമയവും അത് യഥാർത്ഥമായി നിറവേറിയ സമയവും തമ്മിൽ തട്ടിച്ചു നോക്കിയാൽ **വിചിത്രമാംവിധം സന്ദർഭത്തിനു യോജിക്കാത്ത നിലയിലാണ് കാണപ്പെടുന്നതെന്നു നിങ്ങൾക്കു കാണുവാൻ കഴിയും** (പ്രത്യേകിച്ചും ക്രിസ്തുവിന്റെ ജീവിതത്തിൽ നിവൃത്തിയായ പ്രവചനങ്ങളോടുള്ള ബന്ധത്തിൽ). പ്രവാചകൻ പെട്ടെന്ന് തന്റെ ചിന്താസരണിയിൽ നിന്നും പ്രവചന പന്ഥാവിൽ നിന്നും വിട്ടുമാറുന്നതായി കാണാം.

ആ പ്രവചനങ്ങൾ ക്രിസ്തുവിൽ നിറവേറിയതായി ദൈവശാസ്ത്ര യെഹൂദന്മാർക്ക് കാണാൻ കഴിയാതിരുന്നത് അതുകൊണ്ടാണ്. ആ ദൈവശാസ്ത്രം നമ്മുടെ ജീവിതത്തിൽ അധീശത്വം പുലർത്താതിരിക്കാൻ നാം സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം, വിശ്വാസികളായ നമ്മുടെ കാര്യത്തിലും ചരിത്രം ആവർത്തിക്കപ്പെടുകയും ദൈവശാസ്ത്ര യെഹൂദന്മാരെപ്പോലെ നാമും പുറന്തള്ളപ്പെടുകയും ചെയ്യും.

ദൈവമായ കർത്താവിന്റെ വിശുദ്ധ വചനങ്ങൾക്ക് ഒരു പരിമിതിയുമില്ല എന്നു ഞാൻ വിശ്വസിക്കുന്നു. അതു കാലാതീതമാണ്, അതു കാലാനുസൃതമാണ്, അതു നിത്യതയോളം വ്യാഖ്യാനിക്കപ്പെടുകയും വിശാലമാകുകയും ചെയ്തുകൊണ്ടിരിക്കും. **ദൈവത്തിന്റെ വചനത്തിന്** ഏതെങ്കിലും പ്രത്യേക വ്യക്തിയെയോ സമൂഹത്തെയോ രാജ്യത്തെയോ അല്ലെങ്കിൽ മുഴുലോകത്തെയോ സംബന്ധിച്ച് ഒരു പ്രത്യേക സമയത്തേക്കോ ഒരു കാലഘട്ടത്തേക്കോ **അതിന്റെ പ്രത്യേകവും അതുല്യവുമായ വെളിപ്പാടും പ്രാവചനികമായ പ്രായോഗികതയും സ്വന്തനിലയിൽ ഉണ്ടായിരിക്കാനുള്ള കഴിവുണ്ട്** എന്നും ഞാൻ വിശ്വസിക്കുന്നു; **ക്രിസ്തുവിൽ പ്രിയരേ, അതൊരു വലിയ മർമ്മമാണ്.**

അക്കാരണത്താലാണ് ഇന്നത്തെ ആധുനിക ദൈവശാസ്ത്രം മുഴുവേദപുസ്തകത്തെയും വ്യക്തിയുടെ ജീവിതത്തിൽ പ്രസക്തിയില്ലാത്ത കേവലം ചരിത്രപുസ്തകമായി ചിത്രീകരിക്കുന്നതു കാണുമ്പോൾ നിരാശ തോന്നുന്നത്. അങ്ങനെ വിശ്വാസികളെ ബൈബിൾ വായിക്കുന്നതിൽ നിന്നും ദൈവത്തിന്റെ വിശുദ്ധ വചനത്തെ സ്നേഹിക്കുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തുന്നു.

(ദൈവമായ) കർത്താവായ യേശുക്രിസ്തു തന്നെ പഴയ നിയമ പ്രവാചകന്മാരുടെ വചനങ്ങൾ തന്റെ ജീവിതത്തിൽ നിവൃത്തിയാകുന്നതു തിരിച്ചറിയുമ്പോൾ, ക്രിസ്ത്യാനികളായ നാം ചില സമയങ്ങളിൽ അവന്റെ സ്വന്തം വചനങ്ങളെ (അവന്റെ സമയത്തും ആ കാലഘട്ടത്തിലും ഉള്ള ജനത്തിനായിരുന്നു ബാധകമായിരുന്നത് എന്നു പറഞ്ഞുകൊണ്ട് അതു നമ്മുടെ ജീവിതത്തിൽ പ്രാവചനികമായി വെളിപ്പെടുന്നതിനെ) പരിമിതപ്പെടുത്തുകയും അങ്ങനെ അവനെയും അവന്റെ വചനങ്ങളെയും ഒരു പ്രവാചകനെക്കാളും കുറച്ചുകളയുകയും ചെയ്യുന്നു. നിർഭാഗ്യവശാൽ, മറ്റു പല മതങ്ങളും നമ്മുടെ കർത്താവായ ക്രിസ്തുവിന് കൂടുതൽ ആദരവു നൽകുകയും കുറഞ്ഞപക്ഷം അവനെ ഒരു പ്രവാചകനായി എങ്കിലും കണക്കാക്കുകയും ചെയ്യുന്നു എന്നു ദുഃഖത്തോടെ പറയേണ്ടിയിരിക്കുന്നു. **അതു ക്രിസ്ത്യാനികളായ നമുക്ക് അപമാനമാണ്!**

ഈ കാരണങ്ങളും മറ്റനേകവും ക്രിസ്ത്യാനികളെ അവരുടെ ബൈബിൾ വായിക്കുന്നതിൽനിന്നും തടസ്സപ്പെടുത്തിക്കൊണ്ട് മുമ്പിൽ കടന്നുവരുന്നു.

ദൈവത്തിന്റെ ജനം തങ്ങളുടെ സ്വന്തം ജ്ഞാനവും ചിന്താഗതികളും കൊണ്ട് ദൈവത്തെയും അവന്റെ വിശുദ്ധ വചനങ്ങളെയും പരിമിതപ്പെടുത്തുമ്പോൾ **അവരെ അന്ധതയുള്ളവരാക്കുകയും അത്തരക്കാരുടെ മുമ്പിൽ തന്റെ വിശുദ്ധ വചനത്തെ മുദ്രയിടുകയും** ചെയ്യുന്നത് നിശ്ചയമായും ദൈവത്തിന്റെ സ്വഭാവമാണ്. ദൈവവചനം പറയുന്നു, "കാര്യം മറച്ചുവയ്ക്കുന്നത് ദൈവത്തിന്റെ മഹത്വം." എന്നാൽ "തന്നെ ഭയപ്പെടുന്നവർക്ക് അവൻ തന്റെ ആലോചന വെളിപ്പെടുത്തുന്നു" എന്നുകൂടി ബൈബിൾ പറയുന്നു.

**1 കൊരിന്ത്യർ 2:10-16**

*10 നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു;*
***ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു.***
*11 മനുഷ്യനിലുള്ളതു അവനിലെ മാനുഷാത്മാവല്ലാതെ മനുഷ്യനിൽ ആർ*
*അറിയും? അവ്വണ്ണം തന്നേ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും*
*ഗ്രഹിച്ചിട്ടില്ല. 12 നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്കു*
*നല്കിയതു അറിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവിനെ അത്രേ*
*പ്രാപിച്ചതു. 13 അതു ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന*
*വചനങ്ങളാൽ അല്ല, ആത്മാവു ഉപദേശിക്കുന്ന വചനങ്ങളാൽ തന്നേ*

*പ്രസ്താവിച്ചു കൊണ്ടു ആത്മികന്മാർക്കു ആത്മികമായതു തെളിയിക്കുന്നു. [14]**എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല**; അതു അവന്നു ഭോഷത്വം ആകുന്നു. **ആത്മികമായി വിവേചിക്കേണ്ടതാകയാൽ** അതു അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. [15]ആത്മികനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. [16]കർത്താവിന്റെ മനസ്സു അറിഞ്ഞു അവനെ ഗ്രഹിപ്പിക്കാകുന്നവൻ ആർ? നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു.*

സാധാരണയായുള്ള ഒരു തെറ്റിദ്ധാരണ, 'യേശുക്രിസ്തുവിന്റെ ഉപമകൾ' സാധാരണ ജനത്തിന് എളുപ്പത്തിൽ മനസ്സിലാക്കുന്നതിനായി നിർമ്മിക്കപ്പെട്ടവയാണെന്നാണ്. എന്നാൽ താഴെക്കാണുന്ന വാകൃത്തിൽ കർത്താവു പറഞ്ഞതായി നാം വായിക്കുന്നതനുസരിച്ച് നേരെ വിപരീതമാണ് സംഗതി.

**മർക്കൊസ് 3:11**

*"അവരോടു അവൻ പറഞ്ഞതു:*
*ദൈവരാജ്യത്തിന്റെ*
*മർമ്മം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു;*
***പുറത്തുള്ളവർക്കോ***
*സകലവും ഉപമകളാൽ ലഭിക്കുന്നു."*

ദൈവവചനത്തോടുള്ള ഈ മനോഭാവം നിമിത്തം സഭയ്ക്കുള്ളിൽ സ്വയ സംതൃപ്തരായ വിശ്വാസികൾ ഉളവാകുന്നു. നേരെ മറിച്ച് ദൈവവചനം, എഫെസ്യർ 6:17 ൽ നാം വായിക്കുന്നതുപോലെ, ഓരോ വിശ്വാസിയുടെയും പ്രതിരോധത്തിന്റെ ആദ്യനിരയിൽ ഉൾപ്പെട്ട 'വാൾ' ആയിരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ചില ആളുകൾ ചിന്തിക്കുന്നത് ബൈബിളിലെ മുന്നറിയിപ്പുകൾ രക്ഷിക്കപ്പെടാത്തവർക്കുള്ളതാണ്, വിശ്വാസികൾക്കുള്ളതല്ല എന്നാണ്. ദൈവത്തിൽ വിശ്വസിക്കാത്തവരും ഒരുപക്ഷേ ഒരിക്കൽപോലും ബൈബിൾ വായിക്കാത്തവരുമായ അവിശ്വാസികളായ ജനത്തിനുവേണ്ടി ഒരു കൂട്ടം പ്രമാണങ്ങൾ സർവ്വജ്ഞാനിയായ ദൈവം എഴുതുമെന്നു ചിന്തിക്കുന്ന നാം എത്രമാത്രം വിഡ്ഢികളാണ്!

ഉദാഹരണമായി, പുതിയ നിയമത്തിൽ നിന്നും യോഹന്നാൻ സ്നാപകന്റെ പ്രാവചനിക വചനങ്ങൾ എടുക്കുക; അത് അവൻ അന്നു സംസാരിച്ച തലമുറയെക്കാൾ ഇന്നത്തെ നമ്മുടെ തലമുറയ്ക്കുവേണ്ടിയുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു.

*'കർത്താവിന്റെ വഴിയൊരുക്കുവിൻ'*

**ലൂക്കൊസ് 3:3–9 ൽ നിന്നുള്ള യോഹന്നാൻ സ്നാപകന്റെ ഈ പ്രാവചനിക വചനങ്ങൾ നമ്മുടെ തലമുറയ്ക്കുവേണ്ടിയുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു.** അതു പ്രാവചനികമാണെന്നും ആ തലമുറയ്ക്കുവേണ്ടി മാത്രമായിരുന്നില്ല എന്നുമുള്ളതിന് രണ്ട് തെളിവുകൾ കാണാൻ കഴിയും. അവൻ ഉപയോഗിച്ച രണ്ടു പ്രയോഗങ്ങൾ ആ തലമുറയിൽ നിവൃത്തിയായില്ല, അതു ലോകാവസാനത്തിൽ നിവൃത്തിയാകും:

1. **ലൂക്കൊസ് 3:6** *'സകലജഡവും ദൈവത്തിന്റെ രക്ഷയെ കാണും.'* ആ സമയത്ത് സകല ജഡവും രക്ഷയെ കണ്ടില്ല. കർത്താവായ യേശു രാജാവായി മടങ്ങിവരുമ്പോൾ, സകല മുഴങ്കാലും അവന്റെ മുമ്പിൽ മടങ്ങുകയും എല്ലാ നാവും യേശുവിനെ കർത്താവെന്ന് ഏറ്റുപറയുകയും ചെയ്യുമ്പോൾ സകല ജഡവും കാണും.

2. **ലൂക്കൊസ് 3:7** *'സർപ്പസന്തതികളേ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞു ഓടിപ്പോകുവാൻ നിങ്ങൾക്കു ഉപദേശിച്ചുതന്നത് ആർ?'* നേരെമറിച്ച് ആ സമയത്ത് ദൈവത്തിന്റെ കോപം വീണത് യേശുക്രിസ്തുവിന്റെ മേലായിരുന്നു.

   കർത്താവിന്റെ രണ്ടാംവരവിന്റെ സമയത്തു മാത്രമേ മുകളിൽ പറഞ്ഞ *'സകലജഡവും ദൈവത്തിന്റെ രക്ഷയെ കാണും,'* *'ദൈവകോപം അനുസരണം കെട്ടവരുടെമേൽ വരും'* (വെളി. 19:11–15) എന്നീ രണ്ടു വാക്യങ്ങൾ നിവൃത്തിയാകയുള്ളു. **യോഹന്നാൻ 3:36** ൽ കർത്താവു പറഞ്ഞതുപോലെ *"പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു."*

ലൂക്കൊസ് 3 ൽ യോഹന്നാൻ സ്നാപകൻ **വാക്യം 9** അവസാനിപ്പിക്കുന്നത് ഇപ്രകാരം പറഞ്ഞുകൊണ്ടാണ്, *"ഇപ്പോൾ തന്നേ വൃക്ഷങ്ങളുടെ ചുവട്ടിന്നു കോടാലി വെച്ചിരിക്കുന്നു; നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു."* **ഇത് കൃത്യമായും യോഹന്നാൻ 15:4–8 ൽ കർത്താവു പറഞ്ഞ കാര്യം തന്നെയാണ്,** അതായത് തങ്ങളുടെ ജീവിതത്തിൽ ഫലം കായ്ക്കാത്ത സകല വിശ്വാസികളും (മുന്തിരിയിൽ നിന്നും) കൊമ്പുപോലെ പുറത്തുകളയപ്പെട്ട് ഉണങ്ങിപ്പോകുകയും ന്യായവിധി ദിവസത്തിൽ നരകാഗ്നിയിലേക്ക് എറിയപ്പെടുകയും ചെയ്യും. ഇക്കാരണത്താൽ **യോഹന്നാൻ 17:17** ൽ തന്റെ ശിഷ്യന്മാർക്കുവേണ്ടി സ്വർഗ്ഗീയ പിതാവിനോടുള്ള കർത്താവിന്റെ പ്രാർത്ഥന, *'സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ;* ***നിന്റെ വചനം*** *സത്യമാകുന്നു'* എന്നാണ്. ക്രിസ്ത്യാനികളായ നാം **'വചനം'** വായിക്കുന്നില്ലെങ്കിൽ (അതിന് നമ്മുടെ മനസ്സിൽ വിവിധ ഒഴികഴിവുകൾ കണ്ടെത്തുകയും അല്ലെങ്കിൽ തികഞ്ഞ അലസത കൊണ്ട്) നാം വിശു

ദ്ധീകരിക്കപ്പെടുകയില്ല, കാരണം **'വചനം'** ആണു നമ്മെ വിശുദ്ധീകരിക്കുന്നത്.

ഒരു ക്രിസ്തീയ വിശ്വാസി തിരക്കിട്ടോ ചടങ്ങായിട്ടോ അല്ല ബൈബിൾ വായിക്കേണ്ടത്, മറിച്ച് ബൈബിളിലെ അവരുടെ മഹത്വവാനായ ദൈവത്തെ കൂടുതൽ കൂടുതൽ അറിയുന്നതിനുള്ള ഒരു വിശപ്പോടുകൂടി വേണം വായിക്കുവാൻ. മത്തായി 5:6 ൽ കർത്താവു പറഞ്ഞു, *'നീതിക്കു **വിശന്നു ദാഹിക്കുന്നവർ** ഭാഗ്യവാന്മാർ, അവർക്കു തൃപ്തിവരും.'* ഇന്നു നമുക്കു തൃപ്തിവരാത്തത് നമ്മിൽ അനേകർക്കും നീതിക്കുവേണ്ടി യഥാർത്ഥമായ വിശപ്പും ദാഹവും ഇല്ലാത്തതുകൊണ്ടല്ലേ? ദിനംതോറും അവന്റെ വചനം വായിക്കുന്ന ചുരുക്കം ചിലരാകട്ടെ, നിർഭാഗ്യവശാൽ തിരക്കിട്ട് ജോലി തീർക്കുകയാണു ചെയ്യുന്നത്.

വിശ്വാസികളായ നമ്മിൽ അനേകർക്കും ദിനംതോറുമുള്ള വ്യവസ്ഥാപിതമായ, **വ്യക്തിപരമായി കർത്തൃസന്നിധിയിൽ ശാന്തമായിരിക്കുന്ന, ധ്യാനസമയങ്ങളില്ല**. അതാതു ദിവസത്തേക്കുള്ള ധ്യാനചിന്തകളും ബൈബിൾ സ്റ്റഡി ഗ്രൂപ്പിന്റെ നോട്ടുകളും ഉള്ളതു നല്ലതു തന്നെ, എന്നാൽ അതോടൊപ്പം നമുക്കു ഉല്പത്തി മുതൽ വെളിപ്പാടു വരെ ബൈബിൾ വായിക്കുന്ന നമ്മുടെ സ്വന്തമായ പഠനവും ഉണ്ടായിരിക്കണം.

അതിലൂടെ മാത്രമേ നമുക്കു ദൈവവുമായി വ്യക്തിപരവും ആഴവുമായ ഒരു അറിവും ബന്ധവും വളർത്തിയെടുക്കുവാൻ കഴിയുകയുള്ളു. അതു നമ്മിൽ കാണുമ്പോൾ, ദൈവം മുമ്പൊരിക്കലും സംഭവിക്കാത്ത വിധം തന്റെ വിശുദ്ധ വചനത്തെ നമുക്കായി തുറക്കാനാരംഭിക്കും. 'എന്നെ അന്വേഷിക്കുന്നുവെങ്കിൽ നിങ്ങൾ എന്നെ കണ്ടെത്തും' എന്ന് ദൈവം പറയുന്നു. അതാണ് നമ്മിൽ നിന്നും ദൈവം ആഗ്രഹിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമായി ബൈബിളിലുടനീളം പ്രതിഫലിപ്പിക്കപ്പെട്ടിരിക്കുന്നത്.

**തിരഞ്ഞെടുക്കപ്പെട്ട തന്റെ ജനത്തിൽ നിന്നും ദൈവം ആഗ്രഹിക്കുന്നതും സന്തോഷിക്കുന്നതുമായ** ഒരു കാര്യം എന്താണെന്നു നിങ്ങൾക്കറിയാമോ? അവനെ അറിയുന്നതിൽ നാം പുകഴുന്നു എന്നതാണ് ആ കാര്യം.

**യിരെമ്യാവ് 9:23-24** ൽ കർത്താവായ യഹോവ പറയുന്നു:
*[23]യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുതു; ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുതു; ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുതു.*
*[24]**പ്രശംസിക്കുന്നവനോ:** യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ **എന്നെ ഗ്രഹിച്ചറിയുന്നതിൽ** തന്നേ പ്രശംസിക്കട്ടെ; **ഇതിൽ അല്ലോ എനിക്കു പ്രസാദമുള്ളതു എന്നു യഹോവയുടെ അരുളപ്പാടു.***

ദൈവത്തിന്റെ ജനം അവന്റെ വിശുദ്ധ വചനവും കല്പനകളും ധ്യാനിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അനേക വാക്യങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടും നമ്മിൽ എത്രപേർ, കർത്താവ് നമ്മെ തന്റെ മക്കൾ എന്നു വിളിക്കുന്നു എന്ന ഒറ്റ കാരണത്താൽ അവനെ അറിയുവാൻ സമയമെടുക്കുന്നു? ക്രിസ്തീയ പ്രസംഗകരെ കേൾക്കാൻ ചിലവഴിക്കുന്ന സമയം ദൈവത്തോടൊപ്പം ചിലവഴിക്കുന്ന സമയമായിട്ടാണ് നമ്മിൽ അനേകരും കണക്കാക്കുന്നത്. എന്നാൽ വസ്തുത നേരെ മറിച്ചാണ്, ക്രിസ്തീയ പ്രക്ഷേപണത്തിന്റെ മുമ്പിൽ ചിലവഴിക്കുന്ന സമയം (ഒരു പക്ഷേ ഒരു ദിവസം നാം ദൈവത്തോടൊപ്പം ചിലവഴിക്കുന്ന ഏകസമയം അതായിരിക്കാം) **നിർഭാഗ്യവശാൽ നമ്മിൽ നിന്നും കവർന്നെടുക്കപ്പെടുന്ന സമയമാണ്.**

ദൈവവചനം അറിയുന്നതിന് കർത്താവായ യേശുവിന് കുറുക്കുവഴികൾ ഉണ്ടായിരുന്നില്ല എന്നു നിങ്ങൾ മനസ്സിലാക്കണം. ശൈശവ പ്രായം മുതൽ തന്നെ അവൻ ജ്ഞാനത്തിലും വിവേകത്തിലും വളരുകയും ദിനംതോറും അതിൽ ജീവിക്കുകയും ചെയ്തു. ലൂക്കൊസ് 2:40 പറയുന്നു, *പൈതൽ വളരുകയും ബലപ്പെടുകയും ചെയ്യുന്നതു* ***തുടരുകയും ജ്ഞാനത്തിൽ വർദ്ധിച്ചുവരികയും ചെയ്തു;*** *ദൈവകൃപ അവന്റെമേൽ ഉണ്ടായിരുന്നു* (NASB).

നമ്മുടെ കർത്താവായ യേശു അവന്റെ അതിരാവിലെയുള്ള സമയം പിതാവിനോടൊപ്പം ചിലവഴിച്ചു; പകലത്തെ തന്റെ സുവിശേഷീകരണവും ശുശ്രൂഷയും അതിനു പകരമാണെന്ന് ഒരിക്കലും അവൻ ചിന്തിച്ചില്ല. നിങ്ങളുടെ ശുശ്രൂഷ ദൈവത്തോടൊപ്പമുള്ള നിങ്ങളുടെ സമയമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ, പഴയ ശത്രു അങ്ങനെ ചിന്തിക്കുന്നതിനായി നിങ്ങളെ വിഡ്ഢിയാക്കുകയാണെന്നും നിങ്ങൾ മനസ്സിലാക്കാതെ തന്നെ നിങ്ങളുടെ അകത്തെ മനുഷ്യൻ വരണ്ടുകൊണ്ടിരിക്കുന്നതിൽ നിങ്ങൾ അത്ഭുതപ്പെട്ടിട്ടു കാര്യമില്ലെന്നും ഞാൻ നിങ്ങളോടു പറയട്ടെ. അതാണു നിങ്ങളുടെ കാര്യത്തിൽ സംഭവിച്ചിരിക്കുന്നതെങ്കിൽ, കുറഞ്ഞത് ഒന്നോ രണ്ടോ ദിവസം ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി കർത്താവിന്റെ സന്നിധിയിലേക്കു മടങ്ങിച്ചെന്ന് ധ്യാനപൂർവ്വം കർത്താവിനോടും അവന്റെ വിശുദ്ധവചനത്തോടുമൊപ്പം സമയം ചലവഴിക്കുവാൻ ഞാൻ നിങ്ങളോടു ബുദ്ധിയുപദേശിക്കുന്നു. ഓരോ വിശ്വാസിയെ സംബന്ധിച്ചും ഒത്തുതീർപ്പില്ലാത്ത കാര്യമാണത്.

നമ്മിൽ അനേകരും ഒരു ക്രിസ്തീയ യോഗത്തിൽനിന്നും മറ്റൊന്നിലേക്ക് ഓടുകയും സുവിശേഷം കേൾക്കാൻ ഒരു ക്രിസ്തീയ ചാനലിൽനിന്നും മറ്റൊന്നിലേക്കു മാറുകയും ചെയ്യുന്നവരാണ്. എന്നിരുന്നാലും 'എബ്രായലേഖനത്തിന്റെ' എഴുത്തുകാരൻ **5, 6 അദ്ധ്യായങ്ങളിൽ** ദുഃഖത്തോടെ പറയുന്നത്, അനേകരും 'യേശു നിങ്ങളെ സ്നേഹിക്കുന്നു,' 'യേശു നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു' എന്നീ പ്രാഥമിക കാര്യങ്ങൾ ആവർത്തിച്ചു കേൾക്കാൻ ഇഷ്ടപ്പെട്ടുകൊണ്ട് പാൽകുടിക്കുന്ന പ്രായത്തിൽ തന്നെ ആയിരി

ക്കുന്നു എന്നാണ്. അവർ ഒരിക്കലും കർത്താവിനെ പ്രസാദിപ്പിക്കുന്ന കാര്യങ്ങൾ ചെയ്യാനാരംഭിക്കുന്ന ഘട്ടത്തിലേക്കു നീങ്ങുന്നില്ല. അതിന് ഒന്നാമത് അവർ തങ്ങളെത്തന്നെ ത്യജിക്കാൻ പഠിക്കുകയും തുടർന്ന് അതു ചെയ്യുന്നതിന് അനുസരണമുള്ളവരാകുകയും വേണം.

**ഇന്നത്തെ ആധുനിക ക്രിസ്ത്യാനിത്വത്തിൽ കപടഭക്തിയുടെ ആത്മാവ് വ്യാപരിക്കുന്നു എന്നു പറയുവാൻ എനിക്കു നിയോഗം ഉണ്ട്.** ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ കെടുത്തുകളയുന്ന കപട സ്നേഹത്തിലൂടെ നമ്മുടെ കർത്താവിനെ വിഡ്ഢിയാക്കുവാൻ സാധ്യമല്ല. വാസ്തവത്തിൽ അത്തരം കപടഭക്തിയെ ദൈവം വെറുക്കുന്നു. അത്തരം വിശ്വാസികളുമായി സഹകരിക്കുന്നത് ഒഴിവാക്കുവാൻ ബൈബിൾ നമ്മോടു നിർദ്ദേശിക്കുന്നു – **2 തിമൊഥെയൊസ് 3:5; 1 കൊരിന്ത്യർ 5:9–11.**

നമ്മിൽ അനേകരും സഹവിശ്വാസികളോടു ചേർന്ന് കളികളിലേർപ്പെടുകയാണ്. ക്രിസ്ത്യാനികളായ നമ്മിൽ അനേകർക്കും അണിയാൻ വ്യത്യസ്ത തൊപ്പികൾ ഉണ്ട് എന്നു മാത്രമല്ല ക്രിസ്തീയ ഗോളത്തിൽ ധാരാളം നാടകങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുകയുമാണ്. നമ്മുടെ ചുറ്റുമുള്ള ആളുകളുടെ മധ്യത്തിൽ നമ്മുടെ വിശ്വാസം നടിക്കുവാനും പ്രകടിപ്പിക്കുവാനും പ്രാപ്തിയുള്ളവരാണ് നാം. നമ്മുടെ ഒന്നിച്ചുള്ള പ്രാർത്ഥനയും ആരാധനയും ദൈവത്തെയുള്ള വിശുദ്ധ ഭയത്തിലൂടെ അവനെ പ്രസാദിപ്പിക്കുക എന്ന അവബോധം വിട്ട് നമുക്കു ചുറ്റുമുള്ളവരെ സ്വാധീനിക്കുക എന്ന ലക്ഷ്യത്തോടെ ചർച്ച് ഗ്രൂപ്പുകളിലേക്കു മാറിയിരിക്കുന്നു. ദൈവമായ കർത്താവ് തന്റെ വചനത്തിലൂടെ നമുക്കു മുന്നറിയിപ്പു നൽകുന്നത് **യഥാർത്ഥ, സത്യസന്ധനും കൂറുള്ളവനുമായ ആരാധനക്കാരനോടല്ലാതെ കപടഭക്തിക്കോ പക്ഷാഭേദത്തിനോ താൻ പങ്കുകാരനല്ലെന്നാണ്.**

**2 ദിനവൃത്താന്തങ്ങൾ 19:7, 9 പറയുന്നത്**

*[7]ആകയാൽ യഹോവാ ഭയം നിങ്ങളിൽ ഇരിക്കട്ടെ; സൂക്ഷിച്ചു പ്രവർത്തിച്ചുകൊൾവിൻ; നമ്മുടെ ദൈവമായ യഹോവയുടെ പക്കൽ* ***അന്യായവും*** *മുഖപക്ഷവും കൈക്കൂലി വാങ്ങുന്നതും ഇല്ലല്ലോ.*
*[9]അവൻ അവരോടു കല്പിച്ചതു എന്തെന്നാൽ: നിങ്ങൾ* ***യഹോവാ ഭയത്തോടും വിശ്വസ്തതയോടും ഏകാഗ്രഹൃദയത്തോടും****കൂടെ ഇങ്ങനെ പ്രവർത്തിച്ചുകൊള്ളേണം.*

പഴയ നിയമത്തിലും ദൈവജനത്തിനിടയിൽ രണ്ടു തരത്തിലുള്ള ആളുകൾ ഉണ്ടായിരുന്നതായി കാണാം. അവരിൽ അനേകരും ഒഴുക്കിനനുസരിച്ച് വിശാല പാതയിലൂടെ നടന്നവരായിരുന്നു; എങ്കിലും ഒരു ന്യൂനപക്ഷം ഉറച്ചുനില്ക്കുകയും അവർ ചെയ്യുവാൻ ദൈവമായ കർത്താവ് അവരെ നയിച്ച കാര്യങ്ങൾ മാത്രം ചെയ്യുകയും ചെയ്തു.

ദൈവത്തിനു നേരെയുള്ള പലവിധ കപടഭക്തിക്കെതിരെ സൂക്ഷ്മതയുള്ള വരാകുവാൻ കർത്താവായ യേശുവും നമുക്കു മുന്നറിയിപ്പു നൽകിയിരിക്കുന്നു – മത്തായി 6:1–8, 16. നാം എന്തുചെയ്താലും അത് ദൈവത്തോടോ മനുഷ്യ നോടോ ഉള്ള യഥാർത്ഥ സ്നേഹത്തിൽ നിന്നുരുത്തിരിയുന്നതല്ലെങ്കിൽ അതു കൊണ്ട് ഒരു പ്രയോജനവുമില്ല എന്നതാണ് അടിസ്ഥാന പ്രമാണം.

അതിനാൽ നിങ്ങളുടെ സ്നേഹം നിർവ്യാജം ആയിരിക്കട്ടെ എന്നു
ബൈബിൾ പറയുന്നു – **റോമർ 12:9** പറയുന്നു
*'സ്നേഹം **നിർവ്യാജം** ആയിരിക്കട്ടെ;*
*തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ.'*

**1 പത്രൊസ് 2:1–3 പറയുന്നു**

*[1]ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു [2]ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെക്കായി വളരുവാൻ [3]**വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛരിപ്പിൻ**. കർത്താവു ദയാലു എന്നു നിങ്ങൾ ആസ്വദിച്ചിട്ടുണ്ടല്ലോ.*

ക്രിസ്തുവിൽ പ്രിയമുള്ളവരേ, നാം ദൈവത്തെ യഥാർത്ഥമായി സ്നേഹി ക്കുന്നുവെങ്കിൽ നാം അവനെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കണം – അതിനുള്ള ഏറ്റവും നല്ല മാർഗ്ഗം അവന്റെ വചനത്തിലൂടെ അവനെ അന്വേ ഷിക്കുക എന്നതാണ് – അവന്റെ വചനം നമ്മുടെ കാലിനു ദീപവും പാതയ്ക്കു പ്രകാശവുമാണ്. അവന്റെ വചനത്തിൽ നാം ചിലവഴിക്കുന്ന സമയത്തിന് നാം എത്രമാത്രം അവനെ സ്നേഹിക്കുന്നു എന്നതുമായി ഒരു ബന്ധമുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു.

അനേക സിദ്ധാന്തങ്ങളും ദുരുപദേശങ്ങളും ഇന്നു പ്രബലമായിക്കൊണ്ടിരി ക്കുന്നതിനാൽ ക്രിസ്തുവിനു പ്രിയരായവരേ, നാം സ്വയമായി ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ടത് നിർണ്ണായകമായ സംഗതിയാ ണ്. ക്രിസ്തീയ കൾട്ടുകൾ തങ്ങളുടെ കൂട്ടത്തിലേക്ക് ഏറ്റവും കൂടുതൽ ആളു കളെ വലിച്ചുകൊണ്ടു പോകുന്നത് **വേദപുസ്തക പരിജ്ഞാനമില്ലാത്ത വരെയാണ്. അവരാണ് നവയുഗ ദുരുപദേശങ്ങൾക്കും സിദ്ധാന്തങ്ങൾക്കും കൾട്ടുകൾക്കും ഇരയായിത്തീരുന്നത്.**

അപ്പൊസ്തലനായ യോഹന്നാൻ തന്റെ പ്രവചന വാക്കുകളിലൂടെ ഇക്കാര്യ ത്തിൽ മുന്നറിയിപ്പു നൽകിയിരിക്കുന്നു:

**1 യോഹന്നാൻ 2:24–28**

*[24]**നിങ്ങൾ ആദിമുതൽ കേട്ടതു** നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും. [25]ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം:*

*__നിത്യജീവൻ തന്നേ.__ [26]നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്തു ഞാൻ ഇതു നിങ്ങൾക്കു എഴുതിയിരിക്കുന്നു.*

*[27]അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; **ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല; അവന്റെ അഭിഷേകം തന്നേ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും** അതു ഭോഷ്കല്ല സത്യം തന്നേ ആയിരിക്കയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ. [28]ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ **നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന്നു അവനിൽ വസിപ്പിൻ.***

**1 യോഹന്നാൻ 2:24–28** വായിക്കുമ്പോൾ അഞ്ചു കാര്യങ്ങൾ വ്യക്തമാകുന്നു. അവയെ ഇങ്ങനെ സംക്ഷേപിക്കാം:

1. **വിശ്വാസികളെ സംബന്ധിച്ച് അവരുടെ ആദ്യ വിശ്വാസത്തിലും സ്നേഹത്തിലും ഉറച്ചു നില്ക്കേണ്ടതായ ആവശ്യമുണ്ട്.** അവർ ആദ്യമായി വിശ്വാസത്തിലേക്കു വന്നപ്പോൾ തങ്ങളുടെ ഹൃദയത്തിലുണ്ടായ ദൈവവിളിക്ക് യഥാർത്ഥമായ വിശ്വാസത്താലും തങ്ങളുടെ ഹൃദയത്തിലെ മറ്റേതൊരു കാര്യത്തിനും ഉപരി പ്രാധാന്യം നൽകിക്കൊണ്ടും പ്രതികരിച്ചു.
2. **ഏതൊരു പുതിയ സിദ്ധാന്തം/ഉപദേശം/പഠിപ്പിക്കൽ എന്നിവയോടു ചങ്ങാത്തം കൂടരുത്.** അവ രൂപാന്തരപ്പെട്ട ജീവിതം നയിക്കുന്നതിന് ദൈവവചനത്തിൽനിന്നും നിങ്ങളെ ആഹ്വാനം ചെയ്യുന്നതിനു പകരം നിങ്ങളെ ചീർപ്പിക്കുന്നവയും സ്വയത്തിൽ പ്രശംസിക്കാൻ പ്രേരിപ്പിക്കുന്നവയുമാണ്.
3. വ്യാജത്തെയല്ല സുവിശേഷത്തിന്റെ **സത്യത്തെ മുറുകെപ്പിടിക്കുക.**
4. **നമ്മെ പഠിപ്പിക്കുന്നതിന് കഴിവുള്ളവനാണ് പരിശുദ്ധാത്മാവ് എന്നറിയുക.** പരിശുദ്ധാത്മാവ് നിങ്ങളെ സകല സത്യത്തിലും വഴിനടത്തുമെന്നു കർത്താവായ യേശു പറഞ്ഞു (യോഹന്നാൻ 16:13). മനുഷ്യൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തുമെന്നു കർത്താവു പറഞ്ഞില്ല.
5. പ്രതീക്ഷിക്കാത്ത അവസരത്തിൽ അവൻ വരികയും നാം നഷ്ടപ്പെട്ടുപോകയും ചെയ്യാതിരിക്കേണ്ടതിന് **അവന്റെ വിശുദ്ധ വചനത്തിലെ സത്യത്തിൽ നാം വസിക്കാതിരിക്കുമ്പോൾ മുന്നറിയിപ്പ് കൈക്കൊള്ളുക.**

**ഗലാത്യർ 1:11–12** ൽ അപ്പൊസ്തലനായ പൗലൊസ് പറയുന്നു: *[11]സഹോദരന്മാരേ, **ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല** എന്നു നിങ്ങളെ ഓർപ്പിക്കുന്നു. [12]അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല, യേശുക്രിസ്തു വിന്റെ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത്.*

**യോഹന്നാൻ 8:34–35 ൽ**
**കർത്താവു പറഞ്ഞു:**

*'അതിന്നു യേശു: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു. **ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല**; പുത്രനോ എന്നേക്കും വസിക്കുന്നു.'*

രക്ഷിക്കപ്പെട്ട പാപി വിശുദ്ധിയിൽ നടക്കേണ്ട ആവശ്യമുണ്ടെന്ന് ഇതിനെക്കാൾ വ്യക്തമായി പറയുവാൻ കഴികയില്ല! ക്രിസ്ത്യാനികളായ നമ്മിൽ പലർക്കും അടിസ്ഥാന വേദപുസ്തക സത്യങ്ങൾ അറിഞ്ഞുകൂടാത്തതിനാൽ ഇന്നും വിവിധ ബന്ധനങ്ങളിൽ (ആസക്തികൾ, മോഹം, ക്രോധം, ക്ഷമിക്കാൻ കഴിയാത്ത അവസ്ഥ, അത്യാഗ്രഹം, ആദിയായവ) കുടുങ്ങിക്കിടക്കുന്നു എന്നത് ദുഃഖകരമായ വസ്തുതയാണ്, കാരണം നാം ഇനിയും യഥാർത്ഥമായി വിടുതൽ പ്രാപിച്ചിട്ടില്ല.

ഇന്ന് നമ്മിൽ അനേകർക്കും സത്യം അറിഞ്ഞുകൂടാ. എന്തുകൊണ്ട്? കാരണം നമുക്ക് ക്രമീകൃതവും ജാഗ്രതയോടുകൂടിയതുമായ വേദപുസ്തക ധ്യാനജീവിതം ഇല്ല.

**യോഹന്നാൻ 8:36** ൽ നാം കാണുന്നത് *'പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രന്മാർ ആകും'* എന്നാണ്. **'യേശു'** എന്ന പേരിന്റെയർത്ഥം '**ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുന്നവൻ**' എന്നാണ് – **മത്തായി 1:21**. 'യേശു' എന്ന പദം ഒരർത്ഥത്തിലും 'പാപത്തെ അനുവദിക്കുന്നവൻ' എന്നല്ല; 'പാപത്തെ അവഗണിക്കുന്നവൻ' എന്നും അതിനർത്ഥമില്ല.

ഇന്ന് അനേക വിശ്വാസികൾ ശാരീരിക സൗഖ്യത്തിനായും വിടുതലിനായും (നന്മ) പ്രാർത്ഥിക്കാറുണ്ട്, എന്നാൽ എത്രപേർ ആത്മിക സൗഖ്യത്തിനായും അവരുടെ ജീവിതത്തിലെ പാപശീലങ്ങളിൽ നിന്നുള്ള വിടുതലിനായും പ്രാർത്ഥിക്കാറുണ്ട്? അതല്ലേ ദൈവമായ കർത്താവ് അതിപ്രധാനമായി കാണുന്നതും താഴെക്കാണുന്ന വാക്യത്തിൽ നാം വായിക്കുന്നതുപോലെ അതിനല്ലേ കർത്താവായ യേശു ഭൂമിയിലേക്കു വന്നതും:

**മത്തായി 1:21**

*അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ **ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ടു** നീ അവന്നു*

*യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു.*

'പാപത്താൽ തകർക്കപ്പെട്ട ജീവിതത്തിൽ നിന്നും നാം സ്വതന്ത്രരാണോ?' എന്നതാണ് ചോദ്യം. നമ്മിൽ ഉയിർത്തെഴുന്നേല്ക്കാൻ ശ്രമിക്കുന്ന ജഡത്തിൽ നിന്നും എങ്ങനെ 'സ്വാതന്ത്ര്യം' പ്രാപിക്കാൻ കഴിയും എന്നു നമുക്കറിയാമോ? യോഹന്നാൻ 8:31 ൽ കർത്താവായ യേശു പറഞ്ഞത് **ക്രിസ്തുവിന്റെ വചനങ്ങളിൽ നാം തുടർമാനമായി വസിക്കുമ്പോൾ** മാത്രമേ നമുക്കു യഥാർത്ഥമായി സ്വാതന്ത്ര്യം പ്രാപിക്കുവാൻ കഴിയുകയുള്ളുവെന്നാണ്. യേശുവാണ് വചനം എന്നു ബൈബിൾ പറയുന്നതായി നമുക്കറിയാം (യോഹന്നാൻ 1:1–3). അതിനാൽ ഉത്തരം വളരെ ലളിതമാണ്, ദിനംതോറും ദൈവവചനം വായിക്കുകയും അതിൽ തുടർമാനമായി നടക്കുകയും ചെയ്യുന്നതിലൂടെയാണ് നാം സ്വതന്ത്രരാക്കപ്പെടുന്നത്.

ഓരോ പ്രാവശ്യവും തുറന്നുവായിക്കുമ്പോൾ അതിന്റെ എഴുത്തുകാരനെ നിങ്ങൾക്കു കണ്ടുമുട്ടാൻ കഴിയുന്ന ഏക ഗ്രന്ഥമാണ് ബൈബിൾ. അതിന്റെ എഴുത്തുകാരനെ കണ്ടുമുട്ടുവാൻ നിങ്ങൾ വ്യക്തിപരമായി തീരുമാനിക്കുന്നതുവരെ ബൈബിൾ മറ്റേതൊരു ചരിത്രപുസ്തകവും പോലെ നിലകൊള്ളും. **അതിനുള്ള തിരഞ്ഞെടുപ്പ് നിങ്ങളുടേതാണ്, തുടർന്നും അങ്ങനെയായിരിക്കുകയും ചെയ്യും.**

**ബൈബിൾ നിശ്ചയമായും കുറ്റമറ്റതും അപരിമിതവുമായ ചരിത്ര പുസ്തകമാണ്, ഏറ്റവും മോശം വിമർശകനുപോലും അതിന്റെ ആധികാരികതയെ ചോദ്യം ചെയ്യാൻ കഴികയില്ല.** അതിലെല്ലാമുപരി, മതവിശ്വാസങ്ങൾക്കതീതമായി മുഴു മാനവരാശിയും അതിന്റെ സമയരേഖയെ അംഗീകരിച്ചിട്ടുണ്ട് (ബി.സി./എ.ഡി.). അത് നിഷ്പക്ഷവും ഹാനികരമല്ലാത്തതും തെറ്റില്ലാത്തതുമാണ്. അതിലെല്ലാമുപരി അത് ദൈവനിശ്വാസീയമായ വചനമാണ്; അത് ക്രിസ്തുവിലുള്ള വിശ്വാസത്താൽ ഒരുവനെ നിത്യരക്ഷയ്ക്ക് ജ്ഞാനിയാക്കുവാൻ മതിയായതാണ്.

നാലു സുവിശേഷങ്ങളിലെ പ്രായോഗിക വിശദീകരണങ്ങളിലെ വ്യത്യാസങ്ങൾ എടുത്താൽ നാലു സുവിശേഷങ്ങളിലെ **പ്രധാന സംഭവങ്ങളുടെയും സത്യങ്ങളുടെയും** പൊതുവായ ഐക്യതയെ അവ **ഒരു തരത്തിലും ഇല്ലാതാക്കുന്നില്ല** എന്നു കാണാം. മറിച്ച് അവരിലാരും വിശദീകരണങ്ങളിൽ ഒരു ഐക്യത കൊണ്ടുവരുവാൻ മാനുഷികമായി ശ്രമിച്ചിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ അത് യഥാർത്ഥത്തിൽ ബൈബിളിനു വിശ്വാസ്യത നൽകുകയാണു ചെയ്യുന്നത്. അതുപോലെ ബൈബിളിലെ കഥാപാത്രങ്ങളുടെ പാപങ്ങളും പരാജയങ്ങളും നീതീകരിക്കുകയോ രേഖപ്പെടുത്താതെ മറച്ചുവയ്ക്കുകയോ ചെയ്യുന്നില്ല. മറിച്ച് അവയെല്ലാം സകല **'സത്യ'**ത്തോടുംകൂടെ (പരിശുദ്ധാത്മാവിനാൽ നിവേശിതമായി) എഴുതപ്പെട്ടിരിക്കുകയാണ്.

**യാക്കോബ് 1:21** പറയുന്നു
*'...നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും*
***ഉൾനട്ടതുമായ വചനം***
*സൗമ്യതയോടെ കൈക്കൊൾവിൻ'*

ദൈവവചനം വായിക്കുന്നതു തടസ്സപ്പെടുത്തി, അജ്ഞരാക്കി തീർത്തുകൊണ്ട് ദൈവത്തിന്റെ മക്കളെ ശക്തിഹീനരാക്കി (*ഉൾനട്ട ദൈവവചനം ഇല്ലാത്തവരാക്കി*) തീർക്കുകയെന്നതാണ് സാത്താന്റെ തന്ത്രം. കുടുംബത്തോടും സുഹൃത്തുക്കളോടുമൊപ്പം ഒരു അവധിക്കാലം ആസ്വദിക്കാൻ പോകുമ്പോൾ ബൈബിൾ വീട്ടിൽ മറന്നുവച്ചുപോകുകയും അങ്ങനെ നാളുകളായി നാം വളർത്തിക്കൊണ്ടു വന്ന വായനാശീലം തല്ക്കാലത്തേക്ക് മാറ്റിവയ്ക്കുകയും ചെയ്യുന്നതുപോലെ നിരുപദ്രവങ്ങളെന്നു തോന്നുന്ന കാര്യങ്ങളിലൂടെയാണ് അവന്റെ തടസ്സപ്പെടുത്തലുകൾ ആരംഭിക്കുന്നത്.

**ദൈവവചനത്തിൽ നാം ബലഹീനരാകുമ്പോൾ,** സാത്താൻ വരികയും അതേ ദൈവവചനമുപയോഗിച്ച് ഇടുങ്ങിയ പാതയിലൂടെ കടക്കുന്നതിൽ നിന്നും തെറ്റിക്കുകയും, ഒന്നാമത്തെ ആദാമിനെ അവൻ തെറ്റിക്കുകയും രണ്ടാമത്തെ ആദാമിനെ - നമ്മുടെ കർത്താവായ യേശുവിനെ - തെറ്റിക്കുവാൻ ശ്രമിക്കുകയും ചെയ്തതുപോലെ വിശാല പാതയിലൂടെ നടക്കാൻ നമ്മെ പ്രലോഭിപ്പിക്കുകയും ചെയ്യും. എന്നാൽ നമ്മുടെ കർത്താവ് ദൈവവചനത്തിലുള്ള തന്റെ സമ്പന്നവും നിലനില്ക്കുന്നതുമായ ജ്ഞാനത്തിലൂടെ ആ പരീക്ഷകളെ ജയിച്ചു.

നിങ്ങൾ ഒരു വിശ്വാസിയായിത്തീരുകയും നിങ്ങളുടെ വിശുദ്ധ ഗ്രന്ഥം, ബൈബിൾ, ദിനംതോറും വായിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കട്ടെ - നിങ്ങളെ എന്തു രൂപാന്തരപ്പെടുത്തുമെന്നാണു നിങ്ങൾ പ്രതീക്ഷിക്കുന്നത്? **രൂപാന്തരപ്പെട്ട ജീവിതത്തിലേക്കു നയിക്കുന്ന** അവന്റെ വചനത്തിലുള്ള അവന്റെ കല്പനകൾ അറിയുകയും അതിൽ വസിക്കുകയും ചെയ്യാത്ത ലോകത്തിലെ മറ്റേതൊരു നല്ല അക്രൈസ്തവനെയും പോലെ നിങ്ങളും തുടരുകയില്ലേ?

വിശ്വാസി ആയതിനുശേഷവും രൂപാന്തരപ്പെട്ട ജീവിതത്തെ നമ്മിൽ അനേകരും എതിർത്തു നില്ക്കുന്നതിനുള്ള കാരണം നമ്മുടെ ജഡത്തിന് അതിന്റെ പഴയ വീണുപോയ പ്രകൃതിയോട് പറ്റി നില്ക്കാനുള്ള ഒരു പ്രവണത ഉണ്ടെന്നുള്ളതാണ്. **ദൈവത്തിന്റെ വിശുദ്ധ വചനത്തിന് നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുവാനുള്ള കഴിവുണ്ടെന്ന് നമ്മുടെ ആത്മാവിൽ നമുക്കെല്ലാം ബോധ്യമുണ്ട്,** അതിനാൽ ആ ബോധ്യം തന്നെ നിർഭാഗ്യവശാൽ നമ്മുടെ ജീവിതത്തിൽ ഇടപെടുകയും (നമ്മുടെ രുചി മുകുളങ്ങൾക്ക് വല്ലപ്പോഴുമൊരിക്കൽ ഒരു രസം പ്രദാനം ചെയ്തുകൊണ്ട്) നമ്മെ പഴയ അവ

സ്ഥയിൽ പിടിച്ചുനിർത്തുകയും ചെയ്യുന്നു. ജാഗ്രതയോടെ ദൈവവചനത്തെ അന്വേഷിക്കുന്ന അനുഭവം തീർച്ചയായും നമ്മുടെ ജീവിതത്തെ കീഴ്മേൽ മറിക്കും. അത് ദൈനംദിന ജീവിതത്തിൽ ഒരു 'പുതിയ മാർഗ്ഗവും മനോഭാവവും' പ്രദാനം ചെയ്യും. ബൈബിളിനോടുള്ള ബന്ധം എപ്പോൾ നഷ്ടപ്പെടുമോ അപ്പോൾ പഴയ കളകൾ വളരെ വേഗം വീണ്ടും മുളയ്ക്കുകയും നല്ലതൈകളെ ഞെരുക്കുവാൻ ആരംഭിക്കുകയും പതുക്കെപ്പതുക്കെ നമ്മെ പുറകോട്ടു കൊണ്ടുപോയി വീണ്ടും നാം നമ്മുടെ സ്വന്ത നന്മയിലും ശക്തിയിലും ആശ്രയിക്കുന്ന അവസ്ഥയിൽ എത്തിക്കുകയും ചെയ്യും.

ദൈവവചനം കേൾക്കാതെ നമ്മെത്തന്നെ അടച്ചുകളയുന്നതാണ് ആ പ്രവണത. എന്നിരുന്നാലും ഓരോ പ്രാവശ്യവും നിങ്ങൾ ബൈബിൾ വായിക്കുമ്പോൾ, 'നാലു കാര്യങ്ങളിൽ' ഒന്നു സംഭവിച്ചിരിക്കും: ഒന്നുകിൽ ദൈവവചനം **'ആശ്വസിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും'** ചെയ്യും, അല്ലെങ്കിൽ ഒരു **'കല്പന'**യിലേക്ക് ദൈവവചനം നിങ്ങളെ ആഹ്വാനം ചെയ്യുകയും അത് അനുസരിക്കുവാൻ ദൈവം നിങ്ങളുടെ കണ്ണുകളെ തുറക്കുകയും ചെയ്യും; അല്ലെങ്കിൽ അതു നിങ്ങൾക്ക് **'പാപബോധം'** വരുത്തും, അല്ലെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കേണ്ട ഒരു **'സത്യം'** നിങ്ങൾക്കു വെളിപ്പെടുത്തിത്തരും. ദൈവവചനത്തോട് മറുത്തു നില്ക്കുമ്പോൾ നിങ്ങൾ വീണ്ടും നിങ്ങളുടെ പ്രശ്നങ്ങളുടെ കുഴഞ്ഞ ചേറ്റിൽ കൈകാലിട്ടടിക്കുകയും ഉത്തരം ലഭിക്കാത്ത അനേക ചോദ്യങ്ങളാൽ വലയുകയും ചെയ്യും.

**സങ്കീർത്തനം 1** ക്രിസ്തീയ ജീവിതത്തിൽ **'നമ്പർ 1'** ആണ്, ആയിരിക്കുകയും ചെയ്യും.

**സങ്കീർത്തനം 1:1-6**

*ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കാതെയും പാപികളുടെ വഴിയിൽ*
*നില്ക്കാതെയും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കാതെയും*
*2* ***യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിച്ചു***
***അവന്റെ ന്യായപ്രമാണത്തെ രാപ്പകൽ***
***ധ്യാനിക്കുന്നവൻ ഭാഗ്യവാൻ.***
*3 അവൻ, ആറ്ററികത്തു നട്ടിരിക്കുന്നതും തക്കകാലത്തു ഫലം*
*കായ്ക്കുന്നതും ഇലവാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും; അവൻ*
*ചെയ്യുന്നതൊക്കെയും സാധിക്കും. 4 ദുഷ്ടന്മാർ അങ്ങനെയല്ല; അവർ കാറ്റു*
*പാറ്റുന്ന പതിർപോലെയത്രേ. 5 ആകയാൽ ദുഷ്ടന്മാർ ന്യായവിസ്താരത്തിലും*
*പാപികൾ നീതിമാന്മാരുടെ സഭയിലും നിവിർന്നുനില്ക്കയില്ല.*
*6 യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു;*
*ദുഷ്ടന്മാരുടെ വഴിയോ നാശകരം ആകുന്നു.*

# അധ്യായം 2

# ദൈവവചനത്തെക്കുറിച്ചുള്ള അജ്ഞത എന്ന ചതിക്കുഴികൾ

നമ്മുടെ ആത്മാക്കളെ രക്ഷയിലേക്കു നയിക്കുവാൻ ദൈവവചനത്തിനു കഴിയുമെന്ന് തിരുവചനം പറയുന്നു:

**യാക്കോബ് 1:21–22**

*[21]ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു **നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം** സൌമ്യതയോടെ കൈക്കൊൾവിൻ. [22]എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നേ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.*

**1 പത്രൊസ് 2:1–2**

*[1]ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു [2]ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷെക്കായി വളരുവാൻ **വചനം എന്ന മായമില്ലാത്ത പാൽ** കുടിപ്പാൻ **വാഞ്ഛിപ്പിൻ**.*

ദൈവവചനത്തെക്കുറിച്ചുള്ള അജ്ഞത നമ്മെ മനുഷ്യനിർമ്മിത പാരമ്പര്യങ്ങൾക്ക് വശംവദരാക്കിത്തീർക്കും. ക്രിസ്തീയ വിശ്വാസത്തോട് മനുഷ്യന്റെ വാക്കുകളും അറിവും കൂട്ടിച്ചേർത്താൽ സംഭവിക്കുന്ന നാശത്തെക്കുറിച്ച് ഒരു ആശയം നിങ്ങൾക്കു നൽകുവാൻ ഒരുദാഹരണം ചൂണ്ടിക്കാണിക്കാം. ക്രിസ്തുമസ് കാലത്തെക്കുറിച്ചുള്ള ഉദാഹരണം എടുത്താൽ അതെങ്ങനെ കടന്നു വന്നു എന്നും ബൈബിളിനോട് അതിനെ എങ്ങനെ ബന്ധിപ്പിച്ചു എന്നു മനസ്സിലാകും. അവയെപ്പറ്റി ഞാൻ ഇവിടെ രേഖപ്പെടുത്തുന്നത് നിങ്ങളെ അത്ഭുതപ്പെടുത്തും.

1. ഇന്ന് ക്രിസ്തുമസ് ദിനം എന്നു അറിയപ്പെടുന്ന ക്രിസ്തുവിന്റെ ജന്മദിനം ആദിമ സഭ ആഘോഷിച്ചിരുന്നതായി ബൈബിളിൽ എങ്ങും പരാമർശിച്ചിട്ടില്ല.

2. യേശുക്രിസ്തുവിന്റെ ജനനം 25-ാം തിയതി ആയിരുന്നു എന്നും അതു ഡിസംബറിൽ ആയിരുന്നു എന്നുമുള്ള വാദം സംശയാസ്പദമാണ് (ലൂക്കൊസ് 1:26).
3. 3 രാജാക്കന്മാരെക്കുറിച്ച് എവിടെയും സൂചിപ്പിച്ചിട്ടില്ല, അവർ വിദ്വാന്മാർ ആയിരുന്നു എന്നതു ശരിയാണ്, എന്നാൽ അവർ 'രാജാക്കന്മാർ' ആയിരുന്നു എന്നും 'മൂന്നു പേർ' ആയിരുന്നു എന്നതും സംബന്ധിച്ച് ഒരു പരാമർശവുമില്ല - മത്തായി 2:1.
4. ഇടന്മാർ യേശുവിനെ സന്ദർശിച്ച ദിവസം അല്ലായിരുന്നു വിദ്വാന്മാർ അവനെ സന്ദർശിച്ചത് (പുൽത്തൊഴുത്തിൽ), മറിച്ച് യോസേഫും മറിയയും ഒരു വീട്ടിലേക്കു മാറിയതിനുശേഷം ആയിരുന്നു; ആ സമയത്ത് ശിശു അല്ലായിരുന്നു - മത്തായി 2:11.

അനേകരെ സംബന്ധിച്ച് ക്രിസ്തുമസ് ഇന്ന് കരോളിന്റെയും സാന്താക്ലോസിന്റെയും പറക്കുന്ന റെയിൻഡീയറിന്റെയും ഇത്തിൾക്കണ്ണിയുടെയും അവസരമാണ്. പുരാണ ആചാരങ്ങൾ കൊണ്ടാടുന്നതിനും ഷോപ്പിംഗ് മാളുകളുടെ അത്യാഗ്രഹത്തെ ശമിപ്പിക്കുന്നതിനുമുള്ള ഒരു അവസരമാണ് ഇന്നു ക്രിസ്തുവിന്റെ ജനനം.

ഒരു ആഘോഷത്തിനുവേണ്ടിയുള്ള ഹേതുവാണ് യേശു എന്നു നാം പറയുന്നു, പക്ഷേ അവൻ അതാണോ? എപ്പിസ്കോപ്പൽ പുരോഹിതനായ ഏൾ കൗണ്ട്, ക്രിസ്തുമസിനോടനുബന്ധിച്ച് 12 ദിവസങ്ങളിൽ സമ്മാനങ്ങൾ കൈമാറുന്നതിന്റെ ചരിത്രപരമായ തുടക്കത്തെ പുരാതന ജാതീയ ബാബിലോണുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.

ആദിമ ക്രിസ്ത്യാനികൾക്കു പരിചിതമായിരുന്ന സാറ്റർണേലിയ, കൃഷിയുടെ ദേവനായ സാറ്റേണിന്റെ ബഹുമാനാർത്ഥം പുരാതന റോമക്കാർ ആഘോഷിച്ചിരുന്ന ഉത്സവമായിരുന്നു. റോമക്കാരുടെ സാറ്റർണേലിയയിൽ മദ്യപാനം, കാമാസക്തി, ക്രിസ്തുവിന്റെ ഉപദേശങ്ങൾക്കു വിപരീതമായ മറ്റ് ദുരാചാരങ്ങൾ എന്നിവ അരങ്ങേറിയിരുന്നു. അങ്ങനെയാണ് ക്രമേണ ക്രിസ്തുമാസ് വന്നതും ഇന്നു അനേകർ വിളിക്കുന്ന (അതായത് ആഘോഷങ്ങളിൽനിന്നും ക്രിസ്തുവിനെ വെട്ടിക്കളയുന്ന X-mas) എക്സ്-മസ് ആയതും. ഒരർത്ഥത്തിൽ അതു ശരിയാണ്, കർത്താവ് ഒരിക്കലും ഈ ജാതീയ ഉത്സവത്തിന്റെ ഭാഗമായിരുന്നിട്ടില്ല.

കാലങ്ങൾ കഴിഞ്ഞപ്പോൾ ക്രിസ്ത്യാനികളും ക്രിസ്തുമസിന് പച്ച വൃക്ഷത്തലപ്പുകൾകൊണ്ടു വീട് അലങ്കരിക്കുകയും ഇത്തിൾച്ചെടി തൂക്കിയിടുകയും ചെയ്യുന്ന ജർമ്മൻ സ്കാൻഡിനേവിയൻ ആചാരം സ്വീകരിച്ചു.

ക്രിസ്തുമസ് അതിന്റെ ചരിത്രത്തിലുടനീളം മദ്യപാനോത്സവങ്ങളെ

പ്രോത്സാഹിപ്പിക്കുകയും ആധുനിക ഹോളിഡേ പാർട്ടികൾക്കു രൂപം കൊടുക്കുകയും കളിപ്പാട്ടങ്ങൾക്കായി മാതാപിതാക്കളെ ബുദ്ധിമുട്ടിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ സ്ഥാനം പട്ടികയുടെ ഏറ്റവും അടിയിലായിരിക്കുന്നു - വളരെ ചുരുക്കം പേരുടെയെങ്കിലും പട്ടികയിൽ അവനുണ്ടെങ്കിൽ.

ഡിപ്പാർട്ടുമെന്റു സ്റ്റോറുകൾ സ്പോൺസർ ചെയ്യുന്ന സാന്താക്ലോസും പാതി-വില വില്പനയും, ടി.വി. പരസ്യങ്ങളും കൊണ്ട് ക്രിസ്തുമസ് ദൈവത്തെ ആരാധിക്കുന്നതിനെക്കാൾ കണക്കെഴുത്തുകാരന്റെ ദിനമായി മാറിയിരിക്കുന്നു.

**അങ്ങനെയെങ്കിൽ, നമുക്കെങ്ങനെ ക്രിസ്തുവിനെ ക്രിസ്തുമസ് കാലത്ത് ഉൾപ്പെടുത്തുവാൻ കഴിയും എന്നതാണ് ചോദ്യം. ഉത്തരം വ്യക്തമാണ് - അതൊരിക്കലും അവനെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ചതല്ല.**

ഈസ്റ്റർ ആഘോഷവും ഈസ്റ്റർ ബൺ, ഈസ്റ്റർ മുട്ട തുടങ്ങിയ മനുഷ്യന്റെ കൂട്ടിച്ചേർക്കലുകളും ഇവിടെ വിവരിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല.

**അവന്റെ വചനത്തോട് നമ്മുടെ നീതിയുടെ നിലവാരം കൂട്ടിച്ചേർത്തുകൊണ്ട് ദൈവവചനത്തെക്കുറിച്ചുള്ള നമ്മുടെ അറിവിനോടൊപ്പം കൂടുതൽ കാര്യങ്ങൾ കൂട്ടിച്ചേർക്കാനുള്ള പരീക്ഷ ചിലപ്പോൾ ദൈവനിന്ദ ആയിത്തീരാറുണ്ട്.** ദൈവത്താൽ അഭിഷിക്തനായ ശൗൽ രാജാവ് അതിനു തുനിയുക നിമിത്തം അവന്റെ രാജ്യം ഇടയ ബാലനായ ദാവീദിനു വിട്ടുകൊടുക്കേണ്ടിവന്നു (1 ശമൂവേൽ 13:8-14).

തിരുവെഴുത്തിലെ ചില ഭാഗങ്ങളുടെ വ്യക്തതയ്ക്കുവേണ്ടി തന്നെ ചോദ്യം ചെയ്ത ചിലരെ അഭിസംബോധന ചെയ്തുകൊണ്ട് കർത്താവായ യേശു പറഞ്ഞത്, തിരുവെഴുത്തുകളെക്കുറിച്ചുള്ള അവരുടെ അറിവുതന്നെ തെറ്റാണെന്നാണ് (അതിനെക്കുറിച്ചുള്ള ചോദ്യത്തിന്റെ കാര്യം പിന്നെ പറയാനുണ്ടോ).

**മർക്കൊസ് 12:23-25**

*[23]പുനരുത്ഥാനത്തിൽ അവൾ അവരിൽ ഏവന്നു ഭാര്യയാകും?*
*എഴുവർക്കും ഭാര്യ ആയിരുന്നുവല്ലോ. [25]യേശു അവരോടു പറഞ്ഞതു:*
***നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും***
***അറിയായ്കകൊണ്ടല്ലയോ തെറ്റിപ്പോകുന്നതു?*** *[25]മരിച്ചവരിൽനിന്നു*
*ഉയിർത്തെഴുന്നേല്ക്കുമ്പോൾ വിവാഹം കഴിക്കയില്ല വിവാഹത്തിന്നു*
*കൊടുക്കപ്പെടുകയുമില്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെപ്പോലെ ആകും.*

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷവും ആദിമ സഭയിലെ ചിലർ ഇതേ ഭോഷത്തത്താൽ പിടിക്കപ്പെട്ടിരുന്നു:

**റോമർ 10:1–3 ൽ അവരെ അപ്പൊസ്തലനായ പൗലൊസ് അഭിസംബോധന ചെയ്യുന്നു**

*സഹോദരന്മാരേ, അവർ രക്ഷിക്കപ്പെടേണം എന്നു തന്നേ എന്റെ ഹൃദയവാഞ്ഛയും അവർക്കുവേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു. [2]**അവർ പരിജ്ഞാനപ്രകാരമല്ലെങ്കിലും** ദൈവത്തെ സംബ ന്ധിച്ചു എരിവുള്ളവർ എന്നു ഞാൻ അവർക്കു സാക്ഷ്യം പറയുന്നു. [3]അവർ ദൈവത്തിന്റെ നീതി അറിയാതെ **സ്വന്ത നീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ടു** ദൈവത്തിന്റെ നീതിക്കു കീഴ്പെട്ടില്ല.*

**2 പത്രൊസ് 3:16–17 ൽ അപ്പൊസ്തലനായ പത്രൊസ് പറയുന്നത്**

*[16]ഇതിനെക്കുറിച്ചു സംസാരിക്കുന്ന സകല ലേഖനങ്ങളിലും എഴുതീട്ടുണ്ടല്ലോ. അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളതു ചിലതുണ്ടു. **അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തു കളെപ്പോലെ അതും തങ്ങളുടെ നാശത്തിന്നായി കോട്ടിക്കളയുന്നു.** [17]എന്നാൽ പ്രിയമുള്ളവരേ, നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ടു അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരത വിട്ടു വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.*

ഒരു വേദഭാഗം മനസ്സിലാകാതെ വരുമ്പോൾ നമ്മുടെ സ്വന്തം വ്യാഖ്യാനം അതിനു നൽകുന്നതിനുള്ള പൊതുവായ ഒരു പരീക്ഷ ഉണ്ടാകാറുണ്ട്. അതിന്റെ ഫലമായി ഇന്ന് അനേക മനുഷ്യനിർമ്മിത ഉപദേശങ്ങളും സഭ കളും സിദ്ധാന്തങ്ങളും ക്രിസ്തീയ മണ്ഡലത്തിൽ രംഗപ്രവേശം ചെയ്തിരി ക്കുന്നു. തിരുവെഴുത്തിനെ ഒരു കാരണവശാലും പ്രസ്ഥാനവല്ക്കരിക്കാനാ വില്ല.

തിരുവെഴുത്തിനെ ആത്മികമായി വിവേചിക്കേണ്ടതാണ്, എന്നാൽ ഒരു അധ്യാ പകനും അതു നിങ്ങൾക്കും എനിക്കുംവേണ്ടി ചെയ്യാനാവില്ല. കാരണം പരി ശുദ്ധാത്മാവു വേണം അതിനെ പഠിപ്പിക്കുവാനും വ്യാഖ്യാനിക്കുവാനും – **1 യോഹന്നാൻ 2:25–26.**

**തിരുവെഴുത്തിനെ പ്രസ്ഥാനവല്ക്കരിക്കുന്നതാണ് ഇന്നത്തെ കുഴപ്പം. കാരണം അതു സംഭവിക്കുമ്പോൾ, യഥാർത്ഥമായി തിരുവെഴുത്ത് വ്യാഖ്യാ നിച്ചു പഠിപ്പിക്കേണ്ട പരിശുദ്ധാത്മാവിനു പകരം മനുഷ്യൻ അതു പഠി പ്പിക്കുകയും തന്നിമിത്തം തിരുവെഴുത്തിന്റെ ശക്തി നഷ്ടപ്പെടുകയും ചെയ്യും.**

നിർഭാഗ്യവശാൽ തല നിറയെ അറിവു സമ്പാദിച്ച, ദൈവശാസ്ത്ര ബിരുദം നേടിയ അനേകർ ഇന്നു രംഗത്തുണ്ട് – ലോഗോസ് ഉണ്ടെങ്കിലും റീമാ അല്പം

മാത്രം ഉള്ളവർ (ലോഗോസ് എഴുതപ്പെട്ട വചനവും റീമാ തിരുവെഴുത്തിന്റെ വെളിപ്പാട് ജ്ഞാനവും ആണ്).

കർത്താവിനുവേണ്ടി എരിയുന്നവരായി ഈ സെമിനാരികളിലേക്കു വരുന്ന യുവ മിഷനറിമാരിൽ ചിലർ നിർഭാഗ്യവശാൽ വിശ്വാസം ത്യജിക്കുകയോ ചിലർ കളിയുടെ ഭാഗമായിത്തീരുകയോ ചെയ്യുന്നതായി ഞാൻ കേൾക്കുക യുണ്ടായി (അത്തരത്തിലുള്ള പലരെയും എനിക്കറിയാം). പലപ്പോഴും സെമി നാരികൾ വളർന്നുവരേണ്ട മിഷനറിമാരിലെ ആത്മാവിനെ പ്രസ്ഥാനവല്ക്ക രിക്കുകയും നീതിപൂർവ്വമായ ജീവിതത്തിന് നിർണ്ണായകമായ അവരിലുള്ള ആത്മാവിന്റെ പ്രവർത്തനത്തെ പൂർണ്ണമായി കൊല്ലുന്നില്ലെങ്കിലും തണുപ്പി ച്ചുകളയുകയും ചെയ്യുന്നു (റോമർ 8:14).

ദൈവശാസ്ത്ര സ്ഥാപനങ്ങൾ കർത്താവായ യേശുവിന്റെ 'ഒന്നാം വരവിനു' തൊട്ടു മുമ്പ് മതഭക്തരായ പരീശന്മാരെയും സദൂക്യരെയും പുറത്തിറക്കി ക്കൊണ്ട് സമനില കൈവരിച്ചിരുന്നു. മോശെക്ക് ന്യായപ്രമാണം നൽകിയ സമയത്തോ, ദാവീദിന്റെയും ശലോമോന്റെയും സമയത്തോ, പഴയ നിയമ പ്രവാചകന്മാരുടെ കാലം വരെയുമോ സെമിനാരികളോ കോളജുകളോ ഉണ്ടാ യിരുന്നില്ല. ഇന്നത്തെ ദൈവശാസ്ത്ര കോളേജുകൾ അതിവേഗം വളർന്നു വന്നവയാണ് എന്നതും കർത്താവിന്റെ 'രണ്ടാംവരവ്' പടിവാതിലിൽ എത്തു ന്നതുവരെ വളർന്നുകൊണ്ടിരിക്കും എന്നതും നിർഭാഗ്യവശാൽ പാസ്റ്റർ എന്ന പേര് ആത്മിക ഔന്നത്യത്തിന്റെ അംഗീകാരത്തിന്റെ മുദ്രയായിത്തീർന്നിരി ക്കുന്നു എന്നതും – അതങ്ങനെ ആയിരിക്കേണ്ടതല്ല – രസകരമാണ്.

ക്രിസ്തുവിൽ പ്രിയരേ, പീഡയനുഭവിച്ചിരുന്ന ആദിമ സഭയുടെ കാലത്തി ലുടനീളം **'ക്രിസ്തീയ തിയോളജിക്കൽ കോളജുകൾ'** ഇല്ലായിരുന്നു എന്ന വസ്തുത നമ്മെ ഉണർത്തേണ്ടതാണ്; സഭകൾ പരിശുദ്ധാത്മാവിന്റെ പ്രബോ ധനയിലും ശക്തിയിലുമാണ് വളർന്നത്.

**തിരഞ്ഞെടുക്കപ്പെട്ട മീൻപിടുത്തക്കാർക്ക് യേശു ക്രിസ്തുവാണെന്നു മന സ്സിലായത് അവർ ദൈവശാസ്ത്ര ബിരുദധാരികളായതുകൊണ്ടല്ല മറിച്ച് ദൈവശക്തിയാൽ ആയിരുന്നു (മത്തായി 16:13–17)**. നേരെ മറിച്ച് ആ സമ യത്തെ ദൈവശാസ്ത്രജ്ഞന്മാർ (അവരുടെ മുഴുവൻ ജ്ഞാനവുംകൊണ്ട്) യേശു അവരുടെ മശിഹായാണെന്ന കാര്യം നിരസിച്ചു; കാരണം കർത്താ വായ യേശു ഉന്നയിച്ച അവകാശവാദങ്ങൾ അവരുടെ ചെറിയ മാനുഷിക മനസ്സുകളിൽ സംക്ഷേപിക്കുവാൻ സെമിനാരിയിൽ അവർ പഠിച്ച കാര്യങ്ങൾ അവരെ അനുവദിച്ചില്ല.

ഇതു സംബന്ധിച്ച എന്റെ ചിന്തകൾ ഞാനിവിടെ സംഗ്രഹിക്കട്ടെ. വളർന്നു വരുന്ന പ്രസംഗകരെ സജ്ജരാക്കുകയും പണിയുകയും വഴികാട്ടുകയും ചെയ്യുന്ന ക്രിസ്തുവിന്റെ ശുശ്രൂഷയിലെ മറ്റൊരു ശാഖയായി പ്രവർത്തിക്കു

ന്നിടത്തോളം കാലം ബൈബിൾ കോളജുകളുമായി എനിക്കൊരു പ്രശ്നവുമില്ല (വാസ്തവത്തിൽ ഒസ്‌വാൾഡ് ചേംബേഴ്സ് പോലെയുള്ള വലിയ ദൈവമനുഷ്യർ പഠിപ്പിച്ചതുപോലെയുള്ള ചില നല്ല ബൈബിൾ കോളജുകൾ ഉണ്ട്). എന്നിരുന്നാലും സുവിശേഷകർക്ക് സെമിനാരിയുടെ ആവശ്യമില്ല പകരം ഉറച്ചഹൃദയവും സുവിശേഷം പ്രസംഗിക്കാൻ താല്പര്യമുള്ള വായും ആണ് ആവശ്യം എന്നാണ് എന്റെ വ്യക്തിപരമായ നിലപാട്.

അപ്പൊസ്തലനായ പൗലൊസ് പറയുന്നു:

**ഗലാത്യർ 2:6**

*പ്രമാണികളായവരോ അവർ പണ്ടു എങ്ങനെയുള്ളവർ ആയിരുന്നാലും*
*എനിക്കു ഏതുമില്ല; ദൈവം മനുഷ്യന്റെ മുഖം നോക്കുന്നില്ല;*
*പ്രമാണികൾ എനിക്കു ഒന്നും ഗ്രഹിപ്പിച്ചുതന്നിട്ടില്ല.*

ദൈവത്തെക്കുറിച്ചുള്ള തന്റെ ജ്ഞാനം ദൈവമായ കർത്താവിൽനിന്നും നേരിട്ടു ലഭിച്ചതാണെന്ന് പൗലൊസ് ഏറ്റുപറയുന്നു

**ഗലാത്യർ 1:12**

*11സഹോദരന്മാരേ, ഞാൻ അറിയിച്ച സുവിശേഷം*
*മാനുഷമല്ല എന്നു നിങ്ങളെ ഓർപ്പിക്കുന്നു.*
*12അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല,*
*യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത്.*

ഈ ബൈബിൾ സ്കൂളുകളിൽ ചേരുന്നത് **ഒരു വിധത്തിലും ആത്മിക ഔന്നത്യത്തിന്റെ അല്ലെങ്കിൽ മേധാവിത്വത്തിന്റെ (പരിശുദ്ധാത്മ പ്രവൃത്തിയെ കടത്തിവെട്ടുന്ന/കുറച്ചുകളയുന്ന സർട്ടിഫിക്കറ്റ് എന്ന നിലയിൽ പ്രസ്ഥാനവല്ക്കരിക്കപ്പെട്ട) ലക്ഷണമായി കരുതാൻ പാടില്ല എന്നു നാം മനസ്സിലാക്കേണ്ടതാണ്**. നിർഭാഗ്യവശാൽ അനേക ബൈബിൾ കോളേജുകളും (എല്ലാം അല്ലെങ്കിലും) അത്തരത്തിലാണ് സമൂഹമധ്യത്തിൽ ഉയർത്തിക്കാട്ടപ്പെടുന്നതും മനസ്സിലാക്കപ്പെടുന്നതും.

നമ്മിൽ അനേകർക്കും ഉള്ള 'ആത്മീയ ഗുരു'ക്കന്മാരെക്കുറിച്ച് സംസാരിച്ചുകൊണ്ട് ഈ അധ്യായം അവസാനിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. വിശ്വാസികൾക്ക് അവരുടെ ജീവിതത്തിലുടനീളം 'ആത്മീയ ഗുരുക്കന്മാർ' ഉണ്ടായിരിക്കുന്നത് ദൈവത്തെ ദുഃഖിപ്പിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. കർത്താവിൽ നാം ശിശുക്കളായിരിക്കുമ്പോൾ അതു നല്ലതാണ് എങ്കിലും നമ്മുടെ ക്രിസ്തീയ നടപ്പിൽ കർത്താവു നമ്മെ പക്വതയിലേക്കു നയിക്കുമ്പോൾ തുടർന്നു നാം പരിശുദ്ധാത്മാവിനാലാണ് നയിക്കപ്പെടേണ്ടത്.

ദൈവത്തിന്റെ നീതിയുള്ള ഒരു പ്രവാചകനുപോലും ചില സന്ദർഭങ്ങളിൽ തെറ്റു സംഭവിക്കാമെന്ന് **1 ദിനവൃത്താന്തം 17:1–4** ന്റെ അടിസ്ഥാനത്തിൽ

നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്; കാരണം ആത്യന്തികമായി അവൻ ഒരു മനുഷ്യനാണ്. ദാവീദ് രാജാവിന്റെ അടുക്കൽ കൃത്യമായ ഇടവേളകളിൽ ദൈവം തന്റെ ദൂതുമായി പ്രവാചകന്മാരെ അയയ്ക്കുകയുണ്ടായി. ശമൂവേൽ പ്രവാചകൻ മുതൽ നാഥാൻ പ്രവാചകനും ഗാദ് പ്രവാചകനും വരെ അങ്ങനെ അയയ്ക്കപ്പെട്ടവരാണ്. എന്നിരുന്നാലും മറ്റു മിക്കസമയങ്ങളിലും ദാവീദ് തന്റെ ജീവിതത്തിൽ ഓരോ കാര്യവും ചെയ്യുന്നതിനുമുമ്പ് ദൈവത്തോട് ആലോചന ചോദിച്ചിരുന്നു.

ക്രിസ്തുവിൽ പ്രിയപ്പെട്ടവരേ, വളർച്ച പ്രാപിച്ചിട്ടും കർത്താവിനോടൊപ്പം ഇത്രയും വർഷത്തെ ബന്ധം നിങ്ങൾക്കുണ്ടായിട്ടും നിങ്ങളിൽ ആർക്കെങ്കിലും ഇപ്പോഴും മെന്റർമാർ ഉണ്ടായിരിക്കുകയും (ഒരു മറുപടിക്കായി ദൈവസന്നിധിയിൽ കാത്തിരിക്കുവാൻ നിങ്ങളുടെ അലസത അല്ലെങ്കിൽ അക്ഷമ അനുവദിക്കാതെ) ഓരോ ചെറിയ കാര്യത്തിനും നിങ്ങൾ ആലോചനയ്ക്കായി അവരെ ആശ്രയിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ ഗുരുക്കന്മാർ കൗശലപൂർവ്വമായ രീതിയിൽ നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ സ്ഥാനം കവർന്നെടുത്തിട്ടുണ്ടോ എന്നു നിങ്ങൾ ജാഗ്രത പാലിക്കേണ്ടതാവശ്യമാണ്. അങ്ങനെയാണ് സംഭവിച്ചിരിക്കുന്നതെങ്കിൽ, ഞാൻ മുമ്പു പറഞ്ഞതുപോലെ, അതു കർത്താവിനെ കഠിനമായി ദുഃഖിപ്പിക്കുന്നതാണ്. റോമർ 8:14 പറയുന്നു *'ദൈവാത്മാവു നടത്തുന്ന ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു.' 'ആത്മിക ഗുരുക്കന്മാർ നടത്തുന്ന ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു'* എന്നല്ല അവിടെ പറയുന്നത് - ശരിയല്ലേ?

നമ്മിൽ ചിലർക്ക് ആത്മീയ ഗുരുക്കന്മാർ ഇല്ലായിരിക്കാം, നല്ലത്! എന്നാൽ മറ്റാരുടെയെങ്കിലും ഇഷ്ട 'ആത്മീയ ഗുരു'ക്കന്മാരോട് ആലോചന ചോദിക്കുന്നതിലൂടെ സ്വയം പുകഴ്ച നേടിക്കൊണ്ട് ദൈവത്തെ ദുഃഖിപ്പിക്കുന്നുണ്ടോ? അവനെ മാത്രം അന്വേഷിക്കുവാനും സകലത്തിലും അവനു മഹത്വം കൊടുക്കുവാനും ക്രിസ്തുവിൽ സഹോദരനെ, സഹോദരിയെ ഉത്സാഹിപ്പിക്കുന്നതിൽ പരാജയപ്പെട്ടുകൊണ്ട് ദൈവത്തെ ദുഃഖിപ്പിക്കുന്നുണ്ടോ? യോഹന്നാൻ സ്നാപകൻ തന്റെ ശിഷ്യന്മാരോട് *'അവനോ വളരേണം ഞാനോ കുറയേണം'* എന്നു പറഞ്ഞുകൊണ്ട് തന്നെ അനുഗമിക്കുന്നതു നിർത്തി നല്ല ഇടയനായ യേശുക്രിസ്തുവിനെ അനുഗമിക്കുവാൻ പറഞ്ഞതു പോലെ.

**മത്തായി 23:8-12**

*8 നിങ്ങളോ റബ്ബീ എന്നു **പേർ എടുക്കരുതു**. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരന്മാർ.
9 ഭൂമിയിൽ ആരെയും പിതാവു എന്നു വിളിക്കരുതു; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവു, സ്വർഗ്ഗസ്ഥൻ തന്നേ.
10 നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുതു;*

*ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നേ. [11]നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം.*
*[12]തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും.*

# അധ്യായം 3

## 'തിരക്ക്' ആത്മീയ വളർച്ചയെ തടയുന്നു!

ദാനീയേൽ 12:4
*"നീയോ ദാനീയേലേ,*
*അന്ത്യകാലം വരെ ഈ വചനങ്ങളെ അടച്ചു*
*പുസ്തകത്തിന്നു മുദ്രയിടുക;*
***പലരും അതിനെ പരിശോധിക്കയും***
*ജ്ഞാനം വർദ്ധിക്കുകയും ചെയ്യും."*

ഈ വിഷയം ഞാൻ എടുത്തപ്പോൾ, 'തിരക്കായിരിക്കുക' (*"പലരും അങ്ങും ഇങ്ങും ഓടുകയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും"* എന്നാണ് ഇംഗ്ലീഷിൽ) എന്നു മുന്നമേ പ്രവചിക്കപ്പെട്ടിരിക്കുന്ന ഈ 'അന്ത്യകാല കെണി' യിൽ അനേകരും പെട്ടിരിക്കുന്നു എന്ന വസ്തുത എന്നെ വേദനിപ്പിക്കുന്നു.

**ദാനീയേൽ 12:4** ൽ പരാമർശിച്ചിരിക്കുന്ന *പലരും* എന്നതിൽ ദൈവജനം ഉൾപ്പെട്ടിട്ടില്ല എന്നു ഞാൻ വിശ്വസിക്കുന്നു. ഈ വിധത്തിൽ ചിന്തിച്ചാൽ, 'വിശാല പാത' തിരഞ്ഞെടുത്തവരും 'വിശ്വസിക്കുന്ന യഥാർത്ഥ ശിഷ്യന്മാരിൽ' ഉൾപ്പെടാത്തവരായി കർത്താവായ യേശു സൂചിപ്പിക്കുന്നവരുമായ "**അനേകർ**" ആണ് ഈ *പലർ.*

നമ്മുടെ ആത്മീയ ജീവിതത്തെ മുടന്തുള്ളതാക്കുന്നതും ദൈവരാജ്യത്തിന്റെ പണിയുടെ മുന്നേറ്റത്തെ തടസ്സപ്പെടുത്തിക്കൊണ്ടു വളരുന്നതുമായ ഏറ്റവും മോശമായ കെണികളിലൊന്നാണിത്. ലോകത്തോടൊപ്പം ദൈവത്തിന്റെ ജനവും ഈ കെണിയെക്കുറിച്ച് ബോധവാന്മാരല്ല എന്നു മാത്രമല്ല (ഇന്ന് രക്ഷിക്കപ്പെടാത്ത ലോകമനുഷ്യരിൽ ചിലർ പ്രശംസിക്കുന്നതുപോലെ) തങ്ങൾ വളരെ തിരക്കിലാണ് എന്ന് അഭിമാനപൂർവ്വം ചിലർ പറയുകയും ചെയ്യുന്നു എന്നതാണ് ഏറ്റവും ദുഃഖകരം!

**വളരെ തിരക്കിലായിരിക്കുന്നത് ആത്മീയമായി വളരെ കേടുവരുത്തുന്നതാണ്.** നിർഭാഗ്യവശാൽ ഇന്ന്, ജോലിയിൽ നിന്നു വിരമിച്ച വിശ്വാസികളും തങ്ങൾക്കു ലഭിച്ച ദൈവദത്തമായ സുവർണ്ണാവസരത്തെ ദൈവവചനവുമായി ശാന്തമായിരിക്കുന്നതിനും ദൈവത്തിൽ നിന്നു കേൾക്കുന്നതിനും ദൈവിക

കാര്യങ്ങൾ ചിന്തിക്കുന്നതിനും ദൈവത്തെ സേവിക്കുന്നതിനും ഉള്ള അവസരമായി കാണാതെ ഒരു കാര്യത്തിലല്ലെങ്കിൽ മറ്റൊരു കാര്യത്തിൽ തിരക്കിലായിരിക്കുന്നു.

**ദൈവമായ കർത്താവ് സമയാ സമയങ്ങളിൽ നമുക്ക് ഒരു ആത്മിക വിശ്രമം നൽകാറുണ്ട്** (അവന്റെ വഴികൾ നമ്മുടെ വഴികളിലും ഉന്നതമാണ്). ചിലപ്പോൾ താല്ക്കാലികമായി നമ്മുടെ ജോലി നഷ്ടപ്പെടുത്തിക്കൊണ്ടോ, ഒരു രോഗം മൂലമോ - അവയെല്ലാം നമ്മുടെ ജീവിതത്തിൽ നിത്യതയുടെ ഒരു വലിയ ഉദ്ദേശ്യനിവൃത്തിക്കുവേണ്ടിയാണ്. അനേക ആളുകളും ആ സമയത്തിനുശേഷം അത് ആത്മികമായി ബലപ്പെടുത്തുന്നതായിരുന്നുവെന്നും തൽഫലമായി തങ്ങൾ ദൈവമായ കർത്താവിനോട് വളരെ അടുത്തുവെന്നും ഏറ്റുപറയാറുണ്ട്.

നിർഭാഗ്യവശാൽ അത്തരം സന്ദർഭങ്ങളിൽ മറ്റു ചിലയാളുകൾ അസ്വസ്ഥരായി പിറുപിറുക്കുകയും കർത്താവിനോടു കൂടെ ശാന്തമായിരിക്കുന്നതിനു ലഭിക്കുന്ന ആ സുന്ദര അവസരങ്ങളെ നഷ്ടപ്പെടുത്തിക്കളയുകയും ചെയ്യാറുണ്ട്. പകരം അതിൽനിന്നും മോചനം പ്രാപിച്ചാലുടൻ മറ്റേതെങ്കിലും മോഹങ്ങളുടെ പിന്നാലെ അവർ പായാൻ തുടങ്ങും.

ചില സന്ദർഭങ്ങളിൽ, ഒരു വ്യക്തി വേഗത കുറച്ച് ദൈവം പറയുന്നതു കേൾക്കണമെന്ന് അവൻ ആഗ്രഹിക്കാറുള്ളതിനെക്കുറിച്ച് പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ആ വ്യക്തി പിതാവിനോടുള്ള സ്നേഹം കുറയുന്നതു നിമിത്തം അതു നിരസിക്കുന്നതിനാൽ, **അവനോട് വ്യക്തിപരമായി സംസാരിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും അവന്റെ പൂർണ്ണമായ ശ്രദ്ധയാർജ്ജിക്കുന്നതിനായി** ദൈവം വിവിധ മാർഗ്ഗങ്ങളുപയോഗിച്ച് അവന്റെ ഓട്ടത്തിന് കടിഞ്ഞാണിടുന്നു.

'മഹാഅത്താഴ'ത്തെക്കുറിച്ചുള്ള കർത്താവായ യേശുവിന്റെ ഉപമയിൽ '**അത്താഴ**'ത്തിൽ നിന്നും **ഒഴിവാക്കപ്പെട്ട ആളുകൾ ജീവിതത്തിലെ ആവശ്യങ്ങളുടെ തിരക്കുകളിൽ കുടുങ്ങിപ്പോയ** ആളുകളാണ്. 'മഹാഅത്താഴ'ത്തിനുവേണ്ടിയുള്ള അതിപ്രധാനമായ ക്ഷണം സ്വീകരിക്കുന്നതിന് ഒരുക്കവും തയ്യാറെടുപ്പും ഉള്ളവരായിരിക്കുന്നതിനു പകരം തങ്ങളുടെ കാര്യങ്ങൾക്കു മുൻഗണന നൽകിയും ലോകപ്രകാരം ജീവിച്ചും അവർ ലോകത്തിലെ മറ്റു കാര്യങ്ങൾക്കൊപ്പം തങ്ങളെത്തന്നെ നഷ്ടപ്പെടുത്തി.

ആ ആളുകൾ 'മഹാഅത്താഴ'ത്തിനു യോഗ്യരായില്ല എന്നു കർത്താവു പറഞ്ഞു.

**ലൂക്കൊസ് 14:16-20**

*അവനോടു അവൻ പറഞ്ഞതു: ഒരു മനുഷ്യൻ വലിയോരു അത്താഴം ഒരുക്കി പലരെയും ക്ഷണിച്ചു. അത്താഴസമയത്തു അവൻ തന്റെ ദാസനെ*

*അയച്ചു ആ ക്ഷണിച്ചവരോടു: എല്ലാം ഒരുങ്ങിയിരിക്കുന്നു; വരുവിൻ എന്നു പറയിച്ചു. എല്ലാവരും ഒരുപോലെ ഒഴികഴിവു പറഞ്ഞുതുടങ്ങി; ഒന്നാമത്തവൻ അവനോടു:* ***ഞാൻ ഒരു നിലം കൊണ്ടതിനാൽ*** *അതു ചെന്നു കാണേണ്ടുന്ന ആവശ്യം ഉണ്ടു; എന്നോടു ക്ഷമിച്ചുകൊള്ളേണം എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു. മറ്റൊരുത്തൻ:* ***ഞാൻ അഞ്ചേർ കാളയെ കൊണ്ടിട്ടുണ്ടു;*** *അവയെ ശോധനചെയ്‌വാൻ പോകുന്നു; എന്നോടു ക്ഷമിച്ചുകൊള്ളേണം എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു. വേറൊരുത്തൻ:* ***ഞാൻ ഇപ്പോൾ വിവാഹം കഴിച്ചിരിക്കുന്നു;*** *വരുവാൻ കഴിവില്ല എന്നു പറഞ്ഞു.*

**ആത്മീയ വളർച്ചയുടെ പ്രധാന ശത്രു 'തിരക്ക്' ആണ്,** അതു പൊതുവേ ലോകമയത്വത്തിന്റെ ഫലമായുണ്ടാകുന്നതാണ് (ദൈനംദിന ജോലിയുടെയോ, സാമൂഹിക പ്രവർത്തനത്തിന്റെയോ ഒരുപക്ഷേ കൊട്ടിഘോഷിക്കപ്പെടുന്ന മനുഷ്യസ്നേഹ പ്രവർത്തനത്തിന്റെയോ തിരക്ക്, തിരക്ക് എന്നതിൽ കുടുങ്ങിപ്പോകുന്ന അവസ്ഥയാണത്!). ഇതെല്ലാം സംഭവിക്കുന്നത് ദൈവത്തോടൊപ്പം സമയം ചിലവഴിക്കുന്നതിനും അവനോടൊപ്പം നടക്കുന്നതിനും ഉള്ള സമയം നഷ്ടപ്പെടുത്തിക്കൊണ്ടായിരിക്കും. നമ്മുടെ ജീവിതത്തിൽ അവന്റെ വചനം ശാന്തമായി ധ്യാനിക്കുന്നതിനും അവന്റെ ശബ്ദം കേൾക്കുന്നതിനായി ശാന്തമായി ഇരിക്കുന്നതിനുമുള്ള ഗുണപരമായ സമയത്തിനു പകരം മാറ്റിവയ്ക്കാവുന്ന മറ്റൊന്നുമില്ല - അതെത്ര പുതുമയുള്ളതായാലും. ഒരുവൻ തിരക്കുള്ളവനായിരിക്കുമ്പോൾ, അവന്റെ മനസ്സ് തിരക്കുള്ളതായിരിക്കുമ്പോൾ, പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ പ്രചോദിപ്പിക്കുന്ന, **നമ്മുടെ ആത്മീയ വളർച്ചയെ സംബന്ധിച്ച വിലയിരുത്തലുകൾക്ക് നാം ബോധവാന്മാരായിരിക്കയില്ല.**

കർത്താവായ യേശുക്രിസ്തുവിന് മുഴുലോകത്തിനും വേണ്ടിയുള്ള തന്റെ വലിയതും അതിമഹത്തായതുമായ ശുശ്രൂഷയ്ക്കായി മൂന്നു വർഷങ്ങൾ മാത്രമേ ലഭിച്ചുള്ളുവെങ്കിലും, പ്രഭാതത്തിലെ അല്പസമയമോ രാത്രിമുഴുവനുമോ, ഉപവാസത്തോടും പ്രാർത്ഥനയോടും കൂടി തന്റെ പിതാവുമായി ചിലവഴിക്കുന്നതിന് മനപ്പൂർവ്വമായി സമയമെടുക്കുന്നതിൽ അവൻ പരാജയപ്പെട്ടില്ല. അതേ, തന്റെ പിതാവായ ദൈവത്തോടൊപ്പം സമയം ചിലഴിക്കുന്നതിനു തടസ്സമായി തന്റെ ശുശ്രൂഷ കടന്നുവരുവാൻ കർത്താവായ യേശു ഒരിക്കലും അനുവദിച്ചില്ല.

**തിരക്ക് എന്നത് ഒരു ആത്മീയ മദ്യപാനത്തിന്റെ അവസ്ഥയും വിവിധ കെണികളായി കടന്നുവരുന്നതുമാണ്,** അതായത് ലോകത്തിന്റെ ആകുലചിന്തകൾ, സുഖലോലുപ ജീവിതം, വർദ്ധിച്ച ശുശ്രൂഷാ തിരക്കുകൾ പോലും.

ഒരു ബട്ടൺ അമർത്തിയാൽ സകലവും ലഭ്യമാകുന്ന ഇക്കാലത്ത് നാം നമ്മുടെ തിരക്കേറിയ ജീവിതത്തിന് കടിഞ്ഞാണിടാൻ മുമ്പത്തെക്കാളധികം മനപ്പൂർവ്വമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അത് സാമൂഹിക കൂട്ടായ്മകൾ/ടെലിവിഷൻ കാണുന്നതിനുള്ള സമയം/കമ്പ്യൂട്ടറിനു മുമ്പിൽ ചിലവഴിക്കുന്ന സമയം (ഇവയെല്ലാം ക്രിസ്തീയ വിശ്വാസത്തോടു ബന്ധപ്പെട്ടതായാൽകൂടി) എന്നിവ കർശനമായി വെട്ടിച്ചുരുക്കിയും അത്യധികമായി വരുന്ന സാമൂഹിക ക്ഷണങ്ങളിൽനിന്ന് ചിലതു മാത്രം - ദൈവവചനം പങ്കിടാനുള്ള ക്ഷണം മാത്രമായോ - ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്തുകൊണ്ടുപോലും ഇതു നിർവഹിക്കാവുന്നതാണ്.

പഴയനിയമത്തിലെ പ്രവാചകന്മാരും വിശ്വാസ വീരന്മാരും തുടങ്ങി കർത്താവായ യേശുവരെയും അപ്പൊസ്തലനായ പൗലൊസ് തുടങ്ങി അപ്പൊസ്തലനായ യോഹന്നാൻ വരെയും മരുഭൂമിയിലും കാരാഗൃഹത്തിലും വിദൂര ദ്വീപുകളിലും ദൈവത്തോടൊപ്പം അവർ ചിലവഴിച്ച ശാന്തമായ സമയങ്ങളായിരുന്നു **അവരുടെ ജീവിതത്തിൽ അവരെ ധൈര്യപ്പെടുത്തുകയും ഫലകരമായ ശുശ്രൂഷയ്ക്കായി ശക്തീകരിക്കുകയും ചെയ്തിരുന്നത്.** അപ്പൊസ്തലനായ പൗലൊസിന്റെയും അപ്പൊസ്തലനായ യോഹന്നാന്റെയും ലേഖനങ്ങളും എഴുത്തുകളും **ഭൂരിഭാഗവും അത്തരം അവസരങ്ങളിലാണ് എഴുതപ്പെട്ടത്.** ആ ലേഖനങ്ങൾ അന്നത്തെ അനേക സഭകളിലെത്തുകയും ഇന്നും അനേകരിലേക്ക് എത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത് ആ ശാന്തവും നിശബ്ദവുമായ സമയങ്ങൾ നിമിത്തമാണ്. പലപ്പോഴും ശാന്തമായിരിക്കുമ്പോഴാണ് നിങ്ങൾ ദൈവത്തിൽ നിന്നും കൂടുതൽ കാര്യങ്ങൾ കേൾക്കുന്നത്!

തന്റെ വരവ് **'കള്ളനെ'**പ്പോലെ ആയിരിക്കുമെന്നു കർത്താവായ യേശു പറഞ്ഞു, ആ മുന്നറിയിപ്പ്, കാത്തിരിക്കുവാനും ജാഗ്രതപാലിക്കുവാനും തങ്ങളുടെ ജീവിതത്തിൽ സമയമെടുക്കാതെ **തിരക്കിൽ കുടുങ്ങിക്കിടക്കുന്ന ആളുകൾക്കുള്ളതാണ്.** കർത്താവിന്റെ വരവ് 'കള്ളനെ'പ്പോലെ ആയിരിക്കുമെന്നു പറയുന്ന പ്രധാനമായും നാലു ഭാഗങ്ങളാണ് ബൈബിളിൽ കാണുന്നത് - **മത്തായി 24:23; 1 തെസ്സലൊനീക്യർ 5:2; 2 പത്രൊസ് 3:10; വെളിപ്പാട് 3:3.** നമ്മിൽ അനേകരും തെറ്റായി ചിന്തിച്ചിരിക്കുന്നത് തന്റെ സമർപ്പണമുള്ള ശിഷ്യന്മാരെ കൊണ്ടുപോകുന്നതിനാണ് കർത്താവു കള്ളനെപ്പോലെ വരുന്നതെന്നാണ്. എന്നാൽ അതു ശരിയല്ല, ബൈബിൾ അങ്ങനെ സൂചിപ്പിക്കുന്നുമില്ല. ഒരുങ്ങിയിരിക്കുന്ന വിശ്വാസിക്കുവേണ്ടി കർത്താവു വരുന്നത് കള്ളനെപ്പോലെയല്ല, മറിച്ച് മണവാളനായിട്ടാണ്. ആത്മികമായി ഉറങ്ങുകയും അലസരായിരിക്കുകയും ചെയ്യുന്ന വിശ്വാസികൾക്കാണ് ക്രിസ്തു കള്ളനെപ്പോലെ ആകസ്മികമായി അവരുടെമേൽ വരുന്നത്.

ഇതു ദൈവവചനത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് (എന്നിട്ടും ഇന്ന്

അനേകരും അവൻ നമുക്കായി 'കള്ളനെപ്പോലെ' വരും എന്നു പറഞ്ഞുകൊണ്ടിരിക്കുകയാണ്). ഒരു നിലയിൽ അതു ശരിയാണ്, കാരണം അങ്ങനെ ഏറ്റുപറയുന്നവർ തന്നെ കള്ളനെപ്പോലെയുള്ള അവന്റെ വരവിനെ അനുഭവിച്ചറിയാൻ പോകയാണ്.

താഴെക്കാണുന്ന തിരുവചനത്തിൽ നിന്നും ശരിയായ സമർപ്പണമുള്ള വിശ്വാസി അവന്റെ വരവിന്റെ ആകസ്മികതയിൽ അത്ഭുതപ്പെടു**കയില്ല** എന്നു കാണാൻ കഴിയും. നമ്മുടെ ചിന്തയുടെമേലുള്ള മൂടൽ മാറ്റുന്നതിനായി താഴെക്കാണുന്ന വചനം നമുക്കു പഠിക്കാം:

**മത്തായി 24:37-39 ൽ കർത്താവു പറഞ്ഞു:**

*"നോഹയുടെ കാലംപോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും. [38]ജലപ്രളയത്തിന്നു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയനാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും പോന്നു; [39]ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും."*

ഇവിടെ കാണുന്ന 'അവർ' 'എല്ലാവരും' എന്നതിൽ നോഹ ഉൾപ്പെട്ടിട്ടില്ല എന്നു നമുക്കറിയാം, അതുപോലെയാണ് 'ക്രിസ്തുവിൽ' ഉള്ള നാമും. വാ. 42-44 വരെയും ലളിതമായി വ്യക്തമാക്കുന്നത് കള്ളൻ അപ്രതീക്ഷിതമായി വന്നും വീടു തുരക്കാൻ അനുവദിക്കാതെ നാം ഉണർന്നിരിക്കണമെന്നാണ്.

**1 തെസ്സലൊനീക്യർ 5:4-5 ൽ പറയുന്നത്**

*"എന്നാൽ സഹോദരന്മാരേ, ആ നാൾ കള്ളൻ എന്നപോലെ നിങ്ങളെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല; നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിന്നുമുള്ളവരല്ല."*

ഈ വാക്യം ഒരു വിശദീകരണം കൂടാതെ തന്നെ മനസ്സിലാക്കാവുന്നതാണ്, കാരണം ദൈവവചനം വ്യക്തവും ലളിതവുമാണ്. അതു പറയുന്നത് വെളിച്ചത്തിൽ നടക്കുന്ന ഒരു വിശ്വാസിയും, കർത്താവിന്റെ വരവിങ്കൽ അനേകർക്കു സംഭവിക്കുന്നതുപോലെ, ആകസ്മികമായി പിടിക്കപ്പെടുകയില്ല എന്നാണ്.

**2 പത്രൊസ് 3:3-7 ലേക്കു നീങ്ങിയാൽ**

*"അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം [4]സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നേ ഇരിക്കുന്നു എന്നു പറഞ്ഞു സ്വന്തമോഹങ്ങളെ അനുസരിച്ചുനടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ*

*അന്ത്യകാലത്തു വരുമെന്നു വിശേഷാൽ അറിഞ്ഞുകൊൾവിൻ.*
*[5]ആകാശവും വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ടു*
*ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും [6]അതിനാൽ അന്നുള്ള*
*ലോകം ജല പ്രളയത്തിൽ മുങ്ങി നശിച്ചു എന്നും [7]ഇപ്പോഴത്തെ*
*ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും*
*ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും*
*സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും*
*അവർ മനസ്സോടെ മറന്നുകളയുന്നു.*

ഇവിടെ പരാമർശിക്കുന്ന "മനസ്സോടെ മറന്നു കളയുന്നവ"രിൽ അനുസരണ മുള്ള വിശ്വാസികൾ ഉൾപ്പെട്ടിട്ടില്ല, മറിച്ച് അത് അഭക്തരെയാണു സൂചിപ്പി ക്കുന്നത്. ജലപ്രളയത്തിന്റെ സമയം ദൈവത്തിൽ നിന്നും ഗ്രഹിച്ച നോഹ - ജലപ്രളയത്തിന് ഏഴു ദിവസം മുമ്പ്, **ഉല്പത്തി 7:4** - പെട്ടെന്നുണ്ടായ ആ ദുരന്തത്തിന്റെ ഭാഗമായില്ല.

ഇനി നമുക്ക് കർത്താവിന്റെ വരവിനെക്കുറിച്ചു പറയുന്ന അവസാന വേദഭാഗത്തേക്കു നോക്കാം

**വെളിപ്പാട് 3:3 ൽ വായിക്കുന്നത് 'ഉണരാതിരിക്കുന്നവർക്ക്' കള്ളനെപ്പോലെ വരും എന്നാണ്**

*ആകയാൽ നീ പ്രാപിക്കയും കേൾക്കയും ചെയ്തതു എങ്ങനെ*
*എന്നു ഓർത്തു അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും*
*ചെയ്ക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും;*
*ഏതു നാഴികെക്കു നിന്റെമേൽ വരും എന്നു നീ അറികയും ഇല്ല.*

ഇനി ദയവായി ആത്മാവിൽ ഈ വാക്യം ശ്രദ്ധാപൂർവ്വം പഠിക്കുക, അതി ലൂടെ ഒരു വലിയ വെളിപ്പാട് കടന്നുവരുന്നതു നിങ്ങൾക്കു കാണാം. ഞാൻ നിങ്ങളെ അതിലൂടെ കൊണ്ടുപോകട്ടെ. ഒന്നാമത് ഓർക്കേണ്ടത് ഒരു വെളി പ്പാട് ലഭിക്കുമ്പോൾ അതു വളരെ ലളിതമായിരിക്കും (ദൈവത്തിന്റെ വിശുദ്ധ വചനംപോലെ അസാധാരണമായും മാർമ്മികമായും) എന്നതാണ്. ഉണരാ തി'രുന്നാൽ' (എങ്കിൽ) എന്ന ആ പദമാണ് സത്യത്തെ പുറത്തുകൊണ്ടുവ രുന്നത്. *നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികെക്കു നിന്റെമേൽ വരും എന്നു നീ അറികയും ഇല്ല'* എന്നാണ് ആ വാക്യം പറയുന്നത്.

വെളിപ്പാട് 3:3 നമുക്കു ലഭിക്കുന്നത് വളരെ ലളിതമായ വ്യാകരണത്തോടും ആധുനിക ശാസ്ത്രമൊന്നും അതിൽ കൂട്ടിച്ചേർക്കാതെയുമാണ്. ഇനി അതിനെ സാധകാത്മകമായി മനസ്സിലാക്കിയാൽ 'ഞാൻ ഉണർന്നിരുന്നാൽ, '................................' നിങ്ങൾക്കുവേണ്ടി അതു പൂരിപ്പിക്കുവാൻ എന്നെ അനു

വദിക്കുക **'അവൻ ഒരു മണവാളനെപ്പോലെ വരും (കള്ളനെപ്പോലെയല്ല) നാഴിക ഞാൻ അറിയുകയും ചെയ്യും'** - നോഹ ജലപ്രളയത്തിന്റെ സമയം അറിഞ്ഞതുപോലെ, **ഉല്പത്തി 7:4.** ശ്രദ്ധിക്കുക! ദയവായി നമുക്കല്പസമയം ചിന്തിക്കാം - ക്രിസ്തു അനുസരണമുള്ളവരായ നമുക്ക് നമ്മുടെ മണവാളനാണ്, അല്ലാതെ കള്ളനല്ല! ശരിയല്ലേ?

**മത്തായി 25:1-11 ലെ പത്തു കന്യകമാരെക്കുറിച്ചുള്ള കർത്താവിന്റെ ഉപമ,** ഈ വിഷയത്തെ കൂടുതൽ മുദ്രയിടുന്നു. ആ 'പ്രാവചനിക ഉപമയിൽ' ബുദ്ധിയുള്ള അഞ്ചു കന്യകമാർക്കുവേണ്ടി അവൻ മണവാളനായിട്ടാണ് വരുന്നത്; അവർ അവനെ കാണുകയും അവൻ അവർക്കുവേണ്ടി വാതിൽ തുറക്കുകയും അവർ അകത്തു കടന്നയുടനെ വാതിൽ അടയ്ക്കുകയും ചെയ്തു.

എന്നാൽ, **കള്ളൻ വരികയും പോകയും ചെയ്യുന്ന നാഴിക ആരും ആറിയുന്നില്ല എന്നതുപോലെ** ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാർക്കുവേണ്ടി അവൻ കള്ളനായിട്ടാണു വന്നത്.

പത്തു കന്യകമാരെക്കുറിച്ചുള്ള ഉപമയിൽ കർത്താവു വളരെ വ്യക്തമായിട്ടാണതു പറഞ്ഞത്. എല്ലാ കന്യകമാരും വിശ്വാസികളായിരുന്നു, എല്ലാവരും അവരെ കാത്തിരുന്നതിലൂടെ അവനോടുള്ള സ്നേഹം പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ ഏക വ്യത്യാസം ചിലർ 'സൽപ്രവൃത്തി'യിലൂടെ (അവരുടെ പാത്രത്തിൽ കരുതിയിരുന്ന എണ്ണ വെളിവാക്കുന്നത്) ഒരുങ്ങിയിരുന്നവരായിരുന്നു; മറ്റുള്ളവരാകട്ടെ അവർക്കുണ്ടായിരുന്നവയുമായി കാത്തിരുന്നു (രക്ഷയുടെ ഉറപ്പിന്മേലുള്ള ധാർഷ്ട്യത്തോടെ).

കർത്താവായ യേശു ആദ്യത്തെ കൂട്ടരെ 'ബുദ്ധിയുള്ളവർ' എന്നും രണ്ടാമത്തെ കൂട്ടരെ 'ബുദ്ധിയില്ലാത്തവർ' എന്നും വിളിച്ചു.

**മത്തായി 25:11-12**

*അതിന്റെശേഷം മറ്റെ കന്യകമാരും വന്നു;*
***കർത്താവേ, കർത്താവേ ഞങ്ങൾക്കു തുറക്കേണമേ***
*എന്നു പറഞ്ഞു. [12]അതിന്നു അവൻ: 'ഞാൻ നിങ്ങളെ അറിയുന്നില്ല*
*എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.'*

*നോഹയുടെ കാലം പോലെ! കർത്താവേ! കർത്താവേ! ഞങ്ങൾക്കും തുറക്കേണമേ!* എന്നു നിലവിളിച്ച ബുദ്ധിയില്ലാത്ത (സഭയിലെ) അഞ്ചു കന്യകമാർ പുറന്തള്ളപ്പെടുകയും അവരുടെ മുമ്പിൽ വാതിൽ കൊട്ടിയടയ്ക്കപ്പെടുകയും ചെയ്തു - **മത്തായി 25:11-12** (ജലപ്രളയം ഉണ്ടായപ്പോൾ അവർ പെട്ടകത്തിന്റെ വാതില്ക്കൽ നിന്നുകൊണ്ട് നോഹേ! നോഹേ! വാതിൽ തുറക്ക്, ഞങ്ങൾ 'ഇപ്പോൾ നിന്നെ വിശ്വസിക്കുന്നു' എന്നു പറഞ്ഞിരിക്കാൻ സാധ്യതയുള്ളതുപോലെ) - എന്നാൽ ഒരിക്കൽ പോലും തുറന്നില്ല!

**അതേ, വാതിൽ അടയ്ക്കപ്പെട്ടു!** അതു നോഹയുടെ കാലത്ത് അനീതിയുള്ള ജനത്തിനു മുമ്പിൽ അടയ്ക്കപ്പെട്ടതുപോലെ ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാരുടെ മുമ്പിലും അടയ്ക്കപ്പെട്ടു.

**ഉല്പത്തി 7:1, 7, 15–16**

*അനന്തരം യഹോവ നോഹയോടു കല്പിച്ചതെന്തെന്നാൽ: നീയും സർവ്വകുടുംബവുമായി പെട്ടകത്തിൽ കടക്ക; ഞാൻ നിന്നെ ഈ തലമുറയിൽ എന്റെ മുമ്പാകെ നീതിമാനായി കണ്ടിരിക്കുന്നു.*
*[7]നോഹയും പുത്രന്മാരും അവന്റെ ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും ജലപ്രളയംനിമിത്തം പെട്ടകത്തിൽ കടന്നു.*
*[15]ജീവശ്വാസമുള്ള സർവ്വജഡത്തിൽ നിന്നും ഈരണ്ടീരണ്ടു നോഹയുടെ അടുക്കൽ വന്നു പെട്ടകത്തിൽ കടന്നു.*
*[16]ദൈവം അവനോടു കല്പിച്ചതുപോലെ അകത്തു കടന്നവ സർവ്വജഡത്തിൽനിന്നും ആണും പെണ്ണുമായി കടന്നു;*
***യഹോവ വാതിൽ അടെച്ചു.***

**മത്തായി 25:10**

*അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യെക്കു ചെന്നു;*
***വാതിൽ അടെക്കയും ചെയ്തു.***

പത്തു കന്യകമാരുടെ ഉപമയിലൂടെ നമ്മുടെ മുമ്പിലും ഒരുനാൾ വാതിൽ അടയ്ക്കപ്പെടുമെന്നു കർത്താവായ യേശു മുന്നറിയിപ്പു നൽകുകയായിരുന്നു. മാത്രമല്ല തന്റെ വരവ് നോഹയുടെ കാലത്തു സംഭവിച്ചതുപോലെ ആയിരിക്കുമെന്നതിന്റെ വ്യക്തമായ സൂചന നൽകുകയുമായിരുന്നു.

**മത്തായി 24:37–39**

*[37]നോഹയുടെ കാലംപോലെ തന്നേ മനുഷ്യപുത്രന്റെ വരവും ആകും.*
*[38]ജലപ്രളയത്തിന്നു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയനാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു കൊടുത്തും പോന്നു; [39]ജലപ്രളയം വന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല;*
***മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും.***

നാം ശ്രദ്ധാലുക്കളല്ലെങ്കിൽ *‘നോഹയുടെ കാലത്തെന്നപോലെ’* നാമും കർത്താവിന്റെ വരവ് അറിയാത്ത സമയത്തു നടക്കും. ഞാനിതു പറയാൻ കാരണം, അനേക വിശ്വാസികളും കർത്താവായ യേശുവിന്റെ വരവിനുമുമ്പ് ചില നാടകീയ സംഭവങ്ങൾ നടക്കുന്നതു കാണാൻ കാത്തിരിക്കുകയാണ്.

എന്നാൽ അങ്ങനെ സംഭവിക്കുകയില്ല! അതങ്ങനെയല്ല സംഭവിക്കാൻ പോകുന്നത്. നിർഭാഗ്യവശാൽ അവർ കാത്തിരിക്കുന്ന നാടകം അരങ്ങേറുമ്പോൾ, നിനയാത്ത നാഴികയിൽ *'കള്ളൻ രാത്രിയിൽ'* വന്നുപോകുന്നതുപോലെ, അവർ താമസിച്ചുപോയിരിക്കും.

**ക്രിസ്തുവിൽ പ്രിയരേ, വഴി 'അത്യന്തം ഇടുക്കമുള്ളതാണ്,' വിശ്വസ്തരായ വളരെക്കുറച്ചു പേർ മാത്രമേ** നിത്യമായ സ്വർഗ്ഗരാജ്യത്തിൽ എത്തുകയുള്ളു - ഇതെന്റെ വാക്കുകളല്ല കർത്താവായ യേശുവിന്റെ വാക്കുകളാണ്.

**ലൂക്കൊസ് 13:14**
***"ഇടുക്കു വാതിലൂടെ***
*കടപ്പാൻ പോരാടുവിൻ.*
*പലരും* ***കടപ്പാൻ നോക്കും***
*കഴികയില്ലതാനും എന്നു*
***ഞാൻ നിങ്ങളോടു പറയുന്നു."***

എന്നിരുന്നാലും പോരാടി അകത്തു കടപ്പാനുള്ള നമ്മുടെ അവസരം ഇതാണ്, പ്രത്യേകിച്ചും അവൻ വാതില്ക്കൽ നിന്നു മുട്ടുന്ന ഈ അവസരത്തിൽ. 'ക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം ശീതോഷ്ണാവസ്ഥയിൽ' ആണെങ്കിൽ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവന്ന് നമ്മുടെ 'യജമാനനും രാജാവും' ആയിരിക്കുന്നതിനായി **ക്രിസ്തുയേശുവിന് പ്രവേശിക്കുന്നതിന് നമ്മുടെ ഹൃദയത്തിന്റെ വാതിൽ തുറക്കുന്നതിനുള്ള** അവസരം ഇതാണ് - **വളരെ താമസിച്ചുപോകയും** ഒടുവിൽ അവൻ നമ്മുടെ മുമ്പിൽ വാതിൽ അടയ്ക്കുകയും ചെയ്യുന്നതിനു മുമ്പായി. കർത്താവ് വെളിപ്പാട് 3:15-22 ൽ ആ പ്രാവചനിക ആഹ്വാനം അന്ത്യകാല സഭയ്ക്ക്, തന്റെ മുഴു ജനത്തിന് നൽകുന്നു.

**അന്ത്യകാലത്ത് സകലരുടെമേലും തിരക്ക് ഒരു കെണിയായി കടന്നുവരും എന്ന് ലൂക്കൊസ് 21 ൽ** കർത്താവ് മുൻകൂട്ടി മുന്നറിയിപ്പു നൽകിയിരിക്കുന്നു.

## നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ സുവർണ്ണ പ്രവചന വാക്കുകൾ

**ലൂക്കൊസ് 21:34-36**
*34"നിങ്ങളുടെ ഹൃദയം* ***അതിഭക്ഷണത്താലും മദ്യപാനത്താലും***
***ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ടു*** *ആ ദിവസം നിങ്ങൾക്കു പെട്ടെന്നു*
*കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ.*
*35അതു സർവ്വഭൂതലത്തിലും വസിക്കുന്ന ഏവർക്കും വരും.*
*36ആകയാൽ ഈ സംഭവിപ്പാനുള്ള*
*എല്ലാറ്റിന്നും* ***ഒഴിഞ്ഞുപോകുവാനും*** *മനുഷ്യപുത്രന്റെ മുമ്പിൽ*

*നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന്നു സദാകാലവും **ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ."***

- നമ്മിൽ അനേകരും ഇന്ന് **അതിഭക്ഷണത്താൽ ഭാരപ്പെട്ടിരിക്കയാണ്.**
- നമ്മിൽ അനേകരും ഇന്ന് **ജീവിത ലഹരിയാൽ ഭാരപ്പെട്ടിരിക്കയാണ്.**
- നമ്മിൽ അനേകരും ഇന്ന് **ഉപജീവന ചിന്തകളാൽ ഭാരപ്പെട്ടിരിക്കയാണ്.**

അനേകരെ സംബന്ധിച്ചും ജീവിതത്തിൽ ഇനിയും അധികം നേടേണ്ടതായിട്ടുണ്ട്; പലരും പറയുന്നത് *'എന്റെ ജീവിതം ആരംഭിച്ചിട്ടേ ഉള്ളു'* എന്നാണ്. ജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്നതിനു മതിയായ നിലയിലുള്ള വ്യതിചലനങ്ങളും ആകർഷണങ്ങളും കൊണ്ട് വളരെയധികം കാര്യങ്ങൾ ലോകം മനുഷ്യന് വാഗ്ദാനം ചെയ്യുന്നു. *"നിങ്ങളുടെ ഹൃദയം **അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തകളാലും ഭാരപ്പെട്ടിട്ടു** ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ"* എന്നു മുന്നറിയിപ്പു നൽകിക്കൊണ്ട് കർത്താവു പറഞ്ഞ പ്രവചന വാക്കുകൾ നിറവേറിക്കഴിഞ്ഞു.

**ലൂക്കൊസ് 21** ൽ കർത്താവ് മറ്റു ചില ശക്തമായ സത്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. അവിടെ കർത്താവു വിവരിക്കുന്ന പ്രവചന വാക്കുകൾ ഇന്നത്തെ സഭയ്ക്ക് കാലിക പ്രാധാന്യമുള്ളതാണ്. അതിനെ നേരിടാനുള്ള ഏക മാർഗ്ഗം **ഉണർന്നിരിക്കുക** എന്നതാണ് – അതായത് ദൈനംദിന ജീവിതത്തിലെ കാര്യങ്ങളിൽ കുടുങ്ങിപ്പോകുന്ന കെണിയിൽ അകപ്പെടാതെ ശ്രദ്ധാലുക്കളായിരിക്കുക. അതോടൊപ്പം – 'അതിൽ കുടുങ്ങിപ്പോകാതിരിക്കാനും' എല്ലാറ്റിൽ നിന്നും ഒഴിഞ്ഞുപോകുവാനും അവന്റെ മഹത്വപ്രത്യക്ഷതയിൽ അവന്റെ മുമ്പിൽ നില്ക്കാൻ പ്രാപ്തരാകേണ്ടതിനും **പ്രാർത്ഥിക്കുക.**

**ലൂക്കൊസ് 21:34-36 ൽ**

*കർത്താവായ യേശു മുന്നറിയിപ്പു നൽകി*

*[34]"നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ടു ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കണിപോലെ വരാതിരിപ്പാൻ **സൂക്ഷിച്ചുകൊൾവിൻ.** [35]അതു സർവ്വഭൂതലത്തിലും വസിക്കുന്ന **ഏവർക്കും വരും.** [36]ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിന്നും **ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ***

***നില്പാനും** നിങ്ങൾ പ്രാപ്തരാകേണ്ടതിന്നു **സദാകാലവും ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ.**"*

- **ഉണർന്നിരിക്കുക** – 1 യോഹന്നാൻ 3:7 പറയുന്നതുപോലെ, എന്റെ ജീവിതം സൂക്ഷിക്കുക, എന്റെ ജീവിതത്തെ കാവൽ ചെയ്യുക, എന്റെ ചിന്തകളെ കാവൽ ചെയ്യുക, നീതി പുലർത്തുക. ആട്ടിൻതോലണിഞ്ഞു വന്ന് ക്രിസ്തുവിനെയും അവന്റെ കല്പനകളെയും തള്ളിക്കളയാൻ അനേകരെ പ്രേരിപ്പിക്കുന്ന ചെന്നായ്ക്കളെ സൂക്ഷിക്കുക. ഞാൻ നിരന്തരമായി ദൈവവചനം വായിക്കുവാനും അതിനനുസരിച്ച് ജീവിക്കുവാനും സൂക്ഷിക്കുക. ഉണർന്നിരിക്കുക എന്നതിന്റെ ഒരു പ്രധാന ഘടകം അവന്റെ ആസന്നമായ വരവിന്റെ 'ലക്ഷണങ്ങൾ' നിറവേറുന്നതിനെ ജാഗ്രതയോടെ നിരീക്ഷിക്കുക എന്നതാണ്.

- **പ്രാർത്ഥിക്കുക** – കർത്താവ് എനിക്കു ദിനംതോറും ശക്തി നൽകുന്നതിനായി പ്രാർത്ഥിക്കുക. എന്റെ ജഡത്തെ ത്യജിക്കുവാനും എന്റെ ഇച്ഛകളെ ത്യജിക്കുവാനും എന്റെ മോഹങ്ങളെ ത്യജിക്കുവാനും എന്റെ ജ്ഞാനത്തെ ത്യജിച്ച് അവന്റെ ഹിതത്തിന്റെ ക്രൂശ് എടുക്കുവാനും, തന്നിൽ നിന്നും പഠിക്കുവാൻ എന്നെ വിളിച്ച (മത്തായി 11:29) ക്രിസ്തുവിന്റെ സൗമ്യതയോടെയും കരുണയോടെയും താഴ്മയോടെയും അവന്റെ വചനത്തിൽ വളരുവാനും.

  'സദാകാലവും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ' എന്നതിനർത്ഥം എല്ലാ സമയത്തും എല്ലാ കാലത്തും, ഇന്നത്തെ വക്രതയും കോട്ടയുമുള്ള ലോകത്ത് അവന്റെ കൃപയും നടത്തിപ്പും തേടിക്കൊണ്ടും, നമ്മുടെ കർത്താവായ യേശുവിന്റെ മുമ്പിൽ നില്ക്കാൻ പ്രാപ്തരാകേണ്ടതിനും.

മുകളിൽ പറഞ്ഞിരിക്കുന്ന കർത്താവായ യേശുവിന്റെ മുന്നറിയിപ്പുകളും കല്പനകളും ഇന്ന് ഞാനും നിങ്ങളും നിറവേറ്റുന്നില്ലെങ്കിൽ – വിശേഷിച്ചും ***സദാകാലവും ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ*** എന്ന കല്പന – ദൈനംദിന കെണികളുടെ ആസക്തികളും ഭാരങ്ങളും ഉപജീവന ചിന്തകളും കൗശലപൂർവ്വം നമ്മെ അടിമപ്പെടുത്തിക്കളയും. കർത്താവേ, കർത്താവേ, ഞങ്ങൾക്കും തുറക്കണമേ എന്നു വിളിച്ചുകൊണ്ട് അടഞ്ഞ വാതിലിനു മുമ്പിൽ നാം മുട്ടിക്കൊണ്ടിരിക്കേണ്ടിവരും! അതിനെക്കുറിച്ചു ചിന്തിക്കുക, ഒരു വിശ്വാസിയെ സംബന്ധിച്ച് അത്യാവശ്യമല്ലെങ്കിൽ ഇത്തരമൊരു മുന്നറിയിപ്പു നൽകാനായി കർത്താവ് തന്റെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുമായിരുന്നോ?

അവന്റെ മടങ്ങിവരവിന്റെ ദിവസം അതിവേഗം ആസന്നമായിക്കൊണ്ടിരി

ക്കുകയാണ്, അത് ഒരു കെണിപോലെ ആകസ്മികമായിരിക്കും - അനേകരെ സംബന്ധിച്ച് കള്ളനെപ്പോലെ. കാരണം കെണി എല്ലാവരുടെമേലും വരും എന്ന് അവിടെ പറയുന്നു - ഭൂലോകത്തിലെ സകലരുടെമേലും, അതായത് എന്റെയും നിങ്ങളുടെയും മേൽ. ക്രിസ്തുവിന്റെ ആ വാക്കുകളെ എത്ര ഗൗരവമായിട്ടാണ് നാം എടുക്കാൻ പോകുന്നത് എന്നതാണ് ചോദ്യം. ജ്ഞാനിയായ ദൈവം ഉപദേശിച്ച രക്ഷാമാർഗ്ഗം - കർത്താവു നമ്മുടെ ആത്മാക്കളെ സംരക്ഷിക്കുന്നതിനായി '**ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിക്കുവാൻ**' - നാം സ്വീകരിക്കാൻ പോകയാണോ? അതോ നാം ഒന്നും കേട്ടിട്ടില്ല അല്ലെങ്കിൽ ക്രിസ്തുവിന്റെ ആ വാക്കുകളെക്കുറിച്ച് നമുക്കറിയില്ല എന്ന മട്ടിൽ നമ്മുടെ തല മണലിൽ പൂഴ്ത്തി ഈ മിന്നുന്ന ലോകത്തിലെ ഓരോ നിമിഷവും ആസ്വദിച്ചുകൊണ്ടിരിക്കുമോ?

കർത്താവായ യേശു **ലൂക്കൊസ് 21**-ാം അധ്യായത്തിൽ വിശ്വാസികളായ നമുക്കുവേണ്ടി അതിമഹത്തായ അന്ത്യകാല പ്രവചനങ്ങളിൽ ഒന്ന് വെളിപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ ഈ അധ്യായത്തിന്റെ അവസാനത്തിൽ, പ്രവചനം സഭയ്ക്ക് എത്രമാത്രം നിർണ്ണായകമായിരിക്കുന്നുവോ **അതിലും എത്രയോ പ്രാധാന്യമുള്ളതാണ് ദൈവിക പ്രവചനങ്ങൾ മനസ്സിലാക്കുന്നതിനെക്കാൾ ഒരുവന്റെ വ്യക്തിപരമായ ഒരുക്കം** എന്നു കർത്താവു നമുക്കു കാണിച്ചുതന്നിരിക്കുന്നു.

# അധ്യായം 4

## ദൈവസന്നിധിയിലെ 'കാത്തിരിപ്പ്' – നിർണ്ണായകവും ആത്മികമായി ബലപ്പെടുത്തുന്നതും!

ബൈബിളിലുടനീളം കാണുന്ന ശ്രേഷ്ഠരായ ദൈവമക്കൾ കർത്തൃസന്നിധിയിൽ കാത്തിരുന്നതിലൂടെ മാത്രമാണ് ശക്തി പ്രാപിച്ചിട്ടുള്ളത്. അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ്, യോസേഫ്, മോശെ, ദാവീദ്, പഴയ നിയമ പ്രവാചകന്മാർ, പൗലൊസ്, യോഹന്നാൻ ആദിയായവർ ദൈവസന്നിധിയിൽ കാത്തിരിക്കുകയും ശാന്തമായിരിക്കുകയും ചെയ്തതിലൂടെ ശക്തിപ്രാപിച്ചവരുടെ ചില ഉദാഹരണങ്ങളാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെ തന്റെ ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പ് ("എന്റെ സമയം പൊയ്ക്കൊണ്ടിരിക്കുകയാണ്" എന്നു പറഞ്ഞ് സ്വർഗ്ഗീയ പിതാവിനെ ചോദ്യം ചെയ്യാതെ) നീണ്ട മുപ്പതു വർഷം ക്ഷമയോടെ കാത്തിരുന്നു.

**ചെറുതും വലുതുമായ തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പ് ദൈവത്തോട് ആലോചന ചോദിക്കുവാനും ദൈവസന്നിധിയിൽ കാത്തിരിക്കുവാനും ഇന്ന് എത്ര പേർക്കു സമയമുണ്ട്?** നിർഭാഗ്യവശാൽ അത് പഴയ ഫാഷനായി മാറിയിരിക്കുന്നു, എങ്കിലും ഈ രംഗത്തെ അവഗണന നമ്മുടെ ആത്മീയ ജീവിതത്തിൽ വലിയ പരാജയത്തിനു കാരണമായിത്തീരുന്നു. ഇനി ദൈവസന്നിധിയിൽ കാത്തിരിക്കുന്ന ചുരുക്കം ചിലരാകട്ടെ മറുപടി ലഭിക്കേണ്ട അവസാന സമയം ദൈവത്തോടറിയിച്ചാണ് കാത്തിരിക്കാറുള്ളത്.

**റോമർ 12:12; 1 കൊരിന്ത്യർ 7:29–31; എഫെസ്യർ 6:18; 1 പത്രൊസ് 1:13; 1 പത്രൊസ് 4:7; 1 പത്രൊസ് 5:8** എന്നീ വേദഭാഗങ്ങളിൽ ഓരോ വിശ്വാസിയെയും ദൈവവചനം പ്രബോധിപ്പിക്കുന്നത് എന്താണ് എന്നു വായിച്ച് ബലപ്പെടുവാൻ നിങ്ങൾക്കു കഴിയും. ഇവയെല്ലാം അനുസരണമുള്ള വിശ്വാസിക്കുള്ള കല്പനകളാണ്. എങ്കിലും എത്രപേർ അത് മനസ്സിലാക്കി അനുസരിക്കുന്നുണ്ട്? അക്കാരണത്താലാണ് *'പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു'* എന്ന് ദൈവവചനം പറഞ്ഞിരിക്കുന്നത്.

മുകളിൽ പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ കൂടാതെ, താഴെപ്പറയുന്ന വാക്യങ്ങളും **ദൈവശബ്ദം കേൾക്കുന്നതിനായി ഞാനും നിങ്ങളും ദൈവസന്നിധിയിൽ കാത്തിരിക്കണമെന്നു** നമ്മെ ഉദ്ബോധിപ്പിക്കുന്ന വചനങ്ങളാണ്.

- ***സദൃശവാക്യങ്ങൾ 8:34*** *[34]ദിവസംപ്രതി എന്റെ പടിവാതില്ക്കൽ ജാഗരിച്ചും എന്റെ വാതില്ക്കട്ടളെക്കൽ **കാത്തുകൊണ്ടും** എന്റെ വാക്കു കേട്ടനുസരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.*
- ***യെശയ്യാവ് 30:15*** *[15]യിസ്രായേലിന്റെ പരിശുദ്ധനായി യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: മനന്തിരിഞ്ഞു **അടങ്ങിയിരുന്നാൽ** നിങ്ങൾ രക്ഷിക്കപ്പെടും. **വിശ്രമിക്കുന്നതിലും** ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം; എങ്കിലും നിങ്ങൾക്കു മനസ്സാകാതെ...*
- ***യെശയ്യാവ് 40:31*** *[31]എങ്കിലും **യഹോവയെ കാത്തിരിക്കുന്നവർ** ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും.*
- ***മത്തായി 11:28–29*** *[28]അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; **ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.** [29]ഞാൻ സൌമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ **നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും.***

ഇന്നു ഞാനും നിങ്ങളും അവന്റെ സമയത്തിനായി കാത്തിരിക്കുവാൻ തയ്യാറാണോ? '**അവൻ തന്റെ സമയത്തു (നമ്മുടെ സമയത്തല്ല)** സകലവും നന്നായി ചെയ്യുന്നു' എന്നു ബൈബിൾ പറയുമ്പോൾ, അവന്റെ സമയത്തിനുവേണ്ടി കാത്തിരിക്കുവാൻ കഴിയാത്തതുകൊണ്ടു മാത്രം നാം ചില സമയത്ത് എല്ലാം കുഴപ്പത്തിലാക്കുകയും ഏറ്റവും മികച്ചതു വേണ്ടെന്നുവയ്ക്കുകയും ചെയ്യാറാണു പതിവ്.

പുതിയ വഴി തിരഞ്ഞെടുക്കേണ്ട ഘട്ടം വരുമ്പോൾ നമ്മുടെ ജ്ഞാനം പ്രയോഗിക്കാതെയും നമ്മുടെ കണ്ണിൽ മെച്ചമെന്നു തോന്നുന്ന കാര്യങ്ങൾക്കായി ശ്രമിക്കാതെയും ഇരിക്കുക. അതാണ് മനുഷ്യനു പറ്റിയ ആദ്യത്തെ ഭോഷത്തമായി ഉല്പത്തി പുസ്തകത്തിൽ നാം വായിക്കുന്നത്.

**ഉല്പത്തി 3:6**

*ആ വൃക്ഷഫലം തിന്മാൻ നല്ലതും **കാണ്മാൻ ഭംഗിയുള്ളതും** ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു ഭർത്താവിന്നും കൊടുത്തു; അവനും തിന്നു.*

**സദൃശവാക്യങ്ങൾ 16:25** പറയുന്നു *'ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നുന്നു. അതിന്റെ അവസാനമോ മരണവഴികൾ അത്രേ.'*

യിസ്രായേൽ തങ്ങളെക്കാൾ ശക്തരായ സൈന്യമാണെന്ന് സമീപത്തുള്ള ഗിബെയോന്യർ മനസ്സിലാക്കിയപ്പോൾ, അവർ കൗശലപൂർവ്വം ഒരു പദ്ധതി തയ്യാറാക്കി തങ്ങളുടെ ചില ആളുകളെ യോശുവയുടെ അടുത്തേക്ക് അയച്ച തായി ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നു. തങ്ങൾ വിദൂരത്തുനിന്നും വന്ന വരാണെന്നു തോന്നിപ്പിക്കുന്നതിനായി കീറിയ വസ്ത്രങ്ങളും കീറിയ ചെരിപ്പും ധരിക്കുകയും പഴകിയ തുരുത്തികൾ കയ്യിലെടുക്കുകയും ചെയ്തു. യോശുവയും യിസ്രായേല്യരും തങ്ങൾ കണ്ട കാര്യങ്ങളിൽ ആശ്രയിച്ച് അവ രുടെ കഥ വിശ്വസിച്ചു.

**യോശുവ 9:14-16** *"[14]അപ്പോൾ യിസ്രായേൽ പുരുഷന്മാർ **യഹോവയോടു ചോദിക്കാതെ** അവരുടെ ഭക്ഷണസാധനം വാങ്ങി ആസ്വദിച്ചു. [15]യോശുവ അവരോടു സഖ്യതയും അവരെ ജീവനോടെ രക്ഷിക്കുമെന്നു ഉടമ്പടിയും ചെയ്തു; സഭയിലെ പ്രഭുക്കന്മാരും അവരോടു സത്യംചെയ്തു. [16]ഉടമ്പടി ചെയ് തിട്ടു മൂന്നു ദിവസം കഴിഞ്ഞശേഷം അവർ സമീപസ്ഥന്മാർ എന്നും തങ്ങളുടെ ഇടയിൽ പാർക്കുന്നവർ എന്നും അവർ കേട്ടു."*

ഉല്പത്തിയിൽ നിന്നും സദൃശവാക്യത്തിൽ നിന്നും യോശുവയിൽ നിന്നു മുള്ള മുകളിൽ കാണുന്ന മൂന്നു വേദഭാഗങ്ങൾ ഞാൻ എടുക്കാൻ കാരണം, **ദൈവമക്കൾ എന്ന നിലയിൽ നാം ചെറുതോ വലുതോ ആയ തീരുമാന ങ്ങൾ എടുക്കുന്നതിനുമുമ്പ് ദൈവസന്നിധിയിൽ ഇരുന്നു ദൈവത്തോട് ആലോചന ചോദിക്കേണ്ടതാണ്** എന്നു കാണിക്കുന്നതിനാണ്. നമ്മുടെ ജോലി തിരഞ്ഞെടുക്കുന്നതോ, ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്നതോ, നമ്മുടെ വീട്, സ്ഥലംമാറ്റം, നമ്മുടെ സഭയിലേക്ക് സന്ദർശക ശുശ്രൂഷക ന്മാരെ ക്ഷണിക്കുന്നത് (അവരുടെ ഉപദേശം മനസ്സിലാക്കാതെ), നമ്മുടെ ശുശ്രൂഷ തിരഞ്ഞെടുക്കുന്നത്, നാം കാണുന്ന ടി.വി.ഷോകൾ, നാം കളി ക്കുന്ന കളികൾ, നാം കേൾക്കുന്ന സംഗീതം, നമ്മുടെ സ്നേഹിതർ എന്നിവ യെല്ലാം ദൈവാലോചപ്രകാരം ആയിരിക്കണം (അല്ലാത്ത പക്ഷം അവയി ലേതും നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ തകർച്ചയിലേക്കുള്ള യാത്രയുടെ ആരംഭമായിത്തീരും).

**കർത്താവിന്റെ സന്നിധിയിൽ കാത്തിരിക്കുക എന്നത് നമ്മുടെ ക്രിസ്തീയ നടപ്പിൽ നിർണ്ണായകമാണ്** (വെല്ലുവിളികൾ നിറഞ്ഞതാണെങ്കിലും). ഇന്ന് അവന്റെ ആളുകളിൽ അനേകരും ദൈവസന്നിധിയിൽ കാത്തിരിക്കുകയും ആലോചന ചോദിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം അറിയാതിരിക്കുന്നതിൽ ദൈവം ദുഃഖിക്കുന്നു.

**യെശയ്യാവ് 40:30–31**

30 *"ബാല്യക്കാർ ക്ഷീണിച്ചു തളർന്നുപോകും; യൌവനക്കാരും ഇടറിവീഴും.*
31 *എങ്കിലും **യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും;** അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും.'*

ദൈവത്തിനു നമ്മിലോരോരുത്തരെക്കുറിച്ചും ഒരു പദ്ധതിയുണ്ടെന്നും അതു നമ്മെ നശിപ്പിക്കാനല്ല, അനുഗ്രഹിക്കാനും ഭാവിക്കുവേണ്ടിയുള്ള പ്രത്യാശ നൽകുവാനുമാണെന്ന് ബൈബിൾ പറയുന്നു. എന്നാൽ നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി നമ്മുടേതുപോലെ ഹ്രസ്വദൃഷ്ടിയുള്ളതല്ല. അവൻ എപ്പോഴും നിത്യതയുടെയും അവന്റെ രാജ്യത്തിന്റെയും അടിസ്ഥാനത്തിലാണതു ചെയ്യുന്നത്.

കർത്താവായ യേശു ഗത്സമന തോട്ടത്തിൽവെച്ച് പിതാവിനോട് ഇപ്രകാരം പറഞ്ഞു എന്നു ചിന്തിക്കുക, *"പിതാവേ, നീ ഒരല്പം നേരത്തെയാണെന്നെനിക്കു തോന്നുന്നു. ഞാൻ കുറെക്കൂടി സമയമെടുത്ത്, ഇപ്പോൾ ഒരു സന്തുലനാവസ്ഥയിലേക്കു വരാൻ തുടങ്ങുന്ന സുവിശേഷീകരണം അലപം കൂടി നടത്തുകയും ശിഷ്യന്മാരെ പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്താലോ എന്നു ചിന്തിക്കുന്നു. ലോകത്തെ അഭിമുഖീകരിക്കുന്ന കാര്യത്തിൽ അവർ ഇപ്പോഴും ശിശുക്കളാണ്. അതുകൊണ്ട് നിന്റെ ഇഷ്ടമല്ല, എന്റെ ഇഷ്ടം നടക്കട്ടെ."* അങ്ങനെ പറഞ്ഞുകൊണ്ട് കർത്താവായ യേശു ക്രൂശിലേക്കു പോയില്ലായിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നു നിങ്ങൾക്കു സങ്കല്പിക്കാമോ? ആദ്യ ആദാമിലൂടെ കടന്നുവന്ന നിത്യമായ മരണം സകല മനുഷ്യരിലും തുടരുമായിരുന്നു. ലോകത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി എന്നെന്നേക്കുമായി അടയപ്പെടുകയും കർത്താവായ യേശു സ്വന്ത ഇഷ്ടം ചെയ്യാതെ പിതാവിന്റെ ഇഷ്ടം ചെയ്തിരുന്നെങ്കിൽ, എന്നു പറഞ്ഞുകൊണ്ട് ഞാനും നിങ്ങളും നിത്യനരകത്തിൽ കിടക്കുകയും ചെയ്യുമായിരുന്നു.

> എന്നിട്ടും, നമ്മുടെ ജീവിതത്തിൽ **അവന്റെ മുന്നിർണ്ണയപ്രകാരമുള്ള 'ഹിതവും പദ്ധതിയും' ചെയ്യുന്നതിൽ പരാജയപ്പെട്ടാലും** ആ ദിവസം കർത്താവിന്റെ മുമ്പിൽ **നാം ധൈര്യത്തോടെ നില്ക്കുമെന്ന് ചിന്തി**

**ക്കാൻ നാം ധൈര്യപ്പെടുന്നു.** "കർത്താവേ! കർത്താവേ! നിന്റെ നാമത്തിൽ ഞാൻ ഇതും അതും ഒക്കെ ചെയ്തു, ആ സമയത്ത് എന്റെ ബുദ്ധിക്കനുസരിച്ച് അതു തികച്ചും ഉചിതമായ കാര്യമാണെന്നു ഞാൻ ചിന്തിച്ചു" എന്നു (പരാജയപ്പെട്ട ശേഷം) ദൈവത്തോട് അപേക്ഷിക്കുവാൻ നാം ശ്രമിക്കും. യഥാർത്ഥമായും ദൈവമായിരുന്ന ക്രിസ്തു ദൈവഹിതം ചെയ്യുന്നതിനായി പോരാടുകയും കഷ്ടപ്പെടുകയും ചെയ്ത് നമുക്ക് മാതൃകയായി പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിൽ തന്നെത്തന്നെ താഴ്ത്തുകയുണ്ടായി.

**യെശയ്യാവ് 30:21 പറയുന്നു**
*'നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ:*
***വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ***
*എന്നൊരു വാക്കു പിറകിൽനിന്നു കേൾക്കും.'*

അപ്പൊസ്തലനായ പൗലൊസ് **റോമർ 8:14** ൽ യെശയ്യാവ് 30:21 നെ അംഗീകരിക്കുന്നു: ***'ദൈവാത്മാവു നടത്തുന്ന*** *ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു.'*

എന്റെയും നിങ്ങളുടെയും ജീവിതം ആത്മാവിനാൽ നടത്തപ്പെടുന്നില്ലെങ്കിൽ, ജീവിതത്തിന്റെ അവസാനം നാം അത്ഭുതപരതന്ത്രരായിത്തീരും - **മത്തായി 7:21-24.**

**ലൂക്കൊസ് 18:8 ൽ**
**കർത്താവ് യുക്തമായി പ്രവചിച്ചിരിക്കുന്നു:**
*വേഗത്തിൽ അവരെ പ്രതിക്രിയ നടത്തി രക്ഷിക്കും എന്നു ഞാൻ*
*നിങ്ങളോടു പറയുന്നു. എന്നാൽ മനുഷ്യപുത്രൻ വരുമ്പോൾ*
***അവൻ ഭൂമിയിൽ***
***വിശ്വാസം കണ്ടെത്തുമോ***
*എന്നു കർത്താവു പറഞ്ഞു.*

**ബൈബിളിനെക്കുറിച്ചുള്ള കേവലം ബുദ്ധിപരമായ അറിവ്** അതിൽതന്നെ **ക്രിസ്തീയ സ്വഭാവം** ഉളവാക്കുകയില്ലെന്ന് അറിയുക.

**2 പത്രൊസ് 1:10** ൽ തിരുവെഴുത്തിൽ നിന്നും പഠിക്കുന്ന കാര്യങ്ങൾ നാം '**പ്രാവർത്തിക**'മാക്കണമെന്നും വാക്യം 11 ൽ *'ഇങ്ങനെ ചെയ്താൽ നിങ്ങൾ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യരാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും'* എന്നും പറയുന്നു. കാരണം യാക്കോബ് 2:14, 17 ൽ പ്രവൃത്തിയില്ലാത്ത (പ്രാവർത്തികമാക്കാത്ത) വിശ്വാസം ചത്തതാണെന്നും വിശ്വാസം മാത്രമാണെങ്കിൽ അതു നമ്മെ രക്ഷിക്കയില്ലെന്നും പറയുന്നു.

ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗം - **മനുഷ്യന്റെ വചനങ്ങളല്ല, ദൈവത്തിന്റെ വചനം ധ്യാനിക്കുക** - ഞാൻ ഉപസംഹരിക്കുമ്പോൾ, സഭാചരിത്രരേഖകളിൽ **ദൈവത്തിന്റെ വചനം പ്രസംഗവേദികളിൽ ചങ്ങലകൊണ്ടു ബന്ധിച്ചു വച്ചിരുന്ന ഒരു കാലഘട്ടത്തെക്കുറിച്ച്** രേഖപ്പെടുത്തിയിട്ടുണ്ട് എന്നു വിശ്വാസികൾ ഓർക്കേണമെന്നു ഞാനാഗ്രഹിക്കുന്നു. ദൈവത്തിന്റെ വചനത്തിന് അതിന്റെ ശരിയായ സ്ഥാനം നൽകിയപ്പോൾ മാത്രമാണ് നവീകരണം പൊട്ടിപ്പുറപ്പെടുകയും ഔപചാരിക മതത്തിന്റെ ചങ്ങലക്കെട്ടിൽ നിന്നും ജനങ്ങൾ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്തത്.

ക്രിസ്തുവിൽ പ്രിയരേ, ഇന്നു കഥ മാറി; ഇന്നു നമുക്കു ദൈവത്തിന്റെ മഹത്തായ വചനം വായിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്.

അതിനാൽ ഈ ഭാഗം ഉപസംഹരിക്കുന്ന സമയത്ത്, ഇന്നു മുതൽ നിങ്ങളുടെ ബൈബിൾ ക്രമീകൃതമായ രീതിയിൽ ഉല്പത്തി മുതൽ വെളിപ്പാടു വരെ (വർഷം തോറും) കർത്താവിന്റെ വരവു വരെയോ അല്ലെങ്കിൽ നിങ്ങൾ കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെടുന്നതുവരെയോ വായിക്കുവാനും ധ്യാനിക്കുവാനും (*രാവും പകലും*) ആരംഭിക്കുന്നതിന് ഞാൻ നിങ്ങളെ പ്രബോധിപ്പിക്കട്ടെ.

ആരോ പറഞ്ഞതുപോലെ, നമ്മുടെ പഴയ പാപപങ്കിലമായ ജഡം ഉയിർത്തെഴുന്നേല്ക്കുന്നതു തടയുവാൻ ദിനംതോറും കുറഞ്ഞത് **ഒരു മണിക്കൂറിലെ** ദൈവവചന ധ്യാനം മതി.

ദൈവത്തോടൊപ്പം ഒരു സമയം സ്ഥാപിക്കുവാൻ നിങ്ങൾക്കു പ്രയാസം നേരിടുന്നുവെങ്കിൽ (തുടക്കക്കാർ) കുറഞ്ഞപക്ഷം അഞ്ചു മിനിറ്റ് ദൈവസന്നിധിയിൽ ചിലവഴിക്കുന്ന വിധത്തിൽ ആരംഭിക്കുകയും അതെങ്ങനെ മുന്നോട്ടു പോകുന്നു എന്നു ശ്രദ്ധിക്കുകയും ചെയ്യുവാൻ ഞാൻ നിർദ്ദേശിക്കുകയാണ്. **ഒട്ടും തന്നെ വായിക്കാതിരിക്കുന്നതിനെക്കാൾ ദിവസവും കുറഞ്ഞത് അഞ്ചു മിനിട്ട് ക്രമീകൃതമായ നിലയിൽ നിങ്ങൾ ദൈവവചനം വായിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു** എന്നാണു ഞാൻ വിശ്വസിക്കുന്നത്.

*ക്രിസ്തുവിന്റെ വചനം*
*സകല ജ്ഞാനത്തോടുംകൂടെ*
*ഐശ്വര്യമായി*
*നിങ്ങളിൽ വസിക്കട്ടെ!*

# ഭാഗം 3

# പരിശോധനകളും കഷ്ടതകളും

## (വിശ്വാസിയുടെ ജീവിതത്തിൽ)

# അധ്യായം 1

‘മശിഹാ’
ആയ കർത്താവായ യേശുവിനെക്കുറിച്ചു പ്രവചിച്ചുകൊണ്ട്
**യെശയ്യാവ് 53:3 പറയുന്നു:**
*[3]അവൻ*
*മനുഷ്യരാൽ*
***നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും***
***വ്യസനപാത്രമായും***
***രോഗം ശീലിച്ചവനായും** ഇരുന്നു;*
*അവനെ കാണുന്നവർ മുഖം മറെച്ചു കളയത്തക്കവണ്ണം അവൻ*
*നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല.*

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ഗുണവിശേഷങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ഒരു സാധാരണ വിശ്വാസിയുടെ മനസ്സിലേക്കു കടന്നുവരുന്ന സാധാരണ കാര്യമെന്താണ്? *സമാധാന പ്രഭു, വീണ്ടെടുപ്പുകാരൻ, നമ്മുടെ പാറ, നമ്മുടെ പരിച, സർവ്വശക്തനായ ദൈവം, നല്ല ഇടയൻ* എന്നീ കാര്യങ്ങൾ. അപൂർവ്വമായി മാത്രമേ ‘**കഷ്ടപ്പെടുന്ന ദാസൻ**’ എന്ന സവിശേഷത നമ്മുടെ മനസ്സിലേക്കു വരാറുള്ളു. മുകളിൽ നാം വായിച്ചതുപോലെ **യെശയ്യാവ് 53:3** ‘കഷ്ടപ്പെടുന്ന ദാസന്റെ’ ചില സവിശേഷതകൾ നമുക്കു കാണിച്ചുതരുന്നു.

‘ക്രിസ്തീയ കഷ്ടതകളും ക്രിസ്തീയ പീഡനങ്ങളും’ എന്ന വിഷയം അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നു മാത്രമല്ല, വിശ്വാസികളാലും ശുശ്രൂഷകന്മാ

രാലും ഒരുപോലെ നിർഭാഗ്യകരമാംവിധം വളച്ചൊടിക്കപ്പെടുകയും ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും തെറ്റായി പ്രതിനിധീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുകയുമാണ്.

ഈ ഗ്രന്ഥത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഈ ഭാഗത്തേക്കു നാം കടക്കുമ്പോൾ നിങ്ങൾ അല്പം നിർത്തി ശ്വാസം ആഞ്ഞുവലിച്ച് ആയാസരഹിതമായിരിക്കുവാൻ ഞാൻ നിർദ്ദേശിക്കുകയാണ്. ബൈബിൾ പറയുന്നു:

*ക്രിസ്തുയേശുവിൽ*
*ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കു*
*എല്ലാം ഉപദ്രവം ഉണ്ടാകും*
**2 തിമൊഥെയൊസ് 3:12**

ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കു എല്ലാം 'ഉപദ്രവം ഉണ്ടായേക്കാം' എന്നല്ല അവിടെ പറയുന്നത്, മറിച്ച് 'ഉപദ്രവം ഉണ്ടാകും' എന്നാണ്.

കർത്താവായ യേശു പറഞ്ഞു:

**മത്തായി 11:29**
*ഞാൻ **സൌമ്യതയും താഴ്മയും***
*ഉള്ളവൻ ആകയാൽ*
*എന്റെ നുകം ഏറ്റുകൊണ്ടു*
*എന്നോടു പഠിപ്പിൻ;*
*എന്നാൽ നിങ്ങളുടെ **ആത്മാക്കൾക്കു***
***ആശ്വാസം** കണ്ടെത്തും.*

കർത്താവായ യേശു *'എന്നോടു പഠിപ്പിൻ'* എന്നു പറഞ്ഞപ്പോൾ അവൻ തന്റെ രണ്ടു ഗുണവിശേഷങ്ങളെക്കുറിച്ചാണു സൂചിപ്പിച്ചതെന്ന് അടുത്തകാലത്താണ് എനിക്കു മനസ്സിലായത്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ ദൈവമായ കർത്താവ് അനുവദിക്കുന്ന എല്ലാ പരിശോധനകളും പ്രധാനമായും **'സൗമ്യതയും താഴ്മയും'** എന്ന ഈ 'രണ്ട് ഗുണവിശേഷങ്ങൾ' അവന്റെ/അവളുടെ ജീവിതത്തിൽ കൊണ്ടുവരുന്നതിനാണെന്ന് ഞാൻ മനസ്സിലാക്കി. അതു ചുരുക്കമായി പറഞ്ഞാൽ, ക്രിസ്തുവിൽ പ്രിയമുള്ളവരേ, ക്രിസ്തുസാദൃശ്യം ഉളവാക്കുക എന്നതാണ്.

സൗമ്യതയിലും താഴ്മയിലും വളരുക എന്നത് ഒരു വിശ്വാസിയുടെ ജീവിതത്തിൽ ദൈവം പ്രഥമ സ്ഥാനം കല്പിക്കുന്ന കാര്യമാണ്, അതിന്റെ അവസാനം ക്രിസ്തു വാഗ്ദത്തം ചെയ്തതുപോലെ നാം ***'നമ്മുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും'*** - അവ നമ്മിൽ കാണപ്പെട്ടാൽ മാത്രം, മത്തായി 11:29.

***നിത്യതയ്ക്കായി വിളിക്കപ്പെട്ട മക്കളേ - 'നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തുക.'*** ഓരോ വിശ്വാസിയെ സംബന്ധിച്ചുമുള്ള ദൈവത്തിന്റെ ഹിതം അവന്റെ/അവളുടെ കല്ലായുള്ള ഹൃദയം മാറ്റി മാംസമായുള്ള ഹൃദയം നൽകുകയും നമ്മെ താഴ്മയുള്ളവരാക്കി ക്രിസ്തുതുല്യരാക്കിത്തീർക്കുക എന്നതുമാണ്.

എബ്രായ ലേഖനം **ക്രിസ്തുവിന്റെ അതിശയകരമായ താഴ്മ** വെളിപ്പെടുത്തുകയും നമ്മുടെ കർത്താവ് എങ്ങനെ അനുസരണം പഠിച്ചുവെന്ന് നമുക്കു കാണിച്ചുതരികയും ചെയ്യുന്നു.

**എബ്രായർ 5:8–9**
*പുത്രൻ എങ്കിലും*
*താൻ അനുഭവിച്ച*
***കഷ്ടങ്ങളാൽ***
***അനുസരണം പഠിച്ചു തികഞ്ഞവനായി***
***തന്നെ അനുസരിക്കുന്ന ഏവർക്കും***
*നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു.*

വീണ്ടും അപ്പൊസ്തലനായ പത്രൊസ് **നമുക്കു മാതൃകയായി ക്രിസ്തു കഷ്ടം അനുഭവിച്ചു** എന്നു പ്രസ്താവിക്കുന്നു

**1 പത്രൊസ് 2:21**
*അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു.*
*ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു,*
*നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ*
***ഒരു മാതൃക വെച്ചേച്ചു** പോയിരിക്കുന്നു.*

ക്രിസ്തുവിൽ പ്രിയമുള്ളവരേ, ഇതിലധികം നമുക്കെന്തു പറയാൻ കഴിയും? അത്രയധികം വ്യക്തവും ലളിതവുമാണ് നാം മുകളിൽ വായിച്ച കാര്യങ്ങൾ. **2 കൊരിന്ത്യർ 13:5** നമ്മെ പ്രബോധിപ്പിക്കുന്നതുപോലെ നാം യഥാർത്ഥമായി ക്രിസ്തുവിൽ ഇരിക്കുന്നുവോ എന്നു നമ്മെത്തന്നെ ശോധന ചെയ്യുവാൻ ഉള്ള സമയമാണിത്. നമ്മുടെ ജീവിതത്തിൽ നമുക്കുവേണ്ടിയുള്ള ദൈവവചനം നാം ശരിയായി മനസ്സിലാക്കിയിട്ടുണ്ടോ എന്നു നമുക്കു പരിശോധിക്കാം.

ഇന്ന് അനേകർ തിരുവെഴുത്തുകളുടെ ശക്തിയെ തെറ്റായി വ്യാഖ്യാനിക്കുകയും അതിനെ **ജഡികവും ഭൗമികവും ആക്കിത്തീർക്കുകയും** ചെയ്യുന്നു. *"പരീശന്മാരുടെയും സദൂക്യരുടെയും പുളിച്ച മാവ് സൂക്ഷിച്ചുകൊൾവിൻ"*

എന്നു കർത്താവായ യേശു പറഞ്ഞപ്പോൾ ശിഷ്യന്മാർ ചിന്തിച്ചതു പോലെയാണവർ ചിന്തിക്കുന്നത്. ആഹാരം പ്രഥമ പരിഗണനയായിരുന്നതിനാൽ, അവർ അപ്പം കൊണ്ടുപോരായ്കയാലാണ് കർത്താവ് അങ്ങനെ പറഞ്ഞത് എന്നവർ ചിന്തിച്ചുപോയി. കർത്താവ് തുടർന്ന് അവരെ ശാസിക്കുകയും അവരുടെ വിശ്വാസം വർദ്ധിപ്പിക്കുവാൻ അവരോടാവശ്യപ്പെടുകയും ചെയ്തു. തന്റെ വചനങ്ങളെ ജഡിക മനസ്സുകൊണ്ട് മനസ്സിലാക്കാതെ, പരീശന്മാരുടെയും സദൂക്യരുടെയും ഉപദേശത്തെ സൂക്ഷിക്കാനാണു താൻ പറഞ്ഞത് എന്നവരെ ബോധ്യപ്പെടുത്തുകയും ചെയ്തു (മത്തായി 16:5–12). **നാം പലപ്പോഴും 'തിരുവചനത്തിന്റെ ശക്തി'യെ നമ്മുടെ ജഡിക വീക്ഷണത്തിൽ തെറ്റായി വ്യാഖ്യാനിക്കുന്നതിനാൽ വിശുദ്ധ തിരുവെഴുത്തുകളെ സംബന്ധിച്ചുള്ള 'ദൈവിക വീക്ഷണ'ത്തിലേക്ക് ഒരു മാതൃകാ മാറ്റം നമുക്കാവശ്യമാണ്.**

മറ്റൊരു ഉദാഹരണം എടുത്താൽ, ആധുനിക ക്രിസ്ത്യാനിത്വത്തിൽ പലപ്പോഴും തിരുവെഴുത്ത് തെറ്റായി വ്യാഖ്യാനിക്കപ്പെടുന്ന ഒരു വിഷയമാണ് 'സൗഖ്യം' എന്നതിന്റെ അർത്ഥം സംബന്ധിച്ചുള്ളത്. ആത്മിക കാര്യത്തിനാണ് ദൈവം പ്രഥമ പരിഗണന നൽകുന്നത് എന്ന കാര്യം അവഗണിച്ചുകൊണ്ട് ശാരീരിക സൗഖ്യത്തിനാണ് ഇന്നു പ്രാധാന്യം നൽകുന്നത്. ഇന്ന് പ്രസിദ്ധരായ അനേക 'പ്രചോദന പ്രസംഗകരും' ആത്മീയ സൗഖ്യത്തെക്കാൾ ശാരീരിക സൗഖ്യത്തിനാണ് ഊന്നൽ നൽകുന്നത്. അതിനെ ആത്മികവൽക്കരിക്കാനവർ ശ്രമിച്ചാലും, അത് നമ്മുടെ ശാരീരിക സൗഖ്യത്തിനും ഭൗതിക ഉന്നമനത്തിനുമാണ് എന്ന സൂചന അവരുടെ വാക്കുകളിൽ തന്നെ ധ്വനിക്കുന്നുണ്ട്. **പാപത്തിൽ നിന്നും സൗഖ്യം പ്രാപിക്കുന്നതിനുള്ള വിശ്വാസത്തെക്കുറിച്ച് നാം എത്രമാത്രം പ്രസംഗം കേൾക്കാറുണ്ട്?**

ബൈബിൾ **ഭൗതികമായതിലും അധികം ആത്മികമാണെന്നും ഭൗമികമായതിലും അധികം നിത്യമാണെന്നും** നാം ഓർക്കേണ്ടതുണ്ട്!

*(അതേ നാം നമ്മുടെ നിത്യമഹത്വത്തിൽ എത്തിച്ചേരുമ്പോൾ അവിടെ ദുഃഖമോ, കരച്ചിലോ, വേദനയോ, രോഗമോ, മരണം പോലുമോ ഉണ്ടായിരിക്കയില്ല. അവിടെ ശാരീരികവും ആത്മികവുമായ അനുഗ്രഹങ്ങൾ അതിന്റെ പരിപൂർണ്ണ അളവിൽ ലഭ്യമായിരിക്കും).*

**2 കൊരിന്ത്യർ 4:16–18 പറയുന്നു:**

*16 അതുകൊണ്ടു ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ*

*നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. [17]നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി **തേജസ്സിന്റെ നിത്യഘനം** ഞങ്ങൾക്കു കിട്ടുവാൻ **ഹേതുവാകുന്നു.** [18]കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; **കാണുന്നതു താല്ക്കാലികം, കാണാത്തതോ നിത്യം.***

ഒരു വിശ്വാസിയുടെ ജീവിതത്തിൽ തേജസ്സിന്റെ നിത്യഘനം പ്രാപിക്കുന്നതിനായി നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം അനുഭവിക്കേണ്ടിവന്നാൽപ്പോലും വിശ്വാസി പാപത്തിനു മരിച്ച് ആത്മികമായി സൗഖ്യം പ്രാപിച്ച് തനിക്കുവേണ്ടി നീതിക്കു ജീവിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം.

അതിന്റെ പൂർണ്ണതയിൽ ഇനിയും മനസ്സിലാക്കിയിട്ടില്ലാത്ത മറ്റൊരു വാക്യമിതാണ്:

**1 പത്രൊസ് 2:24–25**

*[24]നാം പാപം സംബന്ധിച്ചു മരിച്ചു **നീതിക്കു ജീവിക്കേണ്ടതിന്നു** അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ **നിങ്ങൾക്കു സൌഖ്യം വന്നിരിക്കുന്നു.** [25]നിങ്ങൾ തെറ്റി ഉഴലുന്ന ആടുകളെപ്പോലെ ആയിരുന്നു; ഇപ്പോഴോ **നിങ്ങളുടെ ആത്മാക്കളുടെ** ഇടയനും അദ്ധ്യക്ഷനുമായവങ്കലേക്കു മടങ്ങി വന്നിരിക്കുന്നു.*

ഇതിനെക്കുറിച്ചു ചിന്തിക്കുക, ബൈബിൾ പറയുന്നത് **'നാം നീതിക്കു ജീവിക്കേണ്ടതിന്' *'അവന്റെ അടിപ്പിണരുകളാൽ'*** നമ്മെ നമ്മുടെ പാപങ്ങളിൽനിന്നും സൗഖ്യമാക്കുന്നതിനായി അവൻ വന്നു. നമുക്ക് പൂർണ്ണതയുള്ള ഒരു ശരീരം നൽകുന്നതിനല്ല അവൻ വന്നത്. ശരിയല്ലേ?

അക്കാരണത്താലാണ് ദേഹത്തെ കൊന്നിട്ട് അധികമായി ഒന്നും ചെയ്വാൻ കഴിയാത്തവനെ ഭയപ്പെടാതെ ദേഹത്തെയും ദേഹിയെയും നശിപ്പിക്കാൻ കഴിയുന്നവനെ ഭയപ്പെടാൻ കർത്താവായ യേശു പറഞ്ഞ് – **മത്തായി 10:28**.

നാം ഇപ്പോൾ വായിച്ച ചില വാക്യങ്ങൾ നമുക്ക് ശരിയായ കാഴ്ചപ്പാട് നൽകുന്നവയും നമ്മുടെ ജീവിതത്തിലെ വെല്ലുവിളികളെയും പരിശോധനകളെയും നേരിടാൻ നമുക്കു ശക്തി നൽകുന്നവയും കഷ്ടതയെ സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാടിന് ശരിയായ ദിശാബോധം നൽകുന്നവയുമാണ്.

ഇവിടെ അല്പം നിർത്തിയിട്ട്, **'ക്രിസ്തീയ കഷ്ടത' 'ക്രിസ്തീയ പീഡന'ത്തിൽനിന്നും വ്യത്യസ്തമാണെന്ന് നാം മനസ്സിലാക്കണമെന്നു** പറയാൻ ഞാനാഗ്രഹിക്കുന്നു. ആളുകൾ പറയുന്നതോ ചിന്തിക്കുന്നതോ പ്രവർത്തി

ക്കുന്നതോ എന്തെന്നു നോക്കാതെ ദൈവത്തിന്റെ 'വചനത്തിനും ഹിത ത്തിനും' വേണ്ടി വിശ്വാസി നിലകൊള്ളുമ്പോൾ സംഭവിക്കുന്നതാണ് 'ക്രിസ്തീയ പീഡനം.' ക്രിസ്തീയ പരിശോധന - വിശ്വാസി ദൈവത്താൽ പരിശോധിക്കപ്പെടുമ്പോൾ സംഭവിക്കുന്നതാണ്. ആ പരിശോധനയുടെ ഉദ്ദേശ്യം വിശ്വാസിയെ ശുദ്ധീകരിക്കപ്പെട്ടവനും താഴ്മയുള്ളവും ക്രിസ്തു സാദൃശ്യമുള്ളവനുമായി പുറത്തു കൊണ്ടുവരിക എന്നതാണ്.

'ക്രിസ്തീയ കഷ്ടതയ്ക്കും' 'ക്രിസ്തീയ പീഡനത്തിനും' വിശ്വാസിയുടെ ഭാഗത്തുനിന്നും **ജയിക്കുന്നതിനുള്ള ഒരു മനോഭാവം ആവശ്യമാണ്**. ബൈബിൾ അതിനെ **'നല്ലപോർ പൊരുതുക'** എന്നാണ് പറഞ്ഞിരിക്കുന്ന ത്. അനേകരും ജയാളികളാകുന്നതിനു പകരം ഇരകളാകുകയാണു ചെയ്യു ന്നത് എന്നു ദുഃഖത്തോടെ ഞാൻ പറയട്ടെ. വിശ്വാസത്തിൽ പക്വത പ്രാപിച്ച വരും ശക്തരും ആകുന്നതിനു പകരം നാം കൈപ്പുള്ളവരും അധൈര്യമുള്ള വരും ആയിത്തീരുന്നു.

ഈ വിഷയത്തെ പരാമർശിച്ചുകൊണ്ട് (ഒരു ഉപമ പറഞ്ഞുകൊണ്ട്) കർത്താ വായ യേശു പറഞ്ഞത്, ജീവിതത്തിലെ കൊടുങ്കാറ്റും പ്രളയവും നമ്മുടെ വീടിനെതിരെ ആഞ്ഞടിക്കുമെങ്കിലും ക്രിസ്തുവിന്റെ വചനത്തിൽ വേരൂന്നു കയും അതിനനുസൃതമായി പ്രവർത്തിക്കുകയും ചെയ്യുന്ന 'ബുദ്ധിമാൻ' പാറ പോലെ ഉറച്ചുനില്ക്കും എന്നാണ്. നേരെ മറിച്ച് വചനം കേട്ടിട്ട് അതിനനു സരിച്ച് നടക്കുകയോ ദൈവവചനപ്രകാരം ജീവിക്കുകയോ ചെയ്യാത്ത 'ബുദ്ധി കെട്ടവൻ' അത്തരം പരിശോധനകളും കഷ്ടതകളും കടന്നുവരുമ്പോൾ മണലിന്മേൽ പണിത വീടുപോലെ തകർന്നുപോകും - **മത്തായി 7:24-28.**

'കഷ്ടതയും' 'പീഡനവും' വേദനാജനകം ആണെന്നുള്ളതും നാം നമ്മുടെ കർത്താവും ദൈവവുമായവന്റെ സന്നിധിയിൽ വരുമ്പോൾ അതിന്റെ അനി വാര്യ ഘടകമെന്ന നിലയിൽ അതു നമ്മെ തകർച്ചിലേക്കു നയിക്കുമെന്നു ള്ളതും തീർച്ചയാണ്. **സങ്കീർത്തനം 51:17** ൽ കർത്താവു തന്റെ വചനത്തി ലൂടെ പറഞ്ഞിരിക്കുന്നത് **തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ അവൻ നിരസിക്കുകയില്ല** എന്നാണ്.

തകർച്ച മാത്രമേ ഒരു വിശ്വാസിയെ ദൈവസന്നിധിയിൽ സമ്പൂർണ്ണമായി സമർപ്പിക്കുന്ന അവസ്ഥയിലേക്കു നയിക്കുകയുള്ളു എന്നറിയാവുന്ന ദൈവം നമ്മുടെ ജീവിതത്തിൽ തകർച്ച അനുവദിക്കുന്നു. ഇതു നമ്മുടെ ജഡത്തെ നിഗളത്താൽ കഠിനമാകാതെ സൂക്ഷിക്കുന്നു.

നമ്മുടെ ജീവിതത്തിന്മേൽ ദൈവത്തിനുള്ള സർവ്വശക്തമായ പരമാധികാ രത്തെ അംഗീകരിക്കാതെ സാത്താൻ ആണു നമ്മുടെ ജീവിതത്തിൽ കഷ്ട ത കൊണ്ടുവരുന്നതെന്നു പറയാൻ നമ്മിൽ പലരും ധൃതിപ്പെടുന്നവരാണ് എന്നു ദുഃഖത്തോടെ പറയട്ടെ.

പകരം നാം ആദ്യം അവനെ അന്വേഷിക്കുകയും *"നല്ല കർത്താവ് എന്തു കൊണ്ടാണ് ഇത് എന്റെ ജീവിതത്തിൽ അനുവദിച്ചത്"* അല്ലെങ്കിൽ *"എന്റെ ജീവിതത്തിൽ സംഭവിച്ച ഈ പരിശോധനയിലൂടെ, പീഡനത്തിലൂടെ, അല്ലെ ങ്കിൽ പ്രയാസകരമായ അനുഭവത്തിലൂടെ എന്താണവൻ എന്നോടു പറയു വാൻ ശ്രമിക്കുന്നത്" എന്നു ചോദിക്കുകയുമാണു വേണ്ടത്.* കാരണം കർത്താ വിനെ സംബന്ധിച്ച് ഒരു പരിശോധനയോ അല്ലെങ്കിൽ നമ്മുടെ ജഡത്തിലെ ഒരു ശൂലമോ മാറ്റുകയെന്നത് ഒരു നിമിഷം കൊണ്ട് അല്ലെങ്കിൽ ഒരു രാത്രി കൊണ്ടു ചെയ്യാവുന്ന കാര്യമാണ്.

കർത്താവായ യേശു പോലും ദൈവത്താൽ പരിശോധിക്കപ്പെടുവാനായി മരു ഭൂമിയിലേക്കു പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയുണ്ടായി എന്നോർ ക്കുക.

**മത്തായി 4:1 പറയുന്നു**
*അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ*
*യേശുവിനെ ആത്മാവു മരുഭൂമിയിലേക്കു നടത്തി.*

ഇയ്യോബ് ശോധന ചെയ്യപ്പെട്ടപ്പോൾ, പരിശോധിക്കപ്പെടുവാൻ തന്നെ യോഗ്യ നായി എണ്ണിയതിന് നന്ദിപറയുകയാണു ചെയ്തത്:

**ഇയ്യോബ് 7:17–18 ൽ ഇയ്യോബ് പറഞ്ഞു:** *[17]മർത്യനെ നീ*
*ഗണ്യമാക്കേണ്ടതിന്നും അവന്റെമേൽ ദൃഷ്ടിവെക്കേണ്ടതിന്നും*
*[18]അവനെ രാവിലെതോറും സന്ദർശിച്ചു മാത്രതോറും*
*പരീക്ഷിക്കേണ്ടതിന്നും അവൻ എന്തുള്ളു?*

എല്ലാ സന്ദർഭങ്ങളിലും അല്ലെങ്കിലും മിക്ക സന്ദർഭങ്ങളിലും ഒരു വിശ്വാസി യുടെ ജീവിതത്തിൽ ദൈവമാണ് കഷ്ടതകളും പീഡനങ്ങളും അനുവദിക്കു ന്നത്. അത് തന്റെ മക്കളെ ശിക്ഷണമുള്ളവരാക്കുന്നതിനു മാത്രമല്ല (തന്റെ സ്വന്ത മക്കളോട് ഒരു സ്നേഹനിധിയായ പിതാവു ചെയ്യുന്നതുപോലെ) നമ്മുടെ സ്നേഹത്തെയും അനുസരണത്തെയും വിശ്വസ്തതയെയും പരീ ശോധിക്കുന്നതിനും പൊന്നും വെള്ളിയുംപോലെ നമ്മെ ശുദ്ധീകരിക്കുന്ന തിനും വേണ്ടി കൂടിയാണ്. ഇത് എന്റെ ചിന്തയല്ല, ദൈവവചനത്തിൽ നിന്നും നാം മനസ്സിലാക്കുന്നത് അങ്ങനെയാണ്.

**റോമർ 5:3–5 പറയുന്നു**
*[3]അതു തന്നേ അല്ല, കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത*
*സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു*
*[4]നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശെക്കോ ഭംഗം വരുന്നില്ല;*
*[5]ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ*

*നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.*

**ദൈവികമായ കഷ്ടതയും പീഡനങ്ങളും ആത്മീയ ശുദ്ധീകരണത്തിന്റെ ഭാഗമാണ്** എന്ന കാര്യം ഇതിൽ കൂടുതൽ വ്യക്തമാക്കാൻ ബൈബിളിനു കഴികയില്ല. ഇതിനോട് വിയോജിക്കുന്ന ഏതു ബൈബിളാണ് നമ്മിൽ ചിലർ വായിക്കുന്നതെന്ന് (അവർ ബൈബിൾ വായിക്കുന്നുണ്ടെങ്കിൽ) ഞാൻ ചില പ്പോൾ ഗൗരവമായി സംശയിച്ചുപോകാറുണ്ട്.

**1 പത്രൊസ് 4:12-16 പറയുന്നു**

*[12]പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷെക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നുകൂടി എന്നുവെച്ചു അതിശയിച്ചുപോകരുതു. [13]**ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കു ളളവരാകുന്തോറും സന്തോഷിച്ചുകൊൾവിൻ. അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.** [14]ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ; മഹത്വത്തിന്റെ ആത്മാവായ ദൈവാത്മാവു നിങ്ങളുടെമേൽ ആവസിക്കുന്നുവല്ലോ. [16]നിങ്ങളിൽ ആരും കൊലപാതകനോ കള്ളനോ ദുഷ്പ്രവൃത്തിക്കാരനോ ആയിട്ടല്ല കഷ്ടം സഹിക്കേണ്ടതു; പരകാര്യ ത്തിൽ ഇടപെടുന്നവനായിട്ടുമല്ല; **ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടി വന്നാലോ** ലജ്ജിക്കരുതു; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടതു.*

അതുകൊണ്ട് ഞാൻ നിങ്ങളോടു ചോദിക്കട്ടെ, **ഇന്നു നിങ്ങളുടെ നിക്ഷേപം എവിടെയാണ്? അതു ഭൗതികമായതിലാണോ?** (അതിവേഗം കടന്നുപോ കുന്ന ചുറ്റുപാടുമുള്ള വസ്തുക്കളിൽ) അതോ നിത്യമായ വസ്തുക്കളി ലാണോ? നിങ്ങൾ പലപ്പോഴും അവന്റെ ഇഷ്ടമാണോ ചെയ്യുന്നത് അതോ നിങ്ങളുടെ ഇഷ്ടമാണോ?

സ്വർഗ്ഗത്തിലേക്കുള്ള പാത തീർച്ചയായും ഇടുങ്ങിയതാണ്, ചില സമയങ്ങ ളിൽ അത് കെട്ടിയുറപ്പിച്ച കയറിന്മേൽ നടക്കുന്നതുപോലെയായിരിക്കും. എന്നാൽ ചോദ്യമിതാണ് - അത് അതിനു തക്ക പ്രയോജനമുള്ളതാണോ? അതേ, അത് ഓരോ ചുവടും പ്രയോജനകരമാണെന്നു ഞാൻ വിശ്വസിക്കുന്നു - മറുകരയിൽ നാം എത്തുമ്പോൾ.

**1 കൊരിന്ത്യർ 2:9**

*"ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല" എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ.'*

തന്നെ സ്നേഹിക്കുന്നവർക്ക് ദൈവം മഹത്വകരമായ കാര്യങ്ങൾ ഒരുക്കിയിരിക്കുന്നതായി മുകളിൽ കാണുന്ന വാക്യം പറയുന്നു. "തന്നെ സ്നേഹിക്കുന്നവരുടെ" പരീക്ഷയുടെ നിവൃത്തി **യോഹന്നാൻ 14:15** ലാണ്. ശേഷിക്കുന്നവരെ ജാരസന്തതികളെന്ന നിലയിൽ പുറത്തേക്ക് തള്ളിക്കളയും.

നിങ്ങളുടെ അപേക്ഷകൾക്കു മറുപടി നൽകുന്നതിൽ ദൈവം താമസിക്കുന്നു അല്ലെങ്കിൽ നിരസിക്കുന്നു എന്നതിൽ നിങ്ങൾ ഇന്നും നിരാശപ്പെട്ടിരിക്കുന്നുവോ? **ഓർക്കുക, ദൈവം നിങ്ങളുടെ അപേക്ഷ നിരസിച്ചേക്കാം പക്ഷേ അവനിലുള്ള നിങ്ങളുടെ ആശ്രയത്തെ അവൻ ഒരുനാളും നിരാശപ്പെടുത്തുകയില്ല.**

താഴെപ്പറയുന്ന തിരുവചനം നമുക്കു നൽകുന്ന ധൈര്യം ഉൾക്കൊള്ളുക. തന്റെ പരിശോധനകളുടെ നടുവിലും പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നതിനുള്ള അപ്പൊസ്തലനായ പൗലൊസിന്റെ മനോഭാവം ശ്രദ്ധിക്കുക:

**2 കൊരിന്ത്യർ 7:10**

*"ദൈവഹിതപ്രകാരമുള്ള ദുഃഖം*
*അനുതാപം വരാത്ത* ***മാനസാന്തരത്തെ***
***രക്ഷെക്കായി ഉളവാക്കുന്നു;***
*ലോകത്തിന്റെ ദുഃഖമോ*
*മരണത്തെ ഉളവാക്കുന്നു."*

**2 കൊരിന്ത്യർ 12:10 പറയുന്നു**

*[10]അതുകൊണ്ടു ഞാൻ ക്രിസ്തുവിന്നു വേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ടു, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു.*

**2 കൊരിന്ത്യർ 1:3–5, 7**

*[3]മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നല്കുന്ന ദൈവവുമായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ. [4]ദൈവം ഞങ്ങളെ ആശ്വസിപ്പിക്കുന്ന ആശ്വാസംകൊണ്ടു ഞങ്ങൾ യാതൊരു കഷ്ടത്തിലുമുള്ളവരെ ആശ്വസിപ്പിപ്പാൻ ശക്തരാകേണ്ടതിന്നു ഞങ്ങൾക്കുള്ള കഷ്ടത്തിൽ ഒക്കെയും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു. [5]ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നതുപോലെ തന്നേ ക്രിസ്തുവിനാൽ ഞങ്ങളുടെ ആശ്വാസവും പെരുകുന്നു. [7]നിങ്ങൾ കഷ്ടങ്ങൾക്കു കൂട്ടാളികൾ ആകുന്നതു പോലെ ആശ്വാസത്തിന്നും കൂട്ടാളികൾ എന്നറികയാൽ നിങ്ങൾക്കുവേണ്ടി ഞങ്ങളുടെ പ്രത്യാശ ഉറപ്പുള്ളതു തന്നേ.*

ഈ വാകൃങ്ങൾ നമ്മെ ധൈര്യപ്പെടുത്തുകയും ബലമുള്ളവരായി നമ്മെ നില നിർത്തുകയും നാം ആവലോടെ കാത്തിരിക്കുന്ന (നിർഭാഗ്യവശാൽ ഇന്നത്തെ സഭയിൽ അനേകരുടെ മനസ്സിൽ നിന്നും ഈ മനോഭാവം നീങ്ങിപ്പോയിരിക്കുന്നു) നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ മടങ്ങി വരവിൽ ഈ ലോകത്തിലെ കഷ്ടതകൾക്കെല്ലാം അറുതിവരും (ബൈബിൾ പറയുന്നതുപോലെ) എന്ന ചിന്ത നമ്മുടെ മനസ്സിൽ സൂക്ഷിക്കുവാൻ ഇടയാക്കുകയും ചെയ്യട്ടെ.

അപ്പൊസ്തലനായ പൗലൊസ് തന്റെ ശുശ്രൂഷയുടെ അന്ത്യസമയത്ത് **2 തിമൊഥെയൊസ് 4:7** ൽ പറയുന്നത് താൻ പരിശോധനകളുടെ നടുവിൽ നല്ല പോർ പൊരുതിയതിനാൽ നീതിയുടെ കിരീടം തനിക്കുവേണ്ടിയും ക്രിസ്തു യേശുവിന്റെ മടങ്ങിവരവിനായി ആവലോടെ കാത്തിരിക്കുന്ന ഏവർക്കുവേണ്ടിയും വെച്ചിരിക്കുന്നു എന്നാണ്.

**2 തിമൊഥെയൊസ് 4:7–8**

*[7]ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു.*
*[8]ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു;*
*അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല,* ***അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച*** *ഏവർക്കുംകൂടെ.*

നമ്മുടെ മശിഹായുടെ ആസന്നമായ മടങ്ങിവരവിനോടുള്ള **നമ്മുടെ മനോഭാവം** ആണ് ഇപ്പോഴത്തെ കഷ്ടതകളോടുള്ള നമ്മുടെ മനോഭാവം, നമ്മുടെ മുൻഗണനകൾ, നമ്മുടെ ദർശനം എന്നിവ നിശ്ചയിക്കുന്നതും വിശുദ്ധ ജീവിതത്തിനായി നമ്മെ പ്രേരിപ്പിക്കുന്നതും (പ്രത്യാശയോടെയും നിരാശപ്പെടാതെയും).

**എബ്രായർ 12:1–3 പറയുന്നു:**

*[1]ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.*
*[2]വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക;* ***തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും*** *ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു. [3]നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ.*

**2 കൊരിന്ത്യർ 4:7–9 പറയുന്നു**

*എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിന്നു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളതു. ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും* ***ഇടുങ്ങിയിരിക്കുന്നില്ല;*** *ബുദ്ധിമുട്ടുന്നവർ എങ്കിലും* ***നിരാശപ്പെടുന്നില്ല;*** *ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും* ***ഉപേക്ഷിക്കപ്പെടുന്നില്ല;*** *വീണുകിടക്കുന്നവർ എങ്കിലും* ***നശിച്ചുപോകുന്നില്ല***

മുകളിലെ വാക്യത്തിൽ നിന്നും എനിക്കു പഠിക്കാൻ കഴിയുന്നത്, അനുസരണമുള്ള ഒരു വിശ്വാസി കഷ്ടം അനുഭവിക്കുകയും ബുദ്ധിമുട്ടുകയും ഉപദ്രവം അനുഭവിക്കുകയും വീണുകിടക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിലൂടെ കടന്നുപോകേണ്ടിവരും എങ്കിലും അവർ ഇടുങ്ങിയിരിക്കുകയോ, നിരാശപ്പെടുകയോ, ഉപേക്ഷിക്കപ്പെടുകയോ, നശിച്ചുപോകയോ ചേയ്യേണ്ടിവരികയില്ല എന്ന ഉറപ്പ് അവർക്കുണ്ടെന്നുള്ളതാണ്, കാരണം ദൈവം വിശ്വസ്തനാണ്.

ക്രിസ്തുവിൽ പ്രിയരേ, വളരെ ധൈര്യം പകരുന്ന ഒരു വാക്യം ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കട്ടെ:

**സങ്കീർത്തനം 34:17**

*നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു,*
*അവ എല്ലാറ്റിൽനിന്നും*
*യഹോവ അവനെ വിടുവിക്കുന്നു.*

# അധ്യായം 2

## ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പാത്രങ്ങളേ – ക്രൂശെടുക്കുക!

**1 പത്രൊസ് 2:21 പറയുന്നു**

*'അതിന്നായിട്ടല്ലോ **നിങ്ങളെ** വിളിച്ചിരിക്കുന്നതു.*
*ക്രിസ്തുവും **നിങ്ങൾക്കു**വേണ്ടി കഷ്ടം അനുഭവിച്ചു,*
***നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ***
*ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.'*

ഇത്തരത്തിലുള്ള തിരുവെഴുത്തുകളെ നാം അഭിമുഖീകരിക്കുമ്പോൾ, "ഈ തിരുവെഴുത്തുകൾ എനിക്കു ബാധകമല്ല, കാരണം ആ വാകൃത്തിലെ **'നിങ്ങൾ' 'ഞങ്ങൾ'** ഞാനല്ല എന്നാണോ  നാം പറയാറുള്ളത്?

അങ്ങനെയാണു കാര്യങ്ങളെങ്കിൽ നിങ്ങൾ സൂക്ഷിക്കുക, കാരണം ആ  വാക്യത്തിൽ പറയുന്ന 'നിങ്ങളും ഞങ്ങളും' മാത്രമേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയുള്ളു, ബാക്കിയുള്ളവർക്കെല്ലാം ബസ് കിട്ടാതെപോകും. **എന്തുകൊണ്ടാണ് ഞാനിതു പറയുന്നത്?** കാരണം ദൈവവചനത്തിന് താഴെ പറയുന്ന കാര്യത്തിൽ ഒരു വിലപേശലുമില്ല എന്നതുതന്നെ.

**1 യോഹന്നാൻ 5:3**

*അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ*
*ദൈവത്തോടുള്ള സ്നേഹം;*
*അവന്റെ കല്പനകൾ*
*ഭാരമുള്ളവയല്ല.*

**അതേ, തിരഞ്ഞെടുക്കപ്പെട്ട പാത്രങ്ങളേ–ക്രൂശ് എടുക്കുക, അത് ഭാരമുള്ളതല്ല!**

**പ്രവൃത്തികൾ 14:22 പറയുന്നു**

*"വിശ്വാസത്തിൽ നിലനില്ക്കേണം എന്നും*
***അനേകം കഷ്ടങ്ങളിൽകൂടി***

*ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു*
*എന്നും പ്രബോധിപ്പിച്ചു ശിഷ്യന്മാരുടെ മനസ്സു ഉറപ്പിച്ചുപോന്നു."*

കല്ലെറിയപ്പെടുകയും പട്ടണത്തിനു പുറത്തേക്കു വലിച്ചിഴയ്ക്കപ്പെടുകയും ചെയ്തിട്ടും അപ്പൊസ്തലനായ പൗലൊസിന്റെ വിശ്വാസം നോക്കുക (പ്രവൃത്തികൾ 14:19-21): വിശ്വാസത്തിൽ ക്ഷീണിക്കാതെ, വിശ്വാസത്തിൽ നിലനില്ക്കുവാൻ അവൻ വിശ്വാസികളെ ധൈര്യപ്പെടുത്തുകയും ശക്തീകരിക്കുകയും ചെയ്തു. അത് അത്ഭുതാവഹമല്ലേ?

അനേകം കഷ്ടങ്ങളിൽകൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്ന് അപ്പൊസ്തലനായ പൗലൊസ് വിശ്വാസികളെ ധൈര്യപ്പെടുത്തിയതുപോലെയുള്ള ഒരു സന്ദേശം ഇന്നു നാം വല്ലപ്പോഴുമെങ്കിലും കേൾക്കാറുണ്ടോ? അമ്പതു വർഷങ്ങൾക്കു മുമ്പുണ്ടായിരിക്കാം, പക്ഷേ ഇന്ന് .....?

**1 കൊരിന്ത്യർ 11:32 ൽ ബൈബിൾ പറയുന്നു**
*വിധിക്കപ്പെടുന്നു എങ്കിലോ*
***നാം ലോകത്തോടുകൂടെ ശിക്ഷാവിധിയിൽ***
***അകപ്പെടാതിരിക്കേണ്ടതിന്നു*** *കർത്താവു*
*നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു.*

നാം പരിശോധനകളിലൂടെ കടന്നുപോകയും കാര്യങ്ങൾ നമുക്കു കഠിനമായി തീരുകയും ചെയ്യുമ്പോൾ നാം ഒന്നാമത് നമ്മെത്തന്നെ ശോധന ചെയ്ത് രണ്ടു കാര്യങ്ങൾ പരമാധികാരിയായ ദൈവത്തോടു ചേദിക്കേണ്ടതാണ്:

1. കർത്താവേ, എന്നെ നീ ശിക്ഷിക്കത്തക്കവണ്ണം എന്തെങ്കിലും പാപങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ടോ?
2. ഈ പരിശോധന എന്റെ വിശ്വാസത്തിന്റെ അളവുകോൽ ഒരല്പം കൂടി ഉയർത്തിവയ്ക്കുന്നതിനും നിന്റെ സാദൃശ്യത്തോട് ഏകീഭവിക്കുന്നതിനായി എന്നെത്തന്നെ താഴ്ത്തുന്നതിനും ആണോ?

ദാവീദ് രാജാവ് കൂടെക്കൂടെ ദൈവസന്നിധിയിൽ തന്റെ ഹൃദയം തുറക്കുമായിരുന്നു - ദൈവത്തിൽനിന്നും തന്നെ മറച്ചുവയ്ക്കാതെയും തനിക്കും നിത്യതയ്ക്കും മധ്യേ മറ്റൊന്നും കടന്നുവരാൻ അനുവദിക്കാതെയും:

**സങ്കീർത്തനം 139:23-24**
23 *ദൈവമേ, എന്നെ ശോധന ചെയ്തു എന്റെ ഹൃദയത്തെ അറിയേണമേ;*
*എന്നെ പരീക്ഷിച്ചു എന്റെ നിനവുകളെ അറിയേണമേ.*
24 *വ്യസനത്തിന്നുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി,*
***ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ.***

ദാവീദിന്റെ ജീവിതത്തിൽ പട്ടികയിലെ പ്രഥമ സ്ഥാനം **നിത്യരാജ്യ**ത്തിനായിരുന്നു, എന്തു വിലകൊടുത്തും അതു നഷ്ടമാകാതിരിക്കാൻ അവൻ ശ്രമിച്ചു. യിസ്രായേലിന്റെ ജീവിതത്തിലൂടെ ധാരാളം പാഠങ്ങൾ അവനു പഠിക്കുവാൻ കഴിയുമായിരുന്നു, ഒരു കാരണവശാലും അതിനെ അപകടപ്പെടുത്തുവാൻ അവൻ തുനിഞ്ഞില്ല. ആളുകൾ തന്നെക്കുറിച്ച് എന്തുപറയുന്നു എന്നതിലും പ്രാധാന്യം ദൈവം തന്നെക്കുറിച്ച് എന്തു പറയുന്നു എന്നതിനാണെന്ന് അവനറിഞ്ഞിരുന്നു.

തന്റെ നിത്യമായ രാജ്യത്തെക്കുറിച്ച് ഇന്നു നിങ്ങളുടെ മനോഭാവം എന്താണ്? യഥാർത്ഥത്തിൽ പുതിയ നിയമം രക്ഷിക്കപ്പെട്ട വിശ്വാസികൾക്കു മുന്നറിയിപ്പു നൽകുന്നത് (ഏശാവിന്റെ ഉദാഹരണത്തിലൂടെ) അവരുടെ രക്ഷയെ നിസ്സാരമായി കാണരുതെന്നാണ്. എബ്രായ ലേഖനത്തിൽ നാം വായിക്കുന്നതുപോലെ അവർക്ക് അവരുടെ ജന്മാവകാശമായി നിത്യരക്ഷ നൽകപ്പെട്ടിരിക്കുകയാണ്.

**എബ്രായർ 12:14–17:**

*14എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ*
*ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ*
*കാണുകയില്ല. 15ആരും ദൈവകൃപ വിട്ടു പിന്മാറുകയും വല്ല കൈപ്പുള്ള*
*വേരും മുളെച്ചു കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും*
*17ആരും ദുർന്നടപ്പുകാരനോ, ഒരു ഊണിനു ജ്യേഷ്ഠാവകാശം വിറ്റു*
*കളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും*
*ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ. 17അവൻ പിന്നത്തേതിൽ അനുഗ്രഹം*
*ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടു കൂടെ അപേക്ഷിച്ചിട്ടും തള്ളപ്പെട്ടു*
*മാനസാന്തരത്തിന്നു ഇട കണ്ടില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ.*

കർത്താവായ യേശു തന്റെ 'ശിഷ്യത്വപദവി' അടിച്ചേല്പിക്കുന്നില്ല, മറിച്ച് തിരഞ്ഞെടുക്കുന്നതിന് ആളുകൾക്കു മാനദണ്ഡം നിശ്ചയിച്ചിരിക്കുകയാണ്. അവൻ ഒരിക്കലും ക്രൂശ് നമ്മുടെ തോളിൽ വയ്ക്കുന്നില്ല മറിച്ച് അനുസരണമുള്ളവരും വിശ്വസ്തരുമായ ദാസന്മാർ 'തങ്ങളുടെ ക്രൂശ് എടുക്കുമെന്നു' പ്രതീക്ഷിക്കുകയാണു ചെയ്യുന്നത്.

**ലൂക്കൊസ് 9:23**

*പിന്നെ അവൻ എല്ലാവരോടും പറഞ്ഞതു:*
***"എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ***
*അവൻ തന്നെത്താൻ നിഷേധിച്ചു **നാൾതോറും തന്റെ ക്രൂശ്***
***എടുത്തുംകൊണ്ടു** എന്നെ അനുഗമിക്കട്ടെ."*

കർത്താവ് തുടർന്നു പറഞ്ഞത്, തങ്ങൾ യഥാർത്ഥ അനുയായികളും അനുസരണമുള്ള വിശ്വാസികളും ആണെന്ന് അവകാശപ്പെടുന്നവർ അവൻ അവ

രുടെ ജീവിതത്തിൽ തന്റെ **നിത്യമായ ഉദ്ദേശ്യങ്ങൾ** നടപ്പിൽവരുത്തുമ്പോൾ **തങ്ങളുടെ ജീവനെ ഉപേക്ഷിച്ച് അത് അവന്റെ കൈകളിൽ വിട്ടുകൊടുക്കണം** എന്നാണ് (നേരെ മറിച്ച് അതിനു വിപരീതമായ കാര്യം ചെയ്യുന്നതിലാണു നമുക്കു മിടുക്ക്, അതായത് ഇരുകൈകൾകൊണ്ടും ജീവനെ മുറുകെ പിടിക്കുന്നതിൽ)**.**

**ലൂക്കൊസ് 9:24–25**
*ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ*
***അതിനെ കളയും;***
*എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ*
***അതിനെ രക്ഷിക്കും.***
*ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടു തന്നെത്താൻ നഷ്ടമാക്കിക്കളകയോ ചേതം വരുത്തുകയോ ചെയ്താൽ അവന്നു എന്തു പ്രയോജനം?*

സത്യവാനും വിശ്വസ്തനുമായ ഓരോ വിശ്വാസിയുടെമേലുമുള്ള, വിലപേശലിന് അവസരമില്ലാത്ത, കർത്താവായ യേശുവിന്റെ വിളി **ലൂക്കൊസ് 9:24–25** ലെപ്പോലെയാണ്:

- **"*അവൻ തന്നെത്താൻ നിഷേധിക്കട്ടെ*" –** തന്നെത്താൻ നിഷേധിക്കാൻ മനസ്സില്ലാത്ത ഒരുവനും യഥാർത്ഥമായും നിയമപരമായും യേശുക്രിസ്തുവിന്റെ ശിഷ്യനും അനുഗാമിയും ആണെന്നവകാശപ്പെടാൻ കഴികയില്ല.
- **"*തന്റെ ക്രൂശ് എടുത്ത്*" –** സ്വയ നിഷേധത്തിന്റെ പരിധിയെ – ആവശ്യമെങ്കിൽ മരണത്തോളമുള്ള – ആണ് ഇതു കാണിക്കുന്നത്. സമർപ്പണമുള്ള ഒരു അനുഗാമി കർത്താവിനോടുള്ള സ്നേഹം നിമിത്തം തനിക്കുവേണ്ടി ഒന്നും പിടിച്ചുവയ്ക്കാൻ ആഗ്രഹമില്ലാത്തവിധം സമർപ്പണമുള്ളവനായിരിക്കണം എന്നാണിതിനർത്ഥം.
- **"*ജീവനെ കളഞ്ഞാൽ ... അതിനെ രക്ഷിക്കും*" –** മുഖവിലയ്ക്ക് ഇതെടുക്കുമ്പോൾ വൈരുദ്ധ്യമുള്ളതല്ലെങ്കിലും ആശയക്കുഴപ്പമുണ്ടാക്കുന്നതാണ്; എങ്കിലും ഇത് നമ്മുടെ കർത്താവിൽ നിന്നുള്ള ഒരു സുപ്രധാന മുന്നറിയിപ്പാണ്. സുഖത്തിന്റയും ചുറ്റുമുള്ള ലോകത്തിൽ നിന്നുള്ള അംഗീകാരത്തിന്റെയും ജീവിതം അന്വേഷിക്കുന്നവർ നിത്യജീവൻ നഷ്ടപ്പെടുമെന്ന അപകടത്തിലാണ്. നേരെമറിച്ച്, ക്രിസ്തുയേശുവിനും സുവിശേഷത്തിനുംവേണ്ടി ജീവിതം നഷ്ടപ്പെടുത്താൻ മനസ്സുള്ളവർ തങ്ങൾക്ക് നിത്യജീവനെ കണ്ടെത്തും (ലൂക്കൊസ് 6:22–26; 2 തിമൊഥെയൊസ് 3:12; 1 യോഹന്നാൻ 3:13).

ഇന്നു ലോകത്തിന്റെ അവസ്ഥ എന്താണ്? ലോകം ധനത്തിന്റെയും അധികാരത്തിന്റെയും പിന്നാലെ ഓടുകയാണ്, എന്നാൽ വിശ്വാസികളും അവരെ നോക്കിക്കൊണ്ട് അവരുടെ കാൽച്ചുവടുകളെ പിന്തുടരുന്നു എന്നതാണ് ഖേദകരം.

ജാതികൾ തങ്ങളുടെ സമ്പത്ത് ആസ്വദിക്കുന്നതും പാപജീവിതം നയിക്കുന്നതും അവരുടെ ജീവിതത്തിൽ എല്ലാം നന്നായി പരിണമിക്കുന്നതും അവർ കാണുന്നു. എന്നാൽ ഒരിക്കലും തീകെടാത്തതും പുഴു ചാകാത്തതുമായ സ്ഥലത്തേക്ക് അവർ വലിച്ചെറിയപ്പെടുമെന്ന് അറിയാവുന്ന നീതിമാനായ ദൈവം ജാതികളെ അവരുടെ വഴികളിൽ നടക്കുന്നതിന് അനുവദിച്ചിരിക്കുകയാണ്. നമുക്കുള്ള ഏറ്റവും മികച്ച ഉദാഹരണം കർത്താവു പറഞ്ഞ ധനവാന്റെയും ലാസറിന്റെയും ഉപമയാണ്.

അത്രയും വിലകൊടുത്ത് ധനവും പേരും സമ്പാദിക്കുവാൻ വിശ്വാസികളായ ഞാനും നിങ്ങളും ഒരുക്കമാണോ? ധനത്തോടുള്ള നമ്മുടെ സ്നേഹം ദൈവത്തോടുള്ള സ്നേഹത്തെക്കാൾ വലുതാണോ എന്നതാണ് യഥാർത്ഥ ചോദ്യം. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമെന്നാണ് വചനം പറയുന്നത്. എല്ലാ യഥാർത്ഥ വിശ്വാസികളും തങ്ങളുടെ 'നിത്യരാജ്യ'ത്തെ കണ്ട് അതിനെ മുറുകെ പിടിക്കണമെന്നാണ് വയലിൽ നിധി കണ്ടിട്ട് തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങിയ മനുഷ്യന്റെ ഉപമയിലൂടെ കർത്താവായ യേശു ആഗ്രഹിക്കുന്നത്.

അധികം താമസിയാതെ, സെഫന്യാപ്രവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന **സെഫന്യാവിന്റെ പ്രവചന**ത്തിന്റെയും **വെളിപ്പാടു പുസ്തക**ത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കർത്താവായ യേശുവിന്റെ പ്രവചനത്തിന്റെയും നിവൃത്തി **ലോകം കാണുവാൻ പോകയാണ്.**

**സെഫന്യാവ് 1:7,12-18**

*7യഹോവയായ കർത്താവിന്റെ സന്നിധിയിൽ മിണ്ടാതിരിക്ക; **യഹോവയുടെ ദിവസം അടുത്തിരിക്കുന്നു**; യഹോവ ഒരു യാഗസദ്യ ഒരുക്കി താൻ ക്ഷണിച്ചവരെ വിശുദ്ധീകരിച്ചുമിരിക്കുന്നു.*
*12ആ കാലത്തു ഞാൻ യെരൂശലേമിനെ വിളക്കു കത്തിച്ചു ശോധന കഴിക്കയും **മട്ടിന്മേൽ ഉറെച്ചു കിടന്നു: യഹോവ ഗുണമോ ദോഷമോ ചെയ്കയില്ല** എന്നു ഹൃദയത്തിൽ പറയുന്ന പുരുഷന്മാരെ സന്ദർശിക്കയും ചെയ്യും. 13അങ്ങനെ അവരുടെ സമ്പത്തു കവർച്ചയും അവരുടെ വീടുകൾ ശൂന്യവും ആയ്തീരും; അവർ **വീടു***

*__പണിയും__, പാർക്കയില്ലതാനും; അവർ __മുന്തിരിത്തോട്ടം ഉണ്ടാക്കും__ വീഞ്ഞു കുടിക്കയില്ലതാനും.*
*[14]യഹോവയുടെ മഹാ ദിവസം അടുത്തിരിക്കുന്നു; അതു അടുത്തു അത്യന്തം ബദ്ധപ്പെട്ടുവരുന്നു; കേട്ടോ, യഹോവയുടെ ദിവസം! വീരൻ അവിടെ കഠിനമായി നിലവിളിക്കുന്നു.*

*[15]__ആ ദിവസം ക്രോധദിവസം,__ കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവും ഉള്ള ദിവസം, __മേഘവും മൂടലും__ ഉള്ള ദിവസം,*
*[16]ഉറപ്പുള്ള പട്ടണങ്ങൾക്കും ഉയരമുള്ള കൊത്തളങ്ങൾക്കും വിരോധമായി __കാഹളനാദവും ആരവവും__ ഉള്ള ദിവസം തന്നേ.*
*[17]മനുഷ്യർ കുരുടന്മാരെപ്പോലെ നടക്കത്തക്കവണ്ണം ഞാൻ അവർക്കു കഷ്ടത വരുത്തും; അവർ യഹോവയോടു പാപം ചെയ്തുവല്ലോ; അവരുടെ രക്തം പൊടിപോലെയും അവരുടെ മാംസം കാഷ്ഠംപോലെയും ചൊരിയും.*
*[18]യഹോവയുടെ ക്രോധദിവസത്തിൽ അവരുടെ __വെള്ളിക്കും പൊന്നിന്നും__ അവരെ രക്ഷിപ്പാൻ കഴികയില്ല; സർവ്വഭൂമിയും അവന്റെ തീക്ഷ്ണതാഗ്നിക്കു ഇരയായ്തീരും; സകലഭൂവാസികൾക്കും അവൻ ശീഘ്രസംഹാരം വരുത്തും.*

**സെഫന്യാവ് 2:3**

*യഹോവയുടെ ന്യായം പ്രവർത്തിക്കുന്നവരായി ഭൂമിയിലെ സകല സൌമ്യന്മാരുമായുള്ളോരേ, അവനെ അന്വേഷിപ്പിൻ; __നീതി അന്വേഷിപ്പിൻ; സൌമ്യത അന്വേഷിപ്പിൻ;__ പക്ഷേ നിങ്ങൾക്കു യഹോവയുടെ കോപദിവസത്തിൽ മറഞ്ഞിരിക്കാം.*

ഇതിനെപ്പറ്റി ചിന്തിക്കുക, സർവ്വലോകത്തിന്റെയും ഉടയവനായ കർത്താവായ യേശു താണിറങ്ങിവന്ന് ഒരു സാധാരണ മനുഷ്യനായി, ചില സമയത്ത് തല ചായ്പാൻ ഇടമില്ലാതെയും വയലിലൂടെ കടന്നുപോയപ്പോൾ വിശന്നിട്ട് കതിർ പറിച്ച് തിന്നുകയും ചെയ്തു ജീവിച്ചെങ്കിൽ, നാം യഥാർത്ഥമായി ആരെയാണ് അനുഗമിക്കുന്നതെന്ന് പരിശോധിക്കേണ്ട സമയമായിരിക്കുന്നു. ഇവിടെ രേഖപ്പെടുത്തിയിരിക്കുന്ന വചനങ്ങളെ വളച്ചൊടിക്കുവാൻ നമുക്കു കഴികയില്ല:

**1 യോഹന്നാൻ 2:15-17 പറയുന്നു**

*[15]ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുതു. __ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല.__*
*[17]ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽനിന്നത്രേ*

*ആകുന്നു. [17]ലോകവും അതിന്റെ മോഹവും ഒഴിഞ്ഞു പോകുന്നു;*
***ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു.***

നമുക്കുണ്ടായിരിക്കേണമെന്ന് കർത്താവായ യേശു തന്റെ ഉപമയിലൂടെ പറഞ്ഞ അതേ മനോഭാവം നമുക്കുണ്ടോ:

**മത്തായി 13:44**

*സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവെച്ച **നിധിയോടു സദൃശം.** അതു ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു, തന്റെ **സന്തോഷത്താൽ** ചെന്നു തനിക്കുള്ളതൊക്കെയും വിറ്റു ആ വയൽ വാങ്ങി.*

ക്രിസ്തു ഇന്ന്, ഇപ്പോൾ, നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമായിത്തീരണം. നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ഗോൾ പോസ്റ്റ് എവിടെയാണെന്ന് നാം പലപ്പോഴും മറന്നുപോകുന്നു. **മത്തായി 6:33** ൽ എല്ലാ വിശ്വാസികളും ചെയ്യ ണമെന്നു കർത്താവു കല്പിച്ച 'മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ' എന്നതാകുന്നു അത്. *'മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു ലഭിക്കും.'*

അതിനു പകരം വിശ്വാസികളായ നാം ആ കല്പനയെ അവഗണിച്ച്, ജാതികൾ ഓടുന്ന അതേ കാര്യങ്ങളുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കുന്നു (**മത്തായി 6:32** *'ഈവക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്നു അറിയുന്നുവല്ലോ.'*).

നിർഭാഗ്യവശാൽ ഇന്ന് അനേക വിശ്വാസികളും തങ്ങളുടെ ഭാവി സുരക്ഷിതമാക്കുവാൻ തങ്ങളാൽ കഴിയുംവിധം പരിശ്രമിക്കുകയും ദൈവത്തിന്റെ രാജ്യം പണിയുന്നതിനു പകരം തങ്ങളുടെ രാജ്യം പണിയുവാൻ എന്തു വില കൊടുത്തും ശ്രമിക്കുകയും ചെയ്യുന്നു. ജനത്തെ അനുഗ്രഹിക്കുന്നതിന് ദൈവം എതിരല്ല; എന്നെ തെറ്റിദ്ധരിക്കരുത്. മുടിയനായ പുത്രന്റെ പിതാവ് വലിയ ധനികനായ മനുഷ്യനായിരുന്നു, **എന്നാൽ** മുടിയനായ പുത്രനെപ്പോലെ നമുക്കുവേണ്ടി മാത്രമായി ധനവും സുഖങ്ങളും നേടിയെടുക്കുക എന്നത് **നമ്മുടെ മുദ്രാവാക്യവും ലക്ഷ്യവും ആയിത്തീരുന്നു എങ്കിൽ** നാം ക്രിസ്തീയ ജീവിതത്തെ കീഴ്മേൽ മറിഞ്ഞ അവസ്ഥയിലാണ് കാണുന്നത്. ബൈബിൾ നമുക്ക് ഇപ്രകാരം മുന്നറിയിപ്പു നൽകുന്നു:

**യാക്കോബ് 5:1-3, 5**

*അല്ലയോ ധനവാന്മാരേ, നിങ്ങളുടെ മേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ. [2]നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പു പുഴുവരിച്ചും പോയി. [3]നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു; ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും; അതു തീപോലെ നിങ്ങളുടെ ജഡത്തെ*

*തിന്നുകളയും. **അന്ത്യകാലത്തു നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു.** 5**നിങ്ങൾ ഭൂമിയിൽ ആഡംബരത്തോടെ സുഖിച്ചു പുളെച്ചു** കൊലദിവസത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയത്തെ പോഷിപ്പിച്ചിരിക്കുന്നു.*

മുടിയൻ പുത്രൻ ദൈവകൃപയുടെ മികച്ച ഉദാഹരണമാണ്. മുടിയനായ പുത്രനെക്കുറിച്ചുള്ള യേശുക്രിസ്തുവിന്റെ ഉപമയുടെ ചിത്രം നിങ്ങളുടെ മനസ്സിൽ നിങ്ങൾ കാണുമ്പോൾ, അത്യന്തം അനുതാപമുള്ള ഒരു ആത്മാവിനെയാണോ നിങ്ങൾ കാണുന്നത് അതോ, എന്റെ പപ്പാ, ഡാഡി എന്നോടു ക്ഷമിച്ചു കഴിഞ്ഞു എന്നു പറഞ്ഞ് മാനസാന്തരമില്ലാത്തതും ഏറ്റുപറയാത്തതുമായ പാപങ്ങളിൽ പിന്നെയും തുടർന്ന് പഴയ വഴികളിൽ പിന്നെയും സഞ്ചരിക്കുന്ന ധാർഷ്ട്യമുള്ള ഒരു ആത്മാവിനെയാണോ? ഉത്തരം **അല്ല** എന്നാണ്. മുടിയനായ പുത്രൻ ഒരിക്കലും പഴയ വഴികളിലേക്കു വഴുതിപ്പോകുന്നത് നമുക്കു സങ്കല്പിക്കാൻ കഴികയില്ല. **മുടിയനായ പുത്രൻ ഒരിക്കൽ ഇരുട്ടിൽ നടന്നു** പക്ഷേ അവനു ബോധം വന്നപ്പോൾ, അവൻ പിന്നീടുള്ള തന്റെ ജീവിതകാലം മുഴുവനും **ദിനംതോറും** (എല്ലാ നിലയിലും) തന്റെ പിതാവിന് ഹിതകരമായത് എന്ത് എന്നന്വേഷിച്ചുകൊണ്ട് ജീവിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു.

**എഫെസ്യർ 5:8-10 പറയുന്നു**

*8മുമ്പെ നിങ്ങൾ ഇരുളായിരുന്നു;*
*ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു.*
*9കർത്താവിന്നു പ്രസാദമായതു എന്തെന്നു പരിശോധിച്ചുകൊണ്ടു*
***വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ.***
*10സകല സല്ഗുണവും നീതിയും*
*സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം.*

തങ്ങളുടെ ജീവിതത്തിലെ ദൈവഹിതം ഉപേക്ഷിച്ചുകൊണ്ട് ലോകസുഖങ്ങളുടെ പിന്നാലെ ഓടുന്നവരെ ശാസിച്ചുകൊണ്ട് ഹഗ്ഗായി പ്രവാചകൻ പറയുന്നു:

**ഹഗ്ഗായി 1:3-5**

*3ഹഗ്ഗായി പ്രവാചകൻമുഖാന്തരം യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ: 4ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്കു തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ? 5ആകയാൽ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: **നിങ്ങളുടെ വഴികളെ വിചാരിച്ചുനോക്കുവിൻ.***

നാം മാനസാന്തരപ്പെടുകയും വിശുദ്ധിയും നീതിയുമുള്ള ഒരു ജീവിതത്തിനുവേണ്ടി ദൈവം നമ്മെ വിളിക്കുന്നു എന്നു മനസ്സിലാക്കുകയും ചെയ്യുമോ

എന്നു നോക്കിക്കൊണ്ട് ദൈവത്തിന്റെ പിതൃഹൃദയം സകല ലോകത്തിനും വേണ്ടി ഇരുകൈകളും നീട്ടി നില്ക്കുന്നു. ദൈവം തന്റെ സ്നേഹത്തിൽ, സാഹചര്യങ്ങളിലൂടെയും സന്ദർഭങ്ങളിലൂടെയും മുടിയൻ പുത്രനെപ്പോലെ നമ്മെ മാനസാന്തരത്തിലേക്കു നയിക്കുന്നു.

രൂപാന്തരപ്പെട്ട ജീവിതത്തിനും ശേഷിക്കുന്ന കാലം നാം ചെയ്യുന്ന എല്ലാ ക്കാര്യത്തിലും ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ടു ജീവിക്കുന്നതിനും നമ്മെ സഹായിക്കാൻ തക്കവണ്ണം ശക്തമാണ് ദൈവത്തിന്റെ കൃപ. എഫെസ്യർ 5:9 പറയുന്നതുപോലെ "*കർത്താവിനു പ്രസാദമായതു എന്തെന്നു പരിശോ ധിച്ചുകൊണ്ട്.*"

കർത്താവായ യേശു ആ വിധത്തിൽ ജീവിച്ചു -

**യോഹന്നാൻ 8:29**

*"എന്നെ അയച്ചവൻ എന്നോടുകൂടെ ഉണ്ട്;*
***ഞാൻ എല്ലായ്പോഴും അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട്***
*അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നു പറഞ്ഞു."*

അപ്പൊസ്തലനായ പൗലൊസ് ആ വിധത്തിൽ ജീവിച്ചു -

**ഗലാത്യർ 1:10**

*ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നതു?*
*അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ?*
*ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു*
*എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല.*

ഒടുവിലായി, അനുസരണമുള്ള സകല വിശ്വാസികളും ആ വിധത്തിൽ ജീവിക്കണമെന്നു ബൈബിൾ അനുശാസിക്കുന്നു:

**2 കൊരിന്ത്യർ 5:9**

*അതുകൊണ്ടു ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും*
***ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ***
*ആകുവാൻ അഭിമാനിക്കുന്നു.*

**1 പത്രൊസ് 1:14-17**

*[14]പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ [15]നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. [16]"ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നു എഴുതിയിരിക്കുന്നുവല്ലോ. [17]മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃ ത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവു എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ.*

# അധ്യായം 3

## അഗ്നിസ്നാനം യഥാർത്ഥത്തിൽ എന്താണ് അർത്ഥമാക്കുന്നത്?

'അഗ്നിസ്നാന'ത്തെ സംബന്ധിച്ച് പൊതുവായ ചില തെറ്റായ ധാരണയോ തെറ്റായ വ്യാഖ്യാനമോ നിലവിലുണ്ട്.

യോഹന്നാൻ സ്നാപകൻ യേശു മശിഹായെക്കുറിച്ച് തന്റെ ശിഷ്യന്മാരോട് **മത്തായി 3:11** ൽ **ഇപ്രകാരം പറഞ്ഞു:**
*ഞാൻ നിങ്ങളെ മാനസാന്തരത്തിന്നായി വെള്ളത്തിൽ സ്നാനം ഏ ല്പിക്കുന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനോ എന്നെക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പു ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ* ***പരിശുദ്ധാത്മാവിലും തീയിലും*** *സ്നാനം ഏല്പിക്കും.*

അങ്ങനെയെങ്കിൽ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കുക എന്നാലെന്താണ്? 'അഗ്നിസ്നാനം' അന്യഭാഷയിൽ സംസാരിക്കുന്നതിനെക്കുറിച്ചാണെന്നു ചിലർ ചിന്തിക്കുന്നു. എന്നാൽ നിർഭാഗ്യവശാൽ (സർവ്വ ബഹുമാനത്തോടും കൂടി പറയട്ടെ) അത് ദൈവവചനത്തെ സംബന്ധിച്ചുള്ള തെറ്റായ ധാരണയാണ് എന്ന് താഴെപ്പറയുന്ന വേദഭാഗങ്ങളിൽ നിന്നും നിങ്ങൾക്കു മനസ്സിലാകും.

എന്നാൽ കൂടുതൽ എന്തെങ്കിലും പറയുന്നതിനു മുമ്പ് ചില കാര്യങ്ങൾക്കു വ്യക്തത വരുത്തുവാൻ ഞാനാഗ്രഹിക്കുന്നു:

1. അന്യാഭാഷാ വരം ഒരു വിശ്വാസിയുടെ ജീവിതത്തിലുള്ള പരിശുദ്ധാത്മാവിന്റെ വരങ്ങളിലൊന്നാണ് എന്നും ബൈബിളിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാണെന്നും ഉള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല (**1 കൊരിന്ത്യർ 12:4–11**).
2. രണ്ടാമതായി (ഞാൻ മുമ്പു പറഞ്ഞതുപോലെ) ദൈവിക ദാനങ്ങൾ മനുഷ്യന് വിതരണം ചെയ്യുന്നതിനോ മനുഷ്യനാൽ നേടിയെടുക്കുന്നതിനോ സാധ്യമല്ല, വചനം വിശദീകരിക്കുന്നതുപോലെ അത് ദൈവ

ത്തിന്റെ 'ദാന'മാണ്. അവൻ തനിക്ക് ഇഷ്ടമുള്ളവർക്ക് നൽകുന്നതാണ് (**1 കൊരിന്ത്യർ 12:28-29**).

3. മൂന്നാമതായി എല്ലാ വിശ്വാസികളും അന്യഭാഷകളിൽ സംസാരിക്കണമെന്നില്ല എന്ന കാര്യവും ബൈബിൾ വ്യക്തമായി പറയുന്നു (**1 കൊരിന്ത്യർ 12:30**). അത് ഒരു കാരണവശാലും ഒരുവൻ അപരനെക്കാൾ ആത്മിക ഔന്നത്യമുള്ളവനാണ് എന്നതിന്റെ തെളിവല്ല (**1 കൊരിന്ത്യർ 12:31**).

4. ഒടുവിലായി ഒരു വരവും ആത്യന്തികമായി ഒരുവന്റെ രക്ഷയെ ഉറപ്പാക്കുന്നില്ല (**മത്തായി 7:21-23**). മറിച്ച് മുന്തിരിയിൽ വസിക്കുന്നതിന് നമുക്ക് ആത്മാവിന്റെ ഫലം ആവശ്യമാണ്, അതാണ് ഒരു വിശ്വാസിയുടെ ജീവിതത്തിലെ പരമപ്രധാനമായ കാര്യം (**1 കൊരിന്ത്യർ 13:1-13**).

'അഗ്നിസ്നാന'ത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ കർത്താവ് ഇത് ഒരിക്കലും അന്യഭാഷാഭാഷണമാണെന്നു പറഞ്ഞിട്ടില്ല. 'സ്നാനം,' 'അഗ്നി' എന്നീ വാക്കുകൾ പരാമർശിക്കുന്ന താഴെക്കൊടുത്തിരിക്കുന്ന മൂന്നു വേദഭാഗങ്ങൾ നിങ്ങൾ വായിക്കുമ്പോൾ നിരവധി ആശയക്കുഴപ്പങ്ങൾ അത് ഇല്ലാതാക്കും.

**മർക്കൊസ് 9:49** ൽ
കർത്താവായ യേശു പറഞ്ഞു
*"എല്ലാവനും **തീകൊണ്ട് ഉപ്പിടും,***
*എല്ലാ യാഗവും ഉപ്പുകൊണ്ടു രുചിവരുത്തും"*
(ന്യൂ കിംഗ് ജെയിംസ് ബൈബിൾ)

**മർക്കൊസ് 10:38-39**
*യേശു അവരോടു: നിങ്ങൾ യാചിക്കുന്നതു ഇന്നതു എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിക്കുന്ന പാനപാത്രം കുടിപ്പാനും **ഞാൻ ഏല്ക്കുന്ന സ്നാനം ഏല്പാനും നിങ്ങൾക്കു കഴിയുമോ** എന്നു ചോദിച്ചതിന്നു കഴിയും എന്നു അവർ പറഞ്ഞു. യേശു അവരോടു: **ഞാൻ കുടിക്കുന്ന പാനപാത്രം നിങ്ങൾ കുടിക്കയും ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കയും ചെയ്യും** നിശ്ചയം.*

**ലൂക്കൊസ് 12:49-50**
*[49]ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു; അതു ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു എന്നല്ലാതെ ഞാൻ മറ്റെന്തു ഇച്ഛിക്കേണ്ടു? [50]**എങ്കിലും എനിക്കു ഒരു സ്നാനം ഏല്പാൻ ഉണ്ടു;** അതു കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു.*

ദൈവമായ കർത്താവിനുവേണ്ടിയുള്ള തന്റെ കഷ്ടതയുടെ പങ്കാളിത്തത്തിന്റെ അടുത്ത തലത്തെക്കുറിച്ചാണ് ക്രിസ്തു 'തീ' എന്നു പരാമർശിച്ചിരിക്കുന്നത്.

കർത്താവായ യേശു പരാമർശിക്കുന്ന 'പാനപാത്രം' ക്രൂശ് അല്ലാതെ മറ്റൊന്നുമല്ല. അവന്റെ വചനത്തോടു വിശ്വസ്തത പുലർത്തുന്ന എല്ലാ ശിഷ്യന്മാരും പിന്നീട് തങ്ങളുടെ നിലയിൽ ക്രൂശിന്റെ കഷ്ടത രുചിച്ചറിയേണ്ടതുണ്ട്.

**ഫിലിപ്പിയർ 1:29** ലെ വചനം ഉദ്ധരിച്ചുകൊണ്ട്
ഞാൻ ഈ ഭാഗം അവസാനിപ്പിക്കട്ടെ:
*ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല*
***അവന്നു വേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ***
*നിങ്ങൾക്കു വരം നല്കിയിരിക്കുന്നു.*

# ഭാഗം 4

# ബുദ്ധിയില്ലാത്ത കന്യകമാർ

## അധ്യായം 1

## മതപരമായ ക്രിസ്ത്യാനികളും വിശ്വസ്ത ക്രിസ്ത്യാനികളും

ക്രിസ്തുവിൽ പ്രിയമുള്ളവരേ, (ഉപസംഹാരത്തിനു മുമ്പുള്ള) ഈ 'നാലാമത്തെയും അവസാനത്തെയും ഭാഗം' ഞാനാരംഭിക്കുന്നതിനുമുമ്പ് **ഇവിടെ അല്പസമയം നിർത്തി**, ആ ഗ്രന്ഥം ഏകപക്ഷീയമായ ഒന്നാണെന്നും വിവിധ മുന്നറിയിപ്പുകളെക്കുറിച്ചും ദൈവമായ കർത്താവിന്റെ വിശുദ്ധ വചനങ്ങൾ (കല്പനകളും നിയമങ്ങളും) അനുസരിക്കാതിരുന്നാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും മാത്രം പറയുകയും ബൈബിളിൽ നിറയെ കാണുന്ന അനുഗ്രഹങ്ങളെക്കുറിച്ച് ഇതിൽ ഒന്നും പറയാതിരിക്കുകയും ചെയ്യുന്നു എന്നും നിങ്ങളിൽ ചിലർക്കു തോന്നുന്നുവെങ്കിൽ മൂന്നു കാരണങ്ങളാലാണ് അതെന്നു **പറയുവാൻ** ഞാനാഗ്രഹിക്കുന്നു:

- ഒന്നാമത്, കർത്താവായ യേശു തന്റെ അനുഗ്രഹങ്ങളെക്കുറിച്ചു (പാപികളായ നമുക്കുവേണ്ടിയുള്ള അവന്റെ മരണത്തിലും പുനരുത്ഥാനത്തിലും അതു തെളിയിക്കപ്പെട്ടിരിക്കുന്നു) പഠിപ്പിക്കുവാൻ നമ്മോടു കല്പിച്ചിട്ടില്ല, മറിച്ച് തന്റെ കല്പനകൾ **അനുസരിക്കുവാൻ പഠിപ്പിക്കാനാണ്** മത്തായി 28:20 ൽ പറഞ്ഞിരിക്കുന്നത് *'ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട്.'* കാരണം നിങ്ങൾ അനുസരിക്കുമ്പോൾ അനുഗ്രഹം സ്വാഭാവികമായി

ലഭിക്കുന്നതാണ് (ചില പുതിയ പഠിപ്പിക്കലുകൾ പറയുന്നതുപോലെ നിങ്ങൾ അത് അവകാശമാക്കാതിരുന്നാൽ നിങ്ങൾക്കതു നഷ്ടപ്പെടുകയില്ല). അതിനെക്കുറിച്ച് വീണ്ടും ചിന്തിക്കുമ്പോൾ, **ഒരു അനുഗ്രഹത്തെക്കുറിച്ച് നിങ്ങൾക്കറിവില്ല എന്ന കാരണത്താൽ ദൈവം അതു നിങ്ങൾക്കു നൽകാതിരിക്കുമോ?** ബൈബിളിൽ അവൻ നൽകിയിരിക്കുന്ന കല്പനകളാണ് മറ്റെന്തിനെക്കാളുമുപരി ഞാനും നിങ്ങളും അറിഞ്ഞിരിക്കേണ്ട കാര്യം, അവയെ അനുസരിച്ചാൽ **വെളിപ്പാട് 2:26** ൽ കർത്താവായ യേശു സഭയോടു പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ നിത്യതയെ അതു നിർണ്ണയിക്കും. അനുഗ്രഹങ്ങളെ മാത്രം ലക്ഷ്യം വയ്ക്കുന്നത് കുതിരയ്ക്കു മുമ്പിൽ വണ്ടിയെ കെട്ടുന്നതുപോലെയാണ്.

- രണ്ടാമത്, ബൈബിളിൽ വിവരിച്ചിരിക്കുന്ന അസംഖ്യം **ദൈവിക അനുഗ്രഹങ്ങളെ**ക്കുറിച്ച് വിശ്വാസികളായ നമ്മെ പഠിപ്പിക്കേണ്ട കാര്യമില്ല. ബൈബിളിലെ അനുഗ്രഹങ്ങൾ അവകാശമാക്കുന്ന കാര്യത്തിൽ നാം മിടുക്കരാണ് എങ്കിലും ആ അനുഗ്രഹങ്ങളും വാഗ്ദത്തങ്ങളും പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കാൻ നമുക്കിഷ്ടമില്ല.

- ഒടുവിലായി, ഞാൻ മുമ്പു പറഞ്ഞതുപോലെ മർക്കൊസ് 1:15 ലെ **കർത്താവിന്റെ പ്രാവചനിക വാക്കുകളുടെ നിവൃത്തിയുടെ കാലത്താണ് നാം ആയിരിക്കുന്നത്** (അന്ത്യകാലത്തെക്കുറിച്ച് പഴയ നിയമ പ്രവാചകന്മാരും കർത്താവായ യേശുവും പറഞ്ഞ കാര്യങ്ങൾ ഒത്തുവന്നുകൊണ്ട് ദൈവരാജ്യം സമീപിച്ചിരിക്കുകയാണ്): *'കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ.'* ആ വാക്കുകൾ അന്ത്യകാലത്തെ സംബന്ധിച്ചുള്ള കർത്താവായ യേശുവിന്റെ പ്രവചന വാക്കുകളാണ് എന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ വിശ്വാസികളും **'ബുദ്ധിയുള്ള കന്യക'**മാരെപ്പോലെ അര കെട്ടിയും തങ്ങളുടെ വസ്ത്രം വെടിപ്പാക്കിയും കൊണ്ടു തങ്ങളുടെ മണവാളനും യജമാനനുമായ ക്രിസ്തുയേശുവിന്റെ വരവിനായി ഒരുങ്ങിയിരിക്കുന്നതിനുള്ള ആഹ്വാനമാണത് – വെളിപ്പാട് 3:1–6.

'പത്ത് കന്യകമാരെ'ക്കുറിച്ചുള്ള ഉപമയിൽ അഞ്ചുപേർ 'ബുദ്ധിയുള്ളവരും' അഞ്ചു പേർ 'ബുദ്ധിയില്ലാത്തവരും' ആണെന്ന് കർത്താവ് പറഞ്ഞിരിക്കുന്നു:

**മത്തായി 25:1–2, 8–12**

*സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്കു എടുത്തുംകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം ആകും. [2]**അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു.***
*[8]എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോടു: ഞങ്ങളുടെ വിളക്കു കെട്ടുപോകുന്നതുകൊണ്ടു നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു*

*തരുവിൻ എന്നു പറഞ്ഞു. [9]ബുദ്ധിയുള്ളവർ: ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വില്ക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ എന്നു ഉത്തരം പറഞ്ഞു. [10]അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു; **ഒരുങ്ങിയിരുന്നവർ** അവനോടുകൂടെ കല്യാണസദ്യെക്കു **ചെന്നു;** വാതിൽ അടെക്കയും ചെയ്തു. [11]അതിന്റെശേഷം മറ്റെ കന്യകമാരും വന്നു; **കർത്താവേ, കർത്താവേ ഞങ്ങൾക്കു തുറക്കേണമേ** എന്നു പറഞ്ഞു. [12]അതിന്നു അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.*

അവന്റെ സഭയിൽ തന്നെ 'ബുദ്ധിയുള്ളവരും' 'ബുദ്ധിയില്ലാത്തവരും' ഉണ്ടെന്നാണോ കർത്താവായ യേശു പറഞ്ഞിരിക്കുന്നത്? **കൂടുതൽ വായിക്കുക!**

കർത്താവായ യേശു മറ്റൊരു ഉപമയിൽ ആരാണ് 'ബുദ്ധിമാനെ'പ്പോലെയും ആരാണ് 'ബുദ്ധികെട്ടവനെ'പ്പോലെയും ഉള്ളവർ എന്നു വിവരിച്ചിരിക്കുന്നു:

**മത്തായി 7:24, 26**

*[24]"ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത **ബുദ്ധിയുള്ള മനുഷ്യനോടു** തുല്യനാകുന്നു."*

*[26]"എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത **ബുദ്ധികെട്ട മനുഷ്യനോടു തുല്യനാകുന്നു.**"*

എന്താണ് ഈ ഉപമകളിലൂടെ നമ്മുടെ കർത്താവായ യേശു നമുക്കു മുന്നറിയിപ്പു നൽകുന്നത്? കർത്താവിന്റെ വചനവും കല്പനകളും അറിയുകയും എന്നാൽ അവ അനുസരിക്കാതിരിക്കുകയും ചെയ്യുന്ന ഏവരും വളരെ ബുദ്ധികെട്ടവരായിരിക്കുകയും അവരുടെ മുമ്പിൽ നിത്യതയിലേക്കുള്ള വാതിൽ കൊട്ടിയടയ്ക്കപ്പെടുകയും ചെയ്യും എന്നുള്ളത് വളരെ വ്യക്തമായ കാര്യമല്ലേ?

കർത്താവായ യേശു പറഞ്ഞതുപോലെ ***'എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുകയും എന്നെ അനുഗമിക്കുകയും ഞാൻ അവയെ അറികയും ചെയ്യുന്നു.'***

നമ്മിൽ ചിലർക്ക് വളരെ നല്ല വിശ്വാസികളായിരിക്കാനും അതേസമയം വളരെ മോശം അനുഗാമികൾ/ശിഷ്യന്മാർ ആയിരിക്കാനും കഴിയും. മത്തായി 28:19ൽ കർത്താവായ യേശുവിന്റെ കല്പന '*ആകയാൽ പോയി ശിഷ്യരാക്കുവിൻ*' എന്നാണ്. വിശ്വാസികളെ ഉണ്ടാക്കുവാനല്ല ശിഷ്യരാക്കുവാനാണ് കല്പന. നിർഭാഗ്യവശാൽ ഇന്ന് സഭയിൽ **ശിഷ്യന്മാരെക്കാളധികം വിശ്വാസികളാ**

**ണുള്ളത്.** എന്തുകൊണ്ട്? ലൂക്കൊസ് 9:23 ൽ യഥാർത്ഥ ശിഷ്യന്മാർക്കു പറഞ്ഞിരിക്കുന്ന യോഗ്യതകൾ നമ്മിൽ എത്രപേർ ഇന്നു പാലിക്കുന്നുണ്ട്?

**ലൂക്കൊസ് 9:23**

*പിന്നെ അവൻ എല്ലാവരോടും പറഞ്ഞതു: "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ടു എന്നെ അനുഗമിക്കട്ടെ."*

**ഇതു ചിന്തിക്കുക!** താഴെപ്പറയുന്ന തിരുവചനം കർത്താവു പറഞ്ഞപ്പോൾ കേഴ്‌വിക്കാർ ആരൊക്കെയായിരുന്നു എന്നാണു നിങ്ങൾ ചിന്തിക്കുന്നത്?

**ലൂക്കൊസ് 13:24-25**

*"ഇടുക്കു വാതിലൂടെ കടപ്പാൻ പോരാടുവിൻ. പലരും കടപ്പാൻ നോക്കും കഴികയില്ലതാനും എന്നു ഞാൻ നിങ്ങളോടു പറയുന്നു. വീട്ടുടയവൻ എഴുന്നേറ്റു കതകു അടെച്ചശേഷം നിങ്ങൾ പുറത്തുനിന്നു: 'കർത്താവേ, തുറന്നു തരേണമേ' എന്നു പറഞ്ഞുകൊണ്ടു കതകിന്നു മുട്ടിത്തുടങ്ങുമ്പോൾ: 'നിങ്ങൾ എവിടെനിന്നു എന്നു ഞാൻ അറിയുന്നില്ല,' എന്നു അവൻ ഉത്തരം പറയും.*

തീർച്ചയായും കർത്താവായ യേശു ഈ വാക്കുകൾ ഒരു വിശ്വാസിയോടാണു പറഞ്ഞിരിക്കുന്നത് - *'കടപ്പാൻ പോരാടുവിൻ.' 'പോരാടുക,' 'വിജയിക്കുക,' 'നല്ല പോർ പൊരുതുക,' 'പിശാചിനോട് എതിർത്തു നില്പിൻ,' 'വിശ്വാസത്തിൽ ഉറച്ചുനില്പിൻ'* തുടങ്ങി ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ എല്ലാം **അനുസരണവും ബുദ്ധിയുമുള്ള വിശ്വാസിയോടാണു പറഞ്ഞിരിക്കുന്നത്.**

കർത്താവായ യേശുവിന്റെ അടുക്കൽ വന്ന 'ധനികനായ യുവാവ്' നമ്മിൽ പലർക്കും ഇല്ലാത്ത അതിശയകരമായ ചില ഗുണഗണങ്ങൾ ഉള്ളവനായിരുന്നു എന്ന കാര്യം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്.

കൂടാതെ, നിത്യജീവൻ അന്വേഷിക്കാനുള്ള ആഗ്രഹവും അവനുണ്ടായിരുന്നു. ഏതൊരു വ്യക്തിപരമായ ആവശ്യത്തെക്കാളുമുപരി, ഏറ്റവും പ്രധാനപ്പെട്ട ചോദ്യവുമായിട്ടാണ് അവൻ കർത്താവായ യേശുവിന്റെ അടുക്കൽ വന്നത്, ***"നല്ല ഗുരോ നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തുചെയ്യേണം?"*** (മർക്കൊസ് 10:17). അവന് ധാരാളം സമ്പത്തുണ്ടായിരുന്നു എന്നിട്ടും നിത്യമായ കാര്യങ്ങളെക്കുറിച്ച് ആഗ്രഹിക്കുവാനും ചോദിക്കുവാനും മനസ്സുണ്ടായിരുന്നു (നമുക്ക് ആ മനോഭാവവും മുൻഗണനയും ഉണ്ടോ?). രണ്ടാമതായി, അവൻ ന്യായപ്രമാണത്തിലെ ഏതാണ്ട് എല്ലാ കല്പനകളും പാലിച്ചിരുന്നു (മർക്കൊസ് 10:19-20). നമ്മളോ? മർക്കൊസ് 10:21 ൽ നാം വായിക്കുന്നത് കർത്താവായ യേശുവിന് അവനോടു സ്നേഹം തോന്നി എന്നാണ്

(അവനൊരു ആത്മാർത്ഥയുള്ള മനുഷ്യനാണെന്നു കണ്ടിട്ട്). എന്നിട്ടും അവനും കർത്താവിനും ഇടയിൽ നില്ക്കുന്ന **അവന്റെ ജീവിതത്തിലെ ഏക വിഗ്രഹത്തെ** - ധനത്തോടുള്ള സ്നേഹം - **കർത്താവു ചൂണ്ടിക്കാണിച്ചു.**

ഇന്ന് നമ്മുടെ കാര്യത്തിലും ഇതിങ്ങനെ തന്നെയല്ലേ? നാം കർത്താവായ ദൈവത്തെ സ്നേഹിക്കുകയും അവനെ പ്രസാദിപ്പിക്കാൻ ധാരാളം കാര്യങ്ങൾ ചെയ്യുകയും ചെയ്യുമ്പോൾ തന്നേ, നമ്മുടെ ജീവിതത്തിൽ വിഗ്രഹങ്ങളായിത്തീർന്ന കാര്യങ്ങളെ (അതു പണം തന്നെ ആയിരിക്കണമെന്നില്ല) അവനുവേണ്ടി നാം സമർപ്പിക്കണം അല്ലെങ്കിൽ ഉപേക്ഷിക്കണം എന്നു അവൻ ആവശ്യപ്പെടുമ്പോൾ ചെയ്യാൻ മനസ്സില്ലാത്തവരാണ്.

നാം നമ്മുടെ ഹൃദയത്തോടു ചേർത്തു നിർത്തുന്ന എന്തിനെയെങ്കിലും ദൈവത്തിനുവേണ്ടി ഉപേക്ഷിക്കാൻ പരിശുദ്ധാത്മാവ് ആവശ്യപ്പെടുന്നതു കേൾക്കുമ്പോൾ നാമും പലപ്പോഴും ആ ധനിക യുവാവിനെപ്പോലെ ദുഃഖിക്കുന്നവരാണ് (മർക്കൊസ് 10:22). കർത്താവിനുവേണ്ടി നമ്മുടെ ശീതോഷ്ണ ജീവിതം നാം തുടരുകയും, ഈ നശിച്ചുപോകുന്ന ലോകം വാഗ്ദാനം ചെയ്യുന്ന ജീവിതത്തിലെ മാഞ്ഞുപോകുന്ന കാര്യങ്ങളിൽ ആശ്രയിക്കുകയും ചെയ്തിട്ട് കർത്താവിന്റെ വലുതും ഭയങ്കരവുമായ നാളിൽ നാം അവന്റെ മുമ്പിൽ നില്ക്കുമ്പോൾ **ബുദ്ധികെട്ടവരേ** എന്നവൻ നമ്മെ വിളിക്കുമ്പോഴാണ് നാം താമസിച്ചുപോയി എന്നു മനസ്സിലാക്കുന്നത്! ഇപ്പോഴും ഒട്ടകപ്പക്ഷിയെപ്പോലെ നമ്മുടെ തല മണലിൽ പൂഴ്ത്തി 'ഇല്ല, അതെനിക്കു സംഭവിക്കുകയില്ല' എന്നു പറയാനാണ് നമുക്കാഗ്രഹം. അക്കാരണത്താലാണ് കർത്താവ് സഭയ്ക്ക് ഉണരുക എന്ന പ്രാവചനിക വചനം നൽകുന്നത് (ദയവായി ഈ വേദഭാഗങ്ങൾ വായിക്കുവാൻ സമയമെടുക്കുക - **സെഫന്യാവ് 1:11-18; വെളിപ്പാട് 2:4-7; വെളിപ്പാട് 3:11, 15-17**).

ദൈവരാജ്യത്തിലേക്കുള്ള വഴി 'ഇടുങ്ങിയ'താണെന്നും അതിൽ കടക്കുന്നവർ 'ചുരുക്കമാണെന്നും' കർത്താവു പറഞ്ഞത് എത്രയോ ശരിയാണ്. ഞാൻ പറഞ്ഞതുപോലെയും ഇനിയും പറയുന്നതുപോലെയും ഇന്നു സഭയിലുള്ള അനേകരും വിശ്വാസികളാണെന്നതു സത്യമാണ്, പക്ഷേ നാം യഥാർത്ഥമായി ക്രിസ്തുയേശുവിന്റെ അനുഗാമികളാണോ?

മർക്കൊസ് 10:24 ൽ തന്റെ പിന്നാലെ വന്ന ജനത്തെ നോക്കിക്കൊണ്ട്
കർത്താവായ യേശു പറഞ്ഞു
***'ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് എത്ര പ്രയാസം'***

നിങ്ങൾ ഒരു വീണ്ടുംജനനം പ്രാപിച്ച വിശ്വാസിയാകയാൽ കർത്താവായ യേശുവിന്റെ ഈ വാക്കുകൾ നിങ്ങളെക്കുറിച്ചല്ലെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ കർത്താവു പറഞ്ഞ "പ്രയാസം," "ഇടുങ്ങിയ

ത്," "കഠിനം" എന്നീ വാക്കുകളും അവൻ പ്രസ്താവിച്ച "തന്നെത്താൻ ത്യജിക്കുക," "ദിനംതോറും ക്രൂശെടുക്കുക" എന്നീ പ്രയോഗങ്ങളും വീണ്ടും ജനിച്ചയാളിന് ബാധകമല്ലേ? അല്ലെങ്കിൽ പിന്നെ ആർക്കാണ് കർത്താവായ യേശുവിന്റെ വാക്കുകൾ ബാധകമാകുന്നത്? നിങ്ങൾ രക്ഷിക്കപ്പെട്ടു എന്ന കാരണത്താൽ നിങ്ങളുടെ വിശ്വാസത്തിന് സൽപ്രവൃത്തികൾ ഒന്നും വേണ്ടെന്നു നിങ്ങൾ പറയുകയാണോ? ആ വിശ്വാസം നിങ്ങളെ രക്ഷിക്കുമോ?

രക്ഷയ്ക്കു ശേഷമുള്ള 'സൽപ്രവൃത്തി'കളെക്കുറിച്ച് ബൈബിൾ എന്തുപറയുന്നു എന്ന് യാക്കോബ് 2:14, 17 ൽ നാം വായിച്ചത് ഓർക്കുക – [14]*'സഹോദരന്മാരേ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ടു എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്തു? ആ വിശ്വാസത്താൽ അവൻ രക്ഷ പ്രാപിക്കുമോ?* [17]*അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു.'*

ജലപ്രളയത്തിനു തൊട്ടുമുമ്പ്, ദേശത്തിലെ ജനത്തോടു നോഹ വർഷങ്ങളോളം വചനം പ്രസംഗിച്ചു എങ്കിലും അവരാരും ദൈവവചനത്തിനു ശ്രദ്ധ കൊടുത്തില്ല. ഒരു ദിവസം ജലപ്രളയം വരികയും ദൈവം വാതിലടയ്ക്കുകയും ചെയ്തു.

നമ്മുടെ ക്രിസ്തീയ ജീവിതം, ഒരു കാൽ ലോകത്തിലും ഒരു കാൽ വചനത്തിലും ഉറപ്പിച്ചു ജീവിക്കാതെ, കർത്താവിനുവേണ്ടിയുള്ള അഗ്നിയാൽ ജ്വലിച്ച് ജീവിക്കുന്നില്ലെങ്കിൽ അതിന് ഗൗരവമായ ഭവിഷ്യത്തുകളുണ്ടായിരിക്കുമെന്നതിൽ സംശയമില്ല.

ഞാൻ എവിടെയോ വായിച്ചതുപോലെ, സമ്മർദ്ദം കൂടാതെ ക്രിസ്ത്യാനിക്ക് ആത്മീയ വളർച്ച പ്രതീക്ഷിക്കാനാവില്ല. നമ്മുടെ മുൻകാല ജീവിതവഴികളെക്കുറിച്ചും ജീവിതത്തോടുള്ള മനോഭാവത്തെക്കുറിച്ചും സമൂലമായ പുനർവിചിന്തനം നടത്തണമെന്നു കല്പിച്ച യജമാനനെ അനുഗമിക്കാൻ നാം തയ്യാറാകുമ്പോഴാണ് ആത്മിക വളർച്ച സംഭവിക്കുന്നത്.

നിർഭാഗ്യവശാൽ അനേക ക്രിസ്ത്യാനികളും വഴിതെറ്റിയ ആടുകളെപ്പോലെ ഇന്നും പഴയ വഴികളിൽ നടക്കുകയും വിട്ടുകളയാൻ അവർ മടിക്കുന്ന അവരുടെ അരുമയായ പാപങ്ങളിലും പഴയ ജീവിത ശൈലികളിലും അഭിരമിക്കുകയും ചെയ്യുന്നു. ചോദ്യം ഇതാണ്, വളരണമെന്ന് നാം യഥാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ? ഇല്ലെങ്കിൽ, ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്ന നീതിമാനായ ന്യായാധിപതിയെ അഭിമുഖീകരിക്കുവാൻ നാം ഒരുക്കമാണോ? – **മത്തായി 16:27**.

ഒരു സുവിശേഷ യോഗത്തിൽ നിന്നും മറ്റൊന്നിലേക്കും ഒരു കൂട്ടായ്മയിൽ നിന്നും മറ്റൊന്നിലേക്കും ഒരു ബൈബിൾ സ്റ്റഡിയിൽ നിന്നും മറ്റൊന്നിലേക്കും

ഒരു ക്രൂസേഡിൽ നിന്നും മറ്റൊന്നിലേക്കും ഒരു പ്രസംഗത്തിൽ നിന്നും മറ്റൊന്നിലേക്കും (അതു നല്ല കാര്യം തന്നെയാണ്) ഓടുകയും ചെയ്തുകൊണ്ട് **'ബാഹ്യമായ ത്യാഗങ്ങളിലൂടെ ദൈവത്തോടുള്ള തങ്ങളുടെ സ്നേഹം പ്രകടിപ്പിക്കുകയും'** എന്നാൽ ഒരിക്കൽ പോലും തങ്ങളുടെ പാപങ്ങളെ ക്രൂശിന്റെ ചുവട്ടിൽ കൊണ്ടുവന്ന് കീഴ്പ്പെടുത്തിക്കൊടുക്കാൻ കഴിയാതിരിക്കുകയും ദിനം തോറും ദൈവത്തിന്റെ വചനത്തിന് അനുസരണപൂർവ്വം കീഴ്പ്പെട്ട് തങ്ങളെ രൂപാന്തരപ്പെടുത്താൻ ദൈവത്തെ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന വിശ്വാസികളെയാണ് ഇതെന്നെ ഓർമ്മിപ്പിക്കുന്നത്. കർത്താവായ യേശുവിന്റെ പ്രവചന വാക്കുകൾ അവരിൽ നിവൃത്തിയായിരിക്കുന്നു:

**മത്തായി 13:14–15**

*''**നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും; കണ്ണാൽ കാണും ദർശിക്കയില്ലതാനും.** ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവി കൊണ്ടു മന്ദമായി കേൾക്കുന്നു; കണ്ണു അടെച്ചിരിക്കുന്നു; അവർ കണ്ണു കാണാതെയും ചെവികേൾക്കാതെയും ഹൃദയംകൊണ്ടു ഗ്രഹിക്കാതെയും തിരിഞ്ഞുകൊള്ളാതെയും **ഞാൻ അവരെ സൌഖ്യമാക്കാതെയും** ഇരിക്കേണ്ടതിന്നു തന്നേ" എന്നു യെശയ്യാവു പറഞ്ഞ പ്രവാചകത്തിന്നു അവരിൽ നിവൃത്തിവരുന്നു.'*

നല്ലതും ശ്രേഷ്ഠവുമെന്നു തനിക്കു തോന്നിയ കാര്യങ്ങൾ ചെയ്യുകയും യഹോവയുടെ കല്പന അനുസരിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്ത ശൗൽ രാജാവിനെ ശമൂവേൽ പ്രവാചകൻ ശാസിക്കുകയും അവനെ രാജസ്ഥാനത്തുനിന്നു നീക്കിയതായി അറിയിക്കുകയും ചെയ്തു:

**1 ശമൂവേൽ 15:22–23**

*ശമൂവേൽ പറഞ്ഞതു: "യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവെക്കു പ്രസാദമാകുമോ? **ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും** ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും **നല്ലതു**. മത്സരം ആഭിചാര ദോഷംപോലെയും ശാഠ്യം മിത്ഥ്യാപൂജയും വിഗ്രഹാരാധനയും പോലെയും ആകുന്നു; നീ യഹോവയുടെ വചനത്തെ തള്ളിക്കളഞ്ഞതുകൊണ്ടു അവൻ നിന്നെയും രാജസ്ഥാനത്തിൽനിന്നു തള്ളിക്കളഞ്ഞിരിക്കുന്നു."*

*നമുക്ക് അനുസരണമില്ലെങ്കിൽ നമ്മുടെ ദൈവമായ കർത്താവ് നമ്മുടെ യാഗങ്ങൾക്ക് ഒരു വിലയും കല്പിക്കയില്ല.*

**1 ശമൂവേൽ 13:13**

*ശമൂവേൽ ശൌലിനോടു പറഞ്ഞതു: "**നീ ചെയ്തതു ഭോഷത്വം;** നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ച കല്പന നീ പ്രമാണിച്ചില്ല; യഹോവ യിസ്രായേലിന്മേൽ നിന്റെ രാജത്വം എന്നേക്കുമായി സ്ഥിരമാക്കുമായിരുന്നു."*

ഞാൻ ഇവിടെ നിർത്തിയിട്ട് നിങ്ങളോട് ചോദിക്കട്ടെ, ഇന്ന് നിങ്ങൾ അനുസരിക്കുന്നതിനായി ദൈവത്തിന്റെ ആത്മാവ് നിങ്ങളോട് ആവശ്യപ്പെടുന്ന കാര്യം അല്ലെങ്കിൽ കാര്യങ്ങൾ എന്താണ്? അതു നിങ്ങൾ അനുസരിക്കുന്നുണ്ടോ? ക്രിസ്ത്യാനികളായ നാം കാൽ പകുതി ലോകത്തിന്റെ കാര്യങ്ങളിലും പകുതി ദൈവത്തിന്റെ കാര്യങ്ങളിലും വയ്ക്കുന്നതിൽ വിദഗ്ധരാണ്. എന്നാൽ വെളിപ്പാട് 3 ൽ കർത്താവു പറഞ്ഞത്, നാം ശീതവാനോ ഉഷ്ണവാനോ അല്ലായ്കയാൽ നമ്മെ അവന്റെ വായിൽനിന്നും ഉമിണ്ണുകളയുമെന്നാണ്.

**യെശയ്യാവ് 1:18–20 പറയുന്നു**

*[18]വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ
അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും
ഹിമംപോലെ വെളുക്കും; രക്താംബരംപോലെ ചുവപ്പായിരുന്നാലും
പഞ്ഞിപോലെ ആയിത്തീരും. [19]**നിങ്ങൾ മനസ്സുവെച്ചു കേട്ടനുസരിക്കുന്നു
വെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും.** [20]മറുത്തു മത്സരിക്കുന്നു
എങ്കിലോ നിങ്ങൾ വാളിന്നിരയായ്തീരും; യഹോവയുടെ വായ്
അരുളിച്ചെയ്തിരിക്കുന്നു.*

**2 പത്രൊസ് 2:20–22 പറയുന്നു**

*[20]കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ
ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി
തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ
അധികം വഷളായിപ്പോയി. [21]തങ്ങൾക്കു ഏല്പിച്ചുകിട്ടിയ വിശുദ്ധ
കല്പനയെ **നീതിയുടെ വഴി** അറിഞ്ഞശേഷം വിട്ടുകളയുന്നതിനെക്കാൾ
അതു **അറിയാതിരിക്കുന്നതു അവർക്കു നന്നായിരുന്നു.** [22]എന്നാൽ
"സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെന്നും കുളിച്ചിട്ടു ചെളിയിൽ
ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും" ഉള്ള സത്യമായ
പഴഞ്ചൊല്ലു പോലെ അവർക്കു സംഭവിച്ചു.*

**മത്തായി 6:24 ൽ കർത്താവു പറഞ്ഞു**

*രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; **നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല.***

ലോകത്തിന്റെ വീക്ഷണവും വചനത്തിന്റെ വീക്ഷണവും തമ്മിൽ വലിയ വൈരുധ്യമുണ്ടെന്ന് നിർഭാഗ്യവശാൽ ഇന്ന് അനേക ക്രിസ്ത്യാനികൾക്കും അറിഞ്ഞുകൂടാ. ലോകവീക്ഷണവും ദൈവരാജ്യവീക്ഷണവും തമ്മിൽ ധ്രുവങ്ങളുടെ വ്യത്യാസമുണ്ട്.

**1 കൊരിന്ത്യർ 15:19 പറയുന്നതുപോലെ**
അനേക ക്രിസ്ത്യാനികളും ഇന്ന് ദയനീയമായ ഒരു അവസ്ഥയിലാണ്:
*'നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശവച്ചിരിക്കുന്നു എങ്കിൽ **സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ.'***

**ലൂക്കൊസ് 9:24 ൽ കർത്താവായ യേശു പറഞ്ഞു**
*ആരെങ്കിലും **തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും**; എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും.'*

യേശു മനോഹരമായ ഒരു സംഭാഷണമാണ് (അല്ലെങ്കിൽ പഴഞ്ചൊൽ) നല്കിയതെന്നു നാം ചിലപ്പോൾ ചിന്തിക്കുകയും കർത്താവിന്റെ വായിൽനിന്നു വന്ന വാക്കുകളെ **അനുസരിക്കാതിരുന്നാലുണ്ടാകുന്ന ഗൗരവമായ ഭവിഷ്യത്തുകളെ അവഗണിക്കുകയും** ചെയ്യാറുണ്ട്. അവയ്ക്ക് അവയിൽ തന്നെ ജീവനും മരണത്തിനുമുള്ള അധികാരമുണ്ട്. അവൻ അവയെ അവതരിപ്പിച്ചിരിക്കുന്ന സൗമ്യമായ രീതി നിമിത്തം നാം ചിന്താക്കുഴപ്പത്തിലാകരുത്, പകരം ***'ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും'*** എന്ന് അവൻ പറഞ്ഞ വാക്കുകളുടെ നിത്യമായ പരിണിത ഫലത്തെക്കുറിച്ച് ബോധവാന്മാരാകേണം. കർത്താവു പറയുന്നത് ഇതാണ്, ഇവിടെ നമ്മുടെ ഭൗമികമായ ജീവനെ രക്ഷിക്കുവാൻ നാം ഇച്ഛിച്ചാൽ നിത്യജീവൻ നമുക്കു നഷ്ടമാകും, എന്നാൽ അവൻ പറയുന്നതുപോലെ ഇടുങ്ങിയ പാതയിലൂടെ നടന്ന് അവനെ പ്രതി ഭൗമികമായ ജീവനെ ഉപേക്ഷിക്കാൻ നാം തയ്യാറായാൽ നിത്യജീവനെ നാം നേടും! ഒന്നുകിൽ നാം **ഇന്ന് അവന്റെ വചനങ്ങളെ സ്വീകരിക്കുക അല്ലെങ്കിൽ അതിനെ നിരസിക്കുകയും നിത്യതയോളം അതിന്റെ ഭവിഷ്യത്തുകൾ അനുഭവിക്കുകയും ചെയ്യുക.**

**നോഹയുടെ കാലത്തെ ജനം** ലോകത്തിന്റെ സുഖങ്ങളിലും വഞ്ചനകളിലും മുഴുകി കഴിഞ്ഞിരുന്നു (തന്റെ ദേശമായ സൊദോമിലെയും ഗൊമോറയിലെയും സ്ഥിതി കണ്ട് ലോത്തിന്റെ മനസ്സു നൊന്തു). ലോകസുഖങ്ങളിൽ കുടുങ്ങിപ്പോകരുതെന്ന് പുതിയ നിയമ തിരുവെഴുത്തുകൾ കർത്താവായ യേശുവിന്റെ വാക്കുകളിലൂടെ സഭയ്ക്കു മുന്നറിയിപ്പു നൽകുന്നു; 'തന്റെ മടങ്ങിവരവിനു' മുമ്പ് അത്തരം കാര്യങ്ങൾ ലോകത്തിൽ സംഭവിക്കുമെന്ന്

അവൻ പറഞ്ഞു.

**മത്തായി 24:37–39** ൽ കർത്താവായ യേശു
മുന്നറിയിപ്പു നൽകിയിരിക്കുന്നു
*[37]**നോഹയുടെ കാലംപോലെ** തന്നേ മനുഷ്യപുത്രന്റെ വരവും ആകും.*
*[38]ജലപ്രളയത്തിന്നു മുമ്പുള്ള കാലത്തു നോഹ പെട്ടകത്തിൽ കയറിയ*
***നാൾവരെ** അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന്നു*
*കൊടുത്തും പോന്നു; [39]**ജലപ്രളയം വന്നു** എല്ലാവരെയും*
*നീക്കിക്കളയു**വോളം** അവർ അറിഞ്ഞതുമില്ല;*
***മനുഷ്യപുത്രന്റെ വരവും അങ്ങനെ തന്നേ ആകും.***

കർത്താവായ യേശു നോഹയുടെ ഉദാഹരണം എടുത്തതിന്റെ ഏക കാരണം ക്രിസ്ത്യാനികളായ നമുക്കു മുന്നറിയിപ്പു തരിക എന്നതായിരുന്നു; അതായത് ദൈവത്തിന്റെ കൃപ ഒരു കാരണവശാലും നമ്മുടെ ജീവിതത്തിൽ നിന്നും ദൈവം ആവശ്യപ്പെടുന്ന നിലവാരത്തെയും വിശുദ്ധിക്കുവേണ്ടിയുള്ള ആവശ്യകതയെയും അസാധുവാക്കുന്നില്ല (അനേക ക്രിസ്ത്യാനികളും തെറ്റായി ധരിച്ചിരിക്കുന്നതുപോലെ).

ഈ അന്ത്യകാലത്ത് നമ്മുടെ മനോഭാവം (ഉന്നത വിളി) എന്തായിരിക്കണമെന്നതു സംബന്ധിച്ചുള്ള **ശക്തമായ ഒരു അന്ത്യകാല തിരുവെഴുത്താണ്** താഴെ കൊടുത്തിരിക്കുന്നത്.

**1 കൊരിന്ത്യർ 7:29–31**
*[29]**'എന്നാൽ സഹോദരന്മാരേ, ഇതൊന്നു ഞാൻ പറയുന്നു:***
***കാലം ചുരുങ്ങിയിരിക്കുന്നു;***
*ഇനി ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും [30]കരയുന്നവർ*
*കരയാത്തവരെപ്പോലെയും സന്തോഷിക്കുന്നവർ*
*സന്തോഷിക്കാത്തവരെപ്പോലെയും വിലെക്കു വാങ്ങുന്നവർ*
*കൈവശമാക്കാത്തവരെപ്പോലെയും [31]ലോകത്തെ അനുഭവിക്കുന്നവർ*
*അതിനെ അനുഭവിക്കാത്തവരെപ്പോലെയും ആയിരിക്കേണം.*
***ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോകുന്നുവല്ലോ.'***

നാം ഇപ്പോൾ വായിച്ച തിരുവെഴുത്തിലൂടെ ദൈവവചനം പറയുന്നത് എന്താണെന്നു ചോദിച്ചാൽ, ഈ അന്ത്യകാലത്ത് ലോകത്തിന്റെ ദൈനംദിന കാര്യങ്ങളിൽ നാം അമിതമായി മുങ്ങിപ്പോകയോ ആവേശഭരിതരാകയോ, അന്യോന്യമോ ലോകത്തിന്റെ കാര്യങ്ങൾക്കോ അമിത പ്രാധാന്യം കൊടുക്കുകയോ ചെയ്യാതെ നമുക്കു ചുറ്റുമുള്ള കെണികളെക്കുറിച്ച് ബോധവാ

ന്മാരും ജാഗ്രതയുള്ളവരും ആയി അതിവേഗം അടുത്തുകൊണ്ടിരിക്കുന്ന ആ മഹാദിനത്തിൽ നാം യോഗ്യരായി കാണപ്പെടുന്നതിനായി ഭയത്തോടും വിറയലോടും കൂടെ നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിക്കേണം എന്നാണ്.

**ഹോശേയ 14:9 ൽ കാണുന്ന**
**പ്രാവചനിക വചനത്തോടുകൂടി ഞാൻ അവസാനിപ്പിക്കട്ടെ:**
*'ഇതു ഗ്രഹിപ്പാൻ തക്ക ജ്ഞാനി ആർ?*
*ഇതു അറിവാൻ തക്ക വിവേകി ആർ?*
*യഹോവയുടെ വഴികൾ ചൊവ്വുള്ളവയല്ലോ;*
***നീതിമാന്മാർ അവയിൽ നടക്കും;***
*അതിക്രമക്കാരോ അവയിൽ ഇടറിവീഴും.'*

# അധ്യായം 2

## ഞായറാഴ്ച ക്രിസ്ത്യാനികളും നാമധേയ ക്രിസ്ത്യാനികളും

ഈ ഗണത്തിൽ ഉൾപ്പെടുന്ന ക്രിസ്ത്യാനികൾ, മതപരമായ ക്രിസ്ത്യാനികളായി മാത്രം ഇരുന്നുകൊണ്ട്, മതത്തിന്റെ കൊടിക്കീഴിൽ ആയിരിക്കുന്നുവെങ്കിൽ, ലോകത്തിലെ ശേഷമുള്ള അനുസരണം കെട്ടവർക്കുവേണ്ടി ദൈവം കരുതിവെച്ചിരിക്കുന്ന നിത്യനാശത്തിൽ നിന്നും അത്തരം വിശ്വാസം അവരെ രക്ഷിക്കുകയില്ലെന്നു ബൈബിൾ പറയുന്നു.

നമുക്ക് ധാരാളം സഭാവിഭാഗങ്ങളുള്ളതല്ല ഇന്നു ദൈവമായ കർത്താവിനെ ദുഃഖിപ്പിക്കുന്നത്, മറിച്ച് തങ്ങളുടേതാണ് സ്വർഗ്ഗത്തിൽ പോകാൻ അർഹതയുള്ള ഏക സഭാവിഭാഗമെന്ന് ഓരോ സഭാവിഭാഗത്തിലെയും അംഗങ്ങൾ ചിന്തിക്കുന്നതാണ്. തങ്ങൾക്കുള്ളതോ അല്ലെങ്കിൽ എതിർപ്പുള്ളതോ ആയ ഒരു ഉപദേശം അവർക്ക് ഇല്ല അല്ലെങ്കിൽ അമിത പ്രാധാന്യം നൽകുന്നു എന്ന ഒറ്റക്കാരണംകൊണ്ട് മറ്റുള്ളവരെ കുറഞ്ഞവരായി കാണുന്ന നിലയിൽ **സഭകളുടെയിടയിൽ നിലനില്ക്കുന്ന ആത്മിക ഉന്നതഭാവമാണ് ഏറ്റവുമധികം നിരാശ ജനിപ്പിക്കുന്ന സംഗതി.**

പ്രബലമായ ഒരു സഭയുടെ അംഗമായിരിക്കുന്നതിൽ ഒരു തെറ്റുമില്ല (മറിച്ച് അതു വളരെ അത്യാവശ്യമാണ്). എന്നാൽ അത് ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായ 'സാർവ്വലൗകിക സഭ' എന്നു ചിന്തിക്കുന്നതിനു പകരം അത് 'എന്റെ സഭ' എന്നു ചിന്തിക്കുന്നതാണ് പ്രശ്നം. ഒരു സഭയെ നിയന്ത്രിക്കുന്ന ചില ഉപദേശങ്ങളോ പാരമ്പര്യങ്ങളോ കണ്ടേക്കാം, എങ്കിലും എഴുതപ്പെട്ട തിരുവചനത്തിന്റെ/ബൈബിളിന്റെ അതിർ വിടാത്തിടത്തോളം അതു നല്ലതുതന്നെ. എല്ലാറ്റിനുമൊടുവിൽ, ദിനംതോറും തന്റെ കല്പനകളെ പ്രമാണിക്കാൻ സമർപ്പിതരായ, വ്യത്യസ്ത സഭാവിഭാഗങ്ങളിൽ നിന്നുള്ള വ്യക്തികളുടെ ഹൃദയങ്ങളെ കർത്താവു കാണുന്നുവെന്നും അവർ അന്ത്യദിനത്തിൽ അവന്റെ മുമ്പിൽ നില്ക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

നഗരത്തിലെ ഒരു സഭയിലെ അംഗമാണു ഞാൻ എങ്കിലും (അതിനോടു ഞാൻ പ്രതിബദ്ധതയുള്ളവനാണ്), ഞാൻ നില്ക്കുന്ന സഭാവിഭാഗത്തോട് മാത്രം

കൂറുള്ളവനായി മാറിപ്പോകാതിരിക്കാൻ ഇടയ്ക്കിടെ ഞാൻ വ്യത്യസ്ത സഭാ വിഭാഗങ്ങളിലുള്ള മറ്റു സഭകൾ സന്ദർശിച്ച് അവിടെയുള്ള ക്രിസ്തുവിന്റെ ശരീരത്തിന്റെ മറ്റ് അംഗങ്ങളുമായി ബന്ധം പുലർത്താറുണ്ട്. നാമെല്ലാം ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമാണെന്ന് അറിയാവുന്നതിനാൽ വ്യത്യസ്ത സഭാവിഭാഗത്തിൽ നിന്നുള്ള സ്നേഹിതരെയും ഞാൻ സമ്പാദിക്കാറുണ്ട്.

എന്നിരുന്നാലും കൾട്ട് സഭകൾ ധാരാളമുണ്ട്, അവരിൽ നിന്നും നാം അകന്നുനില്ക്കേണ്ടതാണ്. അതു പറയുമ്പോൾ തന്നെ ക്രിസ്തുവിന്റെ സഭയിലുൾപ്പെട്ടവരായ **ബാപ്റ്റിസ്റ്റ്, യുണൈറ്റഡ്, പ്രസ്ബിറ്റേറിയൻ, അസംബ്ലീസ് ഓഫ് ഗോഡ്, പെന്തെക്കോസ്ത്/ബാപ്റ്റിസ്റ്റ്/ഇതര സഭാവിഭാഗങ്ങൾക്കൊപ്പം** ആരാധിക്കാൻ എനിക്കു ബുദ്ധിമുട്ടില്ല. താനും പിതാവും ഒന്നായിരിക്കുന്നതുപോലെ, സഭാവിഭാഗ വ്യത്യാസങ്ങളില്ലാതെ വിശ്വാസികളായ നാമും ഒന്നായിരിക്കണമെന്നായിരുന്നു (ദീർഘദൃഷ്ടിയോടെയുള്ള) കർത്താവായ യേശുവിന്റെ പ്രാർത്ഥന.

സഭാ വിഭാഗത്തിലെ വ്യക്തികൾ താഴെപ്പറയുന്ന കാര്യങ്ങൾ **'വിശ്വസിക്കുകയോ പഠിപ്പിക്കുകയോ' ചെയ്യുന്നിടത്തോളം** ആ സഭാവിഭാഗം ക്രിസ്തുവിന്റെ ശരീരമായ സഭ ആണ്.

- **ബൈബിൾ ദൈവനിശ്വാസീയവും തെറ്റിക്കൂടാത്തതും ആധികാരികവുമായ ദൈവവചനമാണെന്നും** പഴയ നിയമവും പുതിയ നിയമവും ഉൾപ്പെട്ടതാണെന്നും (മത്തായി 5:18). ബൈബിൾ ദൈവനിശ്വാസീയവും തെറ്റോ വിട്ടുകളയലുകളോ ഇല്ലാത്തതും വിശ്വാസത്തിനും അനുഷ്ഠാനത്തിനുമുള്ള സമ്പൂർണ്ണവും അന്തിമവും ആയ വാക്കാണെന്നും (2 തിമൊഥെയൊസ് 3:16-17).
- **ദൈവം ജീവനുള്ള ഏകസത്യ ദൈവമാണെന്നും സകലത്തിന്റെയും സ്രഷ്ടാവാണെന്നും** (ആവർത്തനം 4:35; 6:4; 32:39; യെശയ്യാവ് 45:14; 46:9; യോഹന്നാൻ 1:1-3; 10:30; 1 കൊരിന്ത്യർ 8:4-5), അവൻ തന്നെത്തന്നെ - വിശുദ്ധ ത്രിത്വം - മൂന്നു വ്യത്യസ്ത ആളത്തങ്ങളിലൂടെ - പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് - വെളിപ്പെടുത്തിയിട്ടുണ്ടെന്നും (2 കൊരിന്ത്യർ 13:14; എഫെസ്യർ 4:4-6; 1 യോഹന്നാൻ 5:7).
- **കർത്താവായ യേശുക്രിസ്തുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നവർ.** അവൻ ദൈവം മനുഷ്യരൂപത്തിൽ ജഡമെടുത്തവനും, പിതാവിന്റെ വെളിപ്പെടുത്തപ്പെട്ട സ്വരൂപവും, ദൈവമായിരിക്കുന്ന അവസ്ഥ ഒരിക്കലും നഷ്ടപ്പെടാത്തവനും, ദൈവം ആരെന്നു വെളിപ്പെടുത്തുവാനും മനുഷ്യവർഗ്ഗത്തിനു രക്ഷ പ്രദാനം ചെയ്യുവാനും മനുഷ്യനായിത്തീർന്നവനുമാണ് (മത്തായി 1:21; യോഹന്നാൻ 1:1-3, 18; ഫിലിപ്പിയർ 2:5-11; കൊലൊസ്യർ 1:15). കർത്താവായ യേശു കന്യകമറിയാ

മിൽ പരിശുദ്ധാത്മാവിനാൽ ഉത്പാദിതനായെന്നും; അവൻ യഥാർത്ഥ മായും പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആണെന്നും അവൻ പൂർണ്ണതയുള്ള പാപരഹിതമായ ജീവിതം നയിച്ചെന്നും (യെശയ്യാവ് 7:14; മത്തായി 1:23), സകല മനുഷ്യവർഗ്ഗത്തിന്റെയും പാപത്തിനു പക രമായി (യെശയ്യാവ് 53:5-6) ക്രൂശിൽ മരിച്ചെന്നും (1 യോഹന്നാൻ 2:2), അവനെ രക്ഷകനായി സ്വീകരിക്കുന്ന ഏവർക്കും രക്ഷ പ്രദാനം ചെയ്യു വാൻ അവന്റെ മരണം മതിയായതാണെന്നും (യോഹന്നാൻ 1:12; പ്രവൃത്തി 4:12; 16:31); നമ്മുടെ നീതീകരണം നമ്മുടെ പ്രവൃത്തിയിലല്ല അവന്റെ രക്തം ചൊരിഞ്ഞതിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നതെന്നും ക്രൂശിൽ ക്രിസ്തു നിവർത്തിച്ച പൂർത്തീകരിക്കപ്പെട്ട വേലയിലൂടെ ദൈവത്തിന്റെ കൃപയാലാണെന്നും (റോമർ 5:8-9; എഫെസ്യർ 2:8-9); അവൻ മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റ് (മത്തായി 28:6; 1 പത്രൊസ് 1:3) പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ട നായിരിക്കുന്നുവെന്നും (മത്തായി 26:64; മർക്കൊസ് 14:62; റോമർ 8:34); സകല മനുഷ്യർക്കും അവരവരുടെ പ്രവൃത്തിക്കു തക്ക പകരം കൊടു ക്കുന്നതിനായി തന്റെ പിതാവിന്റെ മഹത്വത്തോടെ തന്റെ ദൂതന്മാരുടെ അകമ്പടിയോടെ രണ്ടാമതും വരുമെന്നും (മത്തായി 16:27).

- **പരിശുദ്ധാത്മാവ് ദൈവത്വത്തിലെ മൂന്നാം ആളത്വമാണെന്നും** അവൻ നമ്മുടെ ആശ്വാസപ്രദനും നമ്മെ സകല സത്യത്തിലും വഴിനടത്താൻ കഴിവുള്ളവനും ആണെന്നും (യോഹന്നാൻ 14:26; 16:13, 15; ഗലാത്യർ 1:11-12; 1 യോഹന്നാൻ 2:27). പരിശുദ്ധത്മാവ് യേശുക്രിസ്തുവിനെ മഹ ത്വപ്പെടുത്തുകയും യേശുക്രിസ്തുവിൽ നിന്നും എടുത്തു നമുക്കു വെളി പ്പെടുത്തുകയും ചെയ്യുന്നു. പരിശുദ്ധാത്മാവ് രക്ഷിക്കപ്പെട്ട, അനുസര ണമുള്ള വിശ്വാസിയെ പൊതുപ്രയോജനത്തിനായി വിവിധങ്ങളായ ശുശ്രൂഷയിലൂടെ നയിക്കുകയും അതിനായി ആത്മിക വരങ്ങളെ പകർന്നു കൊടുക്കുകയും ചെയ്യുന്നു (1 കൊരിന്ത്യർ 12:1-11).
- **സഭ ക്രിസ്തുവിന്റെ ശരീരമാണെന്നും** (പ്രത്യേക സഭാവിഭാഗങ്ങള ല്ല) ഈ കാലത്തിലെ സകല വിശ്വാസികളും ഉൾപ്പെട്ട സജീവ ഘടന യാണെന്നും (1 കൊരിന്ത്യർ 12:12-14; 2 കൊരിന്ത്യർ 11:2; എഫെസ്യർ 1:22-23; 4:4; 5:25-27) അവർ ക്രിസ്തുവിനോടുള്ള സാക്ഷ്യവും അവനോ ടുള്ള താദാത്മ്യവും എന്ന നിലയിൽ ജലസ്നാനവും ക്രിസ്തുവിന്റെ മരണത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും മടങ്ങിവരവിന്റെയും ഓർമ്മ യ്ക്കായി കർത്തൃമേശയും എന്നീ അനുഷ്ഠാനങ്ങൾ നിർവഹിക്കുന്ന വരും ആണെന്നും (മത്തായി 28:19-20; പ്രവൃത്തി 2:41-42; 18:8; 1 കൊരി ന്ത്യർ 11:23-26).

- **വിശ്വാസികൾക്ക് ദൈവത്തിന്റെ കല്പനയനുസരിച്ച് സുവിശേഷ ത്തിനും ദൈവവചന സത്യങ്ങൾക്കും സാക്ഷ്യം വഹിക്കാൻ കടമ യുണ്ടെന്നും.** ദൈവകൃപയുടെ സുവിശേഷം മുഴുലോകത്തിലും പ്രസം ഗിക്കുകയും ദൈവത്തിന്റെ ശിഷ്യന്മാരായ നാമെല്ലാം ആ മഹാനിയോ ഗത്തിന്റെ ഭാഗമാണെന്നും അതിൽ കർത്താവായ യേശു കല്പിച്ച സകല കാര്യങ്ങളും അനുസരിപ്പാൻ തക്കവണ്ണം ഉപദേശിക്കേണ്ടതാ ണെന്നും (മത്തായി 28:19-20; പ്രവൃത്തി 1:8; 2 കൊരിന്ത്യർ 5:18-20).
- **സകല സത്യവിശ്വാസികളും യേശുക്രിസ്തുവിന്റെ മടങ്ങിവരവിൽ വിശ്വസിക്കുക മാത്രമല്ല ആവലോടെ അതിനായി കാത്തിരിക്കണ മെന്നും** (തീത്തൊസ് 2:13; 2 തിമൊഥെയൊസ് 4:8), അവന്റെ വരവ് ആസന്നമാണെന്നും (1 തെസ്സലൊനീക്യർ 4:13-18; വെളിപ്പാട് 22:17, 20) അവർ കൃപയാലുള്ള തങ്ങളുടെ രക്ഷയ്ക്കായി അവന്റെ വചനത്തിൽ വേരൂന്നിയും നയിക്കപ്പെട്ടും അവനിൽ വസിച്ചും അവന്റെ വചനമായ ബൈബിൾ ദിനംപ്രതി പാരായണം ചെയ്തും ധ്യാനിച്ചുംകൊണ്ട് ഭയ ത്തോടും വിറയലോടുംകൂടെ പ്രവർത്തിക്കണമെന്നും (യോശുവ 1:8; സങ്കീർത്തനം 1:1-3; മത്തായി 7:21-27; 1 കൊരിന്ത്യർ 9:24-27; ഫിലിപ്പി യർ 2:12-13, 15-16; 3:11-5; 2 തിമൊഥെയൊസ് 4:7; യാക്കോബ് 2:14, 24; വെളിപ്പാട് 3:2-6).

**കർത്താവായ യേശുക്രിസ്തുവിനെ സംബന്ധിച്ച് ഒരു യഥാർത്ഥ വിശ്വാ സിയുടെ അടയാളം "നീതിക്കുവേണ്ടിയുള്ള വിശപ്പും ദാഹവും" ആണ്** (മത്തായി 5:6). കാരണം, സർവ്വലോകവും നേടുകയും അവസാനം ആത്മാ വിനെ നഷ്ടമാക്കുകയും ചെയ്താൽ ഒരു പ്രയോജനവുമില്ല എന്നു കർത്താവു പറഞ്ഞു. മറ്റെല്ലാറ്റിനും മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കു ന്നതാണ് യഥാർത്ഥ ക്രിസ്ത്യാനിത്വം. അതൊരു സഭാവിഭാഗ വിഷയമല്ല, മറിച്ച് അത് ഓരോ വിശ്വാസിയുടെയും വ്യക്തിപരമായ തീരുമാനവും മനോ ഭാവവും ആണ്. അക്കാരണത്താലാണ് വിശുദ്ധന്മാരുടെ കൂട്ടിച്ചേർക്കലിൽ (ഉൽപ്രാപണം എന്നു പൊതുവേ വിളിക്കുന്ന), ഞാൻ വിശ്വസിക്കുന്നതും, അനേകർ സ്വപ്നത്തിലൂടെയും ദർശനത്തിലൂടെയും കണ്ടിട്ടുണ്ട് എന്ന് പറ യുന്നതുമായ രീതിയിൽ വിവിധ സഭകളിൽനിന്നും അനേകർ എടുത്തുകൊ ള്ളപ്പെടുന്നതും അതേ സഭയിൽനിന്നുള്ള പലരും കൈവിടപ്പെടുന്നതും.

ക്രിസ്ത്യാനികളായ നാം നീതിയിൽ നടക്കുന്നതിനായി പരിചയിക്കുന്നതിൽ പരാജയപ്പെടുന്നതാണ് ഇതിന്റെയെല്ലാം മൂലകാരണം എന്നു നമുക്കു കാണാം. എബ്രായ ലേഖനം പറയുന്നത്, ക്രിസ്ത്യാനികളായ നമ്മിൽ അനേകരും നമ്മുടെ പാൽക്കുപ്പിയെ അത്രകണ്ടു സ്നേഹിക്കുന്നതിനാൽ, നാം ആദ്യം

എങ്ങനെയാണ് രക്ഷിക്കപ്പെട്ടത്, ക്രിസ്തു നമുക്കുവേണ്ടി എങ്ങനെയാണു മരിച്ചത്, നമ്മുടെ സ്നാന അനുഭവം തുടങ്ങിയ ആദ്യപാഠങ്ങൾ വിട്ടു മുന്നേറുന്നതിനോ പക്വതയും വചനത്തോട് അനുസരണവുമുള്ള ജീവിതത്തിലേക്കു വളരുന്നതിനോ നമുക്കു കഴിയുന്നില്ല എന്നാണ്. നാം അനുസരണമുള്ള ജീവിതം നയിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ (ഓരോ ചുവടിലും ദൈവത്തെ അന്വേഷിക്കുകയും തുടർന്ന് അവയിൽ നടക്കുകയും) നമുക്ക് വിവേചന ശക്തി ലഭിക്കുകയില്ല എന്ന് അവിടെ പറയുന്നു. കാരണം, ആത്മീയ വിവേചനം ദൈവത്തിൽനിന്നുള്ള ഒരു വരമാണ്; അനുസരണവും നീതിയുമുള്ള ജീവിതം നയിക്കുന്നവർക്കു മാത്രമേ അതു ലഭിക്കുകയുള്ളു.

**എബ്രായർ 5:11–14**

*ഇതിനെക്കുറിച്ചു ഞങ്ങൾക്കു വളരെ പറവാനുണ്ടു; എങ്കിലും **നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായി തീർന്നതുകൊണ്ടു** തെളിയിച്ചുതരുവാൻ വിഷമം. കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കന്മാർ ആയിരിക്കേണ്ടുന്ന നിങ്ങൾക്കു ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നെ വീണ്ടും ഉപദേശിച്ചുതരുവാൻ ആവശ്യമായിരിക്കുന്നു; **കട്ടിയായുള്ള ആഹാരമല്ല, പാലത്രേ നിങ്ങൾക്കു ആവശ്യമെന്നു വന്നിരിക്കുന്നു**. പാൽ കുടിക്കുന്നവൻ എല്ലാം **നീതിയുടെ** വചനത്തിൽ പരിചയമില്ലാത്തവനത്രേ; അവൻ ശിശുവല്ലോ. കട്ടിയായുള്ള ആഹാരം **നന്മതിന്മകളെ തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച** ഇന്ദ്രിയങ്ങളുള്ളവരായി പ്രായം തികഞ്ഞവർക്കേ പറ്റുകയുള്ളു.*

**എബ്രായർ 6:1–2 പറയുന്നു**

*അതുകൊണ്ടു നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം **ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു** പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക.*

ക്രിസ്ത്യാനികളായ നാം നീതി അഭ്യസിക്കുവാൻ പഠിക്കുന്നില്ലെങ്കിൽ (**നാം പഠിച്ചവയെ പ്രായോഗികമാക്കുന്നതിന്**) നാം ക്രിസ്തീയ വിവേചനം ഇല്ലാതെ പതുക്കെപ്പതുക്കെ മന്ദതയുള്ളവരായി മാറും.

**മത്തായി 13:15 ൽ കർത്താവായ യേശു പ്രവചിച്ചു**

*“ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു .... ഹൃദയംകൊണ്ടു ഗ്രഹിക്കാതെയും **തിരിഞ്ഞുകൊള്ളാതെയും** ഞാൻ അവരെ **സൌഖ്യമാക്കാതെയും** ഇരിക്കേണ്ടതിന്നു തന്നേ”*

**'തിരിഞ്ഞുകൊള്ളാതെയും'** എന്ന പദം കർത്താവ് ഉപയോഗിച്ചപ്പോൾ അവൻ എന്താണ് അർത്ഥമാക്കിയത്? ഹൃദയം കഠിനമാം വിധം ദുഷ്ടത നിറഞ്ഞതാണെന്നാണ് സങ്കീർത്തനക്കാരൻ പറഞ്ഞിരിക്കുന്നത്. നമ്മുടെ ജീവിതത്തിൽ **സൗഖ്യം** ആവശ്യമുള്ളതും **തിരിഞ്ഞുവരേണ്ടതുമായ** അനേക മേഖലകളുണ്ട്.

**'സൗഖ്യം'** എന്ന പദം കർത്താവ് ഉപയോഗിച്ചതിനെ നാം എങ്ങനെയാണു മനസ്സിലാക്കേണ്ടത്? ഇതുവരെയും ശാരീരികമായി സൗഖ്യം പ്രാപിക്കാത്ത ആളുകളെക്കുറിച്ചാണോ **'സൗഖ്യം'** എന്ന പദം കർത്താവ് ഉപയോഗിച്ചത്, അതോ **'ആത്മിക സൗഖ്യം'** ആണോ അവൻ സൂചിപ്പിച്ചത്?

**പലപ്പോഴും ക്രിസ്തീയ വിശ്വാസികൾ വിവേചനത്തെയും ന്യായംവിധിക്കുന്നതിനെയും കൂട്ടിക്കുഴയ്ക്കാറുണ്ട്.** തൽഫലമായി വിധിക്കരുത് എന്നു പറഞ്ഞ് ക്രിസ്തീയ ലേബലിൽ ഉള്ള എന്തിനെയും നാം സ്വീകരിക്കുന്നു. ചില സഭകളും പ്രാർത്ഥനാ ഗ്രൂപ്പുകളും തങ്ങളുടെ സഭകളിൽ പ്രസംഗിക്കുന്നതിനും സാക്ഷ്യം പറയുന്നതിനുമായി, ഉപദേശമെന്തെന്നു വിലയിരുത്താതെ സകലരെയും ക്ഷണിക്കാറുണ്ട്.

അനേക ദൈവിക സത്യങ്ങളും അടച്ചുവച്ചിരിക്കുന്നവയും വചനം അനുസരിക്കുന്നവർക്കു മാത്രം തുറന്നുകിട്ടുന്നവയുമാണ് (യോഹന്നാൻ 8:31–32). നിങ്ങൾ അനുസരിക്കുന്ന നിമിഷം തന്നെ അവന്റെ വചനത്തിന്റെയും ജ്ഞാനത്തിന്റെയും വെളിച്ചം നിങ്ങളുടെ ഉള്ളിൽ കടന്നുവരും. ക്രിസ്തീയ ജീവിതം എന്നു പറയുന്നത് എല്ലാ സമയവും ദൈവവുമായി ശരിയായ നില്പിന്റെയും അനുസരണത്തോടെയുള്ള നടപ്പിന്റെയും അനുഭവമാണ്. അനുസരണത്തിൽ നിന്നു പിന്തിരിയുമ്പോൾ ഇരുട്ട് പ്രവർത്തന നിരതമാകുകയും, **മത്തായി 13:15** ൽ കർത്താവു പറഞ്ഞതുപോലെ, നമ്മുടെ ഹൃദയത്തെ മന്ദമാക്കാനാരംഭിക്കുകയും അവന്റെ ശബ്ദം കേൾക്കാതവണ്ണം നമ്മുടെ ഹൃദയത്തെ കഠിനമാക്കുകയും മരണം (നിത്യ മരണം) കാത്തുകഴിയുന്നതിനായി ഒരു മൂലയിലേക്കു നമ്മെ തള്ളുകയും ചെയ്യും.

**'വിതയ്ക്കുന്നവന്റെ ഉപമ'** പറഞ്ഞുകൊണ്ട് കർത്താവു പറഞ്ഞത് നല്ല നിലത്തിന് അവൻ മർമ്മങ്ങളെ വെളിപ്പെടുത്തുകയും കഠിന നിലത്തിന് അവയെ അടയ്ക്കുകയും ചെയ്യും എന്നാണ്.

**മർക്കൊസ് 4:8–9, 11–12**

*[8]മറ്റു ചിലതു നല്ലമണ്ണിൽ വീണിട്ടു മുളെച്ചു വളർന്നു ഫലം കൊടുത്തു; മുപ്പതും അറുപതും നൂറും മേനി വിളഞ്ഞു. [9]കേൾപ്പാൻ ചെവി ഉള്ളവൻ കേൾക്കട്ടെ എന്നും അവൻ പറഞ്ഞു. [11]അവരോടു അവൻ പറഞ്ഞതു: ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു;*

*പുറത്തുള്ളവർക്കോ സകലവും ഉപമകളാൽ ലഭിക്കുന്നു. [12]അവർ മനംതിരിയാതെയും അവരോടു ക്ഷമിക്കാതെയും ഇരിക്കത്തക്കവണ്ണം അവർ കണ്ടിട്ടും അറിയാതിരിപ്പാനും കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും സംഗതിവരും.*

'**ഗിരിപ്രഭാഷണ**'ത്തിൽ ജഡിക മനസ്സിന് ആവശ്യമുള്ളതെല്ലാം നല്കുന്ന 'ലോകവീക്ഷണ' പ്രകാരമുള്ള എല്ലാറ്റിനെയും കീഴ്മേൽ മറിക്കുന്നു. ലോകത്തിലെ ധനത്തിന്മേൽ ഹൃദയം വെച്ചിരിക്കുന്നവരെ ദൈവത്തിന്റെ വചനം എല്ലായ്പോഴും മൂഢന്മാർ എന്നു വിളിക്കുകയും അവർക്കുണ്ടാകുന്ന ഗൗരവമായ ഭവിഷ്യത്തുകളെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

**ലൂക്കൊസ് 12:20–21**

*[20]ദൈവമോ അവനോടു: മൂഢാ,*
*ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും.*
*പിന്നെ നീ ഒരുക്കി വെച്ചതു ആർക്കാകും എന്നു പറഞ്ഞു.*
*[21]ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നേ*
*നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു.*

**യാക്കോബ് 5:1–3, 5**

*അല്ലയോ ധനവാന്മാരേ, നിങ്ങളുടെ മേൽ വരുന്ന ദുരിതങ്ങൾ നിമിത്തം*
*കരഞ്ഞു മുറയിടുവിൻ. [2]നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പു പുഴുവരിച്ചും*
*പോയി. [3]നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു;*
*ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും; അതു തീപോലെ*
*നിങ്ങളുടെ ജഡത്തെ തിന്നുകളയും. അന്ത്യകാലത്തു*
*നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു. [5]നിങ്ങൾ ഭൂമിയിൽ*
*ആഡംബരത്തോടെ സുഖിച്ചു പുളെച്ചു കൊലദിവസത്തിൽ*
*എന്നപോലെ നിങ്ങളുടെ ഹൃദയത്തെ പോഷിപ്പിച്ചിരിക്കുന്നു.*

മുഴുവൻ പ്രപഞ്ചത്തിന്റെയും ഉടയവനായ ക്രിസ്തു തന്നെത്താൻ ത്യജിക്കുകയും ഈ ലോകത്തിന്റെ സുഖങ്ങൾ അനുഭവിക്കുന്നതിനുള്ള തന്റെ അധികാരം ഉപയോഗപ്പെടുത്തുന്നതു നിരസിക്കുകയും ചെയ്തു. അതിനർത്ഥം കർത്താവ് തന്റെ ജനത്തെ അനുഗ്രഹിക്കുകയില്ലെന്നോ അവരുടെ സാമ്പത്തികവും ശാരീരികവുമായ ആവശ്യങ്ങൾ നിർവഹിക്കുകയില്ലെന്നോ അല്ല. മറിച്ച് ഇന്ന് എവിടെയാണ് യഥാർത്ഥമായും നമ്മുടെ നിക്ഷേപം ഇരിക്കുന്നത് എന്നാണ്? ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്ന വസ്തുക്കളുടെ മേലാണോ അതോ നമ്മുടെ പ്രതിഫലമായ ക്രിസ്തുവിന്റെ മേലാണോ?

ഇന്നു നിങ്ങളുടെ നിക്ഷേപം ഇരിക്കുന്നത് എവിടെയാണ്? അതു നിങ്ങളുടെ ധനത്തിലാണോ, സൗന്ദര്യത്തിലാണോ, ജ്ഞാനത്തിലാണോ, നന്മയിലാണോ, ജോലിയിലാണോ, സ്നേഹിതരിലാണോ, മക്കളിലാണോ? നിങ്ങളുടെ നിക്ഷേപം ഉള്ളിടത്ത് നിങ്ങളുടെ ഹൃദയവും ഇരിക്കും എന്നു കർത്താവു പറഞ്ഞു.

**മത്തായി 25:31–34**

*[31]മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകലവിശുദ്ധദൂതന്മാരുമായി*
*വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും.*
*[32]സകല ജാതികളെയും അവന്റെ മുമ്പിൽ കൂട്ടും;* ***അവൻ അവരെ ഇടയൻ***
***ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ***
***വേർതിരിക്കുന്നതുപോലെ വേർതിരിച്ചു,*** *[33]ചെമ്മരിയാടുകളെ*
*തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തും. [34]രാജാവു തന്റെ*
*വലത്തുള്ളവരോടു അരുളിച്ചെയ്യും: എന്റെ പിതാവിനാൽ അനുഗ്രഹി*
*ക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി*
*ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.*

**മത്തായി 3:12**

*"വീശുമുറം അവന്റെ കയ്യിൽ ഉണ്ടു;*
***അവൻ കളത്തെ മുറ്റും വെടിപ്പാക്കി***
*കോതമ്പു കളപ്പുരയിൽ കൂട്ടിവെക്കയും*
*പതിർ കെടാത്ത തീയിൽ ഇട്ടു ചുട്ടുകളകയും ചെയ്യും."*

# അധ്യായം 3

## (സ്വയം പുകഴുന്ന) 'പേരുകളുടെയും പദവികളുടെയും' നേതൃത്വവും ദാസനേതൃത്വവും

**തന്റെ ശിഷ്യന്മാർക്ക് ഈ ഗുണങ്ങൾ ഉണ്ടായിരിക്കണമെന്ന് മർക്കൊസ് 10:42–45 ൽ കർത്താവ് നിർദ്ദേശിച്ചു**

*[42]യേശു അവരെ അടുക്കെ വിളിച്ചു അവരോടു: ജാതികളിൽ അധിപതികളായവർ അവരിൽ കർത്തൃത്വം ചെയ്യുന്നു; അവരിൽ മഹത്തുക്കളായവർ അവരുടെ മേൽ അധികാരം നടത്തുന്നു എന്നു നിങ്ങൾ അറിയുന്നു. [43]നിങ്ങളുടെ ഇടയിൽ അങ്ങനെ അരുതു; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം; [44]നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസനാകേണം. [45]മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും അത്രെ വന്നതു.*

*വ്യക്തമായി പറഞ്ഞാൽ 'ക്രിസ്തീയ നേതൃത്വം എന്നത് യഥാർത്ഥത്തിൽ ദാസ നേതൃത്വമാണ്.'*

ദൈവമായിരുന്നവനും ദൈവത്തിന്റെ യഥാർത്ഥ പ്രതിരൂപവും തത്വത്തിന്റെ മുദ്രയും ആയിരുന്നവനുമായ ക്രിസ്തു അതു പിടിച്ചുകൊള്ളാതെ (**എബ്രായർ 1:3**) തന്നെത്താൻ താഴ്ത്തി ശുശ്രൂഷ ഏല്ക്കാനല്ല ശുശ്രൂഷിപ്പാൻ വന്നു എങ്കിൽ, സ്വയം ഉന്നതരായി കരുതുന്ന നേതാക്കളേ, **നിങ്ങൾക്ക് അയ്യോ കഷ്ടം!**

നമ്മെ ചീർപ്പിക്കുന്ന പദവികൾക്കും പേരുകൾക്കും എതിരായി കർത്താവു നമുക്ക് താഴെക്കാണുന്ന വാക്യത്തിൽ മുന്നറിയിപ്പു നൽകുന്നു-നിർഭാഗ്യവശാൽ അതിന്ന് ക്രിസ്തീയ മണ്ഡലത്തിൽ പ്രബലപ്പെട്ടിരിക്കുകയാണ്:

**മത്തായി 23:6–12 പറയുന്നു**

*[6]അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും [7]**മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും***

*അവർക്കു പ്രിയമാകുന്നു. [8]നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുതു. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരന്മാർ. [9]ഭൂമിയിൽ ആരെയും പിതാവു എന്നു വിളിക്കരുതു; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവു, സ്വർഗ്ഗസ്ഥൻ തന്നേ. [10]നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുതു: ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നേ. [11]**നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം**. [12]തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും.*

ക്രിസ്തീയ നേതൃത്വത്തിനുമേൽ **പേരുകൾ നേടുന്നതിനുള്ള പരീക്ഷ പെരുകിവരികയാണ്**. പാസ്റ്റർ, ബിഷപ്പ്, പ്രവാചകൻ തുടങ്ങിയ പേരുകളിലൂടെ ജനങ്ങളുടെ അംഗീകാരം കൈവരുന്നതിന്റെ വഞ്ചനാപരമായ ആഹ്ലാദം അവരാഗ്രഹിക്കുന്നു. നിർഭാഗ്യവശാൽ, ചിലർ മനുഷ്യൻ നൽകുന്നതും മനുഷ്യൻ അംഗീകരിക്കുന്നതുമായ പദവികൾ നേടുന്നതിനു **മാത്രമായി** സെമിനാരികളിൽ പോകുന്നു. പൗലൊസും പത്രൊസും യൂദായും ലേഖനങ്ങളിൽ തങ്ങളെ പരിചയപ്പെടുത്തുന്നത് എങ്ങനെയാണെന്നു ശ്രദ്ധിക്കുക – **ദൈവത്തിന്റെ ദാസൻ!**

അനേക പ്രസംഗകരും പാസ്റ്റർമാരും തങ്ങളുടെ പേരുകളിലും പദവികളിലും തൂങ്ങിനില്ക്കുന്നവരാണ്. അനേക പാസ്റ്റർമാരും പ്രസംഗകരും തങ്ങളുടെ പ്രസംഗങ്ങളെ തങ്ങൾ കടന്നുപോയ സ്ഥലങ്ങളിലുള്ള ആളുകൾ എത്രമാത്രം ഇഷ്ടപ്പെടുന്നു എന്നു പറഞ്ഞ് തങ്ങളെത്തന്നെ പുകഴ്ത്തുന്നത് ഞാൻ കേൾക്കാറുണ്ട്. ദുഃഖകരമെന്നു പറയട്ടെ, അവർ കർത്താവിന്റെ കാലത്തുണ്ടായിരുന്ന പരീശന്മാർക്കു തുല്യരാണ് (അവരത് സമ്മതിച്ചു തരികയില്ലെങ്കിൽ കൂടി).

**2 കൊരിന്ത്യർ 10:17 പറയുന്നു**
'തന്നെത്താൻ പുകഴ്ത്തുന്നവനല്ല
കർത്താവു പുകഴ്ത്തുന്നവനത്രേ കൊള്ളാകുന്നവൻ'

ഞാനും നിങ്ങളും ഒരിക്കലും ഒന്നാമനാകുവാൻ പരിശ്രമിക്കരുത്, അങ്ങനെ നാം ചെയ്താൽ നാം അവസാനമായിപ്പോകും. കാരണം കർത്താവിന്റെ വചനം ഒരിക്കലും വ്യർഥാവായിപ്പോകയില്ല, അതു നിവൃത്തിയാകതന്നെ ചെയ്യും. ഈ ചിന്ത ഞാൻ നിങ്ങൾക്കു നൽകട്ടെ – ആരുടെ അളവോളം വളരുവാനാണ് നാം ഇന്നു ശ്രമിക്കുന്നത് – മനുഷ്യന്റെയോ ദൈവത്തിന്റെയോ?

**ലൂക്കൊസ് 13:30 ൽ**
**കർത്താവായ യേശു പറഞ്ഞു**
*'മുമ്പന്മാരായിത്തീരുന്ന പിമ്പന്മാരുണ്ട്;*

***പിമ്പന്മാരായ്തീരുന്ന മുമ്പന്മാരും ഉണ്ട്.'***

വീണ്ടും **മത്തായി 23:11–12** ൽ

*[11]നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം.*

***[12]തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും;***

*തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും.*

ക്രിസ്തുവിൽ കടന്നുവന്നതിനുശേഷം നാം ആരാണെന്നതല്ല നമ്മിൽ ക്രിസ്തു ആരാണെന്നതാണ് പരിഗണിക്കപ്പെടുന്നത് എന്ന കാര്യം നമുക്ക് എല്ലായ്പോഴും ഓർക്കാം.

**കൊലൊസ്യർ 3:1–4 പറയുന്നു**

*ആകയാൽ നിങ്ങൾ ക്രിസ്തുവിനോടു കൂടെ*
*ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ*
*വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ.*
*ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ.*
***നിങ്ങൾ മരിച്ചു***
***നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ***
***ദൈവത്തിൽ മറഞ്ഞിരിക്കുന്നു.***
*നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും*
*അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.*

നേരെ മറിച്ച്, നിർഭാഗ്യവശാൽ ഈ 'പേരുകളും പദവികളും' മനുഷ്യനിർമ്മിത സ്ഥാപനങ്ങളിൽനിന്നും വരുന്നവയാണ്. അതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ, **കർത്താവായ യേശു അത് ആ വിധത്തിൽ ആയിരിക്കാൻ ആഗ്രഹിച്ചിരുന്നുവോ?** ഒരുദാഹരണത്തിലൂടെ വ്യക്തമാക്കാം. അനേക വർഷങ്ങളായി എനിക്കറിയാവുന്ന ഒരു വ്യക്തി, അദ്ദേഹത്തെ ഞാൻ സെമിനാരിയിൽ വെച്ച് ആദ്യമായി കണ്ടപ്പോൾ താഴ്മയും ഭയവും ഉള്ളവനായിരുന്നു. ഇന്നദ്ദേഹം ഒരു സഭയുടെ പാസ്റ്ററായപ്പോൾ കഥ മാറി. അടുത്തയിടെ എനിക്കദ്ദേഹത്തോടും അദ്ദേഹത്തിന്റെയും എന്റെയും മറ്റൊരു സ്നേഹിതനോടും ഒപ്പം - അദ്ദേഹവും പാസ്റ്ററാണ് - ചില സംഘാടന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടിവന്നു. അവരെ ദീർഘനാളുകളായി അറിയാവുന്ന ഞാൻ അവരെ പേരു പറഞ്ഞ് വിളിച്ചത് പ്രയാസത്തിനും ആശയക്കുഴപ്പത്തിനും കാരണമായിത്തീർന്നു. അവരാകട്ടെ അന്യോന്യം 'പാസ്റ്റർ ഇന്നാരിന്നാര് പറയുന്നു,' 'പാസ്റ്റർ ഇന്നാരിന്നാര് ഇങ്ങനെ പറഞ്ഞു,' എന്നാണ് സംസാരിച്ചിരുന്നത്. എന്തുകൊണ്ടാണ് ഈ പദവികളെ സംബന്ധിച്ച് നാം ഇത്രയധികം ബോധവാന്മാരാകുന്നതും നമുക്കിടയിൽ ക്രിസ്തീയ പദവികളുടെ നാടകങ്ങൾ കടന്നുവരുന്നതും - അതും മൂന്നു സ്നേഹിതന്മാർക്കിടയിൽ?

മറ്റൊരു സംഭവം ഞാനോർക്കുന്നു. ഭർത്താവും ഭാര്യയും ഇരുവരും പാസ്റ്റർമാരായ ഒരു സഭ ഞാൻ സന്ദർശിച്ചപ്പോൾ, ഭവനത്തിൽ അവർ അന്യോന്യം വിളിക്കുന്നതുപോലെ പേരു വിളിക്കുന്നതിനു പകരം 'പാസ്റ്റർ' എന്നു ചേർത്തു വിളിച്ചു സഭയ്ക്ക് പരിചയപ്പെടുത്തുന്നത് ശ്രദ്ധിക്കുകയുണ്ടായി. 'പാസ്റ്റർ' എന്നു വിളിക്കുന്നതിൽ ഒരു തെറ്റുമില്ല, പക്ഷേ ഒരു പാസ്റ്ററുടെ വീക്ഷണത്തിൽ നിന്നുകൊണ്ടു ഞാൻ പറയുന്നത്, അത്തരം പേരുകൾ നമ്മുടെ നിഗളത്തിന്റെ ഒരു കെണിയായി നമുക്കിടയിൽ കടന്നുകൂടാൻ അനുവദിച്ചുകൂടാ എന്നാണ്.

പാസ്റ്റർ ആകുന്നതിന് ഒരു പ്രത്യേക വിളിയും (ഇന്ന് അനേകർ മനസ്സിലാക്കുന്ന നിലയിലുള്ള 'പാസ്റ്റർ' അല്ല) സുവിശേഷകൻ ആകുന്നതിന് ഒരു പ്രത്യേക വിളിയും ഉപദേഷ്ടാവ് ആകുന്നതിന് ഒരു പ്രത്യേക വിളിയും ഉണ്ടെന്നു നാം മനസ്സിലാക്കുമ്പോൾ ഇതു നമ്മെ ദുഃഖിപ്പിക്കും. എങ്കിലും ഒരാൾ മറ്റെയാളിനെക്കാൾ ആത്മികമായി ഉന്നതനാണെന്നോ താഴ്ന്നവനാണെന്നോ ബൈബിൾ പറയുന്നില്ല. ഉന്നതൻ ആരാണെന്ന് മത്തായി 23:11 ൽ കർത്താവു പറയുന്നുണ്ട്. മത്തായി 23:8 ൽ കർത്താവു പറയുന്നു *'നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുതു. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരന്മാർ.'* നാമെല്ലാവരും പുരോഹിതവർഗ്ഗമാണെന്ന് മറ്റൊരു തിരുവെഴുത്തു പറയുന്നു.

ആ കാര്യത്തെ ഫിലിപ്പിയ ലേഖനം ഇപ്രകാരം ശ്രദ്ധയിൽ കൊണ്ടുവരുന്നു:

**ഫിലിപ്പിയർ 2:3-7**

*[3]ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ **തന്നെക്കാൾ ശ്രേഷ്ഠൻ** എന്നു എണ്ണിക്കൊൾവിൻ. [4]ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം. [5]ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. [6]**അവൻ ദൈവരൂപത്തിൽ ഇരിക്കെ** ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ [7]ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി.*

**ഇന്നു ഭ്രമമായിത്തീർന്നിരിക്കുന്ന** മറ്റൊരു കാര്യം **പാസ്റ്റർമാരും പ്രസംഗകരും തങ്ങളുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതാണ്** (സാധ്യമെങ്കിൽ അവരുടെ ഭാര്യമാരുടെ ചിത്രങ്ങളും). നിങ്ങൾക്കവരെ ബുള്ളറ്റിനുകളിലും ധ്യാനക്കുറിപ്പുകളിലും ബാനറുകളിലും പുതുവർഷ കലണ്ടറുകളിലും പോസ്റ്ററുകളിലും കാണാം. ഞാൻ വീണ്ടും പറയട്ടെ, ഇതു ലജ്ജാകരമാണ്. നമ്മുടെ കർത്താവ് താൻ ചെല്ലുന്ന സകല ഗ്രാമങ്ങളിലും പട്ടണങ്ങളിലും ആളുകൾ

തന്റെ മുഖം ഓർത്തിരിക്കുന്നതിനായി തന്റെ വലിയ കട്ടൗട്ടുകളും തന്റെ ചിത്ര മുള്ള ബാനറുകളും വഹിച്ചുകൊണ്ട് സഞ്ചരിക്കുന്നത് നിങ്ങൾക്കു സങ്കല്പി ക്കാൻ കഴിയുമോ?

**തിരുവെഴുത്തിന്റെ പ്രാഥമിക സത്യം നാം മറന്നുപോയതായി തോന്നുന്നു.** ദുഃഖകരമെന്നു പറയട്ടെ, ഞാൻ മുമ്പു പറഞ്ഞതുപോലെ, ഈ പാസ്റ്റർമാരും പ്രസംഗകരും സുവിശേഷകന്മാരും ഏതു ബൈബിളാണു വായിക്കുന്നതെ ന്ന് ഞാൻ സംശയിക്കുന്നു - കൈയടി നേടുന്നതിനുള്ള അവരുടെ മൂന്നു പോയിന്റുകളുള്ള പ്രസംഗം ലഭിക്കുന്നതിനുവേണ്ടിയുള്ള വായന ഒഴികെ.

നമ്മുടെ മർത്യമായ ജഡം ഇനിമേൽ അംഗീകരിക്കപ്പെടുന്നതിനെ സംബ ന്ധിച്ച് നാം ശ്രദ്ധാലുക്കളായിരിക്കണമെന്ന് ബൈബിൾ നമ്മെ പ്രബോധിപ്പി ക്കുന്നു.

**2 കൊരിന്ത്യർ 5:15-17**

*15 എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കു വേണ്ടി മരിച്ചു ഉയിർത്തവനായിട്ടുതന്നേ ജീവിക്കേണ്ടതിന്നു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു.*
*16 ആകയാൽ ഞങ്ങൾ ഇന്നു മുതൽ **ആരെയും ജഡപ്രകാരം അറിയുന്നില്ല**; ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല.*
*17 ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; **പഴയതു കഴിഞ്ഞു പോയി,** ഇതാ, അതു പുതിയതായി തീർന്നിരിക്കുന്നു.*

പലപ്പോഴും പ്രസംഗകർ കർത്താവിനെക്കാളധികം തങ്ങളെക്കുറിച്ചുതന്നേ പ്രസംഗിക്കുന്നതാണ് നാം കേൾക്കുന്നത്. ബൈബിളിലെ ദൈവത്തെക്കുറിച്ച് അറിയുന്നതിനെക്കാൾ കൂടുതൽ അവരെക്കുറിച്ചു നമുക്കറിയാം. ഉള്ളിൽ ദൈവശക്തിയെക്കാൾ അധികം തങ്ങൾതന്നെ നിറഞ്ഞിരിക്കുന്ന അനേകരെ ഇന്നു ഞാൻ കാണുന്നു. എന്നാൽ ഇതിൽ ദൈവത്തിന്റെ മഹത്വത്തിന്റെ അല്പഭാഗം മോഷ്ടിക്കുന്നതിനായുള്ള വഞ്ചനാപരമായുള്ള പ്രശംസയും വഞ്ചനാപരമായ ശ്രമവും കാണാം; അവർക്ക് ആകെ വേണ്ടത് ഒരു **അയ്യോ കഷ്ടം** മാത്രമാണെന്നു നിങ്ങൾക്കു പറയാൻ കഴിയും, അതവരുടെ നാളു കളെ വേഗത്തിലാക്കും.

എന്നിരുന്നാലും അപ്പൊസ്തലനായ പൗലൊസിലെ വ്യത്യസ്തത കാണുക:

**2 കൊരിന്ത്യർ 4:5**

*"ക്രിസ്തുയേശുവിനെ കർത്താവു എന്നും ഞങ്ങളേയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ*

*എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നതു.”*

**1 കൊരിന്ത്യർ 1:17-18**

*[17]“സ്നാനം കഴിപ്പിപ്പാൻ അല്ല സുവിശേഷം അറിയിപ്പാനത്രേ ക്രിസ്തു എന്നെ അയച്ചതു; ക്രിസ്തുവിന്റെ ക്രൂശു വ്യർത്ഥമാകാതിരിക്കേണ്ടതിന്നു* ***വാക്ചാതുര്യത്തോടെ അല്ലതാനും.*** *[18]ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.*

ഈ പ്രസംഗകരുടെ ***വാക്കുകളിലെ ജ്ഞാനം*** കേട്ട് *“എന്തൊരു പ്രസംഗമാണദ്ദേഹം പറഞ്ഞത്; അദ്ദേഹത്തിന്റെ അവതരണം നല്ലതായിരുന്നു”* എന്നു പറഞ്ഞ് നാം അത്ഭുതപ്പെടുന്നു. എന്നാൽ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞത് താൻ അവരുടെ അടുക്കൽ വന്നത് ദൈവവചനത്തിന്റെ സത്യവുമായിട്ടാണെന്നും അത് കേവലം മാനുഷിക ജ്ഞാനത്താൽ ഗ്രഹിക്കാൻ കഴികയില്ലെന്നും അതിന് ആത്മിക ജ്ഞാനം ആവശ്യമാണെന്നുമാണ്.

ഈ പ്രസംഗകരിലും വിശ്വാസികളിൽ പോലും നിങ്ങൾ കാണുന്ന സാധാരണമായ മറ്റൊരു നവയുഗ കാര്യം അവർക്ക് **പരസ്പരം വാക്കുകൾ കടം വാങ്ങാനുള്ള** പ്രവണതയുണ്ടെന്നുള്ളതാണ്. **സാധാരണയായുള്ള ക്രിസ്തീയ വാക്പ്രയോഗങ്ങൾ** മാത്രമല്ല ഉച്ചാരണ രീതിപോലും - വേഷം അനുകരിക്കാനും ചിലർ ശ്രമം നടത്താറുണ്ട് -അവർ പരസ്പരം കടം വാങ്ങാറുണ്ട്. അവർ മറ്റുള്ളവരുടെ ശൈലികളും വാക്കുകളും പ്രയോഗങ്ങളും അനുകരിക്കുന്നു. അക്കാര്യം യിരെമ്യാവ് വ്യക്തമായി പ്രവചിച്ചിരിക്കുന്നു:

**യിരെമ്യാവ് 23:20**

*“അതുകൊണ്ടു* ***ഒരുത്തനോടു ഒരുത്തൻ എന്റെ വചനങ്ങളെ മോഷ്ടിക്കുന്ന*** *പ്രവാചകന്മാർക്കു ഞാൻ വിരോധമാകുന്നു” എന്നു യഹോവയുടെ അരുളപ്പാടു.*

മീഖാപ്രവാചകൻ നാനൂറു കള്ളപ്രവാചകന്മാർക്കെതിരെ ഏകനായി നില്ക്കുന്ന ഭാഗമായ **1 രാജാക്കന്മാർ 22** ൽ നിന്നും മറ്റൊരു ഉദാഹരണം എടുത്താൽ, അവിടെ യിസ്രായേലിലെയും യെഹൂദയിലെയും രാജാക്കന്മാരോടു പ്രവചിക്കുന്നതിനായി അവനെ വിളിച്ചു വരുത്തുന്നത് കാണാം. അവനെ കൂട്ടിക്കൊണ്ടു വന്ന രാജഭൃത്യൻ അവനോട്, കള്ളപ്രവാചകന്മാരെല്ലാം രാജാവിനു പ്രസാദകരമായ വാക്കുകളാണ് പ്രവചിച്ചതെന്നും അതിനാൽ അവന്റെ വാക്കുകളും അവരുടേതിനു തുല്യമായിരിക്കണമെന്നും പറഞ്ഞു. എന്നാൽ മീഖാപ്രവാചകൻ തന്റെ നിലപാടിൽ ഉറച്ചുനില്ക്കുകയും യഹോവ തന്നോടു കല്പിക്കുന്ന കാര്യം മാത്രമേ - അതു രാജാവിനു പ്രസാദകരമല്ലെങ്കിൽ കൂടി - പ്രവചിക്കുകയുള്ളു എന്നറിയിക്കുകയും ചെയ്തു.

ആ വേദഭാഗം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാം:

**1 രാജാക്കന്മാർ 22:12–14**

*[12]പ്രവാചകന്മാരൊക്കെയും അങ്ങനെ തന്നെ പ്രവചിച്ചു: ഗിലെയാദിലെ രാമോത്തിലേക്കു പുറപ്പെടുക; നീ കൃതാർത്ഥനാകും; യഹോവ അതു രാജാവിന്റെ കയ്യിൽ ഏല്പിക്കും എന്നുപറഞ്ഞു. [13]മീഖായാവെ വിളിപ്പാൻ പോയ ദൂതൻ അവനോടു: നോക്കു, പ്രവാചകന്മാരുടെ വാക്കുകൾ **ഒരു പോലെ** രാജാവിന്നു ഗുണമായിരിക്കുന്നു; **നിന്റെ വാക്കും അവരിൽ ഒരുത്തന്റേതുപോലെ ഇരിക്കേണം**; നീയും ഗുണമായി പറയേണമേ എന്നു പറഞ്ഞു. [14]അതിന്നു മീഖായാവു: യഹോവയാണ, യഹോവ എന്നോടു അരുളിച്ചെയ്യുന്നതു തന്നേ ഞാൻ പ്രസ്താവിക്കും എന്നു പറഞ്ഞു.*

ഇത് ഇന്നത്തെ ആധുനിക പ്രസംഗത്തെ (ധൈര്യപ്പെടുത്തുന്ന വാക്കുകൾ മാത്രം പറയുന്ന) സംബന്ധിച്ച് പരിചിതമായി തോന്നുന്നില്ലേ? പൗലൊസ് പറയുന്നത് ശൈലി നന്നാക്കാനും ക്രൂശിന്റെ ശക്തിയുള്ള വചനത്തിന്റെ (സുവിശേഷത്തിന്റെ) ലാളിത്യത്തെ നശിപ്പിച്ചുകളയാനും ഉള്ള മനുഷ്യന്റെ ഏതു ശ്രമവും അതിലൂടെ പ്രവർത്തിക്കുന്ന ദൈവശക്തിയെ ഇല്ലാതാക്കും എന്നാണ്.

**1 കൊരിന്ത്യർ 2:1–7**

*[1]ഞാനും, സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ **ജ്ഞാനത്തിന്റെയോ വൈഭവം** കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നതു. [2]ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. [3]ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടുംകൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. [4]നിങ്ങളുടെ വിശ്വാസത്തിന്നു മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നേ ആധാരമായിരിക്കേണ്ടതിന്നു [5]**എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല**, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നതു. [6]എന്നാൽ തികഞ്ഞവരുടെ ഇടയിൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നു; **ഈ ലോകത്തിന്റെ ജ്ഞാനമല്ല നശിച്ചുപോകുന്നവരായ ഈ ലോകത്തിന്റെ പ്രഭുക്കന്മാരുടെ ജ്ഞാനവുമല്ല**; [7]ദൈവം ലോകസൃഷ്ടിക്കു മുമ്പെ നമ്മുടെ തേജസ്സിന്നായി മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു.*

ഈ പ്രചോദന പ്രസംഗകർക്ക് (മുകളിൽ നാം വായിച്ചതുപോലെ ***ജ്ഞാനത്തിന്റെ വശീകരണ വാക്കുകൾ*** ഉള്ളവർ) തങ്ങൾക്കു ചുറ്റുമുള്ള താരപ്രഭയെ ദൈവത്തിന്റെ വിശുദ്ധ മഹത്വമായി പ്രഖ്യാപിക്കുന്നതിന് ഒരു മടിയുമില്ല. (തങ്ങളുടെ പ്രാദേശിക സഭയിൽ നിന്നുകൊണ്ട് സുവിശേഷീകരിക്കുകയും സഭയെ പണിയുകയും ചെയ്യുന്നതിനു പകരം) തങ്ങളുടെ ലോകവ്യാപകമായ പ്രസംഗ സഞ്ചാരത്തിലൂടെ അവർ തങ്ങളുടെ താരപ്രഭയെ കൂടുതൽ ആസ്വദിക്കുന്നു.

ഈ പേരുകേട്ട ക്രിസ്തീയ പ്രഭാഷകർ വളരെ നല്ലവരും ഉന്നത വ്യക്തിത്വമുള്ളവരും ആയതിനാൽ **പേഴ്സണാലിറ്റി ബിൽഡിംഗ്** സെമിനാറുകളുടെ കാര്യത്തിൽ അവർ മാനേജ്മെന്റു ഗുരുക്കളെപ്പോലും കടത്തിവെട്ടാറുണ്ട്. **കൊലൊസ്യർ 3:3** ൽ ദൈവവചനം നമ്മെ പഠിപ്പിക്കുന്നത് ***'നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു'*** എന്നാണ്. അതേ, ഇനി ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത്, അതായിരിക്കണം ക്രിസ്തുവിന്റെ ദാസന്മാരുടെ ശരിയായ മനോഭാവം. നമ്മുടെ കാര്യമല്ല, ക്രിസ്തുവിന്റെ കാര്യവും സമയം അതിക്രമിച്ചിരിക്കുന്നതിനാൽ സുവിശേഷം പ്രസംഗിച്ചുകൊണ്ട് അവന്റെ പ്രവൃത്തി തികയ്ക്കുക എന്നതുമായിരിക്കണം നമ്മുടെ ലക്ഷ്യം. കാരണം ഒരല്പം പീഡനത്തിനും കഷ്ടതയ്ക്കും ചിലപ്പോൾ അവഗണനയ്ക്കും പകരമായി ഏറ്റവും വലിയ ദാനമായ രക്ഷ നമുക്കു നൽകപ്പെട്ടിരിക്കുകയാണ്. **കൊലൊസ്യർ 3:4** പറയുന്നതുപോലെ അതിവേഗത്തിൽ *'നമ്മുടെ ജീവനായ ക്രിസ്തു **വെളിപ്പെടുമ്പോൾ നിങ്ങളും** അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.'*

ഈ പ്രസംഗകർ കേഴ്വിക്കാരായ നിങ്ങളെ തങ്ങളുടെ ഒറ്റ പോയിന്റ് പ്രസംഗത്തിൽ തളച്ചിടും (അവർ നിങ്ങളെ തീരത്ത്, പാൽ കുടിക്കുന്ന അവസ്ഥയിൽ പ്രാഥമിക പാഠങ്ങളിൽ നിർത്തുകയല്ലാതെ വചനത്തിന്റെ ആഴത്തിലേക്ക് ഒരിക്കലും കൊണ്ടുപോകയില്ല). അന്യോന്യം വിനോദിപ്പിക്കുക എന്നതു മാത്രമാണവരുടെ ലക്ഷ്യം - *"ഞാൻ നിങ്ങളെ വിനോദിപ്പിക്കാം, അതിനു പകരമായി എന്റെ തമാശയ്ക്ക് ഹൃദയം തുറന്നു ചിരിച്ചുകൊണ്ട് നിങ്ങൾ എനിക്കു കൈയടിക്കുകയോ പ്രതികരിക്കുകയോ ചെയ്യണം"* എന്ന മട്ടിൽ. ദൈവത്തെ ആരാധിക്കുവാനും അവന്റെ വിശുദ്ധ വചനത്തെ കേൾക്കുവാനും വന്നിരിക്കുന്ന ദൈവജനത്തിന്റെ മധ്യത്തിൽ ദൈവത്തിന്റെ വിശുദ്ധ പ്രസംഗവേദിയിൽ നിന്നുകൊണ്ടാണ് അവരിതു പറയുന്നത്.

ദൈവിക കാര്യങ്ങളെ സംബന്ധിച്ച് നാം ഗൗരവമുള്ളവരായിരിക്കണമെന്ന് ദൈവത്തിന്റെ വചനം നമ്മെ പ്രബോധിപ്പിക്കുന്നു. എന്തുകൊണ്ട്? രണ്ടു കാരണങ്ങളാൽ:

1. ദൈവം തന്റെ ഏകജാതനായ പുത്രനെ ഗൗരവമായ ഒരു പ്രവൃത്തിക്കുവേണ്ടി നമുക്ക് അയച്ചുതന്നു, ആ പ്രവൃത്തിക്കു കൊടുത്തത് വളരെ വലിയ ഒരു വിലയായിരുന്നു (നമുക്കു സങ്കല്പിക്കാനാവാത്ത വേദനാജനകമായ ക്രൂശീകരണം). **അതെല്ലാം ചെയ്തത് നമ്മോടുള്ള അവന്റെ ഗൗരവമായ സ്നേഹം നിമിത്തമായിരുന്നു.** ആ ഗൗരവം ക്രിസ്തുവിനോടുകൂടി അവസാനിച്ചുവോ? ഇല്ല! അത് ആദിമ കാല ശിഷ്യന്മാരിലൂടെ തുടരുകയും ഇന്നും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

2. രണ്ടാമതായി, സമയം അതിവേഗം കടന്നുപോകുന്നു എന്നും അന്ത്യകാല പ്രവചനങ്ങൾ നമുക്കു ചുറ്റും നിറവേറിക്കൊണ്ടിരിക്കുന്നു എന്നും ആയിരക്കണക്കിനാളുകൾ സാമൂഹിക അക്രമങ്ങൾ മുഖേനയും, പ്രകൃതി ദുരന്തത്താലും യുദ്ധങ്ങളാലും മരിക്കുകയും അതിലുമധികം പേർ സുവിശേഷം കേൾക്കാതെ ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടിലേക്ക് നിപതിക്കുകയും ചെയ്യുന്നു എന്നും നാം അറിയുന്നതിനാൽ. നാം ഇതിനെയെല്ലാം നിസ്സാരമാക്കി തള്ളിക്കളയുകയും അതിനോടൊപ്പം **ലൂക്കൊസ് 6:25** ൽ നമ്മോടു കല്പിക്കുന്ന ദൈവവചനം അവഗണിക്കുകയും ചെയ്യുന്നു: *'ഇപ്പോൾ ചിരിക്കുന്നവരായ നിങ്ങൾക്ക് അയ്യോ കഷ്ടം; നിങ്ങൾ ദുഃഖിച്ചു കരയും.'* **1 പത്രൊസ് 4:7** ൽ *'എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ.'* ഭൂമിയുടെമേൽ കർത്താവു പ്രവചിച്ചിരിക്കുന്ന ദൈവക്രോധം വരാനുള്ള സമയത്തിന്റെ വക്കത്തു നാം ആയിരിക്കുന്നു, ആയതിനാൽ ഇത് നിശ്ചയമായും വിനോദത്തിനുള്ള സമയമല്ല, പ്രത്യേകിച്ചും സഭയ്ക്കുള്ളിൽ ക്രിസ്തുവിൽ പ്രിയമുള്ളവരേ.

ഈ സഭകൾ പൊതുവായി **'വിനോദിപ്പിക്കുന്ന സഭകൾ' എന്നു വിളിക്കപ്പെടുകയും അനേകരെ 'വിശാല പാത'യിലേക്കു നയിക്കുകയും ചെയ്യുന്നു** – എന്തുകൊണ്ട്? അതങ്ങനെയായിരിക്കുമെന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തു **മത്തായി 7:13–14** ൽ പ്രവചിച്ചിട്ടുണ്ട് *[13]'ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽകൂടി കടക്കുന്നവർ അനേകരും ആകുന്നു. [14]ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളതു; അതു കണ്ടെത്തുന്നവർ ചുരുക്കമത്രേ.'* അതേ, വിശ്വാസികളിൽ ഒരു ശേഷിപ്പു മാത്രമേ അതു കണ്ടെത്തുകയുള്ളു – **1 കൊരിന്ത്യർ 10:1–11.** നമ്മുടെ കണ്ണിൻമുമ്പിൽ തന്നെ സഭകളിൽനിന്നുള്ള വലിയ കൊഴിഞ്ഞുപോക്കു സംഭവിക്കുമ്പോൾ, **മത്തായി 24:13** ലെ കർത്താവിന്റെ പ്രാവചനിക വാക്കുകൾ ഒരു ഓർമ്മപ്പെടുത്തലായി നമ്മുടെ മുമ്പിൽ വരുന്നു:

*'അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും.'*

ഈ വിനോദിപ്പിക്കുന്ന സഭകൾ വളരെ ജനപ്രിയമായവയും കൂട്ടായ്മയിലെ അനേകരെ സംബന്ധിച്ച് സ്റ്റാറ്റസ് സിംബൽ ആയി നിലകൊള്ളുന്നവയും ആണ് – ഞങ്ങൾ ഇന്ന ഇന്ന മെഗാ ചർച്ചിലെ അംഗമാണ് എന്നവർ അഭിമാനിക്കുന്നു. സഭയിലെ ഒരു വലിയ വിഭാഗം ഒന്നുകിൽ ദൈവവചനം നന്നായി അറിയാത്തവരെങ്കിലും ആരാധനയാ സമയത്ത് തങ്ങളുടെ ബൈബിൾ ഉയർത്തിപ്പിടിച്ചും കൈവീശിയും ആത്മികതയുടെ വേഷം നടിക്കുന്നവരോ അല്ലെങ്കിൽ 'വചനം' അറിയുന്നവരെങ്കിലും നീതി നിവൃത്തിക്കാൻ കഴിയാത്തവരോ ആണ്.

മുമ്പു ഞാൻ സൂചിപ്പിച്ചതുപോലെ ഇന്നത്തെ ആധുനിക സഭ ആഗ്രഹിക്കുന്നത് രസിപ്പിക്കുന്ന തമാശ പറഞ്ഞോ, കദനകഥകൾ പറഞ്ഞോ ഉള്ള വിനോദിപ്പിക്കലാണ്. 'അവർ ചെയ്യാൻ ദൈവം ആവശ്യപ്പെടുന്ന കല്പന'കളെക്കുറിച്ച് അവരോടു പറഞ്ഞുനോക്ക്, അവർക്കതൊന്നും കേൾക്കാൻ താല്പര്യമില്ല. **സഭയുടെമേലുള്ള ക്രിസ്തുവിന്റെ ദൗത്യം** (ഇവിടെയാണ് അനേക പ്രസംഗകരും പാസ്റ്റർമാരും പരാജയപ്പെടുന്നത്) **കോലാടുകളെ രസിപ്പിക്കുകയല്ല, ചെമ്മരിയാടുകളെ പോഷിപ്പിക്കുകയാണ്.** ഈ പുസ്തകത്തിൽ ആവർത്തിച്ച് പറഞ്ഞിരിക്കുന്ന കർത്താവിന്റെ നിയോഗം 'ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിക്കുക' എന്നതാണ് – മത്തായി 28:20.

മുമ്പു ഞാൻ പറഞ്ഞതുപോലെ **ഇത്ര വലിയ രക്ഷയോടുള്ള പ്രതികരണമായി നമ്മുടെ പങ്ക് എന്തായിരിക്കണം എന്നു സൂചിപ്പിക്കുന്ന സന്ദേശങ്ങൾ** ഈ പ്രസംഗകരിൽ നിന്നും **നാം കേൾക്കാറുണ്ടോ?**

ദൈവവചനത്തിന്റെ വെളിച്ചത്തിൽ പാപബോധത്തെക്കുറിച്ചും, ദൈവവചനം ധ്യാനിക്കുന്നതിനെക്കുറിച്ചും, അവന്റെ വചനത്തിലുള്ള ആ കല്പനകളുടെ അനുസരണത്തെക്കുറിച്ചും, ദൈവഹിതം മാത്രം അന്വേഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും കർത്താവായ യേശുക്രിസ്തുവിന്റെ മടങ്ങിവരവിനെക്കുറിച്ചുള്ള രക്ഷിക്കപ്പെട്ട വിശ്വാസിയുടെ മനോഭാവത്തെക്കുറിച്ചും അത്തരം പ്രസംഗകരിൽനിന്നും വല്ലപ്പോഴുമെങ്കിലും കേൾക്കാറുണ്ടോ? സഭയ്ക്കുള്ളിലേക്കു നുഴഞ്ഞു കയറിക്കൊണ്ടിരുന്ന ദുരുപദേശങ്ങളെക്കുറിച്ച് ആദിമ അപ്പൊസ്തലന്മാർ അറിവുള്ളവരായിരുന്നു, അതിന്റെ പരാമർശങ്ങൾ ലേഖനങ്ങളിലുടനീളം നിങ്ങൾക്കു കാണാം.

നാം അത്തരം വിശ്വാസത്യാഗികളായ സഭകളിലെയും കൂട്ടായ്മകളിലെയും അംഗങ്ങളാണെങ്കിൽ **ക്രിസ്തു പ്രത്യക്ഷനാകുമ്പോൾ** ആ പ്രസംഗകരോടൊപ്പം നാമും ലജ്ജിതരായിത്തീരുമെന്ന് അപ്പൊസ്തലനായ യോഹന്നാൻ മുന്നറിയിപ്പു നൽകുന്നു – **1 യോഹന്നാൻ 2:24–28**.

അന്നു നാം കർത്താവേ, കർത്താവേ, എന്നു വിളിച്ചുകൊണ്ട് മുട്ടിക്കൊണ്ടിരിക്കുകയും അവൻ നമ്മെ അറിയുന്നില്ല എന്നു പറഞ്ഞ് തിരസ്കരിക്കുകയും ചെയ്യാൻ ഇടയാകുന്നതിനു മുമ്പേ നമ്മെത്തന്നെ പരിശോധിക്കുവാൻ കർത്താവായ യേശുക്രിസ്തുവിന്റെ വാക്കുകൾ ഒരു മൂർച്ചയുള്ള മുന്നറിയിപ്പായി നമുക്കു സ്വീകരിക്കാം.

**ലൂക്കൊസ് 6:26 ൽ**
**കർത്താവായ യേശു പറഞ്ഞു**
*'സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ*
***നിങ്ങൾക്കു അയ്യോ കഷ്ടം;** അവരുടെ പിതാക്കന്മാർ*
*കള്ളപ്രവാചകന്മാരെ അങ്ങനെ ചെയ്തുവല്ലോ.'*

നേരെ മറിച്ച്, സകല മഹത്വത്തിനും യോഗ്യനായ ദൈവത്തിനു മഹത്വം കൊടുക്കുന്നതിനുപകരം ആളുകൾ പൗലൊസിനും ബർന്നബാസിനും യാഗം കഴിക്കാൻ മുതിർന്നപ്പോൾ അവർ വസ്ത്രം കീറിയതായി **പ്രവൃത്തി 14:14 –17**ൽ നാം വായിക്കുന്നു.

ഇന്ന് ആധുനിക സഭ തങ്ങളുടെ അപര്യാപ്തതകളെക്കുറിച്ച് പ്രശംസിക്കുന്നതിനെക്കാളധികം തങ്ങളുടെ പര്യാപ്തതകളെക്കുറിച്ച് പ്രശംസിക്കുന്നു. എങ്കിലും നമ്മുടെ കർത്താവായ യേശുവിന്റെ വാക്കുകൾ വെളിപ്പെടുത്തുന്നത് ഒരു വിശ്വാസിയുടെ ജീവിതത്തിലെ അപര്യാപ്തത വളരാനുള്ള അവന്റെ സാധ്യതയെ പ്രതിഫലിപ്പിക്കുന്നുവെന്നാണ്.

തന്റെ ഗിരിപ്രഭാഷണത്തിൽ **മത്തായി 5:3** ൽ കർത്താവു പറഞ്ഞു
*"ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്"*

**ആരാധനയ്ക്കായി പള്ളിയിൽ വന്ന രണ്ടുപേരെക്കുറിച്ചു കർത്താവു പറഞ്ഞ ഉപമ ശ്രദ്ധിക്കുക**: ഒരാൾ ഒരു ചുങ്കക്കാരനും മറ്റവൻ പരീശനും. 'ചുങ്കക്കാരൻ' ദൈവത്തോടു തന്റെ അപര്യാപ്തത പറഞ്ഞപ്പോൾ പരീശനാകട്ടെ താൻ എല്ലാ കാര്യത്തിലും തികച്ചും പര്യാപ്തതയുള്ളവനാണെന്നു പ്രശംസിക്കുന്നു. ചുങ്കക്കാരൻ അധികം നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു പോയി എന്നും കർത്താവായ യേശു പറഞ്ഞു.

1 തെസ്സലൊനീക്യർ 4:11 ൽ അപ്പൊസ്തലനായ പൗലൊസ് സഭയെ നിർബന്ധിക്കുന്നത് **സാവധാനതയുള്ള ജീവിതം നയിക്കുന്നതിന്** വാഞ്ഛിക്കാനാണ്. അപ്പൊസ്തലനായ പത്രൊസ് ഇതേ കാര്യം **1 പത്രൊസ് 1:4** ൽ പ്രസ്താവിക്കുന്നു, *'സകലത്തിന്റെയും അവസാനം സമീപിച്ചിരിക്കുന്നു;* ***ആകയാൽ** പ്രാർത്ഥനയ്ക്കു **സുബോധമുള്ളവരും** നിർമ്മദരും ആയിരിപ്പിൻ.'*

തന്റെ പര്യാപ്തത വലിയ ആളുകളിലല്ല പരിശുദ്ധാത്മാവിലാണെന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നു:

*പ്രമാണികളായവരോ അവർ പണ്ടു എങ്ങനെയുള്ളവർ ആയിരുന്നാലും എനിക്കു ഏതുമില്ല; ദൈവം മനുഷ്യന്റെ മുഖം നോക്കുന്നില്ല; **പ്രമാണികൾ എനിക്കു ഒന്നും** ഗ്രഹിപ്പിച്ചുതന്നിട്ടില്ല.*

ആളുകൾ തങ്ങളെത്തന്നെ ഉയർത്തുകയും ശിഷ്യന്മാരുടെയിടയിൽ തന്നെ പ്രഭാഷണങ്ങളെ വിലയിരുത്തി നല്ല പ്രസംഗകരെന്നും അല്ലാത്തവരെന്നും മുദ്രകുത്തുമ്പോൾ അതിനെ ജഡികം എന്നു വിളിച്ച് ശാസിച്ച **ആദിമ ശിഷ്യന്മാർക്കുണ്ടായിരുന്ന താഴ്മയും മനോഭാവവും** നിങ്ങൾക്കു കാണാം.

**1 കൊരിന്ത്യർ 3:1–11, 18–23**

*എന്നാൽ സഹോദരന്മാരേ, നിങ്ങളോടു എനിക്കു ആത്മികന്മാരോടു*
*എന്നപോലെ അല്ല, ജഡികന്മാരോടു എന്നപോലെ, **ക്രിസ്തുവിൽ***
***ശിശുക്കളായവരോടു** എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളു.*
*[2]**ഭക്ഷണമല്ല**, പാൽ അത്രേ **ഞാൻ നിങ്ങൾക്കു തന്നതു**; ഭക്ഷിപ്പാൻ*
*നിങ്ങൾക്കു കഴിവില്ലായിരുന്നു; ഇപ്പോഴും കഴിവായിട്ടില്ല; ഇന്നും നിങ്ങൾ*
*ജഡികന്മാരല്ലോ. [3]നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ,*
*നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ?*
*[4]ഒരുത്തൻ: ഞാൻ പൌലൊസിന്റെ പക്ഷക്കാരൻ എന്നും മറ്റൊരുത്തൻ:*
*ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ*
*സാധാരണ മനുഷ്യരല്ലയോ?*

*[5]**അപ്പൊല്ലോസ് ആർ? പൌലൊസ് ആർ?** തങ്ങൾക്കു കർത്താവു*
*നല്കിയതുപോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന*
*ശുശ്രൂഷക്കാരത്രേ. [6]ഞാൻ നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രേ*
*വളരുമാറാക്കിയതു. [7]ആകയാൽ **വളരുമാറാക്കുന്ന ദൈവമല്ലാതെ***
*നടുന്നവനും നനെക്കുന്നവനും ഏതുമില്ല. [8]നടുന്നവനും നനെക്കുന്നവനും*
*ഒരുപോലെ; ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്നു ഒത്തവണ്ണം*
*കൂലി കിട്ടും. [9]ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ*
*ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ ഗൃഹനിർമ്മാണം.*
*[10]എനിക്കു ലഭിച്ച ദൈവകൃപെക്കു ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളോരു*
*പ്രധാന ശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു; മറ്റൊരുത്തൻ മീതെ*
*പണിയുന്നു. താൻ എങ്ങനെ പണിയുന്നു എന്നു ഓരോരുത്തനും*
*നോക്കിക്കൊള്ളട്ടെ. [11]യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന*
*അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല.*
*[18]**ആരും തന്നെത്താൻ വഞ്ചിക്കരുതു;***

***താൻ ഈ ലോകത്തിൽ ജ്ഞാനി എന്നു***
***നിങ്ങളിൽ ആർക്കെങ്കിലും തോന്നിയാൽ***
***അവൻ ജ്ഞാനിയാകേണ്ടതിന്നു ഭോഷനായിത്തീരട്ടെ.***
[19]*ഈ ലോകത്തിന്റെ ജ്ഞാനം ദൈവസന്നിധിയിൽ ഭോഷത്വമത്രേ. "അവൻ*
*ജ്ഞാനികളെ അവരുടെ കൌശലത്തിൽ പിടിക്കുന്നു" എന്നും*
[20]*"കർത്താവു ജ്ഞാനികളുടെ വിചാരം വ്യർത്ഥം എന്നറിയുന്നു" എന്നും*
*എഴുതിയിരിക്കുന്നുവല്ലോ.* [21]*ആകയാൽ ആരും മനുഷ്യരിൽ*
*പ്രശംസിക്കരുതു; സകലവും നിങ്ങൾക്കുള്ളതല്ലോ.* [22]*പൌലൊസോ,*
*അപ്പൊല്ലോസോ, കേഫാവോ, ലോകമോ, ജീവനോ, മരണമോ,*
*ഇപ്പോഴുള്ളതോ, വരുവാനുള്ളതോ സകലവും നിങ്ങൾക്കുള്ളതു.*
[23]***നിങ്ങളോ ക്രിസ്തുവിന്നുള്ളവർ; ക്രിസ്തു ദൈവത്തിന്നുള്ളവൻ.***

നിങ്ങളെക്കുറിച്ച് കൂടെക്കൂടെ നല്ല കാര്യങ്ങൾ ആളുകൾ പറയുന്നുവെങ്കിൽ ദയവായി നിങ്ങൾ നിങ്ങളുടെ ജീവിതത്തെ ദൈവസന്നിധിയിൽ പരിശോധിക്കുക. നിങ്ങളോടു തന്നേ ഒരു ചോദ്യം ചോദിക്കേണ്ടയാവശ്യമുണ്ട്. നിങ്ങൾ നിങ്ങളുടെ കർത്താവും യജമാനനുമായ യേശുക്രിസ്തുവിനെക്കാൾ വലിയവനോ? നാം യഥാർത്ഥമായി അവന്റെ ഭവനത്തിലെയും രാജ്യത്തിലെയും അംഗമായിരിക്കുന്നുവെങ്കിൽ നിങ്ങളെത്തന്നെ പരിശോധിക്കുന്നതിനായി നിങ്ങളുടെ യജമാനന്റെ മുകളിൽ പറഞ്ഞ വാക്കുകളുമായി നിങ്ങളുടെ ജീവിതത്തെ ഒത്തുനോക്കേണ്ടതാണ്.

ഏതു ഗണത്തിലാണ് നാം ഉൾപ്പെടുന്നത് എന്നറിയുന്നതിന് നമ്മുടെ ജീവിതത്തെ താഴെക്കാണുന്ന തിരുവചനവുമായി തട്ടിച്ചുനോക്കുന്ന **'ലിറ്റ്മസ് പരീക്ഷണം'** നടത്തിയതിനുശേഷം ഈ വചനത്തിനനുസരണമായി നാം എവിടെ നില്ക്കുന്നു എന്നു കണ്ടെത്തുക!

വീണ്ടും **ലൂക്കൊസ് 6:22–26** ൽ കർത്താവു പറയുന്നു
[22]*മനുഷ്യപുത്രൻ നിമിത്തം*
***മനുഷ്യർ നിങ്ങളെ ദ്വേഷിച്ചു ഭ്രഷ്ടരാക്കി നിന്ദിച്ചു***
*നിങ്ങളുടെ പേർ വിടക്കു എന്നു തള്ളുമ്പോൾ*
*നിങ്ങൾ ഭാഗ്യവാന്മാർ.* [23]*ആ നാളിൽ സന്തോഷിച്ചു തുള്ളുവിൻ;*
*നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വലിയതു; അവരുടെ പിതാക്കന്മാർ*
*പ്രവാചകന്മാരോടു അങ്ങനെ തന്നേ ചെയ്തുവല്ലോ.* [24]*എന്നാൽ*
*സമ്പന്നന്മാരായ നിങ്ങൾക്കു അയ്യോ കഷ്ടം;*
*നിങ്ങളുടെ ആശ്വാസം നിങ്ങൾക്കു ലഭിച്ചുപോയല്ലോ.*

*[25]ഇപ്പോൾ തൃപ്തന്മാരായ നിങ്ങൾക്കു അയ്യോ കഷ്ടം;*
*നിങ്ങൾക്കു വിശക്കും. ഇപ്പോൾ ചിരിക്കുന്നവരായ*
*നിങ്ങൾക്കു അയ്യോ കഷ്ടം; നിങ്ങൾ ദുഃഖിച്ചു കരയും.*
***[26]സകല മനുഷ്യരും നിങ്ങളെ പുകഴ്ത്തിപ്പറയുമ്പോൾ***
***നിങ്ങൾക്കു അയ്യോ കഷ്ടം; അവരുടെ പിതാക്കന്മാർ***
***കള്ളപ്രവാചകന്മാരെ അങ്ങനെ ചെയ്തുവല്ലോ.***

**1 പത്രൊസ് 2:4–5 പറയുന്നു**

***[4]മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ***
***ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ***
*അവന്റെ അടുക്കൽ വന്നിട്ടു*
*നിങ്ങളും [5]ജീവനുള്ള കല്ലുകൾ എന്നപോലെ*
*ആത്മികഗൃഹമായി യേശുക്രിസ്തുമുഖാന്തരം*
*ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാന്തക്ക*
*വിശുദ്ധപുരോഹിതവർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു.*

**1 പത്രൊസ് 2:4–5** ൽ നിന്നും വ്യക്തമായി നമുക്കു ലഭിക്കുന്ന ദൈവവചനം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്, **നമ്മുടെ കർത്താവായ യേശുക്രിസ്തു മനുഷ്യരാൽ തള്ളപ്പെട്ടുവെങ്കിലും** ദൈവത്തിനു വിലയേറിയവനായിരുന്നുവെങ്കിൽ അവന്റെ ശിഷ്യന്മാരെന്ന് സ്വയം അഭിമാനിക്കുന്ന നാം മനുഷ്യരാൽ തള്ളപ്പെടാൻ ആഗ്രഹിക്കാതെ (മനുഷ്യരുടെ ബഹുമാനം നേടിയെടുക്കാൻ ശ്രമിച്ചുകൊണ്ട്) എല്ലാവരും നമ്മെ പുകഴ്ത്തണമെന്ന് ആഗ്രഹിക്കുന്നു.

**മത്തായി 10:24–25 ലെ കർത്താവായ**
**യേശുവിന്റെ വാക്കുകൾ ഓർക്കുക:**

*[24]ശിഷ്യൻ ഗുരുവിന്മീതെയല്ല; ദാസൻ യജമാനന്നു മീതെയുമല്ല;*
***[25]ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യന്നു മതി;***
***യജമാനനെപ്പോലെയാകുന്നതു ദാസന്നും മതി.***
*അവർ വീട്ടുടയവനെ ബെയെത്സെബൂൽ*
*എന്നു വിളിച്ചു എങ്കിൽ വീട്ടുകാരെ എത്ര അധികം?*

# അധ്യായം 4

## ബുദ്ധിയില്ലാത്ത കന്യകമാർ 'സുവിശേഷം' തങ്ങൾക്കു മാത്രമായി സൂക്ഷിക്കുന്നു

ക്രിസ്തുവിൽ പ്രിയമുള്ളവരേ, 'സുവിശേഷത്തിന്റെ സുവാർത്ത'യെ ബുദ്ധിമാന്മാർ തങ്ങൾക്കു ചുറ്റും വ്യാപിപ്പിക്കുമ്പോൾ അതു തങ്ങൾക്കു മാത്രമായി സൂക്ഷിക്കുന്ന (കുഴിച്ചിടുന്ന) ബുദ്ധിയില്ലാത്ത കന്യകമാരെക്കുറിച്ചു പ്രസ്താവിക്കുന്ന ഈ ഭാഗം ഈ ഗ്രന്ഥത്തിന്റെ അതിപ്രധാനമായ ഭാഗമാണ്. സുവാർത്ത/സുവിശേഷം പങ്കിടുന്നതിനുള്ള വിളിയും ഭാരവും യഥാർത്ഥമായി രക്ഷിക്കപ്പെട്ട ഓരോ വിശ്വാസിയും നിവർത്തിക്കേണ്ട ഒരു **ശുശ്രൂഷയാണ്.** രക്ഷിക്കപ്പെട്ട വിശ്വാസികൾ ഈ നഷ്ടപ്പെട്ട ലോകത്തിൽ നിരപ്പിന്റെ സ്ഥാനാപതികളായിരിക്കണമെന്ന് ദൈവത്തിന്റെ വചനം കല്പിക്കുന്നു.

**2 കൊരിന്ത്യർ 5:17–21**

*[17]**ഒരുത്തൻ ക്രിസ്തുവിലായാൽ***
*അവൻ പുതിയ സൃഷ്ടി ആകുന്നു;*
*പഴയതു കഴിഞ്ഞു പോയി, ഇതാ, അതു പുതിയതായി തീർന്നിരിക്കുന്നു.*
*[18]അതിന്നൊക്കെയും ദൈവം തന്നേ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു.*
*[19]ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. **ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു.***
*[20]ആകയാൽ ഞങ്ങൾ **ക്രിസ്തുവിന്നു വേണ്ടി സ്ഥാനാപതികളായി,** ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിന്നു പകരം അപേക്ഷിക്കുന്നു; അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതു പോലെ ആകുന്നു.*
*[21]പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു അവൻ നമുക്കു വേണ്ടി പാപം ആക്കി.*

***ഒരുത്തൻ ക്രിസ്തുവിലായാൽ*** എന്നു പറഞ്ഞുകൊണ്ടാണ് മുകളിലെ വേദഭാഗം ആരംഭിക്കുന്നത്. നാം ക്രിസ്തുവിലാണ് എന്നു ഞാനും നിങ്ങളും

അവകാശപ്പെടുന്നുവെങ്കിൽ, എങ്കിൽ മുകളിൽ നാം വായിക്കുന്നതുപോലെ ബൈബിൾ പറയുന്നത്, ***ദൈവം നമുക്ക് നിരപ്പിന്റെ ശുശ്രൂഷ തന്നിരിക്കുന്നു*** എന്നും അതിനാൽ ***നാം ഇപ്പോൾ ക്രിസ്തുവിന്റെ സ്ഥാനാപതികൾ ആകുന്നു*** എന്നുമാണ്!

കർത്താവായ യേശുക്രിസ്തുവിന്റെ ശിഷ്യനാണ് ഞാൻ എന്നു നാം അവകാശപ്പെടുന്നുവെങ്കിൽ കൂട്ടുശിഷ്യന്മാരെ വാർത്തെടുക്കുന്നതിനുള്ള ശ്രേഷ്ഠനിയോഗത്തിന്റെ പുതപ്പ് ഓരോ വിശ്വാസിയുടെ മേലും വീണിരിക്കുകയാണ് - മത്തായി 28:18-20. കർത്താവായ യേശുക്രിസ്തുവിന്റെ ശ്രേഷ്ഠനിയോഗം തിരഞ്ഞെടുക്കപ്പെട്ട ചിലർക്കു മാത്രമുള്ളതല്ല, മറിച്ച് ഇപ്പോഴും ഭാവിയിലുമുള്ള സകല സത്യശിഷ്യന്മാർക്കുമുള്ളതാണ്. സാമ്പത്തിക പിന്തുണ നല്കിക്കൊണ്ട് പൂർണ്ണസമയ മിഷനറിമാരെ അതിനു പകരം വയ്ക്കാൻ കഴികയില്ല.

അത് നാം ചെയ്യുന്ന സകല കാര്യത്തെക്കാളും - നമ്മുടെ ഭക്ഷണത്തെക്കാളും പാനീയത്തെക്കാളും - അതിപ്രധാനമായതും പട്ടികയുടെ ഒന്നാം സ്ഥാനത്തുള്ളതും ആണെന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നു.

**1 കൊരിന്ത്യർ 10:31-33**

*[31]ആകയാൽ നിങ്ങൾ **തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ.** [32]യെഹൂദന്മാർക്കും യവനന്മാർക്കും ദൈവസഭെക്കും ഇടർച്ചയല്ലാത്തവരാകുവിൻ. [33]ഞാനും എന്റെ ഗുണമല്ല, **<u>പലർ രക്ഷിക്കപ്പെടേണ്ടതിന്നു</u>** അവരുടെ ഗുണം തന്നേ അന്വേഷിച്ചുകൊണ്ടു എല്ലാവരെയും എല്ലാംകൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ.*

***<u>അവർ രക്ഷിക്കപ്പെടേണ്ടതിനാണ്</u>*** പൗലൊസ് സകലവും ചെയ്യുന്നത്, നാമോ? വിശ്വാസികളായ നാം അന്യോന്യം ക്രിസ്തുവിനെക്കുറിച്ച് പങ്കുവയ്ക്കുന്നതിൽ വിദഗ്ധരാണ് (നമ്മുടെയിടയിൽ കർത്താവിന്റെ നന്മകളെക്കുറിച്ച് മണിക്കൂറുകൾ സംസാരിച്ചുകൊണ്ട് നാം ചിലവഴിക്കും - നല്ലത്) എന്നാൽ ചന്തയിലോ ജോലിസ്ഥലത്തോ ചെല്ലുമ്പോൾ നാം വായ് മൂടിക്കെട്ടിയവരും നാം ക്രിസ്ത്യാനികളാണെന്നറിയുന്നതിൽ ലജ്ജിക്കുന്നവരും ആയിരിക്കും (സുവിശേഷം പറയുന്ന കാര്യം പറയുകയും വേണ്ട).

**റോമർ 1:16 ൽ**

**അപ്പൊസ്തലനായ പൗലൊസ് പറഞ്ഞു**

***സുവിശേഷത്തെക്കുറിച്ചു എനിക്കു <u>ലജ്ജയില്ല</u>;***
*വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദന്നും പിന്നെ യവനന്നും*
*<u>അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ.</u>*

*'ഒരുവൻ എന്നെ അനുഗമിക്കാൻ ഇച്ഛിച്ചാൽ* ***അവൻ തന്നെത്താൻ ത്യജിക്കണം'*** എന്നു കർത്താവായ യേശു പറഞ്ഞു. നമ്മുടെ യജമാനനായ യേശുവിന്റെ കല്പനയായ **തന്നെത്താൻ ത്യജിക്കുക** എന്നതിന്റെ ആദ്യഘട്ടത്തിൽ യോഗ്യത നേടുന്നില്ലെങ്കിൽ അവന്റെ ശിഷ്യനായിരിപ്പാൻ നമുക്കു കഴികയില്ല. **'തന്നെത്താൻ ത്യജിക്കു'ന്നതിന്റെ ആദ്യത്തെ പരീക്ഷയാണ് സുവിശേഷം പങ്കുവയ്ക്കുക എന്നത്.** നമ്മുടെ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കുകയും അയല്ക്കാരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കുകയും ചെയ്യുക എന്ന **മത്തായി 22:37–38** ലെ ആദ്യത്തെ രണ്ട് അതിപ്രധാന കല്പനകളെ നാം പാലിക്കുന്നുണ്ടോ എന്നതിന്റെ പരീക്ഷയുമാണ് സുവിശേഷം പങ്കിടുക എന്നത്. സുവിശേഷം പങ്കിടുമ്പോൾ അത് രണ്ടു കല്പനകളെയും പാലിക്കുന്നു എന്ന കാര്യം ചിന്തിക്കുക.

ക്രിസ്തുവിനുവേണ്ടി 'തന്നെത്താൻ ത്യജിക്കുക' എന്നതുപോകട്ടെ **'ഈ ലോകത്തിലെ ഏതെങ്കിലും കാര്യങ്ങൾ നിഷേധിക്കാൻ പോലും' വിശ്വാസികളായ നമുക്കു കഴിയുന്നില്ല.**

**1 കൊരിന്ത്യർ 3:1–3** ൽ ഈ വിശ്വാസികളെ പരാമർശിച്ചുകൊണ്ട് അപ്പൊസ്തലനായ പൗലൊസ് പറയുന്നു: *എന്നാൽ സഹോദരന്മാരേ, നിങ്ങളോടു എനിക്കു ആത്മികന്മാരോടു എന്നപോലെ അല്ല,* ***ജഡികന്മാരോടു എന്നപോലെ,*** *ക്രിസ്തുവിൽ ശിശുക്കളായവരോടു എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളു. [2]ഭക്ഷണമല്ല, പാൽ അത്രേ ഞാൻ നിങ്ങൾക്കു തന്നതു; ഭക്ഷിപ്പാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു; ഇപ്പോഴും കഴിവായിട്ടില്ല;* ***ഇന്നും നിങ്ങൾ ജഡികന്മാരല്ലോ.*** *[3]നിങ്ങളുടെ ഇടയിൽ* ***ഈർഷ്യയും പിണക്കവും*** *ഇരിക്കെ, നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ?*

ചില സമയത്ത് കർത്താവിനുവേണ്ടി വളരെ കാര്യങ്ങൾ ചെയ്യണമെന്നു നാം ആഗ്രഹിക്കും. എങ്കിലും നമ്മുടെ ജീവിതത്തിലൂടെ നിവർത്തിച്ചെടുക്കാൻ ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾക്കായി യഥാർത്ഥമായി 'തന്നെത്താൻ ത്യജിക്കേണ്ട' ഘട്ടം വരുമ്പോൾ നാം അവനെ കഠിനമായി നിരാശപ്പെടുത്തും. അതിനാലാണ്, ദൈവത്തിനുവേണ്ടി കാര്യങ്ങൾ ചെയ്യുന്നതും നാം എന്തു ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നു എന്ന് അവനോടു ചോദിക്കുന്നതും തമ്മിൽ വലിയ അന്തരമുണ്ടെന്ന് ഞാൻ മുമ്പു പറഞ്ഞത്. **വലിയ അന്തരം!**

സുവിശേഷം കേൾക്കുന്നതിലും ചിലപ്പോൾ 'സുവിശേഷം എങ്ങനെ പങ്കുവയ്ക്കാം' എന്നതിനെക്കുറിച്ചുള്ള സെമിനാറുകളിൽ സംബന്ധിച്ച് പരിശീലനം നേടുന്നതിലും നാം വിദഗ്ധരാണ്, എന്നിട്ടും നിർഭാഗ്യവശാൽ കഴിവില്ലാത്തവരും ഒരുക്കപ്പെടാത്തവരുമായി നാം കഴിയുന്നു.

പൗലൊസിന്റെ മാതൃക വീണ്ടും എടുത്താൽ, പൗലൊസ് കൃപയാൽ രക്ഷി

ക്കപ്പെട്ട ഉടനെ തന്റെ ജീവിതത്തെക്കുറിച്ചുള്ള കർത്താവിന്റെ വിളി അവനു ലഭിക്കുകയും അവൻ കാത്തിരിക്കാതെ എല്ലായിടത്തും സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. പ്രാരംഭമായി *'യേശു നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു'* എന്ന് അവനറിയാമായിരുന്ന കാര്യം മാത്രമാണ് അവൻ പ്രസംഗിച്ചത്, തന്നെ ആരുടെയടുത്തേക്കെല്ലാം അയച്ചുവോ അവിടെയെല്ലാം അത് അവൻ പ്രസംഗിച്ചു. അവന്റെ സന്ദേശം ലളിതമായിരുന്നുവെങ്കിലും അവൻ പ്രസംഗിച്ചുകൊണ്ടേയിരുന്നു; പരിശുദ്ധാത്മാവിന്റെ ശക്തി അവന്റെമേൽ പകരപ്പെട്ടതിനാൽ അവന്റെ വിശ്വാസം അവനിൽ മാത്രം ഇരിക്കാതെ അവൻ സാക്ഷ്യം പറഞ്ഞ ആളുകളുടെ ജീവിതത്തിൽ രക്ഷയ്ക്കായി അതു പരിവർത്തിക്കുകയും ചെയ്തു. രണ്ടു തിരുവെഴുത്തുകൾ ഞാൻ നിങ്ങൾക്കായി ഉദ്ധരിക്കട്ടെ:

**1 കൊരിന്ത്യർ 2:1–5 ൽ പൗലൊസ് പറയുന്നു**

*ഞാനും, സഹോദരന്മാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിന്റെയോ ജ്ഞാനത്തിന്റെയോ വൈഭവം കൂടാതെയത്രേ ദൈവത്തിന്റെ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നതു. [2]ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു. [3]ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടുംകൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. [4]നിങ്ങളുടെ വിശ്വാസത്തിന്നു മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിന്റെ ശക്തി തന്നേ ആധാരമായിരിക്കേണ്ടതിന്നു [5]**എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണവാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നതു.***

ഇവിടെ അല്പം നിർത്തി, സുവിശേഷം പങ്കുവയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ നിങ്ങളോടു പറയുവാൻ ഞാനാഗ്രഹിക്കുന്നു; കാരണം ക്രിസ്തീയ സുവിശേഷീകരണം എന്ന ഈ വിഷയം എന്റെ ഹൃദയത്തോടു ചേർന്നു നില്ക്കുന്ന വിഷയമായതിനാലാണ് ഞാനതു ചെയ്യുന്നത്.

നിങ്ങൾ സുവിശേഷം പങ്കുവയ്ക്കാൻ തുടങ്ങുമ്പോൾ, സ്വർഗ്ഗം നിങ്ങളുടെ പിന്നിലുണ്ടെന്നും നിങ്ങളുടെ വാക്സാമർത്ഥ്യമോ ജ്ഞാനമോ അല്ല, കർത്താവിന്റെ കല്പനയോടുള്ള നിങ്ങളുടെ അനുസരണവും നിങ്ങളുടെ നാവ് ഉപയോഗിക്കാനുള്ള തയ്യാറുമാണ് ഫലം ഉളവാക്കുന്നതെന്നും ഓർമ്മിക്കുക. **കഴിവുള്ളവരെ വിളിക്കുകയല്ല, മറിച്ച് വിളിച്ചവരെ കഴിവുള്ളവരാക്കുകയാണ്** കർത്താവ് ചെയ്യുന്നതെന്ന് എപ്പോഴും ഓർമ്മിക്കുക.

**നിങ്ങളുടെ വിശ്വാസത്തിന്റെ പങ്കിടൽ പകരുന്നതാണ്,** കാരണം നമ്മുടെ

വിശ്വാസം നമ്മുടെ മാത്രം പ്രയോജനത്തിനുവേണ്ടി ദൈവം തരുന്ന ഒന്നല്ല. നമ്മുടെ വിശ്വാസത്തിന്റെ പങ്കിടൽ തുടക്കത്തിൽ പ്രയാസകരമായിരിക്കുമെങ്കിലും ഈ സദൃശവാക്യത്തിലൂടെ ഞാൻ നിങ്ങളെ ധൈര്യപ്പെടുത്തട്ടെ, 'മാനുഷഭയം ശത്രുവിന്റെ ഒരു കെണിയാകുന്നു.' മറ്റു വാക്കുകളിൽ പറഞ്ഞാൽ സുവിശേഷം പങ്കുവയ്ക്കാനുള്ള പദ്ധതിയുമായി നിങ്ങൾ മുമ്പോട്ടു പോകുമ്പോൾ "അങ്ങനെ സംഭവിച്ചാൽ എന്തുചെയ്യും" എന്ന ചിന്ത ശത്രു നിങ്ങളുടെ മനസ്സിൽ കൊണ്ടുവരും. എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു എന്നും അവയിൽ ഒന്നുപോലും ദൈവമറിയാതെ നിലത്തുവീഴുകയില്ല എന്നും കർത്താവു പറഞ്ഞത് ഓർക്കുക. സുവിശേഷം പ്രസംഗിക്കുക എന്നതാണ് തനിക്കുള്ള ദൗത്യം എന്നു കർത്താവായ യേശു പറഞ്ഞു –

**മർക്കൊസ് 1:38**

*38 'അവൻ അവരോട്: ഞാൻ അടുത്ത ഊരുകളിലും പ്രസംഗിക്കേണ്ടതിന് നാം അവിടേക്കു പോക; **ഇതിന്നായിട്ടല്ലോ ഞാൻ പുറപ്പെട്ടുവന്നിരിക്കുന്നത് എന്നു പറഞ്ഞു**"*

അവന്റെ ശിഷ്യന്മാരാണ് എന്നു നാം അവകാശപ്പെടുന്നുവെങ്കിൽ എങ്ങനെയാണ് നമ്മുടെ വിളി യജമാനൻ എന്നു നാം വിളിക്കുന്നവന്റെ വിളിയിൽ നിന്നും വ്യത്യസ്തമായിരിക്കുന്നത്?

തുടക്കക്കാർക്കുവേണ്ടി, നിങ്ങളുടെ വിശ്വാസം പങ്കിടുന്നതിനുള്ള ഒരു മാർഗ്ഗം, നിങ്ങളുടെ ചുറ്റുമുള്ള എല്ലാവരോടും 'നിങ്ങൾ യേശുക്രിസ്തുവിന്റെ പിൻഗാമി/ശിഷ്യൻ ആണ്' എന്നു പറയുകയാണ് (അത് ഏറ്റുപറയാൻ ഒരിക്കലും ലജ്ജിക്കാതിരിക്കുക). നിങ്ങൾക്ക് കഴിയുന്ന സമയത്തെല്ലാം കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവരുമായി ഒരു ബന്ധം സ്ഥാപിക്കുക. **'എല്ലാവരെയും ഉൾപ്പെടുത്തുക'** അതായത് ജോലിസ്ഥലത്തേക്കുള്ള യാത്രയിൽ നിങ്ങളുടെ അടുത്തിരിക്കുന്ന വ്യക്തിമുതൽ പച്ചക്കറിക്കടക്കാരനും സഹപാഠിയും വരെ.

കർത്താവിനെ ആഴമായി സ്നേഹിക്കുന്ന ഒരു ചൈനീസ് സഹോദരൻ, സുവിശേഷം പങ്കിടുവാൻ കർത്താവ് അദ്ദേഹത്തെ ആദ്യമായി പ്രേരിപ്പിച്ചതിനെക്കുറിച്ച് അടുത്തകാലത്ത് എന്നോടു പറയുകയുണ്ടായി. അദ്ദേഹം ആസ്ട്രേലിയയിലെ ഷോപ്പിംഗ് മാളുകളിൽ സുവിശേഷം പങ്കുവയ്ക്കുവാൻ ചെന്നു. ഷോപ്പിംഗ് മാളിലെ വിവിധ ചൈനക്കാരോട് സംസാരിച്ചുകൊണ്ട് അദ്ദേഹം ആരംഭിച്ചു. ഒരു ദിവസം കർത്താവ് അദ്ദേഹത്തോട് **യോഹന്നാൻ 3:16** ലൂടെ സംസാരിക്കുകയും *'ദൈവം ചൈനക്കാരെ സ്നേഹിച്ചു'* എന്നല്ല എഴുതിയിരിക്കുന്നത് മറിച്ച് *'ലോകത്തെ സ്നേഹിച്ചു'* എന്നാണ് എഴുതിയിരിക്കുന്നതെന്നു ഓർപ്പിക്കുകയും ചെയ്തു. അന്നു മുതൽ അദ്ദേഹം **എല്ലാവരോടും** ധൈര്യത്തോടെ 'സുവിശേഷം' പ്രസംഗിക്കുവാനാരംഭിച്ചു.

മറ്റുള്ളവരോടു സുവിശേഷം പ്രസംഗിക്കുന്നതിനുള്ള വാതിലുകൾ കർത്താവു തുറന്നുതരുമ്പോൾ ധൈര്യത്തോടെ അതു ചെയ്യുന്നതിനുള്ള ഒരവസരവും നാം നഷ്ടപ്പെടുത്തരുത്. 'ഞാൻ എന്റെ ജീവിതം ജീവിച്ചു കാണിക്കുകയാണ്, എനിക്കു ചുറ്റുമുള്ളവർ ഞാൻ യേശുവിന് സ്നേഹിക്കുന്നതു കണ്ടുകൊള്ളും' എന്നു സൗകര്യപൂർവ്വം ചിന്തിച്ച് അനേകരും ഇതിനെ കൂട്ടിക്കുഴയ്ക്കുകയാണ്. ഹലോ! ആരെയാണു നാം വിഡ്ഢിയാക്കുന്നത്? ക്രിസ്തുവിനുവേണ്ടി ലോകത്തെ സുവിശേഷീകരിക്കുന്നതും ലോകത്തിൽ ചുറ്റിപ്പറ്റി ജീവിക്കുന്നതും **തമ്മിൽ വലിയ വ്യത്യാസമുണ്ട്.**

ലോകത്തിന്റെ സ്നേഹിതനാകുന്നവൻ ദൈവത്തിന്റെ ശത്രുവാണെന്ന് **യാക്കോബ് 4:4** പറയുന്നു. ഞാനും നിങ്ങളും വായ് തുറന്ന് ധൈര്യത്തോടെ സുവിശേഷം അവരോടു പറയുന്നില്ലെങ്കിൽ അവരെങ്ങനെ ക്രിസ്തുവിനെ അറിയും?

**റോമർ 10:13-14**

*"കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും"*
*എന്നുണ്ടല്ലോ. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ*
*വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും?*
***പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?***
*ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും?*
*"**നന്മ സുവിശേഷിക്കുന്നവരുടെ** കാൽ എത്ര മനോഹരം"*
*എന്നു എഴുതിയിരിക്കുന്നുവല്ലോ.*

**രഹസ്യ ക്രിസ്ത്യാനികളോ ക്രിസ്ത്യാനിത്വത്തിന്**
**രഹസ്യ ഏജന്റുമാരോ ഇല്ല എന്നു മനസ്സിലാക്കുക.**

**നിങ്ങൾ ക്രിസ്തുവിനുള്ളവനാണെന്ന് നിങ്ങളുടെ വിശ്വാസം ഏറ്റുപറയാതെ** റോക്ക് സംഗീത പരിപാടികൾക്കോ സിനിമകൾക്കോ പോകുന്നതും സോഷ്യൽ നെറ്റ്‌വർക്കുകളിൽ സജീവമാകുന്നതും ലോകത്തോട് ചേർന്നു നടക്കുന്നതും നല്ല കാര്യമോ ശരിയായ കാര്യമോ അല്ലെന്നു മാത്രമല്ല അങ്ങനെ ചെയ്യുന്നത് **വേർപാടു പാലിക്കുവാൻ വിളിക്കപ്പെട്ടവരായ** വിശ്വാസികൾക്ക് ഭൂഷണവുമല്ല.

കർത്താവായ യേശു സമൂഹത്തിൽനിന്നും മാറിനിന്നില്ല, എങ്കിലും ആന്തരികമായി അവൻ എല്ലായ്പോഴും അതിൽ നിന്നും അകന്നുനിന്നിരുന്നു. തന്റെ വേർപാടിനെയോ തന്മൂലം വിശുദ്ധിയെയോ ബാധിക്കുവാൻ നമ്മുടെ കർത്താവ് ഒന്നിനെയും അനുവദിച്ചിരുന്നില്ല. **സമൂഹത്തിൽ ഇടപെടുന്നതിലുള്ള അവന്റെ ഏക ഉദ്ദേശ്യം സാക്ഷ്യം വഹിക്കുക എന്നതായിരുന്നു;**

"ദൈവരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ" എന്ന തന്റെ പിതാവിന്റെ സന്ദേശം വിളംബരം ചെയ്യുന്നതിൽ അവൻ ഒരിക്കലും വിട്ടുവീഴ്ച ചെയ്തിരുന്നില്ല (**മർക്കൊസ് 1:15**). കൂട്ടുകാരോടൊപ്പം സെക്കുലർ സംഗീതം ശ്രവിക്കുകയും വൃത്തികെട്ട തമാശകൾ പറയുകയും ചെയ്തിട്ട് ദൈവത്താൽ വിശുദ്ധീകരിക്കപ്പെടുമെന്ന് നമുക്കു പ്രതീക്ഷിക്കാനാവില്ല. ലേവ്യർ ദൈവാലയത്തിൽ പ്രവേശിക്കുംമുമ്പ് തങ്ങളെത്തന്നെ വിശുദ്ധീകരിക്കണമായിരുന്നു. ലേവ്യരെപ്പോലെ നമ്മെത്തന്നെ വിശുദ്ധീകരിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട് (**സങ്കീർത്തനം 1:1**). നിങ്ങളെത്തന്നെ വിശുദ്ധീകരിക്കാതെ ദൈവം നിങ്ങളെ വിശുദ്ധീകരിക്കുമെന്നു പ്രതീക്ഷിക്കരുത്. വിശുദ്ധീകരണം, ഞാൻ ആവർത്തിക്കട്ടെ, നാം ചെയ്യേണ്ട ഭാഗമാണ് (**2 പത്രൊസ് 3:14**). അപ്പോൾ കർത്താവു നമ്മെയും തന്റെ മന്ദിരമായ നമ്മുടെ ശരീരത്തെയും വിശുദ്ധീകരിക്കും.

മറ്റൊരു ഉദാഹരണം പറഞ്ഞാൽ, നമ്മിൽ ചിലർ സെക്കുലർ സിനിമകൾ കാണുന്നത്, അവ നമ്മെ മറ്റുള്ളവരുടെ ആവശ്യങ്ങളെ സംബന്ധിച്ച് കൂടുതൽ ബോധവാന്മാരാക്കും എന്ന തെറ്റായ ധാരണയുടെ അടിസ്ഥാനത്തിലാണ്. സിനിമകളും ടെലിവിഷൻ സീരിയലുകളും കണ്ട് നാം കരയുകയും കണ്ണുനീരൊഴുക്കുകയും ചെയ്തിട്ട് നാം എത്രവേഗം വികാരഭരിതരാകുന്ന ആളുകളാണ് എന്ന് സ്വയം ചിന്തിക്കുന്നു. എന്നാൽ സാങ്കല്പിക ലോകത്തുനിന്നും യഥാർത്ഥ ലോകത്തിലേക്കു മടങ്ങിവരുമ്പോൾ ഒരു ചെറിയ കാര്യം മതി നാം പൊട്ടിത്തെറിക്കുവാനും തെറ്റുചെയ്തവരോട് ക്ഷമിക്കാത്ത നിലപാടു സ്വീകരിക്കുന്നവരാകുവാനും. ഞാൻ മനസ്സിലാക്കിയിടത്തോളം ആ സിനിമകൾ നമുക്കാകെ ചെയ്തുതരുന്നത് നമ്മുടെ അയല്ക്കരോട് സഹാനുഭൂതിയുള്ളവരാകുന്നതിനുപകരം നമ്മെ സ്വയം കൂടുതൽ വികാരഭരിതരും തൊട്ടാവാടികളും ആക്കുകയാണ്.

**ഓരോ സത്യവിശ്വാസിയും ഒരു പ്രത്യേക ജാതി എന്ന നിലയിൽ അവിശ്വാസികളോട് വേർപാട് പാലിക്കണമെന്ന് ദൈവവചനം പ്രബോധിപ്പിക്കുന്ന കാര്യം അനേക വിശ്വാസികൾക്കും അറിഞ്ഞുകൂടാ.** യഥാർത്ഥ ക്രിസ്ത്യാനിത്വം നമ്മെ ലോകത്തിൽ ജീവിക്കാൻ ആഹ്വാനം ചെയ്യുന്നു, ലോകം നമ്മിൽ ജീവിക്കാനല്ല. വേർപാടു പാലിക്കുന്നതിന് തന്റെ ജനത്തോടുള്ള ദൈവത്തിന്റെ ആഹ്വാനം പഴയ നിയമത്തിൽ മാത്രമല്ല പുതിയ നിയമത്തിൽ പലയിടത്തും കാണാം:

**2 കൊരിന്ത്യർ 6:14–17**

14 ***നിങ്ങൾ അവിശ്വാസികളോടു ഇണയല്ലാപ്പിണ കൂടരുതു;***
*നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരു ചേർച്ച?*
*വെളിച്ചത്തിന്നു ഇരുളോടു എന്തോരു കൂട്ടായ്മ?*

*[15]ക്രിസ്തുവിന്നും ബെലീയാലിന്നും തമ്മിൽ എന്തു പൊരുത്തം?*
*അല്ല, വിശ്വാസിക്കു അവിശ്വാസിയുമായി എന്തു ഓഹരി?*
*[16]ദൈവാലയത്തിന്നു വിഗ്രഹങ്ങളോടു എന്തു യോജ്യത?*
*നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ.*
*"ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കയും ചെയ്യും;*
*ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും"*
*എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ടു*
***"അവരുടെ നടുവിൽനിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു***
***കർത്താവു അരുളിച്ചെയ്യുന്നു;** അശുദ്ധമായതു ഒന്നും തൊടരുതു;*
*[17]എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ*
*എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും" എന്നു സർവ്വശക്തനായ*
*കർത്താവു അരുളിച്ചെയ്യുന്നു.*

ഫറവോന്റെ കൊട്ടാരത്തിലെ ആഢംബരങ്ങളുടെ മടിയിൽ വളർന്നിട്ടും താൻ ഒരു എബ്രായനാണെന്നറിഞ്ഞ മോശെക്ക് അവിടെ നിന്ന് മാറിപ്പോകുന്നതല്ല. ***'മിസ്രയീമിലെ നിക്ഷേപങ്ങളെ അല്ലെങ്കിൽ മാഞ്ഞുപോകുന്ന സുഖത്തെക്കാൾ'*** (തിരുവചനം പറയുന്നു) തന്റെ ജനമായ യിസ്രായേലിനോടു ചേർന്ന് വേർപാട് പാലിക്കുന്നതുമായിരുന്നു അഭികാമ്യമായി തോന്നിയത്.

**എബ്രായർ 11:24-27 പറയുന്നു**

*[24]വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ **പാപത്തിന്റെ***
***തല്ക്കാലഭോഗത്തെക്കാളും** ദൈവജനത്തോടുകൂടെ കഷ്ടമനുഭ*
*വിക്കുന്നതു തിരഞ്ഞെടുത്തു. [25]പ്രതിഫലം നോക്കിയതുകൊണ്ടു*
*ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കയും*
*[26]**മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ** ക്രിസ്തുവിന്റെ നിന്ദ വലിയ ധനം*
*എന്നു എണ്ണുകയും ചെയ്തു. [27]**വിശ്വാസത്താൽ** അവൻ*
*അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറെച്ചുനില്ക്കയാൽ*
*രാജാവിന്റെ കോപം ഭയപ്പെടാതെ **മിസ്രയീം വിട്ടു പോന്നു.***

നാം മുകളിൽ വായിച്ചതുപോലെ ബൈബിളിലെ ദൈവത്തിന്റെ വചനം എത്ര ഗൗരവത്തോടെയാണ് നാം എടുക്കുന്നത്? ഞാൻ മുമ്പു പറഞ്ഞതുപോലെ, ക്രിസ്തുവിനുവേണ്ടി ലോകത്തെ സുവിശേഷീകരിക്കുന്നതും ലോകത്തോട് ചേർന്നു നടക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. തങ്ങൾ യഥാർത്ഥമായി വീണ്ടുംജനിച്ചവരാണ് എന്നു പറയുന്നവരോടാണ് ഞാനിതു പറയുന്നത്. ക്രിസ്തീയ വിശ്വാസികളായ അനേകർ അവിശ്വാസികളുമായി വിവാഹബന്ധത്തിലേർപ്പെടുകയോ ബിസ്സിനസിൽ പങ്കാളികളാകുകയോ ചെയ്ത് കൈപൊള്ളിയ (വർഷങ്ങൾക്കു ശേഷമായിരിക്കും അതു തിരിച്ചറിയുന്നത്) അനേക അനുഭവങ്ങൾ ഞാൻ കണ്ടിട്ടുണ്ട്.

*'ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുക'* എന്ന പ്രവചനം ഇന്നു നിവർത്തിയായിരിക്കുകയാണ്. എന്തിന്റെ ശക്തിയെയാണ് ത്യജിക്കുന്നത്? ദൈവത്തിന്റെ വചനത്തിന്റെ ശക്തി നമ്മുടെ ജീവിതത്തിൽ ജീവിക്കുന്നതും പ്രാവർത്തികമാകുന്നതും ത്യജിക്കുക! **നാം കേട്ടത് ജീവിതത്തിൽ പകർത്തുമ്പോൾ മാത്രമാണ് വിശ്വാസത്തിനു ശക്തിയുണ്ടാകുന്നത്.**

**ഇന്നു നാം ബൈബിളിലെ സത്യങ്ങൾ കേൾക്കുന്നതു നിർത്തിയിരിക്കുന്നു.** നമ്മുടെ ആത്മീയാഹാരം ലഭിക്കുന്ന ഇടത്തെ കുറ്റപ്പെടുത്തുന്നതിനുപകരം നാം നമ്മെത്തന്നെ കുറ്റപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ ഉപദേശങ്ങൾ സഭയിലേക്കു മടങ്ങിവരുന്നുവെങ്കിൽ നാം സത്യം അറിയുകയും സത്യം നമ്മെ സ്വതന്ത്രരാക്കുകയും കർത്താവിങ്കലേക്കു നമ്മെ മടക്കിക്കൊണ്ടുവരികയും ഉണർവിനു കാരണമാകയും ചെയ്യും. ആധുനിക സഭ ചിന്തിക്കുന്ന തരത്തിലുള്ള ഉണർവ്വല്ല, യഥാർത്ഥ ഉണർവ്വ് 'മാനസാന്തരപ്പെട്ട്' ബൈബിൾ സത്യങ്ങൾ അനുസരിക്കുന്നതിലേക്കുള്ള 'മടങ്ങിവരവാണ്.'

**യാക്കോബ് 4:4–5 ൽ**

ദൈവവചനം വളരെ ശക്തിയോടെ നമ്മോടു പറയുന്നു

*4വ്യഭിചാരിണികളായുള്ളോരേ, **ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?** ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു. 5"അല്ലെങ്കിൽ തിരുവെഴുത്തു വെറുതെ സംസാരിക്കുന്നു എന്നു തോന്നുന്നുവോ? അവൻ നമ്മിൽ വസിക്കുമാറാക്കിയ ആത്മാവു അസൂയെക്കായി കാംക്ഷിക്കുന്നുവോ?"*

കർത്താവിന്റെ കൃപ നമ്മെ മനസ്സിലാക്കുകയും തന്റെ വചനത്തോടുള്ള നമ്മുടെ അനുസരണക്കേടിനെ അവഗണിക്കുകയും ചെയ്യുമെന്നു ചിന്തിക്കുന്നത് കുട്ടിയെ വെള്ളത്തൊട്ടിയോടൊപ്പം പുറത്തുകളയുന്നതിനു തുല്യമാണ്.

തങ്ങളുടെ ഊർജ്ജം ഉപയോഗിച്ച് ലോകത്തെ ഒരു നല്ല സ്ഥലമാക്കാൻ ശ്രമിച്ചും ദൈവിക ശുശ്രൂഷയാണ് തങ്ങൾ ചെയ്യുന്നത് എന്നു ചിന്തിച്ചും (പൊതുവായ ലോകവീക്ഷണം) ക്രിസ്തീയ വിശ്വാസികൾ **ലോകത്തോടു വല്ലാതെ കൂടിക്കുഴഞ്ഞു കിടക്കുന്നു**. നിർഭാഗ്യവശാൽ അത് ദൈവത്തിന്റെ വഴികളിൽനിന്നും വിചാരങ്ങളിൽനിന്നും കല്പനകളിൽനിന്നും (വചന വീക്ഷണം) വളരെ വ്യത്യസ്തമാണ് – **2 തിമൊഥെയൊസ് 2:1–4. എബ്രായർ 11:13** പറയുന്നത് ബൈബിളിലെ വിശ്വാസ വീരന്മാർ ഭൂമിയിൽ തങ്ങൾ 'അന്യരും പരദേശികളും' എന്ന് ഏറ്റുപറഞ്ഞ് ദൈവത്തിന്റെ അംഗീകാരം പ്രാപിച്ചു എന്നാണ്.

ക്രിസ്തുവിൽ പ്രിയരേ, അബദ്ധം സംഭവിക്കരുത്, ദൈവത്തിന്റെ വിശുദ്ധവചനത്തിലും കല്പനകളിലും നടക്കുന്നതിലൂടെ മാത്രമാണ് (യേശുവിന്റെ

മാതൃകയിൽനിന്നും നാം മനസ്സിലാക്കുന്നത്) നാം ആയിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്ന തരത്തിലുള്ള ബുദ്ധിമാന്മാരായ ആളുകളായി നമുക്കു തീരാൻ കഴിയുന്നത്.

നാ ക്രിസ്തുവിലാണോ അതോ ക്രിസ്തുവിനു വെളിയിലാണോ? തിരഞ്ഞെടുപ്പ് നമ്മുടേതാണ്. **'ക്രിസ്തുവിൽ' എന്നതിനർത്ഥം അവന്റെ സകല വചനങ്ങളിലും കല്പനകളിലും വസിക്കുക എന്നാണ് - മത്തായി 28:20.**

യോഹന്നാൻ സ്നാപകൻ ശുശ്രൂഷയാരംഭിച്ചപ്പോൾ, അവൻ ജാതികളുടെ അടുക്കലേക്കല്ല പോയത്, മറിച്ച് യഥാർത്ഥ മാനസാന്തരത്തോടു ബന്ധപ്പെട്ട് 'ഫലം കായ്ക്കാത്ത വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വെച്ചിരിക്കുന്നു' എന്നു പറയുന്നതിനായി വഴിതെറ്റിപ്പോയ നഷ്ടപ്പെട്ട 'ആടുകളുടെ' അടുക്കലേക്കാണു പോയത്. സത്യ സുവിശേഷം ഓരോ വിശ്വാസിയെയും അവന്റെ ജീവിതത്തെ വിലയിരുത്തുവാനും അവർ ചെയ്ത പാപത്തിൽ നിന്നു മാനസാന്തരപ്പെടുവാനും ആഹ്വാനം ചെയ്യുന്നു. നാം രക്ഷിക്കപ്പെട്ടവരാണെങ്കിൽ നാം വെളിച്ചത്തിലേക്കു വന്ന സമയത്ത് പാപികളെന്ന നിലയിൽ നാം മാനസാന്തരപ്പെട്ടിരുന്നു എന്നെനിക്കുറപ്പാണ് (ഒരു പക്ഷേ ആൾട്ടർ കോളിന്റെ സമയത്ത്). നാം നമ്മോടു തന്നെ ചോദിക്കേണ്ട ചോദ്യം, ഏതെങ്കിലും നിലയിൽ നാം പതുക്കെപ്പതുക്കെ പുറകോട്ടു പോയിട്ടുണ്ടോ എന്നാണ്.

ബൈബിളിലെ ഏതൊരു പ്രവാചകനെക്കാളും വലിയവനും ദൈവമായിരിക്കുന്നവനുമായ കർത്താവായ യേശു, സഭ 'മാനസാന്തരപ്പെട്ട് ആദ്യസ്നേഹത്തിലേക്ക് മടങ്ങിവരണമെന്ന്' പ്രവചിച്ചു - പ്രവചന പുസ്തകമായ **വെളിപ്പാട് 2:2-5** (ഇല്ലെങ്കിൽ അവർ മുറിച്ചു മാറ്റപ്പെടും).

കർത്താവിനെ പ്രിയമായി സ്നേഹിക്കുന്നവനെന്ന് എനിക്കറിയാവുന്ന ഒരു സ്നേഹിതൻ എനിക്കുണ്ട്. എന്നിരുന്നാലും താൻ ജോലി ചെയ്തിരുന്ന കാലയളവിലൊന്നും തന്റെ സഹപ്രവർത്തകരോട് താൻ വിശ്വാസിയാണെന്ന കാര്യം ഒരിക്കലും പങ്കുവെച്ചിരുന്നില്ല (ഇപ്പോൾ അദ്ദേഹം അതു ചെയ്യുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു). അവിടെയദ്ദേഹത്തിന്റെ ജീവിതം മാതൃകാപരമായിരുന്നുവെങ്കിലും, നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ വിജയത്തിനു കാരണം കർത്താവായ യേശുവാണെന്ന് അദ്ദേഹത്തിന്റെ സഹപ്രവർത്തകർ ആരും അറിഞ്ഞില്ല. അദ്ദേഹം വിജയം വരിക്കുമ്പോഴൊക്കെ കർത്താവിനു മഹത്വം കൊടുത്തിരുന്നുവെങ്കിൽ അവർക്കും കർത്താവിനെ അനുഗമിക്കാൻ ഒരു താല്പര്യം ജനിക്കുമായിരുന്നു.

*"മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ"* എന്നു കർത്താവായ യേശു പറഞ്ഞപ്പോൾ അവൻ ഇതാണ് അർത്ഥമാക്കിയതെന്നു ഞാൻ വിശ്വസിക്കുന്നു.

നാം പലപ്പോഴും മിഷനറിമാർക്കും മിഷനറി സംഘടനകൾക്കും വേണ്ടി പ്രാർത്ഥിക്കുകയും ഗ്രാമങ്ങളിലും ആദിവാസി മേഖലകളിലും അവർ നിർഭയമായും ക്ഷീണിക്കാതെയും പ്രവർത്തിക്കുന്നതിനായി നമ്മുടെ ദശാംശവും സംഭാവനയും കൊണ്ട് പിന്തുണ നൽകുകയും ചെയ്യാറുണ്ട് (നല്ലത്). എങ്കിലും നമ്മുടെ 'അയൽപക്കത്തും' 'ചന്തയിലും' ഉള്ളത് നമ്മുടെ മിഷൻ ഫീൽഡുകൾ അല്ലെന്നുണ്ടോ?

**ഇതിനെപ്പറ്റി ചിന്തിക്കുക**, ഉദാഹരണത്തിന് നാം സപ്പോർട്ടു ചെയ്യുന്ന മിഷനറിമാരിൽ ഒരാൾ ഒരുദിവസം തിരിഞ്ഞുനിന്നു പറയുന്നുവെന്നു കരുതുക, *"കർത്താവ് എനിക്കു തന്ന ഈ അവിചാരിതമായ ധനം എനിക്കു വളരെ അനുഗ്രഹമായി. ഇനി മുതൽ നിങ്ങളുടെ ജോലിസ്ഥലത്തും മാർക്കറ്റുകളിലും നിങ്ങൾ സുവിശേഷം എത്തിക്കുന്നതിനായി ഞാൻ നിങ്ങളെ സഹായിക്കാൻ പോകയാണ്, ഞാൻ എന്റെ പ്രാർത്ഥനാ പിന്തുണയും നിങ്ങൾക്കു നൽകും."* അദ്ദേഹത്തോട് നിങ്ങൾ എന്തു പറയും? *"ഞാൻ എപ്പോൾ തുടങ്ങാനാണ് താങ്കൾ ആഗ്രഹിക്കുന്നത്?"* എന്നു നിങ്ങൾ പറയുമോ? അതോ എന്തുകൊണ്ട് നിങ്ങൾക്കതു ചെയ്യാൻ കഴിയുകയില്ല എന്നതിന് ഒരായിരം ഒഴികഴിവുകൾ നിങ്ങൾ പറയുമോ?

സുവിശേഷം പങ്കുവയ്ക്കുന്നവരായ നമ്മിൽ ചിലരോട് എനിക്കു പറയുവാനുള്ളത്, നാം സുവിശേഷം പങ്കുവയ്ക്കുന്നു എന്നതുകൊണ്ടു മാത്രം നാം അനുസരണമുള്ള ശിഷ്യന്മാരാകുന്നില്ല, മറിച്ച് എന്നെയും നിങ്ങളെയും അനുസരണമുള്ള ശിഷ്യന്മാരാക്കുന്നത് കർത്താവ് കല്പിച്ചത് **<u>എല്ലാം</u> അനുസരിക്കുന്നതിലൂടെയാണ്.**

**ഒരു അനുസരണമുള്ള സത്യവിശ്വാസി അവന്റെ ജീവിതത്തിന്റെ <u>എല്ലാം മേഖലകളിലും</u> അപവാദത്തിനവസരം കൊടുക്കാത്തവനും എല്ലാ സമയത്തും ഉന്നതമായ ആർജവം പുലർത്തുന്നവനും ആയിരിക്കണം.** എനിക്കും നിങ്ങൾക്കും സുവിശേഷം പ്രചരിപ്പിക്കുകയും അതേസമയം ആളുകൾ നമ്മുടെ നേരെ വിരൽചൂണ്ടാനവസരം (നിങ്ങൾ വഹിക്കുന്ന നാമത്തിന് ദുഷ്പേര് ഉണ്ടാക്കുക) കൊടുക്കുകയും ചെയ്യാനാവില്ല.

നിങ്ങൾക്ക് സുവിശേഷം പ്രചരിപ്പിക്കുകയും അതേസമയം ഒരു പിതാവ്, മാതാവ്, ഭർത്താവ്, ഭാര്യ, പുത്രൻ, പുത്രി, തൊഴിലുടമ, തൊഴിലാളി എന്നീ നിലകളിൽ പരാജയമായിരിക്കുകയും ചെയ്യാനാവില്ല. ഉദാഹരണമായി, വീട്ടിലോ ജോലിസ്ഥലത്തോ സദാ കോപിഷ്ഠനായി പെരുമാറുകയോ, ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയിൽ നിപതിക്കുകയോ ചില ദുശ്ശീലങ്ങൾക്കോ ആസക്തികൾക്കോ അടിമയായിരിക്കുകയോ ചെയ്യുക.

വീണ്ടും, നിങ്ങൾ ദൈവത്തോടുകൂടെ നടക്കുന്നുവെന്നു പറയുകയും

കൈപ്പും ജഡമോഹവും അസൂയയും അയല്ക്കാരനോടോ കൂട്ടുവിശ്വാസിയോടോ ക്ഷമിക്കാത്ത മനോഭാവവും വെച്ചുപുലർത്തുകയും ചെയ്തിട്ട് നിങ്ങൾക്ക് സുവിശേഷം പങ്കുവയ്ക്കുവാൻ കഴികയില്ല. അനുസരണമുള്ള ശിഷ്യനായിരിക്കുക എന്നത് സുവിശേഷം പങ്കുവയ്ക്കുക മാത്രമല്ല (അത് ഒഴിച്ചുകൂടാനാവാത്തതാണ്). ശ്രേഷ്ഠനിയോഗം എന്നത് സകല വിശ്വാസികളെയും **'ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിക്കുക'** എന്ന ഉന്നതമായ കല്പനയിലേക്കും ഉത്തരവാദിത്വത്തിലേക്കും (അതും ശ്രേഷ്ഠനിയോഗത്തിന്റെ ഭാഗമാണ്) നയിക്കുന്ന ഒരു കല്പനകൂടിയാണ് എന്ന് ഓർമ്മിക്കുന്നതുമാണ്.

**മത്തായി 28:19-20**

*ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും*
*പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ*
***നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം***
*ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ;*
*ഞാനോ ലോകാവസാനത്തോളം*
*എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു.*

നിർഭാഗ്യവശാൽ, ഒരിക്കൽ ശക്തമായ ക്രിസ്തീയ പാശ്ചാത്യ രാജ്യങ്ങളായിരുന്ന രാജ്യങ്ങളിലെ സഭകൾ ഇന്ന് ലേലം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ് - എന്തുകൊണ്ട്? പ്രാഥമികമായ കാരണം, ***'ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിക്കുക'*** (മത്തായി 19:20) എന്ന കർത്താവിന്റെ കല്പന പ്രമാണിക്കുന്നതിൽ - അതായത് സുവിശേഷം അതിന്റെ പൂർണ്ണനിറവോടെ അടുത്ത തലമുറയോട് അറിയിക്കുന്നതിൽ - പരാജയപ്പെട്ടു. ഓർക്കുക ഒരാൾ പറഞ്ഞതുപോലെ 'അഞ്ചാമത്തെ സുവിശേഷമായ' ഞാനും നിങ്ങളും പുറത്തുപോയി ധൈര്യത്തോടെയും ക്രിസ്തുവിനോടുള്ള സ്നേഹത്തോടെയും നശിച്ചുപോകുന്ന നമ്മുടെ അയല്ക്കാരോട് സുവിശേഷം പങ്കിടുന്നില്ലെങ്കിൽ ബൈബിളിലെ നാലു സുവിശേഷങ്ങളും നമ്മുടെ അലമാരയിൽ തന്നെ ഇരിക്കും.

അവസാനമായി എനിക്കു സൂചിപ്പിക്കാനുള്ള ഒരു കാര്യം, നവയുഗ വിശ്വാസികളുടെ ഇടയിൽ വളർന്നു വരുന്ന ഒരു ദുരുപദേശമാണ്, 'സംസ്കാരാന്തര പ്രസക്തി'യോടെ നാം നമ്മുടെ 'ജ്ഞാനം' ഉപയോഗിക്കണം എന്നും സുവിശേഷം പങ്കിടുമ്പോൾ ചിലപ്പോൾ 'ക്രിസ്റ്റ്യൻ അപ്പോളജറ്റിക്സ്' പഠനം നമുക്കു സഹായകരമായിത്തീരുമെന്നും ഉള്ളത്. സുവിശേഷം പങ്കിടുമ്പോൾ നാം വളരെ സൂക്ഷ്മതയുള്ളവരും ബുദ്ധിമാന്മാരുമായിരിക്കണം എന്ന് ചിലപ്പോൾ പറയാറുണ്ട്. ഇവിടെ 'ശരിയും തെറ്റും' എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. **തെറ്റ്**! കാരണം ലോകവീക്ഷണപ്രകാരമാണ് നാം ചിന്തിക്കുന്നതെ

ങ്കിൽ, നമ്മുടെ ബുദ്ധിയും നാം പ്രയോഗിക്കുന്ന ജ്ഞാനവും ആണ് നമ്മെ വിജയത്തിലെത്തിക്കുന്നത് എന്നുവരും, അതു തികച്ചും തെറ്റാണ്. നാം നമ്മുടെ ജ്ഞാനത്തിലാശ്രയിക്കുമ്പോൾ, തിരഞ്ഞെടുക്കപ്പെട്ട നിലയിലും വ്യക്തികളോടും മാത്രം സുവിശേഷമറിയിക്കത്തക്കനിലയിൽ നമ്മുടെ ശ്രദ്ധ തിരിക്കുന്നതിനുള്ള സാത്താന്റെ തന്ത്രമായി അതു മാറും. **ശരി!** കാരണം അവിടെ ജ്ഞാനവും ശക്തിയുമുണ്ട്, കാരണം സുവിശേഷം മനുഷ്യന്റെ ശക്തിയല്ല **ദൈവത്തിന്റെ ശക്തിയാണ്** എന്നു ബൈബിൾ പറയുന്നു (റോമർ 1:16). ദൈവത്തിന് ആകെ ആവശ്യമുള്ളത് ഉപയോഗിക്കാൻ കഴിയുന്ന നാവുള്ളവനും താഴ്മയും ധൈര്യവുമുള്ളവനുമായ ഒരു വ്യക്തിയെയാണ് - നമ്മുടെ രക്ഷാനായകനാൽ ശക്തിപ്പെടുത്തപ്പെട്ടവനും പരിശുദ്ധാത്മശക്തിയാൽ നയിക്കപ്പെടുന്നവനുമായ വ്യക്തി. **ഇതിനെക്കുറിച്ചു ചിന്തിക്കുക!** സർവ്വജ്ഞാനിയായ കർത്താവ് ബുദ്ധിശാലികളും ജ്ഞാനികളുമായ മനുഷ്യരെയല്ല, മറിച്ച് ബുദ്ധിശൂന്യരും പഠിപ്പില്ലാത്തവരുമായ മീൻപിടുത്തക്കാരെന്നു ലോകം വിളിച്ചവരെ തിരഞ്ഞെടുക്കുകയാണു ചെയ്തത്. അവർ പിന്നീട് ലോകത്തിലേക്കിറങ്ങി അതിനെ പിടിച്ചുകുലുക്കി. നിങ്ങൾക്കു ധ്യാനിക്കുന്നതിനായി ഒരു വേദഭാഗം തന്നുകൊണ്ട് ഞാൻ അവസാനിപ്പിക്കട്ടെ:

**1 കൊരിന്ത്യർ 1:26–29**

*26സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ:
ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല,
കുലീനന്മാരും ഏറെയില്ല. 27ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോക
ത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ
ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. 28ഉള്ളതിനെ
ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃ
ഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു; 29ദൈവസന്നിധിയിൽ
ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്നു തന്നേ.*

# അധ്യായം 5

## സഭ ഇന്ന് ഉറങ്ങുകയാണോ?

ഇന്നു സഭ തീർച്ചയായും (ആരോ പറഞ്ഞതുപോലെ) **'ദലീലയുടെ മടിയിൽ ഉറങ്ങുന്ന ശിംശോനെപ്പോലെ'** ആണ്.

'ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിക്കുക' എന്നു കർത്താവായ യേശു പറഞ്ഞപ്പോൾ ഒക്കെയും (എല്ലാം) എന്നാണവൻ ഉദ്ദേശിച്ചത്! അവൻ പറഞ്ഞതെല്ലാം അവൻ അർത്ഥമാക്കി, അർത്ഥമാക്കിയതു മാത്രമേ അവൻ പറഞ്ഞുള്ളു. ദൈവത്തിന്റെ വിശുദ്ധ വചനവുമായി ഒരു വിലപേശൽ ഇല്ല, അതിനെച്ചൊല്ലി വാദപ്രതിവാദവുമില്ല. ഒന്നുകിൽ **ക്രിസ്തുവിൽ** അല്ലെങ്കിൽ പുറത്ത്. ഒന്നുകിൽ നാം അവന്റെ ഉപദേശങ്ങളിൽ വസിക്കുന്നു അല്ലെങ്കിൽ ഇല്ല.

**യോഹന്നാൻ 14:23 – 24 ൽ**
കർത്താവു വ്യക്തമായി പറഞ്ഞു
*23 യേശു അവനോടു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടുകൂടെ വാസം ചെയ്യും.*
***24 എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പ്രമാണിക്കുന്നില്ല;***
*നിങ്ങൾ കേൾക്കുന്ന വചനം എന്റേതല്ല എന്നെ അയച്ച പിതാവിന്റേതത്രേ എന്നു ഉത്തരം പറഞ്ഞു.*

എങ്ങനെ കർത്താവിന്റെ ഉപദേശങ്ങൾ എല്ലാം പ്രമാണിക്കാൻ കഴിയും എന്ന് ഒരുവൻ ചോദിച്ചേക്കാം. *"ദൈവത്താൽ സകലവും സാദ്ധ്യം"* എന്നു നിങ്ങൾ കേട്ടിട്ടില്ലയോ? *"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു"* എന്ന് എഴുതിയിരിക്കുന്നത് നാം കേട്ടിട്ടില്ലയോ?

കർത്താവു കല്പിച്ചതെല്ലാം അനുസരിക്കണമെന്നു ബൈബിൾ പറയുന്നു എന്നെനിക്കറിയാം, എന്നാലും അതെങ്ങനെ നടക്കും എന്ന് ഇപ്പോഴും നിങ്ങൾ

പറയുമായിരിക്കും. അതിനുള്ള ഉത്തരം **യോഹന്നാൻ 14:26** ആണ്. അവിടെ കർത്താവായ യേശു പറയുന്നത് ഈ കാരണത്താൽ ഞാൻ പരിശുദ്ധാത്മാവിനെ നിങ്ങൾക്കു തന്നേച്ചു പോകുന്നു എന്നും അവൻ ഞാൻ പഠിപ്പിച്ചതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തും എന്നുമാണ്.

**യോഹന്നാൻ 14:26**

*എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും.*

ആത്മാവിന്റെ പ്രചോദനങ്ങൾക്ക് നാം അനുസരണക്കേടു കാണിക്കുന്നവരും **യോഹന്നാൻ 14:23–24** ലെ ക്രിസ്തുവിന്റെ നിർവചനപ്രകാരം നാം ദൈവത്തെ സ്നേഹിക്കാത്തവരുമാണെങ്കിൽ നമുക്ക് ഒഴികഴിവില്ല.

ഇന്ന് അനേക വിശ്വാസികളും അവരുടെ സ്വന്ത സുരക്ഷിതമേഖലയിൽ, **ആഴമില്ലാത്ത വെള്ളത്തിൽ നീന്തിത്തുടിക്കുന്നവരെപ്പോലെയാണ്.** അത് യഥാർത്ഥത്തിൽ ആഴമില്ലാത്ത ക്രിസ്തീയ ജീവിതം നയിക്കുന്നതുപോലെയാണ്, മറ്റു വാക്കിൽ പറഞ്ഞാൽ 'ആഴമില്ലാത്ത ക്രിസ്ത്യാനിത്വം.' നാം ബോധവാന്മാരും ശ്രദ്ധിക്കാൻ മനസ്സുള്ളവരുമാണെങ്കിൽ കർത്താവ് എല്ലായ്പോഴും നമ്മുടെ പദ്ധതികളെ ഇളക്കും; നാം അവനെ അനുസരിക്കുകയും ചെയ്യും. അപ്പൊസ്തലനായ പത്രൊസ് പറഞ്ഞതുപോലെ, *'എങ്കിലും നിന്റെ വാക്കിനു ഞാൻ വലയിറക്കാം.'* നാം ദൈവത്തെ അനുസരിക്കുമ്പോൾ മാത്രമേ, നാം എഴുന്നേറ്റു നിന്ന് അത്ഭുതം കൂറുമാറ് (വലിയ മീൻകൂട്ടം കണ്ടപ്പോൾ പത്രൊസ് ചെയ്തതുപോലെ) ദൈവം അതിശയകരമായ വിധത്തിൽ തന്റെ പ്രവൃത്തി ചെയ്യുകയുള്ളു. എങ്കിലും ഇപ്പോഴും ചോദ്യം ഇതാണ്, 'ക്രിസ്തു നമ്മോട് ആവശ്യപ്പെടുന്നതുപോലെ നമ്മുടെ വലയിറക്കാൻ നാം തയ്യാറാണോ?'

**'ആഴമില്ലാത്ത ക്രിസ്ത്യാനിത്വം'** എന്താണെന്ന് ഒരു ഉദാഹരണത്തിലൂടെ നിങ്ങൾക്കു വ്യക്തമാക്കിത്തരാൻ ഞാനാഗ്രഹിക്കുന്നു. ഇന്നത്തെ വിശ്വാസികൾ നിലനില്ക്കുന്ന നിത്യമായ കാര്യങ്ങൾ കൈമാറുന്ന ക്രിസ്തുവിന്റെ ധൈര്യശാലികളായ പടയാളികൾ ആകുന്നതിനുപകരം, അതിവേഗം നശിക്കാൻ പോകുന്ന ഈ ലോകത്തിന്റെ ദൈനംദിന വിഷയങ്ങളെക്കുറിച്ചോ അല്ലെങ്കിൽ പരിഹാരങ്ങളെക്കുറിച്ചോ തീരെ അടിസ്ഥാനപരമായ ഈ-മെയിലുകൾ കൈമാറുന്നതു കാണുന്നത് അത്യന്തം നിരാശാജനകമാണ്. ക്രിസ്തുയേശുവിന്റെ സുവിശേഷം പങ്കിടുന്നത് എല്ലായ്പോഴും നമ്മുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്തു വരേണ്ട കാര്യമാണ്. എന്നാൽ നേരെ മറിച്ച്

ഇന്നു വിശ്വാസികളായ നമ്മിൽ പലരും മറ്റുള്ളവരെ പ്രകോപിപ്പിക്കുന്നതിനെക്കുറിച്ച് അമിത ആശങ്കയുള്ളവരും, രാഷ്ട്രീയമായി കൃത്യത പാലിക്കുന്നവരും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനുപകരം നമുക്കു ചുറ്റുമുള്ള ലോകത്തെ പ്രസാദിപ്പിക്കുന്നതിൽ അമിതശ്രദ്ധ ചെലുത്തുന്നവരും ആണ്.

ഒരു നിമിഷം ആദിമ സഭയെ ശ്രദ്ധിക്കുക. അപ്പൊസ്തലനായ പത്രൊസും പൗലൊസും യോഹന്നാനും യാക്കോബും മറ്റ് ശിഷ്യന്മാരും പീഡനങ്ങളുടെ നടുവിൽ ഒരിക്കലും സുവിശേഷം പ്രസംഗിക്കുന്നതു നിർത്തിയില്ല, അക്കാരണത്താലാണ് ഞാനും നിങ്ങളും ക്രിസ്തീയ വിശ്വാസികളായിരിക്കുന്നത് എന്നതിൽ നന്ദി പറയണം. എങ്കിൽ എന്തുകൊണ്ടാണ് ആ അഗ്നി ഇന്ന് അണഞ്ഞുപോയതും ചുരുക്കം ചിലരുടെ കൈയിൽ മാത്രം ശേഷിക്കുന്നതും? നാമെല്ലാവരും അതേ ദൗത്യത്തിൽ പങ്കാളികളാകുവാൻ വിളിക്കപ്പെട്ടവരല്ലേ? ആദിമ ശിഷ്യന്മാർ രാഷ്ട്രീയമായി കൃത്യത പാലിക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നെങ്കിൽ അവർ സുവിശേഷം പ്രസംഗിക്കുന്നതു നിർത്തുമായിരുന്നു, കാരണം ഭരണാധികാരികൾ അവരെ അടിക്കുകയും യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്നതു നിർത്താൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അവർ അടികൊണ്ട് അധികം താമസിയാതെ പട്ടണത്തിനു വെളിയിൽ വന്ന് സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങി.

നമ്മുടെ ആഴമില്ലാത്ത ക്രിസ്ത്യാനിത്വത്തെ പരിഗണിക്കാതെ തന്നെ രക്ഷ ഉറപ്പാക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ ചിന്തിക്കുന്നുവെങ്കിൽ, നിങ്ങളുടെ സ്നേഹവാനും തീക്ഷ്ണതയുള്ളവനുമായ ക്രിസ്തുയേശുവിന്റെ വചനം വായിക്കുമ്പോൾ നിങ്ങൾ പുനർ വിചിന്തനം നടത്തേണ്ടിയിരിക്കുന്നു:

**വെളിപ്പാട് 3:15–22**

*[15]ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; നീ ഉഷ്ണവാനുമല്ല;*
*ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ*
*കൊള്ളായിരുന്നു.* ***[16]ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല,***
***ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽനിന്നു***
***ഉമിണ്ണുകളയും.*** *[17]ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്കു*
*ഒന്നിന്നും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യവാനും അരിഷ്ടനും*
*ദരിദ്രനും കുരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ [18]നീ സമ്പന്നൻ*
*ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ*
*വെളിവാകാതവണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും നിനക്കു കാഴ്ച*
*ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു*
*വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധിപറയുന്നു. [19]എനിക്കു പ്രിയമുള്ളവരെ*
*ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു;* ***ആകയാൽ നീ***
***ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക.*** *[20]ഞാൻ വാതില്ക്കൽ*

*നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. [21]ജയിക്കുന്നവന്നു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നല്കും; ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെ തന്നേ. [22]ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.*

**1 യോഹന്നാൻ 3:7 പറയുന്നു**

*'കുഞ്ഞുങ്ങളേ, **ആരും നിങ്ങളെ തെറ്റിക്കരുതു;** അവൻ നീതിമാൻ ആയിരിക്കുന്നതുപോലെ **നീതി ചെയ്യുന്നവൻ** നീതിമാൻ ആകുന്നു.'*

**ഞാനും നിങ്ങളും നീതി ചെയ്യുന്നുണ്ടോ?**

വിശ്വാസികൾ നീതി ചെയ്യണമെന്ന കാര്യത്തിൽ ബൈബിൾ വളരെ വ്യക്തമാണ്!

"ചെയ്യുക" എന്ന പദം ഒരു ക്രിയയും ചെയ്യുന്നത് ഒരു പ്രവൃത്തിയും ആണ്; അതു നിർബന്ധത്താൽ അല്ല സ്വമേധയാ ചെയ്യുന്നതാണ്. അത് പെട്ടെന്നുണ്ടാകുന്ന ഒരു പ്രചോദനത്താൽ ചെയ്യുന്ന കാര്യമല്ല. അത് പാപം ചെയ്യാതിരിക്കാനും വിശുദ്ധിയിൽ നടക്കാനുമുള്ള നിരന്തരമായ തിരഞ്ഞെടുപ്പാണ്. നമ്മുടെ ജീവിതത്തിൽ നീതി ചെയ്യുന്നില്ലെങ്കിൽ നാം അനീതിയുള്ളവരാണ്. ലളിതം - അതിൽ റോക്കറ്റ് ശാസ്ത്രമൊന്നുമില്ല.

ആരോ പറഞ്ഞതുപോലെ, ഇന്നത്തെ വിശുദ്ധൻ ഇന്നലത്തെ പാപിയും ഇന്നത്തെ പാപി നാളത്തെ വിശുദ്ധനുമായിരിക്കും. നാം ദിനംതോറും എടുക്കുന്ന തിരഞ്ഞെടുപ്പുകളിൽ ആണ് അത് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. അക്കാരണത്താലാണ് കർത്താവായ യേശു തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന എല്ലാവരോടും ദിനംതോറും നീതിചെയ്യുവാൻ ആവശ്യപ്പെടുന്നത്. താഴെപ്പറയുന്ന വാക്യത്തിൽ അവന്റെ വാക്കുകൾ മതിയായ വിധത്തിൽ വ്യക്തമാക്കിയിരിക്കുന്നു:

**ലൂക്കൊസ് 9:23**

*'പിന്നെ അവൻ എല്ലാവരോടും പറഞ്ഞതു: എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു **നാൾതോറും** തന്റെ ക്രൂശ് എടുത്തുംകൊണ്ടു എന്നെ അനുഗമിക്കട്ടെ.'*

മറിച്ച് ചിന്തിക്കുന്ന എല്ലാവരോടും എനിക്കു ചോദിക്കുവാനുള്ളത്, **മത്തായി 5 ലെ ക്രിസ്തുയേശുവിന്റെ പഠിപ്പിക്കൽ** രക്ഷിക്കപ്പെട്ട വിശ്വാസിക്ക് ബാധ

കമല്ലെന്നാണോ നാം പറയുന്നത്? 'വീണ്ടും ജനിച്ച വിശ്വാസി' തന്റെ സഹോദരനെ/സഹോദരിയെ **'നിസ്സാരാ'** എന്നു വിളിക്കുകയോ അല്ലെങ്കിൽ ഒരു **'സ്ത്രീയെ മോഹിക്കേണ്ടതിന് നോക്കുകയോ'** ചെയ്യുകയും അതിനെക്കുറിച്ച് യഥാർത്ഥമായി മാനസാന്തരപ്പെടാതെ മനപ്പൂർവ്വം ഏറ്റുപറയാത്ത പാപവുമായി ജീവിക്കുകയും ചെയ്താൽ, അത്തരക്കാർ അഗ്നിനരകത്തിനു യോഗ്യരാകും എന്നു ക്രിസ്തു പറഞ്ഞ ശിക്ഷ അവർക്കു ബാധകമാകയില്ല എന്നാണോ നാം പറയുന്നത്?

ഒരു വിശ്വാസി ദൈനംദിനം എങ്ങനെ ജീവിക്കുന്നു എന്നതു പരിഗണിക്കാതെ ഉറപ്പായ രക്ഷയുടെ ഒരു പുതപ്പ് അവനു നൽകപ്പെട്ടിരിക്കുന്നു എന്ന ഒരു സൂചനയോ നിർദ്ദേശമോ ബൈബിളിൽ ഒരിടത്തുപോലും ഇല്ല.

**ഗലാത്യർ 6:7-9 പറയുന്നു**

*[7]വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നേ കൊയ്യും. [8]ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും. [9]നന്മ ചെയ്കയിൽ നാം മടുത്തുപോകരുതു; തളർന്നു പോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും.*

നാം **ഉണരേണ്ടതും** നമ്മുടെ ദൈവത്തെ നിയമരഹിതനും മുഖപക്ഷം കാണിക്കുന്നവനുമായ ഒരു ദൈവം ആക്കാതിരിക്കേണ്ടതും ആവശ്യമാണ്. ദൈവത്തെയും അവന്റെ സ്വഭാവത്തെയും നമ്മുടെ നിലവാരത്തോടു തുലനപ്പെടുത്തുന്ന **ഈ വലിയ ഭോഷത്തം** നമ്മിൽ പലരും ചെയ്യാറുണ്ട്. എന്നാൽ അങ്ങനെയൊരു കാര്യം ബൈബിളിൽ ഇല്ല. ബൈബിൾ വായിച്ച് ദൈവം എങ്ങനെയായിരിക്കുമെന്നു മനസ്സിലാക്കാതെ (ദൈവവചനത്തെക്കുറിച്ചുള്ള അജ്ഞത നിമിത്തം, ദൈവം എങ്ങനെയായിരിക്കുമെന്നു നാം ചിന്തിക്കുന്ന രീതിയിൽ നാം ദൈവത്തെ ആക്കുകയും അങ്ങനെ അതിനെ നമ്മുടെ സ്വയ-നീതിയുടെ വിഗ്രഹം ആക്കി മാറ്റുകയും ചെയ്യുന്നു. നല്ലതിനെയും തീയതിനെയും സംബന്ധിച്ച് എഴുതപ്പെട്ടിരിക്കുന്ന ദൈവിക നിലവാരം വിട്ട് നമ്മുടെ ചിന്തയിൽ ആശ്രയിക്കുന്നതിനാലാണ് ഈ വിഗ്രഹം ഉണ്ടാകുന്നത്. ഇത് നമ്മുടെ പാപഗ്രസ്തമായ മനസ്സിന്റെയും വചന വീക്ഷണത്തിൽ അടിസ്ഥാനപ്പെടാത്ത ലോകവീക്ഷണത്താൽ ഉണ്ടാകുന്ന കളങ്കത്തിന്റെയും നേരിട്ടുള്ള ഫലമാണ്. 'ദൈവം അതു ചെയ്യുമെന്ന് ഞാൻ ചിന്തിക്കുന്നില്ല,' 'നാം അതു ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്നു ഞാൻ ചിന്തിക്കുന്നു' എന്നിങ്ങനെ പറഞ്ഞുകൊണ്ട് നമ്മുടെ പാപഗ്രസ്ത സ്വയ-നീതിയുടെ സങ്കല്പത്തിൽനിന്നും ദൈവത്തിന് ഒരു നിലവാരം കല്പിക്കുന്നു.

മിസ്രയീമിൽ ജീവിക്കുകയും അവിടെനിന്ന് പുറത്തുവരികയും ചെയ്ത യിസ്രായേൽ ജനം ദൈവത്തെക്കുറിച്ച് തങ്ങൾക്കുണ്ടായിരുന്ന കളങ്കിതമായ വീക്ഷണത്തിൽ നിന്നും സ്വർണ്ണ കാളക്കുട്ടിയെ നിർമ്മിച്ചുകൊണ്ട് ഇതേ കാര്യം ചെയ്തു. റോമർ 12:1–2 ൽ അപ്പൊസ്തലനായ പൗലൊസും 1 യോഹന്നാൻ 2:15–18 ൽ അപ്പൊസ്തലനായ യോഹന്നാനും ഇതേ കാര്യത്തെ സംബന്ധിച്ച് സഭയ്ക്കു മുന്നറിയിപ്പു നൽകിയിരിക്കുന്നു.

നാം മാനസാന്തരപ്പെട്ട് ഉണർന്നെഴുന്നേല്ക്കേണ്ട സമയമാണിത്! ദൈവം നിയമരഹിതനായ ദൈവമാണെന്നും (രക്ഷിക്കപ്പെട്ട അനുസരണമുള്ള വിശ്വാസി **വിശുദ്ധവും നിഷ്കളങ്കവും നിരപവാദ്യവുമായ ജീവിതം** നയിക്കണമെന്ന് ആവശ്യപ്പെടുന്ന ബൈബിളിലെ ദൈവത്തിൽ നിന്നും **വ്യത്യസ്തമായി**) നമ്മുടെ ജീവിതത്തിൽ നിന്നും അവൻ ഒന്നും ആവശ്യപ്പെടുന്നില്ലെന്നും ചിന്തിക്കുന്ന ചില ആളുകളെക്കുറിച്ച് **2 പത്രൊസ് 3:11–18** മുന്നറിയിപ്പു നൽകുന്നു.

**രക്ഷിക്കപ്പെട്ട പാപിക്ക് ഒരിക്കലും വീഴ്ച സംഭവിക്കയില്ലെന്നും അല്ലെങ്കിൽ പാപത്തിൽ തുടരാൻ കഴികയില്ലെന്നും ചിന്തിക്കുന്ന അബദ്ധോപദേശത്തിൽ നമ്മിൽ ചിലരും പെട്ടിരിക്കുന്നു**. ദൈവത്തിന്റെ വിശുദ്ധന്മാർക്ക് എഴുതിയ ലേഖനങ്ങൾ നാം വായിച്ചാൽ, സഭയിലെ ചില വിശ്വാസികൾ ചെയ്യുന്നതും പറയാൻ അറയ്ക്കുന്നതും ജാതികൾ പോലും ചെയ്യാൻ മടിക്കുന്നതുമായ ചില കാര്യങ്ങളെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് അവരെ കഠിനമായി ശാസിക്കുന്നതു നമുക്കു കാണാം (കർത്താവിനോടൊപ്പം നടക്കുന്നവരെ ധൈര്യപ്പെടുത്തുന്നതോടൊപ്പം).

**2 പത്രൊസ് 3:12, 14**

*12 നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും* ***ഉള്ളവർ ആയിരിക്കേണം****.*
*14 അതുകൊണ്ടു പ്രിയമുള്ളവരേ, നിങ്ങൾ ഇവെക്കായി കാത്തിരിക്കയാൽ*
***അവൻ നിങ്ങളെ കറയും കളങ്കവും ഇല്ലാത്തവരായി***
***സമാധാനത്തോടെ കാണ്മാൻ ഉത്സാഹിച്ചുകൊണ്ടു...***

ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്ക പ്രതിഫലം കൊടുപ്പാൻ ക്രിസ്തു ഒരു നീതിമാനായ ന്യായാധിപതിയായി തന്റെ മുഴുമഹത്വത്തോടെ പ്രത്യക്ഷനാകും – **മത്തായി 16:27**

ഒരുവന്റെ മാനസാന്തര അനുഭവത്തെ തുടർന്ന് 'വിശുദ്ധ ജീവിതം' ഉണ്ടാകണം. **ഉറങ്ങുന്ന വിശ്വാസികൾക്ക് ശക്തമായ മുന്നറിയിപ്പാണ് റോമർ 11 നൽകുന്നത്.** സ്വാഭാവിക കൊമ്പുകളെ (തിരഞ്ഞെടുക്കപ്പെട്ട യിസ്രായേൽ ജാതിയെ) അവരുടെ അനുസരണക്കേടു നിമിത്തം ദൈവം ആദരിച്ചില്ലെങ്കിൽ, അനുസരണക്കേടു കാണിച്ചാൽ ഒട്ടിച്ചു ചേർക്കപ്പെട്ട കാട്ടൊലിവുകളായ വിശ്വാസികളായ നമ്മെയും (ജാതികൾ) അവൻ ആദരിക്കാതെ വന്നേക്കും എന്നവിടെ പറയുന്നു. നമ്മുടെ രക്ഷയുടെ മാഹാത്മ്യത്തെക്കുറിച്ച് ചിന്തിച്ച്

നിഗളിച്ചിട്ട് യിസ്രായേലിനു സംഭവിച്ച അതേ ഭോഷത്തം സംഭവിക്കാതിരിപ്പാൻ താഴെക്കാണുന്ന തിരുവെഴുത്ത് ദയവായി ശ്രദ്ധാപൂർവ്വം വായിക്കുക.

**റോമർ 11:17–22**

*[17]കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു കാട്ടൊലീവായ നിന്നെ അവയുടെ
ഇടയിൽ ഒട്ടിച്ചുചേർത്തു ഒലീവുമരത്തിന്റെ ഫലപ്രദമായ വേരിന്നു
[18]പങ്കാളിയായിത്തീർന്നു എങ്കിലോ, കൊമ്പുകളുടെ നേരെ
പ്രശംസിക്കരുതു; പ്രശംസിക്കുന്നുവെങ്കിൽ നീ വേരിനെ അല്ല വേർ
നിന്നെയത്രേ ചുമക്കുന്നു എന്നു ഓർക്ക. [19]എന്നാൽ എന്നെ
ഒട്ടിക്കേണ്ടതിന്നു കൊമ്പുകളെ ഒടിച്ചുകളഞ്ഞു എന്നു നീ പറയും. ശരി;
[20]അവിശ്വാസത്താൽ അവ ഒടിഞ്ഞുപോയി; വിശ്വാസത്താൽ നീ
നില്ക്കുന്നു; ഞെളിയാതെ ഭയപ്പെടുക. [21]**സ്വാഭാവികകൊമ്പുകളെ ദൈവം
ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും.**
[22]ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക;
വീണവരിൽ ദൈവത്തിന്റെ ഖണ്ഡിതവും;
നിന്നിലോ നീ ദയയിൽ **നില നിന്നാൽ** ദയയും തന്നേ;
**അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും.***

മുകളിൽ നാം വായിക്കുന്നതുപോലെ, **റോമർ 11** ൽ അപ്പൊസ്തലനായ പൗലൊസ്, **യോഹന്നാൻ 15:1–6** ൽ കർത്താവായ യേശു പറഞ്ഞ അതേ കാര്യം ആവർത്തിക്കുകയാണ് എന്നു നിങ്ങൾക്കു കാണാം. അതായത് അവനോട് ഒട്ടിച്ചു ചേർക്കപ്പെട്ടശേഷം നമ്മുടെ രൂപാന്തരപ്പെട്ട ജീവിതത്തിലൂടെ/വിശുദ്ധ ജീവിതത്തിലൂടെ തുടർച്ചയായി ഫലം കായിക്കുന്നതിൽ നാം പരാജയപ്പെട്ടാൽ **നാം വെട്ടിമാറ്റപ്പെട്ട് തീയിലേക്ക് എറിയപ്പെടും**.

വെളിപ്പാടു പുസ്തകത്തിൽ കർത്താവായ യേശു ഇക്കാര്യം പല പ്രാവശ്യം വ്യക്തമാക്കുന്നുണ്ട് (**വെളിപ്പാട് 2:4–5; 2:7; 3:1–5**). നാം തുടർമാനമായി വിജയകരമായ ജീവിതം നയിക്കുന്നതിൽ പരാജയപ്പെട്ടാൽ അവൻ നമ്മുടെ നിലവിളക്ക് അതിന്റെ സ്ഥാനത്തുനിന്ന് നീക്കുകയും ജീവവൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുന്നതിനുള്ള നമ്മുടെ പദവി എടുത്തുകളയുകയും നമ്മുടെ പേര് ജീവപുസ്തകത്തിൽ നിന്നും മായിക്കുകയും ചെയ്യും.

**1 പത്രൊസ് 4:17–19**

***ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ.***
*അതു നമ്മിൽ തുടങ്ങിയാൽ **ദൈവത്തിന്റെ സുവിശേഷം
അനുസരിക്കാത്തവരുടെ** അവസാനം എന്താകും? നീതിമാൻ പ്രയാസേന
രക്ഷപ്രാപിക്കുന്നു എങ്കിൽ അഭക്തന്റെയും പാപിയുടെയും ഗതി*

*എന്താകും? **അതുകൊണ്ടു ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ** നന്മ ചെയ്തുകൊണ്ടു തങ്ങളുടെ പ്രാണനെ വിശ്വസ്തനായ സ്രഷ്ടാവിങ്കൽ ഭരമേല്പിക്കട്ടെ. ആത്മാവ് സഭകളോടു പറയുന്നത് എന്ത് എന്ന് ചെവിയുള്ളവൻ കേൾക്കട്ടെ*

# അധ്യായം 6

## ശിശു സ്നാനമോ വിശ്വാസ സ്നാനമോ

ഞാൻ ഇവിടെ നിർത്തിയിട്ട് "യശുവിൻ പിൻപേ പോകാനുറച്ചു, പിന്മാറാതെ പിൻഗമിക്കും" എന്നു പറഞ്ഞുകൊണ്ട് കർത്താവായ യേശുവിനെ തങ്ങളുടെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച എല്ലാവരോടും (ദൈവത്തോട് ഗൗരവമായ ഉടമ്പടി ചെയ്തവർ) ചോദിക്കട്ടെ, നിങ്ങൾ ജലസ്നാനം ഏല്ക്കുന്നതിനെക്കുറിച്ചു ചിന്തിച്ചിട്ടുണ്ടോ? അങ്ങനെയുള്ള എല്ലാവരെയും, **കർത്താവിന്റെ വഴികളെ അനുഗമിക്കുന്നതിനുള്ള സമർപ്പണത്തെ സ്നാനജലത്തിലേക്ക് ഇറങ്ങിക്കൊണ്ട് വെളിപ്പെടുത്തുവാൻ** (ഇതുവരെയും നിങ്ങൾ അതു ചെയ്തിട്ടില്ലെങ്കിൽ) ഞാൻ ആഹ്വാനം ചെയ്യട്ടെ.

മറ്റുള്ളവർ അതു ചെയ്തു എന്ന കാരണത്താലല്ല, മറിച്ച് നേരെയുള്ളതും ഇടുങ്ങിയതുമായ പാതയിലൂടെ നടക്കുന്നതിനുള്ള സമർപ്പണത്തെ അനുസരിക്കുന്നതിനു നിങ്ങളെ സഹായിക്കുന്നതിനായി ദൈവത്തോടുള്ള അപേക്ഷ എന്ന നിലയിൽ. സ്നാനത്തിന്റെ ആവശ്യകതയെ അപ്പൊസ്തലനായ പത്രൊസ് താഴെക്കാണുന്ന വേദഭാഗത്ത് മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു:

**1 പത്രൊസ് 3:21**

*സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു.*

മറ്റു വാക്കുകളിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ ശക്തിയാൽ നാം ദൈവത്തിന്റെ വഴികളിൽ നടക്കുമെന്ന് ദൈവത്തോട് ഉടമ്പടി ചെയ്യുകയാണ് സ്നാനത്തിലൂടെ നാം ചെയ്യുന്നത്.

ക്രിസ്തുവിൽ പ്രിയമുള്ളവരേ, നിങ്ങൾ ഇതറിയുവാൻ ഞാനാഗ്രഹിക്കുന്നു: നിങ്ങളുടെ മാതാപിതാക്കൾ നിങ്ങൾ ശിശുവായിരുന്നപ്പോൾ നിങ്ങളെ മാമ്മോദീസാ മുക്കിയെങ്കിൽ, ഖേദത്തോടെ ഞാൻ പറയട്ടെ, അത് **ബൈബിൾ അനുസരിച്ചുള്ള** 'ജലസ്നാന'ത്തിനു പകരമായിട്ടല്ല, മറിച്ച് ശിശുവായ നിങ്ങളെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തിക്കൊള്ളാമെന്ന് സഭയുടെ മുമ്പാകെ

നിങ്ങളുടെ മാതാപിതാക്കൾ എടുക്കുന്ന തീരുമാനത്തിന്റെ അടയാളമായിട്ടാണ്. ***'മാനസാന്തരപ്പെട്ട് സ്നാനമേല്പിൻ'*** അഥവാ ***'വിശ്വസിച്ച് സ്നാനമേല്പിൻ'*** എന്ന് ബൈബിൾ കർശനമായി പറയുന്നു.

കാരണം, നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി മരിച്ച "കർത്താവായ യേശുവിൽ വിശ്വസിക്കുവാനുള്ള" ബോധം ഒരു ശിശുവെന്ന നിലയിൽ നിങ്ങൾക്കില്ലെന്നു മാത്രമല്ല, ഒരു പാപിയെന്ന നിലയിൽ "മാനസാന്തരം" എന്തെന്നറിയാനുള്ള ബോധവും യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെടുന്നതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവും നിങ്ങൾക്കില്ല. **'വിശ്വാസത്തിനും മാനസാന്തരത്തിനും'** ശേഷമാണ് സ്നാനം വരേണ്ടത് എന്ന കാര്യത്തിൽ ബൈബിൾ വളരെ വ്യക്തമാണ്, അല്ലാതെ 'വിശ്വാസത്തിനും മാനസാന്തരത്തിനും' മുമ്പല്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ, നമ്മുടെ ജീവിതകാലത്തോ, നാം ദൈവ മുമ്പാകെ നില്ക്കുന്ന സമയത്തോ ദൈവവചനത്തോട് വിലപേശാൻ നമുക്കാവില്ല.

ഇതിന്റെ അടിസ്ഥാന കാര്യത്തിലേക്കു നമുക്കു വരാം. അതിനെക്കുറിച്ചു ചിന്തിക്കുക! ഏതെങ്കിലും ഒരു സ്നാനം പ്രാധാന്യമുള്ളതാണെന്ന് എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും അംഗീകരിച്ചിട്ടുള്ളത് എന്തുകൊണ്ടാണ്? അതിനു കാരണം അത് ഓരോ വിശ്വാസിയോടുമുള്ള കല്പനയാണ്, എല്ലാ സഭാവിഭാഗങ്ങളും അത് അംഗീകരിച്ചിട്ടുമുണ്ട്. ഇടയ ശ്രേഷ്ഠനും നമ്മുടെ വിശ്വാസത്തിന്റെ നായകനുമായവൻ നമുക്കു പിന്തുടരുന്നതിനുള്ള ഒരു മാതൃക സ്ഥാപിക്കേണ്ടതിന് ആ നീതി നിവർത്തിക്കുകയുണ്ടായി.

**മത്തായി 3:13-15**

*13 അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏല്ക്കുവാൻ*
*ഗലീലയിൽനിന്നു യോർദ്ദാൻകരെ അവന്റെ അടുക്കൽ വന്നു.*
*യോഹന്നാനോ അവനെ വിലക്കി: 14 നിന്നാൽ സ്നാനം ഏല്ക്കുവാൻ*
*എനിക്കു ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ എന്നു*
*പറഞ്ഞു. 15 യേശു അവനോടു: ഇപ്പോൾ സമ്മതിക്ക;* ***ഇങ്ങനെ***
***സകലനീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം*** *എന്നു ഉത്തരം*
*പറഞ്ഞു; അപ്പോൾ അവൻ അവനെ സമ്മതിച്ചു.*

**മത്തായി 28:19 ൽ** നാം വായിക്കുന്നതുപോലെ, താൻ ചെയ്തതുപോലെ സകല വിശ്വാസികളും ചെയ്യുവാൻ യേശു കല്പിച്ചിട്ടുള്ളതാണ് 'ജലസ്നാനം.'

ശിശുവിനെ മാമ്മോദീസാ മുക്കുന്നത് അതിനെ "അനുഗാമി/ശിഷ്യൻ" ആക്കുന്നില്ല. കാരണം ക്രിസ്തീയ വിശ്വാസം ജനനത്താൽ ലഭിക്കുന്നതോ ഇതര മതങ്ങളെപ്പോലെ പരമ്പരാഗതമോ അല്ല; പിതാവിൽ നിന്നും മക്കളിലേക്കു കൈമാറുന്ന സംഘടനാ അംഗത്വം പോലെയുമല്ല ക്രിസ്ത്യാനിത്വം. ഓരോ

തലമുറയും യേശുവിന്റെ അനുഗാമിയാകുന്നത് സ്വയം തിരഞ്ഞെടുക്കേണ്ട താണ് അല്ലാത്തപക്ഷം അതും നിത്യജീവൻ പ്രാപിക്കാൻ സഹായിക്കാത്ത ഒരു മതലേബലായി മാറും.

ഒരു നിമിഷം ചിന്തിക്കുക - ശിഷ്യനാകുവാൻ സ്വയം തിരഞ്ഞെടുക്കുന്നവ നാണ് ശിഷ്യൻ. അവരുടെ ജീവിതത്തിൽ **എല്ലാ മേഖലകളിലും** യജമാന നായി കർത്താവായ യേശുവിനെ അനുവദിക്കുന്നതിന് വ്യക്തിപരവും ഉത്ത മബോധ്യത്തോടെയുള്ളതും മനപ്പൂർവ്വമായും (അവരുടെ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ എടുക്കുന്ന) അവർ എടുക്കുന്ന ചുവടുവയ്പാണത്.

അക്കാരണത്താലാണ് ഒരു വിശ്വാസി സ്നാനജലത്തിൽ നിന്നും പുറത്തുവ ന്നാലുടനെ 'യേശുവിൻ പിൻപെ പോകാനുറച്ചു, പിന്മാറാതെ, ഞാൻ മാറാതെ' എന്നു പാടുന്നത്.

**ജലസ്നാനം എന്നത്** തന്റെ നാമം വിളിക്കപ്പെടുന്ന **തന്റെ ജനത്തിനുവേ ണ്ടി ദൈവത്തിന്റെ പരമാധികാരത്തിലുള്ളതും തെറ്റുസംഭവിക്കാത്തതു മായ 'ഹിതവും പദ്ധതിയും'** ആണ്, അത് ഗൗരവമായി എടുക്കേണ്ടതുമാണ്.

തന്റെ മാതൃക പിൻപറ്റുവാൻ തന്നെ അനുഗമിച്ചവരോടും തന്റെ ശിഷ്യന്മാ രോടും യേശു കല്പിച്ചപ്പോൾ, അവന്റെ ആദിമ ശിഷ്യന്മാർ ചെയ്തതുപോലെ 'സ്നാന ജലത്തിലൂടെ' ഞാനും നിങ്ങളും അവനെ അനുഗമിക്കുവാനാണ് അവൻ അർത്ഥമാക്കിയത്. ആദ്യത്തെ ശിഷ്യന്മാർക്കു ശേഷം തുടർന്നു വരുന്ന തലമുറകൾ തങ്ങളുടെ 'ശിശുക്കളെ സ്നാന'പ്പെടുത്തിക്കൊണ്ട് അതു തുട രണം എന്ന യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. എങ്കിലും ദുഃഖകരമെന്നു പറയട്ടെ, സ്നാനം പിന്നീട് വചനം ഒരിക്കലും അർത്ഥമാക്കാത്ത 'ശിശു സ്നാനം' എന്ന ആചാരം ആയി മാറി. നിങ്ങളുടെയോ എന്റെയോ മാതാപി താക്കളല്ല നിങ്ങൾക്കും എനിക്കും വേണ്ടി അതു നിർവഹിക്കേണ്ടത്, മറിച്ച് അവന്റെ അനുഗാമികൾ എന്ന നിലയിൽ അവർ **സ്വമേധയാ** ചെയ്യേണ്ടതാ ണത്. പുതിയ നിയമത്തിലെ മറ്റേതൊരു കാര്യത്തെയും പോലെ **'സ്നാന'വും സ്വതന്ത്ര ഇച്ഛയാൽ നടക്കേണ്ട കാര്യമാണ്.**

ചില ആളുകൾക്ക് സ്നാനമേല്ക്കണമെന്ന് (പരിശുദ്ധാത്മാവിന്റെ ബോധ്യ പ്പെടുത്തലിലൂടെ) ബോധ്യപ്പെടാറുണ്ട്, എങ്കിലും നിർഭാഗ്യവശാൽ പില്ക്കാ ലത്ത് സമ്മർദ്ദങ്ങളിലൂടെ അവരുടെ സഭാവിഭാഗം ചിന്തിക്കുന്ന രീതിയിൽ ചിന്തിക്കുവാൻ അവരും വശംവദരാകും. അത്തരത്തിലുള്ള എല്ലാവരോടും എനിക്കു ചോദിക്കുവാനുള്ളത്, ദൈവവചനത്തിനാണോ നമ്മുടെ ജീവിത ത്തിൽ മുൻഗണന അതോ സഭാവിഭാഗത്തിന്റെ സമ്മർദ്ദങ്ങളും പാരമ്പര്യങ്ങ ളുമാണോ മുൻനിരയിൽ വരുന്നത്?

മറ്റു മതങ്ങളിൽ നിന്നും വിശ്വാസത്തിൽ വരികയും കഠിനമായ എതിർപ്പിന്റെ

നടുവിലും വിശ്വാസ സ്നാന ജലത്തിലേക്ക് ഇറങ്ങുവാൻ തയ്യാറാകുകയും ചെയ്യുന്ന പുതിയ ക്രിസ്തീയ വിശ്വാസികളുടെ ധൈര്യം നമുക്കു വെല്ലുവിളിയായിത്തീരേണ്ടതാണ്. ക്രിസ്തീയ കുടുംബങ്ങളിൽ ജനിച്ചവരും ഈ വിശ്വാസത്തിന്റെ പ്രദർശനം നടത്താൻ ദൈവത്തിന്റെ ആത്മാവ് ബോധ്യം നൽകിയിട്ടും പരിശുദ്ധാത്മാവിനോടു മത്സരിച്ച് നമ്മുടെ സഭാവിഭാഗത്തിന്റെ ലേബലുമായി സുഖമായിരിക്കുന്നവരുമായ നമ്മെ ഇതു ലജ്ജിപ്പിക്കേണ്ടതാണ്.

അപ്പൊസ്തലനായ പത്രൊസ്, യേശുക്രിസ്തു തനിക്ക് വെണ്മാടത്തിൽവെച്ചു നൽകിയ ദർശനത്തിലൂടെ വെളിപ്പെടുത്തിയ വലിയ വെളിപ്പാടിനെ സഹവിശ്വാസികളുടെ സമ്മർദ്ദത്തിനു വഴങ്ങി അനുസരിക്കാതിരുന്നുവെങ്കിൽ **'പരിച്ഛേദനയില്ലാത്ത ജാതികൾ' ആയ നാം ഇന്നു ക്രിസ്ത്യാനികളാകുകയില്ലായിരുന്നു.** അവനിലൂടെ യേശുക്രിസ്തുവിലൂടെയുള്ള ദൈവകൃപയുടെ വാതിൽ ജാതീയ ലോകത്തിനു തുറന്നു കിട്ടിയിരിക്കുന്നു.

**പ്രവൃത്തി 11:1-4**

*"ജാതികളും ദൈവവചനം കൈക്കൊണ്ടു എന്നു അപ്പൊസ്തലന്മാരും യെഹൂദ്യയിലുള്ള സഹോദരന്മാരും കേട്ടു. [2]പത്രൊസ് യെരൂശലേമിൽ എത്തിയപ്പോൾ പരിച്ഛേദനക്കാർ അവനോടു വാദിച്ചു: [3]**നീ അഗ്രചർമ്മികളുടെ അടുക്കൽ ചെന്നു** അവരോടുകൂടെ ഭക്ഷിച്ചു എന്നു പറഞ്ഞു. [4]പത്രൊസ് കാര്യം ആദിമുതൽ ക്രമമായി അവരോടു വിവരിച്ചു പറഞ്ഞതു:...."*

മറ്റൊരു ഉദാഹരണം എടുത്താൽ, വില്യം ടിൻഡെയ്ലിനെ ബൈബിൾ പരിഭാഷപ്പെടുത്തുന്നതിനെതിരെ സഭ വിലക്കിയപ്പോൾ ക്രിസ്തീയ സമ്മർദ്ദത്തിനു ടിൻഡെയ്ൽ വഴങ്ങിയിരുന്നുവെങ്കിൽ ക്രിസ്ത്യാനികളായ നാം ഇന്ന് ഇപ്രകാരം അനുഗ്രഹിക്കപ്പെടുകയോ, (എബ്രായയിലും ഗ്രീക്കിലുമുള്ള മൂലകൃതികൾ ഒഴികെ) നമ്മുടെ സ്വന്തം ഭാഷയിൽ ബൈബിൾ നമുക്ക് ലഭിക്കുകയോ ഇല്ലായിരുന്നു. അവൻ രക്തസാക്ഷിത്വം വരിക്കുകയായിരുന്നു (മരക്കുറ്റിയോടു ചേർത്തു ബന്ധിച്ച് അഗ്നിക്കിരയാക്കി), ദൈവാത്മാവ് അവനു പ്രേരണ കൊടുത്ത കാര്യം ചെയ്യുവാൻ തക്കവണ്ണം അവൻ ധൈര്യം കാണിച്ചതുകൊണ്ടു മാത്രം.

അന്നത്തെ ക്രിസ്തീയ (പൗരോഹിത്യ) വിശ്വാസാചാരങ്ങൾ ബൈബിളിൽ എഴുതിയിരിക്കുന്നവയുമായി പൊരുത്തപ്പെടാതിരുന്നതു നിമിത്തം (കഠിനമായ എതിർപ്പിനെ അവഗണിച്ച്) അതിനെ എതിർക്കുവാൻ ധൈര്യപ്പെട്ട മാർട്ടിൻ ലൂഥറിന്റെ കാര്യമോ?

നിരവധി വിശ്വാസ വീരന്മാരെക്കുറിച്ച് അനവധി ഉദാഹരണങ്ങൾ എനിക്കിങ്ങനെ ചൂണ്ടിക്കാണിക്കുവാൻ കഴിയും, എങ്കിലും **ദൈവം തന്റെ വിശുദ്ധ വചനത്തിൽ നിന്നുള്ള സത്യം വെളിപ്പെടുത്തുമ്പോൾ ഞാനും നിങ്ങളും**

**അത് അനുസരിക്കാൻ ഒരുങ്ങുമോ അതോ അതിനോട് എതിർത്തു നില്ക്കുമോ?** എന്നതാണ് ചോദ്യം.

നാം എതിർത്തു നില്ക്കാനാണു പോകുന്നതെങ്കിൽ, അതിനു കാരണം നാം നമ്മുടെ സഭാവിഭാഗത്തിന്റെ വീക്ഷണങ്ങളെ ദൈവത്തിന്റെ എഴുതപ്പെട്ട വചനത്തിനു മീതെ വയ്ക്കുന്നു എന്നതാണ്.

ക്രിസ്തീയ വിശ്വാസത്തിൽ ജനിക്കുകയും പരമ്പരാഗത ആചാരങ്ങളാൽ സഭയുടെ ഭാഗമായിത്തീരുകയും ചെയ്ത നമ്മെക്കാളും ചിലപ്പോൾ ഒരു പുതിയ വിശ്വാസിക്ക് കർത്താവായ യേശുവിലുള്ള അവന്റെ ലളിതമായ വിശ്വാസം നിമിത്തം വചനത്തിലെ കല്പനകൾ (സ്നാനത്തെക്കുറിച്ചുള്ളവ) അനുസരിക്കുന്നത് കുറെക്കൂടെ എളുപ്പമായിരിക്കാം.

കർത്താവായ യേശു സംസാരിച്ചതിനെക്കുറിച്ച് ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നതിനോട് ഇതിനു വളരെ സാമ്യമുണ്ട്:

**ലൂക്കൊസ് 7:29–30**

*29 എന്നാൽ ജനം ഒക്കെയും ചുങ്കക്കാരും കേട്ടിട്ടു യോഹന്നാന്റെ സ്നാനം ഏറ്റതിനാൽ ദൈവത്തെ നീതീകരിച്ചു. 30 എങ്കിലും പരീശന്മാരും ന്യായശാസ്ത്രിമാരും അവനാൽ സ്നാനം ഏല്ക്കാതെ* ***ദൈവത്തിന്റെ ആലോചന തങ്ങൾക്കു വ്യർത്ഥമാക്കിക്കളഞ്ഞു.***

മുകളിൽ നാം വായിച്ചതിൽനിന്നും മനസ്സിലാക്കുന്നത്, അനുസരണമുള്ളവർ ദൈവത്തിന്റെ സത്യത്തെ അനുസരിക്കുകയും സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യുമ്പോൾ അനുസരണമില്ലാത്തവർ അവയെ നിരസിച്ചുകളയും എന്നാണ്. പരീശന്മാർക്ക് സത്യം അന്വേഷിക്കുകയും സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യുന്നതിനെക്കാൾ തർക്കിക്കുന്നതിലും കുറ്റം കണ്ടുപിടിക്കുന്നതിലും ഒഴികഴിവു പറയുന്നതിലും മാത്രമായിരുന്നു താല്പര്യം. ഇന്ന് ദൈവവചനത്തിന്റെ സത്യത്തെ എതിർക്കുന്നവർ കർത്താവായ യേശു ഭൂമിയിൽ ജീവിച്ച കാലത്തുണ്ടായിരുന്ന പരീശന്മാരെക്കാൾ വ്യത്യസ്തരല്ല.

ഞാൻ നിങ്ങളോടു ചോദിക്കട്ടെ, ഇന്നു നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയെ നിങ്ങൾ നിരസിക്കുകയാണോ? അതോ മുഖവുരയിൽ ഞാൻ പരാമർശിച്ചതുപോലെ നമ്മിൽ ചിലർ ഇപ്പോഴും കർത്താവായ യേശുവിന്റെ കാലത്തുള്ളവരെപ്പോലെയാണോ?

**യോഹന്നാൻ 12:42–43**

*42 എന്നിട്ടും പ്രമാണികളിൽ തന്നേയും അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർനിമിത്തം* ***ഏറ്റുപറഞ്ഞില്ലതാനും. 43 അവർ ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു.***

പലപ്പോഴും നാം കർത്താവിനെ സ്നേഹിക്കുന്നു എന്ന് നമ്മുടെ വായ്കൊണ്ടു പറയാറുണ്ട്. എന്നാൽ ഇത്തരം സമയങ്ങളിലാണ് (ലിറ്റ്മസ് പരീക്ഷണം പോലെ അതു വരും) നാം യഥാർത്ഥമായി അവനെ സ്നേഹിക്കുന്നുവോ എന്ന് തെളിയിക്കപ്പെടുന്നത്. നാം അവനെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ അവന്റെ കല്പനകളെ പ്രമാണിച്ചുകൊണ്ട് നാം നമ്മുടെ യഥാർത്ഥ സ്നേഹം വെളിപ്പെടുത്തും എന്ന് യേശു തന്നെ പറഞ്ഞു (യോഹന്നാൻ 14:15). *'നീ ഇവയിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?'* എന്ന് കർത്താവായ യേശു പത്രൊസിനോടു ചോദിച്ചതുപോലെ, അവന്റെ നാമത്തിനുവേണ്ടി നാം ചുവടു വയ്ക്കുന്നതിൽ നിന്നും, ഞാനും നിങ്ങളും പ്രവേശിക്കുവാൻ ദൈവത്തിന്റെ ആത്മാവ് ആവശ്യപ്പെടുന്ന മേഖലകളിലേക്കു കടക്കുന്നതിൽ നിന്നും നമ്മെ തടയുന്ന സമ്മർദ്ദങ്ങളാണ് ഈ **'ഇവ.'** സകല വിശ്വാസികളും ചെയ്യണമെന്ന് കർത്താവ് നിഷ്കർഷിച്ചിരിക്കുന്ന ജലസ്നാനം അനുസരണത്തിന്റെ ഒരു പരീക്ഷണമാണെന്നു ഞാൻ വിശ്വസിക്കുന്നു (മത്തായി 28:19).

ക്രിസ്തുവിൽ പ്രിയമുള്ളവരേ, പഴയ നിയമത്തിൽ ദൈവവും ദൈവമക്കൾക്കുമിടയിൽ ധാരാളം പ്രമാണങ്ങളുണ്ട്, **എന്നാൽ പുതിയ നിയമത്തിൽ** അവനോടുള്ള നമ്മുടെ യഥാർത്ഥ സ്നേഹത്തിന്റെ പ്രദർശനമായ നമ്മുടെ അനുസരണത്തിന്റെ/കീഴ്പ്പെടലിന്റെ പരിശോധനയായി **കർത്താവായ ദൈവം രണ്ടു പ്രധാന ഭൗതിക അനുഷ്ഠാനങ്ങൾ** മാത്രമേ വ്യവസ്ഥ ചെയ്തിട്ടുള്ളു (അതിനെ ഞാൻ ഉടമ്പടികൾ എന്നു വിളിക്കുന്നു). **സ്നാനമാണ് അവയിലൊന്ന്,** മറ്റേത് കർത്തൃമേശയും.

**കർത്താവായ ദൈവം ഓരോ വിശ്വാസിക്കും** അവന്റെ/അവളുടെ സ്വതന്ത്ര ഇച്ഛ വെളിപ്പെടുത്തുവാൻ **ഈ ഭാഗ്യപദവി നൽകിയിരിക്കുന്നു**, അതിനാൽ നാം ഒരിക്കലും ഈ ദൈവദത്തമായ പദവി നഷ്ടപ്പെടുത്തരുത്, അത് ഒരു നിലയിൽ ഒരു ആത്മിക വിവാഹമാണ്. ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ അവൻ ഒരിക്കലും നമ്മുടെ അധികാരത്തിന്മേൽ അതിക്രമിച്ചു കടക്കുകയില്ല. എങ്കിലും തങ്ങളുടെ പഴയ പാപവഴികളെ വിട്ടു മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോ വിശ്വാസിയും അത് 'സ്നാന'ത്തിലൂടെയും 'അപ്പം നുറുക്കലിലൂടെയും' (കർത്തൃമേശ) വെളിപ്പെടുത്തണമെന്നത് ദൈവദത്തമായ കല്പനയാണ്.

മുമ്പു പല പ്രാവശ്യം പറഞ്ഞതുപോലെ, (നാം നമ്മുടെ ജീവിതകാലം മുഴുവനും ക്രിസ്തീയ വിശ്വാസത്തെയും ദൈവവചനത്തെയും മനസ്സിലാക്കിയിട്ടുണ്ടെന്നു ചിന്തിച്ച്) അവന്റെ ചിന്തകളും വഴികളും നമ്മുടേതിനെക്കാൾ അത്യധികം ഉയർന്നവയാണെന്നു മനസ്സിലാക്കാതിരുന്നാൽ അത് കഠിനമായ നിലയിൽ നിത്യമായ നാശത്തിന് ഇടയാക്കും. കർത്താവായ ദൈവത്തെ സംബന്ധിച്ച് അവൻ **തന്റെ സമയത്ത്** ഒരു വെളിപ്പാട് നൽകുമ്പോൾ നമുക്കു ചെയ്യാ

നുള്ളത്, നാം ചെയ്യേണ്ട കാര്യത്തെക്കുറിച്ച് കാരണങ്ങൾ കണ്ടെത്തുകയോ തർക്കിക്കുകയോ ചെയ്യാതെ **അത് ഉടനെ അനുസരിക്കുക** എന്നതാണ്.

പത്രൊസ് അപ്പൊസ്തലന്റെ ഉദാഹരണം എടുക്കുക - അവൻ കർത്താവായ യേശുവിനോടു ചേർന്നു നടന്നവൻ ആയിരുന്നു എങ്കിലും കർത്താവ് ആവശ്യപ്പെട്ടത് ചെയ്യാൻ ആരംഭത്തിൽ വിമുഖത കാണിച്ചു - അതായത് കർത്താവ് അവന്റെ കാലുകളെ കഴുകുന്നത്. അതിനു മറുപടിയായി കർത്താവ്, താൻ അവന്റെ കാലുകൾ കഴുകുന്നത് പത്രൊസ് നിരസിച്ചാൽ അവനു തന്നോടു കൂടെ പങ്കും ഓഹരിയും ഇല്ല എന്നു പറഞ്ഞു - **യോഹന്നാൻ 13:8**.

**വിശ്വാസ സ്നാനത്തെക്കുറിച്ചുള്ള അധ്യായം അവസാനിപ്പിക്കുമ്പോൾ**, എനിക്കു പറയാനുള്ളത് ഇതാണ്, നാം എല്ലാവരും കർത്താവിനെ പ്രിയമായി സ്നേഹിക്കുന്നവരായിരിക്കാം, അതിനെ ചോദ്യം ചെയ്യാൻ ഞാനാളല്ല; നമുക്കു ബൈബിൾ നന്നായിട്ടറിയാം, ഒരു കാര്യം തെളിയിക്കാനായി ദിവസം മുഴുവനും വാദിക്കാനും നമുക്കറിയാം, എങ്കിലും നമ്മിൽ പലരെക്കാളും തങ്ങളുടെ ബൈബിൾ നന്നായിട്ടറിയാമായിരുന്ന (അനേക) യെഹൂദന്മാർ അവരുടെ സ്വന്തം മശിഹായെ തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു.

നിങ്ങൾ മനുഷ്യരെയല്ല **ദൈവമായ കർത്താവിനെ മാത്രം നോക്കുകയും, തുടർന്നു ചെയ്യുവാൻ പരിശുദ്ധാത്മാവ് നിങ്ങളെ പ്രചോദിപ്പിക്കുന്ന കാര്യം ചാഞ്ചല്യമോ താമസമോ കൂടാതെ ചെയ്യണമെന്നുമാണ്** എന്റെ പ്രാർത്ഥന.

നമുക്കൊരു പക്ഷേ മറ്റൊരു അവസരം ലഭിച്ചില്ലെന്നു വന്നേക്കാം എന്നു സൂചിപ്പിക്കുന്ന ഒരു ദുഃഖ സംഭവം നിങ്ങളുമായി പങ്കുവയ്ക്കുന്നത് എനിക്കു പ്രയാസകരമാണെങ്കിൽപോലും (അനേകരുടെ പ്രയോജനത്തിനായി) ഞാനിവിടെ എഴുതുന്നു. എന്റെ അടുത്ത സ്നേഹിതന്റെ മാതാപിതാക്കൾ അടുത്തയിടെ തങ്ങളുടെ മകനോടുകൂടെ സമയം ചിലവഴിക്കുന്നതിനായി വന്നു. ഒരു ഞായറാഴ്ച ആരാധനയ്ക്കുശേഷം ഞാനദ്ദേഹത്തെ കാണുകയും, അടുത്ത ദിവസം സ്നാനപ്പെടാൻ തീരുമാനിച്ചിരിക്കുന്നവരോടൊപ്പം സ്നാനപ്പെടുന്നുണ്ടോ എന്നദ്ദേഹത്തോട് ആരായുകയും ചെയ്തു. അദ്ദേഹം ഉറച്ച തീരുമാനമുള്ളവനെപ്പോലെ എന്നെ നോക്കി, ആത്മാവ് കുറെ നാളുകളായി തന്നെ അതിനു പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. അടുത്തു നില്ക്കുന്ന ഭാര്യയെയും മകനെയും നോക്കിയിട്ട് ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ട കാര്യം അദ്ദേഹം അവരോടു പറഞ്ഞു. എന്റെ സ്നേഹിതന്റെ പിതാവ് സ്നാനത്തെക്കുറിച്ച് ഗൗരവമായി ചിന്തിച്ചുകൊണ്ടിരുന്നതിനാൽ അദ്ദേഹവുമായി ബന്ധപ്പെടാൻ ഞാൻ സഭാ പാസ്റ്ററോട് ആവശ്യപ്പെടുകയും അദ്ദേഹത്തെ അതിനായി ഉത്സാഹിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ചില ദിവസങ്ങൾക്കു ശേഷം പാസ്റ്റർ എന്നെ വിളിക്കുകയും, എന്റെ സ്നേഹിതന്റെ പിതാവ് തന്റെ നാട്ടിലേക്കു മടങ്ങിപ്പോയി തന്റെ മനസ്സിലുള്ള ഒരു വ്യക്തി

യുടെ കൈക്കീഴിൽ സ്നാനപ്പെടാൻ ആഗ്രഹിക്കുന്നു എന്ന വിവരം പറയുകയും ചെയ്തു. ഒരാഴ്ചയ്ക്കു ശേഷം എന്റെ സ്നേഹിതന്റെ പിതാവ് തന്റെ നാട്ടിലേക്കു മടങ്ങി. അദ്ദേഹം സഞ്ചരിച്ച വിമാനം ലക്ഷ്യസ്ഥാനത്ത് എത്തി റൺവേയിൽ സ്പർശിച്ച നിമിഷം അദ്ദേഹത്തിന് ഒരു കടുത്ത ഹൃദയാഘാതം സംഭവിക്കുകയും വിമാനത്തിൽ തന്റെ സീറ്റിലിരുന്ന് തൽക്ഷണം അദ്ദേഹം മരിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ ആത്മാവ് എവിടെയാണ് എന്നതിനെക്കുറിച്ച് ഞാൻ വിധിക്കുകയല്ല, അതിനു ഞാൻ ആളുമല്ല, പക്ഷേ നാളത്തേക്കു മാറ്റിവയ്ക്കുന്നതിന് ചില സമയങ്ങളിൽ വളരെ വിലകൊടുക്കേണ്ടിവരും എന്നാണ് എനിക്കു പറയുവാനുള്ളത്.

**എബ്രായർ 4:6–7 ൽ**
**ദൈവത്തിന്റെ വചനം പറയുന്നു**

*6 അതുകൊണ്ടു ചിലർ അതിൽ പ്രവേശിപ്പാൻ ഇട ശേഷിച്ചിരിക്കയാലും മുമ്പെ സദ്വർത്തമാനം കേട്ടവർ* ***അനുസരണക്കേടു നിമിത്തം പ്രവേശിക്കാതെ പോകയാലും*** *7 ഇത്ര കാലത്തിന്റെ ശേഷം ദാവീദ് മുഖാന്തരം:* ***"ഇന്നു അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതു"*** *എന്നു മുമ്പെ പറഞ്ഞതുപോലെ "ഇന്നു" എന്നൊരു ദിവസം പിന്നെയും നിശ്ചയിക്കുന്നു.*

ഇത്രയും പ്രാധാന്യമുള്ള ഈ ദൈവിക കല്പന നിങ്ങൾ വേണ്ടെന്നുവയ്ക്കുകയോ, താമസിപ്പിക്കുകയോ, നാളേക്കു മാറ്റിവയ്ക്കുകയോ ചെയ്തിട്ട് താമസിച്ചു പോയി എന്നു വരാതിരിപ്പാൻ **ജലസ്നാനത്തെക്കുറിച്ചുള്ള വേദപുസ്തക സത്യങ്ങൾ നിങ്ങൾക്കു തന്നെ വായിച്ച് ധ്യാനിക്കുന്നതിനായി** (ഒരു പക്ഷേ നിങ്ങളുടെ പ്രഭാതത്തിലെ ധ്യാന സമയത്ത്) ചില വാക്യങ്ങൾ ഞാൻ താഴെ കൊടുക്കുന്നു. സ്നാനത്തോടു ബന്ധപ്പെട്ട ഈ വേദഭാഗങ്ങൾ നിങ്ങൾ തന്നെ വായിച്ചു മനസ്സിലാക്കാൻ സമയമെടുത്താൽ നിങ്ങൾക്ക് 'മുതിർന്നവരുടെ വിശ്വാസ സ്നാനം' ആവശ്യമാണ് എന്ന് **യാതൊരു സംശയത്തിനുമിടയില്ലാതെ നിങ്ങൾ മനസ്സിലാക്കും** എന്നു ഞാൻ വിശ്വസിക്കുന്നു. കൂടാതെ നിങ്ങൾക്കു വേണ്ടി നടത്തിയ ശിശുസ്നാനം എന്ന ചടങ്ങ്, സുവിശേഷം പങ്കുവയ്ക്കുകയും ശിഷ്യന്മാരെ വാർത്തെടുക്കുകയും ചെയ്യുന്നതിനുള്ള ശ്രേഷ്ഠനിയോഗത്തിലൂടെ സ്നാനത്തെ സംബന്ധിച്ച് ക്രിസ്തു സഭയ്ക്കു നൽകിയ കല്പനയുടെ പൂർത്തീകരണമാകയില്ല എന്നും നിങ്ങൾ മനസ്സിലാക്കും.

നിങ്ങളുടെ പഠനത്തിനായി താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ ഞാൻ വ്യാഖ്യാനിക്കാതെ വെറുതെ നിർദ്ദേശിച്ചിരിക്കുന്നത് രണ്ടു കാരണങ്ങളാലാ

ണ്. ഒന്നാമതായി, വിശ്വാസിയെന്ന നിലയിൽ ഞാനും നിങ്ങളും എന്തിന്റെയായാലും അതിന്റെ മികച്ച സത്യം **അന്വേഷിച്ചു കണ്ടെത്തുന്നതിന്** നമ്മുടെ മനസ്സും കഴിവുകളും ഹൃദയവും ഉപയോഗിക്കുന്നവരാണ്. രണ്ടാമതായി, അത്തരത്തിലുള്ള തിരുവെഴുത്തുകൾ നന്നായി മനസ്സിലാക്കുവാൻ കഴിയുന്നത് നമ്മുടെ സ്വന്തം ബൈബിളിൽനിന്നും വ്യക്തിപരമായി വായിക്കുമ്പോഴാണ്. ഓർക്കുക, നിങ്ങൾ വിശ്വസിക്കുന്ന കാര്യത്തെ സംബന്ധിച്ച് നിങ്ങൾ എന്തുചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് നിങ്ങളുടെ വിശ്വാസം പരിശോധിക്കപ്പെടുന്നത് (യാക്കോബ് 1:22; 2:14, 17, 24), ആ വിശ്വാസത്തിന്റെ സ്ഥിരീകരണമാണ് സ്നാനം എന്നു ഞാൻ വിശ്വസിക്കുന്നു.

*'പുസ്തകം തുടർന്നു വായിക്കട്ടെ' എന്നു പറഞ്ഞ് നിങ്ങൾ അടുത്ത പേജ് മറിക്കുമോ അതോ ഇവിടെ നിർത്തി '**സ്നാനത്തെ** സംബന്ധിച്ച് എന്റെ ജീവിതത്തിന്മേലുള്ള ദൈവഹിതം എന്താണെന്നു മനസ്സിലാക്കട്ടെ' എന്നു പറഞ്ഞ് താഴെക്കൊടുത്തിരിക്കുന്ന ഓരോ വാക്യവും വായിക്കാൻ തയ്യാറാകുമോ?*

**ശിശുസ്നാനമോ**
**മുതിർന്നവരുടെ വിശ്വാസ സ്നാനമോ**
*ഏതാണ് സഭയോടുള്ള ക്രിസ്തുയേശുവിന്റെ കല്പന നിവർത്തിക്കുന്നത് എന്ന ഈ വേദപുസ്തക അന്വേഷണം നമുക്കാരംഭിക്കാം.*

*(മനുഷ്യനോ സഭാവിഭാഗമോ അല്ല ബൈബിളും ക്രിസ്തുവുമാണ് നമ്മുടെ വിശ്വാസത്തെ സംബന്ധിച്ച അവസാന വാക്ക്-ശരിയല്ലേ?)*

**യെഹെസ്കേൽ 36:25–27**
ലെ പഴയനിയമ പ്രവചനത്തിൽ ആരംഭിച്ച്

**മത്തായി 3:15; മത്തായി 28:18–20; മർക്കൊസ് 16:16** ലെ
കർത്താവായ യേശുവിന്റെ കല്പന വരെ

**പ്രവൃത്തി 2:41; പ്രവൃത്തി 8:35–38; പ്രവൃത്തി 9:17–19; പ്രവൃത്തി 10:47–48; പ്രവൃത്തി 16:14–15, 27–34; പ്രവൃത്തി 18:8, 24–28; പ്രവൃത്തി 19:1–8; പ്രവൃത്തി 22:12–16** ൽ കാണുന്ന അപ്പൊസ്തല പ്രവൃത്തികളിലെ ആദിമ സഭവരെയും

ഒടുവിലായി ലേഖനങ്ങളിൽനിന്ന്
**റോമർ 6:3–8; ഗലാത്യർ 3:26–27; കൊലൊസ്യർ 2:12; എബ്രായർ 10:22; 1 പത്രൊസ് 3:21; യാക്കോബ് 2:14–17**

ഈ അനുസരണത്തിന്റെ ചുവടു നിങ്ങൾ വയ്ക്കുമ്പോൾ, ദൈവം നിങ്ങളുടെ ഉള്ളിൽ ഒരു അഗ്നി ജ്വലിപ്പിക്കുമെന്നും ആ ദിവസം മുതൽ അവനുവേണ്ടി മാത്രം ജീവിക്കാൻ നിങ്ങൾ ആഗ്രഹിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു എന്നു പറഞ്ഞുകൊണ്ട് നിങ്ങളെ ധൈര്യപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. എങ്കിലും ആ അഗ്നി കെടാതെ സൂക്ഷിക്കണമോ 'ബുദ്ധിയില്ലാത്ത കന്യക മാരെ'പ്പോലെ കെടുത്തിക്കളയണമോ എന്നു തീരുമാനിക്കേണ്ടത് നാമാണ്.

# അധ്യായം 7

## ക്രിസ്തീയ സഹോദര സ്നേഹത്തിന്റെ അഭാവം – ഒരു വലിയ കൊലയാളി/ അയോഗ്യനാക്കുന്നവൻ

ഇന്നു ക്രിസ്ത്യാനികളുടെ ഇടയിൽ കാണുന്ന 'ക്രിസ്തീയ സഹോദര സ്നേഹത്തിന്റെ അഭാവം - ഒരു വലിയ കൊലയാളിയും അയോഗ്യനാക്കുന്നവനും' എന്ന ഈ നിർണ്ണായക അധ്യായത്തിലേക്കു നാം കടക്കുകയാണ്! അനേക വിശ്വാസികളും ഈ ഒരൊറ്റ ഭോഷത്വം നിമിത്തം അയോഗ്യരാക്കപ്പെടുന്ന അവസ്ഥയിലാണെന്ന് എബ്രായലേഖനം നമുക്കു മുന്നറിയിപ്പു നൽകുന്നു.

**എബ്രായർ 12:14–17**

[14]*എല്ലാവരോടും **സമാധാനം ആചരിച്ചു** ശുദ്ധീകരണം പ്രാപിപ്പാൻ*
*ഉത്സാഹിപ്പിൻ. **ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ***
***കാണുകയില്ല.** [15]ആരും **ദൈവകൃപ വിട്ടു പിന്മാറുകയും** വല്ല കൈപ്പുള്ള*
*വേരും മുളെച്ചു കലക്കമുണ്ടാക്കി **അനേകർ അതിനാൽ***
***മലിനപ്പെടുകയും** [16]ആരും ദുർന്നടപ്പുകാരനോ, ഒരു ഊണിന്നു*
*ജ്യേഷ്ഠാവകാശം വിറ്റു കളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ*
*ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ. [17]അവൻ*
*പിന്നത്തേതിൽ അനുഗ്രഹം ലഭിപ്പാൻ ആഗ്രഹിച്ചു കണ്ണുനീരോടു കൂടെ*
*അപേക്ഷിച്ചിട്ടും **തള്ളപ്പെട്ടു** മാനസാന്തരത്തിന്നു ഇട കണ്ടില്ല എന്നു*
*നിങ്ങൾ അറിയുന്നുവല്ലോ.*

വിശ്വാസികളുടെ ഉള്ളിൽ കൈപ്പിന്റെ ഏതെങ്കിലും വേരുണ്ടെങ്കിൽ അവർ ദൈവകൃപയിൽനിന്നും വീണുപോയി എന്നും മലിനപ്പെട്ടുവെന്നും അവസാനം ദൈവത്താൽ തള്ളപ്പെടുന്ന അവസ്ഥയിലെത്തുമെന്നും ഉള്ള കാര്യത്തിൽ ഈ വേദഭാഗം വളരെ വ്യക്തമാണ്.

'ബുദ്ധിയില്ലാത്ത കന്യകമാർ' എന്ന ഭാഗത്തിന്റെ ആറാമത്തെയും അവസാനത്തെയും അധ്യായങ്ങളിൽ, ദൈവത്തിന്റെ മുമ്പിൽ അനേകർ **'അയോഗ്യ**

**രാകാൻ കാരണമായി**'ത്തീർന്ന ഇന്നത്തെ ക്രിസ്തീയ മണ്ഡലത്തിലെ വലിയതും ഏറ്റവും അപകടകാരിയുമായ അയോഗ്യനാക്കുന്നവനാൽ വിശ്വാസികൾ തങ്ങളുടെ കിരീടങ്ങൾ നഷ്ടപ്പെടുത്തി ഭോഷന്മാർ ആകരുതെന്ന് പറയുവാൻ ഞാനാഗ്രഹിക്കുന്നു.

നാം ഇപ്പോൾ വായിച്ചപ്രകാരം **എബ്രായർ 12:14–17** ൽ നിന്നും (പഴയ നിയമത്തിലെ) ഒരു ചെറിയ വിഷയത്തിൽ, ഒരു കഷണം അപ്പത്തിനുവേണ്ടി 'ദൈവദത്തമായ ജന്മാവകാശം' അലക്ഷ്യമായി എറിഞ്ഞുകളഞ്ഞ ഏശാവിന്റെ ഉദാഹരണം എടുത്ത്, <u>അന്യോന്യമുള്ള കൈപ്പ് വിട്ടുകളയാൻ മനസ്സില്ല</u> (അത് ക്രിസ്തീയ സഹോദരനോടോ, സഹോദരിയോടോ, കുടുംബാംഗത്തോടോ, അയല്ക്കാരനോടോ ആരോടായാലും) എന്ന ഒറ്റക്കാരണത്താൽ 'ദൈവദത്തമായ രക്ഷ – സൗജന്യദാനം' ഭോഷത്തമായി നഷ്ടപ്പെടുത്തുന്ന **ക്രിസ്തീയ വിശ്വാസികൾക്ക് മുന്നറിയിപ്പ്** നൽകുകയാണിവിടെ. നമ്മുടെ ആത്മീയ എതിരാളിക്ക് ഇക്കാര്യം നന്നായിട്ടറിയാം, അവൻ ക്ഷമിക്കാൻ മനസ്സില്ലായ്മ, അസൂയ, കൈപ്പ് എന്നിവയുടെ ചിന്തകളാൽ നിങ്ങളെ ആക്രമിച്ചുകൊണ്ടിരിക്കും.

നിർഭാഗ്യവശാൽ സഹോദരസ്നേഹത്തിന്റെ സ്ഥാനം **കൈപ്പും അസൂയയും പരദൂഷണവും** കൈയടക്കിയിരിക്കുന്നു. അനേക വിശ്വാസികളും, അവർ അന്യോന്യം സഹോദരാ, സഹോദരീ എന്നു വിളിക്കുന്നുണ്ടെങ്കിലും നിർഭാഗ്യവശാൽ തങ്ങളുടെയുള്ളിൽ കപട സ്നേഹത്തിന്റെ ഭാവവും കൈപ്പിന്റെയും അസൂയയുടെയും വേരുകളും വഹിച്ചുകൊണ്ടു നടക്കുന്നു.

**റോമർ 12:9 പറയുന്നു**

***'സ്നേഹം <u>നിർവ്യാജം</u> ആയിരിക്കട്ടെ;***
*തീയതിനെ വെറുത്തു നല്ലതിനോടു പറ്റിക്കൊൾവിൻ.'*

അമേരിക്കയിൽ ഓരോ വർഷവും അനേക പാസ്റ്റർമാർ വിശ്വാസത്തിൽ നിന്നും പിന്മാറുകയും സഭകൾ അടച്ചുപൂട്ടപ്പെടുകയും ചെയ്യുന്നതായി ഞാൻ കേട്ടിട്ടുണ്ട് – എന്തുകൊണ്ട്? വിശ്വാസികൾ തമ്മിൽ ഐക്യതയില്ലാത്തതും അനൈക്യത വർദ്ധിച്ചതുമാണ് അതിനു കാരണം. ഫലമോ, വളരെക്കുറച്ചു പേർ മാത്രമേ പ്രാർത്ഥനയ്ക്കും കൂട്ടായ്മയ്ക്കുമായി ഏകമനസ്സോടെ കടന്നുവരുന്നുള്ളു (അതാണ് നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ നട്ടെല്ല്). ഇത് കൂടുതൽ ഭിന്നതയിലേക്കും നാശത്തിലേക്കും നയിക്കുന്നു. കൂട്ടായ്മ ഉണ്ടെങ്കിൽ തന്നെ അതിനെത്തുടർന്ന് പരദൂഷണവും ഏഷണിയുമാണ് അരങ്ങേറുന്നത്. **എത്ര ദുഃഖകരം!**

ആദിമ സഭയിൽ ഇതിന്റെ അനുരണനങ്ങൾ ദർശിച്ച അപ്പൊസ്തലനായ യോഹന്നാൻ, 'ഈ സഹോദര സ്നേഹമില്ലായ്മയ്ക്ക്' **നാം കൊടുക്കേണ്ടി**

**വരുന്ന ഉയർന്ന വിലയെക്കുറിച്ച്** വളരെ വ്യക്തമായി എഴുതിയിരിക്കുന്നു.

**1 യോഹന്നാൻ 3:14–15**

*[14]നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്കു അറിയാം.*
***സ്നേഹിക്കാത്തവൻ***
***മരണത്തിൽ വസിക്കുന്നു.***
*[15]സഹോദരനെ പകെക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു. യാതൊരു കൊലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു.*

**1 തെസ്സലൊനീക്യർ 4:6–9 ൽ**

ഇതേ വിഷയം അപ്പൊസ്തലനായ പൗലൊസ് കൈകാര്യം ചെയ്യുന്നു
*[6]ഈ കാര്യത്തിൽ ആരും അതിക്രമിക്കയും സഹോദരനെ ചതിക്കയും അരുതു; ഞങ്ങൾ നിങ്ങളോടു മുമ്പെ പറഞ്ഞതുപോലെ ഈ വകെക്കു ഒക്കെയും പ്രതികാരം ചെയ്യുന്നവൻ കർത്താവല്ലോ. [7]**ദൈവം നമ്മെ അശുദ്ധിക്കല്ല വിശുദ്ധീകരണത്തിന്നത്രേ വിളിച്ചതു.** [8]ആകയാൽ തുച്ഛീകരിക്കുന്നവൻ മനുഷ്യനെ അല്ല, തന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾക്കു തരുന്ന ദൈവത്തെ തന്നേ തുച്ഛീകരിക്കുന്നു. [9]**സഹോദരപ്രീതിയെക്കുറിച്ചു** നിങ്ങൾക്കു എഴുതുവാൻ ആവശ്യമില്ല;*
***അന്യോന്യം സ്നേഹിപ്പാൻ***
***നിങ്ങൾ ദൈവത്താൽ ഉപദേശം പ്രാപിച്ചതല്ലാതെ ...'***

അതേ, അന്യോന്യം സ്നേഹിപ്പാൻ നമ്മുടെ കർത്താവും ദൈവവുമായ യേശു ക്രിസ്തുവിനാൽ നാം പഠിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ വിശ്വാസികളായ നമ്മോട് അന്യോന്യം സ്നേഹിക്കണമെന്നു പറയേണ്ട ആവശ്യമില്ല.

**മത്തായി 22:37–40**

*[37]യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കേണം. [38]ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. [39]രണ്ടാമത്തേതു അതിനോടു സമം. **കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം.** [40]ഈ രണ്ടു കല്പനകളിൽ സകലന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു.*

**യോഹന്നാൻ 15:12**

***ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന.***

നിർഭാഗ്യവശാൽ, അനേക വിശ്വാസികളും കണക്കുകൊടുക്കേണ്ടുന്ന ആ നാളിൽ ഈ വലിയ അനുസരണക്കേടിന്റെ പാപത്തിന് കണക്കുകൊടുക്കേണ്ടിവരും; അതേ, **കർത്താവിന്റെ കല്പനയോടുള്ള അനുസരണക്കേടിന്.** എന്നെ സംബന്ധിച്ച്, (കേവലം നിർദ്ദേശമായിട്ടല്ലാതെ) കല്പനയായി കർത്താവായ യേശു പറഞ്ഞിട്ടുള്ള ഓരോ വാക്കും, ഈ പ്രത്യേക കല്പനയിൽ കാണുന്നതുപോലെ എവിടെയാണ് അവൻ അതു പറഞ്ഞത് എന്നതു നോക്കാതെ, വളരെ ഗൗരവമായി എടുക്കണമെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

കർത്താവായ യേശുവിന്റെ മാതൃക എടുത്ത്, അവൻ എപ്രകാരമാണ് തന്റെ ശിഷ്യനും ദൈവത്തിൽ കൂട്ടുസഹോദരനുമായ ഈസ്കര്യോത്താ യൂദായെ (ഒറ്റിക്കൊടുത്തവൻ) സ്നേഹിച്ചതെന്നു നോക്കുക.

(ശിഷ്യന്മാരോടുള്ള തന്റെ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രകടനമായി) 'ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നതിനു മുമ്പ്' യൂദായോട് മാളികമുറിയിൽനിന്നും പോകുവാൻ കർത്താവിന് ആവശ്യപ്പെടാമായിരുന്നു. അല്ലെങ്കിൽ കുറഞ്ഞപക്ഷം 'അന്ത്യഅത്താഴത്തിന്' മുമ്പെങ്കിലും മുറിയിൽനിന്നു പോകുവാൻ അവനോടാവശ്യപ്പെടാമായിരുന്നു. എന്നാൽ കർത്താവ് അതു ചെയ്യാതെ യൂദായുടെയും കാൽ കഴുകുകയും അവനോടൊപ്പം അപ്പം നുറുക്കുകയും ചെയ്തശേഷമാണ് മാളിക മുറിയിൽ നിന്നു പോകുവാൻ അവനോടാവശ്യപ്പെടുന്നത്.

ദൈവത്തിന്റെ വചനം നമ്മോടു കല്പിക്കുന്നത് നമ്മുടെ സഹോദരന്മാരെ സ്നേഹിക്കണമെന്നു മാത്രമല്ല, അവരെ **"ഉറ്റു"** സ്നേഹിക്കണമെന്നും അവനാവശ്യപ്പെടുന്നു:

**1 പത്രൊസ് 1:22**
*എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ* ***സഹോദരപ്രീതിക്കായി*** *നിർമ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂർവ്വം അന്യോന്യം* ***ഉറ്റു*** *സ്നേഹിപ്പിൻ.*

പത്രൊസ് അപ്പൊസ്തലൻ അർത്ഥമാക്കുന്ന 'സ്നേഹം' 'നിരുപാധിക സ്നേഹ'മാണ്. **'ഉറ്റു സ്നേഹിക്കുക'** എന്നതിനർത്ഥം പരമാവധിവരെ വിശാലമാക്കാവുന്ന, അഥവാ നമ്മോട് ദയയില്ലാതെയും മര്യാദയില്ലാതെയും ചിലപ്പോൾ പകയോടെയും ഇടപെടുമ്പോഴും പെരുമാറുമ്പോഴും അതു ഗൗനിക്കാതെ സഹോദരനെ സ്നേഹിക്കുന്ന സ്നേഹം എന്നാണ്.

എന്നിരുന്നാലും ഈ സ്നേഹത്തിനർത്ഥം ഒരു കൂട്ടുസഹോദരൻ അഥവാ സഹോദരി തെറ്റിലകപ്പെടുന്നതു കാണുമ്പോൾ അവനെ/അവളെ തിരുത്തരുത് എന്നല്ല, മറിച്ച് അവരോടുള്ള നിങ്ങളുടെ സ്നേഹം അവരോടു സത്യം പറയാൻ നിങ്ങളെ പ്രേരിപ്പിക്കും. **മത്തായി 18:15** *"നിന്റെ സഹോദരൻ*

*നിന്നോടു പിഴച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവന്നു ബോധ്യം വരുത്തുക; അവൻ നിന്റെ വാക്കു കേട്ടാൽ നീ സഹോദരനെ നേടി."*

എന്നിരുന്നാലും ഈ സ്നേഹം ഒരുനിലയിലും പാപത്തിലകപ്പെട്ട സഹോദ രനോട് കൂട്ടായ്മ ആചരിക്കുന്നതുമായി കൂട്ടിക്കുഴയ്ക്കരുത്, കാരണം 1 കൊരി ന്ത്യർ 5:11-13 അതിനെതിരായി നമുക്കു മുന്നറിയിപ്പു നൽകുന്നു.

**1 കൊരിന്ത്യർ 5:11-13 പറയുന്നു**

*[11]എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുതു; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കപോലും അരുതു എന്നത്രേ ഞാൻ നിങ്ങൾക്കു എഴുതിയതു. [12]പുറത്തുള്ളവരെ വിധിപ്പാൻ എനിക്കു എന്തു കാര്യം? നിങ്ങൾ അകത്തുള്ളവരെ അല്ലയോ വിധിക്കുന്നതു; പുറത്തുള്ളവരെ ദൈവം വിധിക്കുന്നു. [13]ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളവിൻ.*

നമ്മുടെ ജീവിതത്തിലെ ശക്തമായ സ്നേഹത്തിന്റെ സാന്നിധ്യത്തിനു മാത്രമേ ന്യായവിധി ദിവസത്തിൽ കർത്താവിന്റെ മുമ്പിൽ ധൈര്യത്തോടെ നില്പാൻ നമ്മെ പ്രാപ്തരാക്കാൻ കഴികയുള്ളു എന്ന് 1 യോഹന്നാൻ 4:16-17 ൽ ബൈബിൾ പറയുന്നു.

**1 യോഹന്നാൻ 4:16-17 പറയുന്നു**

*ഇങ്ങനെ ദൈവത്തിന്നു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു. **ദൈവം സ്നേഹം തന്നേ**; സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു. **ന്യായവിധിദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാവാൻ** തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു. അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു.*

സഹോദര സ്നേഹത്തെക്കുറിച്ചുള്ള ഈ അധ്യായത്തിന്റെ അവസാനഭാഗത്ത് ഞാൻ എത്തുമ്പോൾ, ന്യായവിധി ദിവസത്തിൽ ജീവനും മരണത്തിനുമുള്ള അധികാരം 'ദൈവവചന'ത്തിനാണ് എന്ന് വിശുദ്ധമായ ഭയത്തോടെ നാം ഓർക്കേണ്ടത് അത്യാവശ്യമാണ്. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്നു പ്രാർത്ഥിക്കുവാൻ കർത്താവു നമ്മെ പഠിപ്പിച്ച കർത്തൃപ്രാർത്ഥന നമു ക്കെല്ലാവർക്കും അറിയാം. എന്നാൽ കർത്താവിന്റെ പ്രാർത്ഥനയിലെ തൊട്ട ടുത്ത വാക്യം നമുക്കറിയാമോ?

**മത്തായി 6:15**
*നിങ്ങൾ മനുഷ്യരോടു പിഴകളെ*
*ക്ഷമിക്കാഞ്ഞാലോ*
*നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല.*

*ഇവിടെ രക്ഷിക്കപ്പെട്ട വിശ്വാസിക്ക് എന്തെങ്കിലും ഒഴിവോ ഇളവോ ഉള്ളതായി പരാമർശിച്ചിട്ടില്ല.*

**1 യോഹന്നാൻ 4:20 ൽ അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു**
*ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറകയും*
*തന്റെ സഹോദരനെ പകെക്കയും ചെയ്യുന്നവൻ കള്ളനാകുന്നു.*
*താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന്നു കണ്ടിട്ടില്ലാത്ത* ***ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല****. ദൈവത്തെ സ്നേഹിക്കുന്നവൻ* ***സഹോദരനെയും സ്നേഹിക്കേണം*** *എന്നീ കല്പന നമുക്കു അവങ്കൽനിന്നു ലഭിച്ചിരിക്കുന്നു.*

മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ കൂട്ടുവിശ്വാസിയെ നിസ്വാർത്ഥവും നിരുപാധികവുമായ സ്നേഹത്താൽ സ്നേഹിക്കാൻ നമുക്കു കഴിയുന്നില്ലെങ്കിൽ ദൈവത്തെ സ്നേഹിക്കുന്നു എന്ന നമ്മുടെ അവകാശവാദം വെറും മിഥ്യയാണ് എന്നാണ് അപ്പൊസ്തലനായ യോഹന്നാൻ മുകളിലെ വാക്യത്തിൽ പറയുന്നത്.

**1 തെസ്സലൊനീക്യർ 3:12-13**
12 *എന്നാൽ ഞങ്ങൾക്കു നിങ്ങളോടുള്ള*
*സ്നേഹം വർദ്ധിക്കുന്നതുപോലെ*
13 *കർത്താവു നിങ്ങൾക്കു തമ്മിലും എല്ലാവരോടുമുള്ള* ***സ്നേഹം വർദ്ധിപ്പിച്ചു*** *കവിയുമാറാക്കുകയും*
*ഇങ്ങനെ നമ്മുടെ* ***കർത്താവായ യേശു***
*തന്റെ സകലവിശുദ്ധന്മാരുമായി വരുന്ന* ***പ്രത്യക്ഷതയിൽ***
*നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ*
***വിശുദ്ധീകരണത്തിൽ അനിന്ദ്യരായി*** *വെളിപ്പെടുംവണ്ണം*
***നിങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും*** *ചെയ്യുമാറാകട്ടെ.*

**നിർഭാഗ്യവശാൽ അനേക വിശ്വാസികളും പൊതുവായ ‘ക്രിസ്തീയ’ വീക്ഷണത്താൽ ആശയക്കുഴപ്പമുള്ളവരും കളങ്കിതരുമായി തീർന്നിരിക്കുന്നു.**

അത് ഒറ്റനോട്ടത്തിൽ കുഴപ്പമില്ലാത്തതായി തോന്നുമെങ്കിലും **1 കൊരിന്ത്യർ 13:1–8 ൽ നാം വായിക്കുന്നതുപോലെ** കർത്താവ് കാര്യങ്ങളെ കാണുന്നതിൽ നിന്നും അതു തികച്ചും വ്യത്യസ്തമാണ്.

**ദൈവത്തോടുള്ള സ്നേഹത്തെക്കുറിച്ചുള്ള പൊതുവായ 'ക്രിസ്തീയ വീക്ഷണം'** ആളുകൾക്ക് ആത്മാവിന്റെ പ്രത്യേക വരങ്ങൾ ലഭിക്കുമ്പോൾ കിട്ടുന്നതാണെന്നാണ്. 'അവൻ/അവൾ കർത്താവിനോട് എത്രമാത്രം അടുത്തിരിക്കുന്നുവെന്നു നോക്കൂ. അതുകൊണ്ടാണ് കർത്താവ് അവരെ ശക്തമായി ഉപയോഗിക്കുന്നത്' അത്തരം ആളുകളെക്കുറിച്ച് നാം പറയും. എന്നാൽ കർത്താവ് അതിനെ എങ്ങനെ കാണുന്നു എന്ന് താഴെക്കാണുന്ന വാക്യം പറയുന്നു

**1 കൊരിന്ത്യർ 13:1–2**

*[1]ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. [2]എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസം ഉണ്ടായാലും **സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല.***

**സ്നേഹത്തെ സംബന്ധിച്ച ഏറ്റവും മികച്ച പൊതുവായ 'ലോക വീക്ഷണം'** – ദരിദ്രരെ സഹായിക്കുക, വിശുദ്ധ തീർത്ഥാടനത്തിന്റെ ശാരീരിക സഹനത്തിലൂടെ ത്യാഗമനുഷ്ഠിക്കുക, ശരീരത്തെ മുറിവേല്പിക്കുക, അഗ്നികുണ്ഠത്തിൽ നടക്കുക, ഭാരവും ചുമന്ന് മലമുകളിലെ ക്ഷേത്രങ്ങളിലേക്കു നടന്നു കയറുക, അങ്ങനെ പലതും.
എന്നാൽ കർത്താവായ ദൈവം അവയെ എങ്ങനെ കാണുന്നു എന്നതിനെ സംബന്ധിച്ച് നിങ്ങളുടെ കണ്ണു തുറക്കപ്പെടേണ്ടതാണ്:

**1 കൊരിന്ത്യർ 13:3**

*എനിക്കുള്ളതെല്ലാം*
*അന്നദാനം ചെയ്താലും*
*എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും,*
***സ്നേഹം ഇല്ല എങ്കിൽ***
***എനിക്കു ഒരു പ്രയോജനവും ഇല്ല.***

**അങ്ങനെയെങ്കിൽ സ്നേഹത്തെക്കുറിച്ചുള്ള ദൈവിക വീക്ഷണം ബൈബിളിൽ കാണുന്നത് യഥാർത്ഥത്തിൽ എന്താണ്:**

**1 കൊരിന്ത്യർ 13:4–8 ദൈവം സ്നേഹമെന്നു വിളിക്കുന്നത്:**
*[4]സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു;*
*സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല;*
*[5]അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടു*
*ന്നില്ല; ദോഷം കണക്കിടുന്നില്ല; [6]അനീതിയിൽ സന്തോഷിക്കാതെ*
*സത്യത്തിൽ സന്തോഷിക്കുന്നു: [7]എല്ലാം പൊറുക്കുന്നു, എല്ലാം*
*വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.*
*[8]**സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല.***
*പ്രവചന വരമോ, അതു നീങ്ങിപ്പോകും;*
*ഭാഷാവരമോ, അതു നിന്നുപോകും;*
*ജ്ഞാനമോ, അതു നീങ്ങിപ്പോകും.*

ഈ ഭാഗം അവസാനിപ്പിക്കുമ്പോൾ **യെശയ്യാവ് 55:8–9** ൽ നിന്നും നിങ്ങളെ ഓർപ്പിക്കുവാൻ എനിക്കു നിയോഗമുള്ളത്, **ദൈവത്തിന്റെ വഴികളും** വിചാരങ്ങളും മനുഷ്യന്റെ വഴികളെക്കാളും വിചാരങ്ങളെക്കാളും ഉന്നതമാണ് എന്നാണ്. ക്രിസ്തുവിൽ പ്രിയമുള്ളവരേ, മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ വഴികളെ അറിയാനുള്ള ഏക മാർഗ്ഗം – **മുഴുബൈബിളും** ഉല്പത്തി മുതൽ വെളിപ്പാടു വരെ **ജാഗ്രതയോടെ വായിക്കുക** എന്നതാണ്.

**1 യോഹന്നാൻ 5:3**
**നമ്മുടെ കർത്താവായ യേശു പറയുന്നു**
*അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ*
***ദൈവത്തോടുള്ള സ്നേഹം;***
*അവന്റെ കല്പനകൾ ഭാരമുള്ളവയല്ല.*

# ഉപസംഹാരം

*(കർത്താവിന്റെ വഴി ഒരുക്കുവിൻ)*
*യെശയ്യാവ് 40:3*

ദൈവം ലോകമെമ്പാടുമുള്ള വിശ്വാസികളെ, 'വിട്ടുതിരിഞ്ഞു മാനസാന്തരപ്പെട്ട്' നമ്മുടെ മശിഹാ ആയ ക്രിസ്തുയേശുവിന്റെ ആസന്നവും ആകസ്മികവുമായ വരവിനു വഴിയൊരുക്കുവാൻ ആഹ്വാനം ചെയ്യുന്നു! **മർക്കൊസ് 1:15** ൽ **നാം താഴെ വായിക്കുന്ന പ്രകാരം** തന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ കർത്താവു സാക്ഷീകരിച്ചത് ഇന്ന് വീണ്ടും ലോകമെമ്പാടുമുള്ള സഭകളോട് സാക്ഷീകരിക്കുന്നു - അതാണ് **വെളിപ്പാട് 22:12** ൽ കാണുന്ന ബൈബിളിന്റെ **'അടിസ്ഥാന വാചകം'** എന്നു ഞാൻ വിളിക്കുന്ന വാക്യം.

*"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു;*
*മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു."*
**(മർക്കൊസ് 1:15)**

*"ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ*
*പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു."*
**(വെളിപ്പാട് 22:12)**

**പ്രവൃത്തികൾ 17:30-31** ലൂടെ
പ്രവചന വാക്കുകൾ നമുക്കു ലഭിക്കുന്നു
*എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ **എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു.** താൻ നിയമിച്ച പുരുഷൻമുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു.*

ഓബദ്യാപ്രവാചകന്റെ വാക്കുകളിൽ കാണുന്നപ്രകാരം അതിന്റെ നിറവേറലിലേക്ക് ലോകം അതിവേഗം നീങ്ങിക്കൊണ്ടിരിക്കുന്ന ഈ സമയം പോലെ നമ്മുടെ ആദ്യസ്നേഹത്തിലേക്ക് മടങ്ങിവരുന്നതിന് അനുയോജ്യമായ മറ്റൊരു സമയമില്ല.

**ഓബദ്യാവ് 1:15**

*"സകലജാതികൾക്കും **യഹോവയുടെ നാൾ** അടുത്തിരിക്കുന്നു;
നീ ചെയ്തിരിക്കുന്നതുപോലെ നിന്നോടും ചെയ്യും;
നിന്റെ പ്രവൃത്തി നിന്റെ തലമേൽ തന്നേ മടങ്ങിവരും."*

*"നീ ചെയ്തിരിക്കുന്നതുപോലെ നിന്നോടും ചെയ്യും"* എന്നു മുകളിൽ പറഞ്ഞിരിക്കുന്ന മുന്നറിയിപ്പ് നാം ചെയ്ത പ്രവൃത്തിക്കനുസരിച്ച് പ്രതിഫലം ലഭിക്കും എന്നു വ്യക്തമായി പറയുന്നു. അക്കാര്യം പല പ്രാവശ്യം, പ്രത്യേകിച്ചും നമ്മുടെ കർത്താവായ യേശുവിന്റെ വാക്കുകളിലൂടെ, നമ്മോടു പറഞ്ഞിട്ടുണ്ട്.

വീണ്ടും, രക്ഷിക്കപ്പെട്ട വിശ്വാസികളായ നാം അതിൽ ഉൾപ്പെടുകയില്ലെന്ന് നമ്മിൽ അനേകർ ചിന്തിക്കുന്നു, **എന്നാൽ അവർക്കു തെറ്റിപ്പോയി**. താഴെക്കാണുന്ന തിരുവെഴുത്തുകൾ നാം വായിക്കുമ്പോൾ ഓരോരുത്തന്റെ **'പ്രവൃത്തികൾക്ക്'** അനുസരിച്ച് നീതിമാനായ ന്യായാധിപതിയാണ് ന്യായംവിധിക്കുന്നതെന്നു വ്യക്തമാണ്.

**വെളിപ്പാട് 2:5**

*നീ ഏതിൽനിന്നു **വീണിരിക്കുന്നു** എന്നു **ഓർത്തു മാനസാന്തരപ്പെട്ടു**
**ആദ്യത്തെ പ്രവൃത്തി ചെയ്ക**; അല്ലാഞ്ഞാൽ ഞാൻ വരികയും
**നീ മാനസാന്തരപ്പെടാഞ്ഞാൽ** നിന്റെ നിലവിളക്കു
അതിന്റെ നിലയിൽനിന്നു നീക്കുകയും ചെയ്യും.*

**മത്തായി 16:27**

*മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി
വരും; അപ്പോൾ **അവൻ ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു
തക്കവണ്ണം പകരം നല്കും**.*

**വെളിപ്പാട് 22:12**

"ഇതാ, ഞാൻ വേഗം വരുന്നു;
**ഓരോരുത്തന്നു അവനവന്റെ
പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ**
പ്രതിഫലം എന്റെ പക്കൽ ഉണ്ടു."

തെറ്റിപ്പോകരുത്, ആത്മാവിനാൽ നയിക്കപ്പെടുന്ന സകല **'പ്രവൃത്തികളും'** (നാം അവയിൽ നടക്കേണ്ടതിനുവേണ്ടി ലോകസ്ഥാപനത്തിനു മുമ്പേ ദൈവം നിയമിച്ചവ) **'നല്ല പ്രവൃത്തികൾ'** ആണ്.

ബാക്കി നാം ചെയ്ത സകല പ്രവൃത്തികളും, രക്ഷയ്ക്കുശേഷം ചെയ്ത നല്ല ഉദ്ദേശ്യത്തോടു കൂടിയുള്ളവയും കറപുരണ്ട തുണിപോലെ ആയിത്തീരുകയും **'ഞാൻ നിങ്ങളെ ഒരുനാളും അറിഞ്ഞിട്ടില്ല'** എന്ന ശബ്ദം നമ്മുടെ തലയ്ക്കു മീതെ മുഴങ്ങത്തക്ക അപകടസാധ്യത ഒരുക്കുകയും ചെയ്യും (എഫെസ്യർ 2:10; മത്തായി 7:21–24; മത്തായി 25:11–12; റോമർ 8:14; 1 യോഹന്നാൻ 2:17; വെളിപ്പാട് 2:2–7). ആകയാൽ, ഞാനും നിങ്ങളും ചെയ്യുന്ന കാര്യങ്ങൾ ദൈവ ഹിതപ്രകാരമുള്ളതാണോ എന്ന് എല്ലായ്പോഴും ദൈവമുമ്പാകെ പരിശോധിക്കുന്നത് എത്രമാത്രം നിർണ്ണായകമാണെന്ന് ചിന്തിക്കുക.

'ദൈവഹിതം ചെയ്യുക' എന്നതിനെയാണ് വേദപുസ്തകം കറയും ചുളുക്കവുമില്ലാത്ത **'വെള്ളവസ്ത്രം'** എന്നു വിളിക്കുന്നത്. നമുക്ക് **'വെള്ളവസ്ത്രം അഥവാ കല്യാണവസ്ത്രം'** ഉണ്ടായിരിക്കുക എന്നത് അവന്റെ വരവിങ്കൽ നമ്മെ 'നീതി പ്രവൃത്തികൾ അഥവാ സൽപ്രവൃത്തികൾ' ഉള്ളവരായി കാണുന്നു എന്നതിന്റെ പ്രാവചനിക അലങ്കാര പ്രയോഗമാണ്. ഇത് തീർച്ചയായും ദാനീയേലിന്റെ പഴയ നിയമ പ്രവചനങ്ങൾ മുതൽ സുവിശേഷങ്ങളിൽ നമ്മുടെ കർത്താവായ യേശുവിന്റെ പരാമർശം വരെ കാണുന്ന ഒരു മർമ്മമാണ്. താഴെക്കാണുന്ന വേദഭാഗങ്ങൾ ഓരോന്നായി നാം പഠിക്കുമ്പോൾ പരിശുദ്ധാത്മാവ് തിരുവെഴുത്തിന്റെ പൂർണ്ണത നമുക്കായി തുറന്നുതരട്ടെ:

**മത്തായി 22:11–14**

*[11]വിരുന്നുകാരെ നോക്കുവാൻ രാജാവു അകത്തു വന്നപ്പോൾ*
***കല്യാണവസ്ത്രം***
*ധരിക്കാത്ത ഒരു മനുഷ്യനെ അവിടെ കണ്ടു: [12]സ്നേഹിതാ നീ*
***കല്യാണവസ്ത്രം ഇല്ലാതെ***
*ഇവിടെ അകത്തുവന്നതു എങ്ങനെ എന്നു ചോദിച്ചു. എന്നാൽ അവന്നു വാക്കു മുട്ടിപ്പോയി. [13]രാജാവു ശുശ്രൂഷക്കാരോടു: ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു.*
*[14]വിളിക്കപ്പെട്ടവർ അനേകർ;*
***തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം.***

*വെളിപ്പാടു പുസ്തകത്തിൽ നമ്മുടെ കർത്താവായ യേശു വീണ്ടും ഈ കല്യാണവസ്ത്രത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട്:*

**വെളിപ്പാട് 3:4–6**

*[4]**എങ്കിലും ഉടുപ്പു മലിനമാകാത്ത** കുറെ പേർ സർദ്ദിസിൽ നിനക്കുണ്ടു.*
*[5]അവർ യോഗ്യന്മാരാകയാൽ വെള്ള ധരിച്ചുംകൊണ്ടു എന്നോടുകൂടെ*
***നടക്കും. ജയിക്കുന്നവൻ വെള്ളയുടുപ്പു** ധരിക്കും;*

*അവന്റെ പേർ ഞാൻ ജീവപുസ്തകത്തിൽനിന്നു മായിച്ചുകളയാതെ എന്റെ പിതാവിന്റെ സന്നിധിയിലും അവന്റെ ദൂതന്മാരുടെ മുമ്പിലും അവന്റെ പേർ ഏറ്റുപറയും.*
*[6]**ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു** ചെവിയുള്ളവൻ കേൾക്കട്ടെ.*

**വെളിപ്പാട് 3:18–19, 22**

*[18]നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം **ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും** നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധിപറയുന്നു. [19]എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക.*
*[22]**ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കട്ടെ.***

*ആ വെള്ളയുടുപ്പ് യഥാർത്ഥത്തിൽ എന്താണെന്ന് വെളിപ്പാട് 19, 22 അധ്യായങ്ങൾ വെളിപ്പെടുത്തുന്നു:*

**വെളിപ്പാട് 19:7–8**

*[7]നാം സന്തോഷിച്ചു ഉല്ലസിച്ചു അവന്നു മഹത്വം കൊടുക്ക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; **അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.** [8]അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; **ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതി പ്രവൃത്തികൾ തന്നേ.***

**വെളിപ്പാട് 22:14**

***ജീവന്റെ വൃക്ഷത്തിൽ** തങ്ങൾക്കു അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ (**അവന്റെ കല്പനകൾ അനുസരിക്കുന്നവർ** – ന്യൂ കിംഗ് ജെയിംസ് ബൈബിൾ) ഭാഗ്യവാന്മാർ.*

**യേശുവിന്റെ അനേക ഉപമകളിൽ,** ആളുകൾ തങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കുമെന്ന ശുഭാപ്തിവിശ്വാസം ഉള്ളവരായിരുന്നു എങ്കിലും തങ്ങൾ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്ക് തള്ളപ്പെട്ടത് അവർക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. (നിർഭാഗ്യവശാൽ നമ്മുടെ ശുഭാപ്തിവിശ്വാസവും വ്യത്യാസമൊന്നും വരു

ത്തുകയില്ല, വിശുദ്ധവും അനുസരണമുള്ളതുമായ ജീവിതമാണ് വ്യത്യാസം വരുത്തുന്നത്!).

**എനിക്ക് ഏറ്റവും ഇഷ്ടമുള്ള തിരുവെഴുത്തുകളിലൊന്ന് എബ്രായർ 9:28** ആണ്; കാരണം ക്രിസ്തുവിന്റെ മടങ്ങിവരവിൽ രക്ഷയ്ക്കായി ഒരു വിശ്വാസിയിൽ കണ്ടിരിക്കേണ്ടത് എന്ത് എന്ന് അവിടെ മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ ഈ വാക്യത്തിൽ **യോഹന്നാൻ 14:13–28** ൽ കർത്താവായ യേശു പറഞ്ഞ കാര്യം ആവർത്തിച്ചിരിക്കുകയാണ്.

**എബ്രായർ 9:28 പറയുന്നു**
*"അങ്ങനെ തന്നേ അനേകരുടെ*
*പാപങ്ങളെ ചുമപ്പാൻ* ***ഒരിക്കൽ*** *അർപ്പിക്കപ്പെട്ടു*
***പാപം കൂടാതെ*** *തനിക്കായി* ***കാത്തുനില്ക്കുന്നവരുടെ***
*രക്ഷെക്കായി അവൻ രണ്ടാമതു പ്രത്യക്ഷനാകും."*

**എബ്രായലേഖനത്തിലെ ഈ ഭാഗം സുവിശേഷത്തിന്റെ മൂന്നു വേദപുസ്തക സത്യങ്ങളെ വെളിപ്പെടുത്തുന്നു:**

1. ക്രിസ്തു നമ്മുടെ പാപങ്ങളെ നീക്കുവാൻ **ഒരിക്കൽ** അർപ്പിക്കപ്പെട്ടു, ഇനിയും യാഗമായിത്തീരേണ്ടയാവശ്യമില്ല.
2. വിശ്വസ്തയായ സത്യമണവാട്ടി തന്റെ മണവാളന്റെ മടങ്ങിവരവിനായി **ആകാംക്ഷയോടെ കാത്തിരിക്കണം** (*2 തിമൊഥെയൊസ് 4:8; വെളിപ്പാട് 22:17*). നമ്മുടെ കർത്താവായ യേശുവിനുവേണ്ടി ആകാംക്ഷയോടെയും ആവലോടെയുമുള്ള കാത്തിരിപ്പ്, 'ദൈവമായ കർത്താവിനെ പൂർണ്ണമനസ്സോടും പൂർണ്ണ ആത്മാവോടുംകൂടെ സ്നേഹിക്കേണം' എന്ന ബൈബിളിലെ ആദ്യ കല്പനയുടെ അനുസരണത്തിന്റെ തെളിവാണ്.
3. അവന്റെ പ്രത്യക്ഷതയിൽ നാം **ജയാളികളായി 'പാപം കൂടാതെ'** ആവർത്തിച്ചുള്ളതും ഏറ്റുപറയാത്തതുമായ പാപം ഇല്ലാത്തവരായി കാണപ്പെടണം (*1 യോഹന്നാൻ 1:7–10; 1 യോഹന്നാൻ 3:7–11; വെളിപ്പാട് 2:4–7; 3:2–5*).

**ബൈബിൾ പറയുന്നു**
[26]***സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം***
*നാം മനഃപൂർവ്വം പാപംചെയ്താൽ*
*പാപങ്ങൾക്കുവേണ്ടി ഇനി ഒരു യാഗവും ശേഷിക്കാതെ*
[27]*ന്യായവിധിക്കായി ഭയങ്കരമായോരു പ്രതീക്ഷയും എതിരികളെ*
*ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളു.*
**(എബ്രായർ 10:26–27)**

**കാൽവറിയുടെ രണ്ടു വശങ്ങൾ!**
കാൽവറിയെന്നത് തീർച്ചയായും ലോകത്തോടുള്ള
**ദൈവത്തിന്റെ വിവരണാതീതമായ സ്നേഹത്തിന്റെ പ്രദർശനമാണ്.**
*എങ്കിലും കാൽവറി –*
**പാപത്തെ സഹിക്കാത്ത 'വിശുദ്ധനായ ദൈവത്തെ'**
**കുറിച്ചുള്ള ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്**

ആ സമവാക്യത്തിന് ഒരുകാലത്തും മാറ്റം വരികയില്ല, രക്ഷിക്കപ്പെട്ട നമ്മുടെ കാര്യത്തിൽ പോലും. ആകയാൽ നാം യഥാർത്ഥ മാനസാന്തരം സൂക്ഷിച്ചു കൊണ്ട് വിശുദ്ധിയിലും ദൈവഭയത്തിലും ജീവിക്കേണ്ടതാണ് – **തീത്തൊസ് 2:11–12.**

ക്രിസ്തുവിൽ പ്രിയമുള്ളവരേ, ഈ വാക്കുകളോടെ ഈ പുസ്തകം അവസാനിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു; ഈ പുസ്തകത്തിലെ ചില ഭാഗങ്ങൾ മുമ്പു നിങ്ങൾ ഒരിക്കലും ചിന്തിക്കാത്ത നിലയിലോ നിങ്ങളെ ഒരിക്കലും പഠിപ്പിച്ചിട്ടില്ലാത്ത നിലയിലോ ആയിരിക്കാം നിങ്ങളുടെ മുമ്പിൽ എത്തിയിട്ടുള്ളത്, അതിനാൽ അതു നിങ്ങളുടെ കണ്ണുകളെ പുതുതായി തുറന്നിട്ടുണ്ടാകാം. അല്ലെങ്കിൽ നിങ്ങളിൽ ചുരുക്കം ചിലരെ സംബന്ധിച്ച് ചില ഭാഗങ്ങളോട് വിയോജിപ്പുണ്ടാകാം. അങ്ങനെയുള്ള എല്ലാവരോടും എനിക്ക് അപേക്ഷിക്കാനുള്ളത് "അത്തരം ഭാഗങ്ങൾ നിങ്ങൾ പ്രാർത്ഥനയോടെ കർത്താവിന്റെ മുമ്പിൽ കൊണ്ടുവരികയും അവന്റെ കാഴ്ചപ്പാട് അന്വേഷിച്ചുകൊണ്ട് അവൻ തന്നെ നിങ്ങൾക്ക് ഉത്തരം തരുന്നതുവരെ അവന്റെ സന്നിധിയിൽ കാത്തിരിക്കുകയും ചെയ്യുക."

അല്ലെങ്കിൽ ഞാനത് മറ്റൊരു വിധത്തിൽ പറയട്ടെ, **'വേദപുസ്തക സത്യങ്ങൾ വെളിപ്പെടുത്തപ്പെടുന്നു'** എന്ന ഈ ഗ്രന്ഥത്തിലെ ഉള്ളടക്കത്തെ സംബന്ധിച്ച് എന്തെങ്കിലും ചോദ്യങ്ങൾ നിങ്ങൾക്കുണ്ടെങ്കിൽ, അതു നിങ്ങൾ പഠിച്ചിരിക്കുന്ന ആശയത്തോടോ, നിങ്ങളുടെ വിശ്വാസപ്രമാണത്തോടോ, നിങ്ങളുടെ സഭാവിഭാഗത്തിന്റെ പഠിപ്പിക്കലിനോടോ, അല്ലെങ്കിൽ പാരമ്പര്യ വിശ്വാസത്തോടോ പൊരുത്തപ്പെടുന്നില്ല എന്ന കാരണത്താൽ അവഗണിക്കരുത് (കാരണം കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു നിങ്ങൾ വന്നത് നിങ്ങളുടെ സഭാവിഭാഗമോ അല്ലെങ്കിൽ ഏതെങ്കിലും മനുഷ്യനോ നിമിത്തമല്ല). അക്കാര്യങ്ങൾ പരിശുദ്ധാത്മാവിലൂടെ ഉറപ്പാക്കുന്നതിനായി കർത്താവിനെ അന്വേഷിക്കുവാനും തുടർന്ന് **പ്രവൃത്തിയിലൂടെ** അതിനെ പിൻപറ്റുവാനും ഞാൻ നിങ്ങളെ താഴ്മയോടെ ആഹ്വാനം ചെയ്യട്ടെ.

ഇതിനു മുമ്പ് പലപ്രാവശ്യം ഞാൻ പറഞ്ഞതുപോലെ, **അന്ത്യദിനത്തിൽ നാം കർത്താവിന്റെ മുമ്പിൽ നില്ക്കുമ്പോൾ, എഴുതപ്പെട്ടിരിക്കുന്നതനു**

**സരിച്ചായിരിക്കും** (ഞാൻ പറഞ്ഞതുപോലെ നമ്മെ എന്തു പഠിപ്പിച്ചോ, നാം എന്തു ചിന്തിച്ചോ എന്നതനുസരിച്ചല്ല) നാം ന്യായംവിധിക്കപ്പെടുകയോ നീതീകരിക്കപ്പെടുകയോ ചെയ്യുന്നത്.

*കർത്താവായ യേശു പറഞ്ഞു:*

**യോഹന്നാൻ 12:47–50**

*[47]**എന്റെ വചനം കേട്ടു പ്രമാണിക്കാത്തവനെ** ഞാൻ വിധിക്കുന്നില്ല;*
*ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രേ ഞാൻ വന്നിരി*
*ക്കുന്നതു. [48]എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ*
*ന്യായം വിധിക്കുന്നവൻ ഉണ്ടു; **ഞാൻ സംസാരിച്ച വചനം തന്നേ***
***ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും.** [49]ഞാൻ സ്വയമായി*
*സം സാരിച്ചിട്ടില്ല; എന്നെ അയച്ച പിതാവു തന്നേ ഞാൻ ഇന്നതു*
*പറയേണം എന്നും ഇന്നതു സംസാരിക്കേണം എന്നും കല്പന*
*തന്നിരിക്കുന്നു. [50]**അവന്റെ കല്പന നിത്യജീവൻ എന്നു ഞാൻ***
***അറിയുന്നു;** ആകയാൽ ഞാൻ സംസാരിക്കുന്നതു പിതാവു*
*എന്നോടു അരുളിച്ചെയ്തതുപോലെ തന്നേ സംസാരിക്കുന്നു.*

*വീണ്ടും കർത്താവു പറയുന്നു:*

**മത്തായി 7:23–24, 26–27**

*[23]അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല;*
*അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു*
*തീർത്തുപറയും. [24]ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ*
*ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു*
*തുല്യനാകുന്നു. [26]**എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ***
***ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു.***
*[27]വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ*
*അലെച്ചു, അതു വീണു; **അതിന്റെ വീഴ്ച വലിയതായിരുന്നു.***

*അവന്റെ പ്രത്യക്ഷതയിൽ അവൻ നമ്മെ തള്ളിക്കളയാതിരിക്കേണ്ടതിന്*
*കർത്താവായ യേശുവിന്റെ വാക്കുകൾ തള്ളിക്കളയാതിരിക്കാൻ നമുക്കിടയാകട്ടെ!*

ക്രിസ്തുയേശു രക്ഷിക്കുവാനായി വന്ന പാപിയാണു ഞാനെന്ന് എന്നെത്തന്നെ സ്വയം ഓർമ്മിപ്പിച്ചുകൊണ്ട് മറ്റാരെക്കാളും മുമ്പെ കർത്താവിന്റെ ഒന്നാമത്തെ പ്രവർത്തന പദ്ധതി ഞാനാണെന്ന് ഞാൻ മനസ്സിലാക്കി! അവന്റെ 'അത്ഭുതാവഹമായ വചന'ത്തിന്റെ ദിനംതോറുമുള്ള പാരായണത്തിലൂടെ

ഞാൻ പഠിക്കുകയും പഠിക്കാതിരിക്കുകയും ചെയ്യുമ്പോഴും കർത്താവ് തന്റെ തുടർമാനമായ ശുദ്ധീകരണ പ്രവൃത്തി എന്നിൽ നിവർത്തിക്കുന്നു എന്നും ഞാൻ മനസ്സിലാക്കുന്നു. അവൻ ഇപ്പോഴും എന്നിൽ തന്റെ പ്രവൃത്തി ചെയ്തു കൊണ്ടിരിക്കുന്നു!

**ദാനീയേൽ 12:10 പറയുന്നു**

*പലരും തങ്ങളെ ശുദ്ധീകരിച്ചു നിർമ്മലീകരിച്ചു ശോധന കഴിക്കും; ദുഷ്ടന്മാരോ, ദുഷ്ടത പ്രവർത്തിക്കും; ദുഷ്ടന്മാരിൽ ആരും അതു തിരിച്ചറികയില്ല; ബുദ്ധിമാന്മാരോ ഗ്രഹിക്കും.*

*നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു മടക്കിവരുത്തിയ* ***സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാനന്മയിലും*** *യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളതു യേശുക്രിസ്തുമുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന്നു എന്നേക്കും മഹത്വം. ആമേൻ.*

**(എബ്രായർ 13:20–21)**

ഈ പുസ്തകത്തിൽ നിങ്ങൾ കണ്ട വേദപുസ്തക സത്യങ്ങൾ നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ നിങ്ങൾക്ക് ആഹ്വാനമായിത്തീർന്നിട്ടുണ്ടെങ്കിൽ, സകല മഹത്വവും ദൈവമായ കർത്താവിന് അർപ്പിക്കുന്നു, അവൻ മാത്ര മാണ് സകല മഹത്വത്തിനും യോഗ്യൻ. എങ്കിൽ ഈ പുസ്തകം നിങ്ങളുടെ ക്രിസ്തീയ സ്നേഹിതനുമായി പങ്കുവയ്ക്കുവാൻ ഞാൻ നിങ്ങളെ നിർബ ന്ധിക്കുന്നു. അതു നിങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാകുന്നതിനായിട്ടാണ് താഴെക്കൊടുത്തിരിക്കുന്ന വെബ്സൈറ്റ് ക്രമീകരിച്ചിട്ടുള്ളത്, അതിൽനിന്നും സൗജന്യമായി ഇ-ബുക്ക് ഡൗൺലോഡ് ചെയ്യുവാൻ കഴിയും. **ദൈവമായ കർത്താവ് തന്റെ പ്രത്യക്ഷതവരെ നിങ്ങളെ വിശുദ്ധരും നിഷ്കളങ്കരും നിർമ്മലരുമായി സൂക്ഷിക്കട്ടെ.**

www.bibletruthsunlocked.com

സൗജന്യ വിതരണത്തിനായി കുറച്ച് അച്ചടിച്ച പുസ്തകങ്ങളും ലഭ്യമാക്കി യിട്ടുണ്ട്, കൂടാതെ എഴുത്തുകാരനും പ്രസാധകരും തമ്മിലുണ്ടാക്കിയ രേഖാ മൂലമുള്ള ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ക്രിസ്തീയ പുസ്തക ശാല കൾക്കും ലൈബ്രറികൾക്കുമായി കുറെ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടു ണ്ട്. എന്നിരുന്നാലും എതെങ്കിലും സഭകൾക്കോ മിഷനറി പ്രസ്ഥാന ങ്ങൾക്കോ, പ്രയർ ഗ്രൂപ്പുകൾക്കോ (ഇനിയും തർജ്ജമ ചെയ്യപ്പെട്ടിട്ടില്ലാത്ത ഭാഷകളിലേക്ക് തർജ്ജമ ചെയ്യുന്നതുൾപ്പെടെ) അവരുടെ അംഗങ്ങൾക്കായി അച്ചടിക്കാൻ താല്പര്യമുണ്ടെങ്കിൽ ഇവിടെ ഞാൻ അതിന് അനുവാദം നൽകു കയാണ്. അവർക്ക് വെബ്സൈറ്റിൽ നിന്നും പുസ്തകം ഡൗൺലോഡ് ചെയ്ത് കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്യാവുന്നതാണ് - രണ്ടു **വ്യവ സ്ഥകളുടെ** അടിസ്ഥാനത്തിൽ മാത്രം: ഒന്നാമതായി, പുസ്തകത്തിലെ ഉള്ള ടക്കം യാതൊരു തരത്തിലും മാറ്റുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യ രുത്; രണ്ടാമതായി, ഈ പുസ്തകം **സൗജന്യമായി വിതരണം ചെയ്യേണ്ട താണ്.**

*'കർത്താവിന്റെ വഴി ഒരുക്കുവിൻ;*
*അവന്റെ പാത നിരപ്പാക്കുവിൻ'*
**(യെശയ്യാവ് 40:3; ലൂക്കൊസ് 3:4)**

**വേദപുസ്തക സത്യങ്ങൾ വെളിപ്പെടുത്തപ്പെടുന്നു** എന്ന ഗ്രന്ഥം തികച്ചും കാലോചിതമായി, വിശ്വാസത്യാഗം സഭയുടെ മേൽ ആഞ്ഞടിക്കുകയും അതിവേഗം വ്യാപിക്കുകയും ചെയ്യുമെന്നു പ്രവചിക്കപ്പെട്ട സമയത്താണ്, നിങ്ങളുടെ കൈകളിലെത്തുന്നത് - 2 തെസ്സലൊനീക്യർ 2:3; 1 തിമൊഥെയൊസ് 4:1-2; 2 തിമൊഥെയൊസ് 3:1-7; 4:3-4.

നാമെല്ലാം നമ്മുടെ കർത്താവായ യേശുവിന്റെ മുമ്പാകെ നില്ക്കുമ്പോൾ, നാം എന്തു ചിന്തിച്ചിരുന്നു, നമ്മെ എന്തു പഠിപ്പിച്ചു എന്നതായിരിക്കയില്ല വിഷയമാകുന്നത് മറിച്ച് എന്ത് '**എഴുതിയിരിക്കുന്നു**' എന്നതായിരിക്കും; അവന്റെ 'എഴുതപ്പെട്ട വചനത്താൽ' ആയിരിക്കും നാം ന്യായം വിധിക്കപ്പെടുന്നത് - മത്തായി 16:27; 2 കൊരിന്ത്യർ 5:10.

ഇന്നു പ്രധാനമായും പഠിപ്പിക്കപ്പെടുന്നതും പ്രസംഗിക്കപ്പെടുന്നതുമായ കാര്യങ്ങളും സുവിശേഷങ്ങളിലും ലേഖനങ്ങളിലും കാണുന്ന നമ്മുടെ കർത്താവായ യേശുവിന്റെ ഉപദേശങ്ങളും തമ്മിൽ ഗൗരവമായ വൈരുധ്യം നമുക്കു കാണുവാൻ കഴിയും. അത്തരത്തിലുള്ള എല്ലാം പഠിപ്പിക്കലുകളും **വെളിച്ചത്തു കൊണ്ടുവരപ്പെടും** എന്നു ബൈബിൾ പ്രബോധിപ്പിക്കുന്നു - എഫെസ്യർ 5:1-14; 2 യോഹന്നാൻ 1:8-11. ദുഃഖത്തോടെ പറയട്ടെ, അനേക വിശ്വാസികളും 'ദൈവകൃപയെ' നിർഭാഗ്യവശാൽ **മേൽകീഴായിട്ടാണ് കാണുന്നത്! തീത്തൊസ് 2:11–12 പറയുന്നു** "സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതെക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടുംകൂടെ ജീവിച്ചു പോരേണ്ടതിന്നു അതു നമ്മെ ശിക്ഷിച്ചുവളർത്തുന്നു."

വിശ്വാസത്യാഗം എന്നതിനർത്ഥം - സത്യത്തിൽ നിന്നും വ്യതിചലിക്കുക എന്നാണ്. അന്ത്യകാലത്ത് ഈ **വിശ്വാസത്യാഗം** സഭയിൽ അനേകരുടെ **മേൽ വരുമെന്നും** അവർ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരായിരിക്കുമെന്നും വേദപുസ്തകം അസന്ദിഗ്ധമായി പറയുന്നു. ഇന്ന് അധികമായി പ്രസംഗിക്കുന്നത് രക്ഷിക്കപ്പെട്ട വിശ്വാസിക്ക് പാപബോധം ഉളവാക്കാത്തതും അനുസരണത്തിലൂടെ രക്ഷയ്ക്കായി **വിശുദ്ധിയിൽ വളരുന്നതിന്റെ** ആവശ്യമില്ലാത്തതുമായ 'നന്നായി തോന്നുന്ന' സുഖിപ്പിക്കുന്ന സന്ദേശങ്ങളാണ് - എബ്രായർ 5:8-9.

നിത്യതയിൽ തങ്ങളുടെ ആത്മാക്കളെ നഷ്ടപ്പെടുത്തുന്ന അത്തരത്തിലുള്ള എല്ലാ വിശ്വാസികളെയും കർത്താവായ യേശു (തന്റെ വിവിധ ഉപമകളിലൂടെ) വിളിക്കുന്നത് 'മൂഢാ' എന്നാണ്. നിർഭാഗ്യവശാൽ ഇന്ന് സഭയിലെ അനേകരും വിവേചനം ഇല്ലാത്തവരാണ്. **വേദപുസ്തക സത്യങ്ങൾ വെളിപ്പെടുത്തപ്പെടുന്നു** എല്ലായിടത്തുമുള്ള ക്രിസ്തുവിശ്വാസികൾക്കു നൽകുന്ന മുന്നറിയിപ്പ്, **പക്വതയിലേക്കു ഉണരുവാനുള്ള** സമയം ഇതാണ് എന്നാണ്.

കർത്താവായ യേശു ഭൂമിയിലെ തന്റെ ശുശ്രൂഷ ആരംഭിച്ചപ്പോൾ, അവന്റെ ആദ്യത്തെ വചനങ്ങളിലൊന്ന് '**മാനസാന്തരപ്പെടുവാനും മടങ്ങിവരുവാനും ഉള്ള ആഹ്വാനം**' ആയിരുന്നു - മർക്കൊസ് 1:14. സഭയോടുള്ള അവന്റെ അന്തിമ പ്രാവചനിക വചനങ്ങളും അതുതന്നെയാണ് - വെളിപ്പാട് 2:4-5; 3:2-6; 22:12-14. **ആ ആഹ്വാനത്തെ ശ്രദ്ധിക്കുന്നതിനുള്ള ഒരു ഓർമ്മപ്പെടുത്തലാണ്** ഈ പുസ്തകം!

ISBN 978-0-9871722-4-2

9780987172242